I B - 12

IHS

ECCLESIASTICUS.

പ്രാസംഗികൻ.




ഗ്രന്ഥകർത്താവു്

ക. നി. മൂ. സ. മാണിക്കത്തനാർ.

[ഒന്നാംപതിപ്പു്, കോപ്പി 500.]

B



MANNANAM

PRINTED AT THE ST. JOSEPH'S PRESS,

1924.

Dharmaram College Library
Acc. No. 88626
Call. No. H48/M314

പ്രസിദ്ധീകരണാനുമതികൾ.

"പ്രാസംഗികൻ" എന്ന ഈ പുസ്തകം ക്രമപ്രകാരം പരിശോധിക്കപ്പെട്ടിരിക്കയാൽ, അച്ചടിക്കുന്നതിന് അനുവദിക്കുന്നു.

ക. നി. മ. സ. പ്രിയോർ ജനറാൽ,

[illegible]


മാന്നാനം,
1924 മാർച്ച് 27നു.

[illegible]

IMPRIMATUR,

† THOMAS KURIALACHERY,
Bishop of Changanacherry.

Changanacherry, Parel Church.
4th April, 1924.





എറണാകുളം.


L. D. S.



ചങ്ങനാശേരി.



കോട്ടയം.



തൃശ്ശൂർ.

സമർപ്പണം.

മലങ്കര നസ്രാണിസമുദായത്തിന്റെ ജനയിതാവായ മാത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും, മാർ അബ്രാഹത്തിന്റെ ചരമശേഷം ഗോവയിലെ ദോം മെനേസിസ് മെത്രാപ്പോലീത്താ ഉദയംപേരൂർ സൂനഹദോസുമുഖേന സ്വാധീനപ്പെടുത്തി പോർട്ടുഗാളിലേക്കു കൊണ്ടുപോയതും, കരിയാറ്റിൽ മാർ യൗസേപ്പു മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും അക്ഷീണപരിശ്രമം ചെയ്തു ലിസ്ബനിൽ നിന്നു ഗോവവരെ തിരികെ കൊണ്ടുവന്നതിൽപ്പിന്നെയും ഇജ്ജനങ്ങളുടെ നിർഭാഗ്യവൈഭവത്താൽ നഷ്ടമായതും, ബോംബാ വികാരി അപ്പസ്തോലിക്കായായ ലെയോ മെവുറിൻ, വി. സിംഹാസനത്തിന്റെ ഇൻഡ്യയിലെ പ്രതിപുരുഷന്മാരായ മോൻസിഞ്ഞോർ അന്തോനി അലിയാർദി, അന്തുയോസ് അയ്യത്തി എന്ന മഹാശയന്മാരുടെ ഉത്സാഹഫലമായി ക്നു-ാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ട് പണിയിക്കയും ഫാ-ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ഉറപ്പിക്കയും ചെയ്ത അടിത്തറയിൽ, മോൻസിഞ്ഞോർ പിറർ ഹ്യമസോനി ബിയോൻഡി, പീറർ പിസാനി എന്ന ശ്ലൈഹിക പ്രതിപുരുഷന്മാരുടെ അകൈതവമായ പരിശ്രമം മൂലം ഫഫ-ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് പ്രതിഷ്ഠാപിച്ചതുമായ മലങ്കര സുറിയാനി സഭയുടെ പവിത്രാധിപത്യ (Hierarchy) പീഠത്തിൽ പ്രഥമതഃ ഉപവിഷ്ടനാകുവാൻ സർവ്വഥാ യോഗ്യനായി കണ്ടെത്തപ്പെട്ട

കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ

തിരുമനസ്സിലെ പാദാരവിന്ദങ്ങളിൽ, അവിടത്തെ സ്ഥാനാരോഹണത്തെപ്പററിയുള്ള അനുമോദനലക്ഷ്യമായും ഈ പുനഷ്ഠാപനത്തിൽ മലങ്കരസഭയ്ക്കു സിദ്ധമായ മഹാഭാഗ്യത്തിന്റെ നിത്യസ്മാരകമായും ഈ ചെറിയ പുസ്തകത്തെ, തിരുമനസ്സിലെ അനുഗ്രഹം ഈ കൃതിയിന്മേലും തൽകർത്താവിന്മേലും ഇതിനെ പാരായണം ചെയ്യുന്നവരുടെ മേലും ഉണ്ടാകണമെന്നുള്ള പ്രാർത്ഥനയോടുകൂടി അത്യന്ത ഭക്ത്യാദരപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

ആമുഖോപന്യാസം.



ആധുനിക ലോകം പരിഷ്കാര പന്ഥാവിൽ കുറേയധികം മുമ്പോട്ട കടന്നിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണെങ്കിലും, ഏതാണ്ടൊരു ഉണർവ്വ് ലോകത്തിൽ ഇനിയും അവശ്യം ഉണ്ടാകേണ്ടതായിരിക്കുന്നു എന്നു് ഏവരും സമ്മതിച്ചും, അതിനായി സർവ്വാത്മനാ പ്രത്യാശിച്ചും കൊണ്ടിരിക്കുന്നു എന്നുള്ളതിൽ സംശയമില്ല. ഇപ്രകാരമൊരു ഉണർവ്വ് അപരിത്യാജ്യമാണെന്നുള്ള ആശയമായിരുന്നു, നിത്യാനുസ്മരണാർഹനായ പത്താംപീയൂസ് പാപ്പാ തിരുമനസ്സിലെ, "സകലവും ക്രീസ്തുവിൽ യഥാസ്ഥാനപ്പെടുത്തണ"മെന്നുള്ള മുദ്രാവാക്യത്തിൽ നിർദ്ദേശിച്ചിരുന്നതു്. ഈ അഭ്യുദയത്തിന്റെ അസ്തിവാരമോ, ബാലികാബാലന്മാരുടെ സന്മാർഗ്ഗപരമായ അഭ്യാസവും അഭിവൃദ്ധിയുമത്രേയെന്നു് അദ്ദേഹം നല്ലപോലെ മനസ്സിലാക്കുകയും, തദനുസരണം യുവജനങ്ങളുടെ അഭിവൃദ്ധിസ്തുതകുന്ന ശ്രമങ്ങൾക്കു് അദ്ദേഹം സർവ്വപ്രാധാന്യം കല്പിക്കയും ചെയ്തിരുന്നു. പൊന്നും വെള്ളിയും നവരത്നങ്ങളും മറ്റുമല്ല ലോകത്തിലെ ധനം; പിന്നെയോ നമ്മുടെ യുവതീയുവാക്കന്മാരത്രേ. അതിനാൽ മനുഷ്യസമുദായത്തെ ആത്മാർത്ഥമായി സ്നേഹിക്കയും ലോകക്ഷേമത്തെ കാംക്ഷിക്കയും ചെയ്യുന്ന ഏതൊരുത്തനും, യുവതീയുവാക്കന്മാരുടെ യഥാർത്ഥമായ അഭിവൃദ്ധിയെ പുരസ്കരിച്ചു് പരിശ്രമിക്കേണ്ടതാണു്. അത്യന്താ ഗുരുതരമായ ഈ വിഷയത്തിൽ റവ: ഫാദർ ഇമ്മാനുവേൽ അവർകൾ ചെയ്യുന്ന യത്നങ്ങൾ ശ്ലാഘാർഹവും, അനുകാലികവുമായിരിക്കുന്നുണ്ടു്.

"പ്രാസംഗികൻ" എന്ന ഈ ചെറുപുസ്തകത്തിൽ, ചെറുപദ്യങ്ങളിലായി, സാരഗർഭവും അമൂല്യവുമായ ഒരു ജ്ഞാനസഞ്ചയമാണു ഗ്രന്ഥകർത്താവു് നിക്ഷേപിച്ചിരിക്കുന്നതെന്നു് ലേശം അതിശയോക്തിസ്പർശം കൂടാതെതന്നെ പ്രസ്താവിക്കാവുന്നതാണു്. 'Ecclesiasticus' എന്ന വിശുദ്ധ പുസ്തകത്തിൽനിന്നും ബുദ്ധിചാതുര്യപൂർവ്വവും അദ്ധ്വാനശീലിയായ തേനീച്ചയെപ്പോലെയും, കാതലായവയെ ശേഖരിച്ചു് Cornelius a Lapide എന്ന വേദവിദഗ്ദ്ധന്റെ വ്യാഖ്യാനത്താൽ വിശദമാക്കി, അത്യന്തം കമനീയവും കണ്ണാനന്ദകരവുമായ രീതിയിൽ പദ്യരൂപേണ രചിക്കപ്പെട്ടിട്ടുള്ള ഈ ഉപയുക്തോപദേശങ്ങൾ, സന്മാർഗ്ഗമണ്ഡലത്തിൽ വളഞ്ഞവയെ നേരെയാക്കുന്നതിനും, താണവയെ ഉയർത്തുന്നതിനും വഴ്വാപൂങ്ങളായി ഭവിക്കുന്നതാണു്; സംശയമില്ല. ഇതിനുമുമ്പു് ഇതേമട്ടിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള

"ശ്ലോമോന്റെ സുഭാഷിതങ്ങൾ" എന്ന ചെറുപുസ്തകത്തിന്റെ ഒരു സഹോദരിയായിട്ടാണ് ഇപ്പോൾ ഈ പുസ്തകം പുറപ്പെടുന്നത്. ഉൽകൃഷ്ടോപദേശങ്ങളും വിശിഷ്ടാദർശങ്ങളും നിഷ്പ്രയാസം ഗ്രഹിക്കത്തക്കവിധത്തിൽ രസാത്മകമായി രചിക്കപ്പെട്ടിരിക്കുന്ന ഈ സൽഗ്രന്ഥം, മലയാളഭാഷാഭിജ്ഞന്മാരായ ഏതു മതസ്ഥന്മാർക്കും സന്മാർഗ്ഗപന്ഥാവിൽ അത്യന്തം പ്രയോജനപ്പെടുന്ന ഒരു ഉപകരണമായിരിക്കുമെന്നുള്ളതിനു സന്ദേഹമില്ല.

എന്നാൽ വിശുദ്ധാത്മനിശ്വാസത്താൽ എഴുതപ്പെട്ട ഒരു വിശിഷ്ടഗ്രന്ഥത്തിന്റെ ഏകദേശതർജ്ജമ എന്ന നിലയിൽ ഈ പുസ്തകം എല്ലാ കത്തോലിക്കർക്കും സുപ്രകാരേണ ഉപകാരപ്രദവും വിശിഷ്യ വന്ദനീയവുമായിരിക്കുന്നതാണ്. ക്ലാതെ, കേരളീയ സിറിയൻ പവിത്രാധിപത്യസ്ഥാപനത്തിന്റെ സ്മാരകമായി ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനാൽ, സുറിയാനിക്രമത്തിലെ കത്തോലിക്കരുടെ ഒരു പ്രത്യേക നിക്ഷേപമായിരിപ്പാൻ ഇതിനു ന്യായമായ അർഹതയുണ്ട്. കത്തോലിക്കരുടെ ഇടയിലെന്നല്ല, ഈ പ്രദേശത്തു പൊതുവേതന്നെ ഈശ്വരനിശ്വാസം എന്നതിനെപ്പറ്റി വലിയ പരിജ്ഞാനമൊന്നുമില്ലാത്തതിനാൽ തത്സംബന്ധവും സാരസംപൂർണ്ണവുമായി ഇതിൽ ചേർത്തിരിക്കുന്ന പ്രതിപാദനം സവിശേഷം പ്രയോജനപ്പെടുന്നതാണ്.

ലോകത്തിലെ കാതൽദ്രവ്യമായ യുവജനങ്ങൾ നന്മയിൽ ക്ഷയിക്കുന്നതിനും, അനാശാസ്യമായ അനവധി തിന്മകളിൽപ്പെട്ട് മനുഷ്യർ ഖേദിക്കുന്നതിനുമിടയാകുന്നതു്, ബുദ്ധിശക്തിയെമാത്രം വികസിപ്പിക്കയും ശുദ്ധിചെയ്യാത്ത ലോഹക്ഷണംപോലെ മനസ്സിനെ അശേഷം അവഗണിക്കയും ചെയ്യുന്നതിനാലാണ്. ഇതു് എതുമേയും ആപൽപൂർണ്ണമായ ഒരു നയംതന്നെ. ബാലികാബാലന്മാർക്ക് വിദ്യാഭ്യാസം നൽകേണ്ട ചുമതല സ്വതേ മാതാപിതാക്കന്മാരിൽത്തന്നെ സ്ഥിതിചെയ്യുന്നെങ്കിലും, ലോകത്തിന്റെ താല്പര്യകാവസ്ഥ നോക്കുമ്പോൾ ഓരോ ദേശത്തിലേയും ഗവർമ്മേൻറ് ഈ ജോലിയെ സ്വയം ഭരമേൽക്കയോ അപഹരിക്കയോ ചെയ്തിട്ടുള്ളതായി കാണുന്നു. ആ സ്ഥിതിക്ക് സാന്മാർഗികാഭ്യസനം നൽകേണ്ടതും ഓരോ ഗവർമ്മേൻറിന്റെയും ഒഴിച്ചുകൂടാത്ത ഒരു ചുമതലയായിത്തീരുന്നുണ്ട്. ഈ ബോധമില്ലാതെ ഗവർമ്മേൻറ് കർത്തവ്യധർമ്മത്തെ കൈവെടിയുന്ന പക്ഷം, മഹത്തായ ഒരു നിക്ഷേപത്തെ ശൂന്യമാക്കുകയും തൻമൂലം മറനേകം തിന്മകൾക്ക ഹേതുവാക്കുകയുമാണ് അവർ ചെയ്യുന്നതു്. ആകയാൽ യാതൊരു മതത്തേയും പ്രത്യേകമായി ഉദ്ദേശിക്കാതെ, കേവലം സന്മാർഗ്ഗതത്വങ്ങളെമാത്രം വിശിഷ്ടരീതിയിൽ വിവരിച്ചു നിർമ്മിക്കപ്പെടുന്ന ഗ്രന്ഥങ്ങളെ ബാലികാബാലന്മാരുടെയിടയിൽ യഥാവിധി വിതരണംചെയ്തിട്ട് അവയിലടങ്ങിയിരിക്കുന്ന സദുപദേശങ്ങളെ അവരുടെ ഹൃൽത്തടങ്ങളിൽ ദൃഢമൂലമാക്കത്തക്കവണ്ണം, അവയെ പാഠ

പുസ്തകങ്ങളായി സ്വീകരിക്കുന്നതിന് ഗവർമ്മെൻറ് പ്രത്യേകം ബാധ്യസ്ഥരാണെന്ന് സന്ദർഭവശാൽ പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല.

സന്മാർഗ്ഗതല്പരന്മാരായ ഏവരും ഗ്രന്ഥകർത്താവിന്റെ സ്തുത്യർഹമായ പ്രയത്നത്തെ ഹൃദയപൂർവ്വം അനുമോദിക്കുമെന്നു വിശ്വസിച്ചും, അദ്ദേഹത്തിനു സകല വിജയങ്ങളും ആശംസിച്ചും, ഇതുപോലെയുള്ള മറനേകം പുസ്തകങ്ങൾ ഈ ഗ്രന്ഥകർത്താവു് ചമച്ചു കാണുവാനുള്ള എന്റെ ആഗ്രഹത്തെ പ്രകാശിപ്പിച്ചുംകൊണ്ട് ഈ പുരുങ്ങിയ ആമുഖോപന്യാസത്തെ സമാപിപ്പിച്ചുകൊള്ളുന്നു.

Rev. John W. F. Ribeiro.

S. H. Home, Mavelikara.
17th March 1924.

THE PROLOGUE.

"..... Therefore I thought it good, and necessary for me to bestow some diligence and labour to interpret this book: and with much watching and study in some space of time, I brought the book to an end, and set it forth for the service of them that are willing to apply their mind, and to learn how they ought to conduct themselves, who purpose to lead their life according to the law of the Lord ....."

മുഖവുര.

"... ആകയാൽ ഈ പുസ്തകം ഭാഷാന്തരീകരിക്കുന്നതിൽ കുറേ ഉത്സാഹവും പരിശ്രമവും ചെയ്യുന്നതു് നല്ലതും ആവശ്യവുമെന്നു എനിക്കു തോന്നി. വളരെ സൂക്ഷ്മതയോടും അനേഷണത്തോടും കൂടി, കുറേസമയംകൊണ്ടു്, അതു നിവർത്തിച്ചു. വായിക്കുവാൻ മനസ്സുള്ളവരുടെയും ദൈവത്തിന്റെ പ്രമാണങ്ങൾക്ക് അനുസാരമായി ജീവിക്കുവാൽ ഉദ്ദേശിച്ചു് തങ്ങൾ എങ്ങനെ വ്യാപരിക്കണം എന്നറിവാൻ ആഗ്രഹിക്കുന്നവരുടേയും പ്രയോജനത്തിനായി ഇതിനെ പരസ്യപ്പെടുത്തി ...."

ഉപോൽഘാതം.

ലോക ഭയങ്കരമായ മഹാ യുദ്ധം അവസാനിച്ചു. സമാധാന ഉടമ്പടിയും ചെയ്തുകഴിഞ്ഞു. എങ്കിലും സമാധാനം എവിടെ? രാജ്യം രാജ്യത്തിനു വിരോധം. ജനത, ജനതയോട മത്സരം. വേലക്കാരുടെ പണിമുടക്കും ബഹളങ്ങളും പണ്ടത്തേതിൽ ഇരട്ടി. കുടുംബങ്ങളിൽ ഛിദ്രം. മാതാപിതാക്കന്മാക്കും ഗുരുക്കന്മാക്കും കീഴ്പ്പെടാതെയുള്ള മക്കളുടെ നടപടി.

ഇതിനെയെല്ലാം ശരിപ്പെടുത്തി ലോകത്തിൽ സമാധാനമുണ്ടാക്കുന്നതിനുള്ള ഔഷധം ബാലന്മാരെയാണ് സേവിപ്പിക്കേണ്ടതു്. ഇന്നത്തെ ബാലന്മാരാണ് നാളത്തെ കുടുംബത്തലവന്മാർ. കുടുംബങ്ങൾകൊണ്ടു ജനാവലിയും, ജനാവലികൊണ്ടു രാജ്യങ്ങളും, രാജ്യങ്ങൾകൊണ്ടു സാമ്രാജ്യങ്ങളും ഉണ്ടാകുന്നു. അതിനാൽ സമുദായത്തിന്റെയും രാജ്യത്തിന്റെയും സാമ്രാജ്യങ്ങളുടെയും ഗുണവല്ക്കരണത്തിനുള്ള ഔഷധം കുട്ടികളെയാണ് സേവിപ്പിക്കേണ്ടതു്. ക്രീസ്തുവിൽ സ്വർഗ്ഗവും അഭിനവീകരിക്കുവാൻ ശപഥംചെയ്ത പുണ്യശ്ലോകനായ ൧൦-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കുട്ടികളുടെ ധർമ്മപരിശീലനത്തിൽ പ്രത്യേകം ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നതിന്റെ കാരണം ഇതുതന്നെ. പക്ഷിമൃഗാദികളെ പരിശീലിപ്പിക്കേണ്ടതു് അവ ചെറുപ്പമായിരിക്കുമ്പോഴാണല്ലൊ. കൊതുമ്പിൽ വളം കൃഷിക്കു ഉപയുക്തമല്ലെന്നും നാമറിയുന്നു. ബാല്യം എവിടേയ്ക്കും വളയ്ക്കാവുന്ന ഒരു സന്ധിയാണ്. സ്വർഗ്ഗവിദ്യകളേയും അഭ്യസിക്കുന്നതിനും ഉത്തമമായ സമയം ചെറുപ്രായമല്ലെ?

എന്നാൽ ലോകനവീകരണത്തിനായി കുട്ടികളെ നാം സേവിപ്പിക്കേണ്ട ഔഷധം ഏതാണ്? ലോകത്തിൽ ഇപ്പോൾ കാണുന്ന നിസ്സമാധാനം മുഴുവൻ നീങ്ങി അതു് ഐശ്വര്യപദ്ധതിയിൽ ചെന്നെത്തുന്നതിനുള്ള ഏകമാർഗ്ഗം മനുഷ്യൻ ദൈവത്തോട സമീപിക്കുകയാണെന്നും ഈ സാമീപ്യം സുവിശേഷങ്ങളും മറ്റു വിശുദ്ധ ഗ്രന്ഥങ്ങളും മൂലമല്ലാതെ സാധിക്കുകയില്ലെന്നും സമാധാന തല്പരനായ ൧൫-ാം ബനഡിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കാർഡിനൽമാരുടെ സംഘസമക്ഷം ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി.

ഈ തത്വങ്ങളെ ദൃഷ്ടിപഥത്തിൽ വെച്ചുകൊണ്ടാണ് മലയാളഭാഷ സംസാരിക്കുന്ന ബാലഗണത്തിന്റെ നന്മയെ ഉദ്ദേശിച്ചു ശ്ലേമോന്റെ 'സുഭാഷിതങ്ങൾ' എന്ന എന്റെ ആദ്യ കൃതി ഞാൻ രചിച്ചിട്ടുള്ളതു്. "പ്രാസംഗിക"ന്റെ രചനയിൽ എനിക്കുള്ള ഉദ്ദേശവും അതിൽനിന്നു വ്യത്യസ്തമല്ല. കുട്ടികൾ വേഗത്തിൽ പഠിക്കുവാനും, ഭീഷ്മനാൽ മനസ്സിൽ നിറുത്തുവാനും, ക്ഷണത്തിൽ ഉപയോഗത്തിൽ

വരുത്തുവാനുമായിട്ടാണ് ചെറിയ വൃത്തങ്ങളിൽ ഈ രണ്ടു ഗ്രന്ഥങ്ങളും എഴുതീട്ടുള്ളത്. സുഭാഷിതങ്ങളുടെ ഉപോൽഘാതം വായിച്ചിട്ടുള്ളതോട്ട് ഈ സംഗതി ബന്ധിച്ചു അധികമൊന്നും പറയേണ്ട ആവശ്യമില്ലാത്തതിനാൽ ആ ഗ്രന്ഥത്തിന്റെയും ഇതിന്റെയും രചനയിലുള്ള ചില വ്യത്യാസങ്ങളെപ്പറ്റി മാത്രമെ ഇവിടെ അല്പം പ്രസ്താവിക്കേണ്ടതുള്ളു.

അവ: ക. "സുഭാഷിതങ്ങളെ" അനുപദമായി തർജ്ജമ ചെയ്യുന്നതിനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ഇതിലാകട്ടെ വേദവാക്യങ്ങളുടെ കാര്യസാരത്തെ മുഖ്യമായി ഉദ്ദേശിച്ചതെയുള്ളു. അനുപദ തർജ്ജമയ്ക്കു സൌകര്യമുണ്ടായിരുന്നിടത്തെല്ലാം അങ്ങനെ ചെയ്യാതിരുന്നിട്ടില്ല. തൻമൂലം– ഖ. സുറിയംനി, ലാററിൻ എന്ന ഇരുഭാഷകളിലുമുള്ള നിസ്സാര വ്യത്യാസങ്ങളെ പ്രത്യേകിച്ചു ചൂണ്ടിക്കാണിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ല. ആ രണ്ടു ഭാഷകളിലെയും വി. ഗ്രന്ഥപ്രതികളിൽ കഥനാരീതിയിലല്ലാതെ സാരകാര്യങ്ങളിൽ വ്യത്യാസമില്ലാതിരിക്കുന്നതും വ്യത്യാസമില്ലാതിരിക്കേണ്ടതുമാണെന്നുള്ളതു സുവ്യക്തമാണല്ലൊ– ന. "സുഭാഷിത"ത്തിൽ അർത്ഥം ദുർഗ്രഹമായിത്തോന്നിയ ചുരുക്കം ചില ശ്ലോകങ്ങൾക്കു സംക്ഷേപമായ വിവരണം അവിടവിടെ ചേർത്തിരുന്നതേയുള്ളു. 'പ്രാസംഗിക'നിലാകട്ടെ കേവലം സുഗമമെന്നു കരുതിയ ഏതാനുമൊഴികെയുള്ള ബാക്കിയെല്ലാ ശ്ലോകങ്ങൾക്കും പ്രസിദ്ധ വേദപുസ്തക വ്യാഖ്യാതാവായ കൊർണ്ണേലിയൂസ്- ആ- ലാപ്പിദെ (Cornelius a Lapide) യുടെ വിശിഷ്ട ഗ്രന്ഥത്തിൽനിന്നു സാമാന്യം വിസ്താരമായ വ്യാഖ്യാനം ചേർത്തിട്ടുള്ളതാണ്.

'സുഭാഷിത'ങ്ങളെ വേദവാക്യങ്ങളായി എല്ലാ ക്രിസ്തീയവകുപ്പുകാരും സ്വീകരിക്കുന്നുണ്ട്. 'പ്രാസംഗിക'നെയാകട്ടെ കത്തോലിക്കാസഭയിൽനിന്നു വിഭിന്നങ്ങളായ ക്രിസ്തീയ ശാഖകളിൽ ചിലതെല്ലാം ആ വിധം സ്വീകരിക്കുന്നതായി കണുന്നില്ല. വി. ഗ്രന്ഥസഞ്ചയം പൂർവ്വ കാനോനികങ്ങൾ (Proto- Canonic) എന്നും ഉത്തര കാനോനീകങ്ങൾ (Deutero–Canonic) എന്നും രണ്ടു ഇനങ്ങളായിട്ടാണല്ലൊ വിഭജിക്കപ്പെട്ടുന്നത്. യൂദന്മാരുടെ പഴയനിയമത്തിലെ പൂർവ്വ കാനോനിക സഞ്ചയത്തിൽ ഈ ഗ്രന്ഥം ഉൾപ്പെടാതെ പോയതാണ് ഈ തിരസ്കാരത്തിന്റെ കാരണം. എന്നാൽ ഈ കാരണം കേവലം നിരർത്ഥമാണെന്നും പഴയ ഗ്രന്ഥസഞ്ചയത്തിൽ ഇതു ഉൾപ്പെടുവാൻ ഇടയാകാഞ്ഞതു അതുവരെ എഴുതപ്പെട്ട വി. ഗ്രന്ഥങ്ങളെ ഈ വിധം വിഭജിച്ച ഏസ്ഡ്രാസിന്റെ (Esdras) കാലശേഷം മാത്രം ഇതു എഴുതപ്പെട്ടതുകൊണ്ടാണെന്നും ധരിച്ചിരിക്കേണ്ടതാണ്.

ലൌകിക പാരമ്പര്യങ്ങളാൽ പഠിപ്പിക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുകയും ചെയ്യുന്ന കത്തോലിക്കാ സഭയാകട്ടെ ഇതിനെ കാനോനികമായും ദൈവികമായും സ്വീകരിക്കുകത

ന്നെ ചെയ്യുന്നു. 'പ്രാസംഗികൻ' കാനോനിൽ ഉൾപ്പെട്ട ഒരു വി. ഗ്രന്ഥമാണെന്നുള്ളതു വിശ്വസിക്കേണ്ട ഒരു സത്യമാണ്. ഈ വസ്തുതെ ട്രെൻറിലെ സൂനഹദോസിൻെറ (Concil. Trid. Sess. IV.) നിർണ്ണയത്തിൽ (Definition) നിന്നും, കാർത്തേജിലെ നാം സൂനഹദോസിൻെറ രണ്ടാം കാനോനിൽനിന്നും, ഫ്ലോറൻസ് സൂനഹദോസിൽനിന്നും, അമ്മേനിയക്കുള്ള ഉപദേശത്തിൽനിന്നും വ്യക്തമാകുന്നതാണ്. രണ്ടാം-ൽ സമ്മേളിച്ച ഏഫെസസ് സൂനഹദോസും 'പ്രാസംഗിക'ത്തിൽ മാത്രം കാണപ്പെടുന്ന വാക്യങ്ങളെ വേദവാക്യങ്ങളായി ഉദ്ധരിക്കുന്നുണ്ട്. മറ്റു പലേ സൂനഹദോസുകളും 'പ്രാസംഗിക'നെ വിശുദ്ധ ഗ്രന്ഥമായി സ്വീകരിക്കയും ഉദ്ധരിക്കയും ചെയ്തിട്ടുള്ളതാണ്.

പൌരസ്ത്യ പിതാക്കന്മാരും 'പ്രാസംഗിക'നെ വി. ഗ്രന്ഥമായി സ്വീകരിക്കുന്നു എന്നുള്ളതു ക്രി. അ. ൯൦ -ൽ വി. ക്ലെമെൻറും (Epist 1.), ൪൦൦-ൽ വി. ഇഗ്നാസിയോസും (Epist. ad Heronem) ൫൦൦-ൽ അലക്സണ്ഡ്രിയായിലെ വി. ക്ലെമെൻറും lib. I. Poedag. VIII; lib. V. Strom. Cap. V.), ൫൩൦ ൽ ഒരിജേനും (homil. 8. in Num.; homil. 1. in Judic.; homil. 9. in Ezech.), ൫൩൦-ൽ എവുസേബിയസും (lib. VIII. Praepar. cap II.), ൫൬൦-ൽ വി. ബസീലും (in Cap. VIII. Isaiae), അതെ വത്സരത്തിൽത്തന്നെ വി. അപ്രേമും (De Patientia) വേറെ പല വേദപാരഗന്മാരും മറ്റു വേദഗ്രന്ഥങ്ങളെപ്പോലെതന്നെ ഇതിനേയും ഉദ്ധരിച്ചിരിക്കുന്നു എന്നതിൽനിന്നു പ്രസ്പഷ്ടമാകുന്നു.

പാശ്ചാത്യപിതാക്കന്മാരും ഈ വിധംതന്നെ 'പ്രാസംഗിക'നെ അംഗീകരിക്കുന്നുണ്ട്. ക്രി. അ. ൨൦൦-ൽ ടെർത്തുല്ലിയൻ (lib. De Exhort. Castitatis Cap. II.), ൨൫൭-ൽ വി. കല്ലിക്സ്റ്റസ് മാപ്പാപ്പാ (Epist. 1.), ൨൫൯-ൽ ഫാബിയാനോസ് മാപ്പാപ്പാ (Epist. 2.), ൨൬൦-ൽ വി. സിപ്രിയാനോസ് (De Opere et Eleemos.), ൩൬൦-ൽ വി. അംബ്രോസിസ് (De Bono mortis, Cap. VIII.), ൩൯൦-ൽ വി. ഈറാനിമോസ് (Epist. 33), ൪൦൦ ൽ വി. ആഗുസ്തീനോസ് (lib. II. De Doctrina Christi, Cap. VIII.) ആദിയായവരെല്ലാം 'പ്രാസംഗിക'നെ വി. ഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ളതാണ്.

വി. ഗ്രന്ഥങ്ങളെല്ലാം ഈശ്വരപ്രേരിതങ്ങളാണല്ലൊ. ഈ ശ്വര പ്രേരണയുടെ പ്രകൃതി, അതിൻെറ വ്യാപ്തി ആദിയായവയെപ്പറ്റിയുള്ള അറിവു, വേദവാക്യങ്ങളിന്മേലുള്ള ബഹുമാനം സംവർദ്ധിക്കുമെന്നുള്ള പ്രതീക്ഷമൂലം ഈ ഗ്രന്ഥത്തിൻെറ ആരംഭത്തിൽത്തന്നെ ആ പ്രേരണയെപ്പറ്റി അല്പം പ്രതിപാദിച്ചിട്ടുണ്ട്. മലയാളഭാഷയിൽ ഏതദ്വിഷയകമായി ഇതുവരെ യാതൊന്നും പ്രസിദ്ധീകൃതമായിട്ടില്ലാത്തതുകൊണ്ട് ഇതു മലയാളഭാഷ സംസാരിക്കുന്ന ക്രിസ്തീയലോക

ത്തിനെല്ലാം പ്രത്യേക വിധത്തിൽ ഉപയുക്തമായിത്തീരുമെന്നു കരുതുന്നു.

പ്രൌഢമായ ഒരു ആമുഖോപന്യാസംകൊണ്ടു് ഈ കൃതിയെ അലങ്കരിച്ച ദിവ്യശ്രീ ഫാദർ ജോൺ റിബെയിരൊ ഡി. ഡി. അവർകളുടെ പേരിലും, ഇതിലെ പദ്യങ്ങൾ വായിച്ചുനോക്കി വേണ്ട ഭേദഗതികൾ ചെയ്തുതന്ന ശ്രീമാന്മാരായ മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകളുടെയും, 'നസ്രാണിദീപികാ' പത്രാധിപർ തെങ്ങുംമൂട്ടിൽ വർഗീസ് മാപ്പിള അവർകളുടെയും, വൃദ്ധകവി അഴകത്തു പത്മനാഭക്കുറുപ്പു് അവർകളുടെയും പേരിലും, വി. ഗ്രന്ഥങ്ങളുടെ ഈശപ്രരപ്രേരണയെ സംബന്ധിച്ച സംഗതികൾ ഇംഗ്ലീഷിൽ എഴുതി തന്നു സഹായിച്ച എന്റെ ഒരു സന്യാസ സഹോദരന്റെ പേരിലും എനിക്കുള്ള അപാരമായ കൃതജ്ഞതയെ ഇവിടെ പ്രദ്യോതിപ്പിച്ചുകൊള്ളട്ടെ.

പ്രതിപാദിത വിഷയത്തിന്റെ പ്രകൃതിഭേദംകൊണ്ടും വിദേശഭാഷയിൽനിന്നു പലതും അനുപദമായി പരിഭാഷചെയ്തു ചേർക്കേണ്ടിവന്നതുകൊണ്ടും ഭാഷാസൌഷ്ഠവം കുറെയെല്ലാം പരിത്യജിക്കേണ്ടി വന്നിട്ടുണ്ടെന്നു പ്രസ്താവിക്കാതെ തരമില്ല.

ഐഹിക പാരത്രിക സുഖങ്ങളെ അനേഷിക്കുന്നവരുടെ പാദങ്ങൾക്കു ഈ വേദോക്തങ്ങൾ ഒരു വിളക്കായിത്തീരട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ബഹുജനങ്ങളുടെ സ്വീകാരത്തിനായി ഇതിനെ സമർപ്പിച്ചുകൊള്ളുന്നു.

എന്നു്

ഗ്രന്ഥകർത്താവു്.

മാന്നാനം ആശ്രമം,
ഫെബ്രുവരി മാർച്ചു് ഫൻ.

വി. ഗ്രന്ഥങ്ങളുടെ ഈശ്വരപ്രേരണ.

൧, ഈശ്വരപ്രേരണയുടെ സ്വഭാവം.

വിശുദ്ധ ഗ്രന്ഥസംബന്ധമായ ഈശ്വരപ്രേരണ, എഴുത്തുന്നതിനായി വിശുദ്ധ ഗ്രന്ഥകാരനു മനസ്സുവരുത്തുന്നതും എഴുതുമ്പോൾ അവന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതും ദൈവം ഇച്ഛിക്കുന്നതിൽ കവിയാതെയും അതു മാത്രവും എഴുതുവാൻ തക്കവണ്ണം അവനെ നടത്തുകയും സഹായിക്കയും ചെയ്യുന്നതുമായി അവന്റെമേൽ ഉണ്ടാകുന്ന ദൈവാത്മപിയുടെ സ്വഭാവാതീതമായ ഒരു ശക്തിയാകുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രഥമ കർത്താവു് ദൈവവും വി. ലേഖകൻ അതിന്റെ ഒരു ഉപകരണം (Instrumental Cause) മാത്രവുമാണെന്നു ഈ ലക്ഷണോക്തിയിൽനിന്നു വ്യക്തമാകുന്നു. മറ്റു വിധത്തിൽ പറയാം: വേദപുസ്തകത്തിന്റെ പ്രഥമവും പ്രധാനവുമായ കർത്താവു ദൈവവും എഴുത്തുകാർ അഥവാ വി. ലേഖകന്മാർ ദൈവത്തൂക്കയിലെ ഉപകരണവുമാണ്. അവരെ അതിന്റെ ദ്വിതീയ കർത്താക്കൾ (Secondary authors) എന്നുപറയാം. എഴുത്തുന്നതിനു തന്റെ ഒരു ഉപകരണമായി ദൈവം മനുഷ്യനെ പ്രയോഗിയ്ക്കുന്നു എന്നു പറയുമ്പോൾ, ഈ ഉദ്ദേശ്യത്തിനു ഏറ്റവും ഉത്തമമായി അവനിൽ ഉള്ളതിനെയെല്ലാം അവിടന്നു ഉപയോഗിക്കുന്നു എന്നു് അർത്ഥമാക്കേണ്ടതാണ്. ഇപ്രകാരമുള്ള ഒരു ഉദ്ദേശ്യത്തിനു് അവനിലുള്ള ഉത്തമവസ്തുക്കളാകട്ടെ, ആത്മാവും അതിന്റെ ഉന്നത ശക്തികളായ ബുദ്ധി, മനസ്സു, സ്മരണ, വിചാരം ഇവയുമാകുന്നു. ഈ ശക്തികളെ പ്രയോഗിക്കാതെ ഒരുത്തനും ഗ്രന്ഥനിർമ്മാണം സാദ്ധ്യമല്ല. ആകയാൽ തനിക്കു പകരം എഴുതുന്നതിനു ദൈവം മനുഷ്യനെ ഉപയോഗപ്പെടുത്തുന്നു എങ്കിൽ അവിടന്നു ഈ ശക്തികളെത്തന്നെയല്ലാതെ മറ്റൊന്നും ഉപയോഗിക്കുന്നില്ല. മറ്റൊന്നും അതിനു യോജിച്ചതുമല്ല. ദൈവമാകട്ടെ പ്രേരണയിൽ (Inspiration) താൻ പ്രയോഗിക്കുന്ന ഉപകരണത്തിനു അനുയോജ്യമായി പ്രവർത്തിക്കുന്നു. ജീവനും, ബുദ്ധിയും, മനസ്സും, പ്രവൃത്തിയും, രൂപികാര ശക്തിയും (Plastic) ഉള്ള ഉപകരണമായി താൻ തിരഞ്ഞെടുത്ത മനുഷ്യന്റെ സംയുക്ത പ്രകൃതിക്കു (Complex nature) അനുരൂപമായി ദൈവം വർത്തിക്കുന്നു. ഇങ്ങനെ ഗ്രന്ഥരചനയിൽ ദൈവം അവൻ വഴിയായും, അവനോടുകൂടിയും, അവൻ മൂലവും സംസാരിക്കയും, പ്രവർത്തിക്കയും, എഴുതുകയും ചെയ്യുന്നു. ജീവനും ബോധശക്തിയുമുള്ള ഒരുപകരണവും, പ്രവൃത്തിശക്തിയില്ലാത്തതും നിർജ്ജീവവുമായ ഒരുപകരണവും

തമ്മിൽ സ്വത്ത്വ്യത്യാസങ്ങളുണ്ടെന്നുള്ളതു സമ്മതിക്കേണ്ടതുതന്നെയെങ്കിലും എഴുതുന്നതിനു ഒരു തൂലികയെയോ മറ്റു വല്ലതുമൊ ഒരുത്തൻ ഉപയോഗിക്കുന്നതു എങ്ങനെ ഏകദേശം അങ്ങനെതന്നെ ദൈവം സ്വന്ത ഉപകരണമായി ഒരു മനുഷ്യനെ പ്രയോഗിക്കുന്നു എന്നു പറയുന്നതിനു നാം സംശയിക്കേണ്ട. വി. ഗ്രന്ഥം മാനുഷികം മാത്രമൊ ദൈവികം മാത്രമൊ അഥവാ പകുതി മാനുഷികവും പകുതി ദൈവികവുമൊ ആയി ഒരിക്കലും പരിഗണിക്കേണ്ടതല്ലെന്നും, പ്രത്യുത മുഴുവൻ മാനുഷികവും മുഴുവൻ ദൈവികവുമായി കരുതേണ്ടതാണെന്നും ഇതിൽനിന്നു വ്യക്തമാകുന്നു. മുഴുവൻ മനുഷ്യനാൽ എഴുതപ്പെട്ടതുകൊണ്ടു അതു മുഴുവൻ മാനുഷികമാണു; മുഴുവൻ ദൈവപ്രേരിതമായതുകൊണ്ടു അതു മുഴുവൻ ദൈവികവുമാണു.

ആകയാൽ എല്ലാ പ്രേരണയിലും സംഭവിക്കുന്നതു ഇവയാണു:— ൧. എഴുതപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നവയും അവമാത്രവും എഴുതുന്നതിനു വി. ലേഖകനെ ഇളക്കുന്നതായ പരിശുദ്ധാത്മാവിന്റെ നിരന്തരമായ ഒരു പ്രോത്സാഹനം (Impulse).— ൨. വി. ലേഖകൻ തെറ്റിൽ ഉൾപ്പെടാതിരിക്കേണ്ടതിനായുള്ള പരിശുദ്ധാത്മാവിന്റെ ഒരു സഹായം.— വി. ലേഖകൻ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ എഴുതുന്നു എങ്കിലും പ്രജ്ഞാശക്തിയുള്ള ഒരുപകരണം (Rational instrument) എന്ന നിലയിൽ അദ്ദേഹവും സ്വയമേ ഉത്സാഹിക്കേണ്ടതുണ്ടു്. എഴുതുന്നതിൽ അദ്ദേഹത്തിനു സ്വന്തമായ ഉദ്ദേശ്യമുണ്ടാകാം; സ്വന്ത സ്മരണാശക്തിയും, ആലോചനാശക്തി മുതലായവയും പ്രയോഗിക്കേണ്ടതായി വരാം; സാധാരണ ഏതു ഗ്രന്ഥകാരനും ചെയ്യുന്നതുപോലെ അന്യരോടു ആലോചിക്കയും രേഖകളും മറ്റും നോക്കുകയും ചെയ്യാം. ഈശ്വര പ്രേരിതനെങ്കിലും സ്വന്ത വ്യാകരണരീതിയും, വാക്യരീതിയും, ശബ്ദകോശവും, സ്വന്തമായ അലങ്കാര പ്രയോഗങ്ങളും വാചകരീതിയും (Style) അയാൾ സ്വീകൃത സംരക്ഷിക്കുന്നു. ഏതൊരു ഗ്രന്ഥകാരനും ചെയ്യേണ്ടതുപോലെ ഗ്രന്ഥരചനയിൽ ഇദ്ദേഹവും ബുദ്ധിമുട്ടുകളും അദ്ധ്വാനങ്ങളും സഹിക്കണം. എന്നാൽ ആവിഷ്കരണം (Revelation) മൂലമല്ലാതെ വി. ലേഖകനു അറിവാൻ സാധിക്കാത്ത സംഗതി അദ്ദേഹം എഴുതണമെന്നു ദൈവം ആഗ്രഹിക്കുന്നെങ്കിൽ അവിടന്നു് അതു അവനു വെളിപ്പെടുത്തുമെന്നുള്ളതു നിസ്സംശയമാണു്. ഇങ്ങനെയുള്ള ഘട്ടത്തിൽ ദൈവപ്രേരണയോടുകൂടി ദൈവികാവിഷ്കരണവും ഉണ്ടായിരിക്കും.

൨. ഈശ്വരപ്രേരണയുടെ വ്യാപ്തി.

കാനോനികങ്ങളായ വി. ഗ്രന്ഥങ്ങളെല്ലാം ഈശ്വരപ്രേരിതങ്ങളാണെന്നുള്ളതു വിശ്വസിക്കേണ്ട ഒരു സത്യമാണു്. എന്നാൽ

ഈശ്വര പ്രേരിതമായ ഗ്രന്ഥത്തിൽ ഈശ്വരപ്രേരണ എത്രമാത്രം വ്യാപിക്കുന്നു എന്നൊരു ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. ഇതിനു താഴെക്കാണും വിധം സമാധാനം പറയാം:–

(ക) കത്തോലിക്കാ സഭ സ്വീകരിച്ചിരിക്കുന്ന കാനോനിലെ എല്ലാ പുസ്തകങ്ങളിന്മേലും പുസ്തക ഭാഗങ്ങളിന്മേലും ഈശ്വരപ്രേരണ വ്യാപിച്ചിരിക്കുന്നു എന്നു സമസ്ത കത്തോലിക്കരും സമ്മതിക്കുന്നു. ഇതു കത്തോലിക്കാ വിശ്വാസത്തിലെ ഒരു സത്യമാണെന്നു ട്രെന്റിലെയും (Concil. Trid.) വത്തിക്കാനിലേയും സൂനഹദോസു വിധികളിൽനിന്നു സുവ്യക്തമാണ്. (Hoc est de fide divina et Catholica.)

(ഖ) വിശ്വാസം, സന്മാർഗ്ഗം, പ്രവാചകം, ചരിത്രഭാഗങ്ങൾ– ചരിത്രസംഭവങ്ങൾ പ്രധാനമായ വല്ലതുമായിരിക്കുമ്പോൾ പ്രത്യേകിച്ചു – ഇവയെ സംബന്ധിച്ച എല്ലാ ഭാഗങ്ങളിന്മേലും ഈശ്വരപ്രേരണ വ്യാപിച്ചിരിക്കുന്നു എന്നുള്ളതു നിസ്സംശയമാണ്. (Hoc est Saltem de fide Certa.)

(ഗ) വി. ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ ആശയങ്ങളിന്മേലും, വിചാരങ്ങളിന്മേലും, പഠനങ്ങളിന്മേലും ഈശ്വരപ്രേരണ വ്യാപിച്ചിരിക്കുന്നു എന്നുള്ളതും നിസ്സംശയമാണ്. അതായതു്, വി. ഗ്രന്ഥത്തിൽ അബദ്ധം (positive and formal) ഒന്നും ഉണ്ടാകാതിരിക്കത്തക്കവണ്ണം ആ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ സംഗതികളിന്മേലും അതു വ്യാപിച്ചിരിക്കുന്നു. (Hoc est Saltem de fide theologica).

(ഘ) വിശുദ്ധ ഗ്രന്ഥത്തിലെ അപ്രകൃത കഥനങ്ങളിന്മേൽ (Obiter dicta) ഈശ്വരപ്രേരണ വ്യാപിച്ചിരിക്കുന്നു എന്നതു മിക്കവാറും നിശ്ചയംതന്നെ.

(ങ) വി. ഗ്രന്ഥങ്ങളുടെ സാമാന്യഗതിയിന്മേലും (General trend), സാവ്തികപ്രകൃതിയിന്മേലും (Whole tenor), ആശയങ്ങളുടെ യുക്ത്യനുസാരമായ അനുമാനത്തിന്മേലും (Logical sequence of ideas), സംഭവങ്ങളുടെ കാലാനുസൃതമായ ക്രമത്തിന്മേലും (Chronological order of events), ഭാഗങ്ങൾ തമ്മിലുള്ള ഘടനയിന്മേലും (Arrangement of parts), വിഷയങ്ങളുടെ ക്രമീകരണത്തിന്മേലും (Distribution of materials), അലങ്കാരങ്ങൾ മുതലായ ഭാഷാരീതിയുടെ ചമൽക്കാരങ്ങളിന്മേലും (Figures of speech and embellishments) ഈശ്വരപ്രേരണ വ്യാപിച്ചിരിക്കുന്നു എന്നു ചിലർ പ്രസ്താവിക്കയും ചിലർ അതിനെ നിഷേധിക്കയും ചെയ്യുന്നു.

(ന്ന) ഈവിധംതന്നെ ഈശ്വരപ്രേരണ ഭാഷയിന്മേലും മൂലഗ്രന്ഥത്തിലെ വാക്കുകളിന്മേൽക്കൂടിയും വ്യാപിച്ചിരിക്കുന്നെന്നും തൻ മൂലം വി. ഗ്രന്ഥം അനുപദപ്രേരിതമാണെന്നും ചിലർ വാദിക്കയും മറ്റുചിലർ അതിനെ നിഷേധിക്കയും ചെയ്യുന്നു. ഈ രണ്ടു (ഉ, ന്ന) ലക്കങ്ങളിൽ പറയപ്പെടുന്ന സംഗതികളെപ്പറ്റി വി. സഭ യാതൊരു നിശ്ചയവും ചെയ്തിട്ടില്ലാത്തതാണ്.

൩. ഈശ്വരപ്രേരണയുടെ ഫലങ്ങൾ.

ഈശ്വരപ്രേരണയുടെ ഫലങ്ങളുടെ കാര്യം ആ പ്രേരണയുടെ വ്യാപ്തിയോടു നന്നാ സംബന്ധിച്ച ഒന്നാണ്. ഈ രണ്ടു സംഗതികളും ഏതുമാത്രം പ്രധാനങ്ങളാണോ അതുമാത്രം വിഷമതയുള്ളവയുമാകുന്നു. പൂർണ്ണമായ ഈശ്വരപ്രേരണ (Plenary inspiration) യോടുകൂടി തെറ്റു സ്ഥിതിചെയ്യാൻ കഴിയുമോ? അഥവാ അതു പൂർണ്ണമായ തെറ്റില്ലായ്മയെ അവശ്യം ഉളവാക്കുകയോ എല്ലാവിധ തെറ്റുകളിലുംനിന്നു വിമുക്തമാക്കുകയോ ചെയ്യുന്നുണ്ടോ? എന്നാണു നാം ചോദിക്കുന്നതു്. വി. സഭയുടെ പരമ്പരാഗതമായ പഠനം അനുസരിച്ചു ഇതിനു പറയേണ്ട സമാധാനം വി. ലേഖകന്മാരുടെ വാക്കിൽ പഠിപ്പിക്കുന്നതായി ഒരു അബദ്ധം ഉണ്ടാകുകയില്ല, ഉണ്ടാകുവാൻ പാടുമില്ല എന്നാകുന്നു. ഇതു സർവ്വസമ്മതമാണ്; ഇതിനു വ്യത്യാസമില്ല. വി. ലിഖിതത്തിൽ പ്രതിപാദിക്കപ്പെടുന്ന വിഷയം പഠനം സംബന്ധിച്ചതോ, സന്മാർഗ്ഗസംബന്ധമായതോ, ശാസ്ത്രത്തെയോ ചരിത്രത്തെയോ സംബന്ധിച്ചതോ ഏതുതന്നെയായിരുന്നാലും ഏതും സത്യംതന്നെയാണ്; അബദ്ധം ഉണ്ടാകയില്ല. ചരിത്രം, ഗണിതം ആദിയായി കേവലം മനുഷ്യനിർമ്മിതമായ ഒരു പുസ്തകം യാതൊരു തെറ്റും ഇല്ലാതെ തീരുക (de facto) സംഭാവ്യമാണ്. എന്നാൽ വി. ലിഖിതം അതിന്റെ ദൈവികമൂലം അഥവാ ഗ്രന്ഥകാരൻ നിമിത്തം സകല അബദ്ധങ്ങളിൽനിന്നും മുക്തമായിരിക്കുന്നതും അങ്ങനെ ഇരിക്കേണ്ടതുമാണ്. (de facto et jure) അതിൽ തെറ്റില്ലെന്നു മാത്രമല്ല, തെറ്റു് ഉണ്ടാകുവാൻ പാടുമില്ല. തെറ്റു് എന്നു ഇവിടെ പറയുന്നതു ബുദ്ധിയുടെ വിധിയും ആ വിധി ഏതിനെപ്പറ്റി ചെയ്യുന്നുവോ ആ വസ്തുവും തമ്മിലുള്ള വ്യത്യാസം അഥവാ അയുക്തതയാണ്. "ഈശ്വരപ്രേരിതരായ ഗ്രന്ഥകാരന്മാരുടെ വാക്കുകളിൽ യാതൊരു അബദ്ധവും ഉപദേശിക്കുന്നില്ല" എന്നാണു ഇവിടെ പറയുന്നതു്. ഇതര ഗ്രന്ഥകാരന്മാരുടെ ചില കഥനങ്ങൾ ചിലപ്പോൾ സ്വീകരിച്ചും ചിലപ്പോൾ സ്വീകാരതിരസ്കാരങ്ങൾ കൂടാതെയും ചിലപ്പോൾ ഖണ്ഡനസ്തുതിമാത്രമായും വി. ലേഖകന്മാർ ഉദ്ധരിച്ചിട്ടുള്ളതായി വേദപുസ്തകങ്ങളിൽ കാണാം. വി. ഗ്രന്ഥകാരൻ അവയെ സ്വന്തമായി സ്വീകരിക്കാത്തപ്പോഴും അവയുടെ ഉത്തരവാദിത്വം വഹിക്കാത്തപ്പോഴും

ആ വക കഥനങ്ങളിൽ അബദ്ധങ്ങൾ ഉണ്ടാകാവുന്നതാണ്. "ഈ ശ്വരപ്രേരിതനായ ഗ്രന്ഥകാരന്റെ വാക്കുകളിൽ അബന്ധമില്ല" എന്നു പറയുമ്പോൾ അവരുടെ വാക്കുകൾക്കു അവർ ഏതു അർത്ഥം കരുതുന്നുവോ ആ അർത്ഥത്തിലൊ അഥവാ വി. സഭ അവയ്ക്കു ഏതു അർത്ഥം കല്പിക്കുന്നുവൊ ആ അർത്ഥത്തിലൊ നാം അവയെ മനസ്സിലാക്കുമ്പോൾ അവയിൽ അബദ്ധമില്ല എന്നാണ് ധരിക്കേണ്ടതു്. മാത്രമല്ല, "ഈശ്വര പ്രേരിതനായ ഗ്രന്ഥകാരന്റെ വാക്കുകളിൽ അബദ്ധമില്ല" എന്നു പറയുമ്പോൾ, അവരുടെ വാക്കുകളിൽ– അവരെഴുതിയ വാക്കുകളിൽ– മൂലഗ്രന്ഥത്തിലെ വാക്കുകളിൽ– അശ്രദ്ധരായ പകർപ്പുകാരുടെയൊ അപ്രാപുരായ തർജ്ജമക്കാരുടെയൊ കൈകളിൽ പെടുന്നതിനു മുമ്പു്– അബദ്ധമില്ല എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വി. ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം വൈദികം (Religious), ശാസ്ത്രീയം (Scientific), ചരിത്രസംബന്ധം (Historic), എന്നു മൂന്നായി വിഭജിക്കാം. അതു മനുഷ്യരെ രക്ഷയ്ക്കു അവശ്യം വിശ്വസിക്കേണ്ട സത്യങ്ങളും പ്രവർത്തിക്കേണ്ട കടമകളും പഠിപ്പിക്കേണ്ടതിനായി ഈശ്വരപ്രേരണയാൽ എഴുതപ്പെട്ട ഒരു വേദഗ്രന്ഥമാകയാൽ വേദസംബന്ധമായ വിശ്വാസ സത്യങ്ങളെയൊ സന്മാർഗ്ഗത്തെയൊ ബന്ധിച്ച കാര്യങ്ങളിൽ അതിൽ അബദ്ധമില്ലെന്നു ഏവനും ധാരാളം സമ്മതിക്കുന്നതാണ്. – ശാസ്ത്ര സംബന്ധമായും ചരിത്ര സംബന്ധമായും ചില തെറ്റുകൾ വേദപുസ്തകത്തിൽ ഇല്ലെ? അങ്ങനെ ഒന്നും ഇല്ലെങ്കിൽ അവയെപ്പറ്റി ഇത്രയധികം പറയപ്പെടുന്നതു എന്തുകൊണ്ടു? അങ്ങനെ തെറ്റുകൾ ഉള്ള പക്ഷം അവയേയും പൂർണ്ണമായ ഈശ്വര പ്രേരണയേയും തമ്മിൽ എങ്ങനെ സംഘടിപ്പിക്കാം? എന്നു ആരെങ്കിലും ചോദിച്ചേക്കാം. വി. ഗ്രന്ഥത്തിൽ ശാസ്ത്രവും ചരിത്രവും ബന്ധിച്ച സംഗതികളിൽ ക്ലൃടിയും യഥാർത്ഥമായ ഒരു അബദ്ധവും ഉണ്ടാകയില്ല, ഉണ്ടാകാൻ കഴിയുമില്ല എന്നു മാത്രമാണ് പ്രസ്തുത ചോദ്യത്തിനു ഉത്തരമായി പറയുവാനുള്ളതു്. മേൽപറഞ്ഞ സംഗതികളിലും വി. ഗ്രന്ഥം ശരിയായിരിക്കത്തക്കവണ്ണം വാക്കുകൾക്കു സ്വാന്തവും വാസ്തവികവുമായി ഒരു അർത്ഥം ഉണ്ടായിരിക്കേണ്ടതും ഉണ്ടായിരിക്കുന്നതുമാണ്. ഈ സംഗതി താഴെ വരുന്നവയിൽനിന്നു വിദിതമാകും.

൨. ഈശ്വര പ്രേരണയും ശാസ്ത്രവും.

പ്രകൃതി ശാസ്ത്രങ്ങൾ (Natural Sciences) നിത്യരക്ഷക്കു അത്രതന്നെ ഉപയുക്തങ്ങളല്ലാത്തതിനാൽ പ്രകൃതിവസ്തുക്കളുടെ സൂക്ഷ്മ സ്വഭാവത്തേയൊ അഭ്യന്തര തത്വങ്ങളേയൊ മനുഷ്യരെ പഠി

പ്പിക്കുവാൻ വി. ഗ്രന്ഥകാരന്മാർ ഒട്ടുംതന്നെ ശ്രമിച്ചിട്ടില്ല. എങ്കിലും ശാസ്ത്രങ്ങളെപ്പറ്റി പ്രത്യക്ഷമായൊ പരോക്ഷമായൊ വി. ഗ്രന്ഥത്തിൽ പറയുന്നതെല്ലാം (ആ ഗ്രന്ഥത്തിന്റെ ഐശ്വര്യത്തിനു മൂലം) ആ പറയുന്ന സാഹചര്യങ്ങളിലെങ്കിലും (at least relatively) ശരിയായിട്ടുള്ളതാണ്. വി. ഗ്രന്ഥകാരൻ ദൃശ്യലോകത്തിന്റെ യഥാർത്ഥമായ ആന്തരസ്ഥിതി വിവരിക്കുവാൻ ശ്രമിക്കുമ്പോൾ ഇക്കാലത്തെ ശാസ്ത്രജ്ഞന്മാരുടെ അത്യന്ത സൂക്ഷ്മവും സാങ്കേതികങ്ങളുമായ (technical) ഭാഷാപദങ്ങളെ പ്രയോഗിക്കുന്നില്ല. അവർ പ്രകൃതി വിഷയങ്ങളേയും വസ്തുക്കളുടെ ബാഹ്യരൂപങ്ങളേയും മാത്രമേ വർണ്ണിക്കുന്നുള്ളു. വർണ്ണനയിൽ അവർ ഉപയോഗിക്കുന്നതു എളുപ്പമുള്ളതും അക്കാലത്തെന്നല്ല, ഏതു കാലത്തും അധികം നടപ്പിൽ ഇരുന്നതുമായ ഭാഷാരീതിയെയാണ്. അവരുടെ സമകാലീനന്മാരും പിൽക്കാലത്തെ എല്ലാ ജനങ്ങളും മനസ്സിലാക്കേണ്ടതിനായി അവർ ആ വിധം ചെയ്തു എന്നു മാത്രമല്ല, അങ്ങനെ ചെയ്വാൻ നിർബ്ബന്ധിതരുമായിരുന്നു. ഉദാഹരണം പറയാം: ലോകം നിലനില്ക്കുന്ന കാലത്തോളം ഭൂമിയാണ് ചലനമില്ലാതെ നില്ക്കുന്നതെന്നും സൂര്യൻ ഭൂമിയുടെ ചുറ്റും സഞ്ചരിക്കുന്നെന്നും കാഴ്ചയ്ക്കു തോന്നുന്നതുകൊണ്ടു, ഗ്രഹശാസ്ത്രജ്ഞന്മാരുൾപ്പെടെ സമസ്ത ജനങ്ങളും അതീത കാലങ്ങളിൽ പൊതുജനങ്ങൾ എങ്ങനെ പറഞ്ഞുവന്നുവോ ആ വിധംതന്നെ പറയും. അതിനാൽ വി. ഗ്രന്ഥകാരന്മാരും തങ്ങൾ പറയുന്നതു സമകാലീനന്മാരും പിൽക്കാലത്തെ ജനങ്ങളും മനസ്സിലാക്കേണ്ടതിനായി ഈ വിധം തന്നെ പറയേണ്ടതു അവശ്യമാണ്.

൫. ഈശ്വര പ്രേരണയും ചരിത്രവും.

ഈശ്വര പ്രേരണയെപ്പറ്റിയുള്ള കാതോലിക ബോധത്തിനു (Catholic notion) ഭംഗം വരുത്താതെയും ദൈവത്തെത്തന്നെ ആ ബന്ധത്തിന്റെ കാരണകർത്താവാക്കിത്തീർക്കാതെയും വി. ഗ്രന്ഥത്തിലെ ചരിത്ര ഭാഗങ്ങളിൽപ്പോലും ഒരു ഏക അബദ്ധമെങ്കിലും ഉണ്ടെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ല. വി. ലിഖിതത്തിലെ എല്ലാ കഥനങ്ങളും അനൂനം സത്യമാണ്. എന്നാൽ അതു് ഏതു് അർത്ഥത്തിൽ സ്ഥിരീകരിക്കപ്പെടണമെന്നു് ദൈവവും ദൈവപ്രേരിതനായ ഗ്രന്ഥകാരനും ആഗ്രഹിക്കുന്നുവോ, ആ അർത്ഥത്തിൽ മാത്രമെ സത്യമായിരിക്കേണ്ടതുള്ളു. വായനക്കാർ ശരിയായ അർത്ഥത്തെ തെറ്റിദ്ധരിക്കുന്നുവെങ്കിൽ അവർ തന്നെയാണ് ആ തെറ്റിന്റെ ഉത്തരവാദികൾ: ഗ്രന്ഥകാരനല്ല. ഈ സംഗതി ബന്ധിച്ചു താഴെ വരുന്ന ചോദ്യങ്ങളും ഉത്തരങ്ങളും ഉപകാരപ്രദമാകുമെന്നു കരുതുന്നു.

ചോദ്യം ൫. സുപ്രധാനമായി വേദകാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വി. ഗ്രന്ഥത്തിൽ, ചരിത്രസംഭവങ്ങളെ ചരിത്രമെന്ന

നിലയിൽത്തന്നെ നേരിട്ടും ഉദ്ദേശ്യപൂർവ്വമായും പ്രതിപാദിക്കുന്നില്ല എ
ന്നു നമുക്കു പറയാമൊ?

൨. വി. ഗ്രന്ഥത്തിലെ ചരിത്ര കഥനങ്ങളെല്ലാം സാധാര
ണ മുറയ്ക്കു ചരിത്രമെന്നു തോന്നിക്കുന്നു എന്നല്ലാതെ, ചരിത്രത്തിന്റെ
സൂക്ഷ്മാവസ്ഥയെ വിവരിക്കുന്നില്ല എന്നു നമുക്കു സമ്മതിക്കാമൊ?

ഈ ചോദ്യങ്ങൾ വളരെ വിസ്തൃതങ്ങളും സാധാരണവും
ആയിരിക്കകൊണ്ടു ഇവിടെ കാണുന്ന വിധത്തിൽ അവയ്ക്കു നിഷേധ
രൂപത്തിൽ മറുപടി പറയേണ്ടതാണ്. എങ്കിലും അവയ്ക്കു ശരിയായ
മറുപടി പറയേണ്ടതിനു ഉപയുക്തങ്ങളായ ചില സംഗതികളെ ഇ
വിടെ പ്രസ്താവിക്കാം.

ഒന്നാമത്തെ ചോദ്യം "സർവ്വപ്രധാനമായി വേദകാര്യങ്ങളെ
പ്പറ്റി പ്രതിപാദിക്കുന്ന വി. ഗ്രന്ഥത്തിൽ ചരിത്രസംഭവങ്ങളെ ചരി
ത്രമെന്ന നിലയിൽത്തന്നെ നേരിട്ടും ഉദ്ദേശ്യപൂർവ്വവും പ്രതിപാദിക്കു
ന്നില്ല എന്നു നമുക്കു പറയാമൊ?" എന്നാണല്ലൊ. ഇതിനു പറയേ
ണ്ട മറുപടി, ഒരു സംഗതി മറ്റൊന്നിനെക്കാൾ നിശ്ചയമുള്ളതായി ഉ
ണ്ടാകാമെങ്കിൽ, അതു, വേദപുസ്തകത്തിൽ ചരിത്രമായിത്തോന്നിക്കുന്ന
വ മാത്രമല്ല, വാസ്തവികവും സത്യവുമായ ചരിത്രകഥനങ്ങൾ അട
ങ്ങിയിരിക്കുന്നു എന്നുള്ളതാണ്. രസതന്ത്രം (Chemistry), ഗണിതം
(Mathematics), ശില്പശാസ്ത്രം (Mechanics) മുതലായ പ്രകൃതി
ശാസ്ത്രങ്ങൾക്ക് അവയുടെ സ്വാഭാവിക നിലയിൽ ആവിഷ്കൃത
(Revealed) വേദത്തോടൊ, ആത്മരക്ഷയോടൊ വിശേഷ ബന്ധ
മൊന്നുമില്ല. എങ്കിലും ചരിത്രം വേദത്തിന്റെ സാരാംശങ്ങളിൽ ഒന്നാ
ണെന്നും ചരിത്രവും വിശ്വാസകാര്യങ്ങളും തമ്മിൽ വേർതിരിക്കുവാ
നും തിരിച്ചറിവാനും വഹിയാത്തവണ്ണം അതു ഗാഢമായി വി. ഗ്ര
ന്ഥത്തിൽ ചിലപ്പോഴെല്ലാം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നെന്നും നാം
നിശ്ചയമായും സമ്മതിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ
വിശ്വാസവിഷയമായിരിക്കുന്നതു കേവലം ശൂന്യവും പ്രാമാണിക
വുമായ (abstract and theoretical) സത്യമല്ല, മാംസളവും
(Concrete) ചരിത്രസംബന്ധവുമായ ആ സംഭവം തന്നെയാണ്.
ഉദാഹരണം പറയാം: "വചനം മാംസീഭവിച്ചു" എന്നു പറയുന്ന
തു വിശ്വസിക്കേണ്ട ഒരു സത്യവും ചരിത്രസംബന്ധമായ ഒരു സം
ഭവവുമാണ്. വിശ്വാസവിഷയം ഒരു ചരിത്ര സംഭവവും ചരിത്ര
സംഭവം ഒരു വിശ്വാസവിഷയവുമാകുന്നു; അവ രണ്ടും ഒന്നുത
ന്നെ. മ്ശിഹായുടെ മാനുഷീഭാവം, ജീവിതം, മരണം, പുനരുത്ഥാനം,
സ്വർഗ്ഗാരോഹണം, തിരുസഭയുടെയും പത്രോസിന്റെ ശ്രേഷ്ഠാധിപ
ത്യത്തിന്റെയും സ്ഥാപനം ആദിയായവ ഇതിലേക്കു വേറെ ദൃഷ്ടാ
ന്തങ്ങളാണ്. ഇവയും ഇവയെപ്പോലെ മറ്റു പല ചരിത്ര സംഭവ
ങ്ങളും ദൈവം നേരിട്ടും ദൈവികമായും തിരുസഭയ്ക്കു വെളിപ്പെടുത്തീ

ള്ളവയും വിശ്വാസത്തിന്റെ ആദിമനിധിയെ പൂണ്ണമാക്കുന്ന അംശങ്ങളുമാകുന്നു. ശാസ്ത്രീയ നിയമങ്ങളിലും വിധികളിലും ഏതിനെയെങ്കിലും കുറിച്ചു് ഈ വിധം പറഞ്ഞുകൂടാ.

പ്രകൃത വിഷയത്തിലേക്കു കുറേക്കൂടി കടക്കാം. ഈശ്വരപ്രേരണ ഗദ്യത്തോടും പദ്യത്തോടും, ന്യായമായ ഏതു സാഹിത്യഭേദത്തോടും, ഉപമകളോടും (Parables) രൂപകങ്ങളോടും (Allegory), ആധുനികപരിശോധിത (Critical) ചരിത്രങ്ങളോടും, പ്രകൃതത്തോടു അധികം അടുത്തതായ (More 'ad rem') പ്രാചീനങ്ങളായ സാധാരണ (Popular) ചരിത്രങ്ങളോടും സംയോജിക്കാവുന്നതാണു്. സാഹിത്യത്തിന്റെ ന്യായമായ പല വകഭേദങ്ങളെ വ്യത്യാസപ്പെടുത്തുകയും വിഭജിക്കയും ക്രമവൽക്കരിക്കയും ചെയ്യുന്ന നിയമസംഹിതയെ ഈശ്വരപ്രേരണ മാറുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നില്ല. തൻമൂലം ഗദ്യമോ പദ്യമോ ആയ ഏതുവിധ സാഹിത്യത്തിനും യഥാർത്ഥമായ ഒരു ചരിത്രഭാവം ഈശ്വരപ്രേരണ ജനിപ്പിക്കുന്നു എന്നാകട്ടെ, അതുകളെയെല്ലാം കേവലം ആധുനികപരിശോധക ചരിത്രത്തിന്റെ നിലയിൽ ആക്കിത്തീർക്കുന്നു എന്നാകട്ടെ പറയുന്നതു് വലിയ അബദ്ധമാണു്. ഈശ്വരപ്രേരിതമായ പുസ്തകം ചരിത്രമയമാകുന്നതു് അതിന്റെ കർത്താവു് അതിനെ ചരിത്രമയമാക്കുവാൻ ഉദ്ദേശിക്കുമ്പോൾ മാത്രമാണു്. അപ്പോൾത്തന്നെയും അതിനെ എത്രമാത്രം ചരിത്രമയമാക്കുവാൻ ഗ്രന്ഥകാരൻ കരുതുന്നുവോ, അത്രമാത്രമേ അതു ചരിത്രമയമായിരിക്കയുള്ളു. മാത്രമല്ല, തന്റെ ഉദ്ദേശ്യം വായനക്കാർ ശരിയായി ഗ്രഹിക്കുന്നതിനു വേണ്ട മുൻകരുതലുകൾ ഗ്രന്ഥകാരൻ എപ്പോഴും ചെയ്യേണ്ടതുമാണു്. വി. ഗ്രന്ഥകാരന്റെ കാലത്തു ന്യായമെന്നു കരുതപ്പെട്ടിരുന്നതും തൻമൂലം ഈ ഇരുപതാം ശതാബ്ദത്തിലെ പരിശോധകന്മാരുടെ അംഗീകാരത്തിനായി രണ്ടായിരമോ മൂവായിരമോ സംവത്സരം പാത്തിരിക്കാതെ, സ്വന്തകൃതിയിൽ സ്വീകരിക്കുവാൻ അദ്ദേഹത്തിനു് അർഹതയുണ്ടായിരുന്നതുമായ സാഹിത്യഭേദത്തിനു് അനുയോജ്യമായ അളവിലും മാത്രയിലുമുള്ള ചരിത്രസത്യത അദ്ദേഹം സ്വന്തകൃതിയിൽ സംരക്ഷിച്ചാൽ മതിയാകുന്നതാണു്.

രണ്ടാമത്തെ ചോദ്യം വിശുദ്ധ ഗ്രന്ഥത്തിലെ ചരിത്രഭാഗങ്ങളിൽ വി. ഗ്രന്ഥകാരൻ യഥാർത്ഥചരിത്രമല്ല, കാല്പനിക ചരിത്രമെന്നു തോന്നിക്കുന്നവയെ മാത്രം – അതായതു്, നടന്ന സംഭവമല്ല, കല്പിത കഥകളെ മാത്രമാണു വിവരിക്കുന്നതു എന്നു നമുക്കു സമ്മതിക്കാമോ എന്നാണല്ലൊ. വി. ഗ്രന്ഥത്തിലെ ചരിത്രം സാമാന്യേന യഥാർത്ഥമാണു്, അങ്ങനെ തോന്നിക്കുന്നവ മാത്രമല്ല എന്നാണു് ഇതിനുള്ള പൂരുക്കമായ മറുപടി. വായനക്കാർ വിപരീതമായതിനെ പ്രതീക്ഷിക്കു

വാൻ വല്ല വിധത്തിലും വി. ഗ്രന്ഥകാരൻ ഉപദേശിക്കാത്തപ്പോഴെല്ലാം കുറഞ്ഞപക്ഷം സാമാന്യമായി ഈവിധമായിരിക്കുന്നതാണ്.

ഈശ്വരപ്രേരിതനായ ഒരു ഗ്രന്ഥകർത്താവിനാകട്ടെ, മറേറതൊരു ഗ്രന്ഥകർത്താവിനാകട്ടെ വ്യാജമായ ഒരു വചനംപോലും പറയാതെയും അന്യരെ വഞ്ചിക്കുമെന്നുള്ള ഭയം കൂടാതെയും, ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത സംഗതികളെ വിവരിക്കുവാൻ പാടുണ്ടെന്നു ഈ ചോദ്യോത്തരങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഈ ഘട്ടത്തിൽ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഇതു രണ്ടു വിധത്തിൽ സംഭവിക്കാം. ക–ാമതു്, അന്യരിൽ നിന്നു ലഭിച്ചതിനെ താൻ വിവരിക്കുക മാത്രമെ ചെയ്യുന്നുള്ള എന്നും ഉദ്ധാരണത്തിൽ അടങ്ങിയ കാര്യങ്ങളെപ്പറ്റി ഉത്തരവാദിത്വം വഹിക്കുന്നതിനു താൻ ഉദ്ദേശിക്കുന്നില്ലെന്നും പ്രസ്തുവകൻ തന്നെ പ്രത്യക്ഷമായിട്ടോ പരോക്ഷമായിട്ടോ നമ്മെ അറിയിക്കുമ്പോൾ. വി. ഗ്രന്ഥത്തിലെ ഉദ്ധാരണങ്ങളെല്ലാം ചരിത്രസംബന്ധമായി സത്യമായിരിക്കണമെന്നു ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുണ്ട് എങ്കിൽ അപ്പോഴെല്ലാം അങ്ങനെ ആയിരിക്കുന്നതാണ്. ഖ–ാമതു്, വായനക്കാരെ രസിപ്പിക്കുവാനൊ, തെളിവായി വർണ്ണിക്കുവാനൊ, വേദസംബന്ധമായ വല്ല സത്യത്തെയൊ സന്മാർഗ്ഗത്തെ സംബന്ധിച്ച ക്രമത്തിൽ പഠനത്തെയൊ മനുഷ്യഹൃദയത്തിൽ ഉറപ്പായി പതിക്കുവാനൊ ആയിട്ടു കല്പിത സംഭവങ്ങളെ ചരിത്രരൂപത്തിൽ താൻ പറയുന്നു എന്നു പ്രത്യക്ഷമായിട്ടോ പരോക്ഷമായിട്ടോ ഗ്രന്ഥകാരൻ തന്നെ നമ്മെ ധരിപ്പിക്കുമ്പോൾ. ഈവിധ കല്പിതചരിത്രങ്ങൾ വി. ഗ്രന്ഥത്തിൽ ഉണ്ടെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. മ്ശിഹാ അരുളിച്ചെയ്തിട്ടുള്ള ഉപമകൾ തന്നെ ഇതിലേക്കു ദൃഷ്ടാന്തങ്ങളാണ്.

വി. ഗ്രന്ഥത്തിലുള്ള ഉദ്ധാരണങ്ങളേയും കല്പിതങ്ങളായ ചരിത്രങ്ങളേയും പറ്റി നാം ഏതുവിധം പ്രവർത്തിക്കണം എന്നുള്ള കാര്യത്തിൽ ബിബ്ളിക്കൽ കമ്മിഷന്റെ ഫൻ൦ാ ഫെബ്രുവരി ഫന–ലെയും ഫൻ൦ാ ജൂൺ ഫന–ലെയും പ്രത്യാഖ്യാനങ്ങൾ നമുക്കു മാർഗ്ദർശികളായിരിക്കേണ്ടതാണ്. ആ ചോദ്യങ്ങളും ഉത്തരങ്ങളും കീഴെ ചേർക്കുന്നു:–

ക–ാം ചോദ്യം: "വി. ഗ്രന്ഥത്തിൽ ചരിത്ര സംഭവങ്ങളെപ്പറ്റി എന്ന വിധം കാണപ്പെടുന്ന ചില ഭാഗങ്ങളിലുള്ള വിഷമതകളെ തീർക്കേണ്ടതിനായി, ഈശ്വരപ്രേരിതനല്ലാത്ത ഒരു ഗ്രന്ഥകാരന്റെ രേഖകളിൽനിന്നു വി. ഗ്രന്ഥകർത്താവു് ആ ഭാഗങ്ങളിൽ പരോക്ഷമായി ഉദ്ധരിച്ചിട്ടുണ്ടെന്നും അയാളുടെ പ്രസ്താവനകളെയെല്ലാം വി. ഗ്രന്ഥകാരൻ സ്വന്തമായി സമ്മതിക്കയൊ സ്വീകരിക്കയൊ ചെയ്തിട്ടില്ലെന്നും കത്തോലിക്കനായ ഒരു വ്യാഖ്യാതാവിനു പറയാവുന്നതാണോ?"

ഉത്തരം: "(ക) വി. ഗ്രന്ഥകാരൻ അന്യന്റെ കഥനങ്ങളെയൊ എഴുത്തിനെയൊ യഥാർത്ഥത്തിൽ ഉദ്ധരിക്കുന്നെന്നും, (ഖ) അദ്ദേ

ഹം (വി. ഗ്രന്ഥകാരൻ) അവയെ സ്വന്തമായി സമ്മതിക്കയൊ സ്വീകരിക്കയൊ വല്ല വിധത്തിലും അവയ്ക്കു ഉത്തരവാദിയായിരിക്കയൊ ചെയ്യുന്നില്ലെന്നും, വി. സഭ സ്വീകരിച്ചിരിക്കുന്ന അത്മത്തിനും വിധിക്കും (Judgment) ഭംഗമില്ലാത്ത വിധത്തിൽ തക്ക ന്യായങ്ങളെ കൊണ്ടു തെളിയിക്കാത്തപക്ഷം പാടുള്ളതല്ല."

൨-ാം ചോദ്യം: "മുഴുവനായൊ ഭാഗമായൊ ചരിത്രമെന്നു സങ്കല്പിക്കപ്പെട്ടുന്ന വി. ഗ്രന്ഥസഞ്ചയത്തിലെ പുസ്തകങ്ങൾ, വാസ്തവ സംഭവങ്ങളേയും യഥാർത്ഥമായ ചരിത്രത്തേയുമല്ല ഏപ്പോഴും വിവരിക്കുന്നതെന്നും അക്ഷരാർത്ഥത്തിൽ അഥവാ ചരിത്രാർത്ഥത്തിൽനിന്നു വ്യത്യസ്തമായ ഏതിനേയൊ അറിയിക്കുന്നതിനായി ചരിത്രമെന്ന വിധം കാണപ്പെടുന്ന രൂപത്തിൽ എഴുതപ്പെട്ടവ മാത്രമാണെന്നും പറയുന്നവരുടെ അഭിപ്രായത്തെ ശരിയായ ഒരു വ്യാഖ്യാനത്തിന്റെ പ്രമാണമായി നമുക്കു സ്വീകരിക്കാമൊ?"

ഉത്തരം: "വി. ഗ്രന്ഥകാരൻ കരുതുന്നതു് യഥാർത്ഥമായതും സാക്ഷാത്തായതുമായ ചരിത്രം അറിയിക്കുവാനല്ലെന്നും, പ്രത്യുത, ചരിത്ര രൂപത്തിലും ഭാവത്തിലും ഒരുപമയൊ, രൂപകമൊ, വാക്കുകളുടെ അക്ഷരാർത്ഥവും ചരിത്രാർത്ഥവുമല്ലാത്ത ഏതൊ ഒരു അർത്ഥമൊ വരുത്തേണ്ടതിനാണെന്നും, തിരുസഭ സ്വീകരിച്ചിരിച്ചിരിക്കുന്ന അർത്ഥത്തിനു വിരോധമാകാതെയും അതിന്റെ വിധിയെ പരിരക്ഷിച്ചുകൊണ്ടും, തക്ക ന്യായങ്ങളാൽ തെളിയിക്കാത്തപക്ഷം പാടുള്ളതല്ല. ഈ വിധമായ ഒരു മാഗ്രമാകട്ടെ (Case) അതു ഏതുപ്രത്തിലും വേണ്ട ആലോചന കൂടാതെയും സ്വീകരിക്കേണ്ടതുമല്ല."

വിസ്തൃത ഗ്രന്ഥങ്ങളുടെ പ്രതിപാദ്യ വിഷയമായ "ഈശ രപ്രേരണ"യെപ്പറ്റി ഈ ചെറിയ പുസ്തകത്തിൽ ഇതിലധികം പറയുക യുക്തമല്ലാത്തതിനാൽ ഈ സംഗതി ഇവിടെ അവസാനിപ്പിക്കട്ടെ.

കുശൽകരാ: 2കു.

പ്രാസംഗികൻ.

പ്രഥമസർഗ്ഗം.

ക. ഏതാണ്ടു രണ്ടുസമമുമ്പൊരു മട്ടിലീഞാൻ
പൂതാശയത്തൊട്ടു രചിച്ച "സുഭാഷിതങ്ങൾ"
ജാതാദരേണ സുജനങ്ങൾ വരിയ്ക്കയാലി-
ന്നോതാമതിന്നു പിറകായൊരു ഖണ്ഡകാവ്യം.

ഖ. ചാരിത്രശുദ്ധി, വിനയം, നെറി, യാത്മബോധം,
പാരിൽപ്രസിദ്ധി, ദയ, നീതി, നിരന്തഭാഗ്യം,
ഭൂരിപ്രതാപമിവയൊക്കെ ലഭിയ്ക്കുവാനായ്-
ക്കോരിച്ചൊരിഞ്ഞു തുണചെയ്തതു ദൈവവാക്യം.

ന. എന്നാലിതാ മഹിതമെന്നു മഹാശയന്മാ-
രൊന്നാകെ വാഴ്ത്തുമൊരു പുസ്തകമീശരോക്തം
നന്നായ്ത്തിരഞ്ഞു ചിലരാദരവോടെടുത്തി-
ട്ടിന്നായമട്ടു പറയുന്നിതു മന്ദനാം ഞാൻ.

ര. സീറാക്കരന്റെ സുതനേശുപുരാതനോക്തം
പേരായ തത്വമിടചേർത്തു കഥിയ്ക്കുമൂലം
"സൈറാകിയേശുകൃതി"യെന്നമരിപ്രമോദാൽ
ക്രൂരാന്ന ലോകമതിനേകി മഹാഭിധാനം.

ര. സീറാ അഥവാ സീറാക് എന്ന പേരോടുകൂടിയ ഒരാൾ ക്രിസ്തുവർഷത്തിനു ൨൦൦ സംവത്സരം മുമ്പ് ഓറെല്ലാം പട്ടണത്തിൽ നിവസിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ ഈശോ എന്നൊരു വനാണ് ഈ പുസ്തകത്തിന്റെ കർത്താവ്. ദൈവപ്രമാണങ്ങളും ദീ ർഘദർശികളുടെ പ്രവാചകങ്ങളും വായിച്ച് അവയിലെ തത്വങ്ങളും വേ റെ പലതും ക്രോഡീകരിച്ചാണ് അദ്ദേഹം ഇതു രചിച്ചിട്ടുള്ളതു്. സീറാ കിന്റെ പുത്രനായ ഈശോയാൽ വിരചിതമായതുകൊണ്ട് "സൈ റാകി യേശുകൃതി" ܟܬܒ ܒܪ ܣܝܪܐ ܟܬܒ ܝܫܘ എന്നു മഹാ ജന ങ്ങൾ ഇതിനെ അഭിധാനം ചെയ്തു.

൫. "പ്രാസംഗികേ"തി വിഷയാസ്സദമായുമന്വോ-
ടാസക്തമായിതിനു പേരൊരു നാമധേയം.
വ്യാസം കുറപ്പതിനു പുസ്തകനാമമായി-
ശ്രീസംയുതാഖ്യ മടിയാതിതിനേകി ഞാനും.

൬. എബ്രായ ഭാഷയിൽ എഴുതപ്പെട്ട ഈ കൃതി ഗ്രന്ഥകാരന്റെ പൌത്രനായ പേരൊരു ഈശൊ (ഇദ്ദേഹത്തിന്റെ മുഖചൂരയുടെ ഒരു ഭാഗമാണ് ഈ പുസ്തകത്തിന്റെ ഉപോൽഘാതത്തിനു മുമ്പായി ചേർത്തിരിക്കുന്നത്.) ടോൽമി എവേർജെറ്റസ് (Ptolemy Evergetes) എന്ന ഈജിപ്തു രാജാവിന്റെ ഭരണകാലത്തു് ഗ്രീക്കുഭാഷയിലേക്കു തർജ്ജമ ചെയ്യുണ്ടായി. ഗ്രീക്കു ഭാഷയിൽ ഈ പുസ്തകത്തിനു "സീറാകിന്റെ പുത്രനായ ഈശോയുടെ വിജ്ഞാനങ്ങൾ" എന്നാണ് പേർ പറയപ്പെട്ടുന്നത്. ലാറ്റിൻ ഭാഷയിലാകട്ടെ "എക്ലെസിയാസ്റ്റിക്കസ്" എന്ന് ഇതിനു പേർ പറഞ്ഞുവരുന്നു. "എക്ലെസിയാസ്റ്റിക്കസ്" (Ecclesiasticus) ഒരു ഗ്രീക്കു പദമാണ്. "പ്രാസംഗികൻ" "സഭാപ്രസംഗി" എന്നാണ് അതിന്റെ അർത്ഥം. വാഗ്മിയായ ഒരു പ്രസംഗിയെപ്പോലെ സകല സുകൃതങ്ങളെയുംപറ്റി വിശിഷ്ടമായ ഉപദേശം നൽകുന്നതുകൊണ്ടാണ് ഈ വിധം ഒരു നാമം ഉത്ഭവിച്ചത്.

൭. എന്നാമസാരമതിനൊത്തു ജഗന്നിയന്താ-
വെന്നാവിൽ വന്നു വിലസേണമമന്ദമെന്നും
നന്നായമാശ്രുമതിലെന്റെ വിചാരമെല്ലാ-
മൊന്നാകെയാക്കി വരമപ്പൊട്ട തന്നിടേണം.

൭. ഗ്രന്ഥകാരൻ സ്വന്ത നാമാർത്ഥത്തെ അനുസ്മരിക്കുന്നു. എമ്മാനുവേൽ (ﻋﻤﺎﻧﻮﺋﻞ) എന്ന സാഞ്ജ "ദൈവം നമ്മോടുകൂടിയിരിക്കുന്നു" എന്ന് അർത്ഥമുള്ള (ﻋﻤ ﻋﻠ ﻧﺎ എന്ന) സുറിയാനി പദ സഞ്ചയത്തിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതാണ്.

൧. ജ്ഞാനം സമസ്തമഖിലോത്തമമായ ദൈവ-
ദാനം മുഖേന സകലർക്കുമുദിച്ചിട്ടുന്നു;
ഊനംവരാതുലകുദിപ്പതിൽമുമ്പുതന്നേ-
യാനന്ദപൂർണ്ണനിലുദഗ്രമതുല്യസിദ്ധൻ. I. 1.

൧. വിജ്ഞാനത്തിന്റെ പ്രാചീനതയെ കാണിക്കയും അതിന്റെ മൂലസ്ഥാനവും ഹേതുവും, നിത്യനും സ്വതേ വിജ്ഞാനം തന്നേയുമായിരിക്കുന്ന ദൈവമാകുന്നു എന്നു പ്രസ്താവിക്കയും ചെയ്യുന്നു. ഇതു് വിജ്ഞാനത്തിന്റെ പ്രഥമവും പ്രധാനവുമായ പ്രശസ്തിയാകയാൽ ഈ പ്രസ്താവം വഴി സകലരിലും വിജ്ഞാനത്തിന്മേൽ ബഹുമാനവും

ആഗ്രഹവും അതിനെ സമ്പാദിക്കുന്നതിൽ ഉത്സാഹവും ഉളവാക്കുകയും വർദ്ധിപ്പിക്കയും ചെയ്യുന്നു.

ജ്ഞാനം സമസ്തം: ശരീരികളിലും അശരീരികളിലുമുള്ള സമസ്ത വിജ്ഞാനവും അനാദികാലം മുതല്ക്കേ ദൈവത്തോടുകൂടി സ്ഥിതിചെയ്തിരുന്നതാണ്. അവയെല്ലാം പുറപ്പെട്ടിട്ടുള്ളതും അവിടെനിന്നുതന്നെ. ആകയാൽ വിജ്ഞാനലബ്ധിയ്ക്കായി നാം ഈശ്വരനെ പ്രാർത്ഥിക്കണം. "നിങ്ങളിൽ ആർക്കെങ്കിലും വിജ്ഞാനം ആവശ്യമാകുന്നു എങ്കിൽ അതിനെ എല്ലാപേക്ഷം ധാരാളമായി പ്രദാനം ചെയ്യുന്ന ദൈവത്തോടു പ്രാർത്ഥിക്കട്ടെ" എന്നു വി. യാക്കോബ് ശ്ലീഹാ (Cap. I. 5.) പറയുന്നു.

ഉലകുദിപ്പതിൽ മുമ്പുതന്നെ: എന്നു വെച്ചാൽ, സൃഷ്ടികൾക്കു മുമ്പു- അനാദികാലംതുടങ്ങി- എന്നു അർത്ഥം.

വ. കേൾക്കേണമേറ്റമുപരിഷ്ടമനന്ത ദൈവ-
വാക്കേതുവർക്കുമറിവിന്നു നിദാനമേകം;
നീക്കേണ്ടതല്ല, നിയതം തെളിവോടു ലോകം
കാക്കേണ്ടതാണതു തരുന്നൊരു സൽപ്രമാണം. I. 5.

വ. ദൈവവാക്ക് എന്നത് സമസ്ത സൃഷ്ടികൾക്കും ദൈവം നിശ്ചയിച്ചതും നൽകിയതുമായ പ്രമാണമാണ്. ഗ്രഹങ്ങൾ, അഗ്നി, ജലം ഇവയുടെ നില, ചലനം, ക്രമം ഇതുകളെ സംബന്ധിച്ചു പ്രകൃതിദത്തമായ പ്രമാണങ്ങളുണ്ട്. പ്രകൃതിമുഖേനയും അല്ലാതെയും മനുഷ്യർക്കും ദൈവദൂതന്മാർക്കും കൊടുക്കപ്പെട്ടിട്ടുള്ള സാന്മാർഗ്ഗിക പ്രമാണങ്ങളുമുണ്ട്. ഇവയാണ് മനുഷ്യനെ വിജ്ഞാനത്തിന്റെ മൂലസ്ഥാനമായ ദൈവത്തിങ്കലേക്കു കൊണ്ടുപോകുന്നതു്. സൃഷ്ടികൾക്കു ദൈവത്തിൽനിന്നു വിവേകം ലഭിക്കുമാകുന്നതും ഇതുകൾ വഴിയായിട്ടത്രെ. വിജ്ഞാനത്തിന്റെ ഉല്പത്തിസ്ഥാനം ദൈവമാകയാൽ അതിനെ ലഭിക്കേണ്ടതിനായി ദൈവത്തോടു നാം സമീപിച്ചേ മതിയാവൂ.

വിജ്ഞാനത്തിലേക്കു നമ്മെ നയിക്കുന്ന ഈ പ്രമാണങ്ങൾ നിത്യം നിലനില്ക്കുന്നവയാണ്. വിജ്ഞാനം സമ്പാദിക്കുവാൻ മനസ്സുണ്ടോ? അവയെ കാക്കുക. വിവേകത്തിലേക്കു പോകുന്ന വഴി അറിയണമോ? ദൈവപ്രമാണങ്ങളെ അനുസരിക്കുക. ഇതുകൾ വഴിയായി നേരെതന്നെ അവിടെ ചെന്നെത്തും.

൯. ധാതാ, മഹോന്നത, നതീവബലിഷ്ഠ, നേകൻ,
ഭ്രതാധിരാജ, നമലാശയ, നർച്ചനീയൻ,
ഭീതാശയേന കരുതേണ്ടൊരു ദേവദേവൻ
പൂതാസനത്തിലമരുന്ന നിനയ്ക്ക നിത്യം. I. 8.

൧൦. വല്ലാതൊരല്പസമയം ബഹുദുഃഖഭാര-
മെല്ലാമലട്ടുമതിശാന്തനെയും നിതാന്തം

ചൊല്ലാന്നൊരസ്സുകൃതിദുർഭ്ഭശയൊക്കെ നീങ്ങീ-
ട്ടില്ലാസമാന്നൊടുവിലുള്ളടശോഭയേട്ടം. I. 29.

൨൦. വൃക്ഷങ്ങളെ നോക്കുക. വേനൽക്കാലത്തു അവ വാടി, ഇലകൾ കൊഴിഞ്ഞു, മുഴുവൻ ഉണങ്ങിയതുപോലെ കാണപ്പെടുന്നു. എന്നാൽ വർഷമുണ്ടാകുമ്പോൾ അവ വീണ്ടും തളിർത്തു, പുഷ്പിച്ചു, ഫലങ്ങളെ നൽകുന്നു. തൻമൂലം വേനൽപോലെയുള്ള കഷ്ടകാലത്തു ആരും ഭഗ്നാശയന്മാരാകരുതു്. ആ ദുഃഖങ്ങളെല്ലാം നീങ്ങി ധാരാളമായ സന്തോഷം ഉണ്ടാകും. പരിശുദ്ധനായ യോബിനു സംഭവിച്ചതു് ഓർക്കുക.

൨൧. കാഴ്ച്ചയ്ക്കുമാത്രമൊരു സൽകൃതിയായിടൊല്ല
വീഴ്ച്ചയ്ക്കു നിൻെറ വദനം വഴിയായിടൊല്ല
താഴ്ച്ചയ്ക്കു നേർവഴി തെളിപ്പൊരു വാക്കിലേതും
വേഴ്ച്ചപ്പെടാതരിനെയുൽസുകനായ് ഭ്വരിക്ക. I. 37-38.

൨൨. സൃഷ്ടാവിനൊത്ത വഴിയേ നടകൊള്ളുവാനായ്
തുഷ്ടാശയേന മകനേ! കരുതുന്നനേരം
പുഷ്ടാദരേണ നെറിയോട്ട വസിയ്ക്കുനേക്കം -
കഷ്ടാമയങ്ങളഖിലം ശിരസാ വഹിയ്ക്ക. II. 1.

൨൨. ദൈവത്തിൻെറ ഇഷ്ടനായി ജീവിപ്പാൻ മനസ്സാകുന്നവൻ ശരീരം, ലോകം, പിശാചു് ഇതുകൾക്കു വിരോധമായി പ്രവർത്തിക്കാതെ തരമില്ല. തൻമൂലം അവ മൂന്നും കോപാക്രാന്തന്മാരായി സമ്പത്തും ആപത്തുംകൊണ്ടു അവനെ പരാജിതനാക്കുവാൻ ശ്രമിക്കും. ഒരുക്കമില്ലാതിരിക്കുമ്പോൾ ഉണ്ടാകുന്ന ആക്രമണം നാശകരമാകയാൽ വേണ്ടവിധം ഒരുങ്ങേണ്ടതിനായി ഭ്വർസീറാ ഇവിടെ നമ്മെ ഉത്സാഹിപ്പിക്കുകയാകുന്നു ചെയ്യുന്നതു്.

എങ്ങനെയാണ് ഒരുങ്ങുക?-അതിനു പലേ മാർഗ്ഗങ്ങളുണ്ടു്. (ക) പ്രാർത്ഥന. "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ." (S. Matth XXVI.)- (ഖ) പാപാവകാശങ്ങളെ വിട്ടൊഴിയുക. "താറിൽ കയ്യിടുന്നവൻ അതിനാൽ മലിനീഭവിക്കും" എന്നു് ഈ വി. ഗ്രന്ഥത്തിൽത്തന്നെ പറഞ്ഞിരിക്കുന്നു.- (ഗ) വരുവാനിരിക്കുന്ന ആപത്തുകളെ കണ്ടു അവക്കെതിരായി ആയുധം ധരിക്കുക.- (ഘ) വരുന്ന എല്ലാ പരീക്ഷകൾക്കും വിരോധമായി മനസ്സിനെ ബലപ്പെടുത്തുക. "നിൻെറ നീതിയുടെ വിധികളെ കാക്കുന്നതിനു ഞാൻ ശപഥം ചെയ്തുയും തീർച്ചയാക്കുകയും ചെയ്തു" എന്നു സങ്കീർത്തനങ്ങളിൽ (൧൧൯) പറഞ്ഞിരിക്കുന്നു.

ദൈവഭക്തന്മാർക്കു കഷ്ടാനുഭവങ്ങൾ ഉണ്ടാകുന്നതു് എന്തുകൊണ്ടു്?-അതിനു പലേ കാരണങ്ങളുണ്ടു്. (ക) ദൈവഭക്തൻ പിശാചിൻെറ ദാസ്യത്തിൽനിന്നു വിടുമാറുന്നതിനാൽ അവനെ വീണ്ടും കീ

ഴ്പ്പെടുത്തുവാനായി പിശാചു പൂർവ്വാധികം ബലമായും ഘോരമായും ആക്രമിക്കുന്നു. ഒരുത്തൻ ദൈവത്തുശ്രൂഷയിലേക്ക് എത്രയധികം അടുത്തുചെല്ലുമോ അവന്റെപേരിൽ ശരീരം, ലോകം, പിശാചു് എന്നിതുകൾക്ക് അത്രയധികം ശത്രുത വർദ്ധിക്കുന്നു. സമ്പത്തുള്ള വീടുകളെയല്ലേ കള്ളന്മാർ ആക്രമിക്കുന്നതു്?– (൨) നാം ദുരാശകളെ എത്രമാത്രം അമർത്തുമോ അത്രമാത്രം ശക്തിയോടെ അവ നമ്മെ ആക്രമിക്കും. തൻമൂലം ദൈവസേവനത്തിൽ സ്വദുരാശകളേയും കീഴടക്കുവാൻ ഒരുത്തൻ പരിശ്രമിക്കുമ്പോൾ മനുഷ്യസഹജമായ ദുരാശകളെല്ലാം അവനു വിരോധമായി എതിർക്കും. അതീത ജീവിതത്തിലെ സ്വതന്ത്രമായ സുഖാനുഭവങ്ങളും അവനെ പ്രതിരോധിക്കാതിരിക്കയില്ല. "പുണ്യജീവിതാഭ്യാസം ഒരിക്കലും ഇല്ലാതാകയില്ലെങ്കിൽ ഞെരുക്കങ്ങളുടെ കഷ്ടാനുഭവങ്ങളും ഒരിക്കലും ഇല്ലാതാകയില്ല" എന്നു് വി. ലിയോ (Serm. 9. de Quadrag.) പറയുന്നു. വി. ബർണ്ണാർഡ് പറയുന്നതു് ഈവിധമാണു്: "മതപീഡനത്തിന്റെ കാലം പണ്ടേ കഴിഞ്ഞു എന്നു തോന്നിയിരുന്നു. എന്നാൽ ഒരു ക്രിസ്ത്യാനിക്കു മതപീഡനമില്ലാതായില്ലെന്നുള്ളതു് സ്പഷ്ടമാണു്" (Serm. 1. de convers. S. Pauli). "ഒരുഭാഗത്തുനിന്നു സുഖഭോഗം എന്നെ ആക്രമിക്കുന്നു; മറുഭാഗത്തു ദ്രവ്യാഗ്രഹം ഉതളിപോലെ വീർത്തു പൊട്ടുവാൻ തുടങ്ങുന്നു. ഒരു ഭാഗത്തു ക്രിസ്തുവിനുപകരം എന്റെ വയറു ദൈവമാകുവാൻ ശ്രമിക്കുന്നു; എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ഓടിക്കുവാനും തന്റെ ഭവനം അശുദ്ധമാക്കുവാനും എന്റെ കാമാർത്തി എന്നെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു" എന്നു വി. ഈറാനിമോസ് (Epist. I.) പറഞ്ഞിരിക്കുന്നു. വന്ദ്യനായ ബീഡ് (Beda in Proverbiis) പറയുന്നതു്: "മാനസാന്തരത്തിനുമുമ്പു് പാപഭാരം പുരോഗമിക്കുന്നു; മാനസാന്തരത്തിനുശേഷം പരീക്ഷാഭാരം പിന്തുടരുന്നു. ലോകസ്നേഹം ദൈവനിന്ദയാകുന്നു; പ്രത്യുത, ദൈവസ്നേഹം ലോകനിന്ദയുമാകുന്നു" എന്നാണു്. "പാപത്തിൽ അധികനാൾ ഉൾപ്പെട്ടിരിക്കുവാൻ ഇടയായവൻ മാനസാന്തരപ്പെടുവാൻ മനസ്സായാൽ വളരെനാളേക്കു പിശാചിന്റെ പരീക്ഷകളുടെ ഞെരുക്കങ്ങളെ സഹിക്കേണ്ടിവരുന്നു" എന്നുകൂടിയും ആ ഭാഗ്യപുരുഷൻ പറയുന്നുണ്ടു്. – (൩) ഭക്തജീവിതത്തിനു ഏറ്റുപ്പെട്ടനവൻ തങ്ങളെ പരിത്യജിച്ചു എന്നു കരുതി പൂർവ്വസഖികൾ വിരോധഭാവത്തിൽ വർത്തിക്കുന്നതു് ദൈവസേവകന്മാർക്കു കഷ്ടാനുഭവങ്ങളുടെ വേറൊരു കാരണമാണു്. ഇസ്മായേൽ ഇസഹാക്കിനും, ഏശാവു് യാക്കോബിനും, യൌസേപ്പിന്റെ ഭ്രാതാക്കന്മാർ അദ്ദേഹത്തിനും പ്രതിക്രൂലികളായിത്തീർന്നില്ലേ?– (൪) വിരോധികളുടെ ആക്ഷേപവാദമാണു് വേറൊരു കാരണം "മ്ശിഹായിൽ പരിശുദ്ധജീവിതം നയിക്കുവാൻ മനസ്സാകുന്നവരെല്ലാം ഞെരുക്കങ്ങൾ സഹിക്കുവാൻ ആവശ്യമാകുന്നു" എന്നു വി. പൌലോസ് ശ്ലീഹാ (II. Timoth III.) പറയുന്നതു ഈ ഘട്ടത്തിൽ സ്മർത്തവ്യമാണു്. – (൫) കഷ്ടതകളുടെ മറെറാരു കാരണം സ്വഭക്തന്മാർ കഷ്ടതകളാൽ

പരിശോധിക്കപ്പെട്ടും ശുദ്ധീകരിക്കപ്പെട്ടും ബലവാന്മാരും സംപൂർണ്ണരുമാകണമെന്ന് ദൈവം ആദിയിൽ ചെയ്തിട്ടുള്ള നിശ്ചയംതന്നെ.

തിയാൽ വെള്ളി പരീക്ഷിയ്ക്കും
മൂശയാൽ കാഞ്ചനത്തെയും
ജഗൽപ്രഭു മനുഷ്യന്റെ
ഹൃദയത്തെയുമവ്വിധം. XVII-3. എന്ന് "സുഭാഷിതങ്ങൾ" പറഞ്ഞിട്ടുള്ളതിൽനിന്ന് ഇതിന്റെ വാസ്തവത സുവ്യക്തമാകുന്നു. — "നിങ്ങളുടെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടി നിങ്ങൾ തന്നെ സ്നേഹിക്കുന്നുവൊ എന്നു വ്യക്തമാക്കേണ്ടതിനായി നിങ്ങളുടെ കർത്താവായ ദൈവം നിങ്ങളെ പരീക്ഷിക്കുന്നു" എന്ന 'ആവർത്തന പുസ്തക'ത്തിൽ (Deuter. XIII-3) പറഞ്ഞിരിക്കുന്നതും വിസ്മരിക്കേണ്ടതല്ല — (ന) സജ്ജനങ്ങൾ കഷ്ടാനുഭവങ്ങൾ വഴി സ്വർഗ്ഗരാജ്യം സമ്മാനമായി പ്രാപിക്കേണ്ടതിനു മ്ശിഹാ അവരെ കുരിശുകൊണ്ട് അടയാളപ്പെടുത്തിയതാണ് വേറൊരു കാരണം. "സ്വർഗ്ഗരാജ്യം ബലം സഹിക്കുന്നു: ബലവാന്മാർ അതിനെ പിടിച്ചടക്കുകയും ചെയ്യുന്നു" എന്ന് വി. മത്തായി (Cap. XI.) പറയുന്നതും ഇതുകൊണ്ടുതന്നെ. — "ദ്രാക്ഷാഫലം മുന്തിരിവള്ളിയിലും സൈത്തു വൃക്ഷത്തിന്റെ കായ് ആ വൃക്ഷത്തിലും സ്വതന്ത്രമായി സ്ഥിതിചെയ്യുമ്പോൾ ദ്രാക്ഷാരസമാകട്ടെ, സൈത്തു തൈലമാകട്ടെ ലഭിക്കുന്നില്ല. അവയെ മർദ്ദിക്കുമ്പോൾ ഇവ സിദ്ധമാകുന്നു. മനുഷ്യന്റെ വിഷയത്തിലും സംഭവിക്കുന്നതു് ഇതുപോലെ തന്നെ. വിഷമതകൾ അവനെ മർദ്ദിക്കുമ്പോൾ അവൻ ദൈവത്തിനു ഇഷ്ടമുള്ള തൈലമായി ഒഴുകുന്നു" എന്നു വി. ആഗസ്റ്റിനോസ് (Pro Torcularibus) പറയുന്നു. — "മ്ശിഹാ ഉപവസിപ്പാൻ തുടങ്ങിയില്ലായിരുന്നു എങ്കിൽ പരീക്ഷിക്കുന്നതിനു സാത്താനു സൌകര്യം ലഭിക്കുക ഇല്ലായിരുന്നു" എന്നാണ് വി. ഈറാനിമോസ് (in Cap. IV. S. Matth.) പറയുന്നതു്.

ക്ലേ. കത്തുംകനൽക്കു സമമാം വിഷമം സമീപേ—
മെത്തുന്നനേരമകതാരുരുകേണ്ട തെല്ലും
കുത്തുന്നകുത്തുമനപോലവമാനവും വ—
ന്നെത്തും ദിനത്തിലതുമേല്ക്കുക ശാന്തനായ് നീ. II. 4.

ക്ലേ. എത്രതന്നെ സംഭവിച്ചാലും ഏതു ദുരാപത്തു നേരിട്ടാലും ദൈവത്തുകൈയിൽനിന്ന് അതുകളെ സന്തോഷപൂർവ്വം സ്വീകരിക്കുക. നിന്റെയും സ്വത്തിന്റെയും നാഥനായ അവിടന്നു എത്രതന്നെ അയച്ചാലും നീ കീഴ്പ്പഴങ്ങുവാൻ ആവശ്യമാണ്. അവിടന്നു ശിക്ഷിക്കുന്നതായാലും സ്നേഹപിതാവിനെപ്പോലെ അതു ചെയ്തുകൊണ്ടു നീ അവിടത്തെ സ്നേഹിക്കണം. ദൈവത്തുകൈയിൽനിന്നു നന്മകളെ നാം സ്വീകരിക്കുന്നെങ്കിൽ പിന്നെ എന്തുകൊണ്ട് അവിടന്നു നമുക്കു തരുന്ന ആപത്തുകളെ നാം സ്വീകരിക്കാതിരിക്കുന്നു? അതിനാൽ ക്ഷമയില്ലാത്തവനായി ദുഃഖത്തെ നീക്കിക്കളയുവാൻ നീ ശ്രമിക്കേണ്ട. തൻ

മൂലം ദുഃഖം വർദ്ധിക്കുക മാത്രമെ ചെയ്യുകയുള്ളു. ക്ഷമിക്കുക; ക്ഷമകൊണ്ടു സകല വിഷമതകളും ജയിക്കാം. ക്ഷമ മൂലം ദുഃഖം ലഘുവാകയും ചെയ്യും. ഈ ജീവിതം സുഖദുഃഖ സമ്മിശ്രമാകയാൽ ദുഃഖങ്ങൾ ക്കൂടാതെ കഴിക്കുക അസാദ്ധ്യം. എങ്കിലും നിനക്കു ധാരാളം മഹാ മനസ്സതയുള്ളപക്ഷം നിനക്കു വിരോധമായി ആരെങ്കിലും പറയുകയൊ പ്രവർത്തിക്കുകയൊ ചെയ്താലും ഒന്നും സഹിക്കുവാൻ ഇടവരികയില്ല. വിഷം വിഷത്താൽ നഷ്ടമാകയും ബലം അബലതയാൽ പൂർത്തികരിക്കപ്പെടുകയും (II. Corinth: XII. 9.) ചെയ്യുന്നതുകൊണ്ടു വിവേകമുള്ള ഒരു മഹാ മനസ്സൻ പ്രതിബന്ധങ്ങളിൽ സന്തോഷിക്കുക തന്നെ ചെയ്യുന്നു.

ദൈവം നമ്മെ സ്നേഹിക്കുകകൊണ്ടു നമ്മുടെ നന്മയ്ക്കായിട്ടാണ് അവിടന്നു നമുക്കു ദുഃഖങ്ങളെ തരുന്നതു്. യോബ്, യൌസേപ്പു്, തോബിയാസ് ഇവരുടെ കാര്യം ആലോചിച്ചുനോക്കുക. ഈ സംഗതി അടുത്ത (കഉ-ാം) ശ്ലോകത്തിൽനിന്നു കുറെക്കൂടി വ്യക്തമാകുന്നതാണ്.

കഉ. തങ്കം, ജ്വലിയ്യനലന്റെ നടുക്കു നീരി-
പ്പുങ്കംകുറഞ്ഞു നിറമേറിവരുന്നപോലെ
അങ്കംനിജാശ്രിതജനത്തിനിതെന്നമട്ടാ-
തങ്കംകൊടുത്തു പരിശുദ്ധിവരുത്തുമീശൻ. II. 5.

കഉ. ദൈവദൂതൻ തോബിയാസിനോടു "നീ ദൈവത്തിനു് ഇഷ്ടമുള്ളവനായതുകൊണ്ടു് നിനക്കു കഷ്ടതകൾ നേരിടുവാൻ ആവശ്യമായിരുന്നു" (Job. Cap. XII-13.) എന്നു പറയുന്നു. വി. ആഗസ്തീനോസു് (in Psal. LXI.) പറയുന്നതു കേട്ടാലും: "അഗ്നികുണ്ഡത്തിൽ വിറകു കരിയുന്നു; സ്വർണ്ണമാകട്ടെ ശുദ്ധിയാകുന്നു. വിറകു ചാമ്പലായിത്തീരുന്നു; സ്വർണ്ണം കറകളിൽനിന്നു വിമുക്തമാകുന്നു. അഗ്നികുണ്ഡം ലോകവും, വിറകു് ദുഷ്ടനും, സ്വർണ്ണം സജ്ജനങ്ങളും, അഗ്നി പീഡകളും, പണിക്കാരൻ ദൈവവുമാകുന്നു. അതിനാൽ പണിക്കാരൻ ആഗ്രഹിക്കുന്നതെന്തൊ അതു ഞാൻ ചെയ്യുന്നു. പണിക്കാരൻ എന്നെ എവിടെ സ്ഥാപിച്ചുവൊ അവിടെ ഞാൻ ഇരിക്കുന്നു. ക്ഷമിക്കുവാനാണ് എന്നോടു കല്പിക്കുന്നതു്. ശുദ്ധിയാക്കുവാൻ അവിടേക്കു അറിയാം. "

അഗ്നി തങ്കത്തിനു ഹാനിവരുത്തുകയല്ല, അതിനു ഗുണത്തെയാണ് ചെയ്യുന്നതു്. അതിനെ ശുദ്ധികരിക്കയും ശോഭായമാനമാക്കുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ ദുഃഖം മനുഷ്യനെ പരീക്ഷിച്ചു്, ശുദ്ധിയാക്കി, ദൈവത്തിനു് ഇഷ്ടമുള്ളവനാക്കുന്നതേയുള്ളു. അതിനാൽ തങ്കം അഗ്നിയോടു കൃതജ്ഞത പ്രദർശിപ്പിക്കേണ്ടതുപോലെ തന്നെ മനുഷ്യൻ അനർത്ഥങ്ങളോടും നന്ദി കാണിക്കേണ്ടതാണ്.

ദൈവത്തിനു അനുപൂനായ ഒരാൾ ദുഃഖങ്ങളാകുന്ന അഗ്നി

കൊണ്ടു ശുദ്ധീകരിക്കപ്പെടുന്നില്ല. തങ്കംപോലെ ശോഭിക്കുന്നുമില്ല. അവൻ വിറകുപോലെ ദഹിച്ചുപോകുന്നു.

തങ്കം അഗ്നികൊണ്ടു പൂർണ്ണശുദ്ധമാകുന്നതുവരെ മൂശയിൽനിന്നു് എടുക്കപ്പെടുന്നില്ല. ഇതുപോലെ പൂർണ്ണമായി ശുദ്ധീകരിക്കപ്പെടുന്നതുവരെ മനുഷ്യനെ ദുഃഖങ്ങളിൽനിന്നു് ദൈവം വിമുക്തനാക്കുന്നതുമില്ല. ഇതുകൊണ്ടു് ആരും ഭഗ്നാശന്മാരാകരുതു്. "പരീക്ഷകളെ അനുവദിച്ചയാൾ അതുകളെ നീക്കേണ്ട സമയവും അറിയുന്നു. വിണവായനക്കാരൻ ചരടു പൊട്ടുവാൻ തക്ക വിധം അതിനെ മുറുക്കുകയില്ല. സ്വരച്ചേർച്ച ഇല്ലാതിരിക്കത്തക്കവണ്ണം അതു അയച്ചിടുന്നുമില്ല. ഇതുപോലെയാണു് ദൈവം നമ്മോടു ചെയ്യുന്നതു്. നമ്മുടെ ആത്മാവിനെ പരീക്ഷകൾ ക്രൂരമായി ദീർഘനാൾ വിട്ടുവിടുന്നില്ല; ദീർഘപരീക്ഷയിൽ നമ്മെ കൈവിടുന്നുമില്ല. അവിടത്തെ വിവേകത്തിനൊത്തവിധം രണ്ടും പ്രവർത്തിക്കുന്നു. നാം മടിയന്മാരാകാതിരിപ്പാൻ വേണ്ടി ദൈവം നമുക്കു ദുഃഖങ്ങളെ അയക്കാതിരിക്കുന്നില്ല. നാം ഭഗ്നാശന്മാരും നിരാശയുള്ളവരുമാകാതിരിപ്പാൻ വേണ്ടി നമുക്കു് എപ്പോഴും ദുഃഖങ്ങളെ അയക്കുന്നുമില്ല. ആകയാൽ ദുഃഖങ്ങളെ അവസാനിപ്പിക്കുന്നതിനുള്ള സമയം അവിടത്തേക്കു വിട്ടുകൊണ്ടു് നാം പുണ്യമായി ജീവിക്കുക." (St. Chrysost: homil. 4. ad Popul.)

ക്ഷ. വിശ്വാസമീശനിലുദിച്ചിടുമെങ്കിലാക്ക–
മാശ്വാസമേകുമവിടന്നതിനില്ലവാദം
നിശ്വാസകാലമഴിവോളുമാത്തമോദം
വിശ്വാത്മഭീരി മുതലായവ കാത്തിടേണം. II. 6.

ക്ഷ്ണ. പാരാകെയുള്ള നിഖിലേശപരഭക്തരിൽവെ–
ച്ചാരാണ ചൊല്ലൊരുതിരസ്കൃതനായ മർത്ത്യൻ?
ധീരാവതംസ! ജഗദീശപരനോടിരന്നി–
ട്ടാരാമയത്തൊടുഴലുന്നതു കൈവരാതെ? II. 12.

ക്ഷ. എമ്മട്ടിലാകിലകതാരിനു തൃപ്തിയുണ്ടോ–
മമ്മട്ടതാനുപചരിച്ചതിഭക്തിപൂർവ്വം
അമ്മയ്ക്കുമോദമതിരാറു വരുത്തിയെന്നാ–
ലിമ്മട്ടിൽ നല്ല നിധികൈവശമാക്കിടും നീ. III. 5.

ക്ഷ. അമ്മയെ ബഹുമാനിക്കുന്നവൻ ഈ ബഹുമാനത്തെ സൽപ്രവൃത്തികളുടെയും യോഗ്യതകളുടെയും ഒരു വലിയ നിധിയായി ദൈവസന്നിധിയിൽ സ്ഥാപിക്കുന്നു. അതിനു പലേ കാരണങ്ങളുണ്ടു്. (ക) മാതാപിതാക്കന്മാർക്കു ചെയ്യപ്പെട്ട ബഹുമാനം തനിക്കുതന്നെ ചെയ്തതായി ദൈവം കരുതുന്നു. ദൈവമാകട്ടെ തന്നെ ബഹുമാനിക്കുന്ന

വരെ ബഹുമാനിക്കുന്നവനും തന്റെ ആജ്ഞകളെ അനുസരിക്കുന്നവ രുടെ പ്രാർത്ഥനകളെ കേൾക്കുന്നവനും തന്നോട് ധാരാളതയോടുകൂടി വർത്തിക്കുന്നവരോട് ധാരാളശീലമുള്ളവനുമാകുന്നു. മാത്രമല്ല, ധാരാള തയിൽ ഒരു സൃഷ്ടി തനിക്കു മേല്പെടുവാൻ അവിടുന്നു സമ്മതിക്കുകയു മില്ല. – (ഫ) മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നവൻ അവരുടെ ദുശ്ശീലം, അക്ഷമ, കോപം ആദിയായ സ്വഭാവ ദൂഷ്യങ്ങളെ സഹി ക്കുന്നു. ഈ ക്ഷമ മൂലം സ്വന്ത കുറവുകളെ പരിഹരിക്കുകയും അ തേവിധത്തിൽ ദൈവം തന്നോട് ക്ഷമിപ്പാനും തന്റെ കുറവുകളെ സഹിപ്പാനും പാത്രത പ്രാപിക്കുകയും ചെയ്യുന്നു.– (ബ) മാതാപി താക്കളുടെ പേരിലുള്ള ഈ ബഹുമാനം ഒരു ബലിയായി ദൈവം സ്വീകരിക്കുന്നു. ആട്ടുകളെയും കാളകളെയും കൊണ്ടുള്ള ബലി പാ പത്തെ ഹരിച്ചിരുന്നുവെങ്കിൽ (Levit. IV.) തങ്ങളുടെ മനസ്സിനെ മാതാപിതാക്കന്മാർക്കും ദൈവത്തിനും സമർപ്പിക്കുന്ന ഈ ബലി പാപ ഹാരിയാകുമെന്നുള്ളതു് നിസ്സംശയമാണ്. – (ഭ) മക്കൾ ദൈവശുശ്രൂ ഷ ചെയ്യുന്നതിനും പാപത്തെ വിട്ടകലുന്നതിനും ഏതെങ്കിലും ഒരു തെറ്റു ചെയ്യുൽ പശ്ചാത്തപിക്കുന്നതിനും മാതാപിതാക്കന്മാർ ഉപ ദേശിക്കുന്നു. ആകയാൽ മക്കൾ മാതാപിതാക്കന്മാർക്കു കീഴ്പ്പെട്ടുമ്പോൾ ഈ അനുതാപ ക്രിയകൾ മൂലം സ്വന്ത പാപത്തെ ഹനിക്കുന്നു.– (ഉ) മാതാപിതാക്കന്മാരുടെ പേരിലുള്ള സാക്ഷാത്തായ ബഹുമാനവും ഭക്തിയും ദൈവസ്നേഹത്തിനും അവിടത്തെ നേക്കുള്ള ബഹുമാനത്തി നും കീഴ്പെട്ടും അവയിൽ ഉൾപ്പെട്ടുമിരിക്കുന്ന എന്നു തന്നെയല്ല, അവയിൽനിന്ന് ഉളവാകയും ചെയ്യുന്നു. ഈ ദൈവസ്നേഹമാകട്ടെ പാപഹാരിയാണ്. എന്തെന്നാൽ ഈ സ്നേഹമുള്ളയാൾ പാപങ്ങ ളിൽനിന്ന് ഒഴിഞ്ഞു ജീവിക്കും. ഒരുപക്ഷെ വല്ലൊരു പാപത്തിൽ ഉൾപ്പെട്ടുന്നതിനു് ഇടയായാൽ അതേപ്പറ്റി പശ്ചാത്തപിക്കയും ദൈ വത്തോട് വീണ്ടും യോജിക്കുവാൻ ശ്രമിക്കയും ചെയ്യും.

മാത്രമല്ല, മാതാപിതാക്കന്മാരെ ബഹുമാനിക്കുന്ന മക്കൾ അ വരുടെ പ്രാർത്ഥനയും അനുഗ്രഹത്തിനും പാത്രീഭവിക്കുന്നു. പിതാക്ക ന്മാരാകട്ടെ സർവ്വപ്രധാനമായി ദൈവാനുഗ്രഹത്തെയാണ് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതു്. നീതിമാനായ യോബ് മക്കളുടെ പാപശ മനത്തിനായും തദ്വാരാ ഈശ്വരാനുഗ്രഹലബ്ധിക്കായും പ്രാർത്ഥിക്കയും പ്രതിവാരം ബലികഴിക്കയും ചെയ്തിരുന്ന സംഗതി വി. ലിഖിതത്തിൽ നിന്നു (Job. Cap. I.) നമുക്കേവർക്കും അറിവുള്ളതാണല്ലൊ.

ഫവ. ക്ഷീണിച്ചിടാതെ ജനിതാവിൽ വണക്കമേറും
കാണിച്ചിടുന്നവരപുരുഷനന്ത്യകാലം
പ്രീണിപ്പുമങ്ങതനുജാവലി തന്നിലേറും
കാണിപ്പുമില്ലൊരു വിഘാതമിതിന്നു സൂനോ! III. 6.

ഫവ. ഇങ്ങനെയുള്ളവരുടെ മക്കൾ ഗുണവാന്മാരും, അരോ ഗികളും, സമർത്ഥന്മാരും, ശ്രീമാന്മാരും, അനുസരണമുള്ളവരും അ

യിരിപ്പാൻ ദൈവം ഇടയാക്കും. എന്തെന്നാൽ ബഹുമാനവും അനുസരണവും കൊണ്ട് സ്വപിതാക്കന്മാരെ അവർ സന്തോഷിപ്പിച്ചിരിക്കയാൽ സ്വന്ത പുത്രന്മാരിൽനിന്ന് അവരും തൃപ്തി പ്രാപിക്കുകയുക്തമാകുന്നു. മാതാപിതാക്കന്മാർക്ക് കീഴ്പ്പെടാതെ മത്സരിച്ച അവരെ ദുഃഖിപ്പിക്കുന്നവന്റെ മക്കൾ അനുസരണമില്ലാത്തവരും മത്സരബുദ്ധികളുമായിത്തീരുകയും അവനു ദുഃഖഭാജനങ്ങളായിബ് ഭവിക്കയും ചെയ്യും. ഇതിനു ധാരാളം ദൃഷ്ടാന്തം നാം കണ്ടുവരുന്നതാണല്ലൊ.

"നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്കുക" എന്നുള്ള ദൈവകല്പനയിൽ (ക) ആചാരം, (ഖ) അനുസരണം, (ന) സ്നേഹം, (ഘ) വൃദ്ധന്മാരും പരസഹായത്തിനു് അർഹന്മാരുമായിരിക്കുന്ന പിതാക്കന്മാരുടെ സംരക്ഷ ഇവയെല്ലാം ഉൾപ്പെട്ടിരിക്കുന്നു. "നിങ്ങളുടെ മാതാപിതാക്കന്മാരോട് നിങ്ങൾ ഏതുവിധം ആചരിച്ചുവൊ നിങ്ങളുടെ പുത്രന്മാരിൽനിന്നു ആ വിധംതന്നെ നിങ്ങൾക്കും ലഭിക്കും" എന്നു താലേസ് (Thales) സ്വപുത്രന്മാരോടു ചെയ്ത ഉപദേശവും, അച്ഛൻ ചട്ടിയിൽ കഞ്ഞി പകർന്നു കൊടുത്തിരുന്നവന്റെ കഥയും ഈ ഘട്ടത്തിൽ സ്മർത്തവ്യമാണ്.

ഫൻ. കത്താവിലുറവഭയമുള്ളൊരു മർത്ത്യനാരോ
രീത്താനരനു ജനിതാക്കളിലുണ്ട മാനം
പാത്താരിലേവമുരുവാക്കിയതാംജനം പേ–
ത്തോത്താദരേണ പരികർമ്മമവക്കുചെയ്യും. III. 8.

ഫൻ. ദൈവപ്രമാണവും ദൈവേഷ്ടവും കാക്കുവാൻ മതം (Religion) നമ്മോടുപദേശിക്കുന്നു. മാതാപിതാക്കന്മാരെ ബഹുമാനിക്കണമെന്നുള്ളതു് പത്തുപ്രമാണങ്ങളിൽ ഒന്നാണല്ലൊ. മാതാപിതാക്കന്മാരെ കാണുമ്പോൾ എഴുന്നേല്ക്കുക, ശിരോവസ്ത്രം നീക്കുക, ആചാരപൂർവ്വം അവരോടു സംസാരിക്കുക, മുഖം താഴ്ത്തി നില്ക്കുക, അവരുടെ മുമ്പിൽ മുട്ടുകുത്തുക ഇവയിൽ മാത്രമല്ല ഈ ബഹുമാനം അടങ്ങിയിരിക്കുന്നതു്; അവർക്കുള്ള കീഴ്വഴക്കം, ശ്രുശ്രൂഷ ഇതുകളിലാണ് അതു മുഖ്യമായി സ്ഥിതിചെയ്യുന്നതു്. യജമാനനോടു എന്ന വിധം, അതുമല്ല പലാസിയസ് (Palacius) പറയുന്നതുപോലെ, ദൈവത്തോടു് എന്ന വിധം അവരോടു നാം വർത്തിക്കണം. എന്തെന്നാൽ അവർ ദൈവത്തിന്റെ പ്രതിപുരുഷന്മാരാകുന്നു; ദൈവാധികാരം അവരിൽ സ്ഥിതിചെയ്യുന്നു. അവരുടെ പ്രായാധിക്യം ദൈവത്തിന്റെ നിത്യത്വത്തേയും, അവരുടെ പിതൃസ്ഥാനം അവിടത്തെ പൈതൃകാവസ്ഥയേയും പ്രദ്യോതിപ്പിക്കുന്നില്ലെ?

ആകയാൽ മാതാപിതാക്കന്മാരോടു ക്രൂടിയുള്ള നിത്യ സഹവാസവും അടുപ്പവുംമൂലം അവരുടെ പേരിലുള്ള ആചാരം കുറയരുതെന്നു മാത്രമല്ല, ശ്രേഷ്ഠന്മാരോടും യജമാനന്മാരോടും ക്രൂടിയെന്ന കണക്കെ വർത്തിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. ക്രൂരതയെയും ഭൃത്യരെപ്പോലെ ഭീതിയോടുക്രൂടിയല്ല, പുത്രന്മാരെപ്പോലെ സ്വതന്ത്ര ബുദ്ധി

യോട്ടും സ്നേഹത്തോട്ടും ക്രൂടി, ആവശ്യപ്പെട്ടമ്പോഴും അവർ കല്പിക്കുമ്പോഴും ദാസവേലകൾ ക്രൂടിയും ചെയ്യണമെന്നും ദൈവം കാംക്ഷിക്കുന്നു.

൨൦. കൊണ്ടോടിടേണ്ട ജനിതാവരുളും വരത്താ–
ലുണ്ടായ്വരുന്നു, വളരുന്നിതുപുത്രഗേഹം
കണ്ടാലുമമ്മയുരചെയ്തൊരു ശാപവാക്കാൽ
രണ്ടായ്പിളർന്നരകരുന്നടനസ്ഥിവാരം. III. 11.

൨൦. ഗേഹം എന്നു ഇവിടെ പറയുന്നതു് കല്ലും മരവുംകൊണ്ടുള്ള വീടിനെപ്പറ്റി മാത്രമല്ല, പ്രധാനമായി സന്താനങ്ങളെയും കുടുംബത്തേയുംക്രൂടി ഉൾപ്പെടുത്തിയാണ്. ജനിതാവിന്റെ വരം പുത്രന്റെ സന്താനങ്ങളെയും കുടുംബത്തെയും ഉല്പന്നമാക്കുകയും അവരെ ധനവും ബഹുമാനവും ശ്രീയുംകൊണ്ടു് അലങ്കരിക്കയും ചെയ്യുന്നു.– അമ്മയുടെ ശാപം അടിത്തറകളെക്രൂടി, എന്നുവെച്ചാൽ, പുത്രന്മാരെയും കുടുംബത്തേയും ധനബഹുമാനങ്ങളേയും നിശ്ശേഷം നഷ്ടമാക്കുന്നു. സേമിനും യാഫെത്തിനും നോഹിന്റെയും, ഇസഹാക്കിനു് അബ്രാഹത്തിന്റെയും, യാക്കോവിനു ഇസഹാക്കിന്റെയും അനുഗ്രഹങ്ങളിൽ നിന്നുളവായ ഫലങ്ങൾ ആലോചിച്ചുനോക്കുക. പിതൃവരം പുത്രഗേഹത്തിന്റെ സ്ഥൈയ്യമാണെന്നു ഈ സംഭവങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലൊ. കാമിനു നോഹിൽനിന്നു വന്നുക്രൂടിയ ശാപ ഫലവും നോക്കുക. ഒരു മാതാവു് തന്റെ ൫ മക്കളെ ശപിക്കയും അവരെല്ലാവരും ഭീരുക്കളും നിർധനരും ദുർഭഗന്മാരുമായിത്തീരുകയും ചെയ്തതായി ഒരു സംഭവം വി. ആഗുസ്തീനോസു് (Lib. XXII. De Civit. Cap. VIII. et prolixius, Serm. 94. inter novos) പ്രസ്താവിക്കുന്നുണ്ടു്. മാതാപിതാക്കന്മാരുടെ ഈ ആശീർവ്വാദം പൈതൃക സ്ഥാനത്തിന്റെ അർഹതമൂലം ദൈവത്താൽ നൽകപ്പെട്ടതാകയാൽ അതു ഫലപ്രദമാണു്, ദൈവം അതിനെ ഫലവത്താക്കുകയും ചെയ്യുന്നു. ദൈവം സൂര്യനെക്കൊണ്ടു ഭൂമിയെ പ്രകാശിപ്പിക്കുന്നതുപോലെ മക്കളുടെ നിലനില്പിനും നാശത്തിനും മാതാപിതാക്കന്മാരുടെ അനുഗ്രഹവും ശാപവും ഒരു ഉപകരണമായി സ്വീകരിച്ചിരിക്കുന്നു.

൨൧. താതനു വല്ലൊരവമാനവുമുണ്ടുവിച്ചാൽ
ചേരുന്നിലിൻപമൊരു കിഞ്ചന തോന്നുമാനീ
ചേരുംവിധിച്ചു ജനകന്റെ യശസ്സിനെന്നാൽ
ജാരൻ തനുജനുമതിനൊരു ഭാഗഭാക്കാം. III. 12.

൨൨. വൃദ്ധത്വമാന്തവതാതനെ വേണ്ടവണ്ണം
ബുദ്ധ! പ്രമോദമൊടു താങ്ങുക ജാതവേഗം

ശ്രദ്ധപ്രസാദമുളവാക്കുക ജീവകാലേ
ബദ്ധപ്പെടേണമതിനായുമനല്പമെന്നും. III. 14.

ഫ. ഫ. താങ്ങുക: വാർദ്ധക്യത്തെയും വൃദ്ധ സമ്പ്രദായങ്ങളേയും പുത്രന്മാർ ക്ഷമിക്കുക തന്നെയല്ല, വൃദ്ധന്മാരെ ആശ്രയിപ്പിക്കയും അവക്കു പരികർമ്മം ചെയ്കയും അവരെ സംരക്ഷിക്കയും ചെയ്യണം എന്നർത്ഥം. നിന്നെ സംരക്ഷിച്ച പിതാവിനെ സംരക്ഷിക്കുന്നതിനു് നീതിപ്രകാരം നിനക്കു കടമയുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുതു്. വൃദ്ധന്മാരായ മാതാപിതാക്കന്മാരെ വീട്ടിലുള്ള ഒരു വലിയ നിധിപോലെയും, ശരിയായ വിധം വണങ്ങുന്നെങ്കിൽ വളരെ ഫലം ചെയ്യുന്നതും ഒരിടത്തും കിട്ടാത്തതുമായ വിഗ്രഹംപോലെയും കരുതണമെന്നു് പ്ലെയ്റ്റൊ (Plato Dialog. 11. De Legibus) പറയുന്നു. പുത്രന്മാർ തങ്ങളെക്കാൾ ക്ലേശതലായി മാതാപിതാക്കന്മാരെ സഹായിക്കണമെന്നും ദേവകൾക്കെന്ന കണക്കെ അവരുടെ പേരിൽ ബഹുമാനം പ്രദർശിപ്പിക്കണമെന്നുമാണ് അരിസ്റ്റോട്ടൽ (Ethic.) പറയുന്നതു്.

ഫ. ന. ശ്രദ്ധിച്ചുകേൾക്ക നുമതേ! ജനകനൊരല്പം
ബുദ്ധിയ്ക്കു മന്ദതഭവിച്ചിതൊട്ടുമെന്നാൽ
ക്രുദ്ധിച്ചിടാതതു സഹിയ്ക്ക; ധരിയ്ക്ക സാക്ഷാൽ
സിദ്ധിച്ചിടും ഫലമതിനു നിനക്കമൂല്യം. III. 15.

ഫ. ന. വൃദ്ധന്മാരുടെ ബുദ്ധിശക്തി ക്ഷയിക്കുമ്പോൾ അവർ അല്പ ബുദ്ധികളായിട്ടോ ബുദ്ധിയില്ലാത്തവരായിട്ടോ ചെറുപ്രായക്കാർക്കു കാണപ്പെട്ടുന്നു. ബുദ്ധിയുടെ ഈ മന്ദതയെപ്പറ്റി അവരെ ഹസിക്കാതെ മക്കൾ അതു സഹിക്കയും അതിനെ ഗുണകരമായ അർത്ഥത്തിൽ സ്വീകരിക്കയും അവരെ സഹായിക്കയും ചെയ്യണം. മകന്റെ ശൈശവത്തെയും അവിവേക പ്രവൃത്തികളേയും ബാല ചാപല്യങ്ങളെയും സഹിക്കയും തിരുത്തുകയും ചെയ്തതു അപ്പനാണ് എന്നുള്ള വസ്തുത ഒരു കാലത്തും വിസ്മരിക്കരുതു്.

മാതാപിതാക്കന്മാർ ദൈവത്തിന്റെ പ്രതിപുരുഷന്മാരാകകൊണ്ടു് അവർക്കു ചെയ്യുന്ന ഈ ഉപകാരത്തെ തനിക്കുതന്നെ ചെയ്തതായി ദൈവം കരുതുകയും അതിനു പ്രതിഫലം നൽകുകയും ചെയ്യും.

ഫ. ഷ. കത്തുന്നവഹ്നി നിരരാം സലിലം ചൊരിഞ്ഞാ—
ലുത്തുംഗഭക്തേ! കെടുമക്ഷണമെന്നു നൂനം
മെത്തുന്ന കല്മഷമടുത്തതു നിന്നെ വെല്ലാ—
നെത്തുന്നതിനൊരു നിവാരണമാണു ധർമ്മം. III. 33.

ഫ. ഷ. ജലം അഗ്നിയെ കെടുത്തുന്നതുപോലെ ധർമ്മം പാപത്തെ ശമിപ്പിക്കുന്നു. പാപത്തെ അഗ്നിയോടു ഉപമിച്ചിരിക്കുന്നതു യുക്തംതന്നെ. കാരണം: (ക) അഗ്നി ജ്വലിച്ചു വസ്തുക്കളെ നഷ്ടമാക്കു

ന്നു. പാപമാകട്ടെ ആത്മാവിനെ ഹനിക്കുന്നു. പാപത്തിനെതിരായി ധർമ്മം പ്രയോഗിക്കുക. പാപശക്തി ഉടനെ കെട്ടടങ്ങും.— (ഛ) അഗ്നി, ജ്വാലയെ പുറപ്പെടുവിക്കുന്നു: പാപം ദുരാശകളെയും, ദ്വേഷം, കൊതി, കാമം ഇത്യാദികളുടെ ക്ഷോഭങ്ങളെയും ജനിപ്പിക്കുന്നു.— (ജ) പാപം ദൈവകോപമാകുന്ന അഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നു.— (ഝ) പാപം പാപിക്കു നരകാഗ്നിയെ തയാറാക്കുന്നു. ഈ പാപാഗ്നികളെയെല്ലാം ധർമ്മം നിശ്ശേഷം നഷ്ടമാക്കുന്നതാണ്.

ധർമ്മം പാപത്തെ നശിപ്പിക്കുന്നതെന്തുകൊണ്ട്? കാരണം: (ഛ) പരന്മാരിൽ കൃപയുള്ളവരുടെ പേരിൽ ദൈവവും കൃപാലുവാകും.— (ഛ) നിർദ്ധനന്മാർ ധാർമ്മികനുവേണ്ടി ദൈവത്തെ പ്രാർത്ഥിക്കയും അവരുടെ സ്വരത്തെ ദൈവം കേൾക്കയും ചെയ്യും.— (ജ) ധനസഹായം ചെയ്യാൻ സാധിക്കാത്തവർക്കും ദരിദ്രരെ പഠിപ്പിക്കുവാനും, സമാശ്വസിപ്പിക്കുവാനും, ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കുവാനും, അവരുടെ തെറ്റുകളെ ക്ഷമിപ്പാനും സാധിക്കുന്നതാണ്. ഇവയും ധർമ്മംതന്നെ. അന്യരോട് ക്ഷമിക്കുന്നവരോട് ദൈവവും ക്ഷമിക്കുമെന്നു സർവ്വസമ്മതമാണല്ലൊ.— (ഝ) ധർമ്മം സ്നേഹത്തിന്റെ പ്രവൃത്തി. സ്നേഹമാകട്ടെ പാപഹാരി.

ഛഒ. ദാനങ്ങൾ ചെയ്യുക ദരിദ്രജനത്തിനായ് നീ
യാനന്ദമോടമഖിലേശപരചിന്തയോടും
ദീനന്റെ രോദനമഹോ! തുടയാൻ സുബുദ്ധി-
ഹീനന്റെ മട്ടു ചെവി മാറരുതുലുമയും. IV. I.

ഛഒ. ദാനം: അന്നദാനമെന്നു മാത്രമല്ല, വസ്ത്രം, ഔഷധം, വസതി ഇവയും, ജീവസന്ധാരണത്തിനു് ആവശ്യമായ മറ്റു സമസ്തവസ്തുക്കളുമെന്നു ഗ്രഹിക്കേണ്ടതാണ്. ആകയാൽ വിശക്കുന്നവനു ഭക്ഷണവും, ദാഹിക്കുന്നവനു പാനീയവും, നഗ്നനു വസ്ത്രവും, വിദേശിക്കു വസതിയും, ഒളിച്ചോടുന്നവനു അഭയസ്ഥാനവും നൽകണം. രോഗിയേയും ബന്ധനത്തിൽ ഇരിക്കുന്നവനെയും സന്ദർശിക്കണം. അടിമയെ സ്വതന്ത്രനാക്കണം. ബലം കുറഞ്ഞവനെ താങ്ങണം. കുരുടനു വഴി കാണിച്ചുകൊടുക്കണം. ദുഃഖിതനെ ആശ്വസിപ്പിക്കണം. വഴിതെറ്റിപ്പോകുന്നവനെ നേരായ മാർഗ്ഗത്തിലേക്കു ആനയിക്കണം. സന്ദേഹബുദ്ധിക്കു നല്ല ആലോചന നൽകണം. പാപികളോടു ക്ഷമിക്കണം. എന്നാൽ അവരുടെമേൽ അധികാരമുള്ളവരായിരുന്നാൽ പാപത്തെ ക്ഷമിച്ചുകൊണ്ടു തന്നെയെങ്കിലും നേരായ വിധം അവരെ തിരുത്തണം. ദയാവൃത്തികളെല്ലാം ധർമ്മം അഥവാ ദാനം തന്നെയാണ്. അബ്രാഹത്തിന്റെയും (Genes. XVIII.) തോബിയാസിന്റെയും (Tobias Cap. I; II.) ദയാകൃത്യങ്ങൾ നോക്കുക.

ദരിദ്രനു ദാനങ്ങൾ ചെയ്യുക; അവ അവനു ചെല്ലേണ്ടതാണ്. അതിനാൽ അതു നീ അവനു കൊടുക്കാതിരുന്നാൽ വഞ്ചിക്കയത്രെ ചെയ്യുന്നതു്. വി. ബസീൽ (In illud Evangelii: Destruam

horrea mea) പറയുന്നതു കേൾക്കുക: "നീ പിടിച്ചുപറിക്കാരനാണോ? കൊടുക്കുവാനായി വാങ്ങിയതു സ്വന്തമായിക്കരുതുന്നോ? നീ സൂക്ഷിച്ചുവെക്കുന്ന ഭക്ഷണം ദരിദ്രന്റെതാകുന്നു. പെട്ടിയിൽ നീ പൂട്ടിവെച്ചിരിക്കുന്ന വസ്ത്രം നഗ്നന്റെതുതന്നെ. നിന്റെ പക്കൽ ഇരുന്നു പഴകുന്ന പാദരക്ഷ നഗ്നപാദന്നുള്ളതു്. നീ കഴിച്ചിട്ടിരിക്കുന്ന സ്വർണ്ണം ദരിദ്രന്റെ വക. അതിനാൽ, എത്ര ദരിദ്രന്മാർക്കു കൊടുക്കുവാൻ നിനക്കു സാധിക്കുമോ അത്ര ദരിദ്രന്മാരോടും നീ അന്യായം പ്രവർത്തിക്കുന്നു." – യാതൊരുത്തനും തനിക്കുള്ളതിനെ സ്വന്തമെന്നു പറയുവാൻ നിവൃത്തിയില്ലെന്നാണ് വി. അംബ്രോസിസ് (Serm. 81.) പറയുന്നതു്. അഭ്യേഹത്തിന്റെ വാക്കുകൾ കേട്ടാലും: "എന്നാൽ അന്യന്റെതു ഞാനെടുക്കാതെ എന്റെതു ഭദ്രമായി സൂക്ഷിക്കുന്നുവെങ്കിൽ ഞാൻ എന്തു അന്യായമാണ് ചെയ്യുന്നതെന്നു നീ ചോദിക്കുന്നോ? ഹാ! മൌഢ്യം! സ്വന്തമെന്നു നീ പറയുന്നോ? ഏവ? നീ എവിടെനിന്നു അവയെ ഈ ലോകത്തിലേക്കു കൊണ്ടുവന്നു!" വീണ്ടും അഭ്യേഹംതന്നെ പറയുന്നു: "സാദ്ധ്യമായിരിക്കയും നിനക്കു ധാരാളം ഉണ്ടായിരിക്കയും ചെയ്യുമ്പോൾ ദരിദ്രനു കൊടുക്കാതിരിക്കുന്നതു് അന്യന്റെതു എടുക്കുന്നതുപോലെ കഠോരമാകുന്നു." – വി. ക്രിസോസ്റ്റോമോസ് അന്ത്യോക്യരോടു ചെയ്ത പ്രസംഗത്തിൽ പറയുന്നതു് ഈ വിധമാണ്: "നീ സുഖമായി ചെലവു ചെയ്യേണ്ടതിനായിട്ടല്ല ധനം പ്രാപിച്ചിട്ടുള്ളതു്. ധർമ്മദാനങ്ങൾ ചെയ്യേണ്ടതിനായിട്ടത്രെ. നീ പ്രാപിച്ചിരിക്കുന്നതു നിന്റെ വസ്തുവാണോ? ന്യായമായ പ്രയത്നത്താലൊ പൈതൃകാവകാശം മൂലമോ കിട്ടിയതു തന്നെയായാലും അതു നിന്നെ ഏൽപ്പിച്ചിരിക്കുന്ന ദരിദ്രരുടെ വസ്തുവാണ്." – വി. ബർണ്ണാർഡ് (Epist. 42. ad Henricum Senon.) ദരിദ്രരുടെ കഥനമായി ഇങ്ങനെ പറയുന്നു: "നീ വ്യയം ചെയ്യുന്നതു ഞങ്ങളുടെ വകയാകുന്നു. ഞങ്ങളോടു നിഷ്കരുണം പിടിച്ചുപറിച്ചു നീ വ്യർത്ഥമായി ചെലവിടുന്നു." ഞങ്ങളുടെതു് എന്നു ദരിദ്രർ വാദിക്കുന്നതു പരസ്നേഹ കടമകളെ ആസ്പദമാക്കിയല്ലാതെ നീതിമുറകളെ അനുസരിച്ചല്ല. – വി. ആഗസ്തീനോസ് (in Psal. CXLVII.) "ധനിയുടെ ബാക്കി ദരിദ്രന്റെ നിത്യവൃത്തിക്കു അത്യാവശ്യപ്പെട്തതാണ്. അതിനെ കൈയിൽ ഒതുക്കുന്നവൻ അന്യ വസ്തു വെച്ചുകൊണ്ടിരിക്കുകയാകുന്നു" എന്നു പറയുന്നു. – വി. തോമ്മാ (II.ª II.æ Quaest. LXVI. art. 7.) പറയുന്നതു "ഒരുത്തനു ചെലവു കഴിച്ചു അധികമുള്ള വസ്തു സ്വഭാവ പ്രമാണത്താൽ ദരിദ്രന്റെ രക്ഷയ്ക്കു് ഉപകരിക്കേണ്ടതാകുന്നു" എന്നാണ്. ഇതു ദൈവശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായമാകുന്നു എന്നുകൂടി അഭ്യേഹം (IV. dist. XV. Quaest. II. art. 4.) പറയുന്നുണ്ട്. – വി. ആഗസ്തീനോസ് (in Psal. CXVIII.) പറയുന്നതു കേട്ടാലും: "ദരിദ്രന്റെ ആയുസ്സിനു വേണ്ടിയ സഹായങ്ങളെ ചെയ്യാതിരിക്കുന്നതു് ഒരുവനെ കൊല്ലുകതന്നെയാണ്. ദീനന്റെ രക്ഷയെ നീ പെട്ടിക്കകത്തുവെച്ചു പൂട്ടാതെയും അവന്റെ പ്രാണനെ ശവകുടീരത്തിൽ സം

സ്സൂരിക്കാതെയും ഇരിക്കാൻ സൂക്ഷിച്ചുകൊള്ളുക.”– വി. അംബ്രോസീസ് (lib. De Naboth) താഴെ വരുംപ്രകാരം പ്രസ്താവിക്കുന്നു: “നിന്റെ പുവരുകളെ നീ സപ്പണ്ണംകൊണ്ടു പൊതിയുകയും മനുഷ്യനെ നഗ്നനാക്കുകയും ചെയ്യുന്നു. നിന്റെ പടിവാതിലുൽ നഗ്നൻ നിലവിളിക്കുന്നു: അവനെ നീ തിരസ്കരിച്ചുകളയുന്നു. നിന്റെ വീട്ടിന്റെ അറയിൽ ഏതുതരം മാർബിൾ പതിക്കണമെന്നാണ് നീ ആലോചിക്കുന്നത്. ദരിദ്രൻ പണം യാചിക്കുന്നു: അവന്ന് അതു ഇല്ലാതെയുമിരിക്കുന്നു. മനുഷ്യൻ അപ്പം ഇരക്കുന്നു; എന്നാൽ നിന്റെ കുതിര സപ്പണ്ണക്കടിവാളങ്ങളെ കടിക്കയും ചെയ്യുന്നു.”– “ശരിയായി കേൾക്കയും വല്ലാതെ പ്രവർത്തിക്കയും ചെയ്യുന്നവൻ വളരെ താണമട്ടിൽ സ്നേഹിക്കുന്നു. കൊടുക്കുവാൻ കഴിവുണ്ടെങ്കിൽ കൊടുക്കുക. നിവൃത്തിയില്ലെങ്കിൽ നല്ല വാക്കു പറയുക. കഴിവില്ലാത്തിടത്തു ഉള്ളിലെ നല്ല ആഗ്രഹത്തിനു ദൈവം പ്രതിഫലം തരും” എന്നാണ് വി. അൻസെൽമൂസ് (Psal. Ciii.) പറയുന്നത്.– ദരിദ്രൻ നിന്നോടു യാതൊന്നും ചോദിക്കുവാൻ തുനിയാതിരിക്കത്തക്കവണ്ണം നിന്റെ മുഖത്തെ നീ മാറരുത്. വളരെനേരം നോക്കിയിരുന്നു സമയം പാക്കാൻ ഇടയാക്കിയും, വളരെ പ്രാർത്ഥനകളുടെയും പ്രലപനങ്ങളുടെയും ശേഷവുമല്ല കൊടുക്കേണ്ടതു്. അങ്ങനെ കൊടുക്കുന്നതു് നന്മനസ്സാലെയല്ല, നിർബന്ധം നിമിത്തമാണ് എന്നു സ്പഷ്ടമാകുന്നു. അതു ദാനമല്ല, പ്രലാപത്തിന്റെ വില എന്നേ വരികയുള്ളു. അതു് ഔദാര്യമല്ല, ബലത്താൽ ഏടുക്കപ്പെട്ടതു് എന്നു കരുതപ്പെടും. “കോടിക്കോടി കോടികൊടുക്കുന്നതിൽ നല്ലതു് കോടാതെ കാണി കൊടുക്കുകയാണ്” എന്നു് ഒരു പഴഞ്ചൊല്ലും ഉണ്ടല്ലൊ.– “ദരിദ്രനെ സഹായിക്കുന്നതാണ് ധനിയുടെ രക്ഷ. ദീനന്റെ കൈയ് മ്ശീഹായുടെ ഭണ്ഡാരമാകുന്നു” എന്നു് ബീഡ് (Beda in Proverbiis) പറയുന്നതും ശ്രദ്ധേയംതന്നെ.

ഉന്നം. ആകേണമാശ്രയമനാഥനു താതനെപ്പോ–
ലേകേണമങ്ങു തുണ ഭർതൃവിഹീനകൾക്കും
നാകേശനിഷ്ടസുതനാമതിനാലെ നീ, സ്വർ–
ല്ലോകേസമസ്ത സുഖവും പരിലബ്ധുമാകും. IV. 10–11.

ഉന്നം. ന്യായാധിപന്മാർ ന്യായത്തെ സംരക്ഷിക്കുകയും, ബലവാന്മാരിൽനിന്നു് അന്യായമായി പീഡ അനുഭവിക്കുന്നവരെ ആദരിക്കുകയും, നിരപരാധികളെ സഹായിക്കുകയും ചെയ്യേണ്ടവരാണ്. ദരിദ്രരും നിരാശ്രയരുമായ അനാഥന്മാർ, വിധവകൾ എന്നിവരുടെ കായ്യം വിഗണിക്കരുതെന്നും, ശക്തരായ വിരോധികളെ അനുകൂലിച്ചുകൊണ്ടു് അവർക്കു ദോഷമായി വിധി പ്രസ്താവിക്കരുതെന്നുമാണ് ബർസീറാ ഇവിടെ നമ്മോടുപദേശിക്കുന്നതു്.

അനാഥന്മാരുടെയും വിധവകളുടെയും സംരക്ഷണം ദൈവത്തിനു അത്യന്തം പ്രസാദകരമായ ബലിയാകുന്നുവെന്നു വി. യാക്കോ

വ് ശ്ലീഹാ (I. 27.) പഠിപ്പിക്കുന്നു. അഭ്യേഹത്തിന്റെ വാക്കുകളെത്തന്നെ ഇവിടെ ഉദ്ധരിക്കാം. "അനാഥകളേയും വിധവകളേയും അവരുടെ കഷ്ടതകളിൽ സന്ദർശിക്കുകതന്നെയാണ് ദൈവത്തിന്റെയും പിതാവിന്റെയും സമക്ഷം പരിശുദ്ധവും നിഷ്കളങ്കവുമായ വേദം."

൨൯. ഏതും നിനക്കു ധൃതിവേണ്ട വചസ്സിലെന്നാ–
ലോതുംപടിയ്ക്കു ശരിയായതു ചെയ്ക വേഗം
ഹെ! തുംഗഭദ്രസമനായധികാര ഭാവാൽ
നീതുന്നരാക്കൊല വിധേയരെയൊക്കെ വീട്ടിൽ.
IV. 34–35.

൨൯. മദയാനയെപ്പോലെ ഗൃഹഭരണം നടത്തരുത്. അല്പകാര്യങ്ങളെച്ചൊല്ലി അലറുകയും ലഹളകൂട്ടുകയും വിഷമ സംഗതികളെ കല്പിക്കയും അടിക്കയും പകരംവീട്ടുകയും നീതിമര്യാദകൾ വിട്ട സമസ്യവും അധികാരഭാവത്തിലും സേച്ഛാനുസാരമായും പ്രവർത്തിക്കയും ചെയ്യരുത്. പ്രത്യുത ദയാലുവും നീതിജ്ഞനും വിവേകബുദ്ധിയോടുകൂടിയവനും ഉദാരനും സൌമ്യനും ഒരു വിധത്തിൽ ശേഷം ആളുകൾക്കു സമകാരനും പിതാവും ഭ്രാതാവും എന്ന മട്ടിൽ വർത്തിക്കുക. പുറമെയും അന്യ ജനങ്ങളോടും സൌമ്യത, ദയ, ഔദാര്യം ഇതുകളോടുകൂടി വർത്തിക്കയും, സഭാഗൃഹത്തിലും സ്വജനങ്ങളോടും കാട്ടാളന്മാരെപ്പോലെയും വന്യ മൃഗങ്ങൾക്കു തുല്യമായും പെരുമാറുകയും ചെയ്യുന്ന ചിലർ ഇല്ലാതില്ല. നിന്റെ വീട്ടിൽ നീ ഒരു കുക്കനെപ്പോലെ സൂത്രംകൊണ്ടും, ചതികൊണ്ടും, വഞ്ചനകൊണ്ടും മറുള്ളവരെ പറ്റിക്കയും കണിയിൽപ്പെടുത്തുകയും ചെയ്യരുത്.

൨൬. പാണിദ്വയം പരനൊടർത്ഥമിരപ്പതിന്നായ്
നാണിച്ചിടാതയിമലത്തുകരുന്നെ പോര
പ്രീണിയ്ക്കണം പരനുമൊട്ടതിനായ് ക്കവിഴ്ത്തി–
ക്കാണിയ്ക്കുവാൻ കരളിലോർക്ക നീയുമല്പം. IV. 36.

൨൬. "വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് നല്ലതെ"ന്നു ക്രിസ്ത്യാനികൾ മ്ശീഹായിൽനിന്നും വി. പൌലോസിൽനിന്നും പഠിക്കേണ്ടതാണ്. (acts. XX. 33) "ഉപകാരം സ്വീകരിക്കുന്നതിനെക്കാൾ ഉപകാരം ചെയ്യുന്നതാണ് സുകൃതത്തിന്റെ ലക്ഷണം" എന്ന് അരിസ്റ്റോട്ടൽ പറയുന്നു. അർത്ഥാഗ്രഹത്തിന് രണ്ടു ദോഷങ്ങളുണ്ടുള്ളത്. (ക) സമ്പാദിക്കുന്നതിലും ശേഖരിക്കുന്നതിലുമുള്ള അതിശ്രദ്ധ. (ഖ) കൊടുക്കുന്നതിലുള്ള വൈമുഖ്യം. ചിലർ വാങ്ങിക്കുന്നതിന് സദ്വസന്നദ്ധരായി കാണപ്പെടുന്നു. കൊടുക്കുന്നതിനാകട്ടെ അവക്കു വല്ലാതായ വൈമനസ്യം. ചേർഷ്യാ രാജാവായ അർത്തക്സേർക്സെസിന്റെ (Artaxerxes) ഒരു കൈയ് മറ്റതിനേക്കാൾ ദീർഘമായിരുന്നതിനാൽ ചിലർ അഭ്യേഹത്തെ കളിയാക്കിയപ്പോൾ

അദ്ദേഹം പറഞ്ഞ മറുപടി നാം ഓർത്തിരിക്കേണ്ടതാണ്. പരന്മാർക്കു കൊടുക്കേണ്ടതിനായി വലതു കൈയ് നീളമേറിയതായും വാങ്ങിക്കുന്നതിന് ഇടതുകൈയ് ഹ്രസ്വമായും അധികാരിയായ തനിക്കു ദൈവം നൽകിയിരിക്കുന്നുവെന്നും കൊടുക്കുന്നതു് വാങ്ങിക്കുന്നതിനേക്കാൾ രാജകീയമാകുന്നുവെന്നുമായിരുന്ന അദ്ദേഹത്തിന്റെ മറുപടി.

ഉൻ. ഞായംകവിഞ്ഞ ധനസിദ്ധിയിലുന്നിടൊല്ല
മായം കലർന്ന മകനേ! മനതാരു ചെറും
കായംബലിഷ്ഠമിതിതള്ളലുദിച്ചിടാതെ
ഹേയങ്ങളെന്നറിയുകൈഹികഭോഗമെല്ലാം. V. 1–2.

ഉൻ. ന്യായരഹിതമായ ധനം സമ്പാദിക്കയും അതിനെ ആഗ്രഹിക്കയും വേണ്ട. നിറമുള്ള ദ്രാക്ഷാരസത്തേയും ഭംഗിയുള്ള വേശ്യയേയും നോക്കരുതെന്ന് വി. ഗ്രന്ഥം ഉപദേശിക്കുന്നു. ഇവയുടെ കാഴ്ച വല്ല ഹൃദയത്തെക്കൂടിയും ആകഷിക്കയും ഇളക്കുകയും ചെയ്യുന്നതാണ്. സപ്തസ്സിന്റെ സംഗതിയിലും ഈ വിധം തന്നെ. സപ്തസ്സ്ശോഭ അണലിപ്പാമ്പാകുന്നുവെന്നു പറയാം. അണലി ശരീരത്തെ മുതിപ്പെടുത്തുന്നു. സപ്തസ്സ്മാകട്ടെ പ്രാണനേയും മുതിപ്പെടുത്തും. ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ സർപ്പം ഇരിക്കുന്നതായി കണ്ടാൽ ഉടനെ അതിനെ തട്ടിക്കളഞ്ഞു ഓടി അകലുന്നതുപോലെ, അന്യായമായ സപ്തസ്സ് പെട്ടിയിൽ വെച്ചിരിക്കുന്നവൻ എത്രയും വേഗത്തിൽ അതിനെ എടുത്തുകളഞ്ഞ് അകന്നുപോകേണ്ടതാണ്.

ശക്തിയും ശരീര സുഖവുമുള്ളതുകൊണ്ട് എന്തും ചെയ്യാൻ സാധിക്കുമെന്നും തൻമൂലം അതെല്ലാം ചെയ്യുകയാമെന്നും ആരും കരുതരുത്.

നാ. ഇന്നീജഗത്തിലിവനൊത്തൊരു ശക്തനാരാ–
ണെന്നീവിധത്തിലുരചെയ്യൊല മന്ദബുദ്ധേ!
വന്നീടുമീശനൊരുനാൾ പ്രതികാരമേകാൻ
നിന്നീടുമന്ന രവജ്ഞാഭിര ഗർവ്വമെല്ലാം. V. 3.

നാ. ശക്തന്മാരും അഹംകാരികളുമായ ധനികൾ, തങ്ങൾ ഭൂമിയിൽ ഏതൊ ഒരുമാതിരി ദേവന്മാരായിത്തീർന്നിരിക്കുന്നു എന്നു ക്രൂടി വിചാരിക്കുന്നു. അവരുടെ ധനത്തെ അവരിൽനിന്ന് എടുക്കുന്നതിനും അവരെ താഴ്ത്തുന്നതിനും ശക്തിയുള്ള ദൈവം ഇല്ലെന്നുക്രൂടിയാണ് അവർ കരുതുന്നതു്. ഇങ്ങനെയുള്ളവർ നബുക്കദ്നാസർ രാജാവിനു വന്നുക്രൂടിയ ദുരാപത്തിനെപ്പറ്റി ഓർക്കേണ്ടതാണ്. "എന്റെ രാജ്യത്തിന്റെ ആസ്ഥാനമായി എന്റെ ശക്തി പ്രാബല്യത്തിലും എന്റെ മഹിമയുടെ ആധിക്യത്തിലും ഞാൻ പണിയിച്ച ബാബിലോൻ ഇതല്ലെ?" എന്നു പറഞ്ഞ മാത്രയിൽ "നിന്റെ രാജ്യം നിന്നിൽനിന്ന് അകന്നുപോകും. നീ മനുഷ്യസമുദായത്തിൽനിന്നു ബഹിഷ്കൃരിക്കപ്പെടും. നാല്ക്കാലികളോടും കാട്ടുമൃഗങ്ങളോടുംക്രൂടി കാളയെപ്പോലെ നീ പു

ല്ല തിന്നും. അതു നന്നതൻ മനുഷ്യരാജ്യത്തെ ഭരിക്കുന്നുവെന്നും അവിടേക്കു ഇഷ്ടമുള്ളവക്കു അതു കൊടുക്കുന്നുവെന്നും നീ അറിയുന്നതുവരെ ഏഴു സംവത്സരങ്ങൾ നിന്നെറമേൽ കടന്നുക്കുടും" എന്നു അവനു വിരോധമായി സംസാരത്തിൽനിന്നു സ്വരം കേൾക്കയും "ആ സമയത്തു തന്നെ അതു പൂത്തിയാകയും ചെയ്തു" (Daniel IV. 27–30.)– അഹങ്കാരിയും ദൈവദൂഷകനുമായ സെന്നഹെറീബ് (Sennacherib) "സ്വന്ത നാടിനെ എന്നെറ കയ്യിൽനിന്നു രക്ഷിച്ചവരായ ഈ നാട്ടുകളിലെ ദേവന്മാരിൽ ഓരൊരുത്തെ എന്നെറ കൈയിൽനിന്നു രക്ഷിക്കുവാനുള്ള കൽത്താവു ആരുണ്ടു?" (Isaias XXXVI. 20) എന്നു പറഞ്ഞയുടനെ ദൈവദൂതൻ അവന്നെറ സൈന്യത്തിൽ ക്രമം൦൦൦ പേരെ കൊല്ലുകയും അവൻ സ്വപുത്രന്മാരായ അദ്രാമെലെക്ക് (Adramelech), സാരാസാർ (Sarasar) എന്നവരാൽ നിഗ്രഹിക്കപ്പെടുകയും (Isaias XXXVII. 36-38) ചെയ്തില്ലെ? അഹങ്കാരിയായ നിമ്രാഡ് (Nemrod) പണിയുവാൻ ആരംഭിച്ച ബാബേൽ ഗോപുരം എങ്ങനെയായിത്തീർന്നു? (Genes. XI).

സ.ഫ. "ഉന്മേഷമോട പല കല്മഷമിങ്ങു ചെയ്തി–
ട്ടെന്മേലിതോളമുള വായൊരനർത്ഥമെന്തു?"
വന്മേനിയിതു പറയേണ്ടതിദീർഘശാന്ത–
നന്മേയമാക്ക മഖിലേശനതൊക്കെ നൂനം. V. 4.

സ.ഫ. നീതിസാരത്തിൽ : "അവശ്യമനുഭോക്തവ്യം കൃതംകർമ്മശുഭാശുഭം – നാളുക്കും ക്ഷിയതെകർമ്മ കല്പകോടി ശതൈരപി" എന്നാണല്ലൊ പറഞ്ഞിരിക്കുന്നതു്. ദൈവം പാപത്തിനു ശിക്ഷ കല്പിക്കുവാൻ താമസിക്കുന്നതു അവിടത്തെ ക്ഷമാശീലം കൊണ്ടാകുന്നു. ക്ഷമ അഥവാ ദീർഘശാന്തതകൊണ്ടു്, പാപികൾ നേർവഴിയിലേക്കു തിരിയുന്നതിനായി അവിടന്നു കാത്തിരിക്കുകയാണു്. എന്നാൽ ശിക്ഷയുടെ താമസം അതിന്നെറ കാഠിന്യംകൊണ്ടു പരിഹരിക്കപ്പെടുകയും ചെയ്യും. വി. ആഗുസ്തീനോസ് (lib De Patientia) ഇതിനെപ്പറ്റിപ്പറയുന്നതു ഇവിടെ ഉദ്ധരിക്കാം: "ദൈവം ക്ഷമയുള്ളവനാകുന്നു എന്നു പറയുന്നതു അവിടന്നു ഏതെങ്കിലും ഒരു തിന്മ ക്ഷമിക്കുകയുന്നതുകൊണ്ടല്ല, പാപികൾ മാനസാന്തരപ്പെടുവാനായി പാത്തിരിക്കുന്നതുകൊണ്ടാകുന്നു." അവർ മാനസാന്തരപ്പെടാത്തപക്ഷം, അവിടന്നു എത്രയധികം ക്ഷമയോടുകൂടി പാത്തിരുന്നുവൊ അത്രയധികം കഠിനമായി ശിക്ഷിക്കുന്നതായിരിക്കും.

ബലവാന്മാരെ! ദൈവത്തിന്നെറ ശക്തിയേറിയ കണ്ണുകളെയും സൂക്ഷ്മവും കണ്ടുകൊണ്ടിരിക്കുന്ന അവിടത്തെ ദൃഷ്ടിയേയും നിങ്ങൾ ഭയപ്പെടുവിൻ! ദൈവത്തിന്നെറ ക്ഷമാശീലത്തെ നിങ്ങൾ വണങ്ങി നമസ്കരിക്കുവിൻ! ദൈവത്തിന്നെറ നീതിയിൽനിന്നും പ്രതികാരത്തിൽനിന്നും ഒഴിയുവാൻ ശ്രമിക്കുവിൻ.

൯൨. ഒന്നോടുപിന്നെയനുബന്ധിതമായി വേറൊ-
ന്നെന്നോണമജ്ഞ! വലുതാക്കൊലപാപജാലം
"കുന്നോളമാകിലതുമക്കരുണാബ്ധിയീശ-
നെന്നോടിളയ്ക്കു" മിതിമാനസ ചിന്തമൂലം. V. 5-6.

൯൨. ഇത് പരിശുദ്ധാത്മാവിനു വിരോധമായ സാഹസ (Praesumptio) മാകുന്നു. എന്തെന്നാൽ ദൈവത്തിന്റെ അനുഗ്രഹത്തെയും നന്മയേയും പാപം ചെയ്യുന്നതിനായി ദുഷ്പ്രയോഗിക്കയും വീണ്ടും വീണ്ടും പാപകൃത്യങ്ങളിൽ ഉൾപ്പെടുവാൻ സൌകര്യമുണ്ടാകത്തക്ക വിധം അതിനെ വ്യാഖ്യാനിക്കുകയുമാണല്ലൊ ചെയ്യുന്നത്. മേലിൽ പാപം ചെയ്കയില്ല എന്നുറച്ചുകൊണ്ട് നിൻറെ പാപങ്ങളെപ്പറ്റി പശ്ചാത്തപിക്കുന്ന എങ്കിൽ അവയെ ക്ഷമിക്കുന്നതിലേക്കല്ലാതെ, വീണ്ടും വീണ്ടും പാപം ചെയ്യേണ്ടതിനായിട്ടല്ല ദൈവാനുഗ്രഹം വലുതായിരിക്കുന്നത്. ദൈവത്തോട് നീ യോജിക്കുന്നതിനു പകരം കേണ്ട ദൈവാനുഗ്രഹത്തെ പിശാചിനോട് യോജിക്കുന്നതിനായി നീ ഉപയോഗിക്കുന്നു. പാപികൾക്ക് ഒരു അഭയസ്ഥാനമാക്കി ദൈവം സ്ഥാപിച്ച അവിടത്തെ അനുഗ്രഹത്തെ നീ പിശാചിനു ഒരു കേളീരംഗമാക്കിത്തീർക്കുന്നു.

൯൩. പ്രത്യാഗമിയ്ക്കു ജഗദീശ സമീപമെന്നാ-
ലത്യാദരത്തൊടതു ചെയ്യണമിന്നതന്നെ
വ്യത്യാസമില്ലതനുമാത്രയിലീശകോപം
സത്യാനുയുക്തവിധിചെയ്യുമതിൽപ്പെട്ടം നീ. V. 8-9.

൯൩. അണലിപ്പാമ്പിനെ കൈകൊണ്ടു പിടിക്കുവാനിടയായാൽ ആർ അതിനെ ഉടനെ തട്ടിക്കളയാതിരിക്കും? സാംക്രമികരോഗങ്ങളെ സ്വശരീരത്തിൽ ആർ സംരക്ഷിച്ചു പുലർത്തും? പ്രാണശത്രുവിനെ സ്വഗൃഹത്തിൽ ആർ താമസിപ്പിക്കും? ചീഞ്ഞു പുഴുത്ത മൃതശരീരം ആർ സ്വഭവനത്തിൽ സൂക്ഷിക്കും? ആർ പിശാചിനെ സ്വഹൃദയത്തിൽ വസിപ്പിക്കും? ഘനകലുഷം വിഷസമ്പൂർണ്ണമാണ്; പകർച്ചവ്യാധിയാണ്; പ്രാണശത്രുവാണ്; മൃതശരീരമാണ്; പിശാചാണ്. ആകയാൽ സർവ്വ ശക്തിയോടുംകൂടി അതിനെ ഉടനെതന്നെ നീക്കിക്കളയേണ്ടിയിരിക്കുന്നു. - "ഞാൻ വൃദ്ധനാകുമ്പോൾ ശരിയായി ജീവിച്ചുകൊള്ളാം എന്നു നീ കരുതരുത്..... നീ എന്നു മരിക്കുമെന്നു നിനക്കറിഞ്ഞുകൂടാ. സ്വന്ത മരണദിവസം മുൻകൂട്ടി അറിഞ്ഞവർ ആരുണ്ട്? എല്ലാവരും വൃദ്ധന്മാരായിട്ടല്ല മരിക്കുന്നത്; പലരേ പ്രായത്തിലാണ്. ഇതെല്ലാം പാപങ്ങളോടുകൂടി മരിക്കുമൊ അതിൻറെയെല്ലാം കണക്കു കൊടുക്കേണ്ടിവരും. ആകയാൽ മനസ്സുതിരിയുന്നതിനു താമസിക്കൈണ്ടേ..... നിൻറെ അവസാനങ്ങൾ നിൻറെ കൺമുമ്പിൽ സദാ ഉണ്ടായിരിക്കട്ടെ" എന്നു വി. ബസിൽ അദ്ധ്യാത്മ പുത്രനോടുപ

ദേശിക്കുന്നു. (St. Basil. admonit. ad filium Spiritualem).– പ്രകൃത വേദവാക്യത്തെപ്പററി വി. ആഗസ്തീനോസ് (homil. 13. inter 50, tom. X.) താഴെക്കാണുംപ്രകാരം പറഞ്ഞിരിക്കുന്നു. "നീ എന്നു മനസ്സു തിരിയുമോ അന്ന് നിന്റെ പാപം ക്ഷമിക്കപ്പെടുമെന്നു ദൈവം നിന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ നാളെ നീ ജീവനോടുകൂടിയിരിക്കുമെന്ന് ഒരിക്കലും പറഞ്ഞൊത്തിട്ടില്ല.... എന്നു മരിക്കുമെന്നു മനുഷ്യൻ അറിയാത്തതു ദൈവാനുഗ്രഹം തന്നെ. എല്ലാ നാളും ശരിയായി ജീവിപ്പാൻവേണ്ടി അവസാനനാൾ മറയ്ക്കപ്പെട്ടിരിക്കുന്നു." വീണ്ടും അദ്ദേഹംതന്നെ (Serm 202. De Temp.) പറയുന്നു: "ഹെ! മനുഷ്യ! എന്തുകൊണ്ട് നാളെ, നാളെ എന്നു വെക്കുന്നു? പക്ഷേ ഇന്ന് അവസാനദിവസമായിരിക്കാം."– വി: ക്രിസോസ്തോമോസ് ഈ സംഗതി ബന്ധിച്ചു ചെയ്യുന്ന യുക്തിവാദം ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "പലർ ഇതരന്മാർക്കു വഞ്ചനകൊണ്ട് നാശം ഭവിപ്പിക്കയിൽ പൊട്ടന്നനവേ മരിച്ചു തങ്ക ശിക്ഷ അനുഭവിക്കുവാൻ പോയി. നീക്കുവാൻ വഹിയാത്ത ഈ നാശം നീയും അനുഭവിക്കാനിടയാകുമോ എന്ന് ഭയപ്പെടുക. വാദ്ധക്യത്തിൽ പശ്ചാത്തപിക്കുവാൻ ദൈവം പലർക്കും ഇടയാക്കി എന്ന് ഒരുപക്ഷേ നീ പറയുമായിരിക്കും. അതുകൊണ്ടെന്ത്? നിനക്കും ഇടയാകുമോ? പക്ഷേ ഇടയാകും എന്നു നീ പറയുന്നോ? എന്തുകൊണ്ട് 'പക്ഷേ' എന്നു പറയുന്നു? ഇതു ചിലപ്പോൾ മാത്രമല്ലെ? നിന്റെ ആത്മരക്ഷയെപ്പററിയാണു പറയുന്നതെന്ന് നീ വിചാരിക്കണം. അതിന്റെ ഭീതിർഭാഗത്തെയും നീ ആലോചിക്കുക. ആ അനുഗ്രഹം തന്നില്ലെങ്കിൽ എന്തു സംഭവിക്കുമെന്നു പറയൂ. കൊള്ളാം. അതു തന്നാൽ എന്ത്? എന്നു നീ ചോദിക്കുന്നു. തരുന്നു: എന്നിരിക്കട്ടെ എന്നാൽ ഇത് അതിനേക്കാൾ നിശ്ചയവും ഉപകാരമുള്ളതുമാണ്. (homil. 22. in Epist. II. ad Corinth.)– "നാളെ, നാളെ എന്നുള്ള സംഗതി പലരേയും കൊല്ലുന്നു; പെട്ടെന്നു വാതിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു" എന്ന ഈ വിശുദ്ധൻതന്നെ (Serm. 17. De Verbis Domini) വീണ്ടും പറഞ്ഞിരിക്കുന്നു.

നാഴ. അത്യന്തവിത്തമിയലും മനുജന്നമപ്പോൽ
നിത്യം പ്രയത്നമശിപ്പോരു ദീനനും നീ
സത്യംവിടാതെയൊരുപോലെ വീധിയ്ക്കു, സാക്ഷാൽ
കൃത്യം നിനക്കിതു ധരിയ്ക്കുക ധമ്മ്പുദ്ധെ! V. 18.

നാഴ. ധനികനെന്നോ നിർദ്ധനനെന്നോ, വലിയവനെന്നോ ചെറിയവനെന്നോ ഒന്നും നോക്കാതെ ന്യായമായ വിധം വിധിക്കണം. വലിയവനെ ഭയന്ന് നിർദ്ദോഷിയായ ഒരു സാധുവിനെ അപരാധിയാക്കരുത്.

"ന്യായപൂവ്വംവിധിയ്ക്കുനായ് – വായ്തുറക്കതനുജ! നീ
ദരിദ്രദീനമാരോട് – നീതിചെയ്കസവ്വദാ. XXXI–9.

ദൃഷ്ടൃമ്മമത്രേചെയ്യുന്നു – മുഖംനോക്കി വിധിപ്പവൻ;
അവനപ്പനുരുക്കിനും–സത്യത്തെക്കൈയ്യിട്ടുനുകേൾ. XXVIII.21
ദൃഷ്ടനെഗ് ഗ്രണവാനെന്നും – ഗ്രണവാൻ ദൃഷ്ടനെന്നുമായ്
വരുത്തുമിരുപേരേയും – ശപിയ്ക്കുന്നു ജഗത്പതി. XVII. I5.
മുഖംനോക്കിത്തരംപോലെ – കായ്യംതാൻതീർപ്പുചെയ്യുത
നഷിദ്ധമെന്നു നന്നായി–ഭരിച്ചീടട്ടെബുദ്ധിമാൻ." XXIV.23.
എന്നിങ്ങനെ ശ്ലോമോന്റെ സുഭാഷിതങ്ങളിൽ പറയുന്നുണ്ടല്ലോ.

നാം അന്യരെപ്പററി ചെയ്യുന്ന അഭിപ്രായപ്രകടനവും വിധി തന്നെയാണ്. നീ ആക്ഷേപവാദം ചെയ്യുത് അല്പനേയും നിസ്സാര നേയുംപററിയാണ് എന്നു നീ പറയേണ്ട. ധനിക്കും നിർദ്ധനനും സഹജ ബഹുമാനത്തിന്മേൽ ഒരുപോലെ അവകാശമുള്ളതാണ്. അതിനാൽ നാം ന്യായാനുസാരമായി പ്രവത്തിക്കുന്നെങ്കിൽ ഓരോരുത്തനും അവന്റെരു കൊടുക്കണം. വലിയവനു് അവന്റെ ബഹുമാനം ചെയ്യേണ്ടതുപോലെതന്നെ ചെറിയവനു് അവന്റേതും ചെയ്യേണ്ടതാണ്.



നഉ. പാത്താലുമതുരുമൊരേകമധുക്കിവൈരം
തീത്താഗ്രമൈത്രിമനുജക്കുവളത്തിടുന്നു
വാത്സല്യവിശേഷരസനാനപിരസൽപ്രമാനാ–
പ്പാത്താരിനതൃധികനന്മവരുത്തിടുന്നു. VI–ാ.

നഉ. "കഃ പരഃ പ്രിയവാദിനാം" എന്നല്ലേ നീതിസാരം പറയുന്നത്. മധുരഭാഷണം ശത്രുതയെ നീക്കുകയും ബന്ധുനിരയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്റെ കാരണം ഇന്നതെന്നു പലാസിയസ് (Palacius) പറയുന്നുണ്ട്. വാക്ക് മനസ്സിന്റെ വാഹനമാകുന്നു. അതിനാൽ മധുരവാക്കിലൂടെ മനസ്സിന്റെ മാധുര്യം പുറപ്പെട്ട് പ്രവഹിക്കുകയും അതു ശ്രോതാവിന്റെ മനസ്സിൽചെന്നുപറ്റി അവനെ മുഴുവൻ മാധുര്യത്താൽ നിറച്ചു, കുതിത്തു, ആകഷിച്ചു് തന്റെപേരിലുള്ള സ്നേഹത്താൽ ബന്ധിക്കുകയും ചെയ്യുന്നു. അമിത്രങ്ങൾതന്നെയും ഈ വാഗ്മാധുര്യത്തെ രസകരമായ സംഗീതംപോലെ ശ്രവിക്കേണ്ടതിനായി ശ്രോത്രേന്ദ്രിയത്തെ നീക്കിക്കളയാതെയിരിക്കുന്നു. അതു ചെവികളിൽക്കൂടി ഉള്ളിൽ കടന്നു് തേൻപോലെയുള്ള അതിന്റെ മാധുര്യത്താൽ അവനിലുള്ള അമിത്രതയെന്ന കൈപ്പും ദോഷവും അസൂയയും നീക്കി മിത്രമാക്കിത്തീർക്കുന്നു.

മധുരരസം ഏതു വസ്തുവിലും പ്രകൃത്യാ ഇഷ്ടമുള്ളതാണല്ലോ. മധുര പദാർത്ഥംകൊണ്ടു് താലുവും, മധുരഗാനംകൊണ്ടു് ചെവികളും, രസകരങ്ങളായ വർണ്ണങ്ങൾകൊണ്ടു് നേത്രങ്ങളും സംതൃപ്തി പ്രാപിക്കുന്നില്ലേ? സിസറൊ (lib. De Offic.) പറയുന്നതു കേൾക്കുക: "സംഭാഷണത്തിന്റെ മാധുര്യവും ഇമ്പവും മനുഷ്യമാനസത്തെ എത്രമാത്രം വശീകരിക്കുന്നു എന്നു പറയുക അസാദ്ധ്യം"–

സഭത്താവായ നാബേലിനെ നിഗ്രഹിക്കുവാൻ ഉറച്ചിരുന്ന ദാവീദിനെ മധുരഭാഷണംകൊണ്ട് അബിഗെയിൽ (Abigail) ശാന്തനാക്കിയതായി വി. ലിഖിതങ്ങളിൽ (I. Reg. XXV.) പറയുന്നുണ്ടല്ലൊ. ദുർഭാഷണമാകട്ടെ ഇതിനു നേരെ വിരോധമായി പ്രവർത്തിക്കുന്നു. ഇതിനാലാണ് സുഭാഷിതങ്ങളിൽ:—

ശാന്തവാക്കുഗ്രകോപത്തെ — ശ്രമിപ്പിക്കുന്നു നിശ്ചയം;
രൂക്ഷവാക്കീഷ്ണ്യയെവേഗ — മത്യുച്ചത്തിലുയർത്തിടും. XV.1.എന്നും
ക്ഷോഭമുല്പന്നമാക്കുന്ന — കോപശീലനനാരതം,
അതുസംജാതമാംമുമ്പേ — ശമിപ്പിക്കുന്നു സക്ഷമൻ. XV–18.
എന്നും പറഞ്ഞിട്ടുള്ളത്.

നന്നു. വല്ലായ്മയറുസകലക്കുമൊരിഷ്ടനായി—
ട്ടില്ലാസമോടിഹവസിക്കണമെങ്കിലും, നീ
എല്ലാരിലുംസുകൃതിയാമൊരുവനുമാത്ര—
മല്ലാതെനിൻെറസചിവാഖ്യകൊട്ടത്തിടൊല്ല. VI. 6.

നന്നു. കഴിവുള്ളിടത്തോളം എല്ലാവരോടും സ്നേഹഭാവത്തിൽ വർത്തിക്കണം. എന്നാൽ നിൻെറ ആലോചനക്കാരായിട്ടുള്ളവർ തിരഞ്ഞെടുക്കപ്പെട്ടവരും ആയിരത്തിൽ ഒന്ന് എന്ന കണക്കു കുറേ പേർമാത്രവുമാകേണ്ടതാണ്. എന്തെന്നാൽ വിവേകമുള്ളവർ കുറേ പേർമാത്രം; പരിചയമുള്ളവർ അതിലും കുറവു്; രഹസ്യം കാക്കുന്നവരും വിശ്വസ്ഥരും നിന്നെ സ്നേഹിക്കുന്നവരും നിൻെറ നന്മ ആഗ്രഹിക്കുന്നവരും ഏറ്റവും കുറച്ചുമാത്രം.

നന്ദ. സത്യപ്രതിജ്ഞതിരളുന്നൊരു മിത്രമോത്താ—
ലത്യന്തശക്തികലരുന്നൊരു കോട്ടയന്നെ
സ്തുത്യർഹനാമവനെയാക്കലഭിച്ചുവോ? സ—
മത്യർഹമാംനിധിയവന്നുകരസ്ഥമല്ലൊ. VI. 14.

നന്ദ. "സുമിത്രം ബലമേറിയ കോട്ടയും ഉറപ്പിക്കപ്പെട്ട അരമനയുമാകുന്നു" എന്നു് വി. ഗ്രിഗോരി നസിയാൻസൻ (S. Greg. Nazianzenus, orat. 6. ad. Greg. Nyssenum) പറയുന്നു. മാത്രമല്ല "വിശ്വസ്ഥമിത്രം ആശ്വാസത്തിൻെറ തുറമുഖം" ആകുന്നു എന്നും ആ വിശുദ്ധൻ അവിടെത്തന്നെ പ്രസ്താവിക്കുന്നുമുണ്ട്. കൊമിക്കസ് (Comicus) പറയുന്നതു് "നിനക്കു ബന്ധുക്കളുള്ളപ്പോൾ നിനക്കു നിധിയുണ്ടെന്നു കരുതുക" എന്നാണ്.

വിശ്വസ്ഥനായ ഒരു സ്നേഹിതൻ വാക്കുകൊണ്ടും ആലോചനകൊണ്ടും സഹായംകൊണ്ടും ബന്ധുവിൻെറ വസ്തുക്കളേയും കീർത്തിയേയും കള്ളന്മാരിൽ നിന്നും ആക്ഷേപവാദികളിൽ നിന്നും രക്ഷിക്കുകമാത്രമല്ല, കാലത്തിനുടുത്തും നിത്യവുമായ മരണത്തിൽ നിന്നു ജീവനേയും മനസ്സാക്ഷിയേയും ആത്മാവിനേയും സംരക്ഷിക്കു

യും സ്നേഹിതന്റെ പ്രാണനുവേണ്ടി സ്വന്ത പ്രാണനെ ആപത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. നീസസ് (Nisus), യൂറീയലസ് (Euryalus) എന്നവരെപ്പറ്റി വേർജിൽ (Virgil IX. Aeneid.) പറയുന്നതു് ഓർക്കുക. പീലഡെസ് (Pylades) ഒറേസ്റ്റെസ് (Orestes) എന്നവരേയും, ഡാമൻ (Damon) പീത്തിയാസ് (Pythias) എന്നവരേയുംപറ്റി വി. അംബ്രോസ് (lib. II. De Virginitate) പറയുന്നതും ഈ ഘട്ടത്തിൽ സ്മരണീയമാണ്. അബ്രാഹം സ്വജീവനായം വകവെക്കാതെ ബന്ധുവായ ലോത്തിനെ ശത്രുക്കളുടെ കൈയിൽനിന്നും (Genes. XIV.), യൊനാഥാൻ ദാവീദിനെ സാവൂളിന്റെ ഉപദ്രവങ്ങളിൽനിന്നും (1. Reg. XX.) രക്ഷിച്ചില്ലേ?

മൈത്രിയുടെ നിയമങ്ങളേയും കടമകളേയുംപറ്റി സിസറൊ (lib. De Amicit.) മുതലായവർ പ്രസ്താവിക്കുന്നുണ്ട്. അവയിൽ ചിലതിനെയെല്ലാം ഇവിടെ കാണിക്കാം. (ക) ഹീനമായതിനെ ചെയ്യുന്നതിനു് ആവശ്യപ്പെടുകയൊ ആവശ്യപ്പെട്ടാൽ ചെയ്യുയൊ അരുതു്.– (ഖ) മൈത്രിയിൽ കാപട്യമോ വെറും ബാഹ്യപ്രകടനമോ ഒന്നും ഉണ്ടാകാതെ സത്യവും ഹൃദയപൂർവ്വമായിരിക്കണം.– (ഗ) അമിതപ്രണയംകൊണ്ടു് സ്നിഗ്ദ്ധജനങ്ങളുടെ ഉപരി നന്മയ്ക്കു് ഭംഗം വരുത്തരുതു്.–(ഘ) സ്നേഹംകൊണ്ടു് സ്വന്ത ലാഭം മോഹിക്കാതെ സ്നേഹിതന്റെ നന്മയെ ആഗ്രഹിക്കണം.– (ങ) ഉപകാരം ഓർത്തു് സ്നേഹമുണ്ടാകയല്ല, സ്നേഹംകൊണ്ടുപകാരമുണ്ടാകയാണ് വേണ്ടതു്. – (ന) സ്നേഹം ഒരിക്കലും അനുചിതമൊ സമയത്തിനു അയുക്തമൊ ആകരുതു്.– (ച) സ്നേഹം തിന്മയ്ക്കു സഹായമാകാതെ നന്മയ്ക്കു സഹായമാകണം.– (ഛ) സ്നേഹത്തെ വിശ്വാസത്തോടും നീതിയോടും സ്ഥിരതയോടുംകൂടി പാലിക്കണം. – (ഞ) സ്നേഹിതന്മാരിൽ വലിയവൻ ചെറിയവനോടു തുല്യനാകണം. – (ട) അത്യധികമായ സ്നേഹം പലരിൽ ജനിച്ചാൽ അവരെയെല്ലാം പറ്റി മനസ്സിൽ വളരെ ആകുലചിന്തയുണ്ടാകുന്നതുകൊണ്ടു് അങ്ങനെയുള്ള സ്നേഹം പലരിൽ ഉണ്ടാകേണ്ടതല്ല. (ഠ) സ്നേഹം അരുചി ജനിപ്പിക്കരുതു്. കാലം ചെല്ലുന്തോറും അതു രുചികരമായിത്തീരണം. – (ഡ) തെറ്റുകളെ അന്യോന്യം കാണിച്ചു കൊടുക്കയും ദുഃഖങ്ങളിൽ പരസ്പരം ഭാഗഭാക്കുകളാകയും നാനാപ്രകാരേണ അന്യോന്യം സഹായിക്കയും വേണം.

നു്വ. വിശ്വസ്തമിത്ര സമമായൊരു വസ്തുവിന്നീ–
വിശ്വത്തിലില്ല കരുതീടുക ചാരുബുദ്ധെ!
അശ്വത്ഥ തുല്യമുയരുന്നൊരു വെള്ളിപൊന്നും
വിശ്വസ്തയ്ക്കു കിടനില്ക്കുകയില്ലതെല്ലും. VI. 15.

നു്വ. "മൈത്രാനത്തിൽ നില്ക്കുന്ന സ്നേഹിതൻ പെട്ടിയിൽ ഇരിക്കുന്ന സ്വർണ്ണത്തേക്കാൾ ഉത്തമം" എന്നു് എബ്രായക്കാർക്കു ഒരു വഴക്കൊല്ലുണ്ടു്. – "വിശ്വസ്തനായ ഒരു സ്നേഹിതൻ സ്വസഹോദരനേക്കാൾ താഴ്ന്നവനല്ല, അവനേക്കാൾ താഴ്ന്നവനായി ഗണിക്കേണ്ട

തുമല്ല" എന്ന് ഹൊമർ (Homer Odyss.) പറഞ്ഞിരിക്കുന്നു. – "ദേവന്മാരാൽ മനുഷ്യർക്കു കൊടുക്കപ്പെട്ടിട്ടുള്ളതിൽ വിജ്ഞാനം കഴിഞ്ഞാൽ മൈത്രിയെക്കാൾ ഉത്തമമായി വല്ലതുമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ജീവിതത്തിൽനിന്ന് സ്നേഹത്തെ നശിപ്പിക്കുന്നവൻ ലോകത്തിൽനിന്ന് സൂര്യനെ നീക്കിക്കളയുന്നവനെപ്പോലെയാകുന്നു" എന്നാണ് സിസറൊ (De Amicit.) പറയുന്നത്.

നൂൻ. ധീമാനൊരുത്തനിതി സമ്മതി വന്നുവെന്നാൽ
പ്രേമാദരത്തൊടവിടേയ്ക്കുടിവെയ്ക്ക വേഗം
ആമാനുഷന്റെപടിനിമ്നദഘഷ്ണത്താൽ
രോമാനമാന്ത ലഘുവാകുകയെന്നെ വേണം. VI. 36.

നൂൻ. വിവേകിയായ ഒരുവനേപ്പറ്റി നിനക്കു അറിവു കിട്ടിയാൽ അവനിൽനിന്ന് പഠിക്കേണ്ടതിനായി സമയംകളയാതെ, അതിരാവിലേതന്നെ, അവന്റെ പക്കൽ എത്തുക. ഒരിക്കൽ മാത്രമല്ല, എന്നും, എപ്പോഴും അവന്റെ അടുക്കൽ പോകണം. അവന്റെ കട്ടിളപ്പടി നിന്റെ കാലിന്റെ നിതൃസ്പർശനംകൊണ്ടു തേഞ്ഞുവശാകത്തക്കവണ്ണം അത്രയധികം പ്രാവശ്യം നീ അവന്റെ അടുക്കൽ പോകേണ്ടതാണ്. – സേനക്കാ (Seneca Epist. 94) ഈവിധം പറയുന്നു: "മനസ്സിനെ നന്മയിലേക്കു ആനയിക്കുന്നതിനും അവ്യവസ്ഥിതങ്ങളും തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നതുമായവയെ നേർവഴിയിലേക്കു കൊണ്ടുവരുന്നതിനും സജ്ജനസഹവാസത്തേക്കാൾ മേല്പെട്ട ഒരു കായ്മില്ല. എന്തെന്നാൽ 'സച്ചിന്തകൾ' ക്രമേണ ഹൃദയത്തിൽ കടക്കുന്നു. പ്രമാണങ്ങളുടെ ശക്തിയേപ്പറ്റി ക്രൂടെക്കൂടെ കേൾക്കുവാനും കാണുവാനും ഇടയാകുന്നു. ഹാ! ദൈവമേ! വിജ്ഞന്മാരുമായി കണ്ടുമുട്ടുന്നതുതന്നെ എത്ര ഫലപ്രദം! മഹാനായ അവൻ നിശ്ശബ്ദനായിരുന്നാലും അവനിൽനിന്നു നമുക്കു എന്തെങ്കിലും ഗുണം ഉണ്ടാകാതിരിക്കയില്ല." ദുർജ്ജനസഹവാസത്തിൽനിന്ന് കട്ടികളെ അകറ്റണമെന്നും സന്മാർഗ്ഗപരിശീലനമില്ലാത്ത വിദ്യാലയങ്ങളിൽ അവരെ അയക്കരുതെന്നും കത്തോലിക്കാസഭ നിഷ്കർഷിക്കുന്നതിന്റെ അർത്ഥം ഇതിൽനിന്നു സുഗ്രഹമാണല്ലൊ. ചീത്തപ്പുസ്തകങ്ങളുടെ വായനയും ദുഷിച്ച നാടകങ്ങളും മൂലം എത്രമാത്രം അനർത്ഥങ്ങളുണ്ടാകാമെന്നുള്ള സംഗതിയും ഏവരുടെയും ഗാഢമായ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

"വിഷബീജങ്ങൾ വിതച്ചുകിളത്താൽ
വിഷമതയെന്തോന്നെല്ലാമുണ്ടാം." എന്ന് അനുഭവിച്ചു് അറിഞ്ഞു ഖേദിക്കുന്നതിനേക്കാൾ ആലോചിച്ചറിഞ്ഞു നീക്കുകയല്ലെ നല്ലതു്?

ഛാ അന്യായമൊക്കെയടിയോടെയടിച്ചുടയ്ക്കാ–
നന്യാദൃശം വിഭവമില്ലനിനക്കിതെന്നാൽ

മാനുഷാധികാരപദമോഹമിരിപ്പതെന്തി—
ന്നനുഷാധികാരിയവയൊക്കെ നടത്തിടട്ടെ. VII—6.

൨൫ ചിത്താമയത്തൊട്ട വസിപ്പൊരുമർത്യനേ നീ
ഹത്താൽമദിച്ചുകളിയാക്കിഹസിച്ചിടൊല്ല
എത്താമുയർച്ചയഥരാഗ്ര്യമാക്കുമിബ് ഭ്ര—
ഭത്തായദൈവമിവനോക്കിയിരിയ്ക്കുമുലം. VII—12.

൨൫. കഷ്ടതകളെ അനുഭവിക്കുന്നവരെ ഹസിക്കരുത്. മനുഷ്യ പ്രാഭവങ്ങളുടെയും ഭാഗ്യത്തിന്റെയും നിലയില്ലായ്മയെ ഓർക്ക. അവയെ ദൈവം ക്ഷണേന ഭേദപ്പെടുത്തുന്നു. കഷ്ടതകൾ അനുഭവിക്കുന്നവരെ അവിടന്നു ഉയർത്തുകയും ഉയർന്നവരെ താഴ്ത്തുകയും ചെയ്യുന്നു. പ്ലിനി (Plinius, lib XVI. Cap. XV.) പറയുന്നതു കേട്ടാലും: "പ്രകൃതിയിൽ ഏറ്റം ഭംഗിയായി കാണപ്പെടുന്നവയെല്ലാം പനിനീർ പുഷ്പങ്ങൾ ലീലിസുമങ്ങൾ ഇത്യാദികളേപ്പോലെ ക്ഷണത്തിൽ നഷ്ടമാകയും മറുള്ളവ ഭിഷ്കാലം നിലനില്ക്കയും ചെയ്യുന്നു. മനുഷ്യ ജീവിതത്തിൽ സംഭവിക്കുന്നതും ഇതുപോലെതന്നെയാണ്. ക്ഷേമസംപൂർണ്ണങ്ങളായവ ക്ഷണത്തിൽ വൈപരീത്യത്തിലേയ്ക്കു മാറുന്നു." ഭാഗ്യം നിർഭാഗ്യത്തിലേക്കും, സുഖം അസുഖത്തിലേക്കും, ബലം അബലതയിലേക്കും, പ്രേമം ദ്വേഷത്തിലേക്കും, ബഹുമാനം അവമാനത്തിലേക്കും, സ്നേഹം ശത്രുതയിലേക്കും, ജീവൻ മരണത്തിലേക്കും മാറുന്നു.

പരിഹാസത്തെ നീക്കുവാനുള്ള പരമൌഷധം സ്വന്ത കുറ്റങ്ങളെപ്പറ്റി വിചാരിക്കുന്നതാണ്. സ്വന്ത കുറ്റങ്ങളെപ്പറ്റി ദുഃഖിക്കുന്നവൻ മറുള്ളവരെപ്പറ്റി ഹസിക്കുവാനൊ, ആക്ഷേപകരമായ മുഖഭാവം സഹോദരനെ കാണിക്കുവാനൊ ഇടയില്ല" എന്ന് വി. അന്തീയൊക്കസ് (Homil. 48.) പറയുന്നു.

൨൬ തെറ്റിച്ചിടാതെ പണിചെയ്യൊരു ഭൃത്യനേയും
കൊറ്റിന്നുവേണ്ടിയലയുന്നൊരു ദീനനേയും
മാറ്റിത്തമാൻ വലയാതെ തുണയ്ക്കു; ദുഃഖം
മാറ്റിക്കളഞ്ഞുകഴിയും പടിരക്ഷചെയ്ക. V11. 22.

൨൭. മക്കൾക്കു നീ ജനകനെന്നൊരവസ്ഥയാൽ
തക്കത്തിൽനല്ല പരിശിക്ഷണമേകിടേണം
പൊക്കം വളർന്നബലമേറുവതിന്നുമുമ്പേ
വെക്കംകുനിയ്ക്ക കഴുത്തയി! ബുദ്ധിപൂർവ്വം. V11. 25.

൨൭. "പരിശിക്ഷണം" ബുദ്ധിയേയും "കുനിയ്ക്ക കഴുത്ത്" എന്നത് ആശകളേയും ഉദ്ദേശിച്ചു പറയുന്നു. ഇവ രണ്ടും ശരിപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ബുദ്ധിയെ പരിശി

ക്ഷണം ചെയ്യാഞ്ഞാൽ മൂഢന്മാരായും, ആശകളെ ശരിപ്പെടുത്താഞ്ഞാൽ മുട്ടാളന്മാരും സേച്ഛാനുവർത്തികളുമായും തീരും.

ബാലന്റെ ഹൃദയത്തോട്ട – ജളതാപമനുബന്ധിതം;
അതുശിക്ഷണവേത്രത്താൽ - വെളിയ്ക്കോടിച്ചുനീക്കിടാം. XXII. 15.

എന്ന് സുഭാഷിതങ്ങളിൽ പറയുന്നുണ്ടല്ലോ. കുട്ടികളുടെ ബുദ്ധിയിൽ അജ്ഞതാപം സ്ഥിതിചെയ്യുന്നു. പരിശിക്ഷണംകൊണ്ടാണ് അതിനെ നീക്കേണ്ടതു്. അഹംഭാവം, ദുരിച്ഛകൾ ഇവ അവരിൽ കുടികൊള്ളുന്നു, അവയെ സേച്ഛാനിഗ്രഹംകൊണ്ടു നീക്കണം. അതിനാൽ കുട്ടികൾ തങ്ങളേത്തന്നെ താഴ്ത്തുവാനും, കീഴ്പ്പെടുവാനും, ദുരാശകളെ അടക്കുവാനും, പാപവാസനകളെ വിട്ടുമാറുവാനും പഠിക്കേണ്ടതിനു് ശിക്ഷണംകൊണ്ടു് അവരുടെ കഴുത്തിനെ ചായിക്കണം. ഇതിനാലാണു: –

ദണ്ഡിൻപ്രയോഗം വജ്ജിപ്പൊ – ന്നുണ്ണിയിൽ ദോഷമാത്മജ!
സ്നേഹിയ്ക്കുമവനേയെങ്കിൽ – ശാസിയ്ക്കും ജാഗരൂകനായ്. XIII. 24.

എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

"ലാളിച്ചുള്ള വളർത്തൽ (Mollis educatio) മനസ്സിന്റെയും ശരീരത്തിന്റെയും ശക്തികളെ നശിപ്പിക്കുന്നു" എന്നു് ഫാബിയസ് (Fabius, lib 1. Instit. Cap. III.) പറയുന്നു. – പ്ലൂറാക്ക് (Plutarch, lib. De Liberis educandis) പറയുന്നതു് "അത്യധികമായ സ്നേഹംമൂലം സ്നേഹിക്കാതിരിക്കുന്ന മാതാപിതാക്കന്മാരെ ഞാൻ കണ്ടിട്ടുണ്ടു്" എന്നാണു്. ഇവരുടേതു് കുരങ്ങിന്റെ പ്രവൃത്തിപോലെയാകുന്നു. അവ കുഞ്ഞുങ്ങൾ ചത്തുപോകുവാൻ തക്കവണ്ണം അതുകളെ മുറുകെ കെട്ടിപ്പിടിക്കുന്നു. – "മാതാപിതാ ചമേ ശത്രുഃ യേന ബാല്യേന പാഠിതെ" എന്നല്ലൊ നീതിസാരവാക്യം. "മനുഷ്യൻ ദ്രാക്ഷാലതയ്ക്കു തുല്യനാകുന്നു. അതു വെട്ടി ശരിപ്പെടുത്താഞ്ഞാൽ വല്ലാതെ വളരും" എന്നു് ക്ലൈമെൻസ് (lib. I. De Poedag. Cap. VII.) പറയുന്നുണ്ടു്. "കൊച്ചുതൈകളെ വെട്ടിവളർത്തണം; കൊച്ചുപിള്ളേരെ കൊട്ടിവളർത്തണം" എന്നു് നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുള്ളതുമാണല്ലൊ. – "തെറ്റായ സന്തോഷത്തെ ഉളവാക്കുന്നയാതൊന്നും ചെയ്വാൻ കുട്ടികളെ അനുവദിക്കരുതു്" എന്നു വി. ക്രിസോസ്റ്റോമോസ് (Homil. 9. in I. ad Timoth.) പറയുന്നതും ഈ തരുണത്തിൽ ശ്രദ്ധേയമാണു്. – (അനുബന്ധം നോക്കുക.)

൨൮. ശക്തിയ്ക്കു ചേർന്നവിധമിജ്ജഗദീശനേ നീ
ഭക്തിയ്ക്കുഭംഗമണയാതെ നമിച്ചിടേണം
മുക്തിയ്ക്കുവശ്യകരണീയ, മഖണ്ഡ്യമാകും –
യുക്തിയ്ക്കുമേറെമനുകൂലമതെന്നു സിദ്ധം. VII. 33.

൨൯. ഭീമശ്രമേറുമവസാനമർഹന്നിശം നീ–
യോമൽത്തനൂജ! തവചേഷ്ടയിലോർത്തുകൊണ്ടാൽ

നീമത്തനായ് ക്കലുഷമേതുമില്ലുൾപ്പെടാനായ്
ക്കാമംനിനക്കണവുമിങ്ങു ജനിയ്ക്കുകില്ല. VII. 40.

൨൭. അമരക്കാരൻ താൻ ചെന്നെത്തേണ്ട സ്ഥലം ഓർത്തുകൊണ്ടു വള്ളം വിടുന്നു. ഇതുപോലെ മനുഷ്യൻ തന്റെ അവസാനങ്ങളെ ഓർത്തുകൊണ്ട് ജീവിതത്തെ നയിക്കണം. മനുഷ്യന്റെ അവസാനങ്ങളാകട്ടെ മൃതി, വിധി, സ്വർഗ്ഗ നരകങ്ങൾ എന്ന നാലാകുന്നു. ഇവയാണ് അവനെ ദുർമ്മാർഗ്ഗങ്ങളിൽനിന്ന് നിവർത്തിക്കുകയും സന്മാർഗ്ഗങ്ങളിൽ നടത്തുകയും ചെയ്യുന്നത്.

ഉദ്ദേശ്യത്തോടുകൂടിയാണല്ലൊ സകലരും പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും. അതിനാൽ ഈ നാലിനേയും സദാ ദൃഷ്ടിപഥത്തിൽ വെച്ചുകൊണ്ട് നാം പ്രവർത്തിക്കണം. മരണം ലൌകികമായ സമസ്യവും നമ്മിൽനിന്ന് എടുത്തുകളയും. വിധിയിൽ നമ്മുടെ എല്ലാ പ്രവൃത്തികളുടെയും കണക്കു കൊടുക്കേണ്ടിവരും. നമ്മുടെ പ്രവൃത്തി തെറ്റായിരുന്നാൽ നമുക്കു വന്നുകൂടുന്ന നരകം നിത്യവും സകല ദുഃഖ സംപൂർണ്ണവുമാണ്. സൽക്രിയകൾകൊണ്ടുമാത്രം ലഭിക്കാവുന്ന സ്വർഗ്ഗം നിരന്തവും സമസ്ത സുഖാനുഭവങ്ങളോടുകൂടിയതുമാകുന്നു. മനുഷ്യനെ ദുർമ്മാർഗ്ഗങ്ങളിൽ നിന്നു നിവർത്തിക്കുന്നതിനും സന്മാർഗ്ഗങ്ങളിലേക്ക് ആനയിക്കുന്നതിനും ഇവയേക്കാൾ ഉത്തമമായ മാർഗ്ഗം മറെറന്താണുള്ളത്? അന്യങ്ങളേപ്പറ്റിയുള്ള ചിന്ത പാപങ്ങളിൽനിന്ന് ഒരുവനെ നീക്കുകയും സൽക്കർമ്മങ്ങളിലേക്ക് ഉത്സാഹിപ്പിക്കയും ചെയ്യേണ്ടതാണ്. നിത്യഭാഗ്യാഭാഗ്യങ്ങളെ വരുത്തുന്ന സ്വർഗ്ഗവും നരകവും, അതിനുമുമ്പ് നാം കടന്നുകൂടേണ്ട ഭയങ്കരമായ മരണവും വിധിയും പാപത്തിൽ നിന്ന് ഒരുത്തനെ അകറുന്നില്ലെങ്കിൽ അവൻ മനുഷ്യനല്ല, ബുദ്ധിയില്ലാത്ത മൃഗമോ അതിൽ താഴെയുള്ള നിർജ്ജീവ വസ്തുവോ ആയിരിക്കണം.

നാം ഏതുവിധം പ്രവർത്തിച്ചിരുന്നെങ്കിൽ നന്നായിരുന്നു എന്ന് മരണസമയത്തു നാം ആഗ്രഹിക്കുമോ ആവിധം ഇപ്പോൾ പ്രവർത്തിക്കണമെന്ന് വി. ഇഗ്നാസിയോസ് (in Exercitiis Spiritualibus) ഉപദേശിക്കുന്നു. ഈവിധം ചെയ്യുമെങ്കിൽ നമ്മുടെ മനോവിധി എപ്പോഴും ശുദ്ധമായിരിക്കും. – വി. ബർണ്ണാർഡ് (Serm. 2. in Festo SS. Petri et Pauli) പറയുന്നത്: "മകനേ! നിന്റെ അവസാനങ്ങളെ നീയോർക്ക; എന്നാൽ നീ പാപംചെയ്കയില്ല എന്നു വിജ്ഞാനി ('പ്രാസംഗികൻ' വിജ്ഞാനിയുടെ പുസ്തകമായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്.) പറയുന്നു. എന്തെന്നാൽ ഈ വിചാരം ഭയത്തെ ജനിപ്പിക്കും; ഭയം പാപത്തെയകറും" എന്നാണ്. – വി. അൻസെൽമോസ് (Epist. 5. ad Burgundium et Richeram) പറയുന്നു: "നിങ്ങളുടെ അന്ത്യത്തെ നിങ്ങളുടെ ദൃഷ്ടിപഥത്തിൽ എപ്പോഴും സ്ഥാപിക്കുവിൻ. നിങ്ങൾ എന്താകുമെന്നും നിങ്ങൾക്ക് എന്തു ഫലമുണ്ടാകുമെന്നും നിങ്ങളുടെശേഷം എന്തു നിലനിൽക്കുമെന്നും ഗൂ

ഥമായി ചിന്തിക്കുവിൻ. നിങ്ങൾ എവിടേക്കു പോകുന്നു? എന്തു കൊണ്ടുപോകും? അവിടെ നിങ്ങൾക്കു മുമ്പിൽ അയച്ചതായി എന്തു കണ്ടെത്തും? എന്നും ആലോചിക്കുവിൻ. നിശ്ചയമായും നല്ലതോ തീയതോ ആയ നിങ്ങളുടെ യോഗ്യതയല്ലാതെ ഒന്നും നിങ്ങൾ അവിടേക്കു കൊണ്ടുപോകയില്ല; അവിടെ മറെറാന്നും നിങ്ങൾ കണ്ടെത്തുകയുമില്ല."

അന്യങ്ങൾ അത്ര ദൂരെയല്ല എന്നു വിചാരിക്കുന്നതു് അധികം ഫലപ്രദമാണു്. അവ ക്ഷണത്തിൽ നിന്നോടു് അടുക്കുമെന്നു കരുതുക. ഏതു നാളിൽ അഥവാ ഏതു നാഴികയിൽ അവ നിനക്കു നേരിടുമെന്നു് നിനക്കു നിശ്ചയമില്ല. തൻമൂലം എല്ലാ ദിവസവും, എല്ലാ നാഴികയിലും അതു നിനക്കു നേരിടാവുന്നതാണു് എന്നു കരുതി പ്രവർത്തിക്കുക. "എന്തെന്നാൽ നിങ്ങൾ വിചാരിക്കാത്ത നേരത്തു മനുഷ്യപുത്രൻ വരും" എന്നു മ്ശിഹാതന്നെ (Luc. XII– 40.) അരുളിച്ചെയ്തിരിക്കുന്നു.

൮൩. കാശപ്രഭാവമിയലുന്നൊരു വെള്ളിപൊന്നും
നാശത്തെയേറെമുളവാക്കി വലക്കുമന്നം
ആശസ്സുഭൂപനുമിതാസ്പദമാകമൂലം
ക്ലേശത്തിലായി വലയുന്നിതവന്റെഹൃത്തും. VIII. 3.

൮൩. ധനദൌർല്ലഭ്യമില്ലാത്ത രാജാവിനെക്കൂടിയും സ്വപ്നം വശീകരിക്കുകയും നിർദ്ദോഷിയായ നിർദ്ധനനെ തൃജിച്ചു് അപരാധിയായ ധനിക്കു് അനുകൂലമായി വിധിക്കുന്നതുകൊണ്ടും അവന്റെ ഹൃദയത്തെ വഷളാക്കുകയും ചെയ്യുന്നു. ഹാ! സ്വപ്നമേ! ഇങ്ങനെയെങ്കിൽ നീതിവിരുദ്ധമായി ധനിയെ അനുകൂലിച്ചു് അവനു ഗുണകരമായി പ്രവർത്തിക്കുന്നതിനു് ന്യായാധിപന്മാരേയും സാക്ഷികളേയും നീ എത്രമാത്രം വഷളാക്കുന്നുണ്ടായിരിക്കണം! വളരെപ്പേർ സ്വപ്നത്തെക്കുറിച്ചു് മനസ്സാക്ഷിയെ നശിപ്പിക്കുന്നു. പലപ്പോഴും കീർത്തിയേയും ജീവനേയും ക്രൂരനഷ്ടമാക്കുകയും ചെയ്യുന്നു. "സ്വപ്നഗ്രഹാഃ കാഞ്ചനമാശ്രയന്തി" എന്നാണു് അവരുടെ മതം. –

"ഗുണമാനമഹതപമൊക്കെവിറും
പണമൊന്നേ മതിയെന്നുദ്ഘോഷം" എന്നും നാം കേട്ടിട്ടുള്ളതല്ലേ?

൮൭. പ്രായംകടന്നവനെ, നിർമ്മലശീല! സാര-
മേയംകണക്കുകരളിൽക്കരുതായ്കസൂനൊ!
സായംപ്രഭാരമിതികാലവിഭാഗമോത്താൽ
മേയംനിനക്കുമവനും നഹിഭേദമേതും. VIII. 7.

൮൭. ദേഹപുഷ്ടിയും ധീശക്തിയും ക്ഷയിച്ചതുകൊണ്ടു് ഒരു വൃദ്ധനെ നിസ്സാരനായി നീ കരുതരുതു്. അവൻ നിന്നെപ്പോലെ

ഒരിക്കൽ മദ്ധ്യവയസ്സനായിരുന്നതാണ്. ദീർഘായുഷ്മാനായിബ്ഭവിക്കുമെങ്കിൽ നീയും അവനെപ്പോലെ ഒരു വൃദ്ധനായിത്തീരും. ഭൂമിയിൽ ഉണ്ടായിട്ടുള്ള സമസ്ത വസ്തുക്കൾക്കും ഈ പ്രഭാതവും ഈ സായംകാലവും— എന്നുവെച്ചാൽ യൌവനവും വാർദ്ധക്യവും— ഉള്ളതാണ്.

വാർദ്ധക്യത്തിനു ചില ആക്ഷേപങ്ങൾ ഉണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ മറ്റു പ്രായത്തിനില്ലാത്ത പലേ ഗുണങ്ങളും കൂടി അതിനുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്.—

സ്വകീയശക്തിയാകുന്നു— യുവാവിനുള്ളവൈഭവം
വയോവൃദ്ധത്വവൃദ്ധന്റെ— ശോഭയെന്നുംധരിക്കണം. XX. 29.

എന്നു സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ. വൃദ്ധന്മാരെ നാം ഹസിക്കുന്നുവെങ്കിൽ നമ്മുടെ വാർദ്ധക്യത്തിൽ അന്യന്മാർ നമ്മെയും ഹസിക്കാൻ സംഗതിയാകും.

അധർമ്മികളായ ചില മക്കൾ വാർദ്ധകാവസ്ഥയിൽ എത്തിയ ജനയിതാക്കളെക്കൂടി നിസ്സാരമായി കരുതുന്നുണ്ടെന്നുള്ള സംഗതി സ്മരിക്കുകൂടി വഹിയാത്ത ഒരു നീചകൃത്യമാണ്. മദ്യവില്പനകൊണ്ടു് ഒരുവിധം സമ്പത്തും ജനസമ്മതിനേയും സിദ്ധിച്ച ഒരുവന് ജരാക്രാന്തയായ അവന്റെ മാതാവു് കുടുംബത്തിനു് ഒരു അഭിമാനക്ഷയമായിത്തോന്നി. കോപകലുഷനായി അവൻ അവളെ (—അഹോ കഷ്ടം—) അടിച്ചപ്പോൾ അവർ പറഞ്ഞതു് "ഇത്ര യോഗ്യനായ നിന്നെ പ്രസവിച്ചു വളർത്തുവാനുള്ള യോഗ്യത എനിക്കുണ്ടായതെന്നു നീയോർക്കണം" എന്നായിരുന്നു. മാതാപിതാക്കന്മാർ തങ്ങളുടെ നിലക്കു യോജിച്ചവരല്ല എന്ന മിഥ്യാഭിമാനംമൂലം കരുതുന്ന നീചസന്താനങ്ങളെല്ലാം പ്രസൂത വൃദ്ധയുടെ വാക്കുകളെപ്പറ്റി പ്രതിദിനംആയിരം പ്രാവശ്യം ധ്യാനിച്ചാലും മതിയാവുകയില്ല.

പിതാക്കളെശ്ശപിക്കുന്ന— ദുസ്സന്താനമുള്ളദീപിക
തമസ്സമൃദ്ധഘട്ടത്തിൽ—ജ്വലിയ്ക്കില്ല, പൊലിഞ്ഞുപോം. XX. 20.

എന്നുള്ള സുഭാഷിത വാക്യവും ഇവർ നിത്യം അനുസ്മരിക്കട്ടെ.

ജനിപ്പിച്ചപിതാവിനു— വഴിപ്പെട്ടനടക്കണം;
വൃദ്ധമാതാവിനെച്ചെറുതു— തുച്ഛമാക്കാതിരിക്കണം. XXIII. 22.

എന്നു സുഭാഷിതങ്ങളിൽ ശ്ലോമോൻ ചെയ്യുന്ന ഉപദേശവും ഇത്തരക്കാർക്കു പ്രത്യേകം പറഞ്ഞിരിയ്ക്കുന്നതുതന്നെ.

രവു. തോഷംഭവിയ്ക്കുന്നുതരാതിമരിയ്ക്കുവേ വി—
ശ്ലേഷംനിനക്കുമതുപോലൊരുനാളിലുണ്ടാം
ശേഷംമനുഷ്യരിഹതാപക മൃത്യുകേട്ടു—
ന്മേഷംനടിച്ചുകളിയാടുകിലിഷ്ടമാമോ? VIII. 8.

രവു. നമ്മുടെ മരണത്തെപ്പറ്റി ശത്രുക്കൾ സന്തോഷിക്കുന്നതു് നമുക്കു സന്തോഷാവഹമല്ലല്ലൊ. അതുകയാൽ തുല്യന്യായത്താൽ ശത്രുക്കളുടെ മൃതിയെപ്പറ്റി നാം സന്തോഷിക്കയുമരുതു്. നിന്നോടു് അന്യൻ ചെയ്വാൻ നിനക്കിഷ്ടമില്ലാത്തതിനെ നീ അന്യനോടും ചെയ്യരു

തു് എന്നുള്ളതാണ് പരസ്നേഹത്തിന്റെയും നീതിയുടേയും ആധാരഭൂതമായ പ്രമാണം. മറ്റു ജനങ്ങളോടു നീ അനീതി പ്രവർത്തിച്ചാൽ നിന്നോടു അന്യന്മാർ ആ വിധംതന്നെ ചെയ്യുന്നതിനു ദൈവം ഇടയാക്കും. ആകയാൽ നിന്നോടു് ഇതരന്മാർ ചെയ്യണമെന്നു് നീ യാഗ്രഹിക്കുന്നതിനെയെല്ലാം നീ അവരോടും ചെയ്യുക. പ്രമാണങ്ങളും ദീക്ഷാദർശനവാക്യങ്ങളുമെല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. നിന്റെ നിരൂപണയിലും വചനങ്ങളിലും പ്രവൃത്തികളിലും എപ്പോഴും ഇതു നിനക്കു മുദ്രാവാക്യമാക്കിവെച്ചുകൊണ്ടു് ഒരു കണ്ണാടിയെന്നപോലെ ഇതിനെ ഉപയോഗിക്കുക.

അമിത്രമാപദിസ്സ്നേഹാ– ദ്ഭോജനംവേണ്ടതെല്ലുമേ;
അവൻവിദ്വാനാകുമ്പോ– ളാഹ്ളാദംവേണ്ടമാനസെ.
(XXIV. 17.)

എന്നു ശ്ലോമോൻ ഉപദേശിക്കുന്നുമില്ലേ?

ശൗ. ജ്ഞാനംവയസ്സിവമുതിർന്നവരോതിടുംപോ–
ലൂനംവരാതെനടകൊള്ളുക ചാരുബുദ്ധേ!
മാനംവളർക്കുമവ വമ്പനുസേവചെയ്യാ–
നേനംനിനക്കുമുളവാക്കുമൊരുനമെന്നേ. VIII. 9–10.

ശൗ. വൃദ്ധന്മാരും വിജ്ഞന്മാരും തങ്ങൾതന്നെ കണ്ടിട്ടുള്ളതോ, പൂർവ്വന്മാരിൽനിന്നു കേട്ടിട്ടുള്ളതോ ആയി പറയുന്ന കാര്യങ്ങളേയും, വിജ്ഞാനപ്രദങ്ങളായ അവരുടെ ഉപദേശങ്ങൾ മുതലായവയേയും ശ്രദ്ധാപൂർവ്വം കേട്ടു് തദനുസാരം പ്രവർത്തിക്കണം. ഈ വിധം ചെയ്യാൽ നീ സാക്ഷാൽ വിജ്ഞനായിഭവിക്കുകയും തൻമൂലം ബഹുമതിയുണ്ടാകയും ചെയ്യും. രാജാക്കന്മാർ മുതലായവരെ സേവിക്കുകയും രാജ്യകാര്യങ്ങളെ പൊതുജനഹിതം അനുസരിച്ചു് നിരാക്ഷേപമായും തൃപ്തികരമായും നിർവ്വഹിക്കുകയും ചെയ്യുക പ്രയാസമുള്ള ഒരു കാര്യമാണെന്നും ഒട്ടധികം വിവേകവും സാമർത്ഥ്യവും അതിലേക്കു ആവശ്യമാണെന്നും സർവ്വസമ്മതമാണല്ലൊ.

"രാജസേവയെന്നുള്ളതെത്രയും പരാധീനം" എന്നു പഞ്ചതന്ത്രത്തിൽ പറയുന്നില്ലേ? രാജസേവക്കു് ഒരുമ്പെട്ടവരിൽ മുക്കാൽപേർ മാത്രമേ തൃപ്തികരമായി മടങ്ങിട്ടുള്ളു. കാർഡിനൽ വൂൽസിയുടേയും മറ്റും അനുഭവം ഓർത്തുനോക്കുക. ഇങ്ങനെയുള്ള മഹാകാര്യത്തിനുവേണ്ടിയ വിവേകവുംമറ്റും പ്രസ്തുത വൃദ്ധന്മാരുടേയും വിജ്ഞന്മാരുടേയും വാക്യങ്ങളിൽനിന്നു സിദ്ധമാകുന്നതാണ്.

൫. നിന്നെക്കവിഞ്ഞ ബലവാന്റെ കരത്തിൽ നിന്റെ
പൊന്നെത്തിടേണ്ടമേകനേ! ബഹുതുച്ഛമായും
എന്നെതൃജിച്ചതുകൊടുത്തുകഴിഞ്ഞുവെന്നാൽ
പിന്നെത്തിരിച്ചിഹലഭിക്കുകയില്ല;– നഷ്ടം. VIII. 15.

൫. കാരണം: അവൻ സ്വന്തശക്തിയിലും ധനത്തിലും ആ

ശ്രയിച്ചുകൊണ്ട് നിന്റെ പണം തിരിച്ചുതരാതിരിക്കുമെന്നു മാത്രമല്ല, ആ പണം തന്നേതാണെന്നും തനിക്കു ചെല്ലേണ്ടതാണെന്നും വാദിക്കുകകൂടിച്ചെയ്യും. അവനിൽനിന്ന് അതു തിരിച്ചുവാങ്ങുവാൻ നിനക്കു ധൈര്യമുണ്ടാകയുമില്ല. ഒരുപക്ഷേ ധൈര്യപ്പെട്ടാലും അവനെ നിർബന്ധിക്കുവാൻ നീ അശക്തനായിഭവിക്കും. മാത്രമല്ല, അവനിൽനിന്നു വളരെ വിഷമതകൾ വന്നുകൂടുവാൻ ഇടയാകയും ചെയ്യും. ബലവാനായ സ്നേഹിതനു പണം കടംകൊടുത്താൽ പണവും നശിക്കും, സ്നേഹവും നശിക്കും.

൫൫. ഉള്ളോരുശക്തിയിലുയന്നൊരു ജാമ്യമേൽക്കാ—
നെള്ളോളമിച്ഛ സുത! നിന്നിലുദിച്ചിടൊല്ല
ഇല്ലോതുകല്ല, ചെറുകാശൊഴിയാതെവീട്ടാ—
നുള്ളോടുഴന്നുപണിയേണ്ടതുചിന്തനീയം. VIII. 16.

൫൬. ശ്ലോമോൻ സുഭാഷിതങ്ങളിൽനമ്മോടുപദേശിക്കുന്നതു:—
കൈയ്യടിച്ചിട്ടറപ്പിയ്ക്കു— ന്നവനാകൊല്ല നീ സുത!
കടങ്ങൾക്കിടനില്ക്കുന്ന— തരക്കാരനുമാകൊലാ. XXII. 26.

എന്നാണല്ലൊ. അതിന്റെ കാരണം—

കൊടുക്കാൻവകയില്ലാഞ്ഞാൽ— കടക്കുനിന്റെമന്ദിരെ
കിടക്കുനിന്റെ കീഴിൽനി—ന്നെടുക്കുമതിനാലവർ. XXII. 27.

എന്നാണ് അദ്ദേഹംതന്നെ പറയുന്നതു്.

൫൭. വീക്ഷിച്ചിടൊല്ല പരപൂരുഷ സംഗമത്തെ
ക്കാംക്ഷിച്ചുതന്നെ മരുവുന്നൊരു വേശ്യയേനീ
അക്ഷിയ്ക്കുവേണ്ട നെറി ചൊറുക്കുറഞ്ഞുപോയാൽ
നിക്ഷിപ്തനാക്കുമവൾ നിന്നെയപാംഗസിന്ധൗ. IX. 3.

൫൮. കൌമാരപൂർത്തി വിലസുന്നൊരു കന്യയേനീ
പ്രേമാസ്പദാത്മജ! നിരീക്ഷിതയാക്കിടൊല്ല
കാമാഗ്നി ഗാത്രരമണീയത ജാതമാക്കും
ധീമാനു,മായതു നിപാതനമൂലമാകും. IX. 5.

൫൯. കെട്ടിച്ചമഞ്ഞവളിൽനിന്നു രവാനനത്തെ-
ത്തട്ടിത്തിരിച്ചു മുഭാഗമയയ്ക്കുവേഗം
തട്ടിച്ചുമന്മഥനഹോ! പലമർത്യരേ വൻ—
മട്ടിൽത്തുലച്ചു വനിതാമണി ശോഭമൂലം. IX. 8—9.

൫൮. ൫൯. സത്യം ബുദ്ധിയുടെ വിഷയമായിരിക്കുന്നതുപോലെ രാമണ്യം മനസ്സിന്റെ വിഷയമായിരിക്കുന്നതിനാൽ മനോവികാരങ്ങളിൽ ഒന്നായ സ്നേഹത്തെ അതു ജനിപ്പിക്കുന്നു. തൻമൂലം "രാമണ്യം സ്നേഹത്തെ ജ്വലിപ്പിക്കുന്ന പന്ഥാവാകുന്നു" എന്നു ഹോറസ് (Horatius, lib. IV. Carm.) പറയുന്നു. കാമാഗ്നിയെ ജ്വലിപ്പി

ക്കുന്നതിന്ന് അംഗസൌഷ്ഠവവും രൂപലാവണ്യവുംപോലെ ശക്തിയുള്ള വസ്തു വേറെയില്ല. സൌന്ദര്യവതിയായ ഒരു സ്ത്രീയെ വീക്ഷിക്കുന്ന പുരുഷനിൽ ഉടനെതന്നെ ദുർമ്മോഹം ഉത്ഭവിക്കുന്നു. "കന്യകയെപ്പറ്റി ചിന്തിക്കാതിരിക്കേണ്ടതിന്ന് എന്റെ കണ്ണുകളോട് ഞാൻ ഉടമ്പടിചെയ്തു" എന്ന് യോബ് (Cap XXXI. 1) പറയുന്നതിന്റെ കാരണം ഇതാണ്. മഹാനായ അലക്സാണ്ടർ ഡേറയസിന്റെ (Darius) പുത്രികളെ യുദ്ധത്തിൽ പിടിച്ചടക്കിയെങ്കിലും അവരെ ദർശിക്കുവാൻ അദ്ദേഹത്തിന്നു മനസ്സുണ്ടായില്ല. അതിന്നുള്ള കാരണം, "പുരുഷന്മാരെ ഞാൻ കീഴ്പ്പെടുത്തിയശേഷം സ്ത്രീകൾ എന്നെ കീഴ്പ്പെടുത്തുന്നതിന്നു ഞാൻ സമ്മതിക്കയില്ല" എന്ന് അദ്ദേഹം പറഞ്ഞതായി പ്ലൂടാർക്ക് (Plutarch) പ്രസ്താവിക്കുന്നു. ആകയാൽ വീര്യയെ ആഗ്രഹിക്കാതിരിക്കുന്നവൻ ആരോ അവൻ ദർശനത്തേയും ഉപേക്ഷിച്ചേ മതിയാവൂ. "നിയന്ത്രിതമല്ലാത്ത നേത്രം ഒരാഗ്രഹത്തിന്റെ ലക്ഷ്യമാകുന്നു" എന്ന സുഭാഷിതങ്ങളേപ്പറ്റിയുള്ള വ്യാഖ്യാനത്തിൽ ബീഡ് (Beda) പറഞ്ഞിരിക്കുന്നത് എത്ര അർത്ഥവത്തായിരിക്കുന്നു! "നിന്റെ കണ്ണു സ്ത്രീകളെ നോക്കേണ്ട ആവശ്യം നേരിട്ടാലും ഒരാളെയും സൂക്ഷിച്ചുനോക്കരുത്" എന്നു വി. ഹൂസ്താനോസ് (in Regul. I. Cap. XXI. ad finem Ii tomi.) പറയുന്നുണ്ട്. "ശുദ്ധമായ ഒരു ഹൃദയവും അനിയന്ത്രിതമായ നേത്രവും ഒരുമിച്ചു സ്ഥിതിചെയ്കയില്ല" എന്നും ഈ മഹാവിശുദ്ധൻതന്നെ വേറൊരിടത്തു പ്രസ്താവിക്കുന്നു. ദാവീദ്, ശ്ലോമോൻ, ശിംശോൻ ഇവരുടെ വീര്യയെപ്പറ്റി ആലോചിക്കുക. "ആഗ്രഹിക്കുവാൻ തക്കതല്ലാത്തതു നോക്കുവാനും തക്കതല്ല" എന്നാണ് വി. ഗ്രഗോരി (St. Greg. Magn. XXI. Moral II.) പറയുന്നത്.

൫൬. പാപന്റെ കീർത്തി, ധനമീവകയൊക്കെ നിത്യ–
ശാപത്തിനാസ്പദമതെന്തിനു നീകൊതിപ്പൂ?
കോപത്തൊടീശ്വരനവന്നരുളുന്നൊരന്ത–
സ്താപങ്ങൾ താഴ്ചയിവയൊക്കെയുമാരറിഞ്ഞു? IX. 16.

൫൭. ദുർജ്ജനങ്ങളുടെ കീർത്തി, ധനം ഇത്യാദികളെ കണ്ട് അസൂയതോന്നുകയും എനിക്ക് അതു സിദ്ധമായില്ലല്ലോ എന്നോർത്തു ദുഃഖിക്കുകയും, അവയുണ്ടാകുവാൻ ആഗ്രഹിക്കയും ചെയ്യരുത്. അവ ക്ഷണത്തിൽ അവസാനിക്കയും, അവമാനം, നിഷ്ഫലത്വം എന്നിവകളായി പരിണമിക്കയും ചെയ്യും.

പാപാത്മവൃത്തിയിൽ ചിത്ത–ലോഭഭാവം ത്യജിയ്ക്കുക;
അഖിലേശഭയത്തിൽ നിൻ ദിനമെല്ലാം നയിയ്ക്കുക. XXIII. 17.

എന്നും,

ദുഷ്ടനെപ്പോൽ ഭവിയ്ക്കാനായ്–കൊതിച്ചിടായ്ക ബാലക!
അവനോടിടയാനും നിൻ- മനസ്സിന്നിച്ഛ തോന്നൊലാ.
XXIV. 1. എന്നും

ദുഷ്ടനോടുള്ള മാത്സര്യം– മൊക്കെയും വിട്ടുമാറുക;
നീ ചന്ന സമനായ് ത്തിരാ– നുള്ളമോഹം തൃജിയ്ക്കുക. XXIV–19.
എന്നും ശ്ലേമോൻ സുഭാഷിതങ്ങളിൽ ഉപദേശിക്കുന്നില്ലേ?

"നിങ്ങൾ സർവ്വപ്രധാനമായി ദൈവരാജ്യത്തേയും അവിടത്തെ നീതിയേയും അന്വേഷിക്കുവിൻ. ഈവകയൊക്കെക്കൂടി നിങ്ങൾക്ക് നൽകപ്പെടും" എന്നാണ് മ്ശിഹാ നമ്മോടു ഉപദേശിക്കുന്നത്.

ഒന്നു. ക്ഷോണിയ്ക്കുയിന്ന ബലമൊക്കെയുമിശപരൻതൻ
പാണിയ്ക്കുകത്തുമരുവുന്നിതു ഭേദമെന്നേ
വാണിദ്ധരയ്ക്കു ഗുണപൂർണ്ണത ചേർക്കുവാൻതാൻ
പ്രീണിച്ചിടുന്ന സമയത്തൊരു ഭൂപനുണ്ടാം. X. 4.

ഒന്നു. രാജാക്കന്മാരും അധികാരികളും, തങ്ങളുടെ രാജ്യവും അധികാരവും തങ്ങളിൽനിന്നുതന്നെയോ, പിതാക്കന്മാരിലൊ ജനാവലിയിലൊ നിന്നോ അല്ല, ദൈവത്തിൽനിന്നാണ് പ്രഥമത: ഉണ്ടായിട്ടുള്ളതെന്നും ദൈവത്തെ ആശ്രയിച്ചും അവിടത്തെക്കീഴും ഇരിക്കുന്നെന്നും ധരിക്കേണ്ടതാണ്. "ചക്രവർത്തിയാകുന്നതിനുമുമ്പ് ഒരു മനുഷ്യനായിരുന്നതു ആർ മൂലമോ ആ വഴിയാണു ചക്രവർത്തിയായതു്. ആർ മൂലം പ്രാണൻ ഉണ്ടായോ ആ വഴി അവന്നു് അധികാരവും ഉണ്ടായി" എന്നു് ടെർട്ടല്ലിയൻ (in Apologet.) പറയുന്നു. ദൈവത്തിൽനിന്നാണ് സമസ്താധികാരങ്ങളും ഉത്ഭവിക്കുന്നതു്. അവിടുന്നു ലോകത്തിന്റെ പരമാധികാരി എന്ന നിലയിൽ അതിന്റെ ഭരണവിഷയത്തിൽ തന്റെ പ്രതിപുരുഷന്മാരായി രാജാക്കന്മാരേയും അധികാരികളേയും ഏർപ്പെടുത്തുകയും, ഭരണം നിർവ്വഹിക്കുക, ദുഷ്ടന്മാരെ ശിക്ഷിക്കുക, സജ്ജനങ്ങൾക്കു സമ്മാനം നൽകുക, പ്രമാണങ്ങളെ നിർമ്മിക്കുക ഇത്യാദികൾക്കായി അധികാരം നൽകുകയും ചെയ്യുന്നു. തൻമൂലം രാജാക്കന്മാരും അധികാരികളും തങ്ങളുടെ ചെങ്കോലും മകുടവും അവിടത്തെ തൃപ്പാദങ്ങളിൽ സമർപ്പിക്കുകയും ദൈവതിരുമനസ്സിനു അനുയോജ്യമായി മാത്രം അവയെ പ്രയോഗിക്കുകയും ചെയ്യണം.

ഒ൬. സമ്പത്തു, കീർത്തി, സുഖമെന്നിവയൊക്കെയാക്കും
തുമ്പത്തെനീക്കിയരുളീടുവതീശനല്ലൊ.
തമ്പത്തജസ്രമടിപെട്ടു വണങ്ങുവോർക്കാ–
യിമ്പത്തോടേകുമവയൊക്കെയുമത്ഭുദാരൻ. X. 5.

ഒ൬. സമ്പത്തു മുതലായ ഐശ്വര്യങ്ങൾ ദൈവാധീനങ്ങളാണ്. അവയെ ആർക്കു കൊടുക്കുവാൻ അവിടുക്കു മനസ്സുണ്ടോ അവന്നു അവ സിദ്ധമാകുന്നു. ആരിൽ അനിഷ്ടമുണ്ടാകുന്നുവോ അവന്നു അവ നഷ്ടമാകയും ചെയ്യും. അതിനാൽ അവയെ ലഭിക്കുവാൻ ആഗ്രഹിക്കുന്നവൻ ദൈവത്തെയാത്രേ, അവിടത്തെ ഇഷ്ടം അനുസരിച്ചു നടക്കണം.

ധനസമ്പാദനത്തിൽ ബദ്ധശ്രദ്ധന്മാരായി വിശുദ്ധ ദിവസങ്ങളേക്കു ടിയും ലംഘിച്ചുകൊണ്ട് അതിനായി അദ്ധ്വാനിക്കുന്നവരെല്ലാം ഈ സംഗതി നല്ലപോലെ ഹൃദിസ്ഥമാക്കേണ്ടതാണ്. ആസന്നമരണനായ തോബിയാസ് പുത്രനോടു ചെയ്യുന്ന ഉപദേശം കേട്ടാലും: "സദാപി ദൈവത്തെ സ്തുതിക്കുക; നിന്റെ വഴികളെ ശരിപ്പെടുത്തുവാനും നിന്റെ വിചാരങ്ങളെല്ലാം അങ്ങേപ്പുക്കൽ നിലനിൽക്കുവാനുമായി അവിടത്തെ പ്രാർത്ഥിക്കുക" (cap. IV. 20.). സുഭാഷിതങ്ങളിൽ:

പ്രവൃത്തികളിലെപ്പോഴും - ദൈവത്തെച്ചിന്തചെയ്യുക,
അവിടന്നു ശരിയ്ക്കും — നിന്റെകാൽത്തളിരമ്പൊട്ടും. III. 6.

എന്നു ശ്ലോമോൻ ഉപദേശിക്കുന്നതും ഓർമ്മിക്കേണ്ടതുതന്നെ.

ഒവ. മറാൾ മുഖേനയുളവാകുമനർത്ഥമേതും
തെറാതെതന്നെയുരുവിട്ട നിനച്ചിടൊല്ല,
ചെറാകിലും പരനു ദോഷഫലങ്ങൾചെന്നു—
പറാനടുത്തവിധമൊന്നിലുമേപ്പെടൊല്ല. X. 6.

ഒവ പ്രതീകാരത്തിനായി ശ്രമിക്കയും അന്യൻ നിനക്കു ചെയ്ത ഉപദ്രവത്തെ അനുസ്മരിക്കയും വേണ്ട. "അനുഭവിക്കാനിടയായ അപകാരങ്ങൾക്കുള്ള പ്രതിശാന്തി അവയുടെ വിസ്മൃതി മാത്രമാണ്" എന്ന് വി. ഹ്യൂസ്റ്റിനോസ് (Epist. 54. ad Iucil.) പറഞ്ഞിരിക്കുന്നു. പ്രസിദ്ധ വാഗ്മിയായ സിസറൊ, ജൂലിയസ് സീസറിന്റെ സ്തുതികളെ വർണ്ണിക്കയിൽ അദ്ദേഹം "അപകാരങ്ങളെ മാത്രമെ വിസ്മരിക്കപതിവായിരുന്നുള്ളൂ" എന്നു പ്രസ്താവിക്കുന്നു. — വി. ക്രിസോസ്റ്റോമോസ് (Homil. 41. in acta) പറയുന്നതു "പ്രതീകാരം ചെയ്യാതിരിക്കുക നമ്മെ ദൈവത്തോടു സമന്മാരാക്കുന്നു"എന്നാണ്. ഒരു വിജ്ഞൻ തനിക്കു ലഭ്യമായ അപകാരത്തെ പൊടിയിൽ എഴുതുന്നു: എന്നുവെച്ചാൽ ക്ഷണത്തിൽ വിസ്മരിക്കുന്നു. ഉപകാരത്തെ, പ്രതിനന്ദികാണിക്കേണ്ടതിനു നിത്യംഓർമ്മിക്കേണ്ടതിനായി മാർബിളിലും എഴുതുന്നു. ദുഷ്ടന്മാരും അഹങ്കാരികളും അപകാരത്തെ മാർബിളിലും ഉപകാരത്തെ പൊടിയിലുമാണ് എഴുതുന്നതു്. "ക്ഷണത്തിൽ നഷ്ടമാകുന്ന വസ്തു ഏതെന്നു അറിസ്റ്റോട്ടലിനോടു ചോദിച്ചതിനു 'ഉപകാരം' എന്നും 'സാവകാശത്തിൽ നശിക്കുന്നതെന്തു?' എന്നുള്ള ചോദ്യത്തിനു 'അപകാരം' എന്നും അദ്ദേഹം പ്രത്യുത്തരം പറഞ്ഞതിന്റെ ഹേതു ഇതിൽനിന്നു വ്യക്തമാണല്ലൊ.

"നീചരിൽ ചെയ്യുമുപകാരവുമപകാരം" എന്നും "നീചരിൽ ചെയ്യുന്ന ഉപകാരം നീറ്റിലെ വരപോലെ" എന്നും നാം കേട്ടിട്ടുള്ളതല്ലെ?

ഇതുയും പറഞ്ഞതു് സ്വന്ത നിലയിൽ (Private) ചെയ്യുന്നപ്രതീകാരത്തെമാത്രം ഉദ്ദേശിച്ചാണ്. സമുദായത്തെ സംബന്ധിക്കുന്നതും പൊതുജനങ്ങളുടെക്ഷേമങ്ങൾക്കു ഹാനികരവുമായ(Publica et quae

rempublicam laedunt.)തെറ്റുകൾക്കുപ്രതികാരംചെയ്യാൻഅധികാരികൾക്കുപാടുണ്ടെന്നുമാത്രമല്ല അതിനു അവർ ബാദ്ധ്യസ്ഥന്മാരുമാണ്.

ഒൻ. ദ്വ്യത്തിലുള്ള കൊരിപോലതിനിന്ദ്യമായ് ദുർ-
ഭവ്യത്വമില്ല ധരയിൽപ്പുനരൊന്നുപോലും
ദിവ്യത്വമാന്ന നിജ ജീവനുമർത്ഥകാംക്ഷി -
യവ്യഗ്രമന്യനുവിലയ്ക്കു കൊടുത്തിടുന്നു. X. 10.

ഒൻ. ദ്വ്യാഗ്രഹി പണത്തിനായി ദയയെ നിശ്ശേഷം പരിത്യജിക്കുന്നു. ഇങ്ങനെയുള്ളവരെപ്പറ്റി വി. ആഗസ്തീനോസ് (Serm. 25. De Verbis Domini) പറയുന്നതു ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വാക്കുകളെ ഇവിടെ ഉദ്ധരിക്കാം: "ആഗ്രഹത്തിന്റെ ഈ തള്ളൽ എന്തു? വന്യ മൃഗങ്ങൾക്കുകൂടിയും ഒരു പരിമാണ (Modus) മുണ്ട്. അവ വിശക്കുമ്പോൾ മാത്രം ഇരപിടിക്കുന്നു. തൃപ്തരാകുമ്പോൾ ഒന്നിനെയും ഉപദ്രവിക്കാതെ അടങ്ങിയിരിക്കുയും ചെയ്യുന്നു. ദ്വ്യാഗ്രഹം മാത്രം ഒരിക്കലും തൃപ്തമാക്കാൻ സാധിക്കാത്തതാണ്. എപ്പോഴും പിടിക്കുന്നു: ഒരിക്കലും സംതൃപ്തി പ്രാപിക്കുന്നില്ല. അതു ദൈവത്തെ ഭയപ്പെടുകയാകട്ടെ, മനുഷ്യനെ പേടിക്കുകയാകട്ടെ, അപ്പനോടു ക്ഷമിക്കുകയാകട്ടെ, അമ്മയെ അറിയുകയാകട്ടെ, ഭ്രാതാവിനെ അനുസരിക്കുകയാകട്ടെ, സ്നേഹിതനോടുള്ള വിശ്വസ്തത സംരക്ഷിക്കുകയാകട്ടെ ചെയ്യുന്നില്ല. ഇതെന്തൊന്നാണ്! പ്രാണനെ നശിപ്പിക്കുകയും, മരണത്തെ തേടുകയും, സ്വർഗ്ഗത്തെ സമ്പാദിക്കുകയും, സ്വർഗ്ഗത്തെ നഷ്ടമാക്കുകയും ചെയ്യുന്ന ഈ ആത്മിക ഭ്രാന്തെന്തു?". മ്ശീഹായെ വിറ്റുകൊണ്ടു സ്വാത്മാവിനെ പിശാചിനു അധീനമാക്കിയ യൂദാ ഇതിനു ഒരു ദൃഷ്ടാന്തമല്ലെ? "അവൻ കെട്ടിഞ്ഞണ; അവന്റെ വയർ പിളന്നു; അവന്റെ കുടലെല്ലാം വെളിക്കു ചാടി" എന്നു ശ്ലീഹ. നടപടി (I. 18.) യിൽ പറഞ്ഞിരിക്കുന്നു. – "ദ്വ്യാഗ്രഹിയേക്കാൾ നികൃഷ്ടനായി യാതൊന്നുമില്ല. എന്തെന്നാൽ അവൻ ദൈവത്തോടും അന്യന്മാരോടും മാത്രമല്ല, തന്നോടുതന്നെയും അനീതി പ്രവർത്തിക്കുന്നു. അവന്റെ ജീവൻ കച്ചവട വസ്തുവാകുന്നു, എന്നുവെച്ചാൽ പണത്തിനുവേണ്ടി ജീവനെ അപായത്തിലാക്കുന്നു" എന്നാണ് വി. തോമ്മാ (II.ª II.ae Quaest. CXVIII. art. 5. ad 1. et ex eo Palacius) പറയുന്നതു്. അതെ, ശരിതന്നെ, അവൻ ജീവനെ വിലുന്നു: അതായതു്, പണം ചെലവാകാതിരിക്കേണ്ടതിനായി ജീവസന്ധാരണത്തിനു ആവശ്യമായ വസ്തുക്കളെക്കൂടിയും പരിത്യജിക്കുന്നു. പണം സൂക്ഷിക്കേണ്ടതിനായി പ്രാണനെ തുണവൽക്കരിക്കുന്നു. അത്ഭുതം! സ്വന്ത ശരീരത്തെ പോറ്റുന്നതിനേക്കാൾ കായ്മായി വേറൊരു വസ്തു മനുഷ്യനു് എന്താണുള്ളതു്? ദ്വ്യാഗ്രഹി പ്രകൃതിദത്തമായി ശരീര രക്ഷയിലുള്ള ഈ സ്നേഹത്തേക്കൂടിയും പണത്തെപ്രതി ഉപേക്ഷിക്കുന്നു. – വി. ക്രിസോസ്റ്റോമോസ് (Homil. 81. in Matth.) പ്രകൃത വിഷയത്തെപ്പറ്റി പറയുന്നതു താഴെക്കാണിക്കാം: "ഇതു (ദ്വ്യാഗ്രഹം) ദുരാഗ്ര

ഹങ്ങളിൽ ഏറ്റവും നിക്രുഷ്ടമാണ്. ഇതിൽനിന്നു ശവകുടീരഭേദകന്മാരും, ഇതിൽനിന്നു കൊലപാതകരും, ഇതിൽനിന്നു യുദ്ധങ്ങളും കലഹങ്ങളും, ഇതിൽനിന്നു മറ്റനവധി ദോഷങ്ങളും ഉത്ഭവിക്കുന്നു. നിശ്ചയമായും ദ്രവ്യാഗ്രഹി ഏതു സ്ഥലത്തും നിരുപയുക്തൻതന്നെ. പട്ടാളത്തിനു നേതാവാകുന്നതിനും, ജനങ്ങളുടെ തലയാളാകുന്നതിനും അവൻ അയുക്തൻ. എന്തിനു പൊതുക്കാര്യങ്ങളെ എടുത്തുപറയുന്നു? തനിക്കായ്ത്തിനും അവൻ ഉപകാരഹിനൻതന്നെ. ഒരു ഭാര്യയെ സ്വീകരിക്കേണ്ട സമയം സുശീലയെയല്ല, പണംനേടേണ്ടതിനായി ഏറ്റവും ഭൂർവൃത്തയെ തിരഞ്ഞെടുക്കുന്നു. ഒരു വീട്ടുവാങ്ങേണ്ടി വരുമ്പോൾ തനിക്കു സുഖമായി പാർപ്പാൻ തക്കതിനേയല്ല, കൂട്ടുതൽ വാടകക്കു കൊടുക്കാവുന്നതിനെ തേടിപ്പിടിക്കുന്നു. ഭൃത്യന്മാരെയൊ മറ്റു വല്ലതുമോ ആവശ്യപ്പെട്ടാൽ ഏറ്റം താണതിനെ ഏപ്പോഴും അന്വേഷിക്കുന്നു." ഈ വിശ്രുതൻതന്നെ വീണ്ടും പറയുന്നതു കേട്ടാലും: "ഭൂമി മുള്ളുകൾക്കു പകരം സ്വർണ്ണം വിളയിക്കാത്തതിന്മേലും, ജലോല്പത്തികളിൽനിന്നു പൊന്നു പുറപ്പെടാത്തതിന്മേലും, മലകളിൽ കല്ലുകൾക്കു പകരം തങ്കം ഉണ്ടാകാത്തതിന്മേലും ദ്രവ്യാഗ്രഹിക്കു വലുതായ ദുഃഖമുണ്ട്... എല്ലാവരേയും— ധനിയേയും നിർദ്ധനനേയും— ദ്രവ്യാഗ്രഹി ദോഷിക്കുന്നു. തന്നോടു വല്ലതും ചോദിക്കാതിരിക്കേണ്ടതിനു ദരിദ്രനേയും അവക്കുള്ളതു തൻറെതല്ലാത്തതുകൊണ്ടു ധനികളേയും പെരുക്കുന്നു."

ഹാ! "ദ്രവ്യാഗ്രഹം സകല തിന്മകളുടേയും മൂലവും നാരായവേരുമാകുന്നു" എന്നു വി. ലിഖിതങ്ങളിൽ (I. Timoth. VI. 10.) പറയുന്നതു് എത്രയോ യഥാർത്ഥമാണ്.

ന്യാ. ഗർവ്വംവളർന്നുപന്നുള്ളൊരു പീഠമാദി
സർവ്വന്തകക്രമഖിലേശ്വരനായ ദൈവം
നിർവ്വർണ്യമാം വിനയമാന്നൊരു മർത്ത്യനെത്താൻ
സർവ്വത്തെയുംപരിചൊടാളുവതിന്നുയർത്തും. X. I.

ന്യാ. അഹംകാരിയായ ബൽത്തസാറിനെ അസീറ്യൻരാജപീഠത്തിൽനിന്നു ദൈവം നിഷ്കാസനം ചെയ്തു് ഇസ്രായേലിനോടു ദയയുള്ളവരായ ഡേറയസിനേയും (Darius) സൈറസിനേയും (Cyrus) അവനു പകരം പ്രതിഷ്ഠാപിച്ചു. അഹംഭാവിയായ ഫറഓനെ വിനയമുള്ള മൂശമുഖേന കടലിൽ താഴ്ത്തി. ഒലൊഫെർനസിനെ ശാന്തയായ യൂദിത്തു വഴിയും, ആമാനെ എസ്തേർവഴിയും, സെന്നെഹെറിബിനെ എസെക്കിയേൽവഴിയും, അന്തിയോക്കിയാസിനെ മക്കബേയർ വഴിയും നിഗ്രഹിച്ചു. വിനീതനായ ദാവീദിനെ സാവൂളിനു മേലായുയർത്തി. ആകയാൽ അധികാരികൾ തങ്ങൾ ദീർഘകാലം വാഴുന്നതിനും തങ്ങളുടെ അധികാരം അനന്തരവരിൽ സ്ഥിതിചെയ്യേണ്ടതിനുമായി ദയയോടുകൂടി ഭരണം നിർവ്വഹിക്കേണ്ടതാണ്.

ദയയുംസത്യവുംരക്ഷ— ചെയ്യുന്നുഭൂമിപാലനെ;

രാജപീഠത്തിനെപ്പോര— മുറപ്പിക്കുമനുഗ്രഹം. XX. 28. എന്നു സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ. ഭയ വഴിയായി ദൈവത്തെയും മനുഷ്യരേയും സാധീനരാക്കാം. "ശക്തരെ പീഠങ്ങളിൽ നിന്നു തട്ടിവീഴിച്ചു വിനയമുള്ളവരെ ഉയർത്തി" എന്നു പരിശുദ്ധ കന്യകമറിയം പറഞ്ഞിട്ടുള്ളതു ഓർക്കുക. ഡയോക്ലീഷിയനെ (Dioclesian) ഇറക്കി അവനു പകരം ശാന്തനായ കൊൻസ്റ്റൻറയിനെ (Constantine) സ്ഥാപിച്ചില്ലേ? ദുഷ്ടനായ യുജിനെ (Eugenius) താഴ്ത്തി താഴ്മയുള്ള തിയൊഡോസിയസിനെ (Theodosius) ഉയർത്തിയില്ലേ?

നൂ൪. ദാരിദ്ര്യദുഃഖമറിയുന്നൊരു ധർമ്മിയേശ്രീ—
പാരിൽത്തികച്ചസുമതേ! നിരസച്ചിടൊല്ലാ
പാരിച്ചവിത്തമുടയോനൊരു പാപിയെങ്കിൽ
കോരിച്ചൊരിഞ്ഞുമതിവാക്കുകളോതിടൊല്ലാ. X. 26.

നൂ൫. ധനിയുടെയും നിർദ്ധനന്റെയും ബഹുമാനം ദൈവഭയമാകുന്നു. അതിനാൽ ദൈവഭയമുള്ളവനും തദ്വാരാ നീതിമാനുമായ ഒരുവൻ നിർദ്ധനനാണെങ്കിലും ബഹുമാനത്തിന്നു് അർഹനാണു്. പ്രത്യുതഃ ദൈവഭയമില്ലാത്തവൻ വളരെ ധനിയായിരുന്നാലും മഹത്വീകരിക്കപ്പെടേണ്ടവനല്ല. കാരണം യഥാർത്ഥമായ മഹിമയ്ക്കു അവകാശിയാക്കുന്നതു് ധനമല്ല, നീതിയും ധർമ്മവുമാണു്. ഇപ്രകാരംതന്നെ ആക്ഷേപത്തിനും അപമാനത്തിനും പാത്രമാക്കുന്നതു് നിർദ്ധനത്വമല്ല, അധർമ്മമാണു്.

To whom is glory justly due?

മഹിമക്കു യഥാർത്ഥത്തിൽ അർഹൻ ആരാണു്? എന്നുള്ള ചോദ്യത്തിനു To those who pride and hate subdue അഹംകാരത്തെയും ദ്വേഷത്തെയും ജയിക്കുന്നവർ എന്നല്ലേ നാം വായിച്ചിട്ടുള്ളതു്?

വിഷസർപ്പം ദന്തമോ സഞ്ചിയോ കൊണ്ടുള്ള ഒരു ഭണ്ഡാരപ്പെട്ടിയിൽ ഇരുന്നാലും ആ വസ്തുക്കളുടെ ഗുണവും വിലയും ഓർത്തു് സർപ്പത്തെ വിലയുള്ളതായോ ഒരു നല്ല ജന്തുവായോ ആരും പരിഗണിക്കാറില്ല. മറിച്ചു് പ്രകൃതിസിദ്ധമായ അതിന്റെ വിഷത്തെ ഓർത്തു് അതിനെ ദ്വേഷിക്കയും അതിന്റെ അടുക്കൽനിന്നു് അകന്നുമാറുകയും ചെയ്യും. ഇതുപോലെതന്നെ ധനിയിലും അവനിലുള്ള അധർമ്മത്തെ കണ്ടുകൊണ്ടു് ധനപ്രാഭവത്തെ വകവെക്കാതെ അവന്റെ ദുരാചാരങ്ങളെ വർജ്ജിക്കണം എന്നു എപ്പിക്റെറ്റസ് (Epictetus) പറയുന്നു.

നൂ൬. സാരാംശമൊക്കെയറിയുന്ന സുധിപ്രവീരൻ
നേരായമട്ടു പരിശിക്ഷിതനായ ധന്യൻ
ധീരാത്മനുള്ളൊരനുശാസനവും പ്രമോദാൽ
പാരാതെ കേൾക്കുമെതിരല്ലവുമോതിടാതെ. X. 28.

നൂ൭. കുറ്റങ്ങളെ കാണിച്ചുതരുന്നവരേയും അവരുടെ തിരു

ത്തൽ, ഉപദേശം മുതലായവയേയും എളുപ്പത്തിലും സന്തോഷപൂർവ്വമായും സ്വീകരിക്കുന്നതു് വിജ്ഞാനിയുടെ അടയാളമാകുന്നു. ഒരു കായ്ത്തിലും ഒരിക്കലും തെറ്റാത്തവണ്ണം അത്ര വിജ്ഞതപം സർവ്വ കായ്ങ്ങളിലുമുള്ളവരില്ലെന്നു് അവർക്കു ബോധമുണ്ടു്. മനുഷ്യർ സ്വന്ത കായ്ങ്ങളിൽ ക്ഷണനേന വഞ്ചിക്കപ്പെടുകയും അന്ധന്മാരായിത്തീരുകയും ചെയ്യുന്നെന്നും, അന്യന്മാർ തങ്ങളെപ്പറ്റി ശരിയായി വിധിക്കുന്നെന്നും അവർക്കറിയാം. വി. കാർളോസ് ബൊറൊമേയൊ തന്നിലുള്ള ന്യൂനതകളെ കാട്ടിക്കൊടുക്കുന്നവരെ അന്വേഷിച്ചിരുന്നു. ഗൌരവമുള്ള രണ്ടു വൈദികന്മാരെ തന്റെകൂടെ താമസിപ്പിക്കയും തന്നിൽ വല്ല തെറ്റുമുണ്ടാകുമ്പോൾ അറിയിച്ചുകൊടുക്കുന്നതിനു് അവരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ (lib. VIII. Cap. XVI.) കാണാവുന്നതാണു്.

വിജ്ഞാനിയായ ശ്ലോമോൻ സുഭാഷിതങ്ങളിൽ പറയുന്നതു കേൾക്കുക:

ശാസിയ്യുന്നു ജ്ഞാനത്തെ, വി— ദ്വേഷിക്കും നിന്നെയക്ഷണൻ;
ശാസിയ്യുന്നു വിജ്ഞനെ, നിന്നെ— സ്നേഹിയ്യുമവനെപ്പൊഴും. IX. 8.
ഗുണവാനായ മർത്ത്യനാ - യുപദേശത്തെ നൽകുക
അതിനെ സ്വീകരിയ്ക്കുവാനാ— യവൻ സശ്രദ്ധനായിടും. IX. 9.
ശിക്ഷണത്തിനെ വാഞ്ഛിയ്യുന്നു— മെപ്പോഴും വിജ്ഞമാനസം;
മൂഢന്റെ വദനത്തിന്നു - മൌഢ്യമേ ഹിതഭക്ഷണം. XV. 14.
താനെതന്നെ വെറുക്കുന്നു— ശിക്ഷണത്തെ ത്യജിപ്പവൻ;
ശാസനം സ്വീകരിപ്പോൾ— വിജ്ഞാനം ലബ്ധമായ്വരും. XV. 32.
പ്രത്യക്ഷശാസനം ഗൂഢ— മൈത്രിയേക്കാൾ മഹത്തരം,
ശത്രുവിൻ ചുംബനത്തേക്കാൾ - മിത്രദണ്ഡനമുത്തമം. XXVII. 5-6.
ദണ്ഡപ്രിയനാർ സൂനൊ!— വിജ്ഞാനപ്രിയനാ നരൻ.
ദുഷ്ടമാനുഷനുൾത്താരി— ലിഷ്ടമല്ലനുശാസനം. XII. 1.

ന്നാ. ഡംഭമുഴുത്തു തനിയേ തവചേഷ്ടദീപ—
സുംഭം കണക്കു ഗഗനത്തിലുയർത്തിടൊല്ലാ;
കുംഭംതകർപ്പടി ഭഗ്നമനസ്സനായ് സം—
രംഭംതൃജിച്ചു വിപദിസ്ഥിതി ചെയ്തിടൊല്ലാ X. 24.

ന്നാ. എല്ലാമെനിയ്യു ശുഭമെന്നു നടിച്ചു ഭോജ്യ—
മില്ലാതെ മുട്ടിവലയുന്നതിലേറെയുക്തം
വല്ലാതലഞ്ഞുപണിചെയ്തു തനിയ്യുവേണ്ട—
തെല്ലാം ലഭിച്ചുകഴിയുന്നതു തന്നെയല്ലൊ. X. 30.

ന്നാ. സുഭാഷിതങ്ങളിൽ (XII. 9.):
തനിയ്യു വേണ്ടകായ്മം നിർ— വഹിച്ചിടുന്ന നിദ്ധനൻ
അന്യിയ്യു വിശമിയ്യും വി— ഖ്യാതനെക്കാളുമുത്തമൻ.— എന്നു് പറഞ്ഞിട്ടുള്ളതിനെയാണു് ഇതു നിർദ്ദേശിക്കുന്നതു്. വിനീതനായ ഒരു നി

ദ്ധനൻ തനിക്കു ജീവസന്ധാരണത്തിനു വേണ്ടവയെ അദ്ധ്വാനിച്ചു സമ്പാദിക്കുന്നു. അഹംഭാവിയായ ഒരുവനാകട്ടെ അഭിമാനം കരുതി പണി ചെയ്യാതെ ഇരിക്കുകൊണ്ടു് അന്നവസ്ത്രാദികളില്ലാതെ വലയുകയും ദുഃഖവും ലജ്ജയുംകൊണ്ടു് കഷ്ടപ്പെടുകയും ചെയ്യുന്നു. "മനുഷ്യൻ അദ്ധ്വാനിക്കേണ്ടതിനായി ജനിച്ചിരിക്കുന്നു" എന്നാണ്ടു് യോബ് (V. 7.) പറയുന്നതു്. അതിനാൽ വേലചെയ്യുന്നതിൽ ആകട്ടെ ലജ്ജയുണ്ടാകേണ്ടതല്ല. "സ്വന്ത കൈയ്വേലകൊണ്ടു് ഉപജീവിക്കുന്നവർ ഭാഗ്യവാന്മാർ" എന്നു സങ്കീർത്തനങ്ങളിൽ (CXXVII. 2.) പറയുന്നില്ലേ?

നന്ദ ലാവണ്യമോത്തൊരുവനെ സൂരി ചെയ്തിടൊല്ല
വൈവർണ്യമോത്തുപരനേ ലഘുവാക്കിടൊല്ല;
ഹെ! വത്സ! മക്ഷികതുലോം ചെറുതെങ്കിലും രൊ-
നേവക്രമിഷ്ടമതുതൽക്കൃത വസ്തുവല്ലെ? XI. 2-3.

നന്ദ. ശരീരപ്രകൃതിയിൽനിന്നു എപ്പോഴും മനഃപ്രകൃതിയെ അനുമാനിക്കരുതു്. ശരീരത്തിന്റെയും മനസ്സിന്റെയുംസ്വഭാവങ്ങൾ വ്യത്യസ്തങ്ങളാണ്. ഇതുപോലെ അതുകളുടെഗുണാഗുണങ്ങളും വ്യത്യസ്തങ്ങളാകാം. തൻമൂലം രൂപാകൃതിയിൽനിന്നു് മനഃപ്രകൃതിയെ എപ്പോഴും നിശ്ചയിച്ചുകൂടാ. രൂപാകൃതി നോക്കി നാം വല്ലൊരുത്തനേയും ത്യാജ്യനായിക്കരുതുന്നു എങ്കിൽ അതു അബദ്ധമാണ്. നികൃഷ്ടാകൃതിയിൽ വിശിഷ്ട മനസ്സും ഹൃസ്വകായനിൽ മഹാശയവും സ്ഥിതിചെയ്യാൻ പാടുണ്ടു്. ഈസോപ്പു്, സോക്രട്ടിസ് ആദിയായ ചിലർ വളരെ വിരൂപന്മാരായിരുന്നു. അറിസ്റ്റോട്ടൽ ക്രൂരനും ക്രൂനനും വിരൂപനും വിക്രമനുമായിരുന്നില്ലെ; എങ്കിലും അവരുടെ ബുദ്ധിശക്തി എത്രയൊ വലുതു! വി. പൌലോസ്, വി. ക്രിസോസ്തോമോസ്, വി. ഈറാനിമോസ്, വി. ഫ്രാൻസീസ് ക് സേവിയർ ഇവരെല്ലാം വളരെ ഹൃസ്വകായന്മാരായിരുന്നു.

വി. അംബ്രോസീസ് (Lib. De Instit. Virginis, Cap. III.) സൃഷ്ടി ഒന്നാം അദ്ധ്യായത്തെ (Genes. I.) ആസ്പദീകരിച്ചുകൊണ്ടു്, വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങൾക്രൂടിയും നന്നായിരിക്കുന്നു എന്നു ദൈവം അരുളിച്ചെയ്കെങ്കിലും മനുഷ്യനെക്കുറിച്ചു് ആവിധം പ്രസ്താവിക്കാതിരുന്നതിനെപ്പറ്റി ഈ വിധം പറയുന്നു: "ബാഹ്യാവലോകനത്തിനു വിഷയീഭവിക്കുന്നതിൽപ്പ്രമായി വേറൊരു നന്മ തിയ്യക്കുകളിൽ നീ കണ്ടെത്തുകയില്ല. മനുഷ്യനിലാകട്ടെ, പ്രത്യക്ഷീഭവിക്കുന്നതിൽ കുറവായും വേറൊന്നില്ല. അവൻ ആത്മശരീരസംയുക്തനാകയാൽ ശരീരം ദൃഷ്ടിക്കു വിഷയീഭവിക്കുന്നു. ദൃഷ്ടിഗോചരീഭവിക്കാത്ത ഭാഗം അവനെ ഭരിക്കുകയും ചെയ്യുന്നു. ആകയാൽ പ്രാരംഭത്തിൽതന്നെ മറ്റു വസ്തുക്കളെ സ്തുതിക്കയും, ഇവന്റെ സ്തുതികളെപ്പറയാതെ വെച്ചുസൂക്ഷിക്കയും ചെയ്യുന്നു സ്വഭാവന്യായംതന്നെ. എന്തെന്നാൽ

മറ്റു വസ്തുക്കളുടെ ഭംഗി ബാഹ്യവും ഇവന്റെതു അഭ്യന്തരവുമാകുന്നു. മറ്റുള്ളവയുടെതു ജന്മസിദ്ധം; ഇവന്റെതു ഹൃദിപ്രതിഷ്ഠം"

ദൈവം തന്റെ ദാനങ്ങളെ വിഭജിച്ചാണ് കൊടുക്കുന്നതെന്നുള്ളതും നാം ഇവിടെ ഓർക്കേണ്ടതാണ്. ഒരുവനു ഒന്ന്, പരനു വേറൊന്ന്. സ്ത്രീവർഗ്ഗത്തിനു രൂപലാവണ്യം കൊടുത്തയാൾ മനഃശക്തിയും ബുദ്ധിക്രമ്മതയും അവക്കു പ്രദാനം ചെയ്തില്ല. "കായബലം അതൃധികമുള്ളവർ വിജ്ഞാനത്തിൽനിന്നു വളരെ ദൂരസ്ഥന്മാരാകുന്നു" എന്നു സിസറോ പറയുന്നു.

അതിനാൽ മക്ഷികയെപ്പോലെ എത്രതന്നെ തുച്ഛനായി ഒരുത്തൻ കാണപ്പെട്ടാലും അവനിലും മധു തുല്യമായ സൽഗുണങ്ങൾ സ്ഥിതിചെയ്യാമെന്നു നാം ധരിക്കേണ്ടതാണ്.

ന്യൂനം. കായ്ം സമസ്തമടിയോടെ തിരഞ്ഞിടാതുൽ–
ക്രൌര്യം മുഴുത്തു പരനെപ്പഴിയാക്കിടൊല്ല.
വീര്യം നിറഞ്ഞ സുമരേ! വഴിപോലറിഞ്ഞാൽ
ധൈര്യത്തൊടൊത്തു വിധിചെയ്യുക നീതിപൂർവ്വം. XI. 7.

ന്യൂനം. ചിലർ അഹംഭാവംകൊണ്ടോ അജ്ഞതകൊണ്ടോ തങ്ങൾ സർവ്വജ്ഞന്മാരാണെന്നു സ്വയമെ കരുതുകയും മറ്റുള്ളവരെപ്പറ്റി ഏതെങ്കിലും ദൂഷ്യമായി കേട്ടാൽ അതു ശരിതന്നെയെന്നു ഉടനെ തീരുമാനിക്കയും ചെയ്യുന്നു. മറ്റു ചിലരാകട്ടെ തങ്ങൾ ആദ്യം കേട്ടതിനെ വളരെ നിർബന്ധപൂർവ്വം വെച്ചുകൊണ്ടിരിക്കുന്നു. അന്യനു ഗുണകരമായതിനെപ്പറ്റി വിചാരിക്കുവാൻ പോലും അവക്കു മനസ്സില്ല. എന്നുവേണ്ട, തങ്ങൾ പിടിച്ചിരിക്കുന്നതിനു വിരോധമായി പറയുന്നതായൊ, അതിനെ ഖണ്ഡിക്കുന്നതായൊ അറിഞ്ഞാൽ അനിഷ്ടപ്പെടുകയും ചെയ്യും. സത്യാവസ്ഥ തിരക്കാതെ കേട്ടപടി അന്യരെപ്പറ്റി രഹസ്യമായും പരസ്യമായും– ന്യായാസനത്തിൽനിന്നും അല്ലാതെയും– വേണ്ട അന്വേഷണംക്കൂടാതെ സേച്ഛാനുസാരം ഉദ്ഘോഷിചെയ്യുന്നു. ഇങ്ങനെ ചെയ്യരുതെന്നാണ് ബർസീറാ നമ്മോടുപദേശിക്കുന്നതു.

എന്നാൽ അന്വേഷിച്ചു വാസ്തവം അറിഞ്ഞു് അന്യൻ കുറ്റക്കാരനാണെന്നു കണ്ടാൽ, കുറ്റത്തിന്റെ ഘനാഘനങ്ങൾക്കു തക്കവണ്ണം ശിക്ഷ ചെയ്യണം. ഇക്കാര്യത്തിൽ അധൈര്യംമൂലം ഇളവു ചെയ്യരുതു്.

അധികംപേരും അന്യരെപ്പറ്റി മിഥ്യാപവാദം ചെയ്യുന്നതിൽ ശ്രദ്ധാലുക്കളായിക്കാണപ്പെടുന്നു. എങ്കിലും അന്യന്മാർ അവരെക്കുറിച്ചു ആ വിധം ചെയ്യാൻ മനസ്സില്ലാതെയുമിരിക്കുന്നു. സന്മാർഗ്ഗത്തിന്റെ മൂലപ്രമാണമാകട്ടെ, അന്യന്മാരോടു നമ്മോടു ചെയ്യാൻ നാം ആഗ്രഹിക്കുന്നതിനെത്തന്നെ അന്യന്മാരോടു നാമും ചെയ്യണമെന്നാണ്.

ന്യൂ. എല്ലാം ശ്രവിച്ചു കഴിയാതതിനുത്തരം നീ
ചൊല്ലാൻ ശ്രമിയ്ക്കരുതൊരൊറ്റ വയസ്സുപോലും

വല്ലാതെ നിന്റെ വചനങ്ങൾ നിമിത്തമന്യ-
സല്ലാപമൊട്ട പകുതിയ്ക്കു മുറിച്ചിടൊല്ല. XI. 8.

൯൬. മുഴുവൻ കേൾക്കുന്നതിനു മുമ്പും ഇതരൻ പറഞ്ഞു നിറുത്തുന്നതിനുമുമ്പും കേറിപ്പറയുന്നതിൽനിന്നു പലേ ദുർഗ്രഹണങ്ങൾ വെളിപ്പെടുന്നു. അവ ഏവയെന്നാൽ: (ക) ഇതരൻ പറയാനിരിക്കുന്നതിനെക്കുടി ഗ്രഹിച്ചുകഴിഞ്ഞു എന്നു നടിക്കുന്ന അഹംഭാവം- (ഖ) സമയത്തിനു മുമ്പായി മുപടി പറയുന്നതിലുള്ള ഘനക്ഷയം. (ഗ) ചോദ്യപ്പെടുന്നതിൽനിന്നു വ്യത്യാസമായി ഉത്തരംപറയുന്നതിനുള്ള അപകടത്തിൽ ചെന്നുചാടുന്ന അവിവേകം:

ശ്രവിപ്പതിനുമുമ്പായി- ട്ടുത്തരംപറയുന്നൻ
ജളനാകുന്നതാനെന്നു- തെളിവാക്കുന്നു നിശ്ചയം. XVIII. 13.

എന്നും

നിനച്ചുകഴിയുംമുമ്പേ - കഥിച്ചുകഴിയുന്നവൻ
അധമൻജളനെക്കാളു - മധികം, കേൾക്കബാലക! XXIX. 20

എന്നും ആണല്ലൊ സുഭാഷിതങ്ങൾ പറയുന്നതു്:- (4) ഇതരൻ സംസാരിക്കുമ്പോൾ കേറിപ്പറയുന്നതിലും അവന്റെ ചോദ്യം മുഴുവൻ ധരിക്കാതെ പ്രത്യാഖ്യാനം ചെയ്യുന്നതിലുമുള്ള മര്യാദക്കേടു്.

പൊതുവായ ഈ വാക്യം പലരെ സംബന്ധിക്കുന്നതാണു്. ആരെയെല്ലാമെന്നാൽ: (ക) ഗുരുക്കന്മാരെ: താൻ പഠിച്ചറിയാത്തതിനെ അന്യരെ പഠിപ്പിക്കുവാൻ തുനിയരുതു്. (ഖ) വിധികർത്താക്കളേ: ഇരുഭാഗവും കേൾക്കാതെ വിധി പ്രസ്താവിക്കരുതു്. (ഗ) ആലോചനക്കാരേ: കാര്യം കേട്ടു ഗ്രഹിച്ചു് പൂർണ്ണമായി ആലോചിച്ച ശേഷമേ അഭിപ്രായം പുറപ്പെടുവിക്കാവൂ. (ഘ) സാധാരണ സംഭാഷകന്മാരെ: ഇടയ്ക്കു കയറിപ്പറയുന്നതു് അന്യന്റെ വാക്കുകൾ വെളിക്കു വരുവാൻ അയോഗ്യങ്ങളെന്ന മട്ടിൽ തടുക്കുകയാകകൊണ്ടു് അവനു ആക്ഷേപകരമാണു്.

ബഹുരെക്കാര്യങ്ങളെ സസന്തോഷം കേൾക്കയും ചുരുക്കത്തിൽ സാവധാനം പറയുകയും ചെയ്യുന്നതാണുത്തമം. Give thine ear to every one, but few they voice എന്നാണല്ലൊ ആംഗ്ലേയ കവിയും ഉപദേശിക്കുന്നതു്. "എല്ലാ മനുഷ്യരും ശ്രവിക്കുന്നതിൽ ധൃതിയുള്ളവരും എന്നാൽ സംസാരിക്കുന്നതിൽ സാവധാനികളുമായിരിക്കട്ടെ" എന്നു വി. യാക്കോവുശ്ലീഹാ (1. 19.) നമ്മോടു ചെയ്യുന്ന ഉപദേശമാണു് പ്രസ്തുത കവിയുടെ വാക്യങ്ങളുടെ അടിസ്ഥാനം.

൯൭. ഓമൽത്തനുജ! തവകായ്മെഴാത്ത ദിക്കിൽ
നീ മന്ദബുദ്ധിയൊടു ചെന്നിടപെട്ടിടൊല്ല
ക്ഷേമപ്രദം സരണിവിട്ടവരോടുചേന്നു
കേമത്തമാൻ വിധിചെയ്തതിനേപ്പെടൊല്ല. XI. 9.

നൻ. ദൈവം കൊടുപ്പൊരു വിശിഷ്ടവരങ്ങളെല്ലാം
ജീവപ്രദം; ഗുണിയൊടൊത്തവ നിൽക്കുമെന്നും
ഏവന്നയർച്ച ജഗദീശ്വരനിഷ്ടമാകു–
മാവന്ദ്യനൽഗതി നിരന്തരമുൾവിടുന്നും. XI. 17.

൧൦. കാമാനുസാരമഭിവൃദ്ധികലർന്നനാളിൽ
ക്ഷാമാർത്തിയേതുമറിയാതെ നടന്നിടൊല്ല
സീമാവിഹീനപരിതാപമിയന്നിടുമ്പോൾ
ക്ഷേമാനയുക്തസമയത്തെ മറന്നിടൊല്ല. XI. 27.

൧൦. സമ്പൽക്കാലത്തു് കഴിഞ്ഞതും ഒരുപക്ഷേ വന്നുകൂടാ നിരിക്കുന്നതുമായ ദാരിദ്ര്യത്തേയും, ദരിദ്രതയുടെ കാലത്തു് കഴിഞ്ഞതും ഒരുപക്ഷെ വന്ന ഭവിക്കാവുന്നതുമായ നല്ലകാലത്തേയും ഓർക്കണം. വിപരീതങ്ങളായ ഈ വിചാരങ്ങൾ ആ ഇരുകാലങ്ങളിലും വരാവുന്ന ദോഷങ്ങൾക്കു് ഒരു പ്രതിവിധിയാകുന്നു. – ദുഃഖകാലങ്ങളിൽ പൂർവ്വ സന്തോഷങ്ങളും ഭാവിയിൽ വീണ്ടും ഉണ്ടാകാവുന്നതുമായ ആശ്വാസങ്ങളും ഓർത്തു മനസ്സിടിയാതെയും, സന്തോഷാവസരങ്ങളിൽ ഒരിക്കൽ അനുഭവിച്ച ദുഃഖങ്ങൾ പടിവാതുക്കൽ നിൽക്കുന്നുണ്ടെന്നും അവ വീണ്ടും വന്നുചേരാവുന്നതാണെന്നും ഓർത്തു് അഹങ്കരിക്കാതെയും ഇരിക്കണം. – ദൈവികാശ്വാസങ്ങൾ ഉണ്ടാകുമ്പോൾ അവ നഷ്ടമായേക്കാമെന്നവച്ചു് അതിശരണം ഇല്ലാതെയും ആശ്വാസരഹിതമായ കാലങ്ങളുടെ സ്മരണയോടുകൂടിയും ഇരിക്കയും, നിരാശ്വാസകാലങ്ങളിൽ ആശ്വാസത്തെ പ്രതീക്ഷിക്കയും വേണം. ഇരുട്ടിനു പിറകെ വെളിച്ചവും, കാർമേഘങ്ങൾ നീങ്ങി തെളിഞ്ഞ നഭോമണ്ഡലവും, വേനൽകഴിഞ്ഞു വർഷവും, കൊടുങ്കാറ്റു കഴിഞ്ഞു ശാന്തതയും ഉണ്ടാകുന്നില്ലേ?– ബഹുമാനവും മഹത്വവുമുള്ളപ്പോൾ, അവ നഷ്ടമാകാമെന്നും, മാത്രമല്ല, ആക്ഷേപങ്ങളും നിന്ദയും വന്നുകൂടാമെന്നും ഓർക്ക. ആമാൻ, ഒലൈഫെർനസ്, അന്തീയൊക്കസ്, നബുക്ദ്നാസർ ഇവർക്കു സംഭവിച്ചതു വിസ്മരിക്കരുതു്. എന്നാൽ ആക്ഷേപങ്ങളും നിന്ദയും നേരിടുമ്പോൾ പൂർവ്വമഹത്വവും പ്രതാപവും പുനഃപ്രാപ്യമാകുന്ന കാലമുണ്ടാകുമെന്നു കരുതണം. – യുദ്ധകാലത്തു് സമാധാനത്തെ പ്രതീക്ഷിക്കുക. സമാധാനകാലത്തു് യുദ്ധായുധങ്ങളെ സജ്ജമാക്കുക. – പരീക്ഷകളുടെ കാലത്തു് ശാന്തകാലമുണ്ടാകുമെന്നോർക്കണം. ശാന്തകാലത്തു പരീക്ഷകൾക്കു ഒരുങ്ങണം.

പ്രകൃതവിഷയത്തെപ്പറ്റി വി. ക്രിസോസ്റ്റോമോസ് (Homil. 8. in Matth.) ഇങ്ങനെ പറയുന്നു: "കരുണാനിധിയായ ദൈവം ദുഃഖകരമായ കാര്യങ്ങളോടുകൂടി ചില സന്തോഷങ്ങളേയും ഇടകലർത്തിയിരിക്കുന്നു. അവിടുന്നു സകല വിശ്വാസികൾക്കും ഈ വിധമാണു പ്രവർത്തിച്ചതു്. അവർക്കു ദുഃഖമാകട്ടെ സന്തോഷമാകട്ടെ നിത്യമായി നേരിടുവാൻ അവിടുന്ന് അനുവദിച്ചില്ല. പ്രത്യുതഃ നീതിമാ

ന്മാരുടെ ജീവിതത്തെ ശുഭംകൊണ്ടും അശുഭംകൊണ്ടും, അത്ഭുതജന്യ കമായ നാനാതരംകൊണ്ടെന്ന കണക്കെ, ഇടകലർത്തി." ഇങ്ങനെ ശുഭംകൊണ്ട് അവർ അഹങ്കരിക്കാതെയും അശുഭംകൊണ്ട് ഭഗ്നാശ രാകാതെയും സമനിലയിൽ എന്ന മട്ടിൽ സുഖദുഃഖങ്ങളുടെ ഈ സമ്മിശ്രതകൊണ്ട് ദൈവം അവരെ സംരക്ഷിച്ചു.

"എപ്പോഴും ദുഃഖവും എപ്പോഴും സന്തോഷവും നേരിട്ടില്ല: പിന്നെയോ ഉഷസ്സും സായംകാലവുംകൊണ്ട് ഒരു ദിവസം" എന്നാണ് വി. ബെർണാർഡ് (Serm. 2. in Ramis Palmarum) പറയുന്നത്.

൧. പ്രജ്ഞാവിലാസമിയലുന്ന മദീയസൂനോ!
വിജ്ഞാതനല്ല ശുഭകാലമൊരാപുഷസ്സു
അജ്ഞാതനല്ല രിപുവും തവ കഷ്ടകാലേ
വിജ്ഞാനവാക്യമിതിനില്ലണവും വികല്പം. XII. 8.

൧. A full purse lacks no friends എന്ന് ഇംഗ്ലീഷിൽ പറയാറുണ്ടല്ലൊ. മിത്രങ്ങളില്ലാത്ത പലരും സമൃദ്ധികാലത്ത് അതിൽ ഭാഗഭാക്കുകളാകേണ്ടതിനായി സ്നേഹഭാവം നടിക്കുന്നു. അവർ ആളിനെയല്ല, അവന്റെ അർത്ഥത്തെയാണ് സ്നേഹിക്കുന്നത്. കഷ്ടകാലത്താകട്ടെ, ശത്രുക്കൾ അവരുടെ ആ സമയത്തെ സന്തോഷം, ആക്ഷേപവാദം, പരിഹാസം ഇതുകളാൽ വെളിപ്പെടുന്നതിനിടയാകാതിരിക്കയില്ല. അബ്ശലോമിനെ വിട്ട ദാവീദ് ഓടിയൊളിക്കയിൽ സെമെയി (Semei) അദ്ദേഹത്തെ ദുഷിച്ചില്ലേ? ദാവീദിനു വിരോധമായി അഹിതൊഫെൽ (Achitophel) അബ്ശലോമിനു ദുരാലോചന കൊടുത്തില്ലേ? (II. Reg. XVI; XVII.) മുടിയനായ പുത്രന്റെ സമൃദ്ധികാലത്തെ ബന്ധുവൃന്ദം അവന്റെ കഷ്ടകാലത്ത് എവിടെപ്പോയി?

൨. വല്ലാത്ത വന്യമൃഗസന്നിധിതന്നിലെത്തി—
പ്പൊല്ലാപ്പിലാക്കുമവനിൽക്കനിവാക്കുദിയ്ക്കും?
ഉല്ലാസപൂവ്വമൊരു ദുഷ്കൃതിയോടിടഞ്ഞു
വല്ലായ്മയിൽപ്പെടുമവന്നമിതാണ്ടഷ്ടം. XII. 13.

൩. നൽത്തേനൊഴുക്കു,മെതിരാളിമനോജ്ഞവാക്കാൽ
ചിത്തേ ചതിയ്ക്കുപല മാർഗ്ഗമവൻ നിനയ്ക്കും
മത്തേഭതുല്യമിഹനിന്നെയവൻ സുമാർഗ്ഗ—
സത്തേ! കുഴിയ്ക്കുമറവെച്ചതിലുൾപ്പെടുത്തും. XII. 15.

൪. കണ്ണീർപൊഴിയ്ക്കുമരിയെങ്കിലുമേനമൊത്താൽ
തണ്ണീർകണക്കു തവരക്തമവൻ കുടിയ്ക്കും

ഉണ്ണീ! നിനക്കെഴുമഴൽക്കൊരു മൂലമായ് നീ–
യെണ്ണീടുവാനുമിടയാമവനെസ്സുഖേദം. XII. 16. 17.

ഫെ–രെ. ശത്രു, കണ്ണുരസംകൊണ്ടു തന്നെയല്ല, കണ്ണുകൾ കൊണ്ടും നിന്നെ വശീകരിക്കുവാൻ ശ്രമിക്കും. നിന്നോട് അവനുണ്ടായിരുന്ന പൂർവ്വശത്രുതയെപ്പറ്റിയോ നിന്റെ ഏതൽക്കാല കഷ്ടതകളെപ്പറ്റിയോ ദുഃഖിക്കുന്ന വിധത്തിൽ അവൻ ബാഷ്പധാരപുറപ്പെടുത്തുന്നതുമാണ്. എന്നാൽ തക്കതരംവരുമ്പോൾ അവൻ ശത്രുഭാവത്തിൽ നിന്റെ മേൽ പാഞ്ഞുവീണ് നിന്നെ നശിപ്പിക്കയും അവൻ ദാഹിച്ചിരുന്ന നിന്റെ രക്തം പാനം ചെയ്തിട്ടും തൃപ്തനാകാതെ നിന്റെ പ്രേതത്തേയും ശ്മശാനത്തേയും സൽകീർത്തിയേയും സന്താനങ്ങളേയും കുടുംബത്തേയും നഷ്ടമാക്കുകയും ചെയ്യും. നിനക്ക് ആപൽക്കാലം നേരിടുമ്പോൾ നിനക്കു വിരോധമായിട്ട ആദ്യ ശത്രുവായി അവൻ പുറപ്പെടും. നിനക്ക് അനർത്ഥങ്ങളെ ഉണ്ടാക്കുകയോ ഉള്ളതിനെ വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിലും സർവ്വപ്രധാനനായി പ്രവർത്തിക്കുന്നവൻ അവനായിരിക്കും.

ഒ. ഒട്ടിപ്പിടിയ്ക്കുമൊരു സജ്ജരസത്തിൽ നീ കൈ–
യിട്ടിട്ടെടുക്കിലതുപങ്കിലമായ് ഭവിയ്ക്കും
കെട്ടിപ്പിടിച്ചപടി ശർവ്വരനോടു ചേർന്നാൽ
തട്ടിത്തിരിഞ്ഞു ഹൃദിശർവ്വമവന്നുമേറും. XIII. 1.

ഒ. ഉരുകിയ താറിൽ കൈയ് ഇട്ടുന്നതായാൽ അതു കൈയിൽ ഒട്ടിപ്പിടിച്ച് അതിനെ മലിനപ്പെടുത്തും. ഇതുപോലെ അധർമ്മികളോട് – വിശിഷ്യ അഹംകാരികളോട് – സംസർഗ്ഗം ചെയ്യുന്നവൻ അവന്റെ ദുശ്ശീലങ്ങളെ തന്നിലേക്കു പകർത്തുകയും സൽകീർത്തിയെ നഷ്ടമാക്കുകയും ചെയ്യും.

വിജ്ഞസംസർഗ്ഗമാർജ്ജിച്ചാൽ– മവൻവിജ്ഞാനിയായ്വരും;
ഭോഷനെപ്പോൽഭവിച്ചിട്ട– മവന്റെ സഹഗാമിയും.
(XIII. 20. എന്നും,

കോപശീലമിയന്നോരു – നരന്റെ സഖിയാകൊലാ;
ഉന്മത്തനായ മർത്ത്യന്റെ– സഹഗാമിയുമാകൊലാ. XXII. 24.
അവന്റെ വഴിശീലിയ്ക്കാ– തിരിയ്ക്കാനുമനുക്രമൽ
ആത്മവ്യാധിയ്ക്കുഹേതുക്കൾ– ഭവിയ്ക്കായ്വാനുമാണിതു. XXII. 25.

എന്നും സുഭാഷിതങ്ങളിൽ പറയുന്നുണ്ടല്ലൊ. "സംസർഗ്ഗജാഃ ദോഷഗുണാഃ ഭവന്തി" എന്നുമില്ലേ?

ദുശ്ശീലങ്ങൾ പകർച്ചവ്യാധികൾപോലെയാകുന്നു. "ദുർഗ്ഗുണങ്ങളെ കണ്ടുപഠിക്കുക ക്ഷണസാദ്ധ്യമാണ്. ഒരുത്തന്റെ സൽഗുണങ്ങളെ കണ്ടുപഠിക്കുവാൻ നമുക്കു സാധിക്കാതെ വരാം; എങ്കിലും അവന്റെ ദുർഗ്ഗുണങ്ങളെ നാം ക്ഷണത്തിൽ പകർത്തിയെടുത്തുകൊള്ളും." എന്നാണ് വി. ഈറാനിമോസ് (Epist. 7.) പറയുന്നത്.

കൃഷിസ്ഥലങ്ങളിൽ എത്ര അദ്ധ്വാനങ്ങൾ ചെയ്തിട്ടാണ് സസ്യാദിക
ളെ ഒരു വിധത്തിലെങ്കിലും നാം വളർത്തുന്നത്? കളകളും മുൾച്ചെ
ടികളും താനേ തന്നെ മുളച്ചു വളരുന്നില്ലേ? നാം എത്രതന്നെ പരി
ശ്രമിച്ചിട്ടും അവയെ നിശ്ശേഷം നശിപ്പിക്കുവാൻ സാധിക്കുന്നുണ്ടോ?
സേനക്കും ഈ വിഷയത്തെപ്പറ്റി (Lib. III. De Ira) പറയുന്നതു
ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: "സമ്പർക്കംമൂലം നടപടിയുടെ അ
നുകരണംഉണ്ടാകുന്നു. അടുത്തുള്ളവരിൽ ചില ശരീര രോഗങ്ങളെ ഉ
ത്പാദിപ്പിക്കുന്നതുപോലെ, ആത്മാവും സമീപസ്ഥനിലേക്കു അതിന്റെ
തിന്മയെ പ്രവേശിപ്പിക്കുന്നു. മദ്യപ്രിയൻ സഖിയിൽ മദ്യപ്രിയത്തെ
ജനിപ്പിക്കുന്നു. കാമാതുരൻ ധീരനും താപസനുമായ ഒരുവനെ ബ
ലഹീനനാക്കിത്തീർക്കുന്നു. ദ്വ്യാഗ്രഹം അതിന്റെ വിഷയത്തെ അടു
ത്തുചെല്ലുന്നവരിൽ പ്രവേശിപ്പിക്കുന്നു. പ്രത്യുതഃ ധർമ്മത്തിന്റെ സം
ഗതിയിലും ഈവിധംതന്നെ. അതിനോടു സമീപിക്കുന്ന സത്ത്വത്തെ
യും അതു മാർദ്ദവപ്പെടുത്തുന്നു. ശരീരസുഖത്തിന്നു നല്ല ഒരു ദേ
ശവും സുഖാവഹമായ അന്തരീക്ഷവും എത്ര ആവശ്യമോ, ബലഹീന
തയുള്ള ആത്മാക്കൾക്കു സജ്ജനസംസർഗ്ഗം അതിനേക്കാൾ ആവശ്യ
മാണ്. വന്യമൃഗങ്ങൾ ക്രൂരിയും മനുഷ്യസംസർഗ്ഗംമൂലം മയപ്പെടുന്നു
വെന്നുള്ള സംഗതിയിൽനിന്നു മേൽപ്പറഞ്ഞതിന്റെ ശക്തി മനസ്സി
ലാക്കാം." കുട്ടികളെ ഏതു തരം വിദ്യാലയങ്ങളിലാണ് അയക്കേ
ണ്ടതെന്നും ആരുടെ ഒരുമിച്ചാണ് അവരെ താമസിപ്പിക്കേണ്ടതെന്നും
ആരോടെല്ലാമുള്ള സംസർഗ്ഗമാണ് അവർക്കു അനുവദിക്കേണ്ടതെന്നും മു
കളിൽ പറഞ്ഞതിൽനിന്ന് സ്പഷ്ടമാകുന്നുണ്ടല്ലൊ.

൯. വൻകാട്ടിനുള്ളിലമരുന്നൊരു ഗർഭഭത്തെ–
ത്തൻകാല്കൾകൊണ്ടു മൃഗരാജനശിച്ചിടുന്നു
ഹുംകാരലേശമിയലാത്തൊരു ദീനനേയും
തൻകായ്മോഹിധനിതട്ടിമറിച്ചീടുന്നു. XIII. 23.

൯൦. വിത്തേശനല്ലമൊരു വീഴ്ചയേറ്റു; ലോക–
രൊത്തേകിടുന്നു തുണവീണ്ടുമുയർത്തിടാനായ്:
സ്വത്തേതുമറവന്നു താഴ്ചവരുന്നു; താങ്ങാ–
നെത്തേണ്ട ബന്ധുവുമവന്നൊരു ക്രൂരശൂലം. XIII. 26–27

൯. ധനവാൻ വല്ലവിധേനയും ചതിയിൽ ഉൾപ്പെട്ട നഷ്ടം സഹിക്കുവാനിടയായാൽ അവനെ ഉദ്ധരിക്കുവാൻ വളരെപ്പേരുണ്ടാകും. എന്നാൽ ദരിദ്രന് ഈവിധം സംഭവിച്ചാൽ അതു അവന്റെ സൂക്ഷ്മക്കുറവുമൂലമെന്നും മറ്റും പറഞ്ഞു് അവനെ വേദനപ്പെടുത്തുന്നവരെ ഉണ്ടാകയുള്ളു.

ധനവാൻ വല്ല അബദ്ധത്തിലും പെട്ട രാജാവിനോ, രാജ്യത്തിനോ, ജനതക്കോ, നിയമങ്ങൾക്കോ പ്രതികൂലമായി പ്രവർത്തിച്ചുപോയാൽ അതു മൂടുവാനും, മറയ്ക്കുവാനും, അവനെ നിരപരാധിയാ

ക്കുവാനും, അവനെ രക്ഷിക്കുവാനും തയ്യാറുള്ളവർ ഒട്ടുവളരെയാണ്. ഒരു ദരിദ്രൻ ഇങ്ങനെ ചെയ്യുവെന്നു വന്നാൽ അവനിൽ കുറ്റം ആരോപിക്കുന്നവരായിരിക്കും അധികമുണ്ടാകുന്നത്.

വെ. പാരിച്ചവിത്തമുടയോനരുളുന്നതെല്ലാം
ഭൂരിപ്രമോദമൊടുകേട്ട പുകഴ്ത്തുമാരും
ദാരിദ്ര്യഭാരമറിവോനുരചെയ്തിടുമ്പോ–
"ളാരിപ്പടിയ്ക്കരുളി"യെന്നൊരു ചോദ്യമുണ്ടാം.

XIII. 28–29.

വെ. ദരിദ്രൻ പറയുന്നത് ന്യായപൂർവ്വമായാലും അവന്റെ നിർദ്ധനാവസ്ഥയും താഴ്മയും നിമിത്തം അതിനെ ശ്രോതാക്കൾ നിരസിച്ചുകളയുന്നു. ഇവനാണൊ ഈ മാന്യസദസ്സിൽ– നമ്മോട്ട– ഉപദേശിക്കുവാൻ വരുന്നത്? എന്നൊക്കെപ്പറഞ്ഞു അവനെ കഥയില്ലാത്തവനാക്കും. "ഇവൻ ആശാരിയുടെ മകനല്ലെ?" (Matth. XIII. 55.) എന്നു മിശിഹായെപ്പറ്റി യൂദന്മാർ ചോദിക്കയുണ്ടായില്ലെ? പിറവിക്കുരുടന്റെ ന്യായങ്ങൾക്ക് ഫരിസെയർ എത്ര സമാധാനമാണ് പറഞ്ഞതെന്ന് ഓർക്കുക. (John IX.)

ധനി ഏതു അബദ്ധമൊ അസംബന്ധമൊ തന്നെ പറഞ്ഞാലും "ഇന്നുനോടൊക്കും സ്വാമി; ചന്നുനോടൊക്കും ഭവാൻ" എന്നൊക്കെപ്പറഞ്ഞു ധാരാളം ആളുകൾ അവനെ പുകഴ്ത്തും. ഹെറൊദേസ് അഗ്രീപ്പാ (Herod Agrippa) യുടെ പ്രസംഗം "മനുഷ്യന്റെ സ്വരമല്ല, ദൈവസ്വര"മാണെന്നു ചില ജനങ്ങൾ പ്രസ്താവിച്ചിരുന്നതായി നടപടി പുസ്തകത്തിൽ (Acts. XII) പറയുന്നു. സിജിസ്മൻഡ് ചക്രവർത്തി (Sigismundus imperater) യുടെ പ്രവൃത്തി ഈ ഘട്ടത്തിൽ സ്മരണീയമാണ്. അതിനേപ്പറ്റി എനേയാ സിൽവിയസ് (Aenea Sylvius) ഇങ്ങനെ പറഞ്ഞിരിക്കുന്നു: "അല്ലയൊ ചക്രവർത്തി, അങ്ങ് ദേവന്മാരോട്ട സമനാണ്" എന്ന് അഭ്യർത്ഥനയോട്ട ഒരുവൻ പറഞ്ഞപ്പോൾ ചക്രവർത്തി അവന് ഒരടികൊടുത്തു. "ഹെ! ചക്രവർത്തി! അങ്ങ് എന്തുകൊണ്ട് എന്നെ അടിക്കുന്നു?" എന്നു ചോദിച്ചതിനു "ഹെ! മുഖസ്തുതിക്കാരാ! എന്തുകൊണ്ട് എന്നെ നീ വേദനപ്പെടുത്തുന്നു" എന്നു അഭ്യർത്ഥം മറുപടി പറകയുണ്ടായി.

"കുട്ടികൾ വിനോദത്തിനായി വൈക്കോൽകൊണ്ട് കിരീടമുണ്ടാക്കി അന്യോന്യം തലയിൽ വെക്കുന്നു. ആരുടെയെങ്കിലും തലയിൽ അവൻ അറിയാതെ വെച്ച ശേഷം അവന്റെ പിറകിൽനിന്നു ചിരിക്കുകയായി. മുഖസ്തുതി പറയുകയും മറഞ്ഞുനിന്നു ഹസിക്കയും ചെയ്യുന്നവരും ഇതുപോലെ തന്നെ" എന്നാണ് വി. ക്രിസൊസ്റ്റോമോസ് (homil. 17. in Epist. ad Romanos.) പറയുന്നത്.

ൻ. ചൊല്ലുന്നവാക്കിലൊരു വീഴ്ചവരാതെ താനേ–
വെല്ലുന്നതേവനവനാണു സുഭാഗ്യപൂർണ്ണൻ

തെല്ലും വികല്പമണയാതെ ദുരാശയെല്ലാം
കൊല്ലുന്നതേവനവനും പുരുഭാഗ്യശാലി. XIV. 1.

വ്യം. അത്ഥംതനിസ്സുപകാരവിഹീനമായാൽ
വ്യത്ഥം; പരന്റെ നിധിപോലതുകാത്തിടുന്നു.
സ്വാത്ഥം വെടി,ഞ്ഞിതരനന്ധനമൊക്കെ വേഗ–
മത്ഥം മറന്നു പൊടിപാറുമധമ്മമാശ്ലേ. XIV. 4.

വ്യം. ലോഭി സ്വന്ത കുറത്തിനു തക്ക ശിക്ഷ അനുഭവിക്കാതിരിക്കുന്നില്ല. ആ ശിക്ഷകൾ ഏവയെന്നാൽ:- (ക) അവൻ സ്വന്തമായ ഉപയോഗത്തിനു ക്രൂടിയും ധനം വ്യയം ചെയ്യാതെ അതിനെ സമ്പാദിക്കേണ്ടതിനായി ക്ഷുൽപിപാസങ്ങൾ, ഉറക്കൊഴിച്ചിൽ; ശീതോഷ്ണങ്ങൾ ഇവ സഹിക്കുന്നു.– (ഖ) തനിക്കായി സമ്പാദിക്കുവാൻ ശ്രമിക്കുന്നെങ്കിലും യഥാത്ഥത്തിൽ അന്യനുവേണ്ടി സമ്പാദിക്കുന്നു.– (ഗ) ഇതു അദ്ധ്വാനം ചെയ്യുണ്ടാക്കിയ സമ്പത്തു് അന്യന്മാർ ധാരാളമായി അനുഭവിക്കയും നശിപ്പിക്കയും ചെയ്യുന്നു. ഇതു പലപ്പോഴും ലോഭിയുടെ ജീവകാലത്തും അവന്റെ ദൃഷ്ടിപഥത്തിൽ വെച്ചുകൂടിയുമാണു സംഭവിക്കുന്നതു്. ഹാ! ഇതു് അവനു എത്ര വലിയ ഒരു പീഡയായിരിക്കണം

"ലോഭി സ്വന്ത ധനത്തിന്റെ ഉടമസ്ഥനല്ല, സംരക്ഷകൻ മാത്രമാണ്" എന്നു് ഡിമോക്രിറസ് (Democritus) പറയുന്നു (Maximus Serm. 12.). യഥാത്ഥത്തിൽ അവൻ അതിനെ അന്യന്മാരുടെ ഉപയോഗത്തിനൊ ദുരുപയോഗത്തിനൊ മാത്രമായി സമ്പാദിക്കുന്നതും സംരക്ഷിക്കുന്നതുമേയുള്ളു. ഒരു ലോഭിക്കു എത്രയെല്ലാമുണ്ടായിരുന്നാലും അവൻ സാക്ഷാൽ വളരെ ദരിദ്രൻ തന്നെ. അവൻ തന്നേയും അവന്റെ സ്വന്ത വസ്തുവല്ല. അവന്റെ ഹൃദയം സമ്പത്തിനും ബുദ്ധി വെള്ളിക്കുമായി ദത്തമായിരിക്കയാൽ അവൻ അവന്റേതല്ല. "സ്വന്ത ശരീരത്തെ സംരക്ഷിക്കുന്നവർ തങ്ങളുടെ വസ്തുക്കളെയല്ല, തങ്ങളെത്തന്നെ സംരക്ഷിക്കുന്നു. പണത്തെ സംരക്ഷിക്കുന്നവരാകട്ടെ തങ്ങളേയും തങ്ങളുടെവസ്തുക്കളേയും അന്വേഷിക്കുന്നില്ലെന്നു മാത്രമല്ല, തങ്ങളിൽ നിന്നു വളരെ അകന്നുമിരിക്കുന്നു" എന്നാണ് പ്ലെയ്റൊ (Plato) പറയുന്നതു്. അത്ഥമെന്ന മാത്രം കരുതി സ്വയം വിസ്മരിച്ചു് അതിനായി യത്നിച്ചവരുടെ പ്രയത്ന ഫലം എങ്ങനെയായിത്തീരുന്നുവെന്ന കണ്ടുതന്നെ പലരും അറിഞ്ഞിട്ടുള്ളതാണല്ലൊ.

ശരീരത്തെ സംരക്ഷിക്കേണ്ടതു് സുവ്യക്തമായ ന്യായമാണു്. അതിനു വേണ്ട സംരക്ഷണം ചെയ്യാതെ ധനം സമ്പാദിക്കുന്നതിൽ ലോഭി ന്യായവിരോധമാണു് ചെയ്യുന്നതു്. എന്നാൽ:–

ന്യായമല്ലാതെ തൻഗേഹം– പുലത്തുന്നനരാധമൻ
ദീഷ്ണിശ്വാസമാകുന്നു– മക്കൾക്കാജ്ജിച്ചുവെപ്പതു്. XI. 29.

എന്നു് സുഭാഷിതങ്ങൾ നമ്മോടുപദേശിക്കുന്നു. ക്രൂരതെ,

അതിരാഗധനം ദുഷ്ട- നരനുണ്ടാവതിൽഗ് ഗ്രഹണം
ദൈവഭീയുള്ള മർത്ത്യന്റെ- ചുരുങ്ങിയധനം ദൃഢം.
XV. 16. എന്നും,

ന്യായമല്ലാതെയൊട്ടേറെ- മായമുണ്ടാവതിൽപ്പുരം
ന്യായാനുസാരമായല്പ- മായലാഭം മഹത്തരം.
XVI. 8. എന്നും,

ധനസമ്പാദനത്തിനായ്- ധൃതിക്കൂട്ടുന്ന മാനുഷൻ
നിർദ്ദോഷിയായ് ബ്ഭവിയ്ക്കില്ലെ- ന്നുറപ്പായ് വിശ്വസിയ്ക്കുക.
XXVIII. 20. എന്നു

മുള്ള സുഭാഷിത വാക്യങ്ങളും വിസ്മരിക്കേണ്ടവയല്ല.

വ്യ. ചാകുംവരെയ്ക്കു സഖിയെത്തുണചെയ്തു നിന്നാ-
ലാകുംപടിയ്ക്കു നിഖിലേശ്വരചിന്തയോടെ
വേകും മനസ്സോടശനം തിരയുന്നവക്ക-
രേകുന്നതിന്നുമലിവോടു നിനയ്ക്കണം നീ. XIV. 13.

വ്യ. സഖി എന്നതിന്ന് സമസൃഷ്ടിയെന്നു വിവക്ഷ. ലേവീയഗ്രന്ഥം ൧൯-ാം അദ്ധ്യായം ൧൮-ാം വാക്യത്തിൽ ഈ വിധമാണ് "സഖി" ശബ്ദം പ്രയോഗിച്ചിട്ടുള്ളതു്. ഏതു സമസൃഷ്ടിയുടെ പേരിലും നമുക്കു സ്നേഹമുണ്ടാകേണ്ടതാണല്ലൊ.

വ്യ. വാടുന്ന പുല്ലുമൊരു വൃക്ഷശിഖാഗ്രഭാഗ-
ത്തോടുന്ന പത്രനിരയും പെയിലേറെവീടുമ്പോൾ
ഈവ്വള്ള ജീവനിവഹങ്ങളുമിങ്ങുസിദ്ധി-
ക്കുന്നുഭേദമതിനില്ല വികല്പമേതും. XIV. 18.

വ്യ. വാടിത്തളർന്നു ചില പത്രമുതിർന്നിടുന്നു
കൂടിപ്പുടന്നു ചിലതൊക്കെ വളർന്നിടുന്നു
ഓടിക്കടന്നൊരു ജനാവലി പോയിടുന്നു
മോടിയ്ക്കുതിന്നുപിറകൊന്നിഹ വന്നിടുന്നു. XIV. 19.

വ്യ-വ്യ. അത്ഥം തനിക്കുതന്നെയും അന്യന്മാക്കും ഉപയുക്തമാക്കണമെന്ന് മുകളിൽ രണ്ടു ശ്ലോകങ്ങളിൽ പറഞ്ഞുവല്ലൊ. ഇതിലേയ്ക്കു നമുക്കു മനസ്സു വരേണ്ടതിനായി മരണത്തെ ഓർപ്പിക്കുന്നു. ജീവിതത്തിന്റെ അല്പതയും മരണം ക്ഷണത്തിൽ വരുമെന്നുള്ള വസ്തുതയും ക്ഷണഭംഗുരങ്ങളായ തൃണത്തിന്റെയും വൃക്ഷപത്രത്തിന്റെയും ഉപമകൊണ്ടു വിദിതമാക്കുന്നു.

വ്യ. ദൈവത്തെയോർത്തു ഭയമുള്ളൊരു മർത്യനാരാ-
ണാവന്ദ്യനത്യധികസൽക്രിയ ചെയ്യുമെന്നും

ഏവന്നു മോദമിയലുന്നിതു നീതിതന്നിൽ
കൈവന്നുകൊള്ളുമവനായതു നീക്കമെന്നേ്യ. XV. 1.

വ്യ. നേരായമോദഫലമേകിടുമാമരത്തിൻ
നാരായവേർ മഹിതനീതിയിതോർക്കബാല!
പാരാകെവെന്തുപൊടിവോളമരീവ വാഴ്ച്ചം
പേരാണതാശ്രിതജനത്തിനു ചേപ്പുതെന്നും. XV. 6.

വ്യ. വി. ഗ്രന്ഥങ്ങളിൽ പലേടത്തും 'നീതി' എന്ന പദത്തിനു സദ്ഗുണസഞ്ചയം എന്നാണ് വിവക്ഷ. 'നീതി'ക്കു ഇവിടെയും അർത്ഥം അതുതന്നെ. സുകൃതങ്ങൾ സാക്ഷാത്തായ സന്തോഷത്തെ പ്രദാനം ചെയ്യുന്നു: സുകൃതിയുടെ കീർത്തിയെ നിത്യം നിലനിറുത്തുകയും ചെയ്യുന്നു.

വ്യന്ന. "പറാത്ത കല്മഷപയോധിയിലാപതിപ്പാൻ
മറാരുമല്ലിവനുകാരണമീശനത്രെ."
തെറാണിവണ്ണമുരചെയ്യുവതീശ്വരനു
ചെറാകിലും ഖലനിലില്ലൊരു കായ്ലാഭം. XV. 12.

വ്യ. ദ്വേഷിച്ചിടുന്ന പരമേശനഘങ്ങളേതും—
ശേഷിച്ചിടാതെ പരിപാവനനർച്ചനീയൻ
ശേഷിയ്ക്കുതുക്ക ഭയമീശനിലുള്ളവൻ സം—
തോഷിയ്ക്കയില്ല കലുഷങ്ങളിലല്പമായും. XV. 13.

വ്യവ. സൃഷ്ടിച്ചു ദൈവമിഹ മർത്യനെ മുന്നമേ സം—
തുഷ്ടിയ്ക്കുവേണ്ട വിഭവങ്ങളുമൊക്കെ നൽകി
കഷ്ടിച്ചുമുക്തി പദലബ്ധിവരുത്തുവാൻ തൻ—
ദുഷ്ടിയ്ക്കുതന്നെ തടയാതെ തിരിച്ചുവിട്ടു. XV. 14.

വ്യന്ന-വ്യവ. മനുഷ്യൻ നന്മതിന്മകളെ തിരഞ്ഞെടുത്തു് സമ്മാനത്തിനോ ശിക്ഷക്കോ അർഹനാകേണ്ടതിനു് ദൈവം അവനെ സ്വതന്ത്രനാക്കി സൃഷ്ടിച്ചു. തിന്മയെ ഉപേക്ഷിച്ചു് നന്മയെ സ്വീകരിക്കയും സമ്മാനത്തിനു് അർഹനാകയും ചെയ്യണമെങ്കിൽ കുറേയെല്ലാം കഷ്ടപ്പാടുകൾ അനുഭവിക്കാതെ കഴികയില്ല. അതിനു മനസ്സില്ലാതെ ഖലൻ തെറ്റു ചെയ്യുകയും അനന്തരം സ്വയമേ ആദരിക്കേണ്ടതിനായി അതു ദൈവത്തിന്റെ പ്രവൃത്തിയാണെന്നു പറയുകയും ചെയ്യുന്നു. (ശ്ലോ. വ്യന്ന.) "പരീക്ഷിക്കപ്പെടുമ്പോൾ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു് ആരും പറയേണ്ട. ദൈവമാകട്ടെ ദുഷ്ടതയിലേക്കു പരീക്ഷിക്കുന്നവനല്ല" എന്നു വി. യാക്കോബ് ശ്ലീഹാ (I. 13.) പറഞ്ഞിരിക്കുന്നു.

സ്വന്ത കുറ്റം ദൈവത്തിൽ ആരോപിക്കുന്നതു് ക്ഷന്തവ്യമ

ല്ലാത്ത ഒരു പാപമാണ്. വി. ആഗസ്തീനോസ് (Explic. Psalm. LVIII. 6. Non miserearis omnibus qui operantur iniquitatem.) പറയുന്നതു കേട്ടാലും: "ദൈവത്തിനു ദയയുണ്ടാകുവാൻ പാടില്ലാത്ത വിധമുള്ള ഒരു പാപമുണ്ട്. അതു പാപത്തെ ആദരിക്കുകയെന്നതുതന്നെയാകുന്നു. യാതൊരുത്തൻ സ്വന്ത കുറവിനെ ആദരിക്കുന്നുവൊ അവൻ മഹാ പാപം ചെയ്യുന്നു. ദൈവം ദ്വേഷിക്കുന്നതിനെത്തന്നെ അവൻ ആദരിക്കുന്നു. ഇതു എത്ര നീചവും എത്ര അന്യായവുമാണെന്ന് നോക്കുവിൻ. എന്തെങ്കിലും ഒരു നന്മ ചെയ്യാൽ അതു തങ്ങളുടേതായി കീർത്തിക്കപ്പെടണം. എന്തെങ്കിലും തിന്മ ചെയ്യാൻ അതു ദൈവത്തിന്റേതു്. ഈ വിധമാണ് ദൈവത്തെപ്പേർ പറഞ്ഞുകൊണ്ട് മനുഷ്യർ തങ്ങളുടെ അകൃത്യങ്ങളെ ആദരിക്കുന്നതു്. ഇതു കഷ്ടാൽകഷ്ടതരംതന്നെ. വ്യഭിചാരവും, കളവും, ചതിയും, കള്ളസ്സത്യവും ന്യായമാണെന്നു പറയുവാൻ ആരും തുനിയുന്നില്ല; എന്നാൽ എങ്ങനെയാണ് അവയെ ആദരിക്കുന്നതെന്നു നോക്കുക. ദൈവത്തിനു മനസ്സില്ലാതിരുന്നെങ്കിൽ ഇതു ഞാൻ ചെയ്യുമില്ലായിരുന്നു. എന്റെ അദ്ധ്വാനം! ഞാൻ എന്തുചെയ്യും? അപ്പൊഴൊ ദൈവത്തെ കുറ്റക്കാരനാക്കേണ്ടതിനാണ് നിന്റെ പാപത്തെ നീ ആദരിക്കുന്നതു്. ന്യായാധിപൻ തെറ്റുകാരനായിത്തീരേണ്ടതിനു് അപരാധിയെ ആദരിക്കുന്നു. തീർച്ചയായും ഈ വിധം കുറ്റം ചെയ്യുന്നവരോടു ദൈവത്തിനു കരുണയുണ്ടാവുകയില്ല."

ക്രിസ്തുമതേതരന്മാരായ ചില കവികൾ വ്യഭിചാരം, ചോരണം മുതലായ അധമ്മങ്ങളെ ചില ദേവതകളുടെതായി പറയുന്നുണ്ട്. ഈ ദുഷ്കൃത്യങ്ങളെ ആ ദേവതകൾ ആദരിക്കുന്നെന്നും, ഉപദേശിക്കുന്നെന്നും, ഒരുവിധത്തിൽ ദൈവികങ്ങളാക്കിത്തീർക്കുന്നെന്നുമാണ് അവർ പഠിപ്പിക്കുന്നതു്. മനുഷ്യനെ നീചകൃത്യങ്ങളിലേക്ക് ആകർഷിക്കുന്നതിനു് ഇതിനെക്കാൾ ബലമേറിയതു മറെറന്താണുള്ളതു്? ഈ സംഗതി ബന്ധിച്ചു വി. ആഗസ്തീനോസു (lib. II. De Civit., Cap. VII.) പറഞ്ഞിട്ടുള്ളതു്, ദേവന്മാരുടെ ദുഷ്ടാന്തം കാണിച്ചുകൊണ്ട് മനുഷ്യനെ നാനാവിധ അധമ്മങ്ങളിലേക്കു ആകർഷിക്കുന്നതിനായി ഈ വിധം എഴുതുവാൻ ആ കവികളെ പ്രേരിപ്പിച്ചതു് വിശാചാകുന്നു എന്നാണ്. അദ്ദേഹം പറയുന്നു: "തങ്ങളുടെ അധമ്മത്തിനു് ഇത്രവലിയ അധികാരത്തെ പിൻതാങ്ങായിക്കൊണ്ടു വരുന്നതു് ആ നീചകൃത്യം ചെയ്യുമ്പോൾ ദേവന്മാരെ അനുകരിക്കുന്നു എന്നു വരുത്തേണ്ടതിനാണ്. എന്നാൽ ഏതു ദേവനെയാണ് അനുകരിക്കുന്നതു?"

സമ്പൂർണ്ണനും പരമ ഭാഗ്യവാനുമായ സാക്ഷാൽ ദൈവത്തിനു ബലനെക്കൊണ്ടു് ആവശ്യമില്ല. (ശ്ലോ. വ്യന.) അവിടുന്നും അവിടത്തെ ഭയന്നു ജീവിക്കുന്ന ഗുണവാന്മാരും പാപത്തെ ദ്വേഷിക്കുകതന്നെ ചെയ്യുന്നു. (ശ്ലോ. വ്യ.) പാപത്തിന്റെ യഥാർത്ഥ കാരണം മനുഷ്യനു നൽകപ്പെട്ടിരിക്കുന്ന മനഃസ്വാതന്ത്ര്യമാണ്. (ശ്ലോ.

വ്വ.) സ്വതന്ത്രനല്ലാത്ത വിധത്തിൽ മനുഷ്യനെ സൃഷ്ടിക്കുക സംഭാവ്യമല്ല. അതു പൂർവ്വാപരവിരുദ്ധമാണ്. അങ്ങനെ സൃഷ്ടിക്കുന്നപക്ഷം അവൻ മനുഷ്യനല്ല; തിയ്യക്കുകളിൽ ഒന്ന് ആയിരിക്കുകയേയുള്ളു. സമ്മാനത്തിനു അർഹനാകേണ്ടതിനായി നൽകപ്പെട്ട മനഃസ്വതന്ത്രതയെ ശിക്ഷയ്ക്കു പാത്രീഭവിക്കത്തക്കവണ്ണം ദുഷ്പ്രയോഗം ചെയ്യുന്നതിന്റെ കുറ്റം മുഴുവൻ മനുഷ്യന്റെതുതന്നെ. നടക്കുവാനുള്ള ശക്തിമൂലം നാം നടക്കുന്നു; കാലിന്റെ വൈകല്യം മൂലം മുടന്തുന്നു. ഇതേ വിധം തന്നെ സ്വതന്ത്രബുദ്ധികൊണ്ട് നാം തിരഞ്ഞെടുക്കുന്നു; നമ്മുടെ ദുരിതങ്ങൾകൊണ്ട് തിന്മയെ തിരഞ്ഞെടുക്കുന്നു. ഇതു ആരുടെ കുറ്റം? ദൈവത്തിന്റെതോ?

വ്വൻ. അന്നാ നരനു കനിവോടു കൊടുത്തു ദൈവം
നന്നായ് വരേണ്ട വഴിയാകിയ ചട്ടമെല്ലാം
ഇന്നായമട്ടിലവകാത്തു നടന്നുകൊണ്ടോ—
ലെന്നാളുമായവ നിനക്കൊരു രക്ഷയാകും. XV. 15-16

വ്വൻ. ദൈവം മനുഷ്യനെ സ്വതന്ത്രനാക്കി സൃഷ്ടിച്ചു് അവനെത്തന്നെ അവനെ ഭരമേല്പിച്ചു. എന്നാൽ കാട്ടുപോത്തുപോലെയാതൊരു നിയമബന്ധവും ക്രൂരതെ സ്വച്ഛന്ദം വ്യാപരിക്കുവാനല്ല. പ്രത്യുത: സ്വാധി നാഥനും, നിയമകർത്താവും, രാജാവും, യജമാനനും, ന്യായാധിപതിയും, ശിക്ഷാരക്ഷകൾക്കു നായകനും എന്ന നിലയിൽ പ്രകൃതിനിയമങ്ങളും, ദൈവപ്രമാണങ്ങളും അവിടുന്നു അവനു കൊടുക്കയും അവന്റെ മനസ്സിൽ അവയെ എഴുതുകയും ചെയ്തു. ഈ നിയമങ്ങളുടെ അനുസരണത്തിനു് അവനെ പ്രേരിപ്പിക്കേണ്ടതിനായി അവയെ അനുസരിക്കുന്നവർക്കു സമ്മാനവും അല്ലാത്തവർക്കു ശിക്ഷയും നിശ്ചയിക്കയും സകലരുടെയും ദൃഷ്ടിപഥത്തിൽ അവയെ സ്ഥാപിക്കയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ (ക) മനുഷ്യനു സ്വതന്ത്ര മനസ്സും, (ഖ) അനുരിക്കേണ്ട പ്രമാണങ്ങളും, (ഗ) അവസ്സു സമ്മാനവും കല്പിച്ചു.

പ്രമാണങ്ങളുടെ അനുസരണം നിനക്കു ദൈവത്താൽ നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യത്തിനും അധികാരത്തിനും അധീനമാകുന്നു. നീ പ്രമാണങ്ങളെ സംരക്ഷിക്കുമെങ്കിൽ അതു നിന്നെയും സംരക്ഷിക്കും. സംരക്ഷിക്കുന്നവൻ സംരക്ഷിത വസ്തുവിന്റെയും സംരക്ഷ ചെയ്യുന്നവന്റെയും സംരക്ഷകനാകുന്നു.

പ്രമാണങ്ങളുടെ അനുസരണമാണ് ഒരുവനെ ഐഹിക പാരത്രിക ജീവിതങ്ങളിൽ ദൈവേഷ്ടത്തിലും മഹിമയിലും ഉറപ്പുള്ളവനാക്കുന്നത്. കാരണം: (ക) തന്റെ പ്രമാണങ്ങളെ സംരക്ഷിക്കുന്നവനെ ദൈവം സംരക്ഷിക്കുന്നു. (ഖ) പ്രമാണങ്ങളുടെ ഈയനുസരണംതന്നെ ആത്മാവിൽ സുകൃതങ്ങളെ സംവർദ്ധമാക്കുന്നു. ഇങ്ങനെ സുകൃതങ്ങൾ വർദ്ധിക്കുമ്പോൾ പരീക്ഷകളോടും പിശാചിനോടും എതിർക്കുവാൻ അവനു ശക്തിയുണ്ടാകുന്നതാണ്. — (ഗ) പ്രമാണങ്ങളുടെ

അനുസരണം ദൈവസ്നേഹത്തിന്റെ പരമശത്രുവായ ദുരാശയെ കുറക്കുന്നു. സുകൃതം വർദ്ധിക്കുമ്പോൾ അതിനു വിരോധമായ ദുർഗ്രഹണം കുറയാതെ നിവൃത്തിയില്ലല്ലൊ.

നീ പ്രമാണങ്ങളെ നിത്യം സംരക്ഷിക്കുമെങ്കിൽ ദൈവവും നിന്നെ നിത്യം സംരക്ഷിക്കും. ഇവിടെ ദൈവവും മനുഷ്യനും തമ്മിൽ ഒരുടമ്പടി ചെയ്യുന്നതുപോലെയാണ്. പ്രമാണങ്ങളെ സംരക്ഷിക്കാമെന്ന് മനുഷ്യനും മനുഷ്യനെ സംരക്ഷിക്കയും അനുഗ്രഹിക്കയും അവനു പ്രതിഫലം നൽകുകയും ചെയ്യാമെന്നു ദൈവവും ഉടമ്പടി ചെയ്യുന്നു.

൯൦. കാട്ടിത്തരുന്നു സലിലാഗ്നികളിജ്ജഗൽസം-
പ്രാട്ടിത്ഥമങ്ങു രവ ദൃഷ്ടിപഥത്തിലൊപ്പം
പാട്ടിൽക്കിടക്കുമതിലേതിനെ വേണമോ കൈ-
നീട്ടിപ്പിടിയ്ക്കുക നിനക്കുതതന്നെ സിദ്ധം. XV. 17.

൯൧. ആയുസ്സു,മൃത്യു,ഗുണദോഷമിതൊക്കെവെവ്വേ-
റായുണ്ടു! വെച്ചിതു ജഗൽപ്പതി നിന്റെ മുമ്പിൽ
ചായുന്നതേതിലുതതന്നെ നിനക്കു നിത്യ-
മായുള്ള രക്ഷയഥ ശിക്ഷയുമായ് ഭവിയ്ക്കും. XV. 18.

൯൦-൯൧. പ്രമാണം അനുസരിച്ചു നടക്കുവാൻ മനുഷ്യനെ ഉത്സാഹിപ്പിക്കേണ്ടതിനു ദൈവം നിശ്ചയിച്ചിരിക്കുന്ന സമ്മാനത്തെയും ശിക്ഷയേയും പറഞ്ഞു ഇവിടെ പറയുന്നു. വിപരീത വസ്തുക്കളായ സലിലം അഗ്നി ഇതുകളിൽനിന്ന് വിപരീതങ്ങളായ ഗതിനേയും- വിശിഷ്യ ൯൧-ാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന നന്മ തിന്മ, ആയുസ്സു മരണം ഇതുകളെ- ധരിക്കേണ്ടതാണ്. 'സലിലം' ജലത്തെപ്പോലെ തണുപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന മഹിമയേയും, 'അഗ്നി' നരകശിക്ഷകളേയും നരകാഗ്നിയേയും ലക്ഷിക്കുന്നു. ദൈവം നിന്റെ മുമ്പിൽ നന്മയും അതിന്റെ സമ്മാനമായ നിത്യമഹത്വവും, തിന്മയും അതിന്റെ ശിക്ഷയായ നിത്യാഗ്നിയും- മഹിമയും വിനാശവും, സ്വർഗ്ഗവും നരകവും, ഭാഗ്യവും നിർഭാഗ്യവും, ജീവനും മരണവും- വെച്ചിരിക്കുന്നു. നിന്റെ സ്വാധീനത്തിലിരിക്കുന്ന ഇവയിൽ ഇഷ്ടമുള്ളതിനെ തിരഞ്ഞെടുക്കുക. "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ചവൻ നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുകയില്ല" എന്നു വി. അഗുസ്തീനോസ് പറയുന്നതിന്റെ അർത്ഥം ഇതിൽനിന്നു തെളിവാണല്ലൊ.

സ്വതന്ത്ര മനസ്സു ഒരു തുലാസുപോലെയാകുന്നു എന്ന് മേൽപറഞ്ഞതിൽനിന്നു സിദ്ധിക്കുന്നു. അതിനെ തൂക്കുന്നവൻ മനുഷ്യനും, കട്ടികൾ ജലവും അഗ്നിയും, നന്മയും തിന്മയും, സമ്മാനവും ശിക്ഷയും ഇവയിലേക്കുള്ള ചാഞ്ചില്യം ഇവയുടെ തിരഞ്ഞെടുപ്പുമാകുന്നു. ഇതിനാൽ സ്വതന്ത്രബുദ്ധിയോടുകൂടി ഭൂമിയിലെ മറ്റു വസ്തുക്കളെ അധികാരപൂർവ്വം ഭരിക്കയും സ്വയമേ ദുരാശകൾക്കും പാപത്തിനും അ

ധീനനാക്കുകയും ചെയ്യുന്ന മനുഷ്യനെപ്പറ്റി ടെർട്ടലിയൻ (lib. II. Contra Marcion, Cap. VI.) പറയുന്നതു കേട്ടാലും "ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും നായകത്വം വഹിക്കുന്ന മനുഷ്യൻ സ്വാത്മാവിനെ സ്വാധീനമാക്കി ബ്ഭരിക്കുവാൻ അശക്തനാകുന്നു! അവൻ മറ്റുള്ളവയുടെ നാഥൻ: തന്റെ തന്നെ ദാസൻ! ഇതു എത്ര കഷ്ടമാണ്!" ടെർട്ടലിയന്റെ പ്രസ്തുത വാക്കുകൾ ക്രിസ്തു പരിസേയരോട് പറഞ്ഞിട്ടുള്ള വാക്കുകളെ (Matth. XVI. 2–3.) യാണ് നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നതു്.

"തുലാസിൽ വ്യാജം പ്രവർത്തിക്കുന്ന മനുഷ്യർ" എന്ന സങ്കീർത്തന വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഈ തുലാസ് ദൈവം മനുഷ്യനു കൊടുത്തിട്ടുള്ള മനഃസ്വാതന്ത്ര്യത്തിന്റെയും ബുദ്ധിയുടേയും ആലോചനയുടേയും തുലാസാകുന്നു എന്നും, വ്യാജം പ്രവർത്തിക്കുന്നവൻ ന്യായത്തെയും ആലോചനയേയും വിധിയേയും വഷളാക്കുന്നവനാകുന്നു എന്നും വി. ബസ്സിൽ (homil. in Psalm. LXI.) പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളെത്തന്നെ ഇവിടെ ഉദ്ധരിക്കാം: "വസ്തുക്കളുടെ പ്രകൃതിയെ നാം ശരിയായി വിവേചിക്കേണ്ടതിനായി നമ്മിൽ ഓരോരുത്തന്റെയും ഉള്ളിൽ സൃഷ്ടിയുടെ സ്രഷ്ടാവായ ദൈവം ഒരു തുലാസ് സജ്ജമാക്കിയിരിക്കുന്നു. വിപരീത പ്രകൃതിയുള്ള ജീവനും മരണവും, നന്മയും തിന്മയും നിന്റെ ദൃഷ്ടിപഥത്തിൽ ഞാൻ വെച്ചിരിക്കുന്നു. ഇവയെ നിന്റെ ന്യായാസനത്തിലും നിന്റെ വിവേചനാ ശക്തിയിലും പരിശോധിക്കുക. നിത്യമരണത്തെ വരുത്തുന്നതും ക്ഷണനേരം മാത്രം നിലനില്ക്കുന്നതുമായ സുഖാനുഭവത്തെ തിരഞ്ഞെടുക്കുന്നതോ, നിത്യഭാഗ്യത്തെ ഉളവാക്കുന്ന ധർമ്മാനുഷ്ഠാനത്തിലെ കഷ്ടതകളെ സഹിക്കുന്നതോ ഏതു നിനക്കു അധികം പ്രയോജകീഭവിക്കുമെന്ന് ഉത്സാഹപൂർവ്വം ആലോചിക്കുക," വീണ്ടും "നന്മയെന്തെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു" എന്ന് വിധിദിവസത്തിൽ നിനക്കു പറയുവാൻ സാധിക്കയില്ല. എന്തെന്നാൽ നന്മതിന്മകളുടെ വ്യത്യാസം വേണ്ടവിധം കാണിക്കുന്നതിനു തക്ക തുലാസിനെ നിനക്കു തന്നിട്ടുണ്ട്. മൌത്തിക വസ്തുക്കളെ നാം തുലാസിൽ വെച്ചു തൂക്കുന്നു. ജീവിതത്തെ ക്രമപ്പെടുത്തേണ്ടതിനുള്ളവയെ സ്വതന്ത്രമനസ്സുകൊണ്ടു തിരിച്ചറിയുന്നു. ഇരുഭാഗത്തും തുല്യഘനം കാണിക്കുവാൻ സാധിക്കുന്നതുകൊണ്ട് ഇതിനെ തുലാസ് എന്നു വിളിക്കുന്നു" എന്നു ആ വിശുദ്ധൻതന്നെ പ്രസ്താവിച്ചിരിക്കുന്നു.

ഗൌഡെൻഷ്യസ് (Gaudensins Brixianus Episcopus, tract. 13. De Natali. Domini) പറയുന്നതു് ഇവിടെ കാണിക്കാം: "ഓരോരുത്തനും സ്വന്ത സമ്മാനത്തിനുള്ള കാരണക്കാരനാകണമെന്ന് സാക്ഷാൽ നീതിമാനായ വിധികർത്താവു നിശ്ചയിച്ചു.... ഓരോരുത്തനേയും അവന്റെ ആലോചനയ്ക്കു വിട്ടുകൊടുത്തു. നിനക്ക് ഇഷ്ടമുള്ളതിലേക്കു കൈനീട്ടുക എന്നു പറഞ്ഞുകൊണ്ട് അഗ്നിയും ജലവും അവന്റെ മുമ്പിൽ വെച്ചു. അതായതു് ദൈവം മനുഷ്യന്റെ

മുമ്പിൽ അഗ്നിയും ജലവും, എന്നുവെച്ചാൽ, ആശ്വാസവും ശിക്ഷയും, പാപശാന്തിയും ദണ്ഡനവും, ജീവനും മരണവും സ്ഥാപിച്ചു. ശിക്ഷയേയും ദണ്ഡനത്തേയും മരണത്തേയും ഉപേക്ഷിച്ച് ആശ്വാസത്തേയും പാപശാന്തിയേയും ജീവനേയും തിരഞ്ഞെടുക്കാത്തവൻ ആരുണ്ടാകും?"

സി൨. അക്ഷിച്ഛായേന നിജഭക്തജനത്തെയീശൻ
ലക്ഷിച്ചുകൊണ്ടു മരുവുന്നിതു സർവ്വകാലം
രക്ഷിച്ചിടേണ്ട പരമേശനവന്റെ കൃത്യ-
മീക്ഷിച്ചു സർവ്വമറിയുന്നിതു നീക്കമെന്യേ. XV. 20.

സി൨. അന്ത്യാത്മകാര്യങ്ങളിൽ അശ്രദ്ധന്മാരായ ജനങ്ങൾ നിസ്സാരമെന്നു കരുതി വിട്ടുപേക്ഷിക്കുന്നവയെ ദൈവഭക്തന്മാർ തിരഞ്ഞെടുക്കുവാൻവേണ്ടി, ദൈവം അവരെ സദാ നോക്കിക്കൊണ്ടിരിക്കുന്നെന്നും, അവരെ അറിയുന്നെന്നും, ബാഹ്യവും അഭ്യന്തരവുമായ അവരുടെ പ്രവൃത്തികളെയെല്ലാം പരിഗണിക്കുന്നെന്നും ബർസീറാ പറയുന്നു. വി. മക്കാബ്യർ എഴുതിയ സുവിശേഷത്തിൽനിന്നും (VIII. 3.) ഇത് സത്യം വ്യക്തീകൃതമാകുന്നതാണ്. ഇങ്ങനെ നോക്കിയിരിക്കുന്നതു് ഇഹത്തിലും പരത്തിലും ശിക്ഷാരക്ഷകളെ നൽകേണ്ടതിനുതന്നെ.

ദൈവം സജ്ജനങ്ങളെ സമീക്ഷിക്കുന്നു എന്നു പറയുമ്പോൾ (൧) അവിടുന്നു അവരുടെ പ്രവൃത്തികളേയും ഉദ്ദേശ്യങ്ങളേയും ആഗ്രഹങ്ങളേയും പ്രാർത്ഥനകളേയും മാനസിക നേത്രംകൊണ്ടു കാണുന്നെന്നും,— (൨) അവയിൽ സംതൃപ്തി പ്രാപിക്കുയും അവയെ ആസ്വദിക്കയും ചെയ്യുന്നെന്നും,— (൩) അവരെ പ്രത്യേക വിധത്തിൽ സ്നേഹിക്കയും അന്വേഷിക്കയും സംരക്ഷിക്കയും അവർക്കു എല്ലാ നന്മകളും കൊടുക്കുകയും ചെയ്യുന്നെന്നും,— (൪) അവിടത്തെ ഭയപ്പെടുന്നവരെ അന്യന്മാരിൽനിന്നു വേർതിരിക്കേണ്ടതിനായി അവർക്കു വിശേഷവരങ്ങളും മഹത്വങ്ങളും പ്രദാനം ചെയ്യുന്നെന്നും,— (൫) അവിടത്തെ ഭക്തന്മാരെ വളരെ വിലമതിക്കയും അവരെ കൺമണിപോലെ കരുതുകയും ചെയ്യുന്നെന്നും അർത്ഥമാക്കേണ്ടതാണ്. "നിങ്ങളെ സ്പർശിക്കുന്നവൻ എന്റെ കണ്ണിന്റെ കൃഷ്ണമണിയെ സ്പർശിക്കുന്നു" എന്നു് വി. ലിഖിതങ്ങളിൽ (Zachar. II. 8) എഴുതപ്പെട്ടിരിക്കുന്നു.

മനുഷ്യമാത്രമെന്നാളും മീക്ഷിക്കുന്ന ജഗൽപ്രതി;
മനുഷ്യപാദസഞ്ചാരം— നോക്കുമീശ്വരനെപ്പോലും.
V. 21.

എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുമില്ലെ?

സി൨. വല്ലാത്തബാലകരൊരായിരമുള്ളതേക്കാൾ
ചൊല്ലാന്ന് ദൈവഭയമുള്ളൊരു സൂനു നല്ലു

പൊല്ലാപ്പുയന്ന സുതലബ്ധിയിലാത്മജന്മാ—
രില്ലാതെകണ്ട മുതരാവുകതന്നെ യുക്തം. XVI. 3—4.

ൻന്മ. ദുഷ്ടസന്താനങ്ങൾ മാതാപിതാക്കന്മാക്ക ആക്ഷേപ കാരണവും ദൈവശാപത്തിനു അർഹന്മാരുമാണ്. അതിനാൽ അവരേയും അവരുടെ കുടുംബത്തേയും ദൈവം നിശ്ശേഷം നശിപ്പിച്ചുകളയും. പ്രത്യുത, ഗുണവാനായ ഏക പുത്രൻ തന്നെയും ദൈവ സ്നിഗ്ദ്ധനും മാതാപിതാക്കന്മാക്ക മഹിമാസ്പദവുമാകുന്നു. അതിനാലാണ്:

താതനെബ്ബുദ്ധിമാൻ പുത്രൻ— ദുഷ്ടമാനസനാക്കിടും,
പെറ്റമാതാവിനാക്ഷേപ— കാരണം മൂഢനാത്മജൻ.
XV. 20. എന്നും,

ഭോഷനാത്മാവമാനത്തി— നായിക്കൊണ്ട ഭവിച്ചവൻ.
അവനിൽ തോഷമുണ്ടാവി— ല്ലവനെറ ജനിതാവിനും.
XVII. 21. എന്നും,

ഗുണവാനെറ പിതാവിനു— പുരുമോദമുദിച്ചിടും,
വിജ്ഞനെറ ജനിതാവേറ്റ മവനിൽ തുഷ്ടനായിടും.
XXIII. 24.

എന്നും സുഭാഷിതങ്ങൾ പറയുന്നത്. "ദൈവേഷ്ടം ചെയ്യുന്ന ഒരുത്തൻ പാപികളായ പതിനായിരം പരേക്കാൾ നല്ലവനാകുന്നു" എന്നു പി. ക്രിസൊസ്റ്റോമോസ് (homil 39. in Genes.) പറയുന്നു. വീണ്ടും അദ്ദേഹംതന്നെ (homil. 40.) "പിലയേറിയ ഒരു രത്നം ആയിരം കൊച്ചുകാശിനേക്കാൾ നല്ലതാണെന്നു നിങ്ങൾകാണുന്നില്ലേ?" എന്നു ചോദിക്കുന്നു.

വരമേകോ ഗുണിപുത്രോ— നച മൂർഖശതാന്യപി
ഏകശ്ചന്ദ്രസ്തമോഹന്തി— നചതാരഗണോപിച.
ഏകേനാപി സുവൃക്ഷേണ— പുഷ്പിതേന സുഗന്ധിനാ
വാസിതം തദ്വനം സർവ്വം—സുപുത്രേണ കുലംയഥാ.
ഏകേനാപി സുപുത്രേണ— വിദ്യായുക്തേന സാധുനാ
ആഹ്ലാദിതം കുലം സർവ്വം—യഥാചന്ദ്രേണ ശർവ്വരീ. എന്നു നാം കേട്ടിട്ടുള്ളതാണല്ലൊ.

"ക്നാനായക്കാരെ ഒന്നാകെയെടുത്താലും ഏകനായ അബ്രാഹത്തെക്കാൾ വലുതായും, സൊഡൊമായക്കാരെയെല്ലാം ലോത്ത് എന്ന ഒരുവനെക്കാൾ മേലായും നീ ഗണിക്കുമോ? മേദിയാൻകാരെ മുശക്കു മേലായി നി കരുതുമൊ?" എന്നു പി. ഗ്രെഗോരി നസ്യാൻസൻ (S. Gregorius Nazianzenus, Orat. 32.) നമ്മോടു ചോദിക്കുന്നു.

"വല്ലാതെ തനയന്മാരില്ലായ്കതന്നെ സുഖം" എന്നുള്ള 'സുദശ്ന' വാക്യവും ഇവിടെ സ്മരിക്കായ്മതന്നെ.

൯൫. "കാണുന്നതില്ലിവനെയീശ്വരനുന്നതസ്ഥാ—
നാണുള്ളവാത്തയറിയുന്നതുമില്ലതെല്ലും"

താണുള്ളവാക്യമിതിചൊല്ലുക വേണ്ടമുപ്പാർ
വാണുള്ളവന്നതു രസിയ്ക്കുകയില്ലശേഷം. XVI. 16.

൯൪. അല്ല വസ്തുവായ ഏതൊന്നെ ദൈവം കാണുന്നില്ല: അവിടന്നു ഉയരത്തിൽ സ്ഥിതിചെയ്യുന്നു: എന്നു കരുതി പാപികൾ പാപകൃത്യങ്ങൾ ചെയ്വാൻ തുനിയുകയും പ്രതീകാരത്തെ ഭയപ്പെടാതിരിക്കയും ചെയ്യുന്നു. ഇതു് പരമാബദ്ധമാണ്. ഒരു രാജാവു് പ്രജകളിൽ ഓരോരുത്തനെയുംപറ്റി ആലോചിക്കുന്നതിനും അവരുടെ കാര്യങ്ങൾ അറിയുന്നതിനും ശ്രമിക്കയില്ല, അതു അദ്ദേഹത്തിനു സാധിക്കയുമില്ല. എന്നാൽ സർവ്വജ്ഞനും, സർവ്വശക്തനുമായ ദൈവം ഓരോരുത്തനെയും ഭരിക്കയും, ഓരോരുത്തന്റെയും കാര്യംഅന്വേഷിക്കയും, ഓരോരുത്തനും സമ്മാനവും ശിക്ഷയും നൽകുകയും ചെയ്യുന്നു. ഏറ്റം നിസ്സാരകാര്യങ്ങളേയും അത്യന്തം നിഗൂഢമായ സംഗതികളേയും സൂക്ഷ്മമായും തെളിവായും അവിടന്നു കണ്ടറിയുന്നു. ദൈവം "ഹൃദയങ്ങളേയും കിടിതടങ്ങളേയും പരിശോധിക്കുന്നവനാണ്." അവിടന്നു "വിളക്കു കൈയിൽ എടുത്തുകൊണ്ടു് ഓരോരുത്തരെ— മനുഷ്യാത്മാവിനെ— പരിശോധിക്കും."

ദൈവം ഉന്നതത്തിൽ സ്ഥിതിചെയ്യുന്നവെങ്കിലും അവിടന്നു സർവ്വവ്യാപിയുമാണ്. ഭൂമിയിലും, അതിന്റെ മൂലകളിലും കോണുകളിലും അവിടന്നു സ്ഥിതിചെയ്യുന്നു. ദൈവം അവിടത്തെ ആസ്തിക്യംകൊണ്ടും, സാന്നിദ്ധ്യംകൊണ്ടും, ശക്തികൊണ്ടും സപ്തപാതാളങ്ങളെ നിറക്കുന്നു. "അങ്ങേ അരുവിയിൽനിന്നു ഞാൻ എവിടെപ്പോകും? അങ്ങേ മുഖത്തിൽ (സന്നിധിയിൽ) നിന്നു ഞാൻ എവിടെ ഓടിയൊളിക്കും? ഞാൻ സപ്തത്തിൽ കയറിയാൽ അങ്ങു് അവിടെയുണ്ടു്. ഞാൻ പാതാളങ്ങളിൽ ഇറങ്ങിയാൽ അവിടെയും അങ്ങു് സന്നിഹിതനാകുന്നു" എന്നാണ് രാജർഷിദാവീദ് (Psalm. CXXXVIII. 8.) പറയുന്നതു്. അതെ, യഥാർത്ഥത്തിൽ "നാം അവിടത്തിൽ ചലിക്കയും ജീവിക്കയും ഭവിക്കയും ചെയ്യുന്നു." സമുദ്രത്തിലെ നീർപ്പഞ്ഞി (Spong) പോലെ ദൈവത്താൽ നാം സർവ്വത്ര ചുറ്റപ്പെട്ടിരിക്കുന്നു. അതിനാൽ ഒരു പ്രവൃത്തി എവിടെ നടന്നാലും അതു ദൈവസന്നിധിയിലും അവിടത്തെ ദൃഷ്ടിപഥത്തിലും നടക്കുന്നു. ദൈവത്തിന്റെ ഈ സാന്നിദ്ധ്യം മനുഷ്യനെ പാപത്തിൽനിന്നു നിവർത്തിക്കുന്നതിനും പുണ്യത്തിനു ഉത്സാഹിപ്പിക്കുന്നതിനും അത്യന്തം ഉപയുക്തമാകകൊണ്ടു് ഈ സ്മരണയെ നമ്മിൽ വരുത്തുന്നതിനു ബർസീറാ പല സ്ഥലങ്ങളിലും പല വിധത്തിലും ശ്രമിക്കുന്നുണ്ടു്.

൯൫. പാപത്തെയൊക്കെയടിയോടെ വെറുത്തിടാഞ്ഞാ—
ലാപത്തണഞ്ഞു വലയാനിടയാകുമാശു
കോപത്തോടീശനമരും സുത! പാപി പശ്ചാ—
ത്താപത്തൊടൊത്തു പദതാരിണക്കുപ്പിടാഞ്ഞാൽ. XVII. 21.

൯൩. എല്ലാം തിരഞ്ഞറികെ സംഗതി ബുദ്ധിപൂർവ്വം
ചൊല്ലാൻതുടങ്ങരുതു തീർച്ചയതിന്നുമുമ്പായ്
വല്ലാതെ വേഗമുരചെയ്യൊല, സത്യബോധ–
മില്ലാതൊരേക പദമാകിലുമോതിടൊല്ല. XVIII. 19.

൯൪. കാമാദിഷൽക്കമടിയോടെയുത്തുനീക്കി–
പ്രേമാസ്പദാത്മഹിതയൊക്കെയകറിവെയ്ക്കു;
സീമാവിഹീന ഗുണമിങ്ങു ലഭിയ്ക്കുമാത്മ–
ക്ഷേമാദികൾക്കുമതുകാരണമായ് ഭവിയ്ക്കും.
XVIII. 30.

൯൪. കാരണം: കാമക്രോധാദികൾ സ്വാഭാവികനിയമങ്ങൾക്കും ദൈവപ്രമാണങ്ങൾക്കും വിരോധമാണ്. ഒരു മനുഷ്യൻ രസകരങ്ങളും ഇന്ദ്രിയ സുഖദായകങ്ങളുമായ വസ്തുക്കളെ (Bonum delectabile et Concupiscibile) അല്ല, മാന്യമായിട്ടുള്ളതിനെ (Bonum honestum) ആഗ്രഹിക്കണമെന്നാണ് സ്വാഭാവിക നിയമം ആജ്ഞാപിക്കുന്നതു്. ദൈവപ്രമാണമാകട്ടെ, നാം ശരീരേച്ഛകളെയല്ല, ആത്മാവിന്റെ ആലോചകളെ അനുഗമിക്കണമെന്നുപദേശിക്കുന്നു.

ദുരാശകൾ മനുഷ്യനു് അത്യന്തം നാശകരങ്ങളാണ്. അവ കടിഞ്ഞാണിനു ഇണങ്ങാത്ത കുതിരയെപ്പോലെ മദഭ്രാന്തിയോടെ പാഞ്ഞു്, തന്റെമേൽ ഇരിക്കുന്നവനെ മൽപ്പിടുപ്പിലും, വള്ളികളിലുംകുടി വലിച്ചു് കല്ലിലും കുഴിയിലും വീഴിക്കും. ദുരാശകളായ ഈ കുതിരയിന്മേൽ ഇരിക്കുന്നതു മനസ്സു അഥവാ അതുപിയത്രെ. അതു് പാഞ്ഞുപോകാതെ സുബോധമെന്ന കടിഞ്ഞാൺകൊണ്ടു നടത്തണം സവാരിക്കാരനെ കുതിര നടത്തുന്നതും, മനുഷ്യൻ തലകീഴും കാലുമേലുമായി നടക്കുന്നതും പ്രകൃതിവിരുദ്ധവും ഭീകരവുമായിരിക്കുന്നതുപോലെ, സുബോധം ദുരാശകളാൽ നടത്തപ്പെടുന്നതു പ്രകൃതിവിരുദ്ധവും ഭീകരവുമാണ്. അതിനാൽ "കുതിരക്കാരൻ ലഗാൻകൊണ്ടു കുതിരയെ നടത്തുന്നതു ഏതു വിധമോ ആ വിധംതന്നെ ബോധശക്തികൊണ്ടു് ശരീരത്തെ ഭരിച്ചു നടത്തുക" എന്നു് വി. ബസിൽ അദ്ദേഹത്തിന്റെ അദ്ധ്യാത്മപുത്രനോടുപദേശിക്കുന്നു. (S. Basil. ad Filium Spirit.)

ഹാവ്വാ, വിലക്കിയിരുന്ന ഫലം ഭക്ഷിച്ചതിന്റെയും, ദാവീദ് അധമകൃത്യം പ്രവർത്തിച്ചതിന്റെയും, പത്രോസ് ക്രിസ്തുവിനെ ഉപേക്ഷിച്ചു പറഞ്ഞതിന്റെയും കാരണം എന്തെന്നു ആലോചിക്കുക. ദുരാശകളെ നിയന്ത്രിക്കാതെയുള്ള സ്വയമനസ്സുപോലെ വലുതായ ഒരു ശത്രു മനുഷ്യനു വേറൊന്നില്ലെന്നുള്ളതു് അദ്ധ്യാത്മ ശാസ്ത്രകോവിദന്മാരെല്ലാം ഏകകണ്ഠമായി പഠിപ്പിക്കുന്ന ഒരു വാസ്തവമാണ്.

൯൫. ഇഷ്ടാനുസാരമയിബാലക! നീ നടന്നാൽ
കഷ്ടാമയങ്ങളളവറു നിനക്കുദിയ്ക്കും

ദുഷ്ടാരികൾക്കുമഹോത്സവമായ് ഭവിയ്ക്കും
ദുഷ്ടാന്തമുണ്ടിതിനു ചൊല്ലുവതിന്നസംഖ്യം. XVIII. 31.

൯വു. കാരണം: ദുരാശകളുടെ പൂത്തീകരണംമൂലം രോഗങ്ങൾ, അപമാനം, ദാരിദ്ര്യം, മരണം, ആത്മാവിനേയും ശരീരത്തേയും സംബന്ധിച്ച പലേ നാശങ്ങൾ ഇവയെല്ലാം നിനക്കു സംഭവിക്കുന്നു. ഇതുകൾ വഴിയായി നീ സ്വപ്നജനങ്ങളുടെയും ആക്ഷേപവിഷയമായിത്തീരും. ദലീലായെ സ്നേഹിക്കുമൂലം ബലിഷ്ഠനായ ശെംശോൻ ഫിലിസ്ത്യരുടെ കൈയിൽ അകപ്പെട്ട സംഗതി ഓർക്കുക. അവർ അദ്ദേഹത്തെ പിടിച്ചു ബന്ധിക്കുവാനും കണ്ണു കുത്തി ആക്ഷേപിച്ചു കൊല്ലുവാനും ഇടയായതു എന്തുകൊണ്ട്?

ആകയാൽ ഏതെങ്കിലും ദുരാശ നിന്നിൽ അങ്കുരിക്കുമ്പോൾ, അതു നിന്നെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെ നിന്റെ ബന്ധുവല്ല, ശത്രുവാണ് എന്നോർമ്മിച്ചുകൊണ്ട് പ്രാണശത്രുവിനെ എന്ന കണക്കെ സ്വശക്തിയും പ്രയോഗിച്ചു അതിനോടു എതിർക്കുക. പടയാളികൾ ശത്രുവിനെക്കാണുമ്പോൾ ഉടനെ ആയുധം ധരിക്കയും സ്വബലത്തോടുംകൂടി യുദ്ധം ആരംഭിക്കുകയും ചെയ്യുന്നതുപോലെ, നിന്നിൽ വല്ലൊരു ദുരാശ ജനിക്കുകയൊ, വല്ല നികൃഷ്ടാകർഷണം നിന്നിൽ ഉണ്ടാവുകയൊ ചെയ്യുന്നഎന്നു കാണുമ്പോൾ ഉടനെതന്നെ സുബോധത്തോടും പൂർണ്ണ മനസ്സോടുംകൂടി ദൈവസഹായമെന്ന ആയുധം ധരിച്ചുകൊണ്ട് അതിനോടു എതിർത്തുകൊള്ളുക.

൯൯. എന്നുള്ളിലുള്ളൊരഭിലാഷമിതാണെ കേൾ നീ
ചിന്നം രസേന കലഹങ്ങളിലുൾപ്പെടൊല്ല,
"ഉന്നംകണക്കു വലുതല്ലതു കൊന്ന നമ്മെ—
ത്തിന്നും ബലിഷ്ഠ മൃഗമല്ലി"തു ചൊല്ലിടൊല്ല.
XVIII. 32.

൯൯. കലഹങ്ങൾ എത്രതന്നെ നിസ്സാരങ്ങളായിരുന്നാലും അവയിൽ നീ ഉൾപ്പെടരുതു്. ഒരു ചെറിയ തീപ്പൊരിയിൽനിന്നു വലിയ അഗ്നിപ്രവാഹം ഉണ്ടാകുന്നതുപോലെ, നിസ്സാരമായ ആരംഭങ്ങളിൽനിന്നാണ് വലിയ കലഹങ്ങളെല്ലാം ഉണ്ടായിട്ടുള്ളതു്. ലോകഭയങ്കരമായ മഹാ യുദ്ധത്തിന്റെ അടുത്ത കാരണമെന്തായിരുന്നു? ശത്രു കടുവായും പുലിയുമൊന്നുമല്ല, കേവലം കഥയില്ലാത്തവനാണ് എന്നും, കലഹം അല്പമാണെന്നും നീ കരുതേണ്ട. ചെന്നൽപ്പെട്ട കഴിഞ്ഞാൽ അവനും നീയും സ്വന്ത പിടിയിൽനിന്നുതന്നെ വിട്ടുപോകും. എന്തൊക്കെ പ്രവർത്തിക്കുമെന്ന ഇപ്പോൾ ഊഹിക്കുകുടി വഹിയാ. കായ്യം കഴിഞ്ഞുകുട്ടുമ്പോൾ മാത്രമെ അതു അറിവാനിടയാകയുള്ളു. പശ്ചാത്താപമാണ് അപ്പോൾ നിനക്കു ശേഷിക്കുന്ന ഫലം.
ചിറവെട്ടി മുറിയുമ്പോൾ— ജലം പായുന്നതെങ്ങനെ?

അതുപോലേ, ധരിയ്ക്കേണം– കലഹത്തിനുമുതുവം.
XVII. 14.

എന്നാണ് വിജ്ഞാനി പറയുന്നത്. സമുദായചരിത്രം, ക്രൂരക്കൊല ആദിയായ പലെ വലിയ കലഹങ്ങളുടെയും ഉത്ഭവം എവിടെനിന്നായിരുന്നു എന്നു അന്വേഷിച്ചാൽ മേൽപറഞ്ഞിട്ടുള്ളതിന്റെ യാഥാർത്ഥ്യം കണ്ടുപിടിക്കുവാൻ നിനക്കു ധാരാളം സംഗതിയാകും.

൨൦൦. പെട്ടിയ്ക്കകത്തു പണമറാദിനത്തിൽ നീവൻ–
മട്ടിൽക്കടത്തിലൊരു സദ്യ കഴിച്ചിടൊല്ല
മുട്ടിൽപ്പൊട്ടത്തുമതുനിന്നെ, നിനക്കു നീതാൻ
തട്ടിച്ചിടുന്ന വലുതാമൊരു ശത്രുവാകും. XVIII. 33.

പ്രഥമസർഗ്ഗം സമാപ്തം.

ദ്വിതീയ സർഗ്ഗം.

ഫ. നിനയ്ക്കനീ മൽസുത! മദ്യപന്മാർ
ധനത്തെ നേടാനിടയില്ലതെല്ലും
കനത്തതല്ലാത്തവ സംതൃജിപ്പോ-
ക്കനല്പമാം വീഴ്ച വരും ക്രമത്താൽ. XIX. 1.

ഫ. പൂർവ്വാദ്ധ്യത്തിൽ പറയുന്ന സംഗതി വിദിതമാകയാൽ ക്രൂരന്മാരായി ഒന്നും പറയേണ്ട ആവശ്യമില്ല. Verum ubi rerum testimonia adsunt nihil opus est verbis - കാര്യങ്ങൾ തന്നെ സാക്ഷിയായി നില്ക്കെ, വാക്കുകൾകൊണ്ട് ആവശ്യമില്ല എന്നാണല്ലൊ സിസറൊ പറയുന്നത്.

മദ്യത്തിലിഷ്ട, മുല്ലാസ- പ്രിയം, ഭോഗേച്ഛയെന്നിവ
കലർന്ബുദ്ധിഹീനന്മാ- ക്കുണ്ടാവില്ല ധനോദയം.
XXI. 17. എന്നും,

വിഷയേച്ഛയുമുന്മാദ- പ്രിയവും നീക്കി വെക്കുക
ഇതുരണ്ടിലുമുൾപ്പെട്ടാൽ- ഗതിയില്ലതു നിശ്ചയം.
XXIII. 20-1.

എന്നും, സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു ഈ സ്ഥലത്തിൽ സ്മർത്തവ്യമാണ്. "മത്സ്യം ഇര പിടിക്കുമ്പോൾ ചൂണ്ടയാൽ പിടിക്കപ്പെടുന്നു; ഇതുപോലെ, മനുഷ്യൻ മദ്യം പാനം ചെയ്യുമ്പോൾ സ്വയമേ പാനം ചെയ്യപ്പെടുന്നു" - എന്നുവെച്ചാൽ, അവന്റെ സ്വത്സ്വഭാവം നഷ്ടമാകുന്നു, - എന്നാണ് വി. ബസീൽ (ad Filium Spirit.) പറയുന്നത്.

ഉത്തരാദ്ധ്യം മദ്യപന്മാരെപ്പറ്റിയാണ് ഇവിടെ പറയുന്നതെങ്കിലും അതിൽ അടങ്ങിയിരിക്കുന്നതു സ്വത്സ്വാധാരണമായ ഒരു തത്വമാണ്. അല്പമല്പം ത്യജിച്ചുകളയുന്ന വിദ്യാർത്ഥി ശാസ്ത്രജ്ഞാനമില്ലാതെ തോറ്റുപോകും. സ്വല്പ രോഗങ്ങളെ ചികിത്സ ചെയ്യുന്നീക്കാത്തവൻ മഹാരോഗങ്ങളിൽ ഉൾപ്പെടും. ചില്ലറക്കടം വീട്ടുവാൻ ഉപേക്ഷിക്കുന്നതുകൊണ്ടാണ് വലിയ കടത്തിൽപ്പെട്ട വലയും. നിസ്സാരമായ തീപ്പൊരി കെടുത്താതിരുന്നാൽ പെരുതായ അഗ്നിബാധയുണ്ടാകും. ഗൃഹനായകൻ അല്പ സ്വല്പ കാര്യങ്ങളെ ഉപേക്ഷിച്ചുകളഞ്ഞാൽ നിലയില്ലാത്ത കുഴപ്പത്തിലാകും. ചില്ലറ ലാഭങ്ങളെ പരിഗണിക്കാത്ത വർത്തകനു മഹാ നഷ്ടം വന്നുകൂടും. അദ്ധ്യാത്മ വ്യാപാരത്തിൽ സംഭവിക്കുന്നതും ഈ വിധംതന്നെ. അതിനാൽ അല്പ പാപത്തെ പരിത്യജിക്കാത്തവൻ കഠിന പാപത്തിൽ പതിക്കുമെന്നു ക്രിസ്തീയ സഭാപി

താക്കന്മാരെല്ലാം ഈ വേദവാക്യത്തിൽനിന്നു സമർത്ഥിക്കുന്നു.

വലിയ വസ്തുക്കളെല്ലാം വല ചെറിയതു കൂടിയുണ്ടാകുന്നതാണ്. ഏക സംഖ്യ വലതു കൂട്ടുമ്പോളല്ലെ ലക്ഷങ്ങളും കോടികളും ഉണ്ടാകുന്നതു്? വളരെ മഴത്തുള്ളികൾകൂടി പെരുമഴയുണ്ടാകുന്നു. മലയാളത്തെ മാത്രമല്ല, പശ്ചിമ ഘട്ടത്തിനപ്പുറത്തുള്ള വിസ്തൃത ദേശവിഭാഗങ്ങളെക്കൂടിയും ഭയവിഹ്വലമാക്കുകയും, പുരകളുടെ മുകളിൽ കൂടിയും കവിഞ്ഞൊഴുകി അനവധി ജീവനാശവും ദ്രവ്യനഷ്ടവും വരുത്തിക്കൂട്ടുകയും ചെയ്ത ഈയാണ്ടത്തെ (1924-ൽ ജൂലായിലെ) ജലപ്രവാഹം ചെറിയ ചെറിയ ജലകണങ്ങളുടെ സംയോഗം കൊണ്ടുണ്ടായതാണല്ലൊ. മഹാ ശൈലങ്ങൾ ചെറിയതരികളുടെ സങ്കലനമാണ്. ബലമേറിയ കമ്പക്കയറു (വടം, അഥവാ, ആലാത്തു)കൾ ചെറിയ ചെറിയ ചകരിത്തുരുമ്പുകളുടെ സംയോജനം തന്നെ. "നിന്റെ പാപങ്ങൾ അല്പങ്ങളെന്നു കരുതി അവയെ വകവെക്കാതിരിക്കരുതു്. എന്തെന്നാൽ മഴത്തുള്ളികൾ നദികളെയുണ്ടാക്കുന്നു, മലകളെ ഒഴുക്കുന്നു, വൃക്ഷങ്ങളെ ചുവടെ പറിച്ചുകൊണ്ടുപോകുന്നു" എന്നു് വി. ആഗസ്തീനോസു് (Serm. 44. De Temp.) പറഞ്ഞിരിക്കുന്നു.

"ചെറിയതിനെ സൂക്ഷിക്കാതെ ഉപേക്ഷിച്ചുകളയുമെങ്കിൽ അറിയാതെ തന്നെ വലിയതിനെയും ഉപേക്ഷിക്കുവാനിടയാകും..... ഒരു പൊരിയിൽനിന്നു അഗ്നി വർദ്ധിക്കുന്നു. ഒരു ചതിയൻമൂലം രക്തം ചൊരിയപ്പെടുന്നു" എന്നാണ് വി. ഗ്രഗോരിയോസു (X. Moral, Cap. IX.) പറയുന്നതു്. ചെറിയതു വലിയതിലേക്കുള്ള പാഠമാണു്. ഇന്നു് ഒരണ മോഷ്ടിക്കുന്നവൻ നാളെ രണ്ടും, മറ്റെന്നാൾ മൂന്നും, ഒടുവിൽ വലിയ തുകകളും മോഷ്ടിക്കുകയും തസ്കരപ്രമാണിയായിത്തീരുകയും ചെയ്യും. തുക്കുമരത്തിൽനിന്നു രഹസ്യം പറയുവാനെന്ന ഭാവത്തിൽ അമ്മയെ സമീപത്തു വിളിക്കുകയും അവളുടെ കാതു കടിച്ചുപറിക്കുകയും ചെയ്ത ഘോരനായ ബാലന്റെ വാക്കുകൾ എന്താണു നമ്മെ മനസ്സിലാക്കുന്നതു? അധികം സംസാരിക്കുന്നവരിൽ പരദൂഷണഭാഷണമുണ്ടാകുന്നു. അധിക സംസർഗ്ഗം മൂലം ദുരാശകൾ ഉത്ഭവിക്കുന്നു. "ദരിദ്രരുടെ വക സ്വന്തമാക്കി ശീലിച്ചതുകൊണ്ടല്ലേ യൂദാ ഒടുവിൽ സ്വഗുരുവായ മ്ശീഹായെ ഒറ്റിക്കൊടുക്കുവാനിടയായതു്?... വ്യർത്ഥാഭിമാനത്തെ വർജ്ജിക്കുവാൻ ഉപേക്ഷിച്ചതുകൊണ്ടല്ലേ യൂദന്മാർ ഒടുവിൽ മ്ശീഹായെ കൊലപ്പെടുത്തിയതു്?... ഒരു വനും പെട്ടെന്നു ദുഷ്ടനാകുന്നില്ല." എന്നു വി. ക്രിസോസ്തോമോസ് (homil. 88. in Matth.) പറയുന്നു. ആകയാൽ ഒരു തിന്മയേയും അല്പമെന്നു കരുതാതെ അതു വലിയതിന്റെ ആരംഭവും അതിലേയ്ക്കുള്ള വഴിയുമാണെന്നു കരുതി നാം അവയെ വർജ്ജിക്കണം.

൨. വാമാക്ഷിയും മദ്യവുമേതു വിദ്വൽ-
ശ്രീമാനെയും തട്ടി നിലത്തു വീഴ്ത്തും,

സാമാന്യമല്ലാത്തൊരു കീർത്തിദോഷം
ധീമാനുമുണ്ടാക്കുമനല്പവേഗം. XIX. 2.

൨. മദ്യവും സ്ത്രീയും, വിവേകം, മാന്യത, ഉദ്യോഗം, സുകൃതം, വിശ്വസ്തത, മതവിശ്വാസം, ദൈവം ഇത്യാദികളിൽനിന്നു മനുഷ്യനെ ദൂരെ അകറ്റുന്നു. സത്വവിജ്ഞാനിയായ ശ്ലേമോനെ മതത്യാഗത്തിലേക്കും വിഗ്രഹാരാധനയിലേക്കും അനയിച്ചതു ഇവരണ്ടുമല്ലെ?

൩. കടുത്തതായുള്ള പദങ്ങൾ പിന്നീ—
ടെടുത്തെടുത്തങ്ങു കഥിച്ചിടൊല്ല
മിടുക്കിതാണെന്നു നിനച്ചുകൊണ്ടാ—
ലൊടുക്കമുണ്ടാമതുകൊണ്ടനർത്ഥം. XIX. 7.

൩. കോപവാക്കു, ഭീഷണി, കുത്തുമൊഴി, അധിക്ഷേപം ഇത്യാദി അന്യനോടു പറയുവാൻ നിനക്കിടയായാൽ അതിനെ പേടിച്ചു പറയാതിരിക്കുവാൻ സൂക്ഷിക്കുക. ഒരിക്കൽ മാത്രമെങ്കിൽ അതു മനപ്പൂർവ്വമല്ലെന്നു അന്യന്മാർ കരുതിക്കൊള്ളും. അവജ്ഞകൊണ്ടു് മനപ്പൂർവ്വവും ദുർമ്മനസ്സോടുകൂടിയും എന്നേ വരികയുള്ളു. തൻമൂലം നിന്റെ സ്നേഹിതന്മാർ നിന്നെ വിട്ടകലുകയും നീ ദുർവൃത്തനായി ഗണിക്കപ്പെടുകയും ചെയ്യും.

അന്യനു ദോഷകരമായ ഒരു കഠിനപദം നീ കേൾക്കുവാനിടയായാൽ അതു പരക്കെപ്പറഞ്ഞു നടത്തരുതാത്തതാണ്. കേട്ട സംഗതി വെളിയിൽപ്പെട്ട വലിയ ദുർഗ്ഗന്ധം പുറപ്പെടുത്തുകയും നാശം ഉളവാക്കുകയും ചെയ്യാതിരിക്കേണ്ടതിനായി അതു പേടിച്ചു പറയാതെയും അന്യരെ അറിയിക്കാതെയും ഇരിക്കുന്നതും, വളരെ കേട്ടാലും അല്പം മാത്രം പറയുന്നതും കേൾവിപ്പെട്ട ദുർവ്വാക്കുകളെ ശ്മശാനത്തിലെന്ന കണക്കെ നിന്റെ ഉള്ളിൽ അടക്കുന്നതും വലിയ വിജ്ഞാനമാണ്. നാം കണ്ടും കേട്ടും അറിഞ്ഞു് ഇന്ന വിധമെന്നു തീരുമാനിച്ച പല കാര്യങ്ങളും യഥാർത്ഥത്തിൽ നാം ധരിച്ചിരുന്നതുപോലെയല്ലായിരുന്നു എന്നു മനസ്സാപപൂർവ്വം അറിവാൻ ഇടയായിട്ടില്ലെ?

൪. പരനുദോഷാവഹമായ കാര്യം
പരനുകണ്ടുത്തിനകത്തു പെട്ടാൽ
ശരംകണക്കുള്ളതു ഹൃത്തടത്തെ—
ത്തുരന്നിടിൽപ്പിന്നു നശിച്ചിടട്ടെ. XIX. 10.

൪. അന്യനെപ്പറ്റി ഏതെങ്കിലും—വിശിഷ്യ രഹസ്യമായിട്ടുള്ള വല്ല ദോഷ സംഗതിയും— കേട്ടാൽ വിഷം സേവിച്ചതുപോലെ ഉള്ളിൽ അതിനെ അടക്കുവാൻ സാധിക്കാതെ പൊട്ടിപ്പിളരാൻ പോകുന്നതുപോലെ ചിലക്കു തോന്നുന്നു. തൻമൂലം സത്വരം അതിനെ അവർ വമിക്കുകയും കാണുന്നവരോടൊക്കെ പറയുകയും ചെയ്യുന്നു. ആ വാക്കു് ഒരു വാളല്ല, അതു ഹൃദയത്തെ ഭേദിച്ചു വെളിക്കു ചാടുകയു

മില്ല എന്ന് അവർ മനസ്സിലാക്കട്ടെ. അതു അവിടെ മരിച്ചു് അവിടെത്തന്നെ എന്നേക്കും സംസ്കരിക്കപ്പെടേണ്ടതാണ്.

അധമോക്തി വമിയ്ക്കുന്ന– വദനത്തെയകറണം;
പരദൂഷണമോതീട്ട– മധരത്തെയുമഴിഞ്ഞു. IV. 24.

എന്നാണ് സ്ലൈമോൻ സുഭാഷിതങ്ങളിൽ നമ്മോടു ഉപദേശിക്കുന്നതു്.

ആക്ഷേപവാദം എത്രയോ നിന്ദ്യമാണെന്നു പഠിക്കുക. "ജനങ്ങളുടെ ഇടയിൽ നീ ആക്ഷേപവാദിയും ഏഷണിക്കാരനുമായിരിക്കരുതു്." എന്നു് ലേവ്യഗ്രന്ഥം ഖണ്ഡം-ാം അദ്ധ്യായം ഖണ്ഡ-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. "ഏഷണിക്കാരും ആക്ഷേപവാദികളും ദൈവത്തിനു ത്യാജ്യന്മാരാകുന്നു" എന്നാണ് വി. പൌലോസ് (Rom. 1. 29.) പഠിപ്പിക്കുന്നതു്. "നീ പരന്മാരെപ്പറ്റി ആക്ഷേപവാദം ചെയ്യാതിരിക്കേണ്ടതിനും, പരന്മാർ ആക്ഷേപവാദം ചെയ്യുന്നതിനെ നീ കേൾക്കാതിരിക്കേണ്ടതിനുമായി 'ചൊറിച്ചി'ലുള്ള നാവും ചെവിയും നിനക്കുണ്ടാകാതിരിപ്പാൻ സൂക്ഷിക്കുക." എന്നു് വി. ഈറാനിമോസ് (Epist. 2. ad Nepotianum) പറയുന്നു.

വി. ക്രീസോസ്റ്റോമോസ് (homil. 2. ad populum) പ്രസ്താവിക്കുന്നതു കേട്ടാലും: "ഏതെങ്കിലും രഹസ്യം പറഞ്ഞുകഴിഞ്ഞശേഷം അതു മറ്റാരോടും പറയാതിരിക്കുവാൻ ശ്രോതാവിനോടു് ആവശ്യപ്പെടുകയും ഉടമ്പടി ചെയ്യിക്കയും ചെയ്യുന്നതു് ഏറ്റവും ഹാസ്യജനകമായിട്ടുള്ളതാണ്. ഇതുകൊണ്ടു്, ശിക്ഷാർഹമായ സംഗതിയാണ് നീ പറഞ്ഞതെന്നു തെളിയുന്നു. അവൻ അതു ആരോടും പറയരുതെന്നു നീയപേക്ഷിക്കുന്നെങ്കിൽ നീയാണ് ഒന്നാമതായി അവനോടു പറയാതിരിക്കേണ്ടിയിരുന്നതു്..... അന്യനു ദോഷാവഹമായ വർത്തമാനം നീ കേട്ടുപൊ? അതു് നിന്റെയുള്ളിൽ ചാകട്ടെ. അതു നിന്നെ ഭേദിക്കയില്ലെന്നു വിശ്വസിക്കുക. അതു നിന്നിൽ ചാകട്ടെ എന്നു പറയുന്നതിന്റെ സാരമെന്താണ്? അതിനെ കെടുത്തുക, പുറത്തുപോകാതെ കഴിച്ചിടുക, വിസ്മരിക്കുക. അന്യന്മാർ ഈവിധം പറയുന്നതിനു സമ്മതിക്കാതിരിക്കുവാൻ പ്രത്യേകം ശ്രമിക്കുക. വല്ലപ്പോഴും അങ്ങനെ കേട്ടാൽ ..... അതു കേൾക്കാത്തവനെപ്പോലെ നീയാകേണ്ടതിനായി മറന്നുകളയുക."

൪. ധരിച്ചകായ്യം പരനോടു ചൊല്ലാ–
തിരിയ്ക്ക ഭോഷനു നിനച്ചിടുമ്പോൾ
അരിഷ്ടസംപ്രാപ്തശിശുപ്രസൂതി–
യ്ക്കിരിയ്ക്കുമപ്പീഡകണക്കസഹ്യം. XIX. 11.

൪. അന്യരെപ്പറ്റി നവമായും രഹസ്യമായും ഏതെങ്കിലും ആക്ഷേപവർത്തമാനം കേട്ട ഭോഷൻ ഒരു സ്ത്രീക്കു പ്രസവവേദന തുടങ്ങിയ സന്ദർഭത്തിലാണ്. കുട്ടിയെ പ്രസവിച്ചുകഴിയുന്നതുവരെ അവൾക്ക് ആശ്വാസമുണ്ടോ? ആരോടെങ്കിലും പറഞ്ഞു വെളിക്കയക്കാതെ ഇവനും സുഖമില്ല.

അന്യന്റെ തെറ്റുകളെ, അവ തിരുത്തുവാൻ കടമയും അധികാരവുമുള്ളവരുടെ അടുക്കൽ പറയുന്നതിനു വിരോധമില്ല. അങ്ങനെ ചെയ്യുവാൻ എല്ലാപേക്കും, നീതിയുടെ കടമയില്ലെങ്കിൽ, പരസ്നേഹത്തിന്റെ കടമയെങ്കിലുമുള്ളതാണ്. സജ്ജനങ്ങൾ അതു എവിടെ വെളിപ്പെടുത്തണമെന്നും ആരോടു വെളിപ്പെടുത്തണമെന്നും ആലോചിച്ചു തക്ക സമയത്തു പറയുന്നു. ഈ പ്രവൃത്തികൊണ്ടു തെറ്റു ചെയ്യുവനേയും സമുദായത്തേയും അവർ സംരക്ഷിക്കുന്നു. ഭോഷനാകട്ടെ, പ്രസവിക്കാതെ ഗർഭം അലസിപ്പോകുന്ന സ്ത്രീകളെപ്പോലെയാണ്. ഈ സ്ത്രീകൾ അമിതവും അഹിതവുമായ ഭക്ഷണംകൊണ്ടും, സുഖഭോഗങ്ങൾകൊണ്ടും, അവിവേകപ്രവൃത്തികൊണ്ടും ഗർഭത്തെ അലസിച്ചു ജീവനാശം ഉണ്ടാക്കുന്നതുപോലെ, ഭോഷൻ കേട്ടതിനെ പറയാതിരിക്കുകകൊണ്ടുള്ള ചൊറിച്ചിൽ അടക്കുവാൻ വഹിയാതെ അസ്ഥാനത്തും അസമയത്തും തങ്ങളുടെ മനോഗർഭമായ ദുർവാർത്തയെ അപൂർണ്ണാവസ്ഥയിൽ വെളിക്കുവരുത്തുകകൊണ്ടു പരനെയും പലരേയും മുറിപ്പെടുത്തുകയും മുതിപ്പെടുത്തുകയും സമുദായക്ഷേമത്തിനു നാശത്തെ ഉളവാക്കുകയും ചെയ്യുന്നു.

൯. മതിപ്രഭാവം കുറവാകിലും ദ്യോ–
പതിയ്ക്കിണങ്ങും ഭയമുള്ള ദേഹം
അതിപ്രതാപാനിരനായിടും ദുർ–
മതിയ്ക്കു മേലാണതിനില്ലവാദം. XIX. 21.

൯. നന്മതിന്മകൾ തമ്മിലുള്ള വ്യത്യാസം വേണ്ടവിധം തിരിച്ചറിയുകയും ആ അറിവനുസരിച്ചു പ്രവർത്തിക്കാതിരിക്കയും ചെയ്യുന്ന ഒരു ധീമാൻ എത്രമാത്രം പഠിപ്പും അറിവും ഉള്ളവനാണൊ, അത്രത്തന്നെ ശിക്ഷാർഹനുമാകുന്നു. എന്തെന്നാൽ സ്വന്ത അറിവിന്റെ സദ്പ്രയോഗമല്ല, ദുഷ്പ്രയോഗമാണ് അവൻ ചെയ്യുന്നത്. "നന്മ ചെയ്യാൻ അറിഞ്ഞിട്ടും ചെയ്യാതിരിക്കുന്നവന് അതു പാപമാകുന്നു" എന്നു വി. യാക്കോവ് ശ്ലീഹാ (IV. 17.) പറഞ്ഞിരിക്കുന്നു. ടൈയിർ (Tyre), സിഡൊൻ (Sidon) എന്ന പട്ടണങ്ങൾക്കു കൊറൊസായിൻ (Corozain), ബെത്ത്സയിഡാ (Bethsaida) എന്നവയെക്കാളും, സൊഡൊം (Sodom) പട്ടണത്തിനു ക്പർണാഹൊ (Capharnaum) മിനെക്കാളും അവസാന വിധിയുടെ ദിവസത്തിൽ ആനക്കുല്യമുണ്ടാകുമെന്നു ക്രീസ്തു അരുളിച്ചെയ്തതിന്റെ കാരണവും ഇതുതന്നെ. (Matth. XI. 21. 24.) "ഞാൻ വന്ന് അവരോടു പറഞ്ഞില്ലായിരുന്നെങ്കിൽ അവക്കു പാപമുണ്ടാകയില്ലായിരുന്നു: എന്നാൽ ഇപ്പോൾ അവക്ക് തങ്ങളുടെ പാപത്തിന് ഒഴികഴിവില്ല." (John. XV. 22.) എന്ന് അവിടന്നുതന്നെ പ്രസ്താവിക്കുന്നതും ഈ കാരണത്താലാണ്.

എന്നാൽ സാധുവും, അപരിഷ്കൃതനും, അജ്ഞനും, ബുദ്ധിവിവേകം കുറഞ്ഞവനുമെങ്കിലും ദൈവത്തെ ഭയന്നും അവിടത്തെ പ്ര

മാണം അനുസരിച്ചും ജീവിക്കുന്ന ഒരുത്തൻ, വിവേകവും, അറിവും, കായ്ശേഷിയും ധാരാളമുള്ള പ്രസൂത ശാസ്ത്രജ്ഞനെക്കാൾ തുലോം നല്ലവനാകുന്നു.

൭. നിനച്ചതോതാനുതകുന്നനേരം
മനസ്സിലോക്കുന്ന സുധിപ്രവീരൻ
അനർത്ഥമോക്കാതെ വിചാരമെല്ലാ–
മനല്പവേഗം പറയുന്ന മൂഢൻ. XX. 7.

൭. "സംസാരിക്കാനും സംസാരിക്കാതിരിക്കാനും സമയമുണ്ട്" എന്നു വിജ്ഞാനി പറയുന്നു. സംസാരിക്കുവാൻ തക്ക സമയം അറിയുന്നത് ഒരു വലിയ വിജ്ഞാനമാണ്. ഭോഷനാകട്ടെ സംസാരിക്കേണ്ട സമയം നോക്കാതെ, എന്തൊ വായിൽ വരുന്നു അതൊക്കെ ഉടനടി പറയുന്നു. വിജ്ഞൻ പറയുന്നതിനു മുമ്പായി എന്ത്? ആരോട്? എവിടെ? എപ്പോൾ? എന്തിനു? ഇത്യാദി പലേ സാഹചര്യങ്ങളും ആലോചിക്കുന്നു.

കഃകാലഃകാനിമിത്താനികോദേശഃകൌവ്യയാഗമൌ
കശ്ചാഹംകാചമെശക്തിരിതിചിന്ത്യം മഹർമ്മുഹുഃ– എന്നല്ലെ ഏതു പ്രവൃത്തിയേയുംപറ്റി നീതിസാരം പറയുന്നത്.

൮. അംബ്രോസീസ് (lib. I. De Officiis, Cap. II.) ഏതദ്വിഷയകമായി പറയുന്നതു കേൾക്കുക: "'നിന്റെ വാക്കുകളാൽ നീ ശപിക്കപ്പെട്ടും' എന്ന് എഴുതപ്പെട്ടിരിക്കുന്നു. സംസാരിച്ചുകൊണ്ട് ശാപത്തിൽ ഉൾപ്പെടുവാനുള്ള ആപത്തിനെ ധൃതിയിൽ വരുത്തിക്കൂട്ടുന്നതിനുള്ള കായ്മെന്തു? മൌനം അവലംബിച്ചു് അപകടമില്ലാതെ ഇരിക്കരുതൊ? സംസാരംമൂലം ആപത്തിൽ ഉൾപ്പെടുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. മിണ്ടാതിരുന്നുകൊണ്ട് അതിൽ ചെന്നു ചാടിയതായി ആരെയും കണ്ടിട്ടില്ല. അതിനാൽ സംസാരിക്കുവാൻ പഠിക്കുന്നതിലധികം പ്രയാസം മൌനം അവലംബിക്കുവാൻ പഠിക്കുകയാണ്. മിണ്ടാതിരിക്കുവാൻ അറിഞ്ഞുകൂടായ്കയാൽ പലരും സംസാരിക്കുന്നതായി എനിക്കറിവുണ്ട്." "പേശാമൽ പിഴൈവരാതു" എന്നു തമിഴ് പഴഞ്ചൊല്ലുമുണ്ടല്ലൊ.

൯ ഒരിക്കലുംസത്യമുരച്ചിടാതെ–
ങ്ങിരിപ്പവൻ ചോരനിലും നികൃഷ്ടൻ
ധരിഷ്ണുനീയായവർ രണ്ടുപേക്ഷം
ശരിഷ്ണുനാശംവരുമന്ത്യകാലേ. XX. 27.

൯. അസത്യവാദിയും ചോരനും ഇരുവരും നിന്ദ്യന്മാർ തന്നെ. അവക്കിരുവക്കും അവസാനത്തിൽ നാശം ഭവിക്കുയും ചെയ്യും. എങ്കിലും താരതമ്യേന കള്ളൻ നിത്യം വ്യാജം പറയുന്നവനേക്കാൾ ദോഷവും ഉപദ്രവവും കുറഞ്ഞവനാണ്. കാരണം: (൧) കള്ളൻ ധനം മാത്രമേ മോഷ്ടിക്കുന്നുള്ളു. എപ്പോഴും വ്യാജം പറയുന്നവൻ

പരന്റെ ധനം മാത്രമല്ല, കീർത്തി, ജനരഞ്ജന, ജീവൻ ഇവയെക്കൂടി അപഹരിക്കുന്നു. ധനത്തെക്കാൾ കീർത്തിയും ജീവനും പ്രധാനങ്ങളാണല്ലൊ. — (൨) കള്ളൻ ദരിദ്രതയും വിശപ്പുംകൊണ്ട്; വ്യാജോക്തിവു് വല്ലാത്ത പതിവും മനഃക്ലിഷ്ടതയുംകൊണ്ട്, പ്രവർത്തിക്കുന്നു. — (൩) വ്യാജോക്തിവു് കുടുംബം, രാജ്യം ഇവ മുഴുവനിലും കലഹവും തർക്കവും കൊലയും ഉണ്ടാക്കുന്നു; കള്ളൻ ഈവിധം ചെയ്യുന്നില്ല. — (൪) ഒരു കളവു് വ്യാജത്തെക്കാൾ നികൃഷ്ടമെന്നതന്നെ വെക്കുക. എങ്കിലും പതിവായിട്ടുള്ള വ്യാജം കളവിനെക്കാൾ ക്ലിഷ്ടംതന്നെ. ഈ പതിവുമൂലം കളവുകൊണ്ടുണ്ടാകാത്ത വലേ തെറ്റുകളും നാശങ്ങളും സംഭവിക്കുന്നു.— (൫) ധനം നീക്കിയുള്ളതിൽ കള്ളനെ വിശ്വസിക്കാം. എന്നാൽ നുണയനെ ഒരു കാര്യത്തിലും വിശ്വസിച്ചുകൂടാ. സത്യവാദിയിൽ എല്ലാം ശുഭമായിരിക്കുന്നതുപോലെ, അസത്യവാദിയിൽ ധനമാകട്ടെ, ബഹുമാനമാകട്ടെ, സ്നേഹമാകട്ടെ, മറേതെങ്കിലുമാകട്ടെ അശുഭമായിരിക്കുന്നു.

൯. ധരിക്കുമേലാവൊരുപായനംസ്വീ-
കരിക്കിലോ കാര്യകുറഞ്ഞുപോകും,
മരിച്ചപോൽ വായടയും, വികല്പം
ശരിയ്ക്കുനീക്കാനുമശക്തനാകും. XX. 31.

൯. നീതിന്യായങ്ങൾ അനുസരിച്ചു് പ്രവർത്തിക്കണമെങ്കിൽ കാര്യകൾ സ്വീകരിക്കാതിരിക്കേണ്ടതു അവശ്യാവശ്യമാണു്. എന്തെന്നാൽ അവ ന്യായാധിപന്റെ ബോധത്തെയും വിധികളേയും തന്നിലേക്കു ആകർഷിക്കയും നേർവഴിയിൽ നിന്നു മാറുകയും ചെയ്യുന്നു. കാര്യകളും സമ്മാനങ്ങളും വായിക്കു കടിഞ്ഞാൺപോലെയാണു്. അവയെ കൊടുത്ത കുറ്റക്കാരനെ ശിക്ഷിക്കുന്നതിനും തിരുത്തുന്നതിനും ന്യായാധിപന്മാർ ധൈര്യപ്പെടാത്ത മട്ടിൽ അവരെ അവകുരുടന്മാരും ബധിരന്മാരുമാക്കുന്നു. ന്യായാധിപന്റെ ബോധവും തീരുമാനവും തങ്ങളുടെ പാർശ്വത്തിലാകത്തക്കവണ്ണം അവയാൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു.

ആവർത്തനഗ്രന്ഥത്തിൽ (XXIII. 8.) "വിജ്ഞന്മാരെക്കുടിയും അന്ധരാക്കുകയും നീതിമാന്മാരുടെ വാക്കുകളെ വഷളാക്കുകയും ചെയ്യുന്ന കാര്യകളെ നീ സ്വീകരിക്കരുതു്" എന്നാണു പറഞ്ഞിരിക്കുന്നതു്. കാതുകുത്തുന്ന കുട്ടികളുടെ വായിൽ ഇട്ടുന്ന മധുവർഗ്ഗങ്ങൾ പോലെയാണു് ന്യായാധിപന്മാർക്കു നൽകപ്പെടുന്ന കാര്യകൾ. "മുഖം നോക്കുകയും കാര്യകളെ സ്വീകരിക്കയും ചെയ്യരുതു്. എന്തെന്നാൽ കാര്യകൾ വിജ്ഞാനികളുടെ കണ്ണുകളെ അന്ധമാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മാറുകയും ചെയ്യുന്നു" എന്നു് ആവർത്തനഗ്രന്ഥത്തിൽ (XVI. 19) പറഞ്ഞിട്ടുള്ളതും ഓർമ്മിക്കേണ്ടതാണു്.

ദാനംവിസ്തൃതമാക്കുന്നു— ദാതാവിൻപാതയെത്തുലോം;
അതുരാജസമക്ഷത്തി - ലവനേകുന്നുപീഠവും. XVIII. 16. എന്നും,

ജയവുംമാനവുംദാനം– ചെയ്യുന്നവനു കൈയ്യരും;
അതുകൈയ്യൊണ്ടമർത്യൻതൻ-പ്രാണനുംഹൃതമായ്വരും.
XXII. 9.

എന്നും സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലൊ.

"ദാനങ്ങൾ വിജ്ഞന്മാരേയും ക്രൂടി വ്യാമോഹിപ്പിക്കുന്നു. പക്ഷി കൂടുക്കിൽ എന്ന കണക്കെ മനുഷ്യൻ സ്വാർത്ഥംകൊണ്ടു പിടിക്കപ്പെടുന്നു" എന്നും, താഴെ വേറൊരിടത്തു്, "സ്വാർത്ഥം സംസാരിക്കുമ്പോൾ എല്ലാ പ്രസംഗങ്ങളുടേയും ശക്തി ക്ഷയിക്കുന്നു. അതു യാതൊരു സ്വരവും പുറപ്പെടുത്താതിരുന്നാലും സമ്മതം ജനിപ്പിക്കുന്നു" എന്നും വി. ഗ്രെഗോരി നസ്യൻസെൻ (St. Greg. Nazianzenus in Distichis) പറയുന്നു. "ദ്രവ്യാഗ്രഹം കഠിന രോഗംതന്നെ. അതു കണ്ണുകളെ അന്ധമാക്കുകയും ചെവി കേൾക്കാതാക്കുകയും ചെയ്യുന്നു; അതു മൃഗത്തെക്കാളും കഠിനഹൃദയന്മാരാക്കുന്നു" എന്നാണ് വി. ക്രിസോസ്തോമോസ് (homil. 64. in Joannem) പ്രസ്താവിക്കുന്നതു്. – ഡെമോസ്തെനെസ് (Demosthenes) പറയുന്നതു് "ദാനം അധികാരികളെ ദാസന്മാരാക്കുന്നു" എന്നാണ്.

ബസീൽ ചക്രവർത്തി (Basilius Imperator Constantinopolitanus) തത്വജ്ഞനെന്നു വിളിക്കപ്പെടുന്ന ലീയൊ എന്ന സ്വപുത്രനോടു (Exhort. ad Leonem filium. Cap. XLIII.) ചെയ്യുന്ന ഉപദേശം കേൾക്കുക: "സ്ഥാനമാനങ്ങളെ സ്വാർത്ഥത്തിനും സമ്മാനത്തിനും വിലയായി കൊടുക്കരുതു്. യോഗ്യതയുള്ളവരെ അവയെ സൌജന്യമായി കൊടുക്കുക. എന്തുകൊണ്ടെന്നാൽ അധികാരം വിലകൊടുത്തു വാങ്ങുന്നവർ ആ അധികാരത്തിൽപ്പെട്ട ജനങ്ങളെ ക്രൂടിയും– കൊടുത്ത സമ്മാനങ്ങളിന്മേൽ ഉറച്ചുകൊണ്ടു തങ്ങളും ഭയമെന്യെ സമ്മാനം വാങ്ങിക്കേണ്ടതിനായി– വിലയും വാങ്ങിക്കുകതന്നെ ചെയ്യുന്നു. രാജ്യത്തിൽ നിന്നു് കുറേങ്ങളുടേയും കലഹങ്ങളുടെയും സകല കറകളേയും നീക്കുവാൻ നിയാഗ്രഹിക്കുന്നെങ്കിൽ കൈക്കൂലി കൊടുക്കാതെ അധികാരം വാങ്ങുവാനാഗ്രഹിക്കുന്നവരെ ആദ്യമേ തന്നെ ഉത്സാഹപൂർവ്വം അന്വേഷിച്ചു്, പരിശോധിച്ചു്, സ്ഥാനങ്ങളിൽ കയറുക. എന്തെന്നാൽ അധികാരം കിട്ടുവാനായി കൈക്കൂലി കൊടുക്കുന്നവർ അധികാരത്തിൽ നിന്നു് ലാഭത്തെ ഇച്ഛിക്കുന്നു. നിയമത്തിനു വിരോധമായി ലാഭം വരുത്തേണ്ടതിലേക്കു് ഒരു അവകാശം ഉണ്ടാകേണ്ടതിനും യാതൊരു നിയമത്താലും തങ്ങൾ ഈ പ്രവൃത്തിയിൽ ബന്ധിക്കപ്പെടാതിരിക്കേണ്ടതിനുമാണ് അവർ (ദാനം) കൊടുക്കുന്നതു്. അധികാരം വിലയ്ക്കു വാങ്ങുവാൻ പഠിച്ചിട്ടുള്ളവർ കൈക്കൂലി വാങ്ങുവാനും പഠിക്കാതിരിക്കയില്ല: കൈക്കൂലി ക്രൂടാതെ എന്തെങ്കിലും ചെയ്യാൻ അവർക്കു മനസ്സുണ്ടാകയുമില്ല."

൨൦. മറഞ്ഞിരിയ്ക്കുംമതിയും, കുഴിയ്ക്കൽ
നിറഞ്ഞിരിയ്ക്കും നിധിയും സമാനം

നിറംകുറഞ്ഞിട്ടവരണ്ടുമൊട്ടോ-
ട്ടുറഞ്ഞമട്ടാം ഫലമില്ലുതെല്ലും. XX. 32.

ഫ. നിധി സ്വതേ വിലയേറിയതെങ്കിലും കുഴിച്ചുമൂടിയോ, പെട്ടിയിൽ അടച്ചോ ഇരുന്നാൽ നിരുപയുക്തമാണ്. ഇതേവിധം തന്നെ വിജ്ഞാനം മഹത്വമേറിയതാണെങ്കിലും അതിനെ ഒളിച്ചുവെച്ചാൽ യാതൊരു പ്രയോജനവുമില്ല. അതുകയാൽ മനുഷ്യരുടെ ഉപയോഗത്തിനായി, ദൈവം കൊടുത്ത ധനത്തെ വെളിയിൽ എടുത്തു് ഉപയോഗിക്കേണ്ടതുപോലെ, വിജ്ഞാനത്തേയും പ്രയോഗിക്കേണ്ടതാണ്. സ്വർണ്ണനാണയങ്ങളുടെ (Talents) കണക്കു ചോദിക്കുന്നതിൽ ക്രീസ്തു എന്താണ് നമ്മെ പഠിപ്പിക്കുന്നതു്?

അതിനാൽ നീ പഠിപ്പുള്ളവനെങ്കിൽ അതരെ പഠിപ്പിക്കുന്നുവെന്നും, പ്രസംഗിയെങ്കിൽ അതരെ മനസ്സാന്തരപ്പെടുത്തിയെന്നും, വിജ്ഞാനിയെങ്കിൽ അതിനു് ആലോചന നൽകിയെന്നും, വൈദികനെങ്കിൽ അതിനു 'ക്രമാശ'കളെ കൊടുക്കുന്നുവെന്നും, പുണ്യവാനെങ്കിൽ അതരെ ശുദ്ധീകരിക്കുന്നെന്നും, ശക്തനെങ്കിൽ അതുടെ പ്രയോജനത്തിനായി അതിനെ വിനിയോഗിക്കുന്നെന്നും ആലോചിക്കുക.

ഫ.ഫ. പ്രമാദമോടൊരു തെറ്റു ചെയ്താൽ
കുമാര! നീ വീണ്ടുമതിൽപ്പെടൊല്ല
സമാധിയോടക്കറ നീക്കുവാനായ്
ക്ഷമായ്ത്വം കെഞ്ചുക ദേവനോടായ് XXI. 1.

ഫ.ഫ. ഒരു പാപം ചെയ്വാനിടയായാൽ മരണകരമായ മുറിവു പറ്റിയാലെന്നപോലെ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. (ക) പാപത്തെ പേത്തു ചെയ്യാതിരിക്കണം. ചിലർ ഒരു പാപത്തിലുൾപ്പെട്ടാൽ നിഷ്കളങ്കത്വം നഷ്ടമാകയും ദൈവേഷ്ടം പൊയ്പോവുകയും ചെയ്തുകഴിഞ്ഞു എന്നുള്ള ചിന്തയാൽ, പന്നി ചേറ്റിൽ ഉരുളുന്നതുപോലെ, വീണ്ടും പാപം ചെയ്യുന്നു. എന്നാൽ പേത്തു ചെയ്യുന്ന പാപം വേറൊരു പാപവും, ആത്മാവിനു വേറൊരു മുറിവുമാണെന്നു് ഓർക്കേണ്ടതാണ്. ഒരു മുറിവു് ഏറ്റവൻ വേറൊന്നുകൂടി പറ്റാതെ സൂക്ഷിക്കുന്നതുപോലെ, ഒരു പാപം ചെയ്തവൻ വേറൊന്നുകൂടി ചെയ്യാതെ സൂക്ഷിക്കണം. ഏതു പാപം, രണ്ടോ മൂന്നോ അതിലധികമോ പാപങ്ങളെക്കാൾ വേഗം ക്ഷമിക്കപ്പെടും. ഒറ്റ മുറിവു് പല മുറിവുകളെക്കാൾ വേഗം സുഖപ്പെടുകയില്ലെ? രോഗത്തിൽപ്പെട്ടശേഷം സുഖപ്പെടുത്തുന്നതിനെക്കാൾ രോഗത്തിൽപ്പെടാതെ സൂക്ഷിക്കുകയാണ് നല്ലതു്. ഓരോ പാപത്തിനും പരിഹാരം ചെയ്യേണ്ടിവരുമെന്നുള്ളതും ഓർമ്മിക്കേണ്ടതാണ്.— (ഖ) പാപശാന്തി ലഭിക്കുവാൻ അതു പേത്തു ചെയ്യാതിരിക്കുക തന്നെ പോരാ. ചെയ്ത പാപത്തെപ്പറ്റി പശ്ചാത്തപിക്കുകയും വിനയത്തോടും ദുഃഖത്തോടുംകൂടി പാപശാന്തിക്കായി ഈശ്വരനെ പ്രാർത്ഥിക്കുകയും ചെയ്യണം. ചെയ്ത

പാപകൃത്യത്തെ ആദരിക്കുന്നതും സന്തോഷപൂർവ്വം അതിനെ അനുസരിക്കുന്നതും അതു ചെയ്തുകതന്നെയെന്നു പറയാം. തദനുസരണമായ ശിക്ഷയും അതിനുണ്ടാകാതിരിക്കയില്ല.

൨൨. അടുത്തു നീ സുപ്പുസമീപമെന്നാ–
ലെടുത്തുചാടും സ്വയരക്ഷണാർത്ഥം
തിടുക്കമിമ്മട്ടു നിനക്കുവേണം
കടുത്ത പാപങ്ങൾ തടുത്തിടാനും XXI. 2.

൨൨. ബുദ്ധിമാൻ സുപ്പുതെ മാത്രമല്ല, സുപ്പു സാമീപ്യത്തെയും വിട്ടുമാറുന്നു. ഇതേവിധംതന്നെ പാപത്തെത്തന്നെയല്ല, പാപാവകാശങ്ങളെയും അതിലേക്കുള്ള സകല വഴികളേയും നാം വിട്ടകലണം. കാരണമിതുണ്ടായാൽ കായ്വുമുണ്ടാവില്ലെ? അഗ്നിയോട് അടുത്താൽ ഉഷ്ണമാവു തട്ടുകയില്ലെ?

൨൩. ദരിദ്രനോതുന്ന ജപങ്ങളേതും
ശ്രദ്ധിപ്പു ദൈവം തരസാശ്രവിപ്പും
സ്മരിപ്പു നീ പ്രാർത്ഥിതമായ രീതിപ്പും
തിരിച്ചുവന്നെത്തുമരക്ഷണത്തിൽ. XXI. 6.

൨൩. ബലവാന്മാരാൽ പീഡിപ്പിക്കപ്പെടുന്ന ദരിദ്രരുടെ പ്രാർത്ഥനയെപ്പറ്റിയാണ് ഇവിടെ പറയുന്നതു്. ബലഹീനന്മാർ മറ്റു ആശ്രയമില്ലാതെ ദൈവസമക്ഷം സങ്കടം ബോധിപ്പിക്കുന്നു. അവിടുന്നു സകല ജനങ്ങളുടേയും പിതാവും രാജാവുമാകയാൽ അതിനെ ഉടനെ കേൾക്കയും അവരെ പീഡിപ്പിച്ചവർക്കു ന്യായമായ പ്രതികാരം ചെയ്കയും സങ്കടനിവൃത്തി വരുത്തുകയും ചെയ്യുന്നു. ദരിദ്രരെ ഞെരുക്കുന്നതു ദൈവസമക്ഷം അന്യായപ്പെടുന്ന ഒരു മഹാ പാപമാണെന്നു നാം അറിഞ്ഞിട്ടുള്ളതാണല്ലൊ. ദരിദ്രൻ പ്രാർത്ഥിക്കുന്നതിനു മുമ്പായിത്തന്നെയും ദൈവം അവന്റെ സങ്കടം കേൾക്കുന്നു. "ദരിദ്രന്റെ ആഗ്രഹം ദൈവം കേട്ടു" എന്നു് സങ്കീർത്തനങ്ങളിൽ (Psalm. IX. 17.) പറയുന്നില്ലേ?

ദരിദ്രനെന്നു ചിന്തിച്ചു– ഞെരുക്കൊല്ലുദരിദ്രനെ;
അവനെപ്പടിവാതുക്കൽ– ഞെരിച്ചും നീ കടക്കൊലാ. XXII. 22.

കാരണം കേളവനുള്ള– കായ്മിശൻ വിധിച്ചിട്ടും;
അവന്റെപീഡകന്മാർക്കു–ചെയ്തിടുംപ്രതികാരവും. XXII. 23.

എന്നു സുഭാഷിതങ്ങൾ ഘോഷിക്കുന്നു.

ദരിദ്രരെ അലട്ടുക മൂലം ഈ ദിക്കുകളിൽത്തന്നെ ചിലർ തൽക്ഷണം ദൈവശിക്ഷക്കു പാത്രീഭവിച്ചതായി നാമും അറിഞ്ഞിട്ടുള്ളതാണല്ലൊ. ആ സംഗതി കേട്ടിട്ടില്ലാത്തവർ വൃദ്ധജനങ്ങളോടു ചോദിക്കട്ടെ. അവർ പറഞ്ഞുകേൾപ്പിക്കും.

ക്ര. സാരം നിറഞ്ഞുള്ളപദങ്ങൾകേൾക്കു–
ന്നോരം ബുധന്മാരവയെപ്പുകഴ്ത്തും
പാരംശ്രമിച്ചും നീജജീവിതംസം–
സ്കാരംവരുത്താനവ,മൂലമാക്കും. XXI. 18.

ക്ര. ഭോഷൻ ശ്രവിയ്ക്കുംബുധവാക്കുമൂലം
രോഷംജനിക്കില്ലവനല്ലുമായും
രോഷംവളർന്നുപ്പുദസഞ്ചയം നി–
ശ്ശേഷംവിടുരത്തിലവൻരൃജിയ്ക്കും. XXI. 18.

ക്ര–ക്ര. വിജ്ഞാനി, താൻ കേൾക്കുന്ന വിജ്ഞാനപ്രദങ്ങളായ വാക്യങ്ങളെയെല്ലാം ഓമ്മയിൽ നിറുത്തി, അവയെപ്പറ്റി ആലോചിച്ച്, പ്രവൃത്തികളെയെല്ലാം അവയ്ക്കനുരൂപമാക്കും. ഭോഷനാകട്ടെ, നിഷിദ്ധങ്ങളായ സേചഛകളെ വിജ്ഞാനത്തെക്കാൾ പ്രധാനമായി ഗണിക്കുകകൊണ്ട്, വിജ്ഞവാക്യങ്ങളെ വെറുക്കുകയും അവയുടെ കാഴ്ച തൻറെ ജീവിതത്തെ മാറുന്നതിനൊ അവയാൽ ശാസിക്കപ്പെടുന്നതിനൊ ഇടയാകാതിരിക്കേണ്ടതിനായി അവയെ ദൃഷ്ടിപഥത്തിൽനിന്നു ദൂരെയാക്കുകയും ചെയ്യുന്നു.

ക്ന. അവിജ്ഞനാകുംനരനന്യവാക്യം
ശ്രവിയ്ക്കുവാൻ വാതിലിലെത്തിനോക്കും
പവിത്രമായ് ശിക്ഷിതനായവൻതാ–
നവിഘ്നനായ് ദൂരെയകന്നുനില്ക്കും. XXI. 26.

ക്ഭ. തുലാസിൽവെച്ചുത്തമനൊന്നുകൂടി–
ഫ്ഫലാഫലം നോക്കിവചിയ്ക്കുമേതും
ബലാൽമതിയ്ക്കുന്തിയതൊക്കെമൂഢൻ
'കലാപിലാ'യെന്നു കഥിയ്ക്കുമെന്നും. XXI. 28.

ക്ഭ. "നിൻറെ വാക്ക് നാവിന്മേൽ ഒരിക്കൽ വരുന്നതിനു മുമ്പ് രണ്ടു തവണ രാകണം" എന്നു വി. ബെർണ്ണാർഡ് പറയുന്നു. ഇതിനായി പ്രയോഗിക്കേണ്ട അരം ബുദ്ധി, ന്യായം, വിവേകം, ആലോചന ഇവയാണ്. വി. പീറർ ഡാമിയൻ (Epist. 10. ad. Petrum Cerebrosum) പറയുന്നതു കേൾക്കുക: "വളരെപ്പറയുന്നതു വാഗ്മിത്വമെന്നു കരുതുന്നതു അബദ്ധമാണ്... കടിഞ്ഞാണില്ലാത്ത കുതിര വഴിയിലും കാട്ടിലും നിരപ്പിലും കുടിപ്പോകുന്നതുപോലെ ഭോഷൻറെ നാവു സാരമോ നിസ്സാരമോ ഏതു തോന്നുന്നുവോ അതിനെ ആലോചനയും വിവേകവും കൂടാതെ പറഞ്ഞുവിടുന്നു. വിവേകി സൂക്ഷ്മമുള്ള പഥികനെപ്പോലെ തൻറെ നാവിൻറെ ചുവട്ടടി എവിടെ വെക്കുന്നു എന്ന് സൂക്ഷിക്കുന്നു."

"ഭോഷനെപ്പറ്റി ഏഴു കാര്യങ്ങൾ പറയപ്പെടുന്നു. ബുദ്ധിമാനും വിവേകിയുമായ ഒരുവനെപ്പറ്റിയും അത്രയും കാര്യങ്ങൾതന്നെ

പറയപ്പെട്ടുന്നുണ്ട്. ബുദ്ധിമാനും വിവേകിയുമായ ഒരുവൻ, തന്നെക്കാൾ പ്രായവും വിജ്ഞതാപൂർണ്ണതയുമുള്ളവരുടെ മുമ്പിൽ ഒന്നും മിണ്ടാതെ മൌനം അവലംബിക്കുന്നു. പറയുന്നതിന്റെ ഇടയ്ക്കും അസ്ഥാനത്തും അവൻ കയറിപ്പറഞ്ഞു ഭാഷണം ഇടമുറിക്കുന്നില്ല. ചോദ്യത്തിനു വ്യക്തമായിട്ടേ ഉത്തരം പറയുകയുള്ളു. കാര്യത്തിനു പറ്റിയ വിധം ചോദിക്കുകയും ചോദ്യത്തിനു തക്ക മുഖപടി പറയുകയും ചെയ്യുന്നു. ഒന്നാമതു പറയപ്പെട്ടതിനെപ്പറ്റി ഒന്നാമതായും മറ്റെല്ലാത്തിനും മുമ്പായും പറയുന്നു. ഒടുവിൽ ചോദിക്കപ്പെട്ടവയിലേക്കു അവൻ ഒടുവിൽ കടക്കുന്നു. ഏതെങ്കിലും മനസ്സിലാകാതെ വന്നാൽ ഇന്നതു മനസ്സിലായി, ഇന്നതിന്നതു മനസ്സിലാക്കാൻ സാധിച്ചില്ല എന്നു നിഷ്കപടമായി പ്രസ്താവിക്കുന്നു. സത്യം അറിഞ്ഞു സമ്മതം വന്നുകഴിഞ്ഞാൽ അതിനു സമ്മതിച്ചു കീഴ്പ്പെടുന്നു. ഇതിനു വിപരീതമായ വിധത്തിലാണ് ഭോഷനെപ്പറ്റി പറയേണ്ടിയിരിക്കുന്നത്" എന്ന് (In Pirke Avoth, id est in Capitulis Patrum) പറഞ്ഞിരിക്കുന്നു.

ഛവ. ഭോഷന്റെ ഹൃത്തെൻ സുര! വിസ്മയം! നി–
ശ്ശേഷം വസിയ്ക്കുന്നിതവന്റെ വായിൽ;
തോഷം വളർക്കും ബുധവക്ത്രമോവി–
ശ്ലേഷം വിനാ ഹൃത്തിലിരിയ്ക്കുമെന്നും. XXI. 29.

ഛവ. ഭോഷൻ ഹൃദയത്തിലുള്ളതിനെ മറച്ചുവെക്കുവാൻ അറിയായ്കകൊണ്ട് അതെല്ലാം വാക്കുമൂലം വെളിക്കാക്കുന്നു. അതിനാൽ അവന്റെ ഹൃദയം ഉള്ളിൽ മറഞ്ഞല്ല, ഋജുവ്യക്തം കാണപ്പെടുവാൻ തക്കവണ്ണം വായിൽ ഇരിക്കുന്നു എന്നു തോന്നിക്കുന്നു. ബുദ്ധിമാനാകട്ടെ മുൻക്രിയായി ഹൃദയത്തിൽ നല്ലവണ്ണം ആലോചിക്കാതെ യാതൊന്നും പറയുന്നില്ല. അതിനാൽ മറയ്ക്കേണ്ടതിനെ മറയ്ക്കുന്നു. സ്ഥലകാലഭേദങ്ങളും ആളുകളുടെ സ്ഥിതിഭേദങ്ങളും ആലോചിച്ചു പറയുവാൻ തക്കതല്ലാത്തതിനെ പറയുന്നില്ല. തൻമൂലം അവന്റെ വായ് സകലർക്കും പ്രത്യക്ഷപ്പെടത്തക്ക വിധം മുഖത്തിലല്ല, ഹൃദയത്തിന്റെ ഉള്ളിലാണ് ഇരിക്കുന്നതെന്നു തോന്നിപ്പോകുന്നു. എന്തെന്നാൽ ഹൃദയം അവന്റെ വദനത്തെ ഭരിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് അവരുടെ വായ് മാത്രമല്ല, ഹൃദയംകൂടി സംസാരിക്കുന്നതായും, മറിച്ച്, ഹൃദയം മാത്രമല്ല, വായും വിജ്ഞാനമുള്ളതായും പ്രത്യക്ഷപ്പെടുന്നു. ഇതിനാലാണ്,

വിജ്ഞചിത്തമവന്നുള്ള– വദനത്തെ നടത്തിടും;
അവന്റെ ചുണ്ടുകൾക്കോമൽ– ശ്രീയുമേറെയും വളർത്തിടും.
XVI. 23. എന്നും,

മനക്ഷോഭങ്ങളോരോന്നും – വെളിക്കാക്കുന്ന വാഗ്വരൻ;
മനസ്സുകൊണ്ടു നന്നായി– ച്ചിന്തചെയ്യുന്ന ബുദ്ധിമാൻ.
XXIX. 11. എന്നും,

സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

ഫൻ. വല്ലാതെ ലാളിച്ചു വളർത്ത പുത്രൻ
പൊല്ലാപ്പുതാനന്നുള വാക്കുമേറാം
ഉല്ലാസമെല്ലാമടിയേതകർക്കും
തെല്ലാകിലും ധീകലരാത്ത പുത്രി. XXII. 3.

ഫൻ. വേണ്ടവിധം പഠിപ്പിക്കപ്പെടാത്തവനും അധർമ്മിയുമായ പുത്രൻമൂലം പിതാവിനു കലക്കവും ആക്ഷേപവും ലജ്ജയും ഉണ്ടാകുന്നു. അതേവിധംതന്നെ ബുദ്ധിക്ഷയമുള്ള പുത്രി പിതാവിനെയും തന്നെത്തന്നേയും അവമാനപ്പെടുത്തുകയും, പിതാവിന്റെ ധനം നശിപ്പിക്കയും, അവനു ദുഃഖത്തിനും ജീവനാശത്തിനു കൂടിയും കാരണമാകയും ചെയ്യും.

രണ്ടു ആഖ്യകളെപ്പറ്റി അത്രയുംതന്നെ ആഖ്യാതങ്ങൾ പറയേണ്ടിവരുന്ന ഘട്ടത്തിൽ, അവയിൽ ഒന്നിനോടു ഒരു ആഖ്യാതവും മറ്റതിനോടു മറ്റതും ചേർത്തു സമവാചകങ്ങളാക്കിപ്പറയുക വി. ലിഖിതത്തിലെ ഒരു പ്രത്യേക രീതിയാണ്. ഒന്നാം സർഗ്ഗം ൫-ാം ശ്ലോകത്തിൽ പിതാവിന്റെ ആശിസ്സ് പുത്രന്മാരുടെ വീടിനെ ഉറപ്പിക്കുമെന്നും, മാതാവിന്റെ ശാപം അതിന്റെ അസ്ഥിവാരങ്ങളെ തകർക്കുമെന്നും പറയുന്നു. മാതാപിതാക്കന്മാരുടെ ആശിസ്സ് മക്കളുടെ വീട്ടിനെ ഉറപ്പിക്കുകയും, അവരുടെ ശാപം അതിനെ നശിപ്പിക്കുകയും ചെയ്യുമെന്നാണ് ഇതിന്റെ അർത്ഥം. ആ വിധം തന്നെ ഈ ശ്ലോകത്തിലും ശരിയായി വളർത്തപ്പെടാത്തവരും ബുദ്ധിഹീനരുമായ പുത്രീപുത്രന്മാർ പിതാവിനു നാശകാരണമാകയും ദുഃഖഭാജനങ്ങളായിത്തീരുകയും ചെയ്യുമെന്നു ധരിക്കേണ്ടതാണ്.

൨൦. സ്ഥാനംപിഴപ്പിച്ചു പറഞ്ഞുവെന്നാ–
ലൂനം ഭവിയ്ക്കുന്ന കഥാരസത്തിൽ
സാനന്ദ സംഗീതമതീവ ദുഃഖ–
സ്ഥാനങ്ങളിൽച്ചെന്നു തുടർന്നമട്ടിൽ. XXII. 6.

൨൧. ഉറങ്ങുവോനോടു പറഞ്ഞപോലാം
കുറഞ്ഞധീയോടു പറഞ്ഞതെല്ലാം
പറഞ്ഞുതീരും സമയത്ത് "താരാ–
പ്പുറഞ്ഞതെ"ന്നാകുമവന്റെ ചോദ്യം. XXII. 9.

൨൧. ഉറങ്ങിക്കിടന്നിരുന്നവൻ തന്നെ ഉണർത്തി പറയുന്നവനോടു "ഇതാരാണ് എന്നെ ഉണർത്തിയതു? എന്താണ് പറയുന്നതു?" എന്നിങ്ങനെ പറഞ്ഞിട്ടു വീണ്ടും ഉറക്കം തുടരുന്നു. ഇതുപോലെതന്നെ സാന്ദ്രരാശകളിൽ, ഉറങ്ങുന്നവൻ എന്ന കണക്കെ കിടക്കുന്ന ഭോഷൻ, വിജ്ഞാനത്തെ അവനോടു് അറിയിക്കുന്ന ബുധന്റെ വാക്കുകൾ കേട്ടു്: "ഹേ! ആരാണ് എന്നെ അലട്ടുന്നതു്? എന്തുവേണം? സുഖഭോഗങ്ങളിൽനിന്നു് എന്നെ ഉണർത്തുന്നതെന്തിനു്? എനിക്കു കേൾ

ക്കുകയേ വേണ്ടൂ. വിജ്ഞാനവും സൽപുണ്യവുമൊന്നും എനിക്കിഷ്ട മില്ല. എന്റെ ഇഷ്ടമെല്ലാം ദുരാശകളുടെ തൃപ്തികരണത്തിലാണ്" എന്നു പറഞ്ഞുകൊണ്ടു പൂർവ്വാവസ്ഥയിൽത്തന്നെ ജീവിതത്തെ നയിക്കുന്നു.

ഭോഷൻ എന്ന് വി. ലിഖിതത്തിൽ പലപ്പോഴും പറയുന്നതു് ദൈവഭക്തിയില്ലാത്തവനെപ്പറ്റിയാണ്. ഇങ്ങനെയുള്ളവനെ ഉറങ്ങുന്നവനോടുപമിക്കുന്നതു യുക്തംതന്നെ. കാരണം: (ക) പാപി, ഉറങ്ങുന്നവനെപ്പോലെ തന്നെ, സേച്ഛകളായ പാപകർമ്മങ്ങളിൽ അത്യന്തം രസമായി ഗാഢനിദ്ര ചെയ്യുന്നു. – (ഖ) ഉറങ്ങുന്നവനിൽ ബുദ്ധിയും, ബോധവും, ന്യായശക്തിയും നിയന്ത്രിക്കപ്പെട്ടിരിക്കും വണ്ണം ദുഷ്ടനിൽ ദുരാശാപാശംകൊണ്ടു് ബുദ്ധിയും ബോധവും വിവേകവും ബന്ധിതങ്ങളായിരിക്കുന്നു. – (ഗ) ഉറങ്ങുന്നവനിൽ സുബോധജീവനല്ല, മൃഗജീവനാണുള്ളതു്. പാപിയിലും ഈ വിധംതന്നെ. – (ഘ) ഉറങ്ങുന്നവൻ പലേ സ്വപ്നങ്ങൾ കണ്ടു നളനാകയും ജളനാകയും മോദിക്കയും വിഡ്ഢിയാകയും ചെയ്യുന്നു. ഇതുപോലെ സൃഷ്ടികളുടെ രൂപങ്ങൾ വഴി പാപിയിലും സംഭവിക്കുന്നു – (ങ) ഗാഢനിദ്രയിൽനിന്നു കുട്ടികളെ അടിച്ചുണർത്തുന്നതുപോലെ പൂർവ്വ പാപികൾക്കുണ്ടായ തരത്തിലുള്ള ശിക്ഷകളാൽ പാപിയും ഉണർത്തപ്പെടുന്നു. ബുദ്ധിമാൻ ചൊല്ലു കേട്ടു കടമ നിർവ്വഹിക്കും. എന്നാൽ:

വചസ്സുകൊണ്ടുമാത്രം നേർ– വഴിയ്ക്കാവില്ല സേവകൻ.

XXIX. 19.

എന്നാണ് ശ്ലോമോൻ പറഞ്ഞിരിക്കുന്നതു്. ഫറവോൻ ദൈവജ്ഞരെ കീഴ്പ്പെടുത്തും ഇസ്രായേലിനെ വിട്ടയച്ചതും പത്തു ബാധകളുടെ ശേഷം മാത്രമല്ലെ?

ഛ. മരിച്ചുപോയുള്ളൊരു മർത്യനേ നാം
സ്മരിച്ചുകേഴാൻ ദിനമേഴമാത്രം
ധരിയ്ക്കുഭോഷന്റെ വിലാപ നാളാ -
യിരിപ്പതോ തൽക്ഷിതിവാസകാലം. XXII. 13.

ഛ. മരിച്ച ഒരാളിനെപ്പറ്റിയുള്ളതിൽ കൂട്ടത്തലായി ഭോഷനെ അഥവാ ദുഷ്ടനെപ്പറ്റി ദുഃഖിക്കേണ്ടതു് ദുഷ്ടന്റെ ആയുസ്സുകാലം തന്നേയും തുടർച്ചയായ മരണത്തിന്റെ ദിവസങ്ങളാകകൊണ്ടാണ്. "ആത്മാവു പിരിഞ്ഞ ശരീരത്തെക്കുറിച്ചു ദുഃഖിക്കുന്നു നിനക്കു് ദൈവം പിരിഞ്ഞ ആത്മാവിനെക്കുറിച്ചു ദുഃഖിക്കുവാൻ മാത്രം ക്രിസ്തീയ സഹതാപമില്ലെ?" എന്നു വി. ആഗസ്തീനോസ് (Serm. 13. De Sanctis, ad finem tomi X.) ചോദിക്കുന്നു.

മൃതനായ ഒരാളിനെപ്പറ്റി ഏഴിലധികം ദിവസങ്ങൾ വിലപിക്കുന്നതിനു വിരോധമില്ല. എബ്രായക്കാർ മൂശയെപ്പറ്റി ൩൦ ദിവസവും (Deuter. XXXIV.), യാക്കോബിനെപ്പറ്റി ൭൦ ദിവസവും (Genes. I.) ദുഃഖിക്കുകയുണ്ടായി. എങ്കിലും 'ഏഴു' പരിപൂർണ്ണതയുടെ

യും പരിവർത്തനത്തിന്റെയും സംഖ്യയാകകൊണ്ടും, ആഴ്ചവട്ടത്തിലെ ഏഴു ദിവസങ്ങൾ കഴിഞ്ഞുണ്ടാകുന്നതു ആ ദിവസങ്ങൾ തന്നെ തിരിച്ചുവരുന്ന ഒരു വലയമാകകൊണ്ടും ഏഴു ദിവസത്തെ വിലപനം മതിയെന്നു പിന്നീടു എബ്രായക്കാരും അവരെ അനുകരിച്ചു ക്രിസ്ത്യാനികളും നിശ്ചയിച്ചു.

ഉപ. ഹേരുത്വമേറീടുമിരുമ്പുഗോളം
കരുത്തെഴുന്നോക്കു വഹിയ്ക്കുമാദ്ധ്യം
പെരുത്ത ഭോഷന്റെ ഭരം വഹിയ്ക്കുമോ–
നൊരുത്തനില്ലിദ്ധരണീതലത്തിൽ XXII. 18.

ഉപ. ഇരുമ്പുഗോളം ശരീരത്തെ ഭാരപ്പെടുത്തുന്നു. ഭോഷനാകട്ടെ മനസ്സിനേയും ഭാരപ്പെടുത്തുന്നു. ഇരുമ്പിനെ ക്ഷണത്തിൽ താഴേക്കു ഇട്ടുകളയാം. ഭോഷനെ അകറ്റുവാനും മാറ്റുവാനും പ്രയാസം. വണ്ടി, കഴുത, കുതിര ഇത്യാദി വാഹനങ്ങൾകൊണ്ടു ഇരുമ്പിനെ വഹിക്കാം. ഭോഷന്റെ ഭാരം പ്രകൃതിയിലെ യാതൊന്നുകൊണ്ടും നീക്കുവാനെന്നല്ല, കുറയ്ക്കുവാനും അസാദ്ധ്യമാണു്. ദൈവപ്രകാശം ഒന്നു മാത്രമേ അതിനു പറിയുള്ളു. – കാരണം: ഭോഷൻ താൻ വിജ്ഞനും വിജ്ഞരിൽ അഗ്രഗണ്യനുമാണെന്നു സ്വയമെ കരുതുകയാൽ ഇതരൻ അവനെ പഠിപ്പിക്കുവാനും അവനോടു ഉപദേശിക്കുവാനും അവൻ സമ്മതിക്കുകയില്ല. മാത്രമല്ല, എല്ലാവരേയും പഠിപ്പിക്കുവാനും അവരോടു യുക്തിവാദം ചെയ്യുവാനും സന്നദ്ധനായുമിരിക്കുന്നു. താൻ പറഞ്ഞതും ചെയ്തതുമല്ലാതെ ഒന്നും ശരിയല്ലെന്നാണു് അവന്റെ വിചാരം. ഇങ്ങനെയുള്ള ഒരുവനോടുകൂടി വസിക്കുന്നതു വഹിക്കാൻ കഴിയാത്ത ഒരു ഭാരവും സഹിക്കാൻ വഹിയാത്ത ഒരു കഷ്ടപ്പാടുമാണു്.

"ഈയം, മണ്ണു്, ഉപ്പു്, ഇരുമ്പു് ഇവ ഘനമേറിയ വസ്തുക്കളുടെ ശേഖരത്തിൽപെട്ടവയാണു്. എന്നാൽ ഇവയെക്കാൾ ഘനമേറിയവനാണു് ഭോഷൻ. ഇരുമ്പു കീഴ്പ്പോകുന്നതു അതിന്റെ ഭാരത്തെ ലക്ഷീകരിക്കുന്നെങ്കിൽ നരകംവരെ താഴ്ന്ന ഭോഷൻ എത്ര ഘനമുള്ളവനായിരിക്കണം. ഈയത്തിനാകട്ടെ ഘനമേറിയ മറെറാന്നിനെങ്കിലുമാകട്ടെ അവിടംവരെ താഴുവാൻ സാധിക്കുന്നില്ല" എന്നു പലാസിയസ് (Palacius) പറയുന്നു.

കല്ലിനു ഘനമേറുന്നു ഭാരമേറുന്നു മണ്ണിനു്
മൂഢന്റെ കോപമിരണ്ടു– വസ്തുവേക്കാൾ തുലോം ഗുരു.
XXVII. 3.

എന്നു സുഭാഷിതങ്ങൾ പ്രസ്താവിക്കുന്നുമില്ലെ?

ബൊയെസിയസ് (lib. IV. De Consolatione) പറയുന്നതു് ഭോഷൻ അഥവാ ദുഷ്ടൻ വിശേഷ ബുദ്ധിയില്ലാത്ത മൃഗമല്ലാതെ മനുഷ്യനല്ല എന്നാണു്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "ദുഷ്ടതകൊണ്ടു രൂപാന്തരപ്പെട്ട ഒരുവനെ നീ കണ്ടാൽ അവൻ ഒരു മ

നുഷ്യനാണെന്നു കരുതുവാൻ തരമില്ല. പരദ്രവ്യത്തെ പിടിച്ചുപറിച്ചെടുക്കുന്നവനായി, അത്ഥാഗ്രഹപൂരിതനായിരിക്കുന്നോ? അവൻ ചെന്നായിക്കു തുല്യനാകുന്നുവെന്നു പറയുക. ക്രൂരനും നിസ്സമാധാനനുമായി കലഹങ്ങളിൽ നാവിനെ ഉദ്ദീപിപ്പിക്കുന്നവനായിരിക്കുന്നോ? അവനെ ശ്വാവിനോടുപമിക്കണം. ഒളിവായ ചതിപ്രയോഗങ്ങളിൽ പ്രസക്തിയോടുകൂടിയിരിക്കുന്നുവോ? അവൻ കുഴിനരിയോടു സമനാകുന്നു. കോപത്തെ അടക്കുവാൻ കഴിയാത്തവനാണോ? സിംഹജീവൻ അവൻ ധരിക്കുന്നു എന്നു വിശ്വസിക്കുക. ഭീരുവും ഭയപ്പെടേണ്ടാത്തതിനെ ഭയപ്പെട്ട് ഓടുന്നവനുമാണോ? അവൻ മാനിനോടു തുല്യനാകുന്നു. മടിയനും നിരുത്സാഹിയുമാകുന്നോ? അവൻ കഴുതയുടെ പ്രാണനെ വഹിക്കുന്നു. അസ്ഥിരനും അല്പ ബുദ്ധിയുമായി ആലോചനകളെ മാറ്റുന്നുവോ? അവൻ പക്ഷികളിൽനിന്നു യാതൊരു വിധേനയും വ്യത്യസ്തനല്ല. ക്ലിഷ്ടവും അത്യുദ്ഭവുമായ ദുരാശകളിൽ നിമഗ്നനായിരിക്കുന്നുവൊ? പന്നികളുടെ ഹീന ദുരാശകളാൽ അവൻ ബദ്ധനായിരിക്കുന്നു. ഇങ്ങനെ, ഒരുവൻ സന്മാർഗ്ഗങ്ങളെ പരിത്യജിച്ച്, ദൈവികമായ നിലയിൽ ചെന്നെത്തുവാൻ കഴിയാതെ വരുമ്പോൾ മനുഷ്യനല്ലാതെതീർന്ന ബുദ്ധിവിശേഷതയില്ലാത്ത മൃഗമായി ഭവിക്കുന്നു."

൨൪. കട്ടത്തവാക്കാലകലുന്നതേനി–
ന്നടുക്കൽ നിന്നാശു സുഹൃൽസമൂഹം
ഏട്ടത്തെറിഞ്ഞോരുപലംഖഗത്തെ–
ത്തട്ടത്തകറ്റിക്കളയുന്നവണ്ണം. XXII. 25.

൨൫. ധനക്ഷയം നിൻെറ സഖിയ്ക്കു വന്നാ–
ലനർത്ഥമോർക്കാതെ തുണയ്ക്കുണം നീ
നിനയ്ക്കു പിന്നീടവനർത്ഥവാനാം
നിനക്കുമപ്പോളുപകാരമുണ്ടാം. XXII. 28.

൨൬. ക്രീസ്തുവും ശിഷ്യവർഗ്ഗവും ഇതിലേക്ക് ഒരു നല്ല ദൃഷ്ടാന്തമാണ്. ക്രീസ്തു ശിഷ്യരോടു പറയുന്നു: "എൻെറ പരീക്ഷകളിൽ എന്നോടുകൂടി സ്ഥിരമായി ഇരുന്നിട്ടുള്ളവരാണു നിങ്ങൾ. (അതിനാൽ) നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ പന്തിയിൽ ഇരുന്ന് ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്യേണ്ടതിനായും സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ട് ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കേണ്ടതിനായും, എൻെറ പിതാവ് എനിക്കു രാജ്യം തന്നതുപോലെ, നിങ്ങൾക്കു ഞാനും തരുന്നു." Luc. XXII. 28.)

൨൭. പറഞ്ഞവാക്കിന്നുടനാണമൂലം
നിറംകൊടുക്കുംവഴി നിന്ദ്യമത്രേ
മറഞ്ഞക്രൂപം പലതുണ്ടു, ശീഷ്ടം–
കറങ്ങിവീഴും– വലുതാം നിപാതം. XXIII. 9.

൨൮. സ്വർണ്ണാഭരണങ്ങൾ നിറം കാച്ചി ഭംഗി പിടിപ്പിക്കുന്ന

തുപോലെ, പറയുന്ന ഒരു വാക്കിനേയും ആണകൊണ്ടു ബലപ്പെടുത്തുന്ന സമ്പ്രദായം നന്നല്ലെന്നും, ആ വഴിയിൽ, എന്നുവെച്ചാൽ ആ പ്രവൃത്തനാ രീതിയിൽ, മൂടിക്കിടക്കുന്ന പലേ ക്രൂപങ്ങളിൽ തല കറങ്ങി വീഴുകയും ആ വീഴ്ച വലുതായിരിക്കയും ചെയ്യുമെന്നുമാണല്ലൊ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതു്. ഇതിന്റെ യാഥാർത്ഥ്യം നോക്കുക:

ആണയിട്ടു ശീലിക്കുന്നവർ വെറുതേയും ന്യായമില്ലാതെയും ആണയിടുന്നു. ചിലപ്പോൾ കളവായതിനെക്കൂടി ആണകൊണ്ടുറപ്പിക്കുകയും ചെയ്യുന്നു. "ക്രൂടെക്രൂടെയുള്ളതും ന്യായരഹിതവുമായ ആണ ഉപേക്ഷിക്കാതിരുന്നാൽ കള്ളയാണ നീക്കുവാൻ അസാദ്ധ്യം. ആണയിൽ നിന്നു കള്ളയാണയുണ്ടാകുന്നു. ക്രൂടെക്രൂടെ ആണയിട്ടാൽ ചിലപ്പോഴെല്ലാം കള്ളയാണയുണ്ടാകാതിരിക്കയില്ല.... വളരെ സംസാരിച്ചു ശീലിക്കുന്നവൻ ചിലപ്പോൾ അനാവശ്യവും പറയും. കൈകൊണ്ടു പലപ്പോഴും ഇടിക്കുക പതിവുള്ളവൻ ചിലപ്പോൾ അന്യായമായും ഇടിക്കും. ഇതുപോലെതന്നെ നല്ല കാര്യങ്ങളിൽ ആണയിട്ടു ശീലിക്കുന്നവൻ ദുഷ്കാര്യങ്ങളിലും, മനസ്സില്ലാതെയെങ്കിലും, അഭ്യാസബലം മൂലം, ആണയിടുന്നു. സകല കാര്യങ്ങളേയും മനസ്സാകുമ്പോൾ നാം അഭ്യസിക്കുന്നു എന്നാൽ നാം മനസ്സാകുമ്പോൾ അതിനെ മാറുവാൻ സാധിക്കുന്നില്ല" എന്നു വി. ക്രീസോസ്തോമോസ് (homil. 12) പറഞ്ഞിരിക്കുന്നു "കള്ളയാണ നികൃഷ്ടം, സത്യമായ ആണ ആപൽക്കരം, എല്ലാ ആണയും അശുദ്ധം" എന്നാണ് വി. അഗുസ്തീനോസ് (Serm. 28. De Verbis Apostoli.) പ്രസ്താവിക്കുന്നതു്. – "കുന്തം ആണയെപ്പോലെ മുറിപ്പെടുത്തുന്നില്ല, വാൾ ആണയെപ്പോലെ കൊല്ലുന്നുമില്ല" എന്നു വി. ക്രിസോസ്തോമോസ് (homil ad Popul.) പറയുന്നുണ്ടു്. പ്രകൃത വിഷയത്തെപ്പറ്റി വി. യാക്കോബ് ശ്ലീഹാ (V. 12.) നമ്മോടുപദേശിക്കുന്നതു കേൾക്കുക: "എന്നാൽ എന്റെ സഹോദരന്മാരേ, എല്ലാറ്റിനും മേലായി സ്വർഗ്ഗത്തെക്കൊണ്ടും ഭൂമിയെക്കൊണ്ടും മറെറന്തിനേയെങ്കിലും കൊണ്ടും നിങ്ങൾ ആണയിടരുതു്. പിന്നെയൊ, നിങ്ങൾ വിധിയിൽ ഉൾപ്പെടാതിരിക്കേണ്ടതിനായി നിങ്ങളുടെ സംഭാഷണം ഉവ്വ, ഉവ്വ, ഇല്ല, ഇല്ല എന്നായിരിക്കട്ടെ" ക്രീസ്തുവിന്റെ ഈ ഉപദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ സിദ്ധൻ ഇങ്ങനെ പറയുന്നതെന്നുള്ളതു് വി. മത്തായി ൫ാം അദ്ധ്യായം ൩൪ മുതൽ ൩൭ വരെയുള്ള വാക്യങ്ങളിൽനിന്നു തെളിവാകുന്നുണ്ടല്ലൊ.

൨൩. തിരിച്ചുപാരം നിനയാതെ യാതൊ–
ന്നോരിയ്ക്കലും നീയുരചെയ്യിടൊല്ല
മരിയ്ക്കുവാനും വഴിയാകുമാറ–
ങ്ങിരിയ്ക്കുമാവാക്കിലനല്ലപാപം. XXIII. 17.

൨൩. ആളും അവസ്ഥയും മറു സാഹചര്യഭേദങ്ങളും ആലോചിക്കാതെ തോന്നിയതെല്ലാം പറയരുതു്. വായിക്കു കടിഞ്ഞാണിട്ടു് ന്യായമായിട്ടുള്ളതിനെ മാത്രം പറയുക. അന്യഥാ പ്രവർത്തിക്കുന്നതു

പാപകരമായിബ്ഭവിക്കും: എന്നുവെച്ചാൽ സൂക്ഷ്മമില്ലാത്ത നിന്റെ വാക്കുമൂലം തക്കവും, ദുർഭാഷണവും, ദൂഷണങ്ങളും, ആണയും, അടികലശലും, കൊലപാതകവുമുണ്ടാകും.

തങ്ങളെക്കാൾ ഉയർന്ന ആളുകളുടെ സന്നിധിയിൽക്കൂടിയും, ആരുടെ അടുക്കൽ? എന്ത്? എന്നു നോക്കാതെ വിളിന്ദഭാവത്തിലും ആചാരമര്യാദയില്ലാതെയും, പഠിപ്പും അറിവും ഇല്ലാത്തവർ പ്രയോഗിക്കുന്ന സംഭാഷണരീതിയും വഞ്ജ്യമാണെന്ന് ബർസീറാ പഠിപ്പിക്കുന്നു. ഇങ്ങനെയുള്ള ഭാഷണം അവരെ കുപിതരാക്കുകയും പ്രതീകാരത്തിനു പ്രേരിപ്പിക്കുകയും ചെയ്യും.

൨൫. സത്യം കഥിയ്ക്കാമിവനൽപ്രമോദം
നിത്യം വളക്കുന്നിതു മൂന്നുകായ്കും:
സ്തുത്യർഹനീശന്നവമോദഹേതു
ക്രത്യം മറക്കാത്ത നരന്നുമിഷ്ടം. XXV. 1.

൨൫. ഒന്നാമതാംസംഗതി സോദരന്മാ–
രൊന്നായിരിയ്ക്കുന്ന മനഃപൊരുത്തം
നന്നായടുക്കൽക്കുടികൊണ്ടിടുന്നോ–
ക്കെന്നാളുമുണ്ടാം പ്രണയം ദ്വിതീയം. XXV. 2.

൨൫. മനോഹ്ലാദംപൂണ്ട വധൂവരന്മാ–
രനോപമം ശാന്തികലർന്ന നിത്യം
വിനോദമോടൊത്തുവസിയ്ക്കുവോരാ–
മനോഹരക്കാഴ്ച തൃതീയകായ്കും. XXV. 2.

൨൫–൨൫. പരസ്പരയോജിപ്പും സ്നേഹവും ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമുള്ള പ്രഥമവും പ്രധാനവുമായ ഒരു സുകൃതമാണ്. ഇതു മുഖ്യമായി മൂന്നു വിധ ജനങ്ങളിൽ ആവശ്യമാകുന്നു. (൧) സഹോദരന്മാരുടെ ഇടയിൽ: സഹോദരന്മാർ എന്നു പറയുമ്പോൾ എബ്രായ ജനങ്ങൾ ഈ പദത്താൽ ആരെയെല്ലാം ഉദ്ദേശിക്കുന്നുവൊ അവരെയെല്ലാം ധരിക്കേണ്ടതാണ്. എബ്രായരാകട്ടെ ഒരേ മാതാപിതാക്കന്മാരുടെ മക്കളേയും ഭ്രാതാപുത്രന്മാരാദിയായവരേയും രക്തസംബന്ധമുള്ള ആവരേയും സഹോദരന്മാർ എന്നാണ് പറയുക: "സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു് എത്രയൊ നല്ലതും ആനന്ദപ്രദവുമാകുന്നു." (Psalm. CXXXII. 1.) എന്നു വി. ലിഖിതങ്ങളിൽ പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ചാകട്ടെ 'സഹോദരൻ' എന്ന പദത്തിനു 'സമസൃഷ്ടി' എന്ന് നാം അർത്ഥമാക്കേണ്ടിയിരിക്കുന്നു. ദുഃഖാനായ ശമരേയനെപ്പറ്റി അവിടന്നു അരുളിച്ചെയ്തിട്ടുള്ള ഉപമയിൽ (Luc. X. 25–37) ഈ വസ്തുതയല്ലേ നമ്മോടുപദേശിക്കുന്നതു്? (൨–ാംസ്ലോകം വ്യാഖ്യാനിക്കുന്ന ശ്ലോകവും നോക്കുക.)–(൨) അയൽക്കാർ: എന്നുവെച്ചാൽ, ഒരേവീട്ട്, സമീപത,

സമൂഹം, ജോലി, തൊഴിൽ ഇത്യാദികളാലോ മറെറാ പരസ്പരം ബന്ധിക്കപ്പെട്ട് ഒരുമിച്ചുവസിക്കുന്നവർ. ഇവരുടെ ബന്ധം സ്നേഹവും മനച്ചേർച്ചയുമാകുന്നു. – (൨) ഭാര്യാഭർത്താക്കന്മാർ: ഇവർ സഹവാസം, ഭക്ഷണം ആദിയായ സകല കാര്യങ്ങളിലും ഒരേ ശരീരവും ഒരേ ആളുമായി പരിഗണിക്കപ്പെടത്തക്കവണ്ണം അത്ര ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. തൻമൂലം അവർ പരസ്പര രമ്യതയോടുകൂടിയിരുന്നാൽ അവരുടെ ജീവിതം ഭാഗ്യസംപൂർണ്ണവും പരിപാവനവുമായിത്തീരും. മറിച്ച്, തമ്മിൽ ഭിന്നിക്കുന്നപക്ഷം അവരുടെ ജീവിതം കഷ്ടതകൾ നിറഞ്ഞതും പൈശാചികവുമായിത്തീരുന്നതാണ്. ഇവർ ഒരേ ചക്രത്തിൻെറ രണ്ട ഭാഗങ്ങൾ പോലെയാകുന്നു. അതിൻെറ ഒരു ഭാഗം തിരിയുമ്പോൾ മറുഭാഗവും ആ ഭാഗത്തേക്കുതന്നെ തിരിയാതെ നിവൃത്തിയില്ല. ഭാര്യാഭർത്താക്കന്മാർ, ഒരാൾ മറെറയാളിൻെറ സ്വഭാവദുഷ്യവും, ബലക്ഷയവും, പോരായ്മയും സഹിക്കയും സകല കാര്യങ്ങളിലും അനുയോജിക്കയും ചെയ്യേണ്ടവരാണ്. ആകയാൽ ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ സ്വമനസ്സാലോ, സുഖഹീനതയാലോ, കാര്യവശാലോ എവിടേക്കു പോയുന്നുവൊ, അവിടേക്ക് മറെറയാളും സ്വമനസ്സാ പോയുവാൻ തക്കവണ്ണം മനച്ചേർച്ചയുള്ളവരാകണം. ഭർത്താവ് ഏതെങ്കിലും ഒരു തൊഴിൽ നടത്തുവാൻ കരുതുന്നു: ഭാര്യയും അതുതന്നെ നടത്തുകയൊ, അതു നടത്തുന്നതിൽ ഭർത്താവിനെ സഹായിക്കയൊ ചെയ്യണം. ഭർത്താവു രോഗാതുരനാകയോ, അയാൾക്കു ധനക്ഷയമോ ഉപദ്രവമോ കാരാഗൃഹമോ രാജ്യഭ്രംശമോ നേരിടുകയൊ ചെയ്യാൽ അവനെ ആശ്വസിപ്പിക്കുന്നതിനും സഹതപിക്കുന്നതിനും പരിചരിക്കുന്നതിനും നാനാപ്രകാരേണയും സഹായിക്കുന്നതിനുമായി ഭാര്യയും സ്വമനസ്സാ അവനെ അനുഗമിക്കണം. ഭർത്താവിനെ ഭാഗ്യത്തിൻേറയൊ നിർഭാഗ്യത്തിൻേറയൊ ഏതു തിരമാലകൾ അടിക്കുന്നുവോ, അതെല്ലാം തന്നെയും അടിക്കുന്നതിന് ഭാര്യ സമ്മതിക്കണം. ഭാര്യ ഭർത്താവിനോട് ഏതു വിധത്തിൽ വർത്തിക്കണമൊ ആ വിധംതന്നെ ഭാര്യയോട് ഭർത്താവും വർത്തിക്കേണ്ടതാണ്.

ഈ യോജ്യതയുടെ മൂലകാരണം പരസ്പരസ്നേഹമാകുന്നു. ഈ സ്നേഹമാണ് കുടുംബങ്ങളുടെയും പട്ടണങ്ങളുടെയും രാജ്യങ്ങളുടെയും രക്ഷയായിരിക്കുന്നത്. മനുഷ്യൻെറ സുഖസൌഖ്യവും നന്മയും സമാധാനത്തിലും രഞ്ജിപ്പിലും സ്ഥിതിചെയ്യുന്നു. മറിച്ച്, അവൻെറ വൈരുപ്യവും തിന്മയും രമ്യതക്കുറവിലും ഇരിക്കുന്നു.

എങ്കിലും "സൽക്കാര്യങ്ങളെപ്പററിയുള്ള വിരുദ്ധത, ദുഷ്കാര്യങ്ങൾക്കായുള്ള ചേർച്ചയെക്കാൾ നല്ലതാകുന്നു" എന്ന് വി. ഗ്രിഗോരി നസ്യാൻസെൻ പറയുന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതു തന്നെ.

വിയോഗത്തിൻെറ മൂലകാരണം ദുരാശകളും ദ്വ്യാഗ്രഹവുമാണ്. "എൻേറത്"–"നിൻേറത്" എന്നുള്ള രണ്ട ശബ്ദങ്ങളാണ് ലോകം മുഴുവനേയും ഭിന്നിപ്പിക്കുകയും കലക്കുകയും ചെയ്യുന്നത് എന്നു വി. ക്രിസൊസ്തോമോസ് പറയുന്നു.

൨൫. വല്ലാതഹംഭാവമിയന്ന ദീനൻ,
തെല്ലാകിലും ധീകലരാത്ത വൃദ്ധൻ,
ഇല്ലാത്തകായ്ം പറയും ധനാഢ്യ-
നെല്ലാവരും പാരമെനിയ്ക്കനിഷ്ടർ. XXV. 3. 4.

൨൫. ഒരേ കുടുംബത്തിലും, സമൂഹത്തിലും, ദാമ്പത്യത്തിലും അന്യോന്യ യോജിപ്പോടുകൂടി തങ്ങളുടെ സ്ഥിതിക്കനുസരണമായി ജീവിക്കുന്ന മനുഷ്യർ തനിക്ക ഇഷ്ടമാണെന്ന ബർസീറ് പറഞ്ഞുകഴിഞ്ഞുവല്ലൊ. ഇപ്പോൾ, തങ്ങളുടെ സ്ഥിതിക്ക് ഒത്ത വിധമല്ലാതെ നികൃഷ്ടമായി ജീവിതം നയിക്കുന്നവരും, തൻമൂലം അഭ്യുദയത്തിന് അതൃപ്തിയെ ഉളവാക്കുന്നവരുമായ മൂന്ന വിധം ആളുകളെപ്പറ്റി പ്പറയുന്നു: (എ) വല്ലാതഹംഭാവമിയന്ന ദീനൻ: ദരിദ്രന്റെ അവസ്ഥയാലോചിച്ചാൽ താഴ്മയും വിനയവും അവനുണ്ടാകേണ്ടതാണ്. അഹങ്കാരത്തെ ജനിപ്പിക്കുന്ന ധനം അവനില്ല. അതിനാൽ അവൻ അഹങ്കരിക്കുന്നെങ്കിൽ അതു് അവന്റെ താഴ്ന്ന നിലയ്ക്കു ചേരാത്തതും പ്രകൃതിവിരുദ്ധവുമാണ്. (ബി) തെല്ലാകിലും ധീകലരാത്ത വൃദ്ധൻ: വാർദ്ധക്യത്തെ അജ്ഞതയ്ക്കുള്ള പ്രതിക്രിയലമായി നില്പുണ്ട. എന്തെന്നാൽ, വൃദ്ധൻ ദുരാശകളുടെ ക്ഷയംകൊണ്ടും, ദീർഘകാല പരിചയംകൊണ്ടും വിജ്ഞാനത്തോടുകൂടിയാണ് ഇരിക്കേണ്ടതു്. അതിനാൽ മഠയനും മൂഢനുമായ ഒരു വൃദ്ധൻ പ്രകൃതിക്കു യോജിക്കുന്നില്ല. ഇതിനാലാണ് ഈ വിധമുള്ള വൃദ്ധനെ "നൂറു വയസ്സുള്ള കുട്ടി" എന്നു് ഏശായാ (Isaia LXV. 20.) വിളിച്ചിരിക്കുന്നതു്. ഇവൻ പ്രായംകൊണ്ടു വൃദ്ധനെങ്കിലും നടപടികൾകൊണ്ടും, ഗുണങ്ങൾകൊണ്ടും മൂഢനായ ഒരു കുട്ടിതന്നെ. – (സി) ഇല്ലാത്ത കായ്ം പറയും ധനാഢ്യൻ: ധനിയുടെ സ്ഥിതിതന്നെ വ്യാജം പറയുവാൻ തക്കതല്ല. നിർധനൻ ഉപജീവനത്തിനായി വ്യാജം പറഞ്ഞുവെന്നു വരാം. എന്നാൽ ധനിക്കു വ്യാജം പറയേണ്ട കായ്മില്ല. മാത്രമല്ല, ധനികൾ രാജ്യത്തിലെ പ്രധാനന്മാരും മഹത്വമുള്ളവരുമായിരിക്കയാൽ വ്യാജോക്തി അവക്ക് അശേഷം യോജിക്കുന്നതുമല്ല. ധനികളുടെ പൊളിവാക്ക് രാജ്യത്തിനു തന്നെയും നാശകരമായിബ്ഭവിക്കും.

൨൬. ബുദ്ധിയ്ക്കുചേരുംപടി സർവ്വും നീ
ശ്രദ്ധിയ്ക്കു നേടാൻ തവ ഭാഗ്യകാലേ
ബുദ്ധിബ്ഭ്രമത്താലതു ചെയ്തിടാഞ്ഞാൽ
സിദ്ധിപ്പതെന്മട്ടു വയസ്സനായാൽ? XXV. 5.

൨൬. ബുദ്ധിഹീനനായ വൃദ്ധനെപ്പറ്റിപ്പറഞ്ഞശേഷം, ചെറുപ്പത്തിൽ പഠിക്കാതെയും വിജ്ഞാനം സമ്പാദിക്കാതെയും ഇരുന്നതാണ് വാർദ്ധക്യത്തിലെ മൌഢ്യകാരണമെന്ന് ഈ ശ്ലോകത്തിൽപ്പറയുന്നു. ചെറുപ്പത്തിൽ സമ്പാദിക്കാത്തതു് വാർദ്ധക്യത്തിൽ എങ്ങനെ അ

നുഭവിക്കും? യുവാക്കന്മാരേ! വൃദ്ധകാലത്തു അനുഭവിക്കേണ്ടതിനായി എന്തുകൾ വേനൽക്കാലത്തു് ധാന്യം സമ്പാദിക്കുന്നില്ലെ?

മടിയാ! ചെറുതായുള്ളോ– രെറുമ്പച്ചെന്നു നോക്കുക;
അതിൻക്രിയകളെക്കണ്ടു– വിജ്ഞനായിഭ്ഭവിക്കുക.

VI. 6.

അതിനില്ലൊരു നേതാവൊ, – ഗുരുവോ, നോക്കുകെങ്കിലും
കരുതുന്നശനോപായം– കൊയിത്തു സമയങ്ങളിൽ.

VI. 7–8.

എന്നു് സുഭാഷിതങ്ങൾ പറയുന്നു. അതുപോലെ നിങ്ങളും നിങ്ങളുടെ ശ്രീകലന്ന പ്രായത്തിൽ വിജ്ഞാനത്തേയും സുകൃതത്തേയും യോഗ്യതകളേയും ധനത്തേയും സമ്പാദിക്കുവിൻ. ജരാക്രാന്തമായ പ്രായത്തിൽ അവയെ നിങ്ങൾക്കു് അനുഭവിക്കാം; ബഹുമാനം പ്രാപിക്കാം; സന്തുഷ്ടരായി ജീവിക്കയും ചെയ്യാം.

ബാല്യത്തിലെ ധർമ്മങ്ങളൊ അധർമ്മങ്ങളൊ ആയ നടപടികളാണ് വാർദ്ധക്യത്തിലേക്കും കടന്നുകൂടുന്നതെന്നു് ഓർക്കണം. "നിന്റെ ശൈശവം നിന്റെ ബാല്യത്തിന്റെ അവമാനമായും, ബാല്യം വാർദ്ധക്യത്തിന്റെ ആക്ഷേപമായും, വാർദ്ധക്യം രാജ്യത്തിന്റെ നാശമായും ഭവിച്ചു" എന്നു് അധർമ്മിയായ ഒരു വൃദ്ധനെപ്പറ്റി ഒരിജേൻ (Origen. Cap. XXI.) പറയുന്നു.

"ചെറുപ്പകാലങ്ങളിലുള്ളശീലം– മറക്കുമോ മാനുഷനുള്ളകാലം" എന്നും നാം കേട്ടിട്ടുണ്ടല്ലൊ. ചെറുപ്പത്തിൽ സുഖഭോഗാദികൾ അനുഭവിച്ച ശേഷം വാർദ്ധക്യത്തിൽ പശ്ചാത്തപിച്ചുകൊള്ളാം: ചെറുപ്രായം സ്വസ്ഥനായിരുന്നു് ദുരാചാരങ്ങളിൽ വിനിയോഗിച്ചിട്ടു് വാർദ്ധക്യത്തിൽ അദ്ധ്വാനിക്കയും ധർമ്മജീവിതം നയിക്കയും ചെയ്യുകൊള്ളാം: എന്നിങ്ങനെ കരുതി പ്രവർത്തിക്കുന്ന യുവക്കന്മാരെ ഈ വേദോക്തം പരോക്ഷമായി ശാസിക്കുന്നില്ലെ? അദ്ധ്വാനത്തിനു തക്കതായ പ്രായത്തെ ആശ്വാസത്തിൽ ചെലവിട്ടശേഷം, ആശ്വസിക്കേണ്ടതായ വാർദ്ധക്യത്തെ പരിചയിച്ചിട്ടില്ലാത്ത അദ്ധ്വാനത്തിനു വിനിയോഗിക്കുന്നതു് എത്ര വലിയ വിഡ്ഢിത്തം! ദീർഘകാലം ജീവിച്ചിരിക്കുമെന്നു് നിശ്ചയമില്ലാതെ പിന്നിട്ട പരിഹരിക്കാമെന്ന വിചാരത്തോടുകൂടി ദുഷ്കൃത്യങ്ങൾക്കു ചെറുപ്രായത്തെ വിനിയോഗിക്കുന്നതിനെക്കാൾ അപകടമെന്തു? "നമ്മുടെ വാർദ്ധക്യം ശൈശവമായും, ശൈശവം വാർദ്ധക്യമായും ഇരിക്കണമെന്നാണ് ധർമ്മം നിഷ്കർഷിക്കുന്നതു്" എന്നു വി. ആഗസ്തീനോസ് (In Psalm. CXII.) പറയുന്നു. "യൌവനത്തിൽ നോടണം, വാർദ്ധക്യത്തിൽ ഉപയോഗിക്കണം" എന്നു സേനെക്കായും (Seneca) പറയുന്നുണ്ട്. "ആകയാൽ യുവാവേ! വൃദ്ധനെപ്പോലെ പ്രവർത്തിക്കുക" എന്നു പ്രസിദ്ധ വാഗ്മിയായ പൊർഷ്യസ് ലാത്രൊ (Portius Latro.) ഉപദേശിക്കുന്നു.

നന. ഉരംഗശീഷ്ത്തിനു തുല്യമായി-
പ്പുരം നികൃഷ്ടം തലയില്ല വേറേ
ഒരംഗനാ കോപസമം മഹാ ഭീ-
കരം ഭവിപ്പാനെളുതല്ലരോഷം. XXV. 22–23.

നന. ഇതിലും അടുത്ത ശ്ലോകത്തിലും കാണുന്നവ സ്ത്രീവശ്ത്തെ ക്ഷോഭിപ്പിക്കുവാനൊ അവരെ ആക്ഷേപിക്കുവാനൊ ആയിട്ട ബർസീറാ പറയുന്നതല്ല എന്നു ജൻസേനിയസ് (Jansenius) പ്രസ്താവിക്കുന്നു. എന്തെന്നാൽ സ്ത്രീയും ദൈവസൃഷ്ടിതന്നെയാകയാൽ അവൾ നല്ലവളാണെന്നുള്ളതിൽ പക്ഷാന്തരമില്ലെന്നു വി. ഈറാനിമോസ് (lib. I. Contra Jovin.) പ്രസ്താവിക്കുന്നുണ്ട്. പ്രകൃത്യാ തന്നെയൊ അഭ്യാസംകൊണ്ടൊ പുണ്യവതികളും സുകൃതിനികളുമായ ചില സ്ത്രീകൾ ദമശക്തിയിൽ പുരുഷന്മാരെക്കൂടിയും അതിശയിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ വിസ്മരിച്ചിട്ടില്ല. വി. അഗോസ്, വി. സിസിലിയാ, വി. കത്തറിനാ, വി. ടെറേസാ ആദിയായവർ വിഷയവിരക്തി (Castitas) കൊണ്ടും, സ്ഥൈര്യംകൊണ്ടും, പരസ്നേഹംകൊണ്ടും, രക്തസാക്ഷിത്വംകൊണ്ടും പുരുഷന്മാരെക്കൂടിയും അതിശയിച്ചിട്ടുള്ള അസംഖ്യം സ്ത്രീരത്നങ്ങളിൽ ചിലർ മാത്രമാണ്.

ഇവിടെപ്പറയുന്നതു ദുഷ്ടതകൊണ്ട് സ്വാധീനസ്ഥാവഷളാക്കപ്പെട്ടവരെപ്പറ്റിയത്രെ. പെട്ടെന്നുള്ള സ്ത്രീരോഷത്തെയല്ല, നിലനില്ക്കുന്നതും ദുഷ്ടതയോടുകൂടിയതുമായ രോഷത്തെയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. സ്ത്രീരോഷം ഇത്ര ദുഷ്ടമാകുന്നതു്, അവൾക്ക പുരുഷന്മാരെക്കാൾ ബോധശക്തി കുറവായിരിക്കുന്നതുകൊണ്ടും, അബലകളായ അവർ ആ കടിഞ്ഞാണില്ലാത്തതിനാൽ ദുഷ്ടാഗമം, കോപം, അഹങ്കാരം, ലജ്ജയില്ലായ്മ, ചതി എന്നിതുകളാൽ മുഴുവനായി ക്ഷോഭിക്കുന്നതുകൊണ്ടുമാണ്.

പ്രകൃത വിഷയത്തെപ്പറ്റി വി. ക്രിസോസ്തോമോസ് (homil. 15.) പറയുന്നതു കേട്ടാലും: "യാതൊരു ദുഷ്ടതയും ദുഷ്ടസ്ത്രീയോടു സമമാകയില്ല... ഹൊ! ഏറ്റവും വലുതായ തിന്മയും പിശാചിന്റെ ഏറ്റവും മൂർച്ചയുള്ള കുന്തവുമായ സ്ത്രീ! സ്ത്രീ വഴിയായി ആദം പറുദീസായിൽ അധഃപതിച്ചു: പറുദീസായിൽനിന്നു ബഹിഷ്കൃതനാകയും ചെയ്തു. സ്ത്രീവഴിയായി ഏറ്റം ശാന്തനായ ദാവീദ് തന്റെ നിഷ്കപടയോദ്ധാവായ ഉറിയാ ഹെത്തേയുടെ (Uria) കൊലയ്ക്കു കല്പന എഴുതുവാൻ സജ്ജനാക്കപ്പെട്ടു. സ്ത്രീ വഴിയായി വിജ്ഞശിരോമണിയായ സ്ലേമ്മോൻ വിഗ്രഹാരാധനയിലേക്കു തള്ളിയിടപ്പെട്ടു. സ്ത്രീവഴിയായി മഹാശക്തനായ ശെമ്ശോൻ മുടിയുടെ ബലവും കണ്ണുകളുടെ പ്രകാശവും ഇല്ലാത്തവനായി, മുമ്പു് അയാൾ ഭയപ്പെടുത്തിയിരുന്ന..... ശത്രുക്കൾക്ക് ആക്ഷേപ വിഷയമാകുവാൻവേണ്ടി മുണ്ഡശിരസ്കനായി. സ്ത്രീവഴിയായി കളങ്കമറ്റ വിഷയവിരക്തനായ യൌസേപ്പു് ചങ്ങലകളാൽ ബദ്ധനായി, കാരാഗൃഹത്തിലടക്കപ്പെ

ട്ട. സ്ത്രീവഴിയായി സമ്പൂർണ്ണലോകത്തിന്റെയും ദീപമായ യോഹന്നാൻ ശിരശ്ഛേദനം ചെയ്യപ്പെട്ടു.... സ്ത്രീവഴിയായി സഭാസ്ഥന്മാരിൽനിന്ന് സുമനസ്സുകൾ– എന്നു വെച്ചാൽ സഭാസ്ഥന്മാരിലേയ്ക്കു പൊയ്ക്കൊണ്ടിരുന്ന വിശുദ്ധ പുരുഷന്മാർ താഴെയാക്കപ്പെട്ടു.... അഹോ! സമ്പൂർണ്ണതിന്മകളേയുംകാൾ വലുതായ തിന്മ!.... സിംഹം, കരടി, പുലി ഇവക്കൂടി ഇണക്കംകൊണ്ടു ക്രൌര്യം വിട്ടുപേക്ഷിക്കുന്നു. ദുഷ്ടസ്ത്രീ ഉപദ്രവം ഏൽക്കയോ, ബഹുമാനം പ്രാപിക്കയോ ചെയ്യുൽ ഭാവം പകരുന്നു. അവൾ ബലവാനായ ഒരുത്തന്റെ പത്നിയായിരുന്നാൽ സഭർത്താവിനെ സൂത്രമേറിയ ഭാഷണംകൊണ്ടു ഇളക്കി.... തന്നെപ്പോലെയാക്കുന്നതുവരെ രാപകൽ പരിശ്രമിച്ചുകൊണ്ടേയിരിക്കും" സർപ്പം അതിന്റെ തലയിൽ വിഷം വെച്ചുകൊണ്ടു മനുഷ്യനിൽ അതിനെ ഉപായേന കടത്തി അവനെ കൊല്ലുന്നതുപോലെ, സ്ത്രീയും കോപം ശിരസ്സിൽ വഹിച്ചുകൊണ്ടു, തക്ക സമയം വരുമ്പോൾ അവൾ ദ്വേഷിക്കുന്ന മനുഷ്യനിൽ അതിനെ പ്രവേശിപ്പിച്ചു അവനെ നശിപ്പിക്കുന്നതുവരെ അടങ്ങുകയില്ല. ഇതിനായി ശതോപായങ്ങളും സൂത്രങ്ങളും അവൾ പ്രയോഗിക്കും. അത്താലിയാ, ജേസബേൽ, ഹെറോദിയാ, ദലീലാ ഇവരുടെ ചരിത്രം ഓർക്ക. "അതിനാൽ ദുഷ്ടഭാര്യമാരുടെ ഭർത്താക്കന്മാരെല്ലാം തങ്ങളുടെ ദുഷ്കർമ്മങ്ങളുടെ സമ്മാനത്തെ തങ്ങൾ വഹിക്കുന്നു എന്നോർത്തുകൊള്ളട്ടെ. ഈ സത്യത്തിനു സാക്ഷ്യമില്ലാതില്ല. 'വിജ്ഞാനം' ('ബർസീറായുടെ ഈ പുസ്തകം വിജ്ഞാനിയുടെതായിട്ടാണ് ചില പിതാക്കന്മാർ കരുതിയിരുന്നത്') പറയുന്നതു കേട്ടാലും: ദുഷ്ടയും അധർമ്മിണിയുമായ ഒരു സ്ത്രീയെ വഹിക്കേണ്ട ഭാരം ദുഷ്കൃത്യങ്ങൾക്കു ഫലമായി കൊടുക്കപ്പെട്ടു" എന്നുകൂടി പ്രസ്തുത വിശുദ്ധൻ പറയുന്നു.

സ്ത്രീകളുടെ ആക്ഷേപങ്ങളെപ്പറ്റി സൈമോനിഡെസ് (Simonides.) എഴുതിട്ടുള്ള കാവ്യഗ്രന്ഥം ഈ ഘട്ടത്തിൽ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: ചില സ്ത്രീകൾ കുഴിനരികളിൽനിന്നു ഉരുവാക്കപ്പെട്ടു. അവർ ഉപായികളും ചതിയുള്ളവരുമത്രെ. ചിലർ ശപാക്കളിൽനിന്ന്: അവർ കടിച്ചുതിന്നുന്നവരും വഴക്കുകാരും ഭർത്താവിന്റെനേരെ കുരയ്ക്കുന്നവരുമാണ്. ചിലർ കഴുതയിൽനിന്ന്: അവർ ഉത്സാഹമറിവരും മടിയുള്ളവരും തന്നെ. ചിലർ കുതിരകളിൽനിന്ന്: അവർ ശണ്ഠക്കാരും അടങ്ങിയിരിക്കാത്തവരുമാകുന്നു. ചിലർ കുരങ്ങുകളിൽനിന്ന്: അവർ ഐഹികാഡംബരങ്ങളെ ഇച്ഛിക്കുന്നവരും നിസ്സാരവസ്തുക്കളിൽ അഭിലാഷമുള്ളവരുമാകുന്നു. ഉത്തമകളായ ചിലർ തേനീച്ചകളിൽ നിന്ന്: ഇവരിൽ ഉത്സാഹവും പരിശ്രമവും അദ്ധ്വാനവും വിവേകവും വിളങ്ങുന്നു. ഇവരെ ജൂപ്പിറ്റർ തനിക്കു ഇഷ്ടമുള്ള ഭർത്താക്കന്മാർക്കു കൊടുക്കുന്നു. അതെ; യഥാർത്ഥത്തിൽ:

പിതൃസ്വത്തായ് ലഭിയ്ക്കുന്നു– ധനം, ഭവനമിവകം.

വിവേകമതിയാം പതി– ദൈവത്തിൽനിന്നു തന്നെയാം.
XIX. 14.

എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്.

ആകയാൽ യുവാക്കന്മാർ (ക) ഭാര്യ്മാരെ വളരെ നോട്ടത്തോടും ആലോചനയോടുംകൂടി മാത്രം സ്നേഹിക്കണം;– (ഖ) അവരെ വൃഥാ കോപിപ്പിക്കാതിരിക്കേണ്ടതിനു് അവരോടുള്ള പെരുമാറ്റം വളരെ വിവേകപൂർവ്വമായിരിക്കണം;– (ഗ) സ്ത്രീകൾമൂലം നാശം നേരിടാതിരിക്കേണ്ടതിനായി, അന്യ സ്ത്രീകളെയെന്നതന്നെയല്ല, വിവാഹത്താൽ തന്നോടു ബന്ധിക്കപ്പെട്ടിരിക്കുന്നവരെക്കൂടിയും അമിതമായി സ്നേഹിക്കാതിരിക്കുവാൻ ഓർമ്മിക്കണം.

ന–ൻ. പഞ്ചാസ്യനോടൊത്തു നിവാസമാക്കാ–
മഞ്ചാതെ സുപ്തം സഹവാസിയാക്കാം
നെഞ്ചാകെ വമ്പാപമിയന്നനാരി–
ക്കെഞ്ചാരുസൂനോ! പതിയാക ദുഃഖം. XXV. 23.

ന–ൻ. സ്ത്രിയുടെ ദുശ്ശീലം നീക്കുവാൻ അത്ര എളുപ്പമല്ല. നീ അവളുടെ മുമ്പിൽ താഴ്മകെങ്കിൽ അവൾക്കു് അഹംഭാവം വർദ്ധിക്കും. അവളോടു കരുണ കാണിക്കുമെങ്കിൽ അവൾക്കു ക്രൂരത അധികമാകും. സിംഹമോ സുപ്തമോ നമ്മെ ആക്രമിച്ചാൽ ക്ഷണത്തിൽ നമ്മുടെ കഥ കഴിഞ്ഞു. ദുഷ്ടസ്ത്രീയാകട്ടെ വിടാതെ സദാ അലട്ടിക്കൊണ്ടിരിക്കും. ഇതിനാലാണ്:

കലഹക്കാരിയോടൊത്തു – വസിക്കുന്നതിലുത്തമം
തട്ടിൻപുറത്തുകോണിൽവോ – യിരിക്കുന്നതു തന്നെയാം.
XXI. 9.

ക്ഷോഭവും, പരരിൽകോപ – ശീലവുംവിളയിച്ചിട്ടും
കാന്തയെവിട്ടു കാന്താര – വാസമാണധികം സുഖം.
XXI. 19.

കോപിഷ്ഠയായ് വുലമ്പുന്ന – ഭാര്യ്യ, കേൾക്കുകമൽസുത!
ചോർച്ചമാറാതെയുള്ളോരു – മേൽപ്പുരയ്ക്കുസമാനയാം.
XIX. 13.

ചിതൽ, ജീർണ്ണതയീരണ്ടും – തടിയേ നഷ്ടമാക്കിടും;
അതുപോലൊരുദുർവൃത്ത – പതിയേയുംകെടുത്തിടും.
XII. 4.

എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

ന–ഩ. സുമാനുഷീഭാവമിയന്നപതനി–
യ്ക്കുമാനുഷൻതാൻ പതിയായ ധന്യൻ
ക്ഷമാനിവാസത്തിലവന്റെ കാലം
രമാഹ്വണത്താൽ ദ്വിഹ്വണീഭവിയ്ക്കും. XXVI. 1.

ന–ഩ. സുഭാഷ്യാപതിയുടെ ജീവകാലം ഇരട്ടിക്കുന്നു: അതായ

തു്, ഭാര്യയുടെ ഗുണവിശേഷംകൊണ്ടു് അവൻ ദീർഘായുഷ്മാനായിബ്ഭവിക്കയും, സന്തോഷത്തോടും ആശ്വാസത്തോടുംകൂടി ജീവിതത്തെ നയിക്കയും ചെയ്യുന്നു.

ധൈര്യം, ദയപരം, സത്യം,- സ്ഥൈര്യമിവകയൊക്കെയും
നിറഞ്ഞഭാര്യ,ഭർത്താവിൻ- നിറമാന്ന്ക് ീടമാം. XII. 4. എന്നു് സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ.

അസത്തായ ഭാര്യ, ഭർത്താവിനു വളരെ വിഷമതകളും ദുഃഖങ്ങളും ഉളവാക്കുകയാൽ അവന്റെ ജീവിതത്തെ ആ മനോദുഃഖങ്ങളും കഷ്ടപ്പാടുകളും കുറക്കുന്നു. ദുഃഖമയമായ ജീവിതം യഥാർത്ഥത്തിൽ ജീവിതമല്ല; അതു് ജീവൻ അതു് മൃതിയെന്നേയുള്ളു. എന്തെന്നാൽ ശ്വാസോച്ഛ്വാസം വഴി സ്വാഭാവിക ജീവനുണ്ടെങ്കിലും സാമൂഹ്യിക ജീവൻ അവനു് ഇല്ലാതെയാണിരിക്കുന്നതു്.

നു. തലയ്ക്കുമേല്പോട്ടൊരു കല്ലെറിഞ്ഞാൽ
തുലഞ്ഞു; താനേ തല ഭിന്നമാക്കും
വലയ്ക്കുവാനായ് പ്പരനെത്തടഞ്ഞാൽ
വിലയ്ക്കുതാൻ ദുർഭ്ര ശചൊന്ന വാങ്ങും. XXVII. 28.

നു. വഴിയ്ക്കുപോകുന്നവരെച്ചതിപ്പാൻ
കുഴിച്ച നീ താനതിലാപതിയ്ക്കും
പഴിച്ചിടാനായ് പ്പരനെത്തരാ നീ
മിഴിച്ചുനോക്കേ,ണ്ടതു നിന്റെ കർമ്മം. XXVII. 29.

നു. കടന്നുപോകും പഥികന്റെ പാദം
തടഞ്ഞുവീഴാനൊരുകല്ലുവെച്ചാൽ
മുടങ്ങുമാറില്ലതിനാൽ ഖലൻതാൻ
ചടങ്ങുവീഴാനിടയാം ക്രമത്താൽ. XXVII. 29.

നു- വ. അന്യർക്കായി ദുർജ്ജനങ്ങൾ തയാറാക്കുന്ന അനർത്ഥം അവരുടെമേൽത്തന്നെ വന്നുകൂടുന്നുവെന്നു് ചില ഉപമകൾ കൊണ്ടു തെളിയിക്കുന്നു. (ക) തലയ്ക്കുമീതെ നേരെ മേല്പോട്ടെറിഞ്ഞ കല്ലു്, അതിനെ എറിഞ്ഞവൻ സമീപസ്ഥനും താഴെ നിൽക്കുന്നവനുമാകകൊണ്ടു് അവന്റെ തലയിൽത്തന്നെ പലപ്പോഴും വന്നു വീഴും. - (ഖ) വന്യമൃഗങ്ങളെ പിടിക്കുവാനായി കുഴി കുത്തുന്നവൻ കാൽ വഴുതിയും മണ്ണിടിഞ്ഞും അതിൽ പതിക്കും. - (നു) കാട്ടുമൃഗങ്ങളേയും പഥികരേയും തടയുവാൻ വെക്കുന്ന വിഘ്നം മൂലം താനേ തടഞ്ഞുവീഴും- "വാളെടുത്തവൻ വാളാലെ" എന്ന നമ്മുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടല്ലൊ. "ദുഷ്ടത അതിന്റെ അധികഭാഗവും താനേ പാനംചെയ്യുന്നു" എന്നു് ആറ്റലസും (Attalus), "ഓരോരുത്തനും സ്വന്ത ദുരാശ കൊട്ടകാറാകുന്നു" എന്നു് പി. ആഫ്രിനോസും (Serm. 13. De Verbis Domini Secundum Matthaeum) പറയുന്നു.

കുഴികുത്തുന്നവൻതന്നെ– വഴിതെറ്റിയതിൽപ്പെട്ടും;
കല്ലുരുട്ടുന്നവൻ നേരെ– ചെല്ലുംപിന്നോക്കമശ്ശില.

XXVI. 27.

എന്ന് സോളമോൻ സുഭാഷിതങ്ങളിൽ പ്രസ്താവിക്കുന്നുമുണ്ടല്ലൊ.

യഥാർത്ഥത്തിൽ മർഡൊക്കേയസി (Mardochaeus) നായി നാട്ടിയ തൂക്കുമരത്തിൽ ആമാൻ (Aman) തന്നെ തൂങ്ങിയില്ലേ? ഉണ്ണിമ്ശിഹായെ നിഗ്രഹിക്കുവാൻ പരിശ്രമിച്ച ഹേറോദേസ് – മ്ശിഹാ സുരക്ഷിതനായിരിക്കെ– അസംഖ്യം കുട്ടികളുടെ ക്രൂരത്തിൽ സ്വന്ത പുത്രനേയും കൊല്ലിച്ചില്ലേ?

ഇങ്ങനെ സംഭവിക്കുന്നതിന്റെ കാരണം പറയാം: അന്യന്മാക്കു നാശം ആഗ്രഹിക്കയും നാശം വരുത്തുകയും ചെയ്യുന്നവരെ, ദൈവം തന്റെ സത്യതയുടേയും നിഷ്കൃഷ്ടതയുടേയും വിശ്വസ്തതയുടേയും നീതിയുടേയും നന്മയുടേയും പരമ ശത്രുക്കളായിക്കരുതി ദ്വേഷിക്കുന്നു. അതിനാൽ അവിടന്ന് അവക്കു വിരോധമായി കോപത്തോട്ടുകൂടി എണീറ്റു അവരെ കണിയിൽപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യും. ഈ സംഗതി സങ്കീർത്തനത്തിൽ ദാവീദ് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.– Dolum fecit, dolum patiatur. 'ചതിച്ചു, ചതി പറ്റട്ടെ–– Frangenti fidem, fides frangatur eidem. 'വിശ്വസ്തത ഭഞ്ജിച്ചവനു വിശ്വാസം ഭഞ്ജിക്കപ്പെടട്ടെ' എന്നിത്യാദി നിയമവാക്യങ്ങളുമുള്ളതല്ലേ?

കുഴികുത്തുന്നതിനു വളരെ പ്രയാസമുണ്ട്; എന്നാൽ അതു കുത്തുന്നവൻ ആയാസംക്രൂടാതെ അതിൽ വീഴുന്നു എന്നും,– മുകളിലേക്കു കല്ലെറിയുന്നവൻ ബലം പ്രയോഗിക്കേണ്ടിയിരിക്കുന്നു; എന്നാൽ എറിഞ്ഞ കല്ല് താനേതന്നെ, അതിന്റെ ഘനംമൂലം, എറിഞ്ഞവന്റെ തലയിൽ വീഴുന്നു എന്നും ഓർമ്മിക്കണം. ഇതുപോലെ അന്യനെ ചതിക്കയും വഞ്ചിക്കയും ചെയ്യുന്നവൻ അതിനായി വളരെ ബുദ്ധിമുട്ടുന്നു; എന്നാൽ അവ അവന്റെ തലയിൽ വന്നുവീഴുന്നതൊ യാതൊരു ദ്ധ്വാനവും കൂടാതെയാണ്.

ചതിയന്മാക്ക് അവരുടെ ദുഷ്പ്രവൃത്തി ചിലപ്പോൾ ഗുണകരമായിബ്ഭവിച്ചെന്നുവരാം. ഗുണവാന്മാരെക്കാൾ അവക്കു ക്ഷേമമുണ്ടായെന്നും വരാം. എന്നാൽ ഇതു് സ്വല്പകാലത്തേക്കു മാത്രമാണ്. ചിലപ്പോഴും ജീവിതദശയിലും, എപ്പോഴും മരണത്തിലും, അതിനു തക്ക ശിക്ഷ അവർ അനുഭവിക്കുന്നു. ഈ ലോകത്തിൽ ക്ഷേമമായിത്തന്നെ കഴിച്ചുകൂട്ടിയാലും ക്രൂരതരായ ശിക്ഷ ശുദ്ധീകരണസ്ഥലത്തിലൊ നരകത്തിലൊ അവക്കുണ്ടാകാതിരിക്കയില്ല.

നല്ലൻ. മതിയ്യുനൈർമ്മല്യമിയന്ന മർത്ത്യൻ
പതിയ്യുവേ മോദമെഴുന്ന ദുഷ്ടൻ

അതിൽക്കവിഞ്ഞുള്ള വിപത്തിലായ്ത്തൻ–
മൂതിയ്യൂ മുമ്പേ പരിതപൂനാകും. XXVII. 32.

സൂ. ദുർജ്ജനങ്ങൾക്കു മരണാനന്തരം ദുസ്സഹമായ ശിക്ഷക ളുണ്ടാകുമെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലൊ. മരണത്തിനു മുമ്പായും അവക്കു പരിതാപം ഉണ്ടാകാതിരിക്കയില്ല. ദൈവജനമായ ഇസ്രാ യേലിനെ പീഡിപ്പിക്കുന്നതിൽ സന്തുഷ്ടനായ അന്തീയൊക്കസ് രാജാ വു, ശരീരം മുഴുവൻ ചീഞ്ഞു, പുഴുക്കൾ അരിച്ച്, ദുർഗ്ഗന്ധം പുറപ്പെട്ട വിച്ച് നിർഭാഗനായി മരിച്ചില്ലെ? (II. Machab. IX.)– കളങ്കരഹി തരായ ശിശുക്കളെ നിഗ്രഹിച്ച ഹേറോദേസ്, ദുസ്സഹ രോഗങ്ങൾ പിടിപെട്ട് ക്ലേശാർത്തനായി മരിച്ചെന്ന് യഹൂദ ചരിത്രകാരനായ യൊസേഫ് (Joseph XVII. Antiq. Cap. X.) പറയുന്നു.– ക്രിസ്തീയ നാമത്തെയും ക്രിസ്ത്യാനികളേയും നിശ്ശേഷം നശിപ്പിക്കുവാൻ കരുതി അവരെ ഞെരുക്കുകയും, കപാല ശൈലത്ത (Calvary) ലും ബേസ്ലഹെമിലും വിഗ്രഹങ്ങൾക്കായി ക്ഷേത്രങ്ങളെ പ്രതിഷ്ഠിക്കയും ചെയ്ത അദ്രിയാൻ (Adrian) പല കഠിന ദുഃഖങ്ങൾ സഹിച്ച് അ ന്തരിച്ചെന്നു ഡിയോയും (Dio), സ്പർസിയാനും (Spartianus) അ ദ്ദേഹത്തെപ്പറ്റിയുള്ള വിവരണത്തിൽ പ്രസ്താവിക്കുന്നു.

൨൦. പ്രതിക്രിയയ്യായൊരുവൻ മുതിർന്നാ–
ലതിൽക്കവിഞ്ഞേകുമവന്നു ദൈവം
അതിക്രമത്താലവനേതുലത്തിൽ
പ്രതിച്ച സർവ്വേശനതൊക്കെയോർക്കും. XXVIII. 1.

൨൦. "നിങ്ങൾ ഏതു് അളവുകൊണ്ടു് അളക്കുമൊ അതുകൊ ണ്ടുതന്നെ നിങ്ങൾക്കും അളക്കപ്പെടും" (Matth. VII. 2.) എന്നു ക്രീ സ്തു അരുളിച്ചെയ്യുന്നു. അതിനാൽ നിന്നെ ദ്രോഹിക്കുന്നവരോടു ക്ഷമി ക്കാതെ നീ പ്രതീകാരം ചെയ്യുന്നെങ്കിൽ നിന്റെ വലുതായ പാപ ങ്ങളെ ക്ഷമിക്കാതെ പ്രതീകാരമായി നിനക്കു ദൈവം കഠിന ശിക്ഷ നൽകുന്നതു ന്യായതന്നെ. പതിനായിരം താലെന്റു് നാണയങ്ങൾ (Talents) കടം ഇളവു കിട്ടിയ ശേഷവും സഹഭൃത്യനോടു് നൂറു ദെ ന്നാറാകളുടെ കടം (Denary) ക്ഷമിക്കാതെയിരിക്കുക നിമിത്തം ശി ക്ഷിക്കപ്പെട്ട ഭൃത്യന്റെ ഉപമയിൽ മ്ശീഹാ നമ്മോടുപദേശിക്കുന്ന തു് ഇതു തന്നെയല്ലെ? (Matth. XVIII. 23–35.)

"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞ ങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കുക" (Matth. VI. 12) എ ന്നു് പ്രാർത്ഥിപ്പാൻ നമ്മോടു മ്ശീഹാ ഉപദേശിച്ചപ്പോൾ, നമ്മുടെ കുറ്റങ്ങളെ അവിടന്നു ക്ഷമിക്കേണ്ടതിനുള്ള ഒരു വ്യവസ്ഥയായിട്ടാണു് അന്യരോടു നാം ക്ഷമിക്കണമെന്നു പറഞ്ഞിട്ടുള്ളതു്.

നാമും നമ്മെ ദ്രോഹിക്കുന്നവരും പരിമിതവസ്തുക്കളാകയാൽ നമ്മോടു ചെയ്യപ്പെട്ട കുറ്റവും പരിമിതംതന്നെ. എന്നാൽ ദൈവ

ത്തോട് നാം ചെയ്യുന്ന ദ്രോഹം ഇരുഭാഗക്കാരുടേയും അവസ്ഥാന്തരം കൊണ്ട് അപരിമിതമാകുന്നുവെന്നുള്ളതും നാം ഓർക്കേണ്ടതാണ്. "നിന്റേതുപോലെയുള്ള ഒരു മനസ്സ് എനിക്കുണ്ടായിരുന്നെങ്കിൽ നിന്നെ ഒന്നാമതായി ഞാൻ നിഗ്രഹിക്കുമായിരുന്നു" എന്ന് പാപിയോട് പ്രതികാരം ചെയ്യുവാൻ ദൈവസമക്ഷം പ്രാർത്ഥിക്കുന്ന ഒരുവനോട് അവിടന്ന് അരുളിച്ചെയ്യുന്നതായി വി. ആഗുസ്തീനോസ് (Serm. 4. De S. Stephano) പ്രസ്താവിക്കുന്നു. ദൈവവാക്കുകളായി അദ്ദേഹം അവിടത്തെ തുടർന്നുപറയുന്നു: "എന്നെ അനുകരിക്കുവാൻ ഞാൻ നിന്നെ പഠിപ്പിക്കാം. പിതാവേ! അവരോട് ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല: എന്ന് കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് ഞാൻ പറഞ്ഞു. എന്റെ പടയാളികളേയും രക്തസാക്ഷികളേയും ഞാൻ ഇതു പഠിപ്പിച്ചു. നിയും ഒന്നാമത് എന്റെ രക്തസാക്ഷിയാകുക."

മകളിൽ പ്രസാദിച്ചത് തനതായ പ്രതികാരത്തെ മാത്രം ഉദ്ദേശിച്ചാണ്. പൊതുഭരണത്തിനുവേണ്ടി അധികൃതന്മാർ ചെയ്യുന്ന പ്രതികാരം ദൈവവും സ്വീകരിച്ചിട്ടുള്ളതാണെന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ (XIII) നിന്നും വി. ലിഖിതത്തിന്റെ മറ്റു പല ഭാഗങ്ങളിൽനിന്നും വിശദമാകുന്നു.

നാം നമ്മുടെ പ്രതിയോഗികളോട് ഏതുവിധം വർത്തിക്കണമെന്നുള്ളതു പലേ വേദവാക്യങ്ങൾ നമുക്കു കാണിച്ചുതരുന്നുണ്ട്. സുഭാഷിതങ്ങളിൽ ഏതൽസംബന്ധമായി പറയുന്നതു കേട്ടാലും:

"എന്നോടുചെയ്യരുതെന്നവൻ?- ചെയ്യേനതവനോട് ഞാൻ
പരക്രിയകൾപോലെന്റെ- പ്രതികാര"മിതോതൊലാ.

XXIV. 29.

ക്ഷുധാർത്തവൈരിയെബ് ഭക്ഷ്യ- പദാർത്ഥംകൊണ്ടു പോറുക;
തൃഷ്ണാതുര രിപുക്കൾക്കായ് - തുഷ്ട്യാപാനം കൊടുക്കുക.

XXV. 21.

൨൭. അനർത്ഥമേതാനുമമിത്രബുദ്ധ്യാ-
നിനക്കൊരാളിങ്ങളവാക്കിടുമ്പോൾ
മനഃപ്രസാദാലതു വിസ്മരിയ്ക്കാ-
നനല്പമാം ശ്രദ്ധപതിയ്ക്കണം നീ. XXVIII. 2.

൨൮. ഏവംവിധം നീ നിയമേനചെയ്താൽ
ദേവന്നുനിന്മേൽ കൃപയുണ്ടുവിയ്ക്കും
നീ, വൻകടംക്രൂടിയിളയ്ക്കുവാനായ്-
ദൈവത്തോടർത്ഥിയ്ക്കിലതുംഫലിയ്ക്കും. XXVIII. 2.

൨൭-൨൮. "നിങ്ങൾ മനുഷ്യരോട് പാപങ്ങളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളുടെ കുറ്റങ്ങളെ നിങ്ങളോടും ക്ഷമിക്കും" (Matth. VI. 14.) ദൈവം നമ്മുടെ കുറ്റങ്ങളെ ക്ഷമി

ക്കേണ്ട അളവ് നാം അന്യരോട് ക്ഷമിക്കുന്നതാണെന്ന 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നുള്ള പ്രാർത്ഥനയിൽ നാം പ്രതിദിനം സമ്മതിച്ചുപറയുന്നു. ആകയാൽ അന്യരോട് ക്ഷമിക്കാതിരുന്നാൽ: "ദൈവമേ! എന്റെ അയൽക്കാരനോട് ക്ഷമിക്കുവാൻ എനിക്കു മനസ്സില്ലാത്തതുപോലെ എന്റെ കുറ്റങ്ങളെ അങ്ങ് എന്നോടും ക്ഷമിക്കേണ്ട," എന്നേതാണ്ട് പ്രാർത്ഥിക്കയാണ് ചെയ്യുന്നത്. പാപം ആത്മാവിനെ ബന്ധിക്കുന്ന പാശമാണെന്നുള്ളതു്:

ദുഷ്ടനെസ്സ്വന്ത ദുഷ്കൃത്യം— പിടിക്കുട്ടനു സ്വച്ഛാ
സ്വന്തമാം പാപ പാശത്തിൽ— കുടുങ്ങിടുന്നു ദുർജ്ജനം.

V. 22.

എന്നുള്ള സുഭാഷിത വാക്യത്തിൽനിന്ന് വിശദമാണല്ലൊ. അതിനാൽ ഈ ബന്ധനത്തിൽനിന്ന് നമ്മെ ദൈവം മോചിക്കണമെങ്കിൽ നാം അന്യരേയും മോചിക്കാതെ നിവൃത്തിയില്ല.

"അന്യനെ ഉപദ്രവിക്കുവാൻ നിനക്കു കഴിവുണ്ടായിരുന്നിട്ടും ക്ഷമിക്കുന്നതു വളരെ സ്തുത്യർഹമാകുന്നു" എന്ന് വി. അംബ്രോസീസ് (lib IV. Epist. ad Florianum) പറയുന്നു. മർസെല്ലസി (Marcellus) ന്റെ നേരെയുള്ള കോപത്തെ അമർത്തി ക്ഷമിച്ചതു്, രാജ്യങ്ങളെ കീഴടക്കിയതിനെക്കാൾ സീസറിനു (Caesar) വലുതായ സ്തുതിയായിരിക്കുന്നു എന്നാണ് സിസറൊ (Cicero) പ്രസ്താവിക്കുന്നതു.

ക്ഷമയുള്ളവനോടേതു— യോദ്ധാവും സമനായിടാ;
നഗരങ്ങൾ പിടിച്ചടക്കുന്നോൻ— ജിതാത്മാവോടുമൊത്തിടാ.

XVI. 32.

എന്നു് സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതുമാണല്ലൊ.

ക്ഷമിക്കുവാൻ സാധിക്കാത്തതു് മഹാമനസ്കതയില്ലാഞ്ഞിട്ടാണു്. പട്ടി കുരക്കുന്നതുകൊണ്ടു് ചന്ദ്രൻ കുപിതനാകുന്നുണ്ടൊ? ഒലിംപിയാ (Olympia) യുടെ മകളിൽ കാറുപദ്രവിക്കുന്നുണ്ടൊ? അന്യരുടെ കുറ്റങ്ങളെ ക്ഷമിക്കുവാൻ പ്രയാസമുള്ള നിന്റെ പ്രവൃത്തികളെല്ലാം അന്യന്മാക്കു ഇഷ്ടമുള്ളവയാണൊ എന്നുകൂടി ആലോചിക്കണം.

വാസ്തവത്തിൽ പ്രതിയോഗി നമുക്കു നന്മയാണു് ചെയ്യുന്നതു്. നാം അറിഞ്ഞിട്ടില്ലാത്തതും ബന്ധുക്കൾ പോലും തുറന്നു പറയുവാൻ മടിക്കുന്നവയുമായ നമ്മുടെ തെറ്റുകളെ അവർ നമുക്കു കാട്ടിത്തരുന്നു. അവയെ അറിഞ്ഞു തിരുത്തുവാൻ ഇതു എത്രയൊ ഉപയുക്തമാണ്!

അന്യൻ പറയുന്നതു് വാസ്തവമാണെങ്കിലും അല്ലെങ്കിലും അതേപ്പറ്റി ഖേദിക്കുവാനില്ല. നീ തെറ്റുകാരനാണെങ്കിൽ അവൻ വാസ്തവം പറഞ്ഞതേയുള്ളു. നിന്നിൽ തെറ്റില്ലെങ്കിൽ അവന്റെ വാക്കുകൊണ്ടു് തെറ്റു് നിന്നിൽ കടന്നുകൂടുകയുമില്ല. നിന്നിൽ അതില്ലെന്നു് നിന്റെ പ്രവൃത്തികൊണ്ടാണ് തെളിയിക്കേണ്ടതു്.

൨൬. ഒരുത്തനോടന്യനഹോ! മനസ്സിൽ
പ്പെരുത്തവൈരം ധരണീതലത്തിൽ;
തിരുത്തിടാതീസ്ഥിതിലോകനാഥൻ
വരുത്തുമോ തൽക്ക്ഷണപാപനാശം? XXVIII. 3.

൨൭. പതിച്ചുമുന്നം പലമാനവന്മാർ
ക്ഷിതിയിസ്സ്ചോരായിതുവാളിനാലേ
അതില്ലരം മാനുഷർ ജിഹ്മമൂലം
പതിയ്ക്കുവാനും വഴിയായി—കഷ്ടം! XXVIII. 22.

൨൭. നാവു മൂലം ആത്മികവും ലൌകികവുമായി പലർ മരിക്കുന്നുണ്ടെന്നുള്ളതു് തെറുകളെ പഠിപ്പിക്കയും, കാമം, കൊലപാതകം ആദിയായ ദുഷ്കൃത്യങ്ങളിലേക്ക് പരന്മാരെ പ്രേരിപ്പിക്കയും ചെയ്യുന്നവരുടെ കായ്ത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

വി അംബ്രോസിസ് (lib. I. Offic. cap. IV) പറയുന്നു: "നമ്മുടെ ശത്രുവിന്റെ കണി നമ്മുടെ വചനമാകുന്നു. അതേവിധം തന്നെ അതു നമ്മുടെയും ശത്രുവാകുന്നു. ശത്രുവിനു പിടികിട്ടുവാൻ തക്കവയെ പ്രായേണ നാം പറയുന്നു: നമ്മുടെ വാളുകൊണ്ടെന്നപോലെ നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു."

൨൮. കരത്തിലാക്കാൻ വരുവോരുനേരം
കരത്തെ മുത്തുംപലമാനവന്മാർ
സ്വരത്തെമാറിപ്പറയും "തരാനാ—
യരക്ഷണം വീഴ്ച്ചവരുത്തുമോഞാൻ?" XXIX. 5.

൨൯. കൊടുത്തുവീട്ടാൻ സമയംവരുമ്പോ—
ളടുത്തുകൂടും ഗന്ധനീട്ടിവെയ്ക്കാൻ
"തിടുക്കമെന്തി"ങ്ങനെയൊട്ടസംഖ്യം
കടന്നവാക്യങ്ങളൊടുക്കമോരും. XXIX. 6.

൩൦ എല്ലാം കൊടുക്കാൻ കഴിവുള്ളനാളിൽ
ചെല്ലുന്നുമില്ലാത്തവിധംനടിയ്ക്കും
അല്പാത്തപക്ഷം പുനരദ്ധ്മേകു—
മില്ലാത്തതുണ്ടാക്കിയെടുത്തമട്ടിൽ. XXIX. 7.

൩൨ എന്നല്ല, ദുഷ്കൃമരീവകോപാ—
ലൊന്നല്ല, രണ്ടല്ല, സഹസ്രമോരും
അന്നപ്പുമാൻചെയ്തഗണത്തിനെല്ലാ—
മിന്നല്ലമല്ലാത്തൊരനർത്ഥമേകും. XXIX. 9.

൨൭—൩൨. കടംവാങ്ങിയശേഷം അതു കൊടുത്തു വീട്ടുവാൻ മടിക്കുന്ന അവിശ്വസ്തരും ചതിയന്മാരുമായ ആളുകളുടെ പ്രവൃത്തി

യാണ് ഇവിടെ വർണ്ണിക്കുന്നത്. വളരെപ്പേർ ആരിൽ നിന്നെങ്കിലും കടം ആവശ്യപ്പെടുന്ന സമയം തങ്ങളേത്തന്നെ അത്യധികം താഴ്ത്തുകയും അവരുടെ ആശ്രിതന്മാരായിട്ട് താണുകൂപ്പുകയും ആചാരസ്മാചകമായി പാണിചുംബനംചെയ്യുകയും ചെയ്യുന്നു. നിശ്ചിത സമയത്ത്, ഒരു വിനാഴികപോലും തെറ്റിക്കാതെ, അത് കൊടുത്തു വീട്ടിക്കൊള്ളാമെന്നും, ഈ മഹാനുഗ്രഹത്തെപ്പറ്റി എന്നും കൃതജ്ഞതയോടുകൂടി വിചാരിക്കുന്നതാണെന്നും വളരെ താഴ്മയോടെ, പണം കിട്ടേണ്ടതിനായി, വാദാനം ചെയ്യുന്നു.

എന്നാൽ കൊടുത്തു വീട്ടേണ്ട സമയമാകുമ്പോൾ അവധി കുറേക്കൂടി നീട്ടിക്കിട്ടുവാൻ ആവശ്യപ്പെടുകയായി. മാത്രമല്ല, ആദ്യത്തെ താഴ്മയായ വാക്കുകൾ വിട്ട്, പിറുപിറുക്കുകയും അതൃപ്തിയായി സംസാരിക്കുകയും കഠിനവാക്കുകളും ആക്ഷേപപദങ്ങളും പ്രയോഗിക്കുകയും ദുഷ്യം പറയുകയും കഠിനഹൃദയനെന്നു ശാസിക്കുകയും, താമസത്തിന്റെ കാരണം താനല്ലെന്നും ക്ഷിപ്പിഴയും വിലയുടെ ഏറ്റക്കുറവും അനാവൃഷ്ടിയും അതിവൃഷ്ടിയുമാകയാൽ നിവൃത്തിയില്ലാഞ്ഞിട്ടാണെന്നും പ്രസ്താവിക്കയും ചെയ്യും.

കടം വീട്ടുവാൻ കഴിവുള്ളപ്പോൾ ആദ്യമായിത്തന്നെ താൻ ഒന്നും വാങ്ങീട്ടില്ല, ഒന്നുംകൊടുക്കേണ്ടതായിട്ടുമില്ല എന്നു വാദിക്കും. അതു പറ്റാതെയാകുമ്പോൾ, വളരെകഷ്ടപ്പെട്ട് ഇല്ലാത്തത് എവിടെയോ നിന്ന് ഉണ്ടാക്കിക്കൊണ്ടുവന്നുവെന്നോ— ഒന്നും ചെല്ലേണ്ടതില്ലാത്തതിനാൽ, കിട്ടുന്നത് നിധി കിട്ടിയതുപോലെയോ വൃഥാ കിട്ടിയതുപോലെയോ കരുതി തന്റെ പേരിൽ നന്ദി കാണിക്കണമെന്നൊയുള്ള ഭാവത്തിൽ കടത്തിൽ പകുതിമാത്രം കൊടുക്കും. അതുമല്ല, ബാക്കി കടത്തിന്റെയോ പ്രതിനന്ദിയുടേയോ സ്ഥാനത്തിൽ ശകാരവർഷം ആരംഭിക്കുകയും അവനെ പലേ വിധത്തിൽ ഉപദ്രവിക്കുകയും നന്മക്ക് തിന്മ പ്രതീകാരം ചെയ്യുകയും ചെയ്യും.

"ഉപകാരോപി നീചാനാമപകാരായ വത്തതെ
പയഃപാനം ഭുജംഗസ്യ കേവലംവിഷവർദ്ധനം" എന്നല്ലേ നീതിസാരത്തിൽ പറഞ്ഞിട്ടുള്ളത്?

"നിന്നെ സഹായിച്ചവന് ഉപകാരത്തിനു പകരം അപകാരം ചെയ്യുന്നത് എത്രയോ നീചന്മാരാണ്! നീ ആരുടെ കൊടുക്കേണ്ടിയിരിക്കുന്നുവോ, അവനെ വഞ്ചിച്ചാൽ ഇനി നിന്റെ ആവശ്യത്തിൽ നിനക്കു കടം തരുവാൻ ആരുമുണ്ടാകുകയില്ല" എന്ന് വി. അംബ്രോസിസ് (lib. De Tobia, cap. XXI.) പറയുന്നു. ഈ സംഗതി നാം പ്രതിദിനം കണ്ടുതന്നെ അറിയുന്ന ഒന്നാകയാൽ ഇതേപ്പറ്റി അധികമൊന്നും പറയേണ്ട ആവശ്യമില്ല.

ദുർജ്ജനൻ എന്നാകിലും നീതിഗുണംചെയ്യുദീനർ-
ക്കെന്നാളുമത്യന്തമുദാരബുദ്ധ്യാ

ഒന്നാണതീശന്റെയനുജ്ഞകൾക്കു–
ള്ളെന്നാദരാലുള്ള വിചിന്തമൂലം. XXIX. II. 12.

൭൦ സമ്പാധിനാഥന്റെ ഹിതാനുസാരം
സമ്പാത്ഥവും നീ ചെലവാക്കിയെന്നാൽ
സമ്പാഭവെല്ലും കനകത്തിനേക്കാൾ
നിമ്പാദമുണ്ടാമതുകൊണ്ടുലാഭം. XXIX. 14.

൭൧ ദീനന്റെഹൃത്താർ കരുണാസമേതം
ദാനങ്ങളെക്കൊണ്ടുനിറയ്ക്കുമെങ്കിൽ
ഊനംഭവിയ്ക്കാതെനിനക്കതേതു–
സേനസ്സുമെത്താത്തൊരു രക്ഷയാകും. XXIX. 15.

൭൦–൭൧ മുകളിൽ ൫൭ മുതൽ ൫൮ വരെ ശ്ലോകങ്ങളിൽ, ചതിയന്മാക്കു പണം കടം കൊടുക്കുന്ന സംഗതി ബന്ധിച്ചു പറഞ്ഞതു് ധർമ്മം ചെയ്യുന്നതിനെ തടുക്കുവാനല്ല. സാക്ഷാൽ ദരിദ്രന്മാരും വിടുവാൻ കഴിവില്ലെന്നു യഥാർത്ഥത്തിൽ ഹൃദയപൂർവ്വം പറയുന്നവരുമായ ജനങ്ങൾക്കു് കടമായും ദാനമായും കൊടുക്കുകയും ഇളവു ചെയ്കയും സമയം അനുവദിക്കുകയും ചെയ്യണമെന്നും– മറിച്ചു് നിഷ്ഠുരണമായും ക്ഷമയില്ലാതെയും പ്രവർത്തിക്കരുതെന്നും ബർസീറാ ഇവിടെ ഉപദേശിക്കുന്നു. തിരിച്ചു കിട്ടുകയില്ലെന്നുള്ളപ്പോൾക്രൂടിയും ഈ വിധം ചെയ്യണമെന്നതിലേക്കു് പലേ കാരണങ്ങളുണ്ടു്. അവ ഏവയെന്നാൽ:– (൧) സഹതാപവും മഹാമനസ്കതയും. ഇവ നമുക്കുണ്ടാകേണ്ടതും സമ്പത്തേയുംകാൾ പ്രധാനമായി നാം കരുതേണ്ടതുമാണു്.– (൨) പ്രകൃതിനിയമവും ദൈവപ്രമാണവും. നിസ്സഹായികളെ സഹായിക്കണമെന്നുള്ള പ്രകൃതിനിയമത്തേയും ദൈവപ്രമാണത്തേയും ഓർത്തു് അവയെ പൂർത്തീകരിക്കേണ്ടതിനായി ദീനനെ സഹായിക്കുക. കടം ചോദിക്കുന്നവന്റെ സാഹചര്യങ്ങൾ ആലോചിച്ചിട്ടു് പണം തിരിച്ചുകിട്ടുമോയെന്നു് സംശയം ജനിക്കുമ്പോൾ മാത്രം ധർമ്മം ചെയ്വാൻ നിനക്കു മനസ്സില്ലെന്നിരുന്നാൽ, ദൈവത്തേയും അവിടത്തെ പ്രമാണങ്ങളേയും ഓർത്തു ചെയ്യുക. "നിന്നോടു ചോദിക്കുന്ന ഏവനും നീ കൊടുക്കുക": (Luc. VI. 30.) "നിന്നോടു ചോദിക്കുന്നവനു കൊടുക്കുക, നിന്നോടു കടം വാങ്ങുവാൻ ആഗ്രഹിക്കുന്നവനിൽനിന്നു് നീ തിരിഞ്ഞുകളയരുതു്" (Matth V. 42.) എന്നു് വിശുദ്ധ ലിഖിതങ്ങൾ ഉപദേശിക്കുന്നു.– (൩) യാചകന്റെ ദരിദ്രത. ഇതു് അവനെ വേറും കൈയായി വിടാതിരിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു. അന്യന്റെ ദയനീയാവസ്ഥ നിന്നിൽ അനുകമ്പ ജനിപ്പിക്കേണ്ടതാണു്. ദൈവവും മനുഷ്യരും നിന്നോടു ദയ ചെയ്യേണ്ടതിനായി നീയും ദയ ചെയ്യുക.– (൪) നമുക്കു സിദ്ധമാകുന്ന ലാഭം. ദൈവപ്രമാണവും അവിടത്തെ ഹിതവും അനുസരിച്ചു കൊടുക്കുന്ന ധനം നഷ്ടമായിപ്പോകയില്ല. അതുകൊണ്ടു് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്കു നീ പാത്രീഭവിക്കുന്നു. സകല ധനത്തേയുംകാൾ

മലായ ഗുണം നിനക്ക് അത്ര വരുത്തുകയും ചെയ്യും. - (ഒ) നിന്റേയും ധനത്തിന്റേയും രക്ഷ. ഭൂമിക്കടിയിലും പെട്ടിയിലും സൂക്ഷിക്കുന്ന ധനത്തെക്കാൾ ദീനനു സഹായമായി കൊടുക്കുന്ന ധനമാണ് അധികം സുരക്ഷിതമായിരിക്കുന്നത്. അതിനെ തിരിച്ചുതരുന്നതിനു ദരിദ്രൻ ശക്തനല്ലെന്നോ അവനു മനസ്സില്ലെന്നോ വന്നാലും നിന്റെ ദയാകൃത്യംതന്നെ നിനക്കുവേണ്ടി ഈശ്വരനെ പ്രാർത്ഥിക്കുകയും, സകല തിന്മകളിൽനിന്നും നിന്നെ വിമുക്തനാക്കുകയും, എല്ലാ നന്മകളും നിനക്കു വരുത്തുകയും ചെയ്യും. "ധനവാന്മാരുടെ അറപ്പുര ദരിദ്രരുടെ ഉദരമാകുന്നു. ദരിദ്രരുടെ വയറും കൈയും ക്രിസ്തുവിന്റെ നിക്ഷേപശാലയാകുന്നു" എന്നു വി. ബസീൽ പറയുന്നു. "ഒരു ക്രിസ്ത്യാനിയുടെ പൂജ ദരിദ്രക്കുള്ള ധർമ്മമാകുന്നു. ഇതുവഴിയായി ദൈവം പാപങ്ങളെ ക്ഷമിക്കുന്നു. ദൈവം പാപങ്ങളെ ക്ഷമിക്കാതിരുന്നാൽ നിരപരാധിയായി ആരുണ്ടാകും?" എന്നാണ് വി. ആഗസ്തീനോസ് (homil. 29. inter 50) ചോദിക്കുന്നത്. "നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രരേയും ക്ഷീണിതരേയും മുടന്തരേയും കുരുടരേയും വിളിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ മടക്കിത്തരുവാൻ അവർക്കൊന്നുമില്ല. നീതിമാന്മാരുടെ ഉത്ഥാനത്തിൽ നിനക്കു സമ്മാനം നൽകപ്പെടും" എന്നു ക്രിസ്തു (Luc. XIV. 13-14.) ഉപദേശിച്ചിരിക്കുന്നു. "നിന്റെ വകയിൽനിന്ന് ധർമ്മം കൊടുക്കുക. ദരിദ്രനായ ഒരുത്തനിൽനിന്ന് നിന്റെ മുഖം തിരിച്ചുകളയരുത്. അങ്ങനെ തിരിക്കാതിരുന്നാൽ കർത്താവിന്റെ മുഖം നിന്നിൽനിന്ന് തിരിയാതിരിക്കാനും ഇടയാകും. നിന്റെ ശക്തിപോലെ അനുഗ്രഹംചെയ്യുക. നിനക്ക് അധികമുണ്ടെങ്കിൽ ധാരാളം കൊടുക്കുക. നിനക്കു സാമ്പത്തമെയുള്ളുവെങ്കിൽ അല്പമെങ്കിലും സന്തോഷത്തോടുകൂടി കൊടുക്കുവാൻ ഓർക്കുക. എന്തെന്നാൽ ഇപ്രകാരം നിന്റെ ആവശ്യനാളിലേക്ക് ഒരു നല്ല സമ്മാനം നിനക്കായി നീ സമ്പാദിക്കുന്നു" എന്നാണ് വൃദ്ധനായ തോബിയാസ് മകനോട് ചെയ്ത ഉപദേശം. (Tobias. IV. 7-10.)

വി. ക്രിസോസ്റ്റോമോസ് (homil. 9. De Poenitentia) പറയുന്നതു കേൾക്കുക: "നിന്റെ കച്ചവടത്തിന്റെയും ജോലിയുടെയും വിഷയം സമ്പത്തുമാകുന്നു. അല്പം കൊടുത്തു പുരിമീസാ വാങ്ങുക. അല്പം കൊടുത്തു വലിയതിനെ കൈയ്ക്കലാക്കുക. ക്ഷയമുള്ളതിനെ കൊടുത്തു അക്ഷയമായവയെ പകരം സ്വീകരിക്കുക." - "അല്ലയോ മനുഷ്യ! ആകയാൽ സമ്പത്തു കിട്ടേണ്ടതിനായി ദരിദ്രനു ഭൂമിയെ കൊടുക്കുക; രാജ്യം കിട്ടേണ്ടതിനായി കാശു കൊടുക്കുക; മുഴുവൻ കിട്ടേണ്ടതിനായി അല്പം കൊടുക്കുക." എന്നു വി. ക്രിസാലൊഗോസ് (S. Chrysologus, Serm. 8. De Jejunio et Eleemosyna.) പറയുന്നു.

ദരിദ്രരോടനാം കേൾക്കാ - തിരിക്കാൻ ചെവി പൊത്തുകിൽ
അവനും കരയും ദൈവ- മതുകേൾക്കാതെയും വരും.

എന്നുള്ള സുഭാഷിത വാക്യവും നമ്മുടെ ഓർമ്മയിൽ സദാ ഉണ്ടായിരിക്കേണ്ടതാണ്.

ഒഎ മറന്നിടൊല്ലാ, തവജാമൃമേല്ലാ–
നുറച്ചു ജീവൻ കളയുംപുമാനേ,
തുറന്നുതന്നേ പറയാം ദുരാത്മാ
മറഞ്ഞുമാറും വ്യഥനീങ്ങിടുമ്പോൾ. XXIX. 19–20.

ഒഎ. നിനക്കുവേണ്ടി ജാമ്യം നില്ക്കുന്നതിൽ ഇതരൻ പ്രദർശിപ്പിച്ച സൌഹാർദ്ദത്തെ കൃതജ്ഞതാപൂർവ്വം സദാ സ്മരിക്കണം. അവൻ കൈയേറ്റ ചുമതലയിൽ നിന്ന് അവനെ വിടുതലാക്കുവാൻ ഓർക്കുക. അവൻ ജീവതുല്യം കരുതുന്ന സമ്പത്തിനെയാണ് നിനക്കുവേണ്ടി അപകടത്തിലാക്കിയത്. മരണശിക്ഷയ്ക്കു അർഹനായ ഒരാൾക്കുവേണ്ടി ജാമ്യം നില്ക്കുന്നതു യഥാർത്ഥത്തിൽ സ്വന്ത പ്രാണനെത്തന്നെ അപകടത്തിലാക്കുകയാണ്. ദുർജ്ജനങ്ങൾ ജാമ്യക്കാരനോടു തങ്ങൾക്കുള്ള കടമകളെ നിവർത്തിക്കുവാൻ മനസ്സില്ലാതെ അവനെ കാണുമ്പോൾ മാറിക്കളയുന്നു. ഇതെത്ര കഷ്ടമാണ്!

വൈദികന്മാർ തങ്ങളുടെ കീഴുള്ളവരുടെ രക്ഷയ്ക്കായി ശക്തിയ്ക്ക് എത്തിയ മട്ടിൽ യത്നിച്ചുകൊള്ളാമെന്ന് ഉദ്യോഗപ്രവേശനത്തിൽ ദൈവത്തോടു വാഗ്ദാനം ചെയ്യുകയും അവരുടെ ജാമ്യക്കാർ എന്ന നിലയിൽ ഇരിക്കയും ചെയ്യുന്നവരാണ്. അതിനാൽ "നിങ്ങളുടെ മേലുള്ളവർക്ക് നിങ്ങൾ കീഴ്വഴങ്ങുവിൻ, അവർക്കു നിങ്ങൾ കീഴ്പെട്ടിരിക്കുവിൻ; എന്തെന്നാൽ നിങ്ങളുടെ ആത്മാക്കളുടെ കണക്കു കൊടുക്കേണ്ടവരെന്ന നിലയിൽ അവർ ജാഗരൂകന്മാരാകുന്നു" എന്നു വി. പൌലോസ് (Hebr. XIII. 17.) പറയുന്നു.

ക്രിസ്തു നമ്മുടെ ഏവരുടെയും പാപങ്ങൾക്കുവേണ്ടി പിതാവിന്റെ അടുക്കൽ "പുതിയനിയമത്തിലെ ജാമ്യക്കാരൻ"നാകുന്നു എന്നു പ്രസ്തുത ശ്ലീഹാതന്നെ (Hebr. VII. 22.) പ്രസ്താവിക്കുന്നുണ്ടല്ലൊ. കടം വീട്ടുവാൻ നമുക്കു കഴിയാതിരിക്കയിൽ അവിടന്ന് കടമെല്ലാം തന്റെമേൽ വഹിക്കയും കുരിശിലെ കഠിനമരണം കൊണ്ട് അതിനെ വീട്ടുകയും ചെയ്തു. ആകയാൽ അവിടത്തെപ്പേരിൽ സദാ കൃതജ്ഞത പ്രദർശിപ്പിക്കേണ്ടതു നമ്മുടെ കടമയാണ്.

ഒന. പരന്റെ സൌധത്തിലിരുന്നനാനാ–
തരംപദാർത്ഥങ്ങളശിപ്പതിനേക്കാൾ
ഒരല്പമന്നംനിജകൊട്ടിലിൽത്താൻ
പരംസുഖംചേർക്കുമിഹത്തിലാർക്കും. XXIX. 28.

ഒഴ. കഴിച്ചിൽമുട്ടിപ്പുരമന്ദിരേതാൻ
കിഴിഞ്ഞുകേറാതൊടുവിൽ സുഖിപ്പാൻ

വഴിയ്ക്കുനന്നേ സുതനേയഭീക്ഷ്ണം
പഴിച്ചു ശിക്ഷിയ്ക്കുമൊരിഷ്ടതാതൻ. XXX. 1.

ഒരു. ശാരീരികമായും ക്രമവിരുദ്ധമായും കുട്ടികളെ സ്നേഹിക്കുന്ന മാതാപിതാക്കന്മാർ ആ കുട്ടികളുടെ തെറ്റുകളെ തിരുത്താതെ അവർ എന്തും ചെയ്യാൻ അനുവദിക്കുന്നു. ഇതിനാൽ മക്കൾ ധിക്കാരികളും, അധമ്മികളും, ദുഷ്കൃമികളും, വക്രാണക്കാരുമായിത്തീർന്ന്, വലിയ വലിയ തിന്മകളെ ചെയ്യുകയും, തങ്ങൾക്കും മാതാപിതാക്കന്മാർക്കും അവമാനവും മനോവ്യഥയും വരുവാക്കുകയും, കഷ്ടതയിൽ അവസാനിക്കുകയും ചെയ്യുന്നു. മാതാപിതാക്കന്മാർ ഇതു കണ്ടു ദുഃഖിക്കുന്നു. കുട്ടികളുടെ നേരെ കാണിച്ച അധിക ദയ കഠിനതയായിത്തീർന്നെന്ന് നിരൂപയുക്തമായ വിധം ഒടുവിൽ മാത്രം അറിഞ്ഞു വ്യസനിക്കയുംചെയ്യുന്നു. അതിനാൽ മക്കളെ യഥാർത്ഥത്തിൽ സ്നേഹിക്കുന്ന വിവേകമുള്ള മാതാപിതാക്കന്മാർ വാക്കുകൊണ്ടും വടികൊണ്ടും അവരെ പലപ്പോഴും തിരുത്തുന്നതിൽ ശ്രദ്ധ പതിക്കാതിരിക്കയില്ല.

കുട്ടികൾക്കു ബുദ്ധിയുടെ പ്രവൃത്തി കുറവായും ഉന്മേഷവും രക്തപ്രസാദവും ക്ലേശതലായും ഇരിക്കയാൽ നാശകരങ്ങളായ പലെ ദുരാശകളും, വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങൾക്കെന്നമട്ടിൽ, അവക്കുള്ളതാണ്. തൻമൂലം കാള, കുതിര മുതലായവയെ ശരിയായി നടത്തുന്നതിന് വടിയും മുള്ളും ഉപയോഗിക്കുന്നതുപോലെതന്നെ, കുട്ടികളെ ദുർമ്മാർഗ്ഗങ്ങളിൽനിന്ന് അകറ്റുന്നതിനും നേർവഴിയിൽ നടത്തുന്നതിനും വടിയും മറ്റു ശിക്ഷാകരുക്കളും പ്രയോഗിക്കേണ്ടിയിരിക്കുന്നു.

ഈ വിധ ശിക്ഷണംകൊണ്ട് മക്കൾ ഗുണപ്പെട്ട കാണുകയാൽ മാതാപിതാക്കന്മാരും, ബാലിശങ്ങളായ ദുസ്സ്വഭാവങ്ങളെ വിട്ട് പൌരുഷങ്ങളും സാമാർത്ഥികങ്ങളുമായ അഭ്യാസങ്ങളുണ്ടായി എന്നോത്തു മക്കളും ഒടുവിൽ സന്തോഷിക്കും. കുട്ടികൾ നല്ലവരായി വളർന്നതുകൊണ്ട് മാതാപിതാക്കന്മാരെ സംരക്ഷിക്കുകനിമിത്തം ആ മാതാപിതാക്കന്മാർ അന്തിമദശ സുഖമായി കഴിച്ചുകൂട്ടും. കാഴ്ച മറഞ്ഞ വാർദ്ധക്യകാലത്തു കാലയാപനമാർഗ്ഗം തിരഞ്ഞ് അന്യ ഗൃഹങ്ങളിൽ തപ്പിനടക്കുവാനിടയാകയില്ല. ധാരാളം സമ്പത്തുള്ള എത്രയോ കുടുംബങ്ങളിലെ വൃദ്ധന്മാരായ മാതാപിതാക്കന്മാർ അഹർവൃത്തിക്കുകൂടി നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നു! കാരണമെന്തു? മക്കളെ ശരിയായി വളർത്താതിരുന്നതുതന്നെ.

ശരിയായവിധം നിൻറെ— മകനേ നീ വളർത്തുക.
നിനക്കാശ്വാസനം നൽകും— മനസ്സുതുഷ്ടിയും തരും.
XXIX. 17.

എന്നല്ലെ സുഭാഷിതങ്ങൾ പറയുന്നതു? മക്കൾ ഗുണവാന്മാരാകയാൽ ഉള്ള സമ്പത്തിനെ ദുർവ്യയം ചെയ്യാതെ കഴിയുന്ന പരിശ്രമം ചെയ്തു് അതിനെ വർദ്ധിപ്പിക്കുകമൂലം മാതാപിതാക്കന്മാരെ സംരക്ഷിക്കുവാൻ അവർ ശക്തന്മാരായിത്തീരുന്നു.

കുട്ടികളാണ് ഇനിയത്തെ പൌരന്മാർ. തൽമൂലം അവരെ നല്ലവണ്ണം വളത്തുകയും, അവർ കൊള്ളക്കാരും, മോഷ്ടാക്കളും, വ്യഭിചാരികളും മറ്റു ഏതെങ്കിലും ദുർമ്മാർഗ്ഗങ്ങളിൽ വ്യാപരിക്കുന്നവരുമായിത്തിരാതിരിപ്പാൻ തക്കവണ്ണം ശിക്ഷിച്ചു തിരുത്തുകയും ചെയ്യേണ്ടതു കുടുംബത്തിനും രാജ്യത്തിനും അത്യന്താവശ്യമാണ്. ഏതു രാജ്യത്തിലേയും ഏതു കാലത്തെയും ബുദ്ധിശാലികൾ കുട്ടികളുടെ നല്ല വളത്തലിൽ പ്രത്യേകം ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു. വിദ്വൽശിരോമണിയായ ശ്ലോമോൻ സുഭാഷിതങ്ങളിൽ പറയുന്നതു കേട്ടാലും:

ശിക്ഷാബാലനെവിട്ടേതു— മകറേറണ്ടയിമൽസുതാ!
അടിച്ചുമകനെട്ടണ്ടാൽ- മരിയ്ക്കില്ലതുനിശ്ചയം.

XXIII. 13.

കുട്ടികളുടെ നല്ല വളത്തൽ രാജ്യത്തിന്റെ നല്ല ശിലാസ്ഥാപനമാകുന്നു എന്നാണ് പ്ലെയ്റ്റോ (Plato) പറയുന്നത്. അദ്ദേഹത്തിന്റെ വാക്കുകളെത്തന്നെ ഇവിടെക്കാണിക്കാം: "കുട്ടികളുടെ നല്ല വളത്തൽ, ജീവിതം മുഴുവൻ ശരിയാക്കുന്നതിനു പ്രത്യേകം ആവശ്യമാകുന്നു." (lib. II. De Republ.) "സൽഭാഗ്യപൂർണ്ണമായ ഒരു രാജ്യമുണ്ടാകുവാൻ ആഗ്രഹിക്കുന്ന അധികൃതന്മാർ കുട്ടികളെ നന്നാ ചെറുപ്പം മുതൽക്കേ സത്യദൈവത്തിന്റെയും സത്യനന്മയുടെയും ജ്ഞാനത്തിൽ വളത്തണം" (Idem. lib. VII.) "ബാലന്മാരും യുവാക്കന്മാരും ആദ്യം തുടങ്ങിയും നന്നാ ചെറുപ്പം മുതലും മാന്യമായും പരിശുദ്ധമായും പഠിപ്പിക്കപ്പെടേണ്ട സംഗതി നിവർത്തിക്കേണ്ടതു് അധികാരികളുടെ സർവ്വപ്രധാനമായ കടമയാകുന്നു." (Idem lib. IV. De Republ.) തത്വശാസ്ത്രജ്ഞന്മാരുടെ മകുടാലങ്കാരമായ അദ്ദേഹംതന്നെ അൽക്കിബൈഡെസിനെ (Alcibiades) പ്പറ്റി പ്രസ്താവിക്കുകയിൽ പറയുന്നതു കേൾക്കുക: പേഷ്യാരാജാക്കന്മാർ തങ്ങളുടെ മക്കൾക്കു പതിന്നാലു വയസ്സു തികയുമ്പോൾ രാജ്യത്തിലെ സകല ജനങ്ങളിൽ നിന്നും ഉത്തമന്മാരായി തെരഞ്ഞെടുത്തു് നിശ്ചയിച്ച നാലു പേരുടെ പക്കൽ അവരെ ഭരമേല്പിച്ചിരുന്നു. ഒന്നാമൻ ദൈവാരാധനയെ സംബന്ധിച്ച കാര്യങ്ങൾ അവരെ പഠിപ്പിക്കയും, രണ്ടാമൻ ആജീവനാന്തം സത്യവാന്മാരായിരിപ്പാൻ ഉപദേശിക്കയും, മൂന്നാമൻ യാതൊരു ദുരാശകൾക്കും അധീനരാകാതെ തങ്ങളുടെ തന്നെയും രാജാവായിരിക്കണമെന്നും ഭോജനപ്രിയം മുതലായ ഇച്ഛകളെ നിഗ്രഹിക്കണമെന്നും മനസ്സിലാക്കുകയും, നാലാമൻ ഘനമായ ഏതെങ്കിലും ഭയകാരണം നേരിട്ടാൽ നിശ്ചലന്മാരായിരിപ്പാൻ അഭ്യസിപ്പിക്കയും ചെയ്തിരുന്നു.

കുട്ടികളെ വളത്തുന്ന കാര്യത്തിൽ ഒരു രാജ്യത്തിന്റെ ശ്രദ്ധ മുഖ്യമായും പ്രധാനമായും പതിയേണ്ടതാണ്. അതില്ലാതിരുന്നാൽ ജനാധിപത്യം അധഃപതിക്കാതെ നിവൃത്തിയില്ല എന്നാണ് അരിസ്റ്റോട്ടൽ (lib. VI. Polit. Cap. I.) പറയുന്നത്. മാസിഡോനിയാ രാജാവായ ഫിലിപ്പു് സപുത്രനായ അലക്സാണ്ടറിന്റെ പ

ാനം അറിസ്റ്റോട്ടലിനെ ഭരമേല്പിച്ചതിന്റെ കാരണം ഇതുതന്നെ.

"കുട്ടികളുടെ അംഗങ്ങൾ ചൊവ്വായിരിക്കേണ്ടതിന്ന് അവർ പിറന്നയുടനേതന്നെ അവയെ ശരിയാക്കേണ്ടതുപോലെ, അവരുടെ സ്വഭാവവും ആദ്യമേതുടങ്ങിത്തന്നെ വേണ്ട വിധം ശരിപ്പെടുത്തേണ്ടതാണ്. ചലക്ഷയമുള്ള ആ പ്രായം അവയെ ശരിയാക്കുന്നതിന്ന് തക്ക മൃദുത്വമുള്ളതാകുന്നു" എന്നു പ്ലൂട്ടാക്ക് (Plutarch, lib. De Educatione liberorum) പറയുന്നു. "ചെറുപ്രായക്കാരെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യുന്നതിനെക്കാൾ വലുതും ഉത്തമവുമായ ഒരു ജോലി ജനാധിപത്യത്തിനില്ല" എന്നാണ് സിസറൊ (Cicero, lib. II. De Officiis) പ്രസ്താവിച്ചിട്ടുള്ളത്. "പുത്രംവിദ്യാസുയോജയേൽ" എന്നുള്ള നീതിസാരവാക്യവും അനുസ്മരിക്കേണ്ടതുതന്നെ.

മാതാപിതാക്കന്മാർ കുട്ടികളുടെ വളത്തലിൽ ദൈവപിതാവിനെ അനുകരിക്കട്ടെ. അവിടന്നു സ്വഭക്തന്മാരെയും വിശ്വാസികളേയും നാനാതരദുഃഖങ്ങൾകൊണ്ടു തിരുത്തുകയും ഗുണവൽക്കരിക്കയും ചെയ്യുന്നു. വിജ്ഞാനി സുഭാഷിതങ്ങളിൽ പറയുന്നതു കേൾക്കുക:

കത്താവുനിന്നെശ്ശിക്ഷിച്ചാൽ– ഹൃത്താർവാടേണ്ടലേശവും;
ആരെസ്നേഹിപ്പു സർവ്വേശ– നവനേകുന്നു ശിക്ഷയും.

III. II. 12.

വി. പൌലോസ് (Ephes. VI. 4.) പറയുന്നു: "പിതാക്കന്മാരായ നിങ്ങൾ നിങ്ങളുടെ മക്കളെ കോപിപ്പിക്കരുതു്. പിന്നെയൊ കത്താവിന്റെ ശിക്ഷണത്തിലും (Disciplina) തിരുത്തലിലും (Correctione) അവരെ വളത്തുവിൻ." വി. ക്രിസോസ്തോമോസ് (homil. 9. in I. Timoth. II.) പ്രകൃത വിഷയത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതും സ്മർത്തവ്യമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "നമുക്കുയാതൊരു സമ്പാദ്യവും യാതൊരു ഭൂസ്വത്തും ഇവരെ(മക്കളെ)പ്പോലെ തൃപ്തികരവും സ്നിഗ്ദ്ധവും ആയിരിക്കേണ്ടതല്ല. എന്തെന്നാൽ ഇവയെല്ലാം മക്കൾക്കായി നാം നേടുന്നു." ഈ വിധംതന്നെ ഗൊഡെൻഷ്യസിനുള്ള ലേഖനത്തിൽ (Epist. ad Gaudentium) വി. ഈറാനിമോസും പ്രതിപാദിക്കുന്നുണ്ട്.

മക്കളുടെ നല്ല വളത്തലിൽ ശ്രദ്ധയില്ലാത്ത മാതാപിതാക്കന്മാർ ഹെലി (Heli) ക്ക് സംഭവിച്ചതായി വി. ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള ദുരാപത്തുകളെ (I. Reg. II.) ഓർത്തുകൊള്ളട്ടെ.

൩൫. വിധിപ്രകാരം സുതനേവളർത്തും
സുധിസ്ഥതേജസ്സുവനിൽബ്ഭവിസ്സും.
നിധിസ്തുല്യം നിജവംശജന്മാർ
വിധിസ്സുവോനിൽപ്രഭതേടുമേറ്റം. XXX. 2.

൩൫. കുട്ടികളെ ശരിയായി വളത്തിയാലുള്ള വേറൊരു ഗുണത്തെപ്പറ്റിയാണ് ഇവിടെപ്പറയുന്നതു്. വേണ്ടവിധമുള്ള ബാലപരിശീലനം മൂലം മാതാപിതാക്കന്മാർക്ക സന്തോഷം ഉളവാകയും അയൽക്കാ

രുടെയും അന്യന്മാരുടെയും അട്ടക്കൽ അതു കീർത്തിക്കു കാരണമായിത്തീരുകയും ചെയ്യും. ശരിയായി വളർത്തപ്പെട്ട പുത്രൻ വിവേകാദി സൽഗുണങ്ങൾ ഉള്ളവനായും, അല്ലാതെയുള്ളവൻ ദോഷനായും ഭവിക്കും.

വിവേകമുള്ള പുത്രൻ താൻ– പിതാവിൻ തോഷമേകുവോൻ;
ദുഃഖഭാജനമാണമ്മ– സ്സ്വാത്മജൻ ദോഷനായവൻ. X. I.

എന്നാണല്ലൊ വിജ്ഞാനി സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

ഒന്നു. മരിച്ചതാതൻ സശരീരനായ്സ–
ഞ്ചരിച്ചിടുംപോലെ ഭവിയ്ക്കുമെന്നും
ധരിയ്ക്കുന്നുത്തുലൃസുതൻധരായാ–
മിരിപ്പതല്ലാതതിനില്ലമൂലം. XXX-4.

ഒന്നു. നല്ല വളർത്തലിന്റെ സൽഫലത്തെപ്പറഞ്ഞിത്തന്നെ തുടർന്നു പറയുന്നു. മനുഷ്യൻ പ്രകൃത്യാ നിരന്തരം ജീവിക്കുവാനും കുടുംബവും കീർത്തിയും നിലനിറുത്തുവാനും ആഗ്രഹിക്കുന്നു. എന്നാൽ ഇതു് നല്ല കുട്ടികൾ മൂലമല്ലാതെ സാധ്യമല്ല. നല്ലവണ്ണം വളർത്തപ്പെട്ട മക്കൾ പിതാവിന്റെ കുടുംബവും കീർത്തിയും വിവേകാദി സൽഗുണങ്ങളും, ഒരുവിധത്തിൽ ജീവനെത്തന്നെയും നിലനിറുത്തുന്നു. അവർ അവനെ മരണമില്ലാത്തവനാക്കുന്നെന്നു ഒരു വിധത്തിൽ പറയാം. അപ്പൻ മരിച്ചെങ്കിലും മരിച്ചിട്ടില്ലാത്തതുപോലെ തോന്നിക്കുന്നു. അതിന്റെ കാരണം നല്ല വളർത്തൽകൊണ്ടു് അയാളുടെ സൽഗുണങ്ങളും നല്ല സമ്പ്രദായങ്ങളും പതിച്ചുണ്ടാക്കിയ ഒരു പ്രതിച്ഛായയായ മക്കളുള്ളതുതന്നെ. അവനും അവന്റെ പുത്രരെ ഈ വിധംതന്നെ അവന്റെ ശേഷം സ്ഥാപിക്കും. ഇങ്ങനെ ചിരംജീവിയായിത്തീരുകയും ചെയ്യും.– ദുഷ്ടപുത്രനാകട്ടെ, ഇതിനു വിപരീതമായ ഫലത്തെയാണുളവാക്കുന്നതു്. അവനും ദുഷ്ടരായ അവന്റെ മക്കളും, കുടുംബം കീർത്തി ആദിയായവയെ അപമാനത്തിൽ ഉൾപ്പെടുത്തുകയും നിശ്ശേഷം നശിപ്പിക്കുയും ചെയ്യും.

കുട്ടികളുടെ നല്ല പഠനത്തിനുകൂടി പണം വ്യയം ചെയ്യാതെ അവക്കായി ഒട്ടധികം സമ്പാദിക്കുവാൻ ബദ്ധപരിശ്രമം ചെയ്യുന്നവരില്ലാതില്ല. സുശീലരല്ലാത്തവക്കായി എത്രയധികം സമ്പാദിച്ചുവെച്ചാലും അവർ അതു നശിപ്പിക്കുകതന്നെ ചെയ്യും. ഇതു് നാം കണ്ടതന്നെയറിഞ്ഞിട്ടുള്ള ഒരു കാര്യമാണല്ലൊ.

൫൯. മല്ലേറുമശ്വത്തെമരുക്കിടാഞ്ഞാൽ
വല്ലേടവുംപാഞ്ഞുനിലത്തുവീഴ്ത്തും
തല്ലോരുബാല്യത്തിലമന്നിടാഞ്ഞാൽ
ചൊല്ലേറുമില്ലാതെ മകൻ നടക്കും. XXX–8.

൫൭. ഇഷ്ടങ്ങൾ സാധിച്ചുവളർന്നപുത്രൻ
സ്പഷ്ടംപിതാവിനു ഭയംവരുത്തും

കഷ്ടം! കളിയ്ക്കും സഖിയാക്കിയാൽത-
ന്നിഷ്ടം മുഴുത്തേക്കുമവന്നുദുഃഖം. XXX-9.

ഒൻ. അടിയ്ക്കുബാലേ്യതവപുത്രനേ നീ
മടിച്ചുമാറാതെ തുടയ്ക്കുതന്നേ
ചൊടിപ്പുവർദ്ധിച്ചവയസ്സിലുംചൊൽ-
പ്പടിയ്ക്കുനില്ക്കാനിരവശ്യമാർക്കും. XXX-12.

ഒൻ. വൃക്ഷങ്ങളുടെ തൈകളെ നാം ഏതു പാട്ട തിരിക്കുമൊ ആ പാട്ട അവ വളരും. വളർന്നു കഴിഞ്ഞാൽ ചായിക്കുക സാധ്യമല്ല: അതു് ഒടിയുകയേയുള്ളു. ഇതുപോലെതന്നെ കുട്ടികളിലും: മനശ്ശക്തികൾ ബലംകുറഞ്ഞ സമയം അവരെ ഏതുവഴിയിലേക്കു തിരിക്കുമൊ ആ വഴി അവർ വളരും. ഇതിനാലാണു:

സരണീമുഖദേശത്തിൽ- സ്സുതനെശ്ശിക്ഷചെയ്യുക.
വൃദ്ധനായാലുമാമാർക്കും- വിട്ടുമാറില്ല തെല്ലുമേ.

XXII. 6.

എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിരിക്കുന്നതു്. മനശ്ശക്തികൾ ബലപ്പെട്ടു പോയാൽ ഒടിയും, എന്നുവെച്ചാൽ അവക്കു അനിഷ്ടം തോന്നി വിഷമത വരുത്തും. "അടയ്ക്കായായാൽ മടിയിൽ വെക്കാം, കവുങ്ങായാൽ വെക്കാമൊ?" എന്നു് ഒരു ചോദ്യം പഴഞ്ചൊല്ലിലില്ലെ? "സചണ്ഡവും കുട്ടികളും രണ്ടും അടികൊള്ളണം" എന്നാണു് ബെൻസിറാ പറയുന്നതു്. അടിച്ചുപരത്തിയ സചണ്ഡം പല രൂപങ്ങളിലായി മനുഷ്യർക്കു ഇഷ്ടപ്പെടുന്നു. അടികൊണ്ടു വളർന്ന കുട്ടി സൽസ്വഭാവം മൂലം ജനപ്രീതി നേടുന്നു.

ബാലശിക്ഷണംകൊണ്ടു് മൂന്നുവിധ ഗുണങ്ങളാണുണ്ടാകുന്നതു്:-

(ക) വിജ്ഞാനം സിദ്ധമാകുന്നു.

ബാലന്റെ ഹൃദയത്തോടു- ജളത്വമനുബന്ധിതം;
അതുശിക്ഷണവേത്രത്താൽ- വെളിയ്ക്കോടിച്ചു നീക്കിടാം.

സുഭാ. XXII. 15.

വടിയും ശിക്ഷയും നല്ല- വിജ്ഞാനം നൽകുമേവനും;
സ്വതന്ത്രൻ സുതനമ്മയ്ക്കു- വരുത്തും ലജ്ജയേറ്റവും.

സുഭാ. XXIX. 5.

(ഖ) ആനന്ദത്തെ ഉളവാക്കുന്നു.

ശരിയായവിധം നിന്റെ- മകനേ നീ വളർത്തുക
നിനക്കാശ്വാസനം നൽകും- മനസ്സുതുഷ്ടിയും തരും.

സുഭാ. XXIX 17.

(ഗ) നരകത്തിൽനിന്നു് അവരെ രക്ഷിക്കും.

ദണ്ഡു കയ്യിലെടുത്തിട്ടു- ദണ്ഡനം ചെയ്യു ബാലനെ.
ത്രാണം ചെയ്തീടുമാബാല- പ്രാണനേ നരകാൽ സുത!.

സുഭാ. XXIII. 14.

൩൦. സരോഗവിത്തേശനിലുത്തമൻരാ–
നരോഗഗാത്രാനപിതനായദീനൻ.
വരോജപുത്രീകലരുന്നകാർരു–
സ്വരോപരിഷ്ടംപരമാത്മസൌഖ്യം. XXX-14-15

൩൦. സ്വാഭാവിക നന്മകളെപ്പറ്റി (De bonis naturae) യല്ലാതെ സ്വഭാവാതീതങ്ങളായ (Altioris ordinis) വയെപ്പറ്റിയല്ല ഇവിടെപ്പറയുന്നതെന്ന് ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. സുകൃതവും, ദൈവേഷ്ടവും, ദൈവസ്നേഹവും ലൌകിക നന്മകളെക്കാൾ മേൽപ്പെട്ടതാണെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലൊ.

സൌഖ്യം ശരീരത്തിന്റെതു്, ആത്മാവിന്റെതു് എന്നു് രണ്ടായി വിഭജിക്കപ്പെടാം. ഇവരണ്ടും സമ്പൂർണ്ണത്തെയുംകാൾ ഉത്തമമാകുന്നു. എന്തെന്നാൽ സൌഖ്യം മനുഷ്യന്റെ ഒരംശംപോലെ ഇരിക്കുന്നതും സകല സന്തോഷാദി നന്മകൾക്കും അടിസ്ഥാനവുമാണ്. ധനമാകട്ടെ കേവലം ബാഹ്യവസ്തു മാത്രമായിരിക്കുന്നതേയുള്ളു.

സൌഖ്യത്തെ വളരെപ്പേർ നിസ്സാരമായി കരുതുകയും ധനത്തെ സമ്പ്രധാനമായി ഗണിക്കയും ചെയ്യുന്നുണ്ടു്. ധനത്തിനായി സുഖത്തെ ബലികഴിക്കുന്നവരും ധാരാളമാണു്. എന്നാൽ സുഖം ധനത്തെക്കാൾ ഉത്തമമെന്നും സുഖമുള്ള നിർധനൻ രോഗിയായ ധനിയേക്കാൾ നല്ലവനെന്നുമാണു് സീറാക്കു പറയുന്നതു്. "ജീവിച്ചിരിക്കുന്ന പട്ടി ചത്ത സിംഹത്തെക്കാൾ നല്ലതാണെ"ന്നു വി. ലിഖിതങ്ങൾ തന്നെ പറയുന്നില്ലെ? ഡിമോക്രിറ്റസിന്റെ (Democritos) വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു മാക്സിമസ് (Maximus, Ser. 27.) പറയുന്നതു കേൾക്കുക: "മനുഷ്യർ ദൈവത്തോടു സുഖത്തിനായി പ്രാർത്ഥിക്കുന്നു. എന്നാൽ അതിന്റെ വില തങ്ങളിൽത്തന്നെ അവർ ഗ്രഹിക്കുന്നില്ല. എന്തെന്നാൽ ക്രമവിരുദ്ധമായി ജീവിതം നയിച്ചുകൊണ്ടു് തങ്ങളുടെ സൌഖ്യത്തെ താനെതന്നെ അവർ നശിപ്പിക്കുകയാണു് ചെയ്യുന്നതു്."

സുഖത്തെ സംരക്ഷിക്കുന്നതിനു് ലെവിനസ് ലേമ്നിയസ് (Laevinus Lemnius, Exhortat. ad Vitam Optime instit. Cap. XXIX.) എന്ന ഭിഷഗ്വരൻ നമ്മോടുപദേശിക്കുന്നതു് മൂന്നുകായ്ങ്ങളാണു്. (ക) മിതഭക്ഷണം, (ഖ) അദ്ധ്വാനം, (ഗ) ബീജസംരക്ഷണം. ഇവയ്ക്കു പ്രതികൂലമായവ രോഗങ്ങളെ ഉല്പാദിപ്പിക്കയും സമയത്തിനു മുമ്പു് വാർദ്ധക്യവും മരണവും വരുത്തുകയും ചെയ്യും.

൩൧. ധനത്തിലത്യുത്തമമാണമർത്യ–
ക്കനല്പമായുള്ളശരീരസൌഖ്യം
മനസ്സിനുള്ളോരു സുഖത്തിനൊത്തി–
ജ്ജനത്തിനില്ലന്യമിഹത്തിൽമോദം. XXX–16.

൩൧. ശരീരത്തിന്റെയും മനസ്സിന്റെയും അരോഗത സമ്പൂർണ്ണത്തിലും മേലാണെന്നു് മുകളിൽ പറഞ്ഞിട്ടുള്ളതിനെ ബർസീ

റാ തെളിയിക്കുന്നു. ശരീരസുഖം സ്വതേ സമ്പത്തും സ്വപ്നസമ്പത്തുകളേയും ജയിക്കുന്ന വലിയ നിധിയുമാണ്. മനസ്സിന്റെ സൌഖ്യമാകട്ടെ, മനസ്സാക്ഷിയുടെ ശാന്തതയേയും ഹൃദയസന്തോഷത്തേയും ഉളവാക്കുന്നു. ഇവ ലൌകികർ ധനത്തിലും സുഖാനുഭവങ്ങളിലും മറ്റു ലൌകിക വിഷയങ്ങളിലും കണ്ടെത്തുന്ന തൃപ്തിയേക്കാൾ ഉൽകൃഷ്ടമാണ്. എന്തുകൊണ്ടെന്നു പറയാം. പരിശുദ്ധമായ മനസ്സിന്റെ സന്തോഷം ദൈവത്തിൽനിന്നും ദൈവത്തോടുകൂടിയും ദൈവത്തിലുള്ളതും, തൻമൂലം ദൈവികവും സ്വർഗ്ഗീയവും പരിപാവനവും ഉൽകൃഷ്ടവും ശാശ്വതവുമാകുന്നു. ലൌകിക സന്തോഷങ്ങളാകട്ടെ, അശുദ്ധവും ഹീനവും ക്ഷണഭംഗുരങ്ങളുമാണ്. ഹാ! ദരിദ്രൻ അവന്റെ സുഖത്തിൽ എത്രയോ ധനികനും, ധനി അവന്റെ രോഗങ്ങളിൽ എത്രയോ ദുർഭഗനുമായിരിക്കുന്നു!.

"സുകൃതം മാത്രമേ ശാശ്വതവും ശ്രുഭവുമായ സന്തോഷത്തെ ജനിപ്പിക്കുകയുള്ളൂ" എന്നു സെനെക്കാ (Seneca, Epist. 27) പറയുന്നു. സത്യമായ സന്തോഷം ദൈവത്തിൽ സന്തോഷിക്കുകയാകുന്നുവെന്നാണ് വി. പൗലോസ് പറയുന്നത്. "നിങ്ങൾ എപ്പോഴും ദൈവത്തിൽ സന്തോഷിപ്പിൻ: ഞാൻ വീണ്ടും പറയുന്നു സന്തോഷിപ്പിൻ" എന്നാണ് അദ്ദേഹത്തിന്റെ വാക്കുകൾ. (Philip. IV. 4.) ദൈവത്തിൽസന്തോഷിക്കുക എന്താണെന്നു വി. ബസീൽ (Regulis Brevior. Reg. 194.) വ്യാഖ്യാനിക്കുന്നതു കേൾക്കുക: "ദൈവനിശ്ചയപ്രകാരം സംഭവിക്കുന്നതിനെപ്പറ്റി സന്തോഷിക്കുകതന്നെയാണ് ദൈവത്തിൽ സന്തോഷിക്കുക. അതിനാൽ ദൈവപ്രമാണം അനുസരിക്കുമ്പോഴും, ദൈവതിരുനാമത്തെപ്രതി നാം ഏതെങ്കിലും സഹിക്കുമ്പോഴും നാം സന്തോഷിക്കുകയും പരസ്പരം അഭിനന്ദിക്കുകയും ചെയ്യണം."

നൂ൨. ദുരാത്തിയോടിങ്ങുവസിയ്ക്കയേക്കാൾ
ധരാതലംപിട്ടുഗമിയ്ക്കയുക്തം
ചിരാമയത്തോടുകിടപ്പതേക്കാൾ
സുരാലയം പുക്കു സുഖിയ്ക്കനല്ലൂ. XXX–17.

നൂ൨. രോഗംമൂലം കഷ്ടസംപൂർണ്ണനായ ഒരു ധനിയുടെ ജീവിതത്തേയും മരണത്തേയുമാണ് ഇവിടെ താരതമ്യപ്പെടുത്തുന്നത്. മരണത്തെ മേലായി കരുതുന്നത് അതു രോഗശാന്തിയെ കൊടുക്കുകയും ഈ ജീവിതത്തിലെ രോഗങ്ങളിൽനിന്നു വിമുക്തനാക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ. അതുകയാൽ ദൈവേഷ്ട ജീവനെ (Status gratiae) യല്ല, പ്രകൃതിയേയും പ്രകൃതിജന്യമായ നന്മതിന്മകളേയും മാത്രമാണ് തുലനം ചെയ്യുന്നത്. എന്തെന്നാൽ സ്വഭാവാതിരിക്തമായ രീതിയെ നോക്കുന്നതായാൽ ശ്ലീഹന്മാരും സകല പരിശുദ്ധന്മാരും നിയിച്ച സോച്ചമാനിഗ്രഹം, അജ്ഞാനം, മതപീഡനം ഇത്യാദി കഷ്ടതകൾ നിറഞ്ഞ ജീവിതം മരണത്തേക്കാൾ തുലോം ശ്രേഷ്ഠമാണെന്നു സമ്മതിക്കേണ്ടതുതന്നെ. "കരയുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ

അവർ ആശ്വസിപ്പിക്കപ്പെടും" എന്ന മ്ശീഹാ (Matth. V) പറഞ്ഞിട്ടുള്ളതിൽനിന്ന് ഇതു വ്യക്തമാകുന്നുണ്ടല്ലൊ. കഷ്ടപ്പാടുകളോടുകൂടിത്തന്നെയെന്നിരുന്നാലും ദുഷ്ടന്മാരായ ധനികൾക്ക് ഇവിടെ ജീവിക്കുന്നതും സ്വസമ്പാദ്യങ്ങളെ അനുഭവിക്കുന്നതുമാണ് മരിക്കുന്നതിലും നല്ലതെന്നുള്ളതും അവിതർക്കിതമാണ്. എന്തെന്നാൽ മരണശേഷം അവർക്ക സംഭവിപ്പാനിരിക്കുന്നത് പീഡകളുടെ നിത്യനരകമാണല്ലൊ.

നന്നു. ശ്രവിഷ്ഠസൂനോ! മനുജന്റെ ഹൃത്തിൽ
ബ്ഭവിഷ്ണുമുല്ലാസമവന്റെ ജീവൻ
ഭവിപ്രകർഷേണ ചിരം വസിഷ്ണുൻ
പവിത്രഹർഷോദമൊരേകമൂലം. XXX–23.

നന്നു. കാരണം: മനസ്സിന്റെ ഉല്ലാസം ഒരുവിധത്തിൽ മനുഷ്യന്റെ ജീവനാകുന്നു. ഈ ജീവിതത്തിലെ അദ്ധ്വാനങ്ങളുടെയും ഞെരുക്കങ്ങളുടെയും ഭാരം മൂലം വിശ്രമം എന്ന നിലയിൽ ചില സന്തോഷങ്ങൾ എപ്പോഴും ആവശ്യമാണെന്ന് അറിസ്റ്റോട്ടൽ (lib. VII. Ethic.) പറയുന്നു. സഹൃദയനായ അക്കിയായെ ആദരിക്കുവാൻ ചെയ്ത പ്രസംഗത്തിൽ സിസറോയും ഈ വസ്തുത പ്രസ്താവിക്കുന്നുണ്ട്. മാത്രമല്ല, ദുഃഖസംപൂർണ്ണമായ ജീവൻ യഥാർത്ഥത്തിൽ മരണമല്ലാതെ ജീവനല്ല. സന്തോഷമാകട്ടെ ജീവശക്തികളെ പ്രോജ്ജ്വലിപ്പിക്കുകയും അവയെ രസകരമായും പൂർണ്ണമായും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

സന്തോഷഹൃദയംസ്വ– ഗാത്രശോഭാവഹംദ്ധ്രുവം;
മനഃപീഡ ജനിപ്പിഷ്ണും– മനുഷ്യാത്മാവിലാമയം.
XV. 13.

യഥാകീടങ്ങൾ വസ്ത്രത്തെ,– യാഥാദാരുവിനെച്ചിതൽ,
തഥാഹാനി ഭവിപ്പിഷ്ണും– വ്യഥ മർത്ത്യാശയത്തെയും.
XXV. 20.

എന്നുള്ള സുഭാഷിത വാക്യങ്ങളിൽനിന്ന് സന്തോഷവും ആഹ്ലാദവും മനുഷ്യനെ ദീർഘായുഷ്മാനായും, മനോവ്യഥ അല്പായുസ്സായും തീർക്കുമെന്ന് സുസ്പഷ്ടമാണല്ലൊ. ഇതിന്റെ കാരണം പറയാം. സന്തോഷം മനുഷ്യന്റെ ജീവശക്തികളെ (Spiritus vitales) ഉണർത്തുകയും വികസിപ്പിക്കയും വർദ്ധിപ്പിക്കയും ബലപ്പെടുത്തുകയും സജീവമാക്കുകയും ഹൃദയത്തേയും ആയുസ്സിനെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നു. ദുഃഖം ഇതിനു വിപരീതമായ ഫലത്തെയാണുളവാക്കുന്നത്. ഗാല്ലെൻ (Gallen) തുടങ്ങിയുള്ള വൈദ്യ വിദഗ്ദ്ധന്മാർ പറഞ്ഞിട്ടുള്ളതും ഈ വിധം തന്നെ.

ദുഃഖമയമായ ഒരു മനസ്സുപോലെ പിശാചിന്റെ പരീക്ഷകൾക്ക വിധേയമായി വേറൊന്നില്ല. പരിശുദ്ധാത്മാവ് ദുഃഖത്തെ ദ്വേഷിക്കുകതന്നെ ചെയ്യുന്നു. അവിടുന്നു സന്തോഷത്തിന്റെ അരുപിയാകുന്നതാണ് അതിനുള്ള കാരണം. വ്യസനമാകട്ടെ മടിയുടെയും ദുഃഖത്തിന്റെയും അരുപിയായ പിശാചിനെ ആകർഷിക്കുന്നു. വി. ക്രി

സോസ്യോമോസ് (lib. III. De Providentia) പറയുന്നതു കേൾക്കുക: "പിശാചിന്റെ വിരോധപ്രവൃത്തികളിൽവെച്ച് ഏറ്റവും ആപൽക്കരമായതു് ക്രമമില്ലാത്തതും വലുതുമായ ദുഃഖവും അതൃപ്തിയുമാണ്. എന്തുകൊണ്ടെന്നാൽ പിശാചു് ആരെ ജയിക്കുന്നുവോ അവരെ ഖേദംകൊണ്ടു ജയിക്കുന്നു. ദുഃഖങ്ങളെ ക്ഷമയോടുകൂടി നീ സഹിക്കുമെങ്കിൽ അവനിൽ നിന്ന് നിനക്കു യാതൊരു നാശവും വിഷമതയും നേരിടുകയില്ല." കുളം കലക്കി മത്സ്യം പിടിക്കുന്നതു നാം കണ്ടിട്ടുള്ളതല്ലെ?

നാര. വല്ലാത്തമോഹങ്ങളകറ്റിടേണം
തെല്ലാകിലും ശേഷമിരുന്നിടാതെ
ചൊല്ലാന്നപുണ്യത്തിലിളക്കമേതു–
മില്ലാതെ ചിത്തമരുവീടവേണം. XXX–24.

നാര. മനോദുഃഖങ്ങളെ നീക്കുന്നതിനുള്ള മാർഗ്ഗം ഉപദേശിക്കുന്നു. ഖേദത്തെ നിന്നിൽനിന്നു നീക്കുന്നതിനും സന്തോഷം അനുഭവിക്കുന്നതിനും നിനക്കു മനസ്സുണ്ടെങ്കിൽ ഹൃദയത്തെ സകല ദുരാശകളിൽനിന്നും വിമുക്തമാക്കുക. ഈ വിധം ചെയ്യാൽ ദുഃഖങ്ങളെല്ലാം നിന്നെ വിട്ടുമാറും. കാരണം: സുകൃതം സന്തോഷത്തിന്റെ മാതാവും ദുഃഖത്തെ ഓടിച്ചുകളയുന്നവളുമാകുന്നു.

നാദ. കോപംകലന്നുള്ളനരനുപാരം
ലോപംഭവിയ്ക്കുന്നു ധരാനിവാസം
താപംവളർക്കുന്നവിചാരഭാരം
രൂപംപകർത്തുന്നിതു വൃദ്ധതുല്യം. XXX–26.

നാദ. തുരുമ്പ് ഇരുമ്പിനെ നഷ്ടമാക്കുന്നു. അഗ്നി അതിന്റെ ആശ്രയസ്ഥാനത്തെ തിന്നു നശിപ്പിക്കുന്നു. "ആശ്രയാശൻ" എന്ന് അഗ്നിക്കു പേർ സിദ്ധിച്ചതും ഇതിനാലാണല്ലൊ. ഇതുപോലെതന്നെ കോപം അതിരിക്കുന്ന വസ്തുവിനെ നശിപ്പിക്കുന്നു. "മനോദുഃഖങ്ങൾ മനുഷ്യർക്ക് അകാല വാർദ്ധക്യം ഉളവാക്കുന്നു. വിചാരമഗ്നമായ മനസ്സ് ചിതലുകൾ കണക്കെ അസ്ഥികളെ തിന്നുകളയുന്നു" എന്നാണ് വി. ഗ്രെഗോരി നസ്യാൻസെൻ (In Distichis.) പറയുന്നത്.

ഗാത്രശോഭവളർത്തുന്നു – തുഷ്ടമായുള്ള മാനസം.
വിഷാദമഗ്നമാംചിത്തം ശുഷ്കുമാക്കീടുമസ്ഥിയെ. XVII. 22.

എന്ന ശ്ലോമോൻ സുഭാഷിതങ്ങളിൽ പറയുന്നുമുണ്ടല്ലൊ.

മഹാരാജ്യങ്ങളെ ജയിച്ചടക്കുവാൻ അറിഞ്ഞിരുന്ന ചിലക്രൂരന്മാർക്കു തങ്ങളുടെ കോപത്തെ അടക്കുവാൻ വേണ്ട അറിവുണ്ടായിരുന്നില്ല. വിശ്വജേതാവായ അലക്സാണ്ടർപോലും കോപത്താൽ പരാജിതനായി സ്വന്ത മഹിമയെ കളങ്കപ്പെടുത്തിയതായിക്കാണുന്നു.

അധികമായ വിചാരംകൊണ്ട് നരമുതലായ വൃദ്ധലക്ഷണങ്ങൾ ഉണ്ടാവുക സാധാരണമാണല്ലൊ.

൩൩. ധനത്തിലത്യാശവളർവന്നാ–
ലനർത്ഥമംഗത്തിലസംശയമുണ്ടാം
മനസ്സിലച്ചിന്തനിറഞ്ഞിടുമ്പോ–
ളനല്പദുരത്തകലുന്നുമക്കം. XXXI–1.

൩൩. ധനം സമ്പാദിക്കുവാനുള്ള അതിരറ്റ പരിശ്രമം ശരീരത്തെ ക്ഷീണിപ്പിക്കയും അതിനു തളർച്ച വരുത്തുകയും ചെയ്യുന്നു. അതിനായിട്ടുള്ള ബുദ്ധിമുട്ട് ആരോഗ്യത്തിനുവേണ്ടതായ നിദ്രയെ പല പ്പോഴും ഇല്ലാതാക്കുന്നു. അതിനാൽ ധനസമ്പാദനത്തിനായുള്ള ക്രമവിരുദ്ധമായ പരിശ്രമത്തിന്റെ ദുഷ്ഫലങ്ങളെ കാണിച്ചുകൊണ്ട് ബർസിറാ നമ്മോടുപദേശിക്കുന്നത്, ദ്രവ്യാഗ്രഹത്തെ മിതപ്പെടുത്തണമെന്നും, ഉള്ളതുകൊണ്ടു തൃപ്തരായിരിക്കണമെന്നും നമ്മുടെ സ്വർഗ്ഗസ്ഥനായ ഈശ്വരസമക്ഷം സമർപ്പിക്കണമെന്നുമാണ്.

അല്പമെന്നാലും ലഭിച്ചതിൽ സന്തോഷം–
മുല്പന്നമാകുന്ന മാനുഷൻ മാനുഷൻ. – എന്നല്ലേ പഞ്ചതന്ത്രത്തിൽ പറഞ്ഞിട്ടുള്ളതും?

൩൪. ഹിരണ്യമോഹത്തൊടിരിപ്പതാരാ–
നരനുദ്ധമോദയമില്ലതെല്ലും
തിരഞ്ഞുതങ്കപ്പിറകെത്തുവോനോ
വിരണ്ടുതന്മൂലമവൻനശിയ്ക്കും. XXXI–5.

൩൪. സമ്പത്തിലുള്ള ആശ, ദ്രവ്യാഗ്രഹിയെ അന്യായപലിശ, വഞ്ചന, അനീതിയായ ഉടമ്പടി ഇത്യാദികളിലേക്കു പ്രേരിപ്പിക്കുന്നു. ക്ഷണഭംഗുരങ്ങളായ ലോകൈശ്വര്യങ്ങളെ അന്വേഷിക്കുന്നവൻ അവയോടുകൂടിയോ അവ മൂലമോ അവ സിദ്ധമാകുന്നതിനു മുമ്പുതന്നെയോ നശിക്കുക അത്ര ദുർല്ലഭമല്ല. "അർത്ഥമനർത്ഥമൂലം" എന്നല്ലെ ബുധവാക്യം? പലപ്പോഴും കള്ളന്മാരാൽ ഹനിക്കപ്പെടുന്നു. വിത്തം വർദ്ധിപ്പിക്കുവാനും സൂക്ഷിക്കുവാനുമുള്ള ചിന്താകുലത മനുഷ്യനെ നശിപ്പിക്കുന്നതും സാധാരണമാണ്. അർത്ഥം സുഖഭാഗ്യങ്ങളെ ജനിപ്പിക്കയും തൻമൂലം വളരെപ്പേർ നശിക്കയും ചെയ്യുന്നു. വാൾകൊണ്ടു നശിക്കുന്നതിലധികംപേർ ഈ വിധത്തിൽ നശിക്കുന്നുണ്ട്. ധനാഗ്രഹി ധനത്തെ ദൈവമായിക്കരുതുന്നു. രണ്ട് യജമാനന്മാരെ– ദൈവത്തേയും മാമ്മോനെ (ധനത്തേ)യും – ഒരുമിച്ചു സേവിക്കുക അസാധ്യമല്ല. (Matth. VI 24.) "ധനമുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്രയോ പ്രയാസമാകുന്നു! എന്തെന്നാൽ ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒരു ഒട്ടകം സൂചിക്കുഴയിൽ കൂടി കടക്കുകയാകുന്നു" എന്നല്ലെ ക്രിസ്തു അരുളിച്ചെയ്തിട്ടുള്ളത് (Luc. XVIII. 24–25.)

൩൫. മിന്നിത്തിളങ്ങും കനകം നിമിത്തം
മന്നിൽപ്പുലർക്കും ക്ഷയമുത്ഭവിപ്പൂ

ഉന്നിദ്രശോഭാവഹമാകമൂലം
മുന്നിട്ടനാശത്തിനുമായിമൂലം. XXX1-6.

ന്നവ്. സപ്തർഷിമണ്ഡലത്തിനു ചുറ്റുമുള്ള ദൃശ്യമായ ഒരു മലമുകൾപോലെയാണ്. മലമുകളിൽ സപ്തർഷിമണ്ഡലം തിളങ്ങുന്നതു് ദൂരെ നിന്നുകണ്ടു് അതു് കൈയ്യടക്കുവാനായി മനുഷ്യർ ഓടിക്കയറുകയും സപ്തർഷിമണ്ഡലത്തെ സ്വാധീനമാക്കുന്നതിനു മുമ്പായിത്തന്നെ താഴെ വീണു നശിക്കുകയും ചെയ്യുന്നു. ആദ്യം ഭക്ഷിച്ചതായ പറുദീസായിലെ ഫലം കാഴ്ചയ്ക്കു മനോഹരമായിരുന്നു. എങ്കിലും അതു് മരണകരമായിരുന്നില്ലെ? ഇതുപോലെ ആത്മികവും ശാരീരികവുമായ പലേ മഹാനാശങ്ങൾ സപ്തർഷിമൂലം പലർക്കും നേരിട്ടുണ്ടു്. പലേ വലിയ വഴക്കുകളുടെയും കാരണമെന്താണ്? കനകം. "കനകംമൂലം... കലഹം പലവിധമുലകിൽ സുലഭം" എന്നാണല്ലൊ കവിതിലകനായ കുഞ്ചൻ പറയുന്നതു്.

വി. ബർണ്ണാർഡ് പറയുന്നതു കേൾക്കുക: "ദ്രവ്യത്തിന്മേലുള്ള സ്നേഹം, അതിന്റെ ഉപയോഗംകൊണ്ടുളവാകുന്ന ആശ്വാസത്തെക്കാൾ ഏറ്റവും വലുതും തൃപ്തിവരാത്തതുമായ ആഗ്രഹംകൊണ്ടു് മനസ്സിനെ പീഡിപ്പിക്കുന്നു. കാരണം അവയുടെ സമ്പാദനം അദ്ധ്വാനങ്ങൾകൊണ്ടും, സ്വാധീനത ഭയംകൊണ്ടും, നഷ്ടം ദുഃഖങ്ങൾകൊണ്ടും പരിപൂർണ്ണമായിക്കാണപ്പെടുന്നു." വിശുദ്ധന്റെ ഈ വാക്കുകൾ,

അർത്ഥനാമാർജ്ജനേ ദുഃഖം ആർജ്ജിതാനാമുരക്ഷണേ
ആയേ ദുഃഖം വ്യയേ ദുഃഖ- മർത്ഥഃകിം ദുഃഖഭാജനം.

എന്നുള്ള നീതിസാരവാക്യത്തെ നമ്മെ അനുസ്മരിപ്പിക്കുന്നില്ലെ? "അത്യധികമായ ധനം ധ്യാനത്തിനും തൻമൂലം പരമ ഭാഗ്യത്തിനും വിരോധമാകുന്നു. അവമൂലം തീർച്ചയായിട്ടും സമാധാനം അനുഭവമായി കലക്കപ്പെടുന്നെന്നുള്ളതു് ഏവർക്കും അനുഭവസിദ്ധമാണ്" എന്നാകുന്നു അരിസ്റ്റോട്ടൽ (lib. X. Ethic.) പറയുന്നതു്. പ്ലൂട്ടാർക്ക് (Plutarchus, tract. De Cupiditate divitiarum) പറയുന്നതു് ധനം മനുഷ്യനെ യാതൊരു തിന്മയിൽനിന്നും സ്വതന്ത്രനാക്കുന്നില്ലെന്നാണ്.- ധനംകൊണ്ടു തൃപ്തരാകാത്തവരോടു്, അവർക്കു വലുതായ ആത്മിക വ്യാധി പിടിപെട്ടിരിക്കുന്നെന്നും എത്രയധികം ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുമോ അത്രയധികം വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരെപ്പോലെ വൈദ്യനെക്കൊണ്ടും ചികിത്സകൊണ്ടുമുള്ള ആവശ്യം അവർക്കു നേരിട്ടിരിക്കുന്നെന്നും അരിസ്റ്റിപ്പസ് (Aristippes) ഉപദേശിക്കുന്നു.

ഐഹിക സമ്പത്തുകൾ ദുരാശകളുടെ പ്രോത്സാഹനവും, ദുഷ്കാമപ്രേരണയും, മരണത്തിന്റെ ഭാരവുമല്ലാതെ മറ്റെന്താണ്?

നൻ. ആരാത്മസംശുദ്ധരതരക്ഷചെയ്യോ-
നാരാണരങ്കുച്ചിറകെത്തിടാത്തോൻ?

ആരാണതാലംബനമാക്കിടാത്തോൻ?
പേരാളുമപ്പുരുഷനാണുധന്യൻ. XXXI–8.

ന്നൻ. ധനാത്തിമൂലമുള്ള ദോഷഫലങ്ങളെപ്പററിപ്പറഞ്ഞ ശേഷം ധനാശയില്ലായ്മമൂലമുണ്ടാകുന്ന ഗുണങ്ങളെ വിവരിക്കുന്നു.

ധനം അധികമുള്ളവനൊ ധനത്തിൽ ആശ്രയിക്കുന്നവനൊ ധനത്തെപ്പററി താനെ പുകഴ്ത്തുന്നവനൊ അഹങ്കരിക്കുന്നവനൊ അല്ല ഭാഗ്യവാൻ; ധനത്തോടുകൂടി കറയില്ലാതെയും ദൈവത്തിൽ ശരണപ്പെട്ടും ഇരിക്കുന്നവൻ മാത്രമാണു്. കാരണം (ക) അവൻ ശുദ്ധ മനസ്സാക്ഷിയോടുകൂടിയിരിക്കുന്നു. ശുദ്ധ മനസ്സാക്ഷിയാണു് ഇഹത്തിലെ ഭാഗ്യം. – (ഖ) ധനി ധനത്തിൽ ഹൃദയം പതിക്കാതെയും അതിനാൽ ബദ്ധനാകാതെയും അതിനു ദാസനാകാതെയും സ്വതന്ത്രനായി, യജമാനനായിരിക്കുന്നതു് മഹത്തും അസാധാരവുമായ ദൈവദാനമാണു്. ഇങ്ങനെയുള്ളവൻ ധനിയെങ്കിലും അരുപിയിൽ ദരിദ്രനാകുന്നു. "ദരിദ്രന്മാർ ഭാഗ്യവാന്മാർ: എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു" എന്നു ക്രിസ്തു (Matth. V.) പറയുന്നതു് ഇവരെപ്പററിയത്രെ.

തങ്കപ്പിറകെത്തുന്നവനാരാണു്? തങ്കത്തെ അന്വേഷിച്ചു പോകുന്നവൻ തന്നെ. തങ്കം ന്യായമായ്ക്കണ നിന്റെ അടുക്കൽ വരുന്നെങ്കിൽ നീ അതിന്റെ പിറകെ പോകയല്ല ചെയ്യുന്നതു്. എന്നാൽ നീ തങ്കത്തെ അന്യായമായി അന്വേഷിക്കുന്നെങ്കിൽ നീ അതിന്റെ പിറകെ പോകുന്നു. ദാനമായൊ, അവകാശമുറക്കൊ, ന്യായമായ തൊഴിൽ വഴിക്കൊ ഞാൻ തങ്കം സമ്പാദിക്കുന്നെങ്കിൽ തങ്കം എന്റെ പക്കൽ വരുന്നു. എന്നാൽ നീതിയായും അനീതിയായും ഞാൻ അതിനെ അന്വേഷിക്കുകയൊ വിശുദ്ധവും ദൈവികമായവയും കൂടി അതിനായി ലംഘിക്കുകയൊ തിരുസഭയുടെ പ്രമാണങ്ങളെ അനാദരിക്കയൊ ചെയ്യുന്നെങ്കിൽ ഞാൻ തങ്കത്തിന്റെ പിറകെ പോകുന്നു. എന്തെന്നാൽ തങ്കത്തെ എന്റെ വഴിയുടേയും ജീവന്റേയും നാഥനായി ഞാൻ സ്ഥാപിക്കുന്നു. സ്വപ്നസ്നേഹങ്ങളോടും ആഗ്രഹങ്ങളോടും ശ്രമങ്ങളോടുംകൂടി അതിന്റെ പിറകെ ഞാൻ പോകുന്നു. ഇപ്രകാരം, യൂദന്മാർ സത്യദൈവത്തെ വിട്ടു് അന്യ ദേവന്മാരെ വണങ്ങിയിരുന്നപ്പോൾ അവയുടെ പിറകെ അവർ പോയതായി പറഞ്ഞിരുന്നു. ഈ വിധംതന്നെ ദ്രവ്യാഗ്രഹിയും തങ്കത്തെ വിഗ്രഹമായി വണങ്ങുമ്പോൾ അതിന്റെ പിറകെ പോകുന്നു" എന്നിങ്ങനെയാണു് പലാസിയസ് (Palacius) പറയുന്നതു്.

സ്വർഗ്ഗത്തെ സ്വാലംബനമാക്കുന്നവനാർ? ധനം ധാരാളമുണ്ടായിരുന്നിട്ടും അവയിൽ മനസ്സിനെ പതിക്കാതെ, ഹൃദയത്തേയും കണ്ണുകളേയും അവയിൽനിന്നു മാററി ദൈവത്തിൽ പതിക്കുന്നവൻ അവയെ തന്റെ ആലംബനമാക്കുന്നില്ല. എന്നാൽ ദൈവത്തെ വിസ്മരിച്ചു്, ഹൃദയവും പ്രതീക്ഷയും സ്വർഗ്ഗത്തിലാക്കുന്നവൻ ധനത്തെ സ്വാ

ശ്രയമാക്കുന്നു. ഇങ്ങനെയുള്ളവൻ സംപൂർണ്ണംകൊണ്ടു് ഈ ലോകത്തിലെ കഷ്ടതകളെയെല്ലാം ജയിക്കുമെന്നും ബഹുമാനം, വിസ്തീർണ്ണകൂട്ടം ബം, സുഖഭക്ഷണം, ബലവാന്മാരുടെ മൈത്രി, ശത്രുനിഗ്രഹം ആദിയായ എല്ലാ സുഖങ്ങളും നേടാമെന്നും കരുതുന്നു.

"അനിശ്ചിതധനങ്ങളിൽ" ആശ്രയിക്കരുതെന്നു് വി. പൌലോസ് (1. Timoth. VI) ധനികളോടുപദേശിക്കുന്നു. – "കൈവശം വരുമ്പോൾ ഭാരമായിത്തീരുകയും ആഗ്രഹിക്കുമ്പോൾ മലിനീഭവിപ്പിക്കയും നഷ്ടമാകുമ്പോൾ മനോവ്യഥയുണ്ടാക്കുകയും ചെയ്യുന്നവയുടെ പിറകെ പോകാത്തവൻ ഭാഗ്യവാൻ" എന്നാണു് വി. ബർണ്ണാർഡ് (Epist. 103) പറയുന്നതു്.

൩൦. സുവർണ്ണമാരെസ്സരഃ! ഘർഷണംചെ-
യ്യുവർണ്ണ്യശുദ്ധിപ്രഭയാൻകണ്ടു?
ഭവങ്ങളഗ്നിസ്സിരയായപിമ്പു-
മവൻപ്രശംസയ്ക്കുരുമുഖ്യപാത്രം. XXXI–10.

൩൧. തടസ്സമില്ലാതെ നികൃഷ്ടമാർഗ്ഗേ-
കടന്നുപായാൻ കഴിവുള്ളകാലം
അടങ്ങിഞായപ്പടിനില്പതാരു-
ല്ലൂടപ്രശംസയ്ക്കുവനർഹനല്ലോ. XXXI. 10.

൩൦-൩൧. സേനെക്കാ (Seneca, lib. 11. De Paupertate) പറയുന്നതുകേൾക്കുക: "ധനത്തെ നിസ്സാരമായി കരുതാത്ത ഒരുവനും ദൈവത്തിനു യോഗ്യനല്ല. ധനം മനസ്സിനെ ഗർവ്വംകൊണ്ടു നിറക്കുന്നു; അഹംകാരവും തന്നിഷ്ടവും ഉളവാക്കുന്നു; അസൂയയെ ജനിപ്പിക്കുന്നു; ധനവാനെന്നുള്ള കീർത്തി നമുക്കു് നാശം വരുത്തുന്നെങ്കിലും അതിനെ സ്നേഹിക്കത്തക്കവണ്ണം നമ്മുടെ മനസ്സിനെ അന്യാധീനമാക്കുകയും ചെയ്യുന്നു." അതിനാൽ ധനി അന്യായം, അഹംഭാവം, അമിതഭോഗം ഇത്യാദി ദോഷങ്ങൾ ക്രൂരാതിരിക്കുക ദുർല്ലഭം. ഉള്ളതുകൊണ്ടു സംതൃപ്തനാകുന്നവനും ചുരുക്കം; ധനത്തിൽ ശരണപ്പെടാത്തവനും തൻമൂലം മനസ്സു വ്യതിചലിക്കാത്തവനും നന്നാക്കുറവു്. ഈ വിധമിരിക്കെ, മനുഷ്യർക്കു സാധാരണമായി ധനത്തിന്മേലുള്ള അമിതമോഹമില്ലാതെയും, ധനത്തെ അന്വേഷിക്കുന്നതിലും സൂക്ഷിക്കുന്നതിലും മനസ്സാക്ഷിയെ കറകൂടാതെയും പരിശുദ്ധമായും കാത്തുകൊണ്ടും ഇരിക്കുന്നവനാരൊ അവൻ സൂത്രാർഹൻതന്നെ. "ധനവാനായിരുന്നിട്ടും ധനത്തിൽ ആശ്രയിക്കാതിരിക്കയും ധനത്തെ ആജ്ഞിക്കുന്നതിൽ മനസ്സുവക്കാതെ അതിനെ അത്യുന്നതന്റെ പ്രമാണം അനുസരിച്ചു സ്ഥാപിക്കയും ദരിദ്രന്മാർക്കു ദാനം ചെയ്യുകയും കഷ്ടതയനുഭവിക്കുന്നവരുടെ ആത്മാവിലും വിശക്കുന്നവരുടെയും ബലഹീനരുടെയും വായിലും പരിത്യജിക്കപ്പെട്ടവരിലും പീഡിതരിലും 'നീതിയിൽ നിങ്ങൾക്കായി വിതക്കുവിൻ; എന്നാൽ ആയുസ്സിന്റെ ഫലങ്ങളെ കൊയ്യും'

(Osee. X. 12.) എന്നുള്ള വാക്യത്തിനു തക്കവണ്ണം വിതയ്ക്കയും സന്തോഷപൂർവ്വം വിതറുകയും ചെയ്യുന്നതു് യഥാർത്ഥത്തിൽ വിലതീരാത്തതും നിത്യവുമായ ഭാഗ്യമാകുന്നു" എന്നു് ഒറിജെൻ (lib. I. in Job) പറയുന്നു.

വി. ബർണ്ണാർഡിന്റെ വാക്കുകളെ ആസ്പദീകരിച്ചു് ഹ്രസ്വമായി പറയുന്നതു കേൾക്കുക. "മനസ്സാലെയുള്ള ദരിദ്രത സാക്ഷാത്തായ രക്തസാക്ഷിത്വത്തിന്റെ ഒരു വകഭേദമാകുന്നു. ഭക്ഷണപദാർത്ഥങ്ങളുടെ മദ്ധ്യേ വിശപ്പുള്ളവനായിരിക്കുന്നതിനെയും വസ്ത്രങ്ങളുടെ ഇടയിൽ കൂളിർ സഹിക്കുന്നതിനെയും ലോകം കാണിച്ചുതരുന്നതും ദുഷ്ടന്മാർ നീട്ടിത്തരുന്നവയും നമ്മുടെ അഭിരുചി ആഗ്രഹിക്കുന്നവയുമായ ധനങ്ങളുടെയിടയിൽ ദരിദ്രതയിൽ വലയുന്നതിനേയുംകാൾ വിസ്മയാവഹം എന്തു്? ഇവയെക്കാൾ കഠിനമായ രക്തസാക്ഷിത്വമേതു? അഗ്നിയെ സ്പർശിച്ചിട്ടു് പൊള്ളാതിരിക്കുന്നതു അത്ഭുതമാണു്."– "സ്വർണ്ണത്തിനു് അഗ്നി എന്തോ മനുഷ്യനു സ്വർണ്ണംഅതുതന്നെയാകുന്നു" എന്നാണു് ഒരു തത്വജ്ഞൻ പറയുന്നതു്. കാരണം കേട്ടുകൊൾക. അഗ്നി തങ്കത്തിന്റെ ശുദ്ധിയെ പരിശോധിക്കുന്നതുപോലെ മനുഷ്യന്റെ ഹൃദയശുദ്ധിയെ സ്വർണ്ണം പരീക്ഷിക്കുന്നു. ചാണ സ്വർണ്ണത്തെ ഉരച്ചുനോക്കുന്നു: സ്വർണ്ണം മനുഷ്യനെ ഉരച്ചുനോക്കുന്നു. സ്വർണ്ണത്താൽ പുണ്യം പരിശോധിക്കപ്പെട്ടിട്ടു് ശുദ്ധിമാന്മാരായും പരിപൂർണ്ണരായും കാണപ്പെട്ട ധനികൾ അധികമില്ല. മനസ്സാതന്ത്ര്യവും, അതിലും വിശേഷിച്ചു്, സകല പാപങ്ങളിലേക്കും ആകർഷിക്കുന്ന ധനവും സകല നീതിന്യായങ്ങളേയും ലംഘിക്കുവാനുള്ള വശവും ഉണ്ടായിരുന്നിട്ടും യാതൊരു നിയമവും ലംഘിക്കാതിരിക്കുന്നവൻ ആരൊ അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നിത്യമായ ബഹുമാനത്തിനു് അർഹനാകുന്നു.

വി. ക്രിസ്തോസ്തോമു് (homil. nona inter 50) പറയുന്നതു കേട്ടാലും. "സഹോദരന്മാരെ! ഈ ഭാഗ്യത്തിന്റെ ഭാഗഭാക്കുകളാകുവാൻ തക്കവണ്ണം ദ്രവ്യാഗ്രഹത്തെ നാം നിരസിക്കുന്നുവോ എന്നു് നമ്മുടെ മനസ്സാക്ഷിയെ പരിശോധിച്ചു നോക്കുക. ഞാൻ മോഷണവും ബലാല്ക്കാരവും ചെയ്യുന്നില്ല: ഞാൻ പിടിച്ചുപറിക്കുന്നില്ല: അന്യനു ചെല്ലേണ്ടതിനെ ഒരിക്കലും കൊടുക്കാതിരുന്നിട്ടില്ല എന്നു വല്ലവനും അവന്റെ ഉള്ളിൽ വിചാരിക്കയും പറയുകയും ചെയ്യുമായിരിക്കും. നിനക്കു് ആരും കടം തരാതിരുന്നതുകൊണ്ടൊ, തന്നുവെങ്കിൽ സാക്ഷിയുടെ മുമ്പാകെവെച്ചു തന്നതുകൊണ്ടൊ ആയിരിക്കാം ഒരു പക്ഷേ നീ നിഷേധിക്കാതിരുന്നതു്. നീ തനിച്ചു് ഏകസ്ഥനായിരിക്കുന്ന ഒരുവനോടു്– നിങ്ങളുടെ മദ്ധ്യേ ദൈവം മാത്രമിരിക്കെ– വാങ്ങിച്ച കടം തിരിച്ചു കൊടുത്തൊ എന്നു് എന്നോടു പറയുക. അതു് നീ കൊടുത്തെങ്കിൽ,– കടം തന്നവൻ മരിക്കയും അവന്റെ മകൻ ആ സംഗതി അറിയാതിരിക്കയും ചെയ്തു നീ കൊടുത്തുവീട്ടിയെങ്കിൽ,– നിന്നെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ നീ തങ്കത്തി

ന്റെ പിറകെ പോയില്ല; എന്തെന്നാൽ നിനക്ക് ലംഘിക്കുവാൻ സാധിക്കുമായിരുന്നു, ലംഘിച്ചില്ല. തിന്മചെയ്യാൻ നിനക്കു കഴിയുമായിരുന്നു, ചെയ്തില്ല. അഥവാ അന്യന്റെ വക പണം നിറഞ്ഞ ഒരു സഞ്ചി വഴിയിൽ, ഒരുത്തനും നിന്നെക്കാണാത്ത സ്ഥലത്തു്, നീ കണ്ടെടുക്കയും അതിനെ അതിന്റെ ഉടമസ്ഥന് ഉടനെ തന്നെ തിരിച്ചുകൊടുക്കയും ചെയ്തുവെങ്കിൽ (നീ സൂത്യർഹനാകുന്നു). "– "ധനവും ബോധവും ഒരുമിച്ചു് സ്വാധീനത്തിൽ വെച്ചിരിക്കുന്നവൻ ഭാഗ്യവാൻ" എന്നു് പിൻഡർ (Pindarus) പറയുന്നതു് എത്രയോ വാസ്തവമാണു്.

ഒ. വിരുന്നിലൊന്നാമതു നീ ഭുജിയ്ക്കേ–
ണ്ടൊരുമ്പെടേണ്ടൊക്കെയശിച്ചിടാനും
വരുത്തിടൊല്ലന്യനനർത്ഥമെന്ന–
ല്ലൊരുങ്ങുകാദ്യത്തിലെഴീസ്സുവാനും. XXXI. 12,13,20,

ഒ. ധനത്തെപ്പറ്റി പ്രതിപാദിച്ചശേഷം സുഖഭോഗങ്ങളെപ്പറ്റിപ്പറയുന്നു. ധനാർത്തിയെ നിയന്ത്രിക്കേണ്ടതുപോലെ തന്നെ മിതശീലംമൂലം ഭക്ഷണപ്രിയവും നിയന്ത്രിക്കേണ്ടതാണു്. അമിതഭോജനം സുഖത്തിനും ഭംഗിക്കും കീർത്തിക്കും മനസ്സാക്ഷിക്കും വിരോധമാകുന്നു. പൊതുവായ ഭക്ഷണത്തിനിരുന്നാൽ വൃദ്ധന്മാരും പ്രധാനികളും അഗ്രാസനസ്ഥരും തുടങ്ങുന്നതിനുമുമ്പു് പാത്രത്തിനു പിടിക്രട്ടകയും എത്തിപ്പിടിച്ചു വായ് നിറയെ ഇട്ടു ഭക്ഷിക്കുകയും ചെയ്യുന്നതു മര്യാദക്കുറവും മിതമില്ലായ്മയും അപരിഷ്കാരവും കാട്ടാള സമ്പ്രദായവുമാണു്. മനസ്സിന്റെ നിയന്ത്രണശക്തിയുടെ കുറവിനേയും ഭക്ഷണപ്രിയത്തേയും ഇതു തെളിവാക്കുന്നു. മാന്യതയും വൃദ്ധന്മാരുടെ പേരിൽ വണക്കവും മിതശീലവും മേൽപ്പറഞ്ഞവിധം ചെയ്യരുതെന്നാണ് നമ്മോടുപദേശിക്കുന്നതു്. നീ ഭക്ഷിക്കുമ്പോൾ ആഗ്രഹങ്ങളെ നിയന്ത്രിക്കണം, മുഖപ്രസാദം കാക്കണം, വിശപ്പിനെ അടക്കണം. ഭക്ഷണത്തിലുള്ള ധൃതിയും തിടുക്കവുംകൊണ്ടു മനസ്സു പതറരുതു്. നിന്റെ ശ്രദ്ധമുഴുവൻ പാത്രത്തിലാകരുതു്. അടുത്തിരിക്കുന്നവർ ക്രമവിരുദ്ധമായ യാതൊന്നും നിന്നിൽ കാണാനിടയാകരുതു്. വിഭവങ്ങൾ വളരെയുണ്ടെങ്കിൽ അവയെല്ലാം ഒരുക്കണമെന്നുകരുതേണ്ട. ഒരുത്തന്റെ നല്ലതും തിയ്യതുമായ ശിക്ഷണവും, പരിഷ്കൃതവും അപരിഷ്കൃതവുമായ സമ്പ്രദായവും സ്വഭാവഗതിയും ഭക്ഷണസമയത്തു പ്രത്യക്ഷമാകുന്നു. അതിനാൽ സദാചാര മര്യാദകളിൽ വളർന്ന എന്നുള്ളതു് ഭക്ഷണ നേരത്തു് നീ കാണിക്കണം. ഭക്ഷണം അവസാനിപ്പിക്കുവാൻ അധികം താമസിക്കുന്നതു് ക്ഷണിച്ചവനും ക്ഷണിതാക്കൾക്കും അസംതൃപ്തമാണു്. വി. ഈറാനിമോസ് ഈ സംഗതി ബന്ധിച്ചു് എവുസ്റ്റോക്കിയമിനു (Eustochium) കൊടുക്കുന്ന പ്രമാണം (Epist. De Custod. Vrig.) കാണുക: "നിന്റെ ഭക്ഷണം മിതമായിരിക്കട്ടെ. ഒരിക്കലും വയറു നന്നാ നിറയെണ്ടതല്ല. മദ്യത്തിൽ

മിതശീലം അനുസരിക്കയും ഭക്ഷണ വിഭവങ്ങളുടെ ആധിക്യത്തിൽ അമിതശീലികളാകയും ചെയ്യുന്നവർ വാസ്തവത്തിൽ വളരെയുണ്ട്." വയറു നന്നാ നിറയെ ഭക്ഷിക്കുന്നതു് സുഖചിന്തകൾക്കും ഹേതുവാണെന്നു വൈദ്യശാസ്ത്രവും നമ്മോടുപദേശിക്കുന്നതാണല്ലൊ.

നെ. ഭരിച്ചിടും നായകനായിനീയൊ –
ന്നിരിയ്ക്കുവാൻ സംഗതിവന്നിടുമ്പോൾ
സ്മരിയ്ക്കൊലാദ്ദുർമ്മദ,മാകണം നീ
ശരിയ്ക്കുതാൻ കീഴ്പെടുമേകനെപ്പോൽ. XXXII. 1.

നെ. ഈ വാക്യം വിരുന്നിലെ പ്രഥമസ്ഥാനിയെപ്പററിയുള്ളതാണെങ്കിലും ഏതു് അധികാരിക്കും യോജിക്കുന്നതാണ്. വി. ബർണ്ണർദിനോസ് (Bernardinus, tom. III. Serm. De Rector.) ഭരണകത്താവിനെപ്പററിപ്പറയുന്നതു് ഇവിടെ ഉദ്ധരിക്കാം: "നിന്നെ ഭരണകത്താവായിട്ടല്ലാതെ പിടിച്ചുപറിക്കാരനായിട്ടും, നടത്തുകാരനായിട്ടല്ലാതെ നശിപ്പിക്കുന്നവനായിട്ടും, ശുശ്രൂഷകനായിട്ടല്ലാതെ ക്രൂരാധികാരിയായിട്ടും, വിഭജിച്ചുകൊടുക്കുന്നവനായിട്ടല്ലാതെ ചിതറിക്കളയുന്നവനൊ തനതാക്കി എടുക്കുന്നവനൊ ആയിട്ടും, രക്ഷകനായിട്ടല്ലാതെ മുഴുവൻ വിഴുങ്ങുന്നവനായിട്ടും അല്ല സ്ഥാപിച്ചിരിക്കുന്നതു്." ഭരണകത്താക്കന്മാർ വലിപ്പം ഭാവിക്കരുതു്. "നിങ്ങളിൽ പ്രഥമനാകുവാൻ മനസ്സുള്ളവൻ ഏവരിലും താഴ്ന്നവനാകണം" (Matth. XX.) എന്നല്ലെ ക്രിസ്തുവിന്റെ ഉപദേശം? "നീ എത്ര വലിയവനാകുന്നുവൊ അത്രയധികം സകല കാര്യങ്ങളിലും നിന്നെത്തന്നെ താഴ്ത്തണം" എന്നു് വി. ബർണ്ണാർഡ് (Epist. 9. ad Archiep. Coloniens.) പറഞ്ഞിരിക്കുന്നു. "നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയാകട്ടെ" എന്നും വി. ലിഖിതങ്ങൾ (Luc. XXII.) ഉപദേശിക്കുന്നുണ്ട്. "നിങ്ങളുടെ മദ്ധ്യത്തിൽ ഞങ്ങൾ കൊച്ചുകുട്ടികളായി" (Thess. II.) എന്നും, "ക്രീശിഹായിൽ നിങ്ങളുടെ ദാസരായ ഞങ്ങൾ" (II. Corinth. IV. 5.) എന്നും വി. പൌലോസു് പറയുന്നുണ്ടല്ലൊ. – വി. അഗ്രേം (Tract. De Timore Dei) പ്രസ്താവിക്കുന്നതു കേട്ടാലും: "നിന്നെ പ്രമാണിയാക്കിയൊ? നീ അഹങ്കരിക്കരുതു്. അവരിൽ (കീഴുള്ളവരിൽ) ഒരുത്തനെപ്പോലെ ആയിരിക്കണം. മുമ്പു് നിനക്കുണ്ടായിരുന്ന വിഷമതകളെ ഓർക്ക. നിനക്കു കീഴ്പ്പെടുന്നവർ ഇപ്പോൾ അവയിലിരിക്കുന്നെന്നു ധരിക്ക."

ആകയാൽ അധികാരികൾ അധികാരഭ്രമംകൊണ്ടു നിറഞ്ഞു് മറുള്ളവരെ നിന്ദ്യമായിക്കരുതുന്നെന്നു സംശയിപ്പാൻ അവകാശമുണ്ടാകരുതു്. അവർ, രാജപദത്തിന്റെ ക്രൂടിയും, ഔന്നത്യത്തെ തങ്ങളുടെ പ്രവൃത്തിയുടെ മാർദ്ദവംകൊണ്ടു് ഇല്ലാതാക്കത്തക്കവണ്ണം പ്രവർത്തിക്കണം. മറുള്ളവർ അധികാരിയുടെ മഹത്വത്തെ എത്ര ബഹുമാനിക്കുന്നുവൊ, അത്ര സമഭാവവും സൌമ്യതയും അധികാരികൾക്കുണ്ടാകണം. തൻമൂലം ഭരണത്തിൽ, ആധികാരത്തിനു ഭംഗമില്ലാത്ത വിധം

കാിനതയെക്കാളധികം നന്മ ചെയ്യുന്നതിനുള്ള മനസ്സും, ഭീഷണിയേക്കാളധികം ഉപദേശവും, അധികാരഭാവത്തിലധികം പരസ്നേഹവും ഉള്ളവരായിരിക്കണം.

വി. ഗ്രെഗോരി (Part. II. Pastor. Cap. VI) പറയുന്നത് "അധികാരിയായിരിക്കുന്നെയാൽ താഴ്ച്ച വഴിയായി, സദ്വൃത്തന്മാക്ക് സഖിയും ദുർവൃത്തന്മാരുടെ കുറ്റങ്ങൾക്ക് എതിരായി നീതിപ്പുര നിമിത്തം മനസ്സുറപ്പുള്ളവനുമാകണം"മെന്നാണ്. അതിന്റെ കാരണവും അദ്ദേഹം തന്നെ പറയുന്നുണ്ട്: "എല്ലാ മനുഷ്യരും ജന്മനാ സമന്മാരാകുന്നു. അതിനാൽ അധികാരികൾ അധികാരസ്ഥാനത്തിന്റെ (Ordinis) വലിപ്പത്തെയല്ല, സ്ഥിതിസമത്വത്തെയാണ് ആലോചിക്കേണ്ടത്. അന്യന്മാരുടെ മേലാവായിരിക്കുന്നതിലല്ല, അന്യന്മാക്ക് നന്മ ചെയ്യുന്നതിലത്രെ സന്തോഷിക്കേണ്ടത്. നമ്മുടെ പൂർവ്വപിതാക്കന്മാർ മനുഷ്യരുടെ രാജാക്കന്മാരല്ല, ആട്ടകളുടെ ഇടയന്മാരായിരിക്കയാണ് ചെയ്തിട്ടുള്ളതെന്നു കാണുന്നു." പത്രോസ്, അദ്ദേഹത്തെ ആരാധിക്കുവാനൊരുങ്ങിയ കൊർന്നേലിയോസിനെ തടഞ്ഞുകൊണ്ട് "എഴുന്നേൽക്കുക, അങ്ങനെ ചെയ്യരുത്. ഞാനും മനുഷ്യൻ തന്നെയാകുന്നു" എന്നു പറയുകയുണ്ടായില്ലേ? പ്രീശന്മാരേയും സദ്ദൂക്യന്മാരേയും പററി മ്ശിഹാ അരുളിച്ചെയ്തിട്ടുള്ളത് "അവർ കെട്ടിക്കുന്നു; അവർ ചെയ്യുന്നില്ല. ഘനമേറിയതും വഹിക്കാൻ കഴിയാത്തതുമായ ഭാരക്കെട്ടി മനുഷ്യരുടെ തോളിൽ അവർ വെക്കുന്നു; അവർ സ്വന്ത ചെറുവിരൽ ഇളക്കുവാൻക്കൂടി മനസ്സാകുന്നില്ല" (Matth. XXIII. 3) എന്നാണ്. "അന്യന്മാക്കായി ഒരുത്തൻ വെക്കുന്ന പ്രമാണം അവൻ തന്നെ അനുസരിക്കണം" എന്നു ഇന്നൊസെൻറു മാപ്പാപ്പാ പറയുന്നു.

എല്ലാവരും അനുസരിക്കേണ്ടതിനായി നീ വെച്ച പ്രമാണം നീതന്നെ ഒന്നാമതായി അനുസരിക്കുക. മറുള്ളവർക്കും ഒഴിവു കൊടുക്കുവാനോ, അവർ ഒഴിവു കിട്ടാതെതന്നെ പ്രമാണത്തെ ലംഘിക്കുവാനൊ നിനക്കു മനസ്സില്ലെങ്കിൽ നിനക്കു തോന്നിയ വിധം നിന്നെത്തന്നെ ഒഴിവാക്കരുത്. നിന്റെ പ്രമാണത്തിന്റെ നീതിസ്വഭാവത്തെ, അതിനനുസരണമായി നിന്നെത്തന്നെ നീ നടത്തുന്നതുകൊണ്ടും അതിന്റെ മാധുര്യത്തെ നീ തന്നെ സ്വമേധയാ അതിനെ കാക്കുന്നതുകൊണ്ടും പ്രത്യക്ഷപ്പെടുത്തുക. നിന്റെ കീഴുള്ളവർ നിന്നെ അനുഗമിക്കുന്നെന്ന് അഭിമാനിക്കേണ്ടതിനായി നല്ല ഇടയനെപ്പോലെ ദൃഷ്ടാന്തവഴി മുമ്പ് പോവുക. തന്റെ പ്രമാണങ്ങൾക്കു താൻ അധീനനല്ലെന്നിരുന്നാലും അവയാൽ ബന്ധിക്കപ്പെടുവാനും അവയെ അനുസരിപ്പാനും താൻ മനസ്സാകുന്നു എന്ന് ഗ്രീനവാനായ തിയോഡോസിയസ് (Theodosius) ചക്രവർത്തി പറയുക പതിവായിരുന്നതിന്റെ ഹേതു ഇതുതന്നെ. "നിയമം യഥാർത്ഥത്തിൽ ഭരണാധികാരികളുടെ നായികയായിരിക്കയും ഭരണാധികാരികൾ നിയമത്തിന്റെ ദാസന്മാരും ഭൃത്യന്മാരുമായിരിക്കയും ചെയ്യുന്നതിൽ ജനാധിപത്യത്തി

ന്റെ ക്ഷേമം അടങ്ങിയിരിക്കുന്നു; മറിച്ച്, നിയമം രാജാക്കന്മാരുടെ ദാസിയും അവർ അതിന്റെ യജമാനന്മാരുമായിരിക്കയും തങ്ങളുടെ ഹിതാനുസരണം അതിനെ വലിച്ചുകൊണ്ടുപോകയും ചെയ്യുന്നതു ജനാധിപത്യത്തിന്റെ വിനാശവുമാകുന്നു" എന്നു് ആ ധീമാൻ എഴുതിവെച്ചിട്ടുമുണ്ടു്. വലെന്റിനിയാനസ് ചക്രവർത്തിക്കു് വി. അംബ്രോസിസ് അയച്ച ഒരെഴുത്തിൽ (Ad Valentinianum Imperat. Epist. 32) പ്രസ്താവിച്ചിരിക്കുന്നതു കേൾക്കുക: "നീ മറ്റുള്ളവർക്കായി ഏർപ്പെടുത്തുന്ന പ്രമാണം നിനക്കുതന്നെയും നീ വെച്ചിരിക്കുന്നു. ഒരു ചക്രവർത്തി ഏർപ്പെടുത്തുന്ന പ്രമാണങ്ങളെ അദ്ദേഹംതന്നെ ഒന്നാമതായി അനുസരിക്കട്ടെ." ടാസിറ്റസ് (Tacitus, lib. II. Annal. Cap. XX et XXX) പറയുന്നതു് "ഒരു നേതാവു് ഇതരന്മാരോടു ചെറിയതിനെ കല്പിക്കയും ഭാരമേറിയതിനെ താൻതന്നെ വഹിക്കയുംചെയ്യുന്നു" എന്നാണു്.

ജൂലിയസ് സീസർ (Julius Caesar) പട്ടാണിയിലും ആഫ്രിക്കത്തിലും അദ്ധ്വാനത്തിലും പടയാളികൾക്കു തുല്യനായി പ്രവർത്തിച്ചു. പതാക വഹിച്ചുകൊണ്ടു മുമ്പു നടന്നിരുന്നതും അദ്ദേഹം തന്നെയായിരുന്നു. അതിനാൽ ഏതു വിഷമതയുള്ളതിനെ കല്പിച്ചാലും ഉടനെ ചെയ്യുവാൻ തക്കവണ്ണം സ്വന്ത ഭടന്മാരെ സ്വാധീനമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ഇതു വലിയ വിജയവും ഭാഗ്യവും മഹത്വവും ഇതിൽനിന്നാണു് ഉല്പന്നമായതു്.

൨൪. കേട്ടീടുവാനാരുമിരുന്നിടായ്കിൽ
നീട്ടിടൊലാ നിന്റെ വചസ്സുതെല്ലും
കാട്ടീടൊലാഗർവ്വമയുക്തകാലേ
നാട്ടീടുവാൻ നിന്റെപടുത്വമെല്ലാം. XXXII. 6.

൨൫. മിണ്ടാതിരുന്നനൃവചസ്സുകേൾക്കാ–
നുണ്ടാകണംശ്രദ്ധനിനക്കനല്പം
കണ്ടാലുമാത്മസുവമായ് സ്വകാര്യം
കൊണ്ടാടിവണ്ണിയ്ക്കുനിഷദ്ധമാക്കും. XXXII. 9. 10.

൨൫. "മിണ്ടാതിരുന്നാൽ ഭോഷനും ജ്ഞാനിയായി ഗണിക്കപ്പെടും" എന്നു ശ്ലോമോൻ പറയുന്നു. ഒരുത്തൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കു കടന്നു പറയുന്നതു മര്യാദക്കുറവാണു്. അതു് വക്താവിനു് അവമാനവും ശ്രോതാക്കൾക്കു് അസഹ്യതയും ജനിപ്പിക്കും. ആത്മനിയന്ത്രണമില്ലാത്തവനെന്നും, സദാചാരമര്യാദകൾ കുറഞ്ഞവനെന്നും, സാഹസിയെന്നും, വായാടിയെന്നും നിനക്കു നാമവും ഉണ്ടാവിക്കും. ആത്മപ്രശംസ നിന്ദ്യമാണെന്നുള്ളതു ലോകസമ്മതമല്ലെ?

തനുജാ! നിന്റെ വായല്ലൊ– രന്യൻ നിന്നെ സ്തുതിയ്ക്കുണം;

പർൻപുകഴ്ത്തണം നിൻെറ- രദനചരിതമല്ലകേൾ.
XXVII. 2.

എന്ന സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ.

൩. സൃഷ്ടിച്ചദേവനു നിരന്തരം സ-
ന്തുഷ്ടിപ്രദംസേവനടത്തിടേണം
പുഷ്ടിയ്ക്കുതുല്യംവരമേകിനിന്നെ-
പ്പുഷ്ടിപ്പെടുത്തുന്നതു ദൈവമല്ലോ. XXXII. 17.

൩. ഉപകൃതൻ ഉപകർത്താവിൻെറ പേരിൽ നന്ദിയുള്ളവനായിരിക്കേണ്ടതു് സർവ്വഥാ ന്യായംതന്നെ. ദൈവത്തേക്കാൾ വലിയ ഒരുപകർത്താവാരാണ്? അവിടന്നു് നമ്മെ സൃഷ്ടിച്ചു; ആകാശത്തിലും ഭൂമിയിലും സമുദ്രത്തിലുമുള്ള സർവ്വ വസ്തുക്കളെയും നമുക്കായുണ്ടാക്കി. നമ്മുടെ ശരീര സുഖത്തിനായി അവിടന്നു ചെയ്തിട്ടുള്ള നന്മ അനവധിയാണ്. എന്നാൽ അവയെക്കാൾ വളരെയധികമാണ് നമ്മുടെ ആത്മാവിൻെറ ക്ഷേമത്തിനായി അവിടന്നു ചെയ്തിട്ടുള്ളതു്. നമ്മെക്കരുതിച്ചു് അവിടന്നു മാനുഷീഭവിച്ചു. കഷ്ടതകളെ സഹിച്ചു് നമ്മെ രക്ഷിച്ചു. ദൈവപ്രസാദം തന്നു. നമ്മെ നിത്യഭാഗ്യത്തിൻെറ അവകാശികളാക്കി. വി. കുർബാനയിൽ തന്നെ മുഴുവൻ നമുക്കായിത്തന്നു.

ഈ ശ്ലോകത്തിലും മുതൽ ഇതുവരെയുള്ള മറ്റു ശ്ലോകങ്ങളിലും പറയുന്നതു് ഭക്ഷണ സമയത്തു് നാം ആചരിക്കേണ്ട കാര്യങ്ങളെപ്പറ്റിയാണ്. നാം ഭക്ഷിക്കുന്ന വസ്തു ദൈവത്തിൻെറ ദാനമാകുന്നു. ആ ദാനത്തെപ്പറ്റി ദാതാവിനോടു നന്ദി കാട്ടുവാൻ നാം വിസ്മരിച്ചുപോകരുതു്. ഭക്ഷണാനന്തരമുള്ള കൃതജ്ഞതാപ്രകാശനം ക്രീസ്തുവിൽനിന്നും എബ്രായ ജനങ്ങളിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതും നമ്മുടെ പൂർവ്വന്മാർ ഭക്തിപൂർവ്വം ആചരിച്ചുവന്നതുമായ ഒരു മുറയാണ്. "ഭക്ഷണം ജപംകൊണ്ടു് ആരംഭിക്കയും അവസാനിക്കയും ചെയ്യുന്നു" എന്നു് ടെർട്ടേലിയൻ (Tertullianus, Apologet. Cap. XXXIX) പറഞ്ഞിരിക്കുന്നു. വി. ക്രിസോസ്റ്റോമോസ് സംഗതിയുടെ പ്രാമുഖ്യത്തെ ഒരുപമകൊണ്ടു കാണിക്കുന്നു. അദ്ദേഹം പറയുന്നതു കേൾക്കുക: "നമ്മുടെ ദാസന്മാർ, നമുക്കു വിളമ്പിയിരിക്കുന്നവയിൽ ഒരംശം ലഭിക്കുമ്പോൾ നമ്മോടു് നന്ദിപറയുകയും നമുക്കു് ക്ഷേമങ്ങളെ ആശംസിച്ചുകൊണ്ടു് പോകയും ചെയ്യുന്നെങ്കിൽ, ഇതു വളരെയും ഇതു മഹത്തരങ്ങളുമായ നന്മകളെ അനുഭവിച്ച ശേഷം നാം ഈ വിധ ബഹുമാനം കൂടിയും ദൈവത്തിനു ചെയ്യാതിരിക്കുക എന്നു വന്നാൽ അതു വലിയ അബദ്ധം തന്നെ."

൨. ആലോചിയാതേതൊരുകാര്യവും നീ
ബാലോപമം നന്ദന! ചെയ്തിടൊല്ല

കാലോചിതംവേണ്ടവണ്ണംനീനിനച്ചാൽ
മാലോടതിൽപ്പിന്നെ വിചിന്തവേണ്ട. XXXII. 24.

ഒ. വേണ്ടവിധം ആലോചിച്ചു ചെയ്യാൽ നാം ചെയ്യുന്ന കാര്യങ്ങളെല്ലാം ശരിയായിത്തീരും. അവയെപ്പറ്റി പിന്നീട് മനസ്താപത്തിനിടയാകയുമില്ല. എന്നാൽ വല്ലപ്പോഴും തെറ്റിപ്പോയാൽ ആലോചനക്കുറവുകൊണ്ടല്ലെന്നെങ്കിലുമൊരു സമാധാനമുണ്ടാകും. "ആലോചിച്ചു പ്രവർത്തിച്ചെങ്കിൽ ഇതിനിടയാകയില്ലായിരുന്നു" എന്നുള്ള താപം വലുതാണല്ലൊ. "ഏതെങ്കിലും ചെയ്യുന്നതിനു മുമ്പ് ആലോചനയും, ആലോചന കഴിഞ്ഞാൽ ശരിയായ പ്രവൃത്തിയും ആവശ്യം" എന്നാണ് സല്ലസ്റ്റ് (Sallustius) പറയുന്നത്. ആലോചന ക്രൂരതെ ഒന്നും തുടങ്ങേണ്ടതല്ല; തുടങ്ങിയതിനെ കാരണമില്ലാതെ വിട്ടുപേക്ഷിക്കേണ്ടതുമല്ല.

ഏതു കാര്യത്തിലും വി. ഗ്രന്ഥങ്ങളും പ്രാർത്ഥനയും മുഖേന ദൈവത്തോട് ആലോചിക്കണം. ബുദ്ധിമാന്മാരോടും ആലോചിക്കേണ്ടതാണ്. "ബുദ്ധിമാന്മാരുടെ ആലോചന എപ്പോഴും അന്വേഷിക്കുക" എന്നാണ് വൃദ്ധ തോബിയാസ് സ്വപുത്രനോട് ചെയ്യുന്ന ഉപദേശം. (Tob. IV. 19)

സച്ചിന്ത നിന്നെ മൽസൂനോ!– കാത്തുകൊള്ളുമനാരതം;
നീതിമാന്റെ വിവേകം നിൻ– രക്ഷസ്സ്യാധാരമായ്ഭവും.
II. 11.

എന്നു സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ.

"തനിക്ക് ആരുടെയും ആലോചന ആവശ്യമില്ലെന്നും ഉത്തമമായതേതെന്ന് വിവേചിക്കുവാൻ താൻ തനിയേ മതിയാകുകൊണ്ട് താനേ ആലോചിക്കേണ്ടതേയുള്ളുവെന്നും കരുതുന്നത് ക്ഷന്തവ്യമല്ലാത്ത അഹംഭാവത്തിന്റെ ലക്ഷണമാണ്" എന്ന് വി. ബസീൽ (In Isaiam, Cap. I. 26) പറയുന്നു.

ഭോഷന്റെ ദൃഷ്ടിയിൽ സ്വന്ത– മാഗ്രം സന്മാർഗ്ഗമെപ്പോഴും;
വിജ്ഞനന്യോപദേശങ്ങൾ– കൈക്കൊള്ളുന്നു വിനീതനായ്.
XII. 15.

എന്നല്ലെ സുഭാഷിതങ്ങൾ പറയുന്നത്? "യഥാർത്ഥത്തിൽ വിവേകിയും ഗുണകാംക്ഷിയുമായ ഒരുവന്റെ ആലോചന നമുക്കുണ്ടാകുന്നത് നിസ്സാരമായ ഒരു നന്മയല്ല. എന്തെന്നാൽ ഏതെങ്കിലും കാര്യത്തെപ്പറ്റി ആലോചിക്കുന്ന ഒരുത്തന്റെ വിവേകത്തിൽ കുറവുള്ള ഭാഗം അവൻ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്" എന്ന് വി. ബസീൽ തന്നെ (Paulo ante) അദ്ദേഹത്തിന്റെ മേൽക്കാണിച്ച വാക്യത്തിനു കാരണവും കാണിക്കുന്നു.

"ഒന്നുചെയ്വാൻ തുടങ്ങുമ്പോ - ളേറ്റവും നിരൂപിക്കണം" എന്നും "പലരോടും നിനയാതെ– യൊരുകാര്യം തുടങ്ങൊല്ലാ" എന്നും നാം കേട്ടിട്ടുള്ളതാണല്ലൊ,

"ശരിയായി ആലോചിച്ചു ചെയ്യ ഒരു കാര്യത്തിൽ അപജയംതന്നെ നേരിട്ടാലും ആക്ഷേപാർഹമല്ലെ"ന്നാണ് സിസറൊ (Philipp. XI) പറയുന്നത്. "കാരണം, കൂററം ഫലം കൊണ്ടല്ല, മനുഷ്യരുടെ വീഴ്ചകൾകൊണ്ടാണ് പരിഗണിക്കേണ്ടതു" എന്ന് അദ്ദേഹംതന്നെ (In Paradoxis) അതിന്റെ ന്യായവും കാണിച്ചതരുന്നു. ഡെമൊസ്തെനെസ് (Demostenes pro Ctesiphontem) പ്രസ്താവിക്കുന്നതു കേൾക്കുക: "അനുഭവം സംഗതികളുടെ സ്വഭാവഗതിയനുസരിച്ചുണ്ടാകുന്നു: ഏതിനെ തിരഞ്ഞെടുക്കുന്നുവെന്നതു് ആലോചിക്കുന്നവന്റെ ബുദ്ധിയെ പ്രസ്തുഷ്ടമാക്കുന്നു." – "മനസ്സിനെ ഫലംകൊണ്ടു് ഒരിക്കലും മതിക്കേണ്ടതല്ലെ"ന്നു കിൻറീലിയൻ (Quintilianus, Declam. 281) പറഞ്ഞിട്ടുള്ളതും ഈ ഘട്ടത്തിൽ സ്മർത്തവ്യമായിരിക്കുന്നു. "സിവിൽ നിയമങ്ങളിൽ ചതിപ്രയോഗത്തെ അർത്ഥമാക്കുന്നതു് ഫലത്തിൽനിന്നു മാത്രമല്ല, ആലോചനയിൽനിന്നുകൂടിയുമാകുന്നു" എന്നുള്ളതു് സിവിൽ നിയമത്തിലെ ഒരു തത്വമാണ്.

വ്വ. ദുഷ്ടന്റെ ചിത്തംരഥചക്രതുല്യം
കഷ്ടം!മറിഞ്ഞീടുമതീവവേഗം.
ശിഷ്ടങ്ങളായുള്ള വിചാരവുംത-
ന്നിഷ്ടപ്പടിയ്ക്കുശ്രുതിരിഞ്ഞുപോകും. XXXIII. 5.

വ്വ. ധാർമ്മികന്റെ വിചാരങ്ങളും ആഗ്രഹങ്ങളും ഹൃദയവും നിശ്ചലനായ ദൈവത്തിലും ദൈവപ്രമാണങ്ങളിലും ഉറച്ചിരിക്കയാൽ അവയെപ്പോലെ ഇവയും മാററമില്ലാത്തവയായിത്തീരുന്നു. എന്നാൽ ദുഷ്ടൻ ഇളക്കമുള്ള ലൌകിക വസ്തുക്കളിൽ ആശ്രയിച്ചിരിക്കകൊണ്ടു് അവനും ഇളക്കവും മാറവുമുള്ളവനാകും തൻമൂലം അവന്റെ വിചാരങ്ങളും ആഗ്രഹങ്ങളും അസ്ഥിരങ്ങളായും, സുദ്ധാ ചലിച്ചുകൊണ്ടിരിക്കുന്നവയായും, നിയമമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും മാറുന്നവയായും, അവന്റെ ചോദ്യങ്ങളും ഉത്തരങ്ങളുമെല്ലാം ക്രമവും ന്യായവും യുക്തിയുക്തതയുമില്ലാതെ വ്യർത്ഥവും അസംബന്ധവുമായും ഇരിക്കും. "ദുഷ്ടന്മാർ അലയടിക്കുന്ന സമുദ്രസമാനം" എന്നു് ഏശായാ (Cap. LVII. 20) പറയുന്നു. "ഭോഷൻ (ദുഷ്ടൻ) ചന്ദ്രനെപ്പോലെ വ്യതിയാനം ചെയ്യുന്നു" എന്നു വി. ഗ്രന്ഥത്തിൽ വേറൊരു സ്ഥലത്തും പറയുന്നുണ്ടു്.

ന്ൻ. കൊടുക്കൊലാനിന്റെ ധനത്തെയായു-
സ്സൊടുക്കമാവോളമടുത്തവക്കം
തിടുക്കമോടൊത്തുകൈവെടിഞ്ഞാൽ
കടുത്തതാപത്തൊടിരക്കുമന്നം. XXXII. 20.

വ്വം. താതന്റെകാൽത്താർപ്രണമിച്ചുപുത്രൻ
സാരങ്കമർത്ഥിപ്പു നിഷിദ്ധമല്ല;

ചേരസ്സിലേറ്റം വ്യസനത്തൊടച്ചരൻ
ജാതന്നുകീഴ്പെട്ട കഴിയ്ക്കുകഷ്ടം. XXXIII. 22.

ൻെ. വ്യം. നിൻെറ കൈവശമുള്ളവയെല്ലാം നീ കൈവിട്ടുകൊടുക്കരുത്. അതു കിട്ടിയവനു ഗൃഹഭരണവും അധികാരവുമെല്ലാം ചെന്നുചേരും: അഥവാ, അവൻ ഏതുവിധമെങ്കിലും കടന്നുകൂടി കൈയ്ക്കലാക്കും. സ്വൽപ സമ്പത്തും വിട്ടുകൊടുത്താൽ പിന്നിട മനസ്സുപതിനു ഇടയാകുന്നതാണ്. കഴിച്ചിലിനു വകയില്ലെന്നു വരും. നീ അന്യന്മാരുടെ ദാസനായിത്തീരുകയും ചെയ്യും. മുമ്പ് നിന്നോട യാചിക്കുകയും നിന്നെ ബഹുമാനിക്കയും ചെയ്തിരുന്നവരോട് അന്നവസ്ത്രാദികൾക്കായി നീ താണുവീണു ഇരക്കേണ്ടതായും വന്നുകൂടും.

"സ്നേഹം അധോമുഖമായി യാത്രചെയ്യുന്നു" – എന്നുവെച്ചാൽ കാരണവന്മാർക്കു മക്കളുടെ പേരിലുള്ള സ്നേഹം മക്കൾക്കു പിതാക്കന്മാരിലുള്ളതിനെക്കാൾ എപ്പോഴും വലുതായിരിക്കുന്നതാണ്. അതിനാൽ മക്കൾ തങ്ങളേയും തങ്ങളുടെ പുത്രകളത്രാദികളേയും പുലർത്തുന്നതിനും സമ്പൽക്കരിക്കുന്നതിനുമാണ് ശ്രദ്ധ പതിക്കുന്നത്. അവർ പിതാക്കന്മാരെ വേഗത്തിൽ വിസ്മരിക്കയും 'അവൻ നോക്കട്ടെ' 'ഇവൻ നോക്കട്ടെ' എന്നു കരുതുകയും ചെയ്യുന്നു.

സ്വാത്മാവായ ഒരു സംഗതിക്കുടി ഇവിടെപ്രസ്താവിയാം. ഒരു പിതാവു് തൻെറ സ്വത്തു മുഴുവൻ മക്കൾക്കു കൊടുത്തു കഴിഞ്ഞപ്പോൾ അവരാൽ പരിത്യജിക്കപ്പെട്ട് ഗതിഹീനനായിത്തീർന്നു. എന്നാൽ ജീവനോപായത്തിനു് അയാൾ ഒരു വഴി കണ്ടെത്താതിരുന്നില്ല. കരിങ്കൽ ചില്ലുകൾകൊണ്ട് ഒരു പെട്ടി നിറച്ച് ഒരു വലിയ തുക അതിലിരിക്കുന്നെന്നുള്ള ഭാവം നടിച്ചു. അതു കൈക്കലാക്കേണ്ടതിനായി മക്കളിൽ ഓരോരുത്തനും കാഴ്ചകളും സമ്മാനങ്ങളുംകൊണ്ട് അപ്പനെ പ്രസാദിപ്പിക്കുവാൻ മത്സരമായി. ഇങ്ങനെ അപ്പൻ ആയുശ്ശേഷം സുഖമായി കഴിച്ചുകൂട്ടുകയും ചതിയെ ചതികൊണ്ടു തോല്പിക്കയും ചെയ്തു. അപ്പൻെറ മരണശേഷം അദ്ദേഹത്തിൻെറ മരണശാസനം അനുസരിച്ചു മക്കൾ സമൃദ്ധം കുടി പെട്ടി തുറന്നു നോക്കിയപ്പോൾ– ഹ! വിസ്മയം! കണ്ടുകിട്ടിയതു കരിങ്കൽചില്ല്.

വ്യം. സത്യംത്യജിയ്ക്കുന്നൊരുദാസനേവൻ
കൃത്യം നിവർത്തിച്ചുഭജിപ്പുനിന്നെ?
സ്തുത്യർഹനാമന്നരനെസ്സന്തോഷം
നിത്യംനിനച്ചീടുകനിന്നൊടൊപ്പം. XXXIII. 31.

വ്യം. വിശ്വസ്തനായ ഭൃത്യൻ കല്പിച്ച ജോലി ചെയ്യുന്നതിൽ മാത്രമല്ല, വാക്കുകളിലും, യജമാനൻ രഹസ്യമായി വെച്ചിരിക്കുന്നതിനെ പറയാതിരിക്കുന്നതിലും വിശ്വസ്തത കാക്കേണ്ടതാണ്.

സമസ്തപ്രജകളെയെല്ലാം തന്നെപ്പോലെ കരുതേണ്ടതാണെങ്കിൽ, തന്നോടുകൂടി വസിക്കയും തനിക്കായി വേല ചെയ്യുകയും തൻെറ വസ്തുവകപോലെയിരിക്കയും ചെയ്യുന്ന ഭൃത്യനെ ഏറ്റം ന്യായമായിട്ട് ത

ന്നോടൊപ്പം കരുതി രക്ഷിക്കണം. ഇങ്ങനെയുള്ള ഭൃത്യനുവേണ്ടി ചെയ്യുന്നത് തനിക്കുവേണ്ടിത്തന്നെയാകുന്നു. എന്തെന്നാൽ ഭൃത്യന്റെ നന്മ അവന്റെ യജമാനന്റെ നന്മയും ഭൃത്യന്റെ തിന്മ യജമാനന്റെ തിന്മയുമാണ്.

യജമാനനും ഭൃത്യനും ജന്മനാ ഭ്രാതാക്കന്മാരാണ്. ഒരേ പിതാവിനാൽ ജനിപ്പിക്കപ്പെട്ടവരെ ഭ്രാതാക്കന്മാരെന്ന് നമുക്കു വിളിക്കാമെങ്കിൽ സകല മനുഷ്യരും സാക്ഷാൽ ഭ്രാതാക്കന്മാരാണെന്നു സമ്മതിച്ചേ തീരു. ആത്മശരീരങ്ങളോടുകൂടിയ മനുഷ്യന്റെ ശരീരത്തെമാത്രമെ മാതാപിതാക്കന്മാർ, ദൈവത്തിൻ കീഴ്, ഉരുവാക്കുന്നുള്ളു. ഉത്തമാംശമായ ആത്മാവാകട്ടെ ദൈവത്താൽ മാത്രം സൃഷ്ടിക്കപ്പെടുന്നു. ശരീരത്തിന്റെയും പ്രധാന നിർമ്മാതാവു ദൈവംതന്നെ. ആത്മാവു്, ശരീരം എന്ന മനുഷ്യാംശങ്ങൾ രണ്ടിന്റെയും ജനയിതാവു് ദൈവം മാത്രമാകയാലാണ് "ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവെന്നു നിങ്ങൾ വിളിക്കരുതു്. എന്തെന്നാൽ സ്വർഗ്ഗസ്ഥനായ ഏകൻ മാത്രമാകുന്നു നിങ്ങളുടെ പിതാവു്" (Matth. XXIII. 9.) എന്ന് ക്രീസ്തു അരുളിച്ചെയ്യുന്നതു്. "ദൈവമേ! യഥാർത്ഥത്തിൽ അങ്ങു മാത്രമാകുന്നു ഞങ്ങളുടെ പിതാവു" എന്ന് സുറിയാനിപ്പൂജയിൽ പറയപ്പെടുന്നതും ഇതുകൊണ്ടുതന്നെ. — ആദം ഹാവാ എന്ന ഒരേ മാതാപിതാക്കന്മാരാൽ ജനിപ്പിക്കപ്പെട്ടകൊണ്ടും നാമേവരും ഭ്രാതാക്കന്മാരാണ്. മാത്രമല്ല, നാമേവരും പിതാവായ ഏക മ്ശീഹായുടെയും മാതാവായ ഏക തിരുസഭയുടെയും മക്കളും, ദൈവത്തിൽനിന്ന് ഒരേ സ്വർഗ്ഗീയ സമ്മാനം പ്രതീക്ഷിക്കുന്നവരുമാകയാൽ വിശ്വാസത്തിലും മതബന്ധത്തിലും നാം ഭ്രാതാക്കന്മാർ തന്നെ. (Vide Ephes. VI. 5 et Seqq.) നാമേവരും ദൈവത്തിന്റെ ദാസന്മാരാകകൊണ്ട് ഭൃത്യന്മാരെ നമ്മുടെ സഹഭൃത്യന്മാരായിക്കരുതണമെന്ന് വി. ഗ്രഗോരി നസ്യാൻസെൻ (In Tetrastichis) ഉപദേശിക്കുന്നു. "നിന്റെ ഭൃത്യനെന്നു നീ വിളിക്കുന്ന ഇവൻ ഒരേ ബീജത്തിൽനിന്നുത്ഭവിച്ചവനും, ഒരേ വായുവിനെ ഉപയോഗിക്കുന്നവനും, നിന്നെപ്പോലെ ശ്വാസോശ്ഛ്വാസം ചെയ്യുന്നവനും, നിന്നെപ്പോലെ ജീവിക്കുന്നവനും, നിന്നെപ്പോലെ മരിക്കുന്നവനുമാകുന്നു എന്നു വിചാരിക്കുവാൻ നിനക്കു ദയയുണ്ടാകുമോ?" എന്നാണ് സെനെക്കാ (Seneca, Epist. 47) ചോദിക്കുന്നതു്. "നിന്നോടു ദൈവം എങ്ങനെ ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നുവൊ ആ വിധം നിന്റെ വീട്ടുവേലക്കാരനോടു നീയും ചെയ്യുക. നി എങ്ങനെ കേൾക്കുമൊ അങ്ങനെ നിന്റെ പ്രാർത്ഥനയും കേൾക്കപ്പെടും. നാം അന്യരെ ഏതുവിധം കരുതുമൊ ആ വിധം തന്നെ ദൈവം നമ്മെയും കരുതും" എന്നു ഫീലൊ (Philo apud Maximum, Serm. 7) പറഞ്ഞിരിക്കുന്നു.

വ്വ. ഏവനുലോകേശ്വരഭീതിയുണ്ടോ—
മാവന്ദ്യനില്ലന്യഭയങ്ങളൊന്നും

Carmel Monastery
P. O. Vazhakulam
Kerala State

ജീവനുമേലായവനോത്തിടുന്ന
ദൈവത്തിലാലംബമുറയ്ക്കുമുലം. XXXIV. 16.

വ്യാ. "ദൈവത്തെ ആലംബമാക്കിയവൻ സെഹിയോൻമല പോലെ (ആകുന്നു): അവൻ ഒരിക്കലും ഇളകുകയില്ല." (Psalm. C XXIV. 1) എന്നും, "എനിക്കു വിരോധമായി പാളയങ്ങൾ ഇരുന്നാലും എന്റെ ഹൃദയം പേടിക്കുകയില്ല; എനിക്കു പ്രതിക്രൂലമായി യുദ്ധമുണ്ടായാലും ഇതിൽ ഞാനാശ്രയിക്കും." (Psalm. XXVI. 3) എന്നും ദാവീദു പറയുന്നു. ശ്ലേമോന്റെ സുഭാഷിതങ്ങളിൽ:

അനുധാവകനില്ലാതെ- താനേയോടുന്നുദുർജ്ജനം,
മൃഗരാജസമംധൈര്യ്യ– മാൻനിൽപ്പുനുസജ്ജനം.
XXVIII. 1. എന്നും

കർത്താവിൻമാർഗ്ഗമേകംനിഷ്– കപടന്മാർക്കൈയ്ബലം
അതുതാൻ തിന്മചെയ്യോർക്കു– ഭയത്തിനുള്ളകാരണം.
X. 29. എന്നും

പറഞ്ഞിട്ടുണ്ടല്ലൊ. ദൈവം തന്നോടു ക്രുടിയുണ്ടെന്നറിയുകയാൽ ഈ ലോകത്തിലുള്ള നിരവധി തിന്മകളിൽ യാതൊന്നിനേയും നീതിമാൻ പേടിക്കുന്നില്ലെങ്കിൽ അവന്റെ ആത്മാവു് സാക്ഷാൽ സുഭഗയല്ലേ? എന്നു് പലാസിയസ് (Palacius) ചോദിക്കുന്നു. വി. അംബ്രോസിസ് (lib. II. Epist. 7. ad Simplicianum) പറയുന്നു: "വിവേകം എവിടെയോ അവിടെ ആത്മഗുണങ്ങൾ; അവിടെത്തന്നെ സ്ഥൈര്യ്യവും ധൈര്യ്യവും: വിവേകി ക്രീസ്തുവിൽ പരിപൂർണ്ണനായും, സ്നേഹത്തിൽ ദൃഢീകൃതനായും, വിശ്വാസത്തിൽ ശ്രുദ്ധമൂലനായും ഇരിക്കുന്നു. അതിനാൽ വിവേകി വസ്തുക്കളുടെ ശൈഥില്യത്തെ അറിയുന്നില്ല, അസ്ഥിരമനസ്സും അവനു അജ്ഞാതമാണു്."

Justum et tenacem propositi virum,
Si fractus illabatur orbis,
Impavidum ferient ruinae.

"നീതിമാനും ഉദ്ദിഷ്ടകാര്യ്യത്തിന്മേൽ മുറുകെപ്പിടിച്ചിരിക്കുന്നവനുമായ ഒരുവൻ, ലോകം മുഴുവനും തകർന്നുവീണാലും, നിശ്ചലനായിരിക്കും; ആ നഷ്ടശിഷ്ടങ്ങൾ അവനെ താങ്ങുകയും ചെയ്യും" എന്നു് ഹോരെസ് (Horatius) പറഞ്ഞിട്ടുള്ളതു് എത്രയോ യഥാർത്ഥമായിരിക്കുന്നു! "മലകളിളകിലുംമഹാജനാനാംമനമിളകാ" എന്നല്ലെകവിവാക്യം?

വ്യാ. വല്ലാതെസിദ്ധിച്ചൊരു തന്റെ സമ്പ–
ത്തെല്ലാംസമർപ്പിച്ചുവണങ്ങിയാലും
തെല്ലാകിലും വിശ്വപതിയ്ക്കുമോദ–
മില്ലാതെയാം, പങ്കമിരിയ്ക്കുമുലം. XXXIV. 21.

വ്യാ. ആരെങ്കിലും അന്യായ വസ്തു ദൈവത്തിനു് സമർപ്പിച്ചാൽ, ആ ബലി മലിനമാകയാൽ അതു ദൈവത്തിനു് അനിഷ്ടമാകു

ന്നു. ദുഷ്ടജനങ്ങൾ ഈവിധ ബലികൾകൊണ്ടു് ദൈവത്തെ ബഹുമാനിക്കുകയല്ല, അവമാനിക്കുകയാണു ചെയ്യുന്നതു്. അവർ തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളിൽ നിന്നു മാറുവാൻ മനസ്സില്ലാതിരിക്കെ, അപഹരണം മുതലായ നീചകൃത്യങ്ങൾ മൂലമുണ്ടാക്കിയ മലിനവസ്തുവിനെ ദൈവത്തിനു സമർപ്പിക്കുന്നു. അപഹരിക്കുക, വഞ്ചിക്കുക, അന്യായ പലിശവാങ്ങുക മുതലായവ ചെയ്തുയും, അതിനിടക്കു് തങ്ങളുടെ പാപം നീങ്ങുവാനോ, ദൈവദൃഷ്ടി അടക്കുവാനോ, സമ്മാനംകൊണ്ടു് ദൈത്തെ കൈക്കലാക്കുവാനോ, തങ്ങളുടെ ദുഷ്പ്രവൃത്തി കണ്ടില്ലെന്നു വെക്കുവാനോ എന്ന മട്ടിൽ ദൈവത്തിനു കാഴ്ചകൾ കൊടുക്കയുംചെയ്യുന്നതു് വലുതായ ദൈവദ്രോഹമാണു്. ഈ പ്രവൃത്തിമൂലം തങ്ങളുടെ അകൃത്യത്തിനു് ദൈവത്തെ അഗ്രാസനരും, അപഹൃതവസ്തുവിൽ ഭാഗഭാക്കും, അപഹരണം കളവു് ഇത്യാദികളെ അംഗീകരിക്കുന്നവനുമാക്കുകയല്ലെ ചെയ്യുന്നതു്. ? ഇതരമതസ്ഥന്മാരിൽ ചിലരെല്ലാം തങ്ങളുടെ ദേവന്മാരുടെ സഹായത്തോടുകൂടി തെറ്റുകളെ നിവ്വിഘ്നം ചെയ്യേണ്ടതിനായി ഓരോ ദുർഗ്രഹങ്ങൾക്കും പ്രത്യേകം പ്രത്യേകം ദേവന്മാരെ നിശ്ചയിച്ചിരിക്കുന്നതുപോലെതന്നെയാണു് ഇതെന്നു പറയേണ്ടിയിരിക്കുന്നു.

അമലെക്കു (Amalec) കാരുടെ കന്നുകാലികളെ കൊന്നു കളയണമെന്നുള്ള ദൈവകല്പനയെ ലംഘിച്ചു് സാവൂൽ (Saul) അവയെ ബലിചെയ്തു് കുറെമായിത്തീരുകയും സാവൂൽ രാജസ്ഥാനത്തിൽ നിന്നു നിക്കപ്പെട്ടുകയും ചെയ്തില്ലേ? (I. Reg. XV. 22 et Seq.)

"നിങ്ങൾ ക്ഷയിക്കുമ്പോൾ നിത്യവാസസ്ഥാനങ്ങളിൽ നിങ്ങളെ കൈക്കൊള്ളേണ്ടതിനായി അന്യായധനം (Mammona iniquitatis) കൊണ്ടു് നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കുവിൻ" (Luc. XVI. 9) എന്നു് ക്രീസ്തു ഉപദേശിക്കുന്നതു് മേൽപറഞ്ഞതിനു വിരോധമല്ലേ? എന്നു് ആരെങ്കിലും ചോദിച്ചേക്കാം. അന്യായധനം എന്നു ദേവാത്മജൻ പറയുന്നതു് ലൌകിക സമ്പത്തിനെ ഏതിനേയും ഉദ്ദേശിച്ചാണു്. ധനത്തോടു് "അന്യായ" ശബ്ദം അനുയോജിപ്പിച്ചതു് (ക) ധനം പലേ ദുർഗ്രഹങ്ങളുടെ ഉപകരണമാകകൊണ്ടും, (ഖ) ലൌകികധനം, ആത്മികവും സാശ്വതികവുമായ ധനത്തിൽ നിന്നു വ്യത്യസ്തമായും, അവിശ്വസനീയവും തട്ടിക്കുന്നതും ക്ഷണത്തിൽ നമ്മെ വിട്ടുമാറുന്നതും അസ്ഥിരവുമായുമിരിക്കകൊണ്ടും, (ന) ദുഷ്ടന്മാർ സ്വാശ്വതധനത്തെ അറിയാതെ ഐഹികവിത്തങ്ങളെമാത്രം ധനമായി കരുതുകകൊണ്ടുമാണു്.

വ്യാ. ദുഷ്ടന്റെദാനത്തിലശേഷനാഥ-
ന്നിഷ്ടംഭവിയ്ക്കില്ലണുപുംതനുജ!
പുഷ്ടങ്ങളാം പൂജകൾപോലുമെല്ലാം
നഷ്ടം!ഹരിയ്ക്കില്ല ഖലന്റെ പാപം. XXXIV. 23.

വ്യാ. അപഹൃതവസ്തുക്കളുടെ പൂജ ദൈവത്തിനു് ഇഷ്ടമല്ലെ

ന്ന വ്വ-ാംശ്ലോകത്തിൽ പറഞ്ഞുകഴിഞ്ഞു. പിടിച്ചുപറിക്കാർ മുതലായ ദുഷ്ടജനങ്ങൾ അവരുടെ ദുഷ്ടതയിൽത്തന്നെയിരിക്കുന്ന കാലത്തോളം അവർ സ്വന്തമായും ന്യായമായുമുള്ളതുകളിൽ നിന്ന് സമർപ്പിക്കുന്ന ദാനങ്ങൾ ക്രൂടിയും ദൈവത്തിന് അഹിതമാകുന്ന എന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. ഇണവാനും ഉദാരനുമായ ആബേലിന്റെ കാഴ്ചകളെ ദൈവം സ്വീകരിച്ചെന്നും, ദുഷ്ടനും ദ്വ്യാഗ്രഹിയുമായ കായേന്റെ ദാനങ്ങളെ അവിടന്ന് 'തിരിഞ്ഞുനോക്കുക' ക്രൂടി ചെയ്തില്ലെന്നും സൃഷ്ടിയുടെ പുസ്തകത്തിൽ (Genes. IV) പറയുന്നില്ലേ?- ഏശായാ (Cap. I. 11-15) പ്രസ്താവിക്കുന്നതു കേൾക്കുക: "നിങ്ങളുടെ ഇത്രവളരെ ബലികൾ എനിക്കെന്തിന്? എന്നു കർത്താവു ചോദിക്കുന്നു. ഞാൻ മടുത്തിരിക്കുന്നു (I am full). മുട്ടാടുകളുടെ ബലികളും കുഞ്ഞാടുകളുടെ കൊഴുപ്പും... എനിക്കാഗ്രഹമില്ല... ധൂമം എനിക്കനിഷ്ടമാകുന്നു... എന്തെന്നാൽ നിങ്ങളുടെ കൈകൾ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു."

ദുഷ്ടന്റെ ബലി ദൈവത്തിന് എപ്പോഴുമല്ലൊരുനാളിലും;

നീതിമാന്റെ ജപം ദൈവത്തിന് ദുഷ്ടിയുണ്ടായകും. XV. 8 എന്നു സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതുമല്ലേ?

വീണ്ടും പാപം ചെയ്യുന്നില്ലെങ്കിലും ചെയ്യുപാപം മൂലം ദൈവത്തോടുള്ള സ്നേഹബന്ധത്തിൽനിന്ന് അകന്നിരിക്കുന്ന ഏതൊരു പാപിയുടെ ബലിയും ഈ വിധംതന്നെ. ദൈവം അവിടത്തെ സ്നേഹിതന്മാരും മക്കളുമായ നീതിമാന്മാരുടെ ബലികളെ ക്രൂടുതലായ പ്രസാദവും പാപശാന്തിയും (De Condigno) അർഹിക്കത്തക്കവണ്ണം സ്വീകരിക്കുന്നതുപോലെ ഇവരുടെ ബലികളെ സ്വീകരിക്കുന്നില്ല.

ദുഷ്ടന്റെ ബലി ദൈവത്തിന് അനിഷ്ടമെന്നു പറഞ്ഞതുകൊണ്ട്, ക്രിസ്ത്യാനികളല്ലാത്ത ഏവരുടേയും, പാപത്തിലിരിക്കുന്ന ക്രിസ്ത്യാനിയുടേയും സകല പ്രവൃത്തികളും പാപമാണെന്നും അവയെല്ലാം ദൈവത്തിന് അനിഷ്ടമാണെന്നും ആരും തെറ്റിദ്ധരിക്കരുത്. ക്രിസ്തുമതേതരനും പാപിയായ ക്രിസ്ത്യാനിയും ധർമ്മദാനം, ദൈവത്തിനു ബലി, പിതാക്കന്മാരുടെ പേരിൽ ബഹുമാനം ആദിയായ സാന്മാർഗ്ഗിക പുണ്യങ്ങളുടെ (Moral virtue) പലേ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. അവയെല്ലാം സാന്മാർഗ്ഗികമായി സുകൃതങ്ങളു (Moraliter bona) മാണ്. അവ മാന്യമായവയും (honesta) സന്മാർഗ്ഗ സംയുക്തങ്ങളു (Virtuosa) മാകയാൽ ദൈവത്തിന് ഇഷ്ടമുള്ളവതന്നെ; അവിടന്നു അവയെ സ്വീകരിക്കുകയും ചെയ്യുന്നു. ദൈവം അവയിൽ സന്തുഷ്ടനാകുന്നില്ലെന്നു പറയുന്നതിന്റെ താല്പര്യം, അവയുടെ സമർപ്പകന്മാരിൽ അവിടേക്കിഷ്ടമില്ലെന്നും അവ മൂലം സ്നേഹബന്ധമുണ്ടാകുന്നില്ലെന്നും പ്രസാദവും മഹത്വവും കൊടുക്കുന്നില്ലെന്നുമാണ്. എങ്കിലും ദൈവത്തോട് ഐക്യപ്പെടുന്നതിനുള്ള ദാനം ലഭിക്കുന്നതിലേക്ക് ഈ പ്രവൃത്തികൾ ആരംഭങ്ങളായിത്തീരാതിരിക്കയില്ല.

ദാനങ്ങൾ എന്നു പറയുന്നത് ബലി, കാഴ്ചകൾ, ധർമ്മദാന

ങ്ങൾ, വ്രതങ്ങൾ ഇങ്ങനെ ദൈവത്തിനും ദൈവമഹത്വത്തിനുമായി നാം സമർപ്പിക്കയും കാഴ്ചവെക്കയും ചെയ്യുന്നവയെല്ലാംതന്നെ.

മേൽപറഞ്ഞതൊക്കെയും സമർപ്പകന്റെ സുകൃതത്തിൽനിന്നും പാത്രതയിൽ നിന്നും മാത്രം ഫലമുളവാകുന്ന കാർമ്മികസിദ്ധമായ (Ex opere operantis) ബലികളെപ്പറ്റി മാത്രമാണ്. പഴയ നിയമത്തിലെ ബലികൾ ഇപ്രകാരമുള്ളവയായിരുന്നു. പുതിയ നിയമത്തിലെ കുർബാനയെന്ന ബലിയുടെ ഫലമാകട്ടെ കർമ്മസിദ്ധ (Ex opere operato) മാണല്ലൊ. സമർപ്പകൻ പാപിയായിരുന്നാൽത്തന്നെയും ഈ ഫലത്തിന് അതു ബാധകമാകയില്ല. കാരണം, ട്രെന്റിലെ സാർവ്വത്രികസൂനഹദോസ് പഠിപ്പിക്കുന്നതുപോലെ, ഈ ബലിയിലെ പ്രധാന സമർപ്പകൻ പരിശുദ്ധരിൽ പരിശുദ്ധനായ ക്രീസ്തുതന്നെയാണ്.

വൃ. ഒരുത്തനേതോപണിയുമൊഴേമ–
റൊരുത്തനാവസ്തുകളുകൊണ്ടാൽ
വിരുദ്ധമാമിപ്പണിമൂലമേതാൻ
വരുത്തുമോതെല്ലൊരുകായ്ലാഭം? XXXIV. 28.

വൃ. ഒരുത്തൻ വീട്ടു പണിയുകയും മറെറാരുവനൊ താൻതന്നെയൊ ഉടനെ തന്നെ അതിനെ നശിപ്പിക്കയും ചെയ്യാൽ, പണിയുന്നതിലുള്ള ബുദ്ധിമുട്ടല്ലാതെ മറെറന്തു പ്രയോജനമാണുള്ളതു്? ഇതുപോലെ ഒരുത്തൻ ഭക്തനായി ദാനങ്ങൾ, ബലികൾ ആദിയായവകൊണ്ടു പണിയുക–എന്നവെച്ചാൽ, വേണ്ടവിധം പ്രവർത്തിക്കുക–യും അന്യ ജനങ്ങൾക്ക് സന്മാതൃകയായിത്തീരുകയും ചെയ്തശേഷം അവൻതന്നെ ദുഷ്ടനായിത്തീർന്ന് വേറൊരുവനെപ്പോലെ അവയെ സ്വന്ത ദുഷ്കൃത്യംകൊണ്ടു നശിപ്പിക്കുന്നെങ്കിൽ സൽപ്രവൃത്തികൾക്കുണ്ടായ ബുദ്ധിമുട്ടും ധനവ്യയവുമല്ലാതെ അവന വേറെ ഫലമില്ല.

സൽക്കായ്ങ്ങളെപ്പറയുകയും ദുഷ്കായ്ങ്ങളെ പ്രവർത്തിക്കയും ചെയ്യുന്ന ഒരുത്തൻ, പുരപണിയുകയും ഉടനെതന്നെ അതിനെ തകർത്തുകളകയും ചെയ്യുന്നവനെപ്പോലെയാണ്. വാക്കുകൊണ്ടു പണ്ണതിനെ പ്രവൃത്തികൊണ്ടു നശിപ്പിക്കുന്നു. "സൽഭാഷണം ചെയ്തുയും ദുർജ്ജീവിതം നയിക്കയും ചെയ്യുന്നതു് സ്വന്ത സ്വരംകൊണ്ടു സ്വയമേ നശിപ്പിക്കുകയല്ലാതെ മറെറാന്നുമല്ല" എന്നാണ് വി. പ്രോസ്പർ (S. Prosper) പറയുന്നതു്.

വൃന്ദ. പാപത്തെയോർത്തൊട്ടതപിച്ചുവീണ്ടും
ശാപത്തിലായ് ദുഷ്കൃതിമൂലമെന്നാൽ
ആപത്തിലാർക്കേൽക്കുമവന്റെ ശബ്ദം?
താപത്തിനാലെന്തുഫലം ഭവിയ്ക്കും. XXXIV. 31.

വൃന്ദ. പാപം ചെയ്തു ഒരാൾ അനുതപിച്ചു് ആ പാപശാന്തിക്കായി പ്രായശ്ചിത്തം ചെയ്തശേഷം വീണ്ടും ആ പാപംതന്നെ ചെ

യുന്നുവെങ്കിൽ അവന്റെ തപഃക്രിയകളും മനസ്താപവുംകൊണ്ടു യാതൊരു ഫലവുമില്ല. എസ്സെക്കിയെൽ (Ezechiel, Cap. XVIII. 24.) പറയുന്നതു കേൾക്കുക: "നീതിമാൻ അവന്റെ നീതിയിൽനിന്നു വ്യതിചലിച്ചു... അനീതി പ്രവർത്തിച്ചാൽ അവൻ ജീവിക്കുമൊ? അവൻ ചെയ്ത നീതികൃത്യങ്ങളൊന്നും... പരിഗണിക്കപ്പെടുകയില്ല. അവൻ ഏതു പാപം ചെയ്തുവൊ അതിൽത്തന്നെ നിശ്ചയമായും അവൻ മരിക്കും." പശ്ചാത്തപിച്ച ഒരാൾ വീണ്ടും പാപം ചെയ്താൽ അവന്റെ പൂർവ്വ തപഃക്രിയകൾ ദൈവേഷ്ടമൊ മഹിമയൊ ലഭിക്കുന്നതിന്നു ഒട്ടും ഉപയുക്തങ്ങളല്ലെന്നു ഈ വാക്യത്തിൽനിന്നു വിശദമാകുന്നു. ആ തപഃക്രിയകൾമൂലം പൂർവ്വ പാപങ്ങൾ മായിക്കപ്പെട്ടെന്നും അവയെപ്പറ്റി നരകശിക്ഷ അനുഭവിക്കേണ്ടിവരികയില്ലെന്നുമുള്ള ഒരു ഗ്രന്ഥം മാത്രമുണ്ടാകും. അവൻ ഈ അവസാനത്തെ പാപത്തിൽനിന്നു മാറുമ്പോൾ പ്രസ്തുത തപഃക്രിയകളും ദൈവേഷ്ടവും പുണ്യങ്ങളും യോഗ്യതയും പുനർജ്ജീവിക്കുമെന്നും അവമൂലം പ്രസാദവും പ്രതാപവും വീണ്ടും സിദ്ധമാകുമെന്നും പലെ വേദശാസ്ത്രജ്ഞന്മാരും ചെയ്യുന്ന ഉപദേശം പാപികളായ നമുക്കേവർക്കും ആശ്വാസജനകംതന്നെ.

പാപശാന്തി പ്രാപിച്ച ശേഷം വീണ്ടും ചെയ്യുന്ന പാപം ആദ്യ പാപത്തെക്കാൾ അധികം ഘനവും ആപത്തുമുള്ളതാണ്. കാരണം പറയാം. (ക) ക്ഷമയുടെ ശേഷമുള്ള പാപം അധിക ദ്രോഹവും കൃതഘ്നതയുമാണ്. – (ഖ) പാപാവസ്ഥനം ആദ്യ പാപത്തെ പുതുക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാൽ അധഃപതനം വലുതും ഭയാനകവുമാകുന്നു. – (ഗ) വീണ്ടും പാപം ചെയ്യുവനെ ദൈവം ദ്വേഷിക്കുയും വെറുക്കുകയും പരിത്യജിക്കുയും കഠിനമായി ശിക്ഷിക്കുയും ചെയ്യും. "കണ്ടാലും നീ സുഖമാക്കപ്പെട്ടിരിക്കുന്നു. നിനക്ക് അധികം ഹീനമായ യാതൊന്നും സംഭവിക്കാതിരിക്കേണ്ടതിനായി ഇനിമേൽ പാപം ചെയ്യരുതു" (Joan. V. 14.) എന്ന് ക്രീസ്തു, താൻ സുഖമാക്കിയ രോഗിയോടുപദേശിച്ചതിന്റെ കാരണം ഇതാണ്. "ഈ വാക്കുകൾകൊണ്ട്, ഒരുത്തൻ പേർത്തു പാപം ചെയ്യുക നിമിത്തം അധികം ഹീനമായ തിന്മയിൽ ഉൾപ്പെടുന്നെന്നു തെളിയിച്ചു. വസ്ത്രം ഉത്സാഹപൂർവ്വം കഴുകുകയും കഴുകിയതിനെ വീണ്ടും ചെളിയിൽ മുക്കുകയും ചെയ്താൽ എന്തുപകാരം? കൈകഴുകുകയും കഴുകിയ കൈയെ മലിനമാക്കുകയും ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനം?" എന്നാണ് സിറിൽ (Cyrillus) ചോദിക്കുന്നതു. വ്യഭിചാരിണിയെ വിമുക്തയാക്കിയശേഷം "നീ പോകുക, ഇനി ഒരിക്കലും പാപം ചെയ്യരുതു" (Joan. VIII. 11) എന്നു ക്രീസ്തു കല്പിച്ചതിന്റെ കാരണവും ഇതുതന്നെ. "രോഗശാന്തി പ്രാപിച്ചയാൾ രോഗശമനത്തിന്റെ ശേഷം അമിതമായ ജീവിതംകൊണ്ട് വീണ്ടും രോഗത്തിലുൾപ്പെടുന്നെങ്കിൽ ഔഷധപ്രയോഗം നിഷ്ഫലമാണ്. മാത്രമല്ല, വീണ്ടും വർദ്ധിക്കുന്ന രോഗം ആദ്യരോഗത്തേക്കാൾ ആപൽക്കരവുമായിരിക്കും. മരണം കുറെക്കൂടി സമീപിക്കുകയും ചെയ്യുന്നു. ആദ്യരോഗം മൃതിപ്പെ

ട്ടത്താത്തവരെയും സുഖപ്രാപ്തിയുടെശേഷം വീണ്ടു വഷ്ടിച്ച രോഗം പ
ലപ്പോഴും അപായപ്പെട്ടത്തിയിട്ടുണ്ട്. പശ്ചാത്തപിച്ച ശേഷം വീണ്ടും
പൂവ്വ് ജീവിതത്തിന്റെ അധമ്മങ്ങളിലേക്ക് പിന്തിരിയുന്നെങ്കിൽ പശ്ചാ
ത്താപമെന്ന ഔഷധം വൃഥാ സേവിക്കുന്നു. ഈ രണ്ടാമത്തേതു് ആ
ത്മാവിന്നു് അധികം ആപൽക്കരമായ രോഗമാണു്" എന്നു് പാരീസി
ലെ ഒരുഭിഷഗ്വരൻ (Judocus Clictovaeus, doctor parisiensis)
പറയുന്നുണ്ടു്. – വി. ക്രീസോസ്റ്റോമസ് (Serm. De Lapsu primi
hominis) പറയുന്നതു ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നു: "ക്ഷാ
ന്തിയുടെ ശേഷം പാപം ചെയ്യരുതു്; സുഖമായ ശേഷം മുറിവേൽപ്പി
ക്കരുതു്; അനുഗ്രഹത്തിന്റെ ശേഷം മലിനമാക്കരുതു്." അതിന്റെ
ഹേതുവും ആ വിശുദ്ധൻതന്നെ പറയുന്നതു കേൾക്കുക: "ക്ഷമയുടെ
ശേഷമുണ്ടാകുന്ന കുറ്റം അധികം കഠിനമാകുന്നു; സുഖമായശേഷം
വീണ്ടും പറ്റിയ മുറിവു് അധികം വേദനയുണ്ടാക്കുന്നു; കൃപ ലഭിച്ച
ശേഷം ഒരുവൻ ഏറ്റവും ഹീനമായി മലിനീഭവിക്കുന്നു. എന്തെന്നാൽ
"ക്ഷമിച്ചശേഷം പാപം ചെയ്യുന്നവൻ അനുഗ്രഹത്തിന്നു് അർഹന
ല്ല; സുഖമായശേഷം സ്വയമേ മുറിവേൽപ്പിക്കുന്നവൻ സുഖത്തിനു
യോഗ്യനല്ല; അനുഗ്രഹാനന്തരം താനെ മലിനീഭവിപ്പിക്കുന്നവൻ ശു
ദ്ധീകൃതനാകുവാൻ പാത്രമല്ല" എന്നു് അദ്ദേഹം തന്നെ തുടർന്നു പ്ര
സ്താവിക്കുന്നു. ആവർത്തിച്ചുള്ള പാപത്തിന്റെ കാഠിന്യത്തെ പ്രസ്പഷ്ട
മാക്കേണ്ടതിന്നു് ആ മഹാത്മാവുതന്നെ വീണ്ടും നമ്മോടുപദേശിക്കുന്ന
തു് "പഠിപ്പുള്ള ഒരാൾ പാപം ചെയ്യുന്നതു ഘനമാണു്: പാപത്തിൽ
നിന്നു മോചിക്കപ്പെട്ടവൻ പിഴ ചെയ്യുന്നതു് അധികം ഘനമാണു്:
സ്വാതന്ത്ര്യം സിദ്ധമായ ശേഷം സംരക്ഷകനെ ദ്രോഹിക്കുന്നവൻ ദാ
സനെക്കാൾ ഹീനനാണു്" എന്നതത്രെ. വി. പത്രോസു് (Epist.
II. Cap. II. 21) താഴെക്കാണും വിധമാണു് പ്രസ്താവിച്ചിരിക്കുന്ന
തു്: "നീതിയുടെ വഴിയറിഞ്ഞ ശേഷം, അവക്കു് അറിയിക്കപ്പെട്ട പ
രിശുദ്ധമായ ആ പ്രമാണത്തിൽനിന്നു പിന്മാറുന്നതിനെക്കാൾ അതി
നെ അറിയാതിരിക്കുന്നതു് അവക്കു നന്നായിരുന്നു."– "പാപത്തിൽ
വീഴുന്നതിനെക്കാൾ വീണ്ടും വീഴുന്നതു് അധികം ഹീനമാകുന്നു" എന്നാ
ണു് വി. ബർണ്ണാർഡ് (Serm. 54. in Cant.) പറഞ്ഞിരിക്കുന്നതു്.

വ്യ. പ്രമാണമത്യാദരപൂർവ്വമോർത്തും
പ്രമാദമെന്യേ പരമാചരിച്ചും
ക്ഷമാതലേ പാക്യയഥാർത്ഥമായേൻ –
ക്കുമാര! ചൊല്ലുന്നൊരുപൂജ്യതന്നേ. XXXV. 2.

വ്യ. ദൈവം ദുഷ്ടന്മാരുടെ ബലികളെ പരിത്യജിക്കുന്നെന്നു
പറഞ്ഞുകഴിഞ്ഞു. ഏതുവിധ ബലികളെയാണു് അവിടുന്നു സ്നേഹിക്കു
ന്നതെന്നും തൻമൂലം ഏതിൽ ദൈവത്തിന്നു് ഏറ്റവും ഇഷ്ടമായ ആരാ
ധനയടങ്ങിയിരിക്കുന്നെന്നുമാണു് ഇവിടെപ്പറയുന്നതു്. അതു പ്രമാ
ണങ്ങളുടെ അനുസരണവും പാപത്തിൽനിന്നുള്ള വിയോഗവുമാണു്.

പ്രാർത്ഥന ആരാധനയുടെ ഒരു പ്രധാന ഭാഗമാണല്ലൊ. പ്രമാണങ്ങളെ അനുസരിക്കുന്നവൻ ശരിയായി പ്രാർത്ഥിക്കുന്നു. ആ അനുസരണം വളരെ പ്രാർത്ഥിക്കുന്നതിനു തുല്യവുമാണ്. കാരണം: പ്രമാണങ്ങളെ അനുസരിക്കുന്നവൻ പരോക്ഷമായും രഹസ്യമായും പ്രാർത്ഥിക്കുന്നു, എന്നുവെച്ചാൽ പ്രമാണകർത്താവായ ദൈവത്തെ ബഹുമാനിക്കുന്നു. "ഏതൊരുവൻ എപ്പോഴും വേണ്ടവിധം പ്രവർത്തിക്കുന്നുവോ അവൻ എപ്പോഴും പ്രാർത്ഥിക്കുന്നു" എന്നാണ് വി. ബസ്സിൽ (homil. in Julittam Martyrem) പറയുന്നതു്. വളരെയാളുകൾ കാള, ആട്ട് ആദിയായ ബാഹ്യ ബലികളെ ദൈവത്തിനു സമർപ്പിക്കയും ഇവയിൽ ദൈവത്തിനു് ഇഷ്ടമായ ബലിയുടെ ശക്തി സ്ഥിതിചെയ്യുന്നെന്നു കരുതി അധർമ്മ ജീവിതം നയിക്കയും ചെയ്യുന്നുണ്ട്. ഇതു പരമാബദ്ധമാണ്. ദൈവം സർവ്വപ്രധാനമായി ആവശ്യപ്പെടുന്നതു്, ആത്മാവിനെ അവിടേയ്ക്കു സമർപ്പിക്കുന്നതും അവിടത്തെ പ്രമാണങ്ങൾക്കനുസരണമായി അതിനെ ബലി ചെയ്യുന്നതും ആ പ്രമാണങ്ങൾക്കു വിരോധമായ അധമാഗ്രഹങ്ങളെ നിഗ്രഹിക്കുന്നതുമായ അദൃശ്യ ബലികളേയാകുന്നു. പ്രമാണങ്ങളുടെ അനുസരണം പൂജകളെപ്പോലെ തന്നെ ദൈവസമക്ഷം വിലയും നിലയുമുള്ളതാണ്. എന്തെന്നാൽ അതു മൂലം മനുഷ്യൻ, തന്നെയും തന്റെ സർവ്വസ്വവും ദൈവത്തിനു സമർപ്പിക്കുന്നു.

യഥാർത്ഥത്തിൽ ദൈവപ്രമാണങ്ങളെ അനുസരിക്കുന്നവൻ അവിടേക്ക് അത്യന്തം ഇഷ്ടമായതും ആദ്ധ്യാത്മികവുമായ പല ബലികളെ സമർപ്പിക്കുകതന്നെ ചെയ്യുന്നു. കാരണം പറയാം. പ്രമാണത്തിനു് അനുസരണമായ ഓരോ പ്രവൃത്തിയും കീഴ്ക്കം, നീതി, ദൈവസ്നേഹം, മിതതപം ഇത്യാദികളുടെ പ്രവൃത്തിയാണ്. ഇവയെ ദൈവം അത്യധികം സ്നേഹിക്കയും തനിക്കു സമർപ്പിതമായ ബലികളിലെന്നവണ്ണം ഇവയിൽ തൃപ്തനാകയും ചെയ്യുന്നു. ഇവ കുഞ്ഞാടുകളുടെയും കാളകളുടെയും മാംസത്തെക്കാൾ ദൈവത്തിനു് ഇഷ്ടമാകുന്നു; പൂജകളെപ്പോലെതന്നെ രക്ഷസ്സുപയുക്തവുമാകുന്നു.

"നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു് ഇഷ്ടമുള്ളതുമായ ഒരു ബലിയായി ദൈവത്തിനു സമർപ്പിക്കുവിൻ" എന്നു് വിശുദ്ധ പൌലോസു ശ്ലീഹാ (Rom. XII. 1.) നമ്മോടുപദേശിക്കുന്നുണ്ട്. "നമ്മുടെ ആത്മാവു്, ഒരു താണ ഭൃത്യനെപ്പോലെയും ഒരുപകരണംപോലെയും പ്രയോഗിക്കുന്ന ശരീരത്തിന്റെ ശരിയായതും നേരായതുമായ ഉപയോഗം ദൈവസമക്ഷം എത്തുന്നതുകൊണ്ടു് ശരീരം ഒരു ബലിയായിത്തീരുന്നെങ്കിൽ, അവിടത്തെപ്രേരിലുള്ള സ്നേഹാഗ്നിയാൽ ജ്വലിച്ചു്, ലൌകികാഗ്രഹങ്ങളെ നീക്കുന്നതിനായും മാറ്റമില്ലാത്ത അവിടേയ്ക്കു കീഴ്പ്പെട്ട ത്രുപ്തരപ്പെടേണ്ടതിനായും ദൈവത്തിലേക്കു ചെല്ലുന്ന ആത്മാവു തന്നെ എത്ര വലിയ ബലിയായിരിക്കണം!!" എന്നു് ശ്ലീഹായുടെ പ്രസ്തുത വാക്കുകളെപ്പറ്റി ന്യായവാദംചെയ്തുകൊണ്ടു് വി. ആഗുസ്തീനോസ് (lib.

X. De Civitate Dei, Cap. VI) ചോദിക്കുന്നു. "നമ്മുടെ ജീവിതത്തെ ദൈവപരിക്കർമ്മത്തിനായി നാം സമർപ്പിക്കുമ്പോൾ നമ്മെത്തന്നെ ബലിയായി ദൈവത്തിനു നാം സമർപ്പിക്കുന്നു" എന്നാണ് വി. ഗ്രഗോരിയോസ് (IX. Moral. XXXI) പറയുന്നത്.

ബലിയേക്കാൾ ജഗന്നാഥ-ദൃഷ്ടിയിൽകതുകാവഹം
ദയയുംനീതിയും ചെയ്ക- തന്നേയെന്നുധരിയ്ക്കുക. (XXI. 3) എന്നു സുഭാഷിതങ്ങൾ പറയുന്നതും ഈ ഘട്ടത്തിൽ ഓർമ്മിക്കേണ്ടതാണ്.

വ്വ. പാപത്തെ വർജ്ജിയ്ക്കുകതന്നെയല്ലീ
ശാപത്തെ നീയ്ക്കുംപരിഹാരപൂജ;
കോപംവെടിഞ്ഞീശനഹംക്ഷമിപ്പാൻ
താപത്തൊടർത്ഥിപ്പതിനുംസമാനം. XXXV. 3.

വ്വ. പാപം വലുതായ ദൈവനിന്ദയും ദൈവത്തിനു വിരോധമായ വലിയ കുറവുമാണെങ്കിൽ പാപത്തെ വിട്ടകലുന്നതു് അവിടേക്കു് ഏറ്റവും ഇഷ്ടമുള്ള വണക്കവും മതാചാരവും ആരാധനയുമാണെന്നു സമ്മതിച്ചേ തീരു. ബലി ഈ മതാചാരത്തിന്റെ പ്രധാനമായ ഒരു ബാഹ്യപ്രവൃത്തിയാണ്. ആകയാൽ ഒരുത്തൻ പാപങ്ങളും അധർമ്മങ്ങളും വിട്ടകലുവാൻ നിശ്ചയിക്കുമ്പോൾത്തന്നെ ദൈവത്തെ ശാന്തനാക്കുവാൻ തുടങ്ങുന്നു. ഇതുകൊണ്ടുതന്നെ അവൻ നിശ്ശബ്ദനായി ദൈവത്തോടു ക്ഷമായാചനം ചെയ്യുകയും, സ്വച്ഛമനിഗ്രഹത്തിന്റെ ബലി സമർപ്പിക്കയും, തൻമൂലം ദൈവത്തോടുള്ള പുനരൈക്യവും പ്രസാദവും ദൈവത്തിൽ നിന്നു പ്രാർത്ഥിക്കയുമാണ് ചെയ്യുന്നതു്. മറ്റു പ്രാർത്ഥനകളും ബലികളും വേണ്ടെന്നു് ഇതിൽ നിന്നു് ആരും അനുമാനിക്കരുതു്. ഒന്നാമത്തെ പ്രാർത്ഥനയും പൂജയും പാപത്തിൽനിന്നുള്ള വിയോഗമാണെന്നേ ഇതിൽ നിന്നു മനസ്സിലാക്കേണ്ടതുള്ളു. ഈ വിയോഗമില്ലാതിരുന്നാൽ പൂജകൾ നിഷ്ഫലങ്ങളും ഇതോടു സംയുക്തമായിരുന്നാൽ വളരെ ഫലപ്രദങ്ങളുമാണ്.

പാപത്തിൽ നിന്നുള്ള വിയോഗം ആ പാപത്തിനു പ്രതിക്രിയമായ പുണ്യക്രിയകൾ മൂലമല്ലാതെ സാദ്ധ്യമല്ല. കന്യാത്വംകൊണ്ടല്ലാതെ വിഷയേച്ഛയിൽ നിന്നോ, വിനയംകൊണ്ടല്ലാതെ അഹംകാരത്തിൽ നിന്നോ, ക്ഷമകൊണ്ടല്ലാതെ ദ്വേഷ്യത്തിൽ നിന്നോ, മിതശീലംകൊണ്ടല്ലാതെ അമിതശീലത്തിൽ നിന്നോ, വിശ്വാസംകൊണ്ടല്ലാതെ അവിശ്വാസത്തിൽ നിന്നോ അകലുവാൻ ആർക്കെങ്കിലും സാധിക്കുമോ? സൽക്രിയകൾ മൂലം, അവയുടെ കാരണകർത്താവും പ്രമാണദാതാവുമായ ദൈവത്തെ വണങ്ങുകയും ആരാധിക്കയും ചെയ്യുന്നതുകൊണ്ടു് അവയെല്ലാം ദൈവാരാധനയാണ്. ദൈവത്തെ ശാന്തനാക്കുന്നതിനായി ഒരുത്തൻ ചെയ്യുന്ന പരിഹാരകർമ്മങ്ങൾ പാപപരിഹാരത്തിനായിട്ടുള്ള പൂജതന്നെ.

വൻ. കൊടുക്കണംദേവനുനിന്റെ ശക്തി-
യ്ക്കുടുത്തകാണിയ്ക്കുമതിപ്രമോദാൽ
മടുപ്പുതോന്നേണ്ട, ധനംനിനക്കാ-
യെടുത്തുതന്നുള്ളതുദൈവമല്ലേ? XXXV. 12.

നം. പാഴാകയില്ലായതുപിന്നെയൊന്നി-
ന്നേഴായ്ത്തരും ദൈവമുദാരശീലൻ
താഴാതെദേവാർച്ചനചെയ്യുകൊണ്ടാൽ
വാഴാമനന്തംതുടിവേസസൌഖ്യം. XXXV. 13.

വൻ-നം. ദൈവത്തിനു സസന്തോഷം കാഴ്ചകൾ കൊടുക്കണമെന്നുള്ളതിലേക്കു രണ്ടു കാരണങ്ങളെയാണ് ഇവിടെപ്പറയുന്നതു്: (ക) നീ കൊടുക്കേണ്ടതു് നിന്റെയും നിനക്കുള്ള സമ്പത്തിന്റെയും നാഥനായ ദൈവത്തിനാകുന്നു. നിനക്കുള്ളവ സമസ്തവും തന്നതു അവിടന്നാണ്. സ്വാവകാശത്തെ ആസ്പദമാക്കി അവിടന്നു തന്നെ അവയെ തിരികെ ചോദിക്കുന്നു - (ഖ) ദൈവം അത്യന്തം ഉദാരനാകയാൽ ഔദാര്യത്തിൽ നീ അവിടത്തെ ജയിക്കുവാൻ ഇടവരുത്തുകയില്ല. തൻമൂലം അവിടത്തെപ്പേരിൽ നീ ഔദാര്യമുള്ളവനാകുമെങ്കിൽ നിന്റെ നേരെ അവിടന്നും അത്യന്തം ഉദാരനായിരിക്കുകയും നീ കൊടുക്കുന്ന ഒന്നിനു് ഏഴുവെച്ചു തിരികെത്തരികയും ചെയ്യും. "ഏഴു" എന്നതിനു് ബഹുത്വം, പൂർണ്ണത, സാമ്പത്തികത എന്നിങ്ങനെയാണ് അർത്ഥമാക്കേണ്ടതു്.

നിനക്കുള്ളവയെല്ലാം ദൈവം തന്നതാണല്ലോ. അവിടേക്കു് എത്രയധികമെങ്കിലുമുണ്ടാക്കാൻ സാധിക്കയും ചെയ്യും. പിന്നെ എന്തിനു ഞാൻ കൊടുക്കുന്നു? എന്നു ഒരുത്തൻ ചോദിച്ചേക്കാം. മാതാപിതാക്കന്മാർ കുട്ടികൾക്കു് മധുര ദ്രവ്യങ്ങളെ കൊടുത്തശേഷം "അതെനിക്കു് താ" എന്നു് ചോദിച്ചു വാങ്ങിക്കുന്നതു കണ്ടിട്ടില്ലെ? അവയെ അവർ കൊടുത്തതും അതിലധികം ഉണ്ടാക്കുവാൻ അവക്കു സാധിക്കുന്നതുമല്ലെ? കുട്ടി സന്തോഷത്തോടുകൂടി കൊടുക്കുന്നതിൽ പ്രദർശിക്കുന്ന സ്നേഹം കണ്ടു് ആനന്ദിക്കുവാനും അതിനു പ്രതിഫലമായി പിണ്ടും അതിൽ കൂടുതലും മേത്തരങ്ങളുമായവയെ കൊടുക്കുവാനും മാത്രമാണ് അവർ ഈ വിധം ചെയ്യുന്നതു്. ഈ വിധം തന്നെ ദൈവത്തിന്റെ പേരിൽ നിനക്കുള്ള സ്നേഹവിശ്വാസാദികളെ കണ്ടു സന്തോഷിച്ചു് ഒന്നിനു ഏഴായി, എന്നുവെച്ചാൽ അളവില്ലാത്തവണ്ണം, പ്രതിഫലം നൽകേണ്ടതിനായി ദൈവവും നിന്നോടു ചോദിക്കുന്നു. സമ്പ്രദായങ്ങൾക്കായി കൊടുക്കുക ദൈവത്തിനു കൊടുക്കുക തന്നെയാണ്. അതിനാലാണ് ദ്രവ്യം സുരക്ഷിതമാകുന്നതും വർദ്ധിക്കുന്നതും. "സൽക്കാര വ്യയംതന്നെ രക്ഷണം ദ്രവ്യത്തിനെ-ന്നൽക്കാമ്പിലെല്ലാവർക്കും ബോധമുണ്ടായിടേണം."

സ്വാർത്ഥമന്യജനങ്ങൾക്കായ് – പകുക്കുന്നൊട്ടു മാനുഷർ,
അവക്കു വിത്തമെന്നാലും – വിവർദ്ധിയ്ക്കുന്ന മേല്ക്കുമേൽ. XI. 24.

എന്ന സുഭാഷിതങ്ങളിൽ "സ്വപ്നവിജ്ഞാനി"യും പറയുന്നില്ലേ? സൽക്കാര്യങ്ങൾക്കു വ്യയം ചെയ്യാത്തവരുടെ ധനം നഷ്ടീഭവിക്കുന്നതായും നാം കണ്ടവരുന്നു. മേൽപ്രസ്താവിച്ചതിൽനിന്ന് ഇതിന്റെ കാരണം സ്പഷ്ടമാണല്ലൊ.

൯൫. അനാഥനർത്ഥിപ്പതുസംശയാംശം
വിനാശ്രവിയ്ക്കുന്നജഗത്തിനീശൻ.
അനാഥചെയ്യും പരിദേവനംതെ–
ല്ലുന്നാദരിയ്ക്കില്ലഖിലൈകനാഥൻ. XXV. 17.

൯൫. ഇതിൽ പറയുന്ന കാര്യം പലേ സംഭവങ്ങൾകൊണ്ടു വിദിതമാകയാൽ വ്യാഖ്യാനത്തിനപേക്ഷ അധികമൊന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല. കൈക്കൂലി വാങ്ങിക്കൊണ്ട് സാധുവായ വിധവയുടെ ഹൃദയംഭേദിക്കത്തക്ക വിധം അന്യായ വിധി പ്രസ്താവിക്കയും മനോവേദനയോടുകൂടിയ അവളുടെ പ്രാർത്ഥനയ്ക്കനുസരണമായി ആക്ഷണം മുതൽ ഉദ്യോഗ നിവ്വഹണത്തിനു വശംവദനായിത്തീരുകയും ചെയ്യുന്ന ന്യായാധിപന്റെ സംഗതി അധികം മുമ്പല്ലാതെ നടന്നിട്ടുള്ളതാകയാൽ പലർക്കും അറിവുള്ളതായിരിക്കാം. ഈ വിധ സംഭവങ്ങൾ ഓർക്കുമ്പോൾ:

പക്ഷിണാംബലമാകാശം – മത്സ്യാനാമുദകംബലം
ദുർബ്ബലസ്യ ബലം രാജാ – ബാലാനാം രോദനം ബലം. – എന്നുള്ള നീതിസാര വാക്യത്തിലെ ഏതെങ്കിലും ഒരു പാദം ഉപേക്ഷിച്ചുകൊണ്ടെങ്കിലും "അനാഥന്മാർക്ക് ഈശ്വരൻ ബലം" എന്ന് അർത്ഥം വരത്തക്ക ഏതെങ്കിലുംക്രമേണ ചേർക്കേണ്ടതല്ലയൊ എന്നു തോന്നിപ്പോകുന്നു.

൯൬. കവിൽത്തടത്തിൽ പ്രവഹിയ്ക്കുമസ്രം
ജവത്തൊടെത്തും നിഖിലേശപാദേ
അവൽക്കടുഃഖത്തെവരുത്തുവോനിൽ
വിവർദ്ധമാകുംജഗദീശകോപം. XXV. 19.

൯൬. പരിത്യക്തരായും നാനാഭാഗത്തു നിന്നുമുള്ള ഉപദ്രവങ്ങൾക്കു വിധേയരായും ന്യായരഹിതമായി ബലവാന്മാരാൽ പീഡിതകളായുമിരിക്കുന്ന വിധവകളും അനാഥരും തങ്ങൾക്ക് വേറെ ആശ്രയമില്ലെന്നു കണ്ട് പീഡകളെ നീക്കുന്നതിനും തങ്ങളെ രക്ഷിക്കുന്നതിനുമായി ദൈവസമക്ഷം ആശ്രയിക്കുകയും നിലവിളിക്കുകയും ചെയ്യുന്നു. നിരാശ്രയന്മാരുടെ ആലംബമായ അവിടന്ന് അവരുടെ പ്രാർത്ഥനയും, ദീർഘനിശ്വാസത്തോടും ബാഷ്പധാരയോടുംകൂടിയ അവരുടെ നിലവിളിയും കേൾക്കുന്നു. അവരുടെ ബാഷ്പം കീഴ്പ്പോട്ടൊഴുകുന്നെങ്കിലും പ്രലാപശബ്ദം മേല്പോട്ടുയർന്ന് ദൈവത്തിൽനിന്ന് പ്രതീകാരത്തെ ആനയിക്കുന്നു. "വിധവയേയൊ അനാ

ഥനേയൊ നിങ്ങൾ ഉപദ്രവിക്കരുതു്. നിങ്ങൾ അവരെ ദ്രോഹിച്ചാൽ അവർ എന്റെ അടുക്കൽ മുറവിളിക്കുട്ടും. ഞാൻ അവരുടെ പ്രലാപത്തെ കേൾക്കും. എന്റെ കോപം ജ്വലിക്കയും വാൾകൊണ്ടു് നിങ്ങളെ ഞാൻ ഹനിക്കയും ചെയ്യും. നിങ്ങളുടെ ഭാര്യമാർ വിധവകളായും നിങ്ങളുടെ മക്കൾ അനാഥരായും ഭവിക്കും" എന്നാണു് ദൈവം (Exod. XXII. 22–24) അരുളിച്ചെയ്യുന്നതു്. പരപീഡനം നിമിത്തം അനാഥ ഒഴുക്കുന്ന ബാഷ്പം യഥാർത്ഥത്തിൽ വായുവായിപ്പൊങ്ങി അവളുടെ പീഡകന്മാരുടെ മേൽ മഴയും മിന്നലും ഇടിയും ഹിമവാതവുമായിത്തിരിച്ചുവരുന്നു.

ഒരിദ്രനെ വലയ്ക്കുന്ന– മനുഷ്യാധമനേവനും
അവന്റെ നാഥനെപ്പാരം– കോപിപ്പിയ്ക്കുന്ന നിശ്ചയം.
XIV. 31.

എന്നല്ലേ സുഭാഷിതങ്ങളിൽ പറഞ്ഞിരിക്കുന്നതു്?

ൻ൯. ചാരുസ്വഭാവം കലരുന്നനാരി–
യ്ക്കാരുത്തമശ്രീകലരുംമണാളൻ?
നേരുറ്റ സമ്പത്തുകരത്തിലായി–
ത്തീരുന്നുതന്മൂലമവന്നു നൂനം. XXXVI. 26.

ൻ൰. ധാരാളമുണ്ടാളുകളോതിടാൻ"ഞാൻ
പേരാളുമങ്ങേയ്ക്കാരുമിത്ര"മേവം
ആരായുകിൽക്കാണുമരിൽപ്പുലക്ഷം
പേരാലെമാത്രം സുത! ബന്ധുഭാവം. XXXVII. 1.

ൻ൰. "ഞാൻ നിങ്ങളുടെ ബന്ധുവാകുന്നു"വെന്നു് യഥാർത്ഥമിത്രവും അയഥാർത്ഥമിത്രവും രണ്ടുപേരും ഒരുപോലെ പറയും. എന്നാൽ സൂക്ഷിച്ചുകൊള്ളണം. സാക്ഷാൽ മിത്രങ്ങളുണ്ടു്: മിത്രഭാവത്തിൽ വരുന്ന ശത്രുക്കളുമുണ്ടു്.

സാക്ഷാലുള്ള സ്നേഹിതനെ സാക്ഷാത്തല്ലാത്ത സ്നേഹിതനിലും ശത്രുവിലുംനിന്നു് തിരിച്ചറിവാനുള്ള ലക്ഷണത്തെപ്പറ്റി അരിസ്റ്റോട്ടൽ (lib. I. Magnorum moral. Cap. XXV.) പറയുന്നതു കേൾക്കുക: "മൈത്രി, ഒത്തുകൊള്ളലിന്റെയും (assentatio) ശത്രുതയുടെയും മദ്ധ്യസ്ഥിതിയും, വാക്കിലും പ്രവൃത്തിയിലും സ്ഥിതിചെയ്യുന്നതുമാകുന്നു. ഒത്തുകൊള്ളുന്നവൻ (assentator) ഇല്ലാത്തതും ചേരാത്തതുമായ കാര്യങ്ങളെ ഒരുത്തനുള്ളതായി പ്രസാവിക്കുന്നു. എന്നാൽ ശത്രു ഉള്ളതുകൂടിയും ഇല്ലെന്നു പറയുന്നു. ഇവരിരുവരും സൂത്യർഹന്മാരല്ല. ഇവരുടെ മദ്ധ്യസ്ഥിതനാണ് ബന്ധു. ഇവൻ ഉള്ളതിലധികം ഒരുത്തനുള്ളതായി മുഖാവിൽ പ്രസാവിക്കുകയൊ, ചേരാത്ത കാര്യങ്ങളെപ്പറ്റി പുകഴ്ത്തുകയൊ ചെയ്യുന്നില്ല. മറിച്ചു്, ചെല്ലേണ്ടതെന്നു കരുതുന്നതിൽ ഒന്നെങ്കിലും കുറയ്ക്കുകയാകട്ടെ തിരെ പ്രതികൂല ഭാവത്തിൽ വർത്തി

ക്കുകയാകട്ടെ ചെയ്യുന്നുമില്ല. ഇവനാണ് ബന്ധു.” സ്തുതിപാഠകൻ കാകനാകുന്നുവെന്നാണ് പ്ലൂറാക്ക് (Plutarchus in Moral.) പറയുന്നത്. അതിന്റെ കാരണം അദ്ദേഹംതന്നെ പ്രസ്താവിക്കുന്നത് ഈ വിധമാണ്. “കാകൻ പറന്നുചെന്ന് മൃതശരീരങ്ങളുടെ കണ്ണുകളെ കൊത്തുന്നതുപോലെ സ്തുതിപാഠകന്മാർ അവരുടെ സ്തുതികൾകൊണ്ട് മനുഷ്യന്റെ ബുദ്ധിയേയും ബോധത്തേയും നഷ്ടമാക്കുന്നു. മുയൽ നായ്ക്കളേയും, ബന്ധു സ്തുതിപാഠകനേയും ജന്മശത്രുക്കളായിക്കരുതേണ്ടതാണ്. ആക്ഷേപവാദം ചെയ്യുന്നവരെപ്പറ്റിയാണ് സ്തുതിപാഠകന്മാരെപ്പറ്റിയെന്നതിലധികം നാം സന്തോഷിക്കേണ്ടതു്. ആദ്യത്തെ ഇനത്തിൽപ്പെട്ടവർ കഠിന പദങ്ങൾകൊണ്ട് മനസ്സിനെ ഉണർത്തുന്നു. രണ്ടാമത്തെ ഇനക്കാരകട്ടെ സംതൃപ്തി വരുത്തിക്കൊണ്ട് മനസ്സിനെ കലക്കുകയും മേൽകീഴ് മറിക്കയും ചെയ്യുന്നു.”– “സ്തുതിപാഠകൻ കാകനെക്കാൾ നികൃഷ്ടനാണ്. എന്തുകൊണ്ടെന്നാൽ അവൻ (സ്തുതിപാഠകൻ) സജീവനേയും ഇവൻ (കാകൻ) മൃതനേയും വിഴുങ്ങുന്നു” എന്ന് ഡിമോസ്തെനെസും (Demostenes), “കാകൻ മരിച്ചവന്റെ കണ്ണിനെ നഷ്ടമാക്കുന്നു, സ്തുതിപാഠകനാകട്ടെ ആത്മാവിന്റെ കണ്ണുകളെ അന്ധമാക്കുന്നു” എന്ന എപ്പിക്റ്റെറ്റസും (Epictectus) മേൽ പറഞ്ഞതിനെ തുടർന്നു പ്രസ്താവിച്ചിരിക്കുന്നു. “ഭക്ഷണം കൊടുത്തു വളർത്തുന്നവരേ കടിക്കുന്ന പട്ടിയെപ്പോലെ സ്തുതിപാഠകൻ അവനെ സംരക്ഷിക്കുന്നവരെ വിഴുങ്ങുന്നു” എന്നാണ് ഫവൊറീനസ് (Phavorinus) പ്രസ്താവിക്കുന്നത്.

൯൭. കനത്തഭീയോടഖിലേശനെത്തൻ–
മനക്കരുന്നിൽക്കരുതുന്നപൂജ്യൻ
നിനക്കുദിയ്ക്കുംവ്യഥയിൽത്തപിപ്പോൻ
നിനയ്ക്കുണംനിൻസഖിയായ് ഭവിപ്പാൻ.

XXXVII. 15–16.

൯൭. ആരോടു സഖിതവും ആലോചനയും പാടില്ലെന്ന് ഇതുവരേ പറഞ്ഞു. ആരോടാണ് അവയുണ്ടാകേണ്ടതെന്നു പറയുവാൻ തുടങ്ങുന്നു. നമ്മുടെ സുഖക്കേടും ആലോചനക്കാരുമായിരിക്കേണ്ടതു് പരിശുദ്ധന്മാരും ദൈവഭയമുള്ളവരുമാണ്. അവർ അത്യന്ത സൂക്ഷ്മത്തോടുകൂടി സംരക്ഷിക്കുന്ന ദൈവസ്നേഹത്തിനും ദൈവഭയത്തിനും അനുയോജ്യമായതിനെ മാത്രമെ ഉപദേശിക്കയുള്ളു എന്നുള്ളതാണ് ഇതിന്റെ കാരണം. ദീ, അജ്ഞതയുടെയൊ അവിവേകത്തിന്റെയൊ ദുരാഗ്രഹങ്ങളുടെയൊ കഷ്ടതകളുടെയൊ അന്ധകാരം നിമിത്തം കാൽ തെറ്റി വല്ല അബദ്ധത്തിലൊ പാപത്തിലൊ നഷ്ടത്തിലൊ ഉൾപ്പെട്ടുന്നതിനിടയായാൽ ഇങ്ങനെയുള്ളവർ നിന്നോടുകൂടി ഹൃദയപൂർവ്വം സഹതപിക്കയും ആലോചനകൊണ്ടും പ്രവൃത്തികൊണ്ടും ധനംകൊ

ണ്ടും നിന്നെ ഉദ്ധരിക്കുവാനും നിന്നെ ദൃഢീകരിക്കുവാനും ശ്രമിക്കയും ചെയ്യാതിരിക്കയില്ല.

ൻന്നാ. അധമ്മ ധമ്മങ്ങളറിഞ്ഞിടേണ്ടും
വിധങ്ങളേകുന്ന മനുഷ്യബോധം
അധഃകരിയ്ക്കാരകതാരിൽ വേണ്ടും–
വിധം പുലത്തേണമതുല്യവിത്തം. XXXVII. 17.

ൻന്നാ. ആലോചന വിവേകിയോടും വിശുദ്ധനോടും മാത്രമല്ല, തന്നോടുതന്നെയും ചെയ്യാനാവശ്യമാണ്. അതിനാൽ നിന്റെ ഹൃദയത്തെ (മനസ്സിനെ) ഒരു ന്യായാസനമായി സ്ഥാപിച്ച് ഏതാണ് ചെയ്യേണ്ടതെന്നുള്ള സന്ദേഹത്തിൽ അതിനോട് ആലോചിക്കുക– എന്നുവെച്ചാൽ നാനാമുഖത്തുനിന്നും സംഗതി നല്ലപോലെ പരിശോധിക്കുക. നീ ഈ വിധം ചെയ്യുമെങ്കിൽ നിന്റെ മനസ്സ് (ഹൃദയം) ഉത്തമനായ ഒരു ആലോചനക്കാരനായിരിക്കും. ഇതിനായിട്ടാണ് ദൈവം മനുഷ്യനു ഹൃദയം, ബുദ്ധി, ന്യായബോധം ഇവയെ പ്രദാനം ചെയ്തിട്ടുള്ളത്. "ദൈവമേ! അങ്ങയുടെ മുഖത്തിന്റെ പ്രകാശം ഞങ്ങളുടെമേൽ പതിക്കപ്പെട്ടിരിക്കുന്നു" (Ps. IV. 7.) അതെ, മനുഷ്യബോധം ദൈവചിത്തത്തിലുള്ള നിത്യബോധത്തിൽനിന്ന് ഉൽഭ്രതമായിട്ടുള്ളതാണ്.

"ആലോചനയോടുകൂടിയുള്ള താമസം ആലോചനയില്ലാതുള്ള ധൃതിയെക്കാൾ നല്ലതാകുന്നു. ജീവിതത്തിന്റെ വിളക്കായ ആലോചന എപ്പോഴും പുരോഗമനം ചെയ്യട്ടെ." എന്നാണ് വി. ഗ്രെഗോരി നസ്യാൻസെൻ പറയുന്നത്. "ഏതൊരു കാര്യത്തിലും, അതിനുമുമ്പ് എന്തുണ്ടായി എന്നും പിമ്പ് എന്തു സംഭവിക്കുമെന്നും ആലോചിച്ചു പ്രവർത്തിക്കുക" എന്ന് വി. ക്രിസോസ്തോമോസ് ഉപദേശിക്കുന്നു. "ആലോചനയില്ലാത്തെടത്ത് ജനം അധഃപതിക്കുന്നു. എന്നാൽ വളരെയാലോചനയുള്ളെടത്തു രക്ഷ"യുണ്ട് (XI. 14) എന്നും,

വിജ്ഞാനംമൂലമായ് വീട– പണിയപ്പെടുമെപ്പൊഴും;
വിവേകമതിനെപ്പുരം– ബലവത്താക്കുമനവരതം,

XXIV. 3.

എന്നും സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ.

ഏതൊരു കാര്യത്തെപ്പറ്റി ആലോചിക്കുമ്പോഴും താഴെപ്പറയുന്ന മൂന്നു സംഗതികൾ ഓർമ്മിക്കേണ്ടതാണ്– (ക) വിവേകിയായ ഒരുത്തൻ ഇക്കാര്യത്തിൽ എന്തു തീരുമാനം ചെയ്യും? അതുതന്നെ ഞാനും നിശ്ചയിച്ചു സ്വീകരിക്കണം. ഈ വിധം ചെയ്യുമ്പോൾ സ്വാർത്ഥമല്ല, വിവേകിയുടെ ആലോചനയെത്തന്നെയാണ് ഞാൻ അനുഗമിക്കുന്നത്– (ഖ) എന്റെ ഇപ്പോഴത്തെ അവസ്ഥയിൽ എന്റെ ഒരു സ്നേഹിതൻ ഇരിക്കയും എന്നോട് ആലോചന ചോദിക്കയും ചെയ്താൽ

ഞാൻ എന്തുപദേശിക്കും? അതുതന്നെ എന്നോടും ഞാൻ ഉപദേശിക്കേണ്ടതാണ് – (൩) മരണസമയത്തിലും ഈ പ്രവൃത്തിയെപ്പറ്റി ന്യായവാദം ചെയ്യേണ്ട വിധി സമയത്തിലും ഏതുവിധം ചെയ്തിരുന്നെങ്കിൽ നന്നായിരുന്നെന്ന് ഞാൻ ആഗ്രഹിക്കും? അതുതന്നെ ഇപ്പോൾ ഞാൻ നിശ്ചയിക്കയും പ്രവർത്തിക്കയും ചെയ്യണം. അജ്ഞതാ, സ്വസ്നേഹം, ദുരാശകൾ എന്നിവ മനുഷ്യനെ അന്ധനാക്കുന്നതുകൊണ്ട് കഴിവുള്ളപ്പോഴെല്ലാം അന്യന്റെ ആലോചന അനുഗമിക്കുന്നതാണുത്തമം. ആത്മോദ്ദേശ്യക കാര്യങ്ങളിൽ ഒരുവനും ശരിയായ വിധിക്കാവല്ല എന്നൊരു അപൂർവാക്യവുമുള്ളതാണല്ലൊ.

ദൈവത്തിൽ നിന്റെവിശ്വാസം സ്വയം സ്ഥാപിച്ചുകൊള്ളണം;
സ്വീയമായവിവേകത്തെ– യാശ്രയിക്കേണ്ടൊരിക്കലും.

III. 5.

എന്നുള്ള സുഭാഷിത വാക്യവും ഈ ഘട്ടത്തിൽ ശ്രദ്ധേയംതന്നെ.

൯. ഇളച്ചുമാറാതെ സദാസുമാർഗ്ഗേ
വുളച്ചുകേറാൻ വഴികാട്ടിടുന്നോർ
വിളക്കുപോലുള്ളെഴുപേരിലേറ്റം
തിളക്കമേറുന്നതുമാത്മബോധം. XXXVII. 18.

൯. സ്വന്തബോധംപരിശുദ്ധവും സ്വീകാര്യവുമായിരുന്നാൽ സന്ദേഹങ്ങളിൽ അതിനോടും ആലോചിക്കേണ്ടതാണെന്നു മുകളിൽപ്പറഞ്ഞതിനേ തെളിയിക്കുന്നു. പരിശുദ്ധനും വിവേകിയുമായ ഒരുവന്റെ ബോധം, സ്വയവും നോക്കിക്കണ്ടുകൊണ്ട് നാം എന്താണു ചെയ്യേണ്ടതെന്ന് നമ്മോടു വിളിച്ചറിയിക്കുന്ന ഏഴു്, എന്നുവെച്ചാൽ നിരവധി, നിരീക്ഷകന്മാരെക്കാൾ നല്ലവണ്ണം നമ്മെ സത്യം അറിയിക്കുന്നതാണ്.

ഈ ബോധം നമ്മിൽ ജനിക്കുന്നതു് നമ്മുടെ ജീവിതപരിശുദ്ധതയിൽ അഥവാ പരിശുദ്ധമായ ആത്മാവിൽ നിന്നാകുന്നു. തിയ്യുക്കളെക്രൂടിയും തെറ്റാതെ നടത്തുന്ന ദൈവം, തന്റെ ഇഷ്ട ജനങ്ങളെ പ്രകാശിപ്പിക്കയും ഭരിക്കയും നടത്തുകയും ചെയ്യുന്നതുകൊണ്ട്, ഒരുത്തൻ സാക്ഷാൽ ദൈവഭയമുള്ളവനായിരുന്നാൽ മറുസകലരേയുംകാൾ ഉത്തമമായ വിധത്തിൽ സ്വന്തകാര്യങ്ങളെ ആലോചിക്കുവാൻ പര്യാപ്തനാകും. ദൈവപ്രകാശമുള്ളവർ അനവധി ധീമാന്മാരെക്കാൾ നല്ലവണ്ണം സത്യം ഗ്രഹിക്കുന്നതിൽ എന്താണാശ്ചര്യം?

പരിശുദ്ധമായ ഒരാത്മാവു് സത്യം പറയുകയും പരിശുദ്ധഹൃദയം വിശ്വാസപൂർവ്വം ആലോചന നൽകുകയും ചെയ്യുന്നെങ്കിലും, ആലോചന നൽകുന്നതിന്ന്, പരിശുദ്ധതക്കു പുറമെ, പരിപ്പുംപരിചയവും നിരീക്ഷണവും കൂടി ദൈവം ആവശ്യപ്പെടുന്നതുകൊണ്ട്, യുവാക്കന്മാർ എത്രതന്നെ നല്ലവരായിരുന്നാലും ആലോചനക്കാരാകുന്നതിന്ന് അത്ര തക്കവരല്ലെന്ന് പലാസിയസ് (Palacius) പറയുന്നു.

"ദരിദ്രന്റെ ആലോചനയും തിരസ്കരിക്കേണ്ടതല്ലെ" ന്നാണ് വി. ബൊനവെന്തുരാ (S. Bonaventura, Cap XII. Vita S. Francisci) പ്രസ്താവിക്കുന്നത്.

"കുറഞ്ഞവരിൽനിന്നിട്ടും കുറവല്ലറിയുന്നത്" എന്നു ബാല്യത്തിൽ നാം പഠിച്ചിട്ടുള്ളതിനോട് ഇതു യോജിക്കുന്നുമുണ്ടല്ലൊ.

൯വ. സത്യംധരിച്ചപ്രഥിനിന്റെ പാദം
കൃത്യംതൃജിയ്ക്കാതെ നടക്കുവാനായ്
സ്തുത്യൻജഗൽക്കാരണനീശനേ നീ
നിത്യംനമിയ്ക്കുണമിതാണു മുഖ്യം. XXXVII. 19.

൯വ. നാം ആലോചിക്കേണ്ടതു് നീതിമാനായ വിവേകിയോടാണെന്ന് ൯൪–ാംശ്ലോകത്തിലും, നീതിയും ഭക്തിയുമുള്ള സജ്ജനഹൃദയങ്ങളോടാണെന്ന് അടുത്ത രണ്ടു ശ്ലോകങ്ങളിലും പ്രസ്താവിച്ചുകഴിഞ്ഞു. ഇവയൊക്കെക്കാൾ മുഖ്യമായും സർവ്വപ്രധാനമായും സർവ്വലോകനിയന്താവായ ദൈവത്തോടു നാം ആലോചിക്കുണമെന്നാണ് ഇവിടെപ്പറയുന്നത്. നല്ല ആലോചനകളെ തോന്നിക്കുവാനും തെറ്റും അവിവേകവും പാപവുംകൂടാതെ സത്യത്തിൽ അവയെ പ്രവൃത്തിയിൽ വരുത്തുവാനും സൽഫലങ്ങളെ ഉളവാക്കുവാനുമായിട്ടു നാം ദൈവത്തെ പ്രാർത്ഥിക്കണം.

ബർസിറാ ഈ വാക്യംകൊണ്ടു നമ്മോടുപദേശിക്കുന്നതു് സർവ്വകാര്യങ്ങളും, വിശിഷ്യആലോചനകളും, ദൈവത്തിൽ ആരംഭിക്കണമെന്നാണ്. ഇസ്രായേലിനെ ഭരിച്ചിരുന്ന മൂശ, സന്ദേഹകാര്യങ്ങൾ തീർപ്പു ചെയ്യുന്നതിനു മുമ്പ് എപ്പോഴും ദൈവത്തോടാലോചിച്ചിരുന്നു. മൂശയുടെ അനുഗാമിയായ യോസുവെയും ഈ വിധംതന്നെയാണു ചെയ്തിരുന്നതു്. ഇങ്ങനെ ചെയ്യാൻ ഉപേക്ഷ വരുത്തിയപ്പോൾ, ഗബഓനിത്തരാൽ വഞ്ചിക്കപ്പെടുകയുമുണ്ടായി. (Josue, IX. 14) തോബ്യിയാസ് മകനോടു പറയുന്നു: "എപ്പോഴും ദൈവത്തെപ്പുകഴ്ത്തുക; നിന്റെ കാൽത്തളിരുകളെ നടത്തുന്നതിനും നിന്റെ ആലോചനകളെല്ലാം അങ്ങേപ്പുക്കൽ നിലനിൽക്കുന്നതിനുംവേണ്ടി അവിടത്തെ പ്രാർത്ഥിക്കുക". (Cap IV. 20) മഹാകാര്യങ്ങൾ തുടങ്ങുന്നതിനു മുമ്പ് ക്രിസ്ത്യാനികൾ ജപപൂജാദികൾ നടത്തുന്നതു് ഇതിനാലാണ്. ക്രിസ്തീയവിദ്യാലയങ്ങളിൽ പാഠാരംഭത്തിനു മുമ്പ് ഈശ്വരസഹായം പ്രാർത്ഥിക്കുന്നതിന്റെ കാരണവും ഇതുതന്നെ. ക്രിസ്തുതരമാരും ഈ വിധംതന്നെ ചെയ്യുവാനിരുന്നതായിക്കാണുന്നു. "മരണമില്ലാത്തവരായ ദേവന്മാരുടെ സഹായവും ആലോചനയും സഹവർത്തനവും കൂടാതെ ശരിയായും വേണ്ടവിധത്തിലും യാതൊന്നും ചെയ്യുന്നതിനു് മനുഷ്യർക്കു സാധിക്കാത്തതുകൊണ്ടു് ചെയ്യുന്ന എല്ലാകാര്യങ്ങളേയും പ്രാർത്ഥനകൊണ്ടു് ആരംഭിക്കുത്തക്കവണ്ണം നമ്മുടെ പൂർവ്വന്മാർ യുക്തമായും വി

വേകത്തോട്ടുകൂടിയും നിശ്ചയം ചെയ്യു'' എന്ന് പ്ലിനി (Plinius, initio Panegyrici: Vide Horatius, lib. III. ode. 6.) പ്രസ്താവിച്ചിരിക്കുന്നു. ഷിപ്പിയോ (Scipio) യെപ്പറ്റി ലിവി (Livius, lib. XXVI.) പറയുന്നത് "കപ്പിത്തോലിയം (Capitolium) എന്നസ്ഥലത്തുള്ള ക്ഷേത്രത്തിൽ പ്രവേശിച്ച് മിക്കപ്പോഴും അവിടെ ആലോചനയിൽ തനിയേ സമയം കഴിച്ചശേഷമല്ലാതെ പൊതുവായതോ, തനതായതോ ആയ യാതൊരുകാര്യവും ഒരിക്കലും അദ്ദേഹംചെയ്തിട്ടില്ല'' എന്നാണ്. "റോമായുടെയും ഇറലിയുടേയും പരിത്രാതാവും ഹന്നിബലിന്റെ വിജേതാവും കാത്തെയ്ജിനെ പൊടിയാക്കിയവനുമായ ഷിപ്പിയോയുടെ ബാല്യവും ആയുഷ്കാലം മുഴവൻതന്നെയും ദേവന്മാക്ക് പ്രതിഷ്ഠിതമായിരുന്നെന്നും, (അദ്ദേഹം) ക്ഷേത്രത്തിൽ വളർത്തപ്പെട്ടെന്നും വിവരിക്കപ്പെട്ടന്നു'' എന്ന് ആ യുദ്ധവീരനെപ്പറ്റി വി. ആഗസ്തീനോസും (lib. III. De. Civit. Dei, Cap. XXI.) പറയുന്നുണ്ട്.


൯൯. സത്യാനുസാരംഭവകാര്യമെല്ലാം
വ്യത്യാസമില്ലാതെ നടത്തിടേണം
സത്യാവഹാലോചനയും നിരന്തം
കൃത്യാഗ്രഭാഗേ നടകൊണ്ടിടേണം. XXXVII. 20.

൧൦൦. മനസ്സിനെശ്ശോധനചെയ്യുവാനായ്
നിനയ്ക്കുണംമൽസുത! ജീവകാലേ
അനർത്ഥമാണായതുചേർപ്പതെന്നാ–
ലനങ്ങുവാനും പിടനൽകിടൊല്ല XXXVII. 30.

൧൦൦. വിജ്ഞാനി തെറ്റുകളേയും ദുരാശകളേയും സ്വാത്മാവിൽനിന്ന് ബഹിഷ്കരിച്ച് നാനാതര സുകൃതബീജങ്ങളെ അതിൽ വിതച്ചു വളർത്തേണ്ടതാണ്. അതിനാൽ നിന്റെ മനസ്സിന്റെ ഗതി, എന്നു വെച്ചാൽ ആഗ്രഹങ്ങളും ചാഞ്ചില്യങ്ങളും, നല്ലപോലെ പരിശോധിക്കണം അവ തിന്മയിലേക്ക് ആസക്തിയോടുകൂടിയിരിക്കുന്നെന്നു കണ്ടാൽ അതിനെ അയച്ചുവിടരുതു്. ക്രമവിരുദ്ധമായവയിൽനിന്നും, അങ്ങനെയുള്ളവയിലേക്കു വഴിയെളുപ്പമാക്കുന്ന ക്രമവിരോധമില്ലാത്തവയിൽനിന്നും അതിനെ നിയന്ത്രിക്കണം. വളരെ തീഷ്ണതയോടുകൂടി നാം ആഗ്രഹിക്കുന്ന ക്രമാനുസൃതങ്ങളായവയിൽനിന്ന് ക്രമവിരുദ്ധങ്ങളായവയിലേക്കു കടക്കുക വളരെ എളുപ്പമാണെന്ന് അനുഭവംകൊണ്ടുതന്നെ പലർക്കും ബോധപ്പെട്ടിട്ടുള്ളതാണല്ലൊ. മദ്യംസേവിക്കുന്നവൻ ഉന്മത്തനായില്ലെങ്കിലും മിതത്വംകടന്നുപോകുന്നില്ലേ? അതിനാൽ നിന്റെ മനസ്സിന്റെ മടക്കുകളെയെല്ലാം പരിശോധിച്ച് ഏതു തെറ്റുകളിലേക്കു ചാഞ്ഞിരിക്കുന്നെന്നു കണ്ടുപിടിച്ച് അവയിൽനിന്ന് അതിനെ മാറ്റി ബന്ധിച്ച് അവയ്ക്കുതിരായവയിലേക്ക് അടിച്ചു നടത്ത

ണം. അഹംഭാവത്തിലേക്കു ചാഞ്ഞിരിക്കുന്നെങ്കിൽ വിനയത്തിലേക്ക് ബലമായി നടത്തി താഴ്ന്ന വിചാരം, പ്രവൃത്തി, ജോലി ഇവയിൽ പരിശീലിപ്പിക്കുക. ദ്രവ്യാഗ്രഹത്തിലേക്കാണ് ഗതിയെങ്കിൽ, ഔദാര്യത്തിലേക്കും; കോപത്തിലേക്കെങ്കിൽ, സൌമ്യതയിലേക്കും; ഭക്ഷണപ്രിയത്തിലേക്കെങ്കിൽ, മിതഭോജനം ഉപവാസം ഇവയിലേക്കും നടത്തണം. ഒഴുക്കു വിലങ്ങി വള്ളംവസ്സുന്നതു് എങ്ങനെയാണെന്നു കണ്ടിട്ടില്ലേ? ചാഞ്ഞുപോകുന്ന വൃക്ഷങ്ങളും വളഞ്ഞ കൊമ്പുകളും ചൊവ്വാക്കേണ്ടതിനു് മറുഭാഗത്തേക്കു ചായിക്കുകയല്ലേ ചെയ്യുന്നതു്?

ദ്വിതീയ സർഗ്ഗം സമാപ്തം.



തൃതീയ സർഗ്ഗം.

ക. ഗുണനിധിജഗദീശൻതന്റെ കൺമുമ്പിലാരോ
തൃണസമനൊരുപാപം ചെയ്യുമാദ്യമ്മദൻതാൻ
പണമൊടുനിണവും തൽപ്രാണനുംസംഹരിയ്ക്കാൻ
ഗുണയെഴുമൊരു വൈദ്യേന്ദ്രന്റെ കൈയ്യുള്ളിലാകും.

XXXVIII. 15.

ക. വിശുദ്ധ ലിഖിതങ്ങളിൽ രോഗങ്ങളേ കയറുകളെന്നും രോഗിയുടെ കട്ടിലിനെ കാരാഗൃഹമെന്നും പലവട്ടം പറയുന്നുണ്ട്. എന്തെന്നാൽ രോഗം പാപത്തിന്റെ ശിക്ഷയാണ്. ചില ദുർവൃത്തന്മാക്ക് മഹോദരം, അർബുദം, കുഷ്ഠം ആദിയായ രോഗങ്ങൾ പിടിപെടുന്നതായി നാംതന്നെ അറിഞ്ഞിട്ടുള്ളതും വൈദ്യശാസ്ത്രം സാക്ഷിക്കുന്നതുമാണല്ലൊ. ഈ രോഗങ്ങൾകൊണ്ട്, പാപി, കയറുകൾ കൊണ്ടെന്ന കണക്കെ ബദ്ധനായി, അസ്വതന്ത്രനായും പീഡിതനായും തീരുന്നു. കുറക്കാരെ ബന്ധിച്ച് കാരാഗൃഹത്തിലാക്കുന്ന അധികാരിയെപ്പോലെ, കട്ടിലിൽ കിടക്കുന്നതിന് രോഗിയെ വൈദ്യൻ നിർബന്ധിക്കയും, കാരാഗൃഹത്തിലെന്നവണ്ണം അരുചികരങ്ങളായ ഔഷധങ്ങൾകൊണ്ടും ശസ്ത്രക്രിയകൾ ആദിയായ പലേ പ്രയോഗങ്ങൾകൊണ്ടും അവനെ പീഡിപ്പിക്കയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നു. സ്വസമ്പാദ്യം മുഴുവൻ വൈദ്യനു കൊടുക്കുവാൻ നിർബന്ധിതനാവുകയും പലപ്പോഴും ഇവയൊന്നും ഫലപ്പെടാതെ മരിക്കുകയും ചെയ്യുന്നുണ്ട്.

സ്വസ്രഷ്ടാവും സ്വായുസ്സിന്റെയും സുഖത്തിന്റെയും എന്നല്ല സർവ്വത്തിന്റെയും ആദിമൂലവുമായ ദൈവത്തിന്റെ ദൃഷ്ടിപഥത്തിലും അവിടേയ്ക്കു വിരോധമായും പാപം ചെയ്യുന്നതിനു തുനിയുന്നവൻ അവന്റെ കൃതഘ്നതയ്ക്കും ദുഷ്ടതയ്ക്കും തക്ക ശിക്ഷയായി ഈ വിധം കഷ്ടതകൾ അനുഭവിക്കുവാൻ ഇടയാകുന്നതു സർവ്വഥാ ന്യായംതന്നെ. ഇവമൂലം പാപി തന്റെ പക്കൽ തിരിച്ചു ചെല്ലുന്നതിനു ദൈവം ആഗ്രഹിക്കുന്നു.

ഖ. കരളിൽ, മൃതനെയോർത്തിട്ടാധി തോടൊല്ല; ചാക്കും
പരമരിയ വിപത്തും വിട്ടൊരാളല്ല നീയും;
മരണദശയടഞ്ഞോൻ സ്വന്തമെയ്യോട വീണ്ടും
ധരണിയിൽവരുമാറില്ലെന്നുമോർത്തിച്ചിടേണം.

XXXVIII. 21-22.

൩. മൃതിയുടെ കൊടുവായിൽപ്പെട്ട നഷ്ടീഭവിച്ചോ—
ക്കതിരയമെഴുമീനിന്നാത്തിയാലെന്തു സാദ്ധ്യം?
മരി, മതികടനത്തെ ദ്ദൂരവേനീക്കിടാഞ്ഞാ—
ലതിലരിയവിപത്തിൽച്ചെന്നുചാട്ടം ക്രമത്താൽ.

XXXVIII. 22.

൨— ൩. ബന്ധുജനങ്ങൾ മരിക്കുമ്പോൾ ക്രമാതീതമായി ദുഃഖിക്കരുതെന്നുപദേശിക്കുന്നു. ഇതിലേയ്ക്കു രണ്ടു ന്യായങ്ങളെയാണ് കാണിച്ചുതരുന്നതു്. (൧) ദുഃഖിതന്നു് ആ ദുഃഖം പലവിധമായ അനർത്ഥങ്ങൾക്കും അകാല മൃതിക്കും കാരണമാകും. അതിനാൽ ദുഃഖം മൂലമുണ്ടാകുന്ന നിന്റെ മരണവും സംസ്കാരവും നീ സ്മരിക്കണം. — (൨) നിന്റെ ദുഃഖംകൊണ്ടു് മൃതൻ പുനർജ്ജീവിക്കുകയാവട്ടെ അവന്നു് ഏതെങ്കിലും പ്രയോജനമുണ്ടാവുകയാകട്ടെ ചെയ്യുന്നില്ല.

൪. മമവിധിമനതാരിൽച്ചിന്തചെയ്യേണമെന്നും
സമമൊരുവിധിതന്നേ വന്നുകൂടുംനിനക്കും
ക്ഷമയിലെയധിവാസംതീർന്നിടുന്നിന്നലെ,കേൾ
സുമതനുവുടയോനാം നിന്റെരതിനായ് ബദ്ധവിഘ്നാം.

XXXVIII. 23.

൪. മൃതൻ അതിജീവിച്ചിരിക്കുന്ന ബന്ധുവിനോടു പറയുന്നു: എന്റെ വിധി, എന്നുവെച്ചാൽ ദൈവ വിധിപ്രകാരം എനിക്കു വന്നുകൂടിയ മരണം, ഓർക്ക. ഇതുപോലെ തന്നെയുള്ള ഒരു വിധി നിനക്കും വന്നുകൂടുന്നതാണ്. അതിനു നീ തയാറാകണം. എന്റെ ആയുസ്സിന്റെ അവസാനദിവസം ഇന്നലെയായിരുന്നു. മരണം എപ്പോൾ സംഭവിക്കുമെന്നു നിശ്ചയമില്ലാത്തതിനാൽ നിന്റെതു വളരെക്കഴിഞ്ഞിട്ടെന്നു കരുതേണ്ട: ഇന്നുതന്നെയാകാം. അതിനാൽ എല്ലാ നാളും 'ഇന്നു എന്റെ അവസാന'മെന്നു കരുതുക. പ്രേതമഞ്ചത്തിന്റെ മൂടികയിലെ "ഇന്നു ഞാൻ, നാളെ നീ" എന്ന വാക്യം മൃതന്റെ ഈ വാക്കുകളെയല്ലേ നമ്മേ അനുസ്മരിപ്പിക്കുന്നതു?

മരണത്തെ വിധിയെന്നു പറയുന്നു. കാരണം: (൧) മരണം സാധാരണവും ഏവർക്കുമുള്ളതുമാകുന്നു. ഈ വേദഗ്രന്ഥത്തിന്റെ മൂലകൃതി എഴുതീട്ടുള്ള എബ്രായ ഭാഷയിൽ വിധി എന്നതിനു നടപ്പു്, പതിവു് എന്നിങ്ങനെ അർത്ഥം സുലഭമാണ്. — (൨) ആദിപിതാക്കന്മാരുടെ പാപത്തിനു ശിക്ഷയായി ദൈവം വിധിച്ചിട്ടുള്ളതാണു മരണം.— (൩) മരണംമൂലം നമ്മുടെ നന്മതിന്മകൾക്കു് അനുയോജ്യമായ നിത്യഭാഗ്യമോ നിർഭാഗ്യമോ വരുത്തുന്ന ദൈവസിംഹാസനത്തിലെ വിധിയിലേക്കു നാം പ്രവേശിക്കുന്നു.

വി. അഗ്രേം (Serm. De his qui in Domino dormierunt, Tom. III.) പ്രകൃതവിഷയത്തെപ്പറ്റി പ്രസ്താവിക്കുന്നതു കേട്ടാലും: "അനവധികാലങ്ങൾ നിശ്ചയിച്ചുവെച്ചിരുന്ന വളരെപ്പേർക്കു് അ

ടുത്ത ദിവസം കാണുവാൻ കഴിഞ്ഞില്ല: കുരികിൽ രാജാളിയാലെന്ന പോലെയും, ആട്ടിൻകുട്ടി ചെന്നായാലെന്നപോലെയും, പഥികൻ പെരുംകള്ളനാലെന്നപോലെയും, അവർ പൊടുന്നനവെ പിടിക്കപ്പെട്ടുപോയി. ഒരു വാക്കു പറയുന്നതിനൊ മരണശാസനമുണ്ടാക്കുന്നതിനൊ ഒരു പദമുച്ചരിക്കുന്നതിനൊ അവക്കു സാധിച്ചില്ല. സുഖമായിക്കിടന്നുറങ്ങിയ മറ്റു പലർ പിറെന്നാൾ മൃതരായി കാണപ്പെട്ടു. മറ്റു പലർ ഭക്ഷണത്തിനിരിക്കവെ മരിച്ചു. നടക്കുകയിലും കളിക്കുകയിലും വേറെ പലരും പെട്ടെന്നു മൃതരായി. മറ്റു ചിലർ സ്നാനം ചെയ്യുമ്പോൾ മരിക്കുകകൊണ്ട് അവരുടെ ആ കുളി ശവ ശുദ്ധികരണ സ്നാനമായിത്തീർന്നു. ചിലർ വിവാഹ ഘോഷത്തിൽ മണവറയിൽ മൃതരാകയാൽ കല്യാണ വസ്ത്രങ്ങൾ ശവസംസ്കാരത്തിന്റെതുമായിത്തീർന്നു. കല്യാണപ്പാട്ടുകളും വാദ്യഘോഷങ്ങളും മരണവിലാപങ്ങളായും പരിണമിച്ചു." വിശുദ്ധന്റെ ഈ വാക്കുകൾ 'ഡെഡീമർ' ബോട്ടിനേയും പല്ലന വളവിനെയും നമ്മുടെ സ്മരണാപഥത്തിൽ ബലേന കൊണ്ടുവരുന്നില്ലെ? ആ യാത്ര തങ്ങളുടെ അവസാന യാത്രയെന്നും ആ ദിവസം തങ്ങളുടെ അന്തിമ ദിവസമെന്നും ആ ബോട്ടകടത്തിൽപ്പെട്ട മൃതരായവരിൽ എത്രപേർ വിചാരിച്ചിട്ടുണ്ടായിരിക്കും?

അനിത്യാനിശരീരാണി– വിഭവാനൈവശാശ്വതാ:

നിത്യം സന്നിഹിതോ മൃത്യു:– കർത്തവ്യോ ധർമ്മസംഗ്രഹ: എന്നുള്ള നിതിസാരവാക്യം എത്ര അനവദ്യമായിരിക്കുന്നു! "അവൾ (മരണം) ആരുടെയും സമയംനോക്കിത്താമസിക്കുന്നില്ല; നിശ്ചിത സമയത്തു് യാതൊരു താമസവും കൂടാതെ പുറപ്പെടുവാൻ വിളിക്കുന്നു" എന്നാണ് അൽവാരേസ് ദെ പാസ് (Alvarez de Paz, Tom. II. lib. IV. "De Cognitione Sui", pars II. Cap. VII.) പറയുന്നതു്. വി. ലൂക്കാ ക്രൊ–ാം അദ്ധ്യായം ക്രന മുതൽ ക്രം വരെയുള്ള വാക്യങ്ങൾ ഈ സത്യത്തെ ധാരാളം വ്യക്തമാക്കുന്നില്ലെ?

ബസിൽ ചക്രവർത്തി സ്വപുത്രനായ ലെയൊയോടു് (Basilius Inperator, Exhort. ad Leonem filium, Cap. XLI.) മരണംമൂലം ക്ഷണത്തിൽ അവസാനിക്കുന്ന രാജ്യത്തിൽ ആശ്രയിക്കാതെ, ധർമ്മജീവിതം നയിച്ചുകൊണ്ടു് മരണത്തിനൊരുങ്ങുവാനും, തദ്വാരാ മരണമില്ലാത്ത ഭാഗ്യത്തിലും സ്വർഗ്ഗരാജ്യത്തിലും ചെന്നെത്തുവാനും ഉപദേശിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളെത്തന്നെ ഉദ്ധരിക്കാം. "വളരെ രാജാക്കന്മാർ ഈ കൊട്ടാരത്തിൽ, ക്രൂശിക്കപ്പെട്ടവരെപ്പോലെ, പാർത്തു. എന്നാൽ ചുരുക്കംപേർ മാത്രമേ സ്വർഗ്ഗരാജ്യത്തെ തങ്ങളുടെ ഭവനമാക്കിത്തീർത്തുള്ളു. പ്രേമപുത്ര! നീ പ്രവൃത്തികളുടെയെല്ലാം നിധികൊണ്ടു് ഈ ഭൗമിക രാജ്യത്തെ ശരിയായി ഭരിക്കുന്നതിനു തന്നെയല്ല, സൽപുണ്യപരിശീലനംകൊണ്ടു് സ്വർഗ്ഗരാജ്യത്തെ അവകാശമാക്കി കൈവശപ്പെടുത്തുന്നതിനും പരിശ്രമിക്കുക. ഈ കൊട്ടാരങ്ങളെല്ലാം ഇന്നു നിന്റെതാകുന്നു. ഒരുപക്ഷെ അവ നാളെ നിന്റെതല്ലായിരിക്കും. മറ്റെന്നാൾ വേറൊരുവന്റെതായിത്തീരും. അതുക

ഴിഞ്ഞ് അവ ഒരുത്തന്റെയും സ്വന്തമല്ലാത്തവിധം ഒരുവന്റെ പിറകെ മറെറാരുവന്റെതായിഭവിക്കും. വളരെ ഉടമസ്ഥന്മാർ മാറിമാറിയുണ്ടാകുന്നെങ്കിൽ യഥാർത്ഥത്തിൽ ഒരുവനും ഉടമസ്ഥനല്ലല്ലൊ. ഈ യുക്തിയുടെ നാം അന്യന്മാക്ക വിട്ടുകൊടുക്കേണ്ടതാകയാൽ, ശേഷമെല്ലാം കടന്നുപോകയും മറഞ്ഞുമാറുകയും ചെയ്യുന്നതിൽ, മരണവും മാറങ്ങളുമില്ലാതിരിക്കുന്ന രാജ്യത്തിലേക്ക് സൽക്കർമ്മങ്ങളുടെ വഴിയിൽക്കൂടി നാം ദ്രുതഗമനം ചെയ്യണം." – "തങ്ങളുടെ ഐഹികവാസം സുസ്ഥിരമല്ലെന്ന് പൌരാണികന്മാക്ക സംഭവിച്ചതിൽനിന്ന പഠിക്കേണ്ടതാണെന്നും, ഭവിഷ്യജ്ജീവിതത്തിൽ സുമനസ്സുകളോടുകൂടി സനാതനവാസം ചെയ്യേണ്ടതിനായി സൽപ്രവൃത്തികളുടെ പാഥേയം സജ്ജമാക്കണമെന്നും, സ്വസന്താനങ്ങളോടുപദേശിക്കുക ക്രൂണവാന്മാരായ മാതാപിതാക്കന്മാരുടെ ധർമ്മമാകുന്നു" എന്ന റബാനസ് (Rabanus) പറയുന്നു.

൭. പരഗതനൊരു മർത്യൻ ശാന്തനായി ഭവിയ്ക്കേ–
സ്മരണയുമതിനൊപ്പം ശാന്തമായ്ത്തീർന്നിടേണം
മരണദശയിലുണ്ടാം ദുഃഖഭാരം കുറപ്പാൻ
തിരയണമൊരുമാർഗ്ഗം ഭ്രരികാരുണ്യപൂർവ്വം.

XXXVIII. 24.

൭. മരിച്ച സ്നേഹിതനെക്കുറിച്ചുള്ള ഓർമ്മ അതിജീവിച്ചിരിക്കുന്ന ബന്ധുക്കൾക്ക് അഹർന്നിശം ദുസ്സഹമായ വ്യസനത്തിന്ന ഹേതുവായിരിക്കുന്നെങ്കിലും ബുദ്ധിമാൻ ഈ ദുഃഖത്തെ ശമിപ്പിക്കുന്നതിന്ന കാരണങ്ങളുണ്ട്. മുതൽ ഈ ലോകത്തിലെ ദുഃഖാരിഷ്ടതകളിലും അദ്ധ്വാനങ്ങളിലുംനിന്ന് മരണത്താൽ വിമുക്തനായി സമാശ്വസിക്കുന്നതുപോലെ അവനെപ്പറ്റിയുള്ള നിന്റെ ദുഃഖവും ശാന്തമാകേണ്ടതല്ലെ? അവൻ സമാധാനത്തിൽ ആശ്വസിക്കുന്നു: അവനെപ്പറ്റിയുള്ള ചിന്ത, പീഡയും ദുഃഖവും ഉളവാക്കാതെ, അവന്റെ പേരിലുള്ള സ്നേഹത്തെ നിലനിറുത്തുവാനും അവന്റെ സൽഗുണങ്ങളെ അനുകരിക്കുവാനും അവനുവേണ്ടി പ്രാർത്ഥിക്കുവാനും മാത്രം ആശ്വാസത്തോടുകൂടി നിന്നിൽ നിലനില്ക്കട്ടെ. അവൻ ദുഃഖംവിട്ടു സമാശ്വസിക്കുമ്പോൾ അവനോടുകൂടി ആശ്വസിക്കയും അവന്റെ ആശ്വാസത്തെപ്പറ്റി സന്തോഷിക്കയും ചെയ്യാതെ എന്തിനു ദുഃഖിക്കുന്നു?

മരണത്തിനുമുമ്പ് അവനെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുക. മരണത്താൽ ഈ ലോകത്തിലെ വലുതും വളരെയുമായ കഷ്ടപ്പാടുകളെ വിട്ടകലുമെന്നും, മരണം എല്ലാവർക്കും അവശ്യം വന്നുകൂടുന്നതാണെന്നും, മരണദ്വാരാ നിത്യജീവന്റെ ഭവനത്തിൽ പ്രവേശിക്കുമെന്നുമുള്ള വസ്തുത അവനെ അനുസ്മരിപ്പിക്കുന്നത് അവനു ആശ്വാസജനകമായിരിക്കും. ഈ ആശ്വാസവും പ്രതീക്ഷയും ധാരാളമായി നിനക്കുതന്നെയുണ്ടെന്നും, തന്മൂലം അവന്റെ മരണത്തെപ്പറ്റിയുള്ള ഖേദത്തെ നീ ക്ഷമാപൂർവ്വം സഹിക്കയും അതേപ്പറ്റി ആശ്വാസം പ്രാ

പിക്കയും ചെയ്യുന്നെന്നും പ്രത്യക്ഷമാക്കുക. ആസന്നമരണൻ നിന്റെ ഈ ദൃഷ്ടാന്തത്തെക്കണ്ടുകൊണ്ട് മരണത്തെ ക്ഷമാപൂർവ്വം സ്വീകരിക്കയും തൽസംബന്ധമായ നിന്റെ സാന്ത്വന വാക്കുകളെ കൈക്കൊള്ളുകയും ചെയ്യും. മരണാവസ്ഥയിലെത്തിയിരിക്കുന്നവർ ആസന്നമായ അവരുടെ മരണത്തെപ്പറ്റിയുള്ളതിൽ കൂട്ടുതലായിട്ടുള്ള ദുഃഖം അനുഭവിക്കുന്നത്, മക്കൾ മാതാപിതാക്കന്മാർ സ്നേഹിതരാദിയായവരുടെ ഖേദവും പ്രലാപവും ദീർഘശ്വാസവും കാണുമ്പോഴാണ്. അതിനാൽ അവർ നിശ്ചലന്മാരായും, ആസന്നമരണൻ കൂട്ടുതൽ നന്മയുള്ള ജീവിതത്തിൽ പ്രവേശിക്കുവാനിരിക്കുന്നെന്ന പ്രതീക്ഷയുള്ളവരായും ഇരിക്കുന്നതു കാണുമ്പോൾ അവനും ദുഃഖത്തെ ത്യജിക്കയും ആശ്വാസംപ്രാപിക്കയും ചെയ്യും.

ന. നലമുടയൊരു ലോകം പൂവ്വവിജ്ഞാക്കിസവ്വം
പലവഴികരതാരിൽച്ചേക്കുവാൻ വേലചെയ്യും
വിലപെരുകിനവേദോക്തങ്ങൾ ജീവാമൃതംപോ–
ലലസതയടിയോടേ നീക്കിവെച്ചാസ്വദിയ്ക്കും.

XXXIX. I.

ന. മാനുഷിക വിജ്ഞാനം ദൈവികപ്രകാശത്തിൽനിന്നു പുറപ്പെടുന്നതാകയാൽ തത്വം, വേദാന്തം, ധർമ്മശാസ്ത്രം ഇത്യാദികളിൽ മാത്രമല്ല അതിനെ നാം അന്വേഷിക്കേണ്ടതു്. ഏതിലെല്ലാം അതിനെ കാണുന്നുവോ അതിനെയൊക്കെയും ബഹുമാനിക്കയും സ്വീകരിക്കയും ചെയ്യണം. വി. പൌലോസു തന്നെയും കവികളുടെ വാക്യങ്ങളെ സ്വീകരിച്ചതായി നടപടി പുസ്തകത്തിലും (Actor. XVII.) മറ്റും നാം കാണുന്നുണ്ടല്ലൊ. വി. ഔഗുസ്തീനോസ് തുടങ്ങിയുള്ള സഭാപിതാക്കന്മാർ പ്ലെയ്റ്റൊ (Plato) യുടെ ഗ്രന്ഥങ്ങളെ പാരായണംചെയ്തതും ഇപ്പോൾ അരിസ്റ്റോട്ടലിന്റെ കൃതികൾ എങ്ങനെയോ, ആ വിധത്തിൽ ആ പുസ്തകങ്ങൾ ഒരിക്കൽ വിദ്യാലയങ്ങളിൽ ഉപയോഗിച്ചിരുന്നതും ഇതിനാലാണ്.

എന്നാൽ വിജ്ഞാനത്തെ മുഖ്യമായി അന്വേഷിക്കേണ്ടതു വേദോക്തങ്ങളിലത്രെ. അവയാകട്ടെ പരിശുദ്ധാത്മാവിയുടെ പ്രേരണയാൽ മനുഷ്യരുടെ പഠിപ്പിനും സന്മാർഗ്ഗ പരിശീലനത്തിനുമായി എഴുതപ്പെട്ടിരിക്കകൊണ്ട് അത്യധികം ശ്രേഷ്ഠവും പരിശുദ്ധവും ഫലപ്രദവുമാകുന്നു. "ഈശ്വരപ്രേരിതങ്ങളായ വി. ഗ്രന്ഥങ്ങളെല്ലാം നീതിപൂവ്വം പഠിപ്പിക്കുന്നതിനും യുക്തിവാദം ചെയ്യുന്നതിനും തിരുത്തുന്നതിനും ശരിയായി വളർത്തുന്നതിനും ഉപയുക്തങ്ങളാകുന്നു" എന്നാണ് വി. പൌലോസ് (Epist. II. Timoth. Cap. III. 16) പറയുന്നതു്.

ശ്ലോകത്തിൽ സവ്വാത്മ ശബ്ദം പ്രയോഗിച്ചിട്ടുള്ളതു് ഓരോരുത്തനിൽനിന്നും പ്രത്യേകം പഠിക്കേണ്ടതുള്ളതുകൊണ്ടുതന്നെ. പിത്താഗൊറാസ് ആശയത്തിലും, സൊക്രട്ടീസ് വിഭജനത്തിലും, പ്ലെയ്റ്റൊ തെളിവായ വിവരണത്തിലും, കെയ്റ്റൊ സമ്മതം ജനിപ്പിക്കുന്നതി

ലും മുന്നിട്ടു നില്ക്കുന്നു. ബോധനത്തിൽ ഈറാനിമോസും, ശാസനയിൽ ബസിലും, ആശ്വാസനത്തിൽ ഗ്രഗോരിയും, വിവരണത്തിൽ എവുസേബിയസും, സ്ഥിരതയിൽ അന്ത്രോസിസും പ്രാമുഖ്യം വഹിക്കുന്നവരാണ്. ആകയാൽ എല്ലാവിധ വിജ്ഞാനവും സമ്പാദിക്കേണ്ടതിനായി എല്ലാവരിൽനിന്നും പഠിക്കേണ്ടിയിരിക്കുന്നു.

൩. ഗുരുതര ബുധവാക്യം ചിന്തചെയ്യാപൂവാക്കേ
മരുവിന ഗഹനാത്മം തന്നിലേയ്ക്കാസ്യടക്കം
വിരുതൊട്ട പലമുനോർ ചൊന്നശ്രദ്ധാർത്ഥസാമ്യ-
പ്പൊരുളൊരു കുറവേതും വന്നിടാതാശ്രയേട്ടം.

XXXIX. 2-3.

൩. വിജ്ഞന്മാരായ ഏവരുടേയും ഉക്തമൊ ലിഖിതമൊ ആയ സന്മാർഗ്ഗോപദേശങ്ങളും, ശരിയായുംവിവേകത്തോടുകൂടിയും ജീവിതം നയിക്കുവാൻ ഉപയുക്തങ്ങളായ വാക്യങ്ങളുമെല്ലാം സജ്ജനങ്ങൾ തങ്ങളിൽത്തന്നെ നിക്ഷേപിക്കും. ആപൂവാക്യങ്ങളിലും ഉപമകളിലും മറ്റും നിക്ഷിപ്തമായ ശ്രദ്ധാർത്ഥങ്ങളിലും നാനാർത്ഥങ്ങളിലും ആലോചനാശക്തികൊണ്ട് അവർ പ്രവേശിക്കയും അന്വേഷണം നടത്തിയറിയുകയും ചെയ്യും.

ഈ വിധമാണ് കൊത്തോലിക്കാ സഭയുടെ ഉപദേഷ്ടാക്കൾ ചെയ്തിരുന്നത്. വി. ഈറാനിമോസ് (Praefat. in Epist. ad Ephes.) പറയുന്നതു കേൾക്കുക: "പാരായണം ചെയ്യുന്നതിനും, എനിക്കു മനസ്സിലാക്കുവാൻ സാധിക്കാതിരുന്നതിനെ പഠിപ്പുള്ളവരോടു ചോദിച്ചറിയുന്നതിനും, എന്റെ ചെറുപ്പം മുതൽ ഞാൻ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ഞാൻ എന്നെത്തന്നെ എന്റെ ഗുരുവാക്കിത്തീർത്തു. ഒടുവിൽ (വി. ഗ്രന്ഥസംബന്ധമായ) ഈ കാര്യത്തെക്കുറിച്ചുതന്നെ ദീദിമസി (Didymus) നേ കാണുവാനും, വി. ഗ്രന്ഥങ്ങളിൽ എനിക്കു സംശയമുള്ളതൊക്കെയും ചോദിച്ചറിവാനുമായി ഈയിട അലക്സാന്ത്രിയാ (Alexandria) യിൽപ്പോയി." വി. പൌലോസ് ഗമലിയേലിന്റെ (Gamaliel) പാദങ്ങളിൽ മൂശയുടേയും ദീഘ്ദർശികളുടെയും പുസ്തകങ്ങൾ പഠിച്ചതായി അദ്ദേഹംതന്നെ (Actor. XXII. 3.) പ്രസ്താവിക്കുന്നുണ്ടല്ലൊ.

൴. നരനൊരു ജനയിത്രീ ഗർഭപാത്രം മുതൽക്കി-
ലുരയുടെ ജഠരത്തിൽ ചെന്നുചേരും വരെയ്ക്കും
അരനിമിഷമിളയ്ക്കാതുണ്ട കർത്തവ്യഭാരം
കരചരണയുഗങ്ങൾക്കെപ്പൊഴും കർമ്മവായ്പും. XL. I.

൴. മനുഷ്യ ബലഹീനതയും കഷ്ടതകളും കാണിച്ചുകൊണ്ട്, ദൈവസമക്ഷം സായമെ നാം താഴ്ത്തുന്നതിനും അവിടത്തെ അനുഗ്രഹവും സഹായവും പ്രാർത്ഥിക്കുന്നതിനും ബർസീറാ നമ്മോടുപദേശിക്കുന്നു. സകല മനുഷ്യർക്കും പൊതുവിലുള്ളതും ആദത്തിന്റെ പാപ

ത്തിനു ശിക്ഷയായി അദ്ദേഹത്തിന്റെ സന്താനപരമ്പരയ്ക്കു നിശ്ച യിക്കപ്പെട്ടവയുമാകയാൽ പരിഹാര നിവൃത്തിക്കായി നാമേവരും ആ കഷ്ടതകളെ ക്ഷമാപൂർവ്വം സഹിക്കണമെന്നാണ് അദ്ദേഹം പറയുന്നത്.

മാതൃഗർഭത്തിൽനിന്ന് ഈ ലോകത്തിൽ വന്നതുമുതൽ നാം മരിച്ചു സംസ്കരിക്കപ്പെടുന്നതുവരെ ഈ കഷ്ടാരിഷ്ടതകളും ഭാരവും സ ഹിച്ചേ മതിയാവൂ.

ഘനത്തിലും എണ്ണത്തിലും വണ്ണത്തിലും കാലദൈർഘ്യത്തിലും വലുതായ മനുഷ്യ ബലക്ഷയം, ദാരിദ്ര്യം, വേദനകൾ, അനർത്ഥങ്ങൾ, മനോവേദനയോടുകൂടിയ വിചാരം, മനോവ്യഥ, അദ്ധ്വാനങ്ങൾ, പ്രതികൂല്യങ്ങൾ, ഞെരുക്കങ്ങൾ, ക്ഷീണത, ഉപദ്രവങ്ങൾ, പിടിച്ചു പറി, കൊല, പരീക്ഷകൾ, ദുരാശകൾ എന്നിവയാണ് മനുഷ്യർക്ക് ആ ദത്തിന്റെ പാപഫലമായി വന്നുകൂടുന്ന ഭാരം. ഇവയെ ബെല്ലർമിൻ (Bellarminus, lib IV. De Amissione gratiae, Cap. XV.) പ ല ഇനങ്ങളായി വിഭജിച്ചു പറയുന്നുണ്ട്. അവ (ക) ബുദ്ധിയുടെ അ ജ്ഞതാപം, (ഖ) മനസ്സിന്റെ ദുഷ്ടത, (ഗ) ദുരാശ, (ഘ) ശരീരസം ബന്ധമായ ആപത്തു, പീഡ, അദ്ധ്വാനം, (ങ) മരണം, (ന) ദൈ വകോപം, (ച) പിശാചിന്റെ ദാസ്യം, (ഛ) കലഹങ്ങൾ, വഴക്ക കൾ, ദുരാലോചന, യുദ്ധം, (ന) മൃഗങ്ങളുടെ വിരോധനില, (ഠ) വിചാരിതമോ അവിചാരിതമോ ആയി കടലിലും കരയിലും ആകാ ശത്തിലും നിന്നു മനുഷ്യർക്കു വന്നുകൂടുന്ന അനർത്ഥങ്ങൾ ഇവയാണ്. ഇവയാണ് മനുഷ്യന്റെ തലയിലിരിക്കുന്ന ഭാരം. ഇവയോടുള്ള യുദ്ധ മാണ് കരമൊഴിയാതുള്ള പ്രയത്നം. "ഭൂമിയിൽ മനുഷ്യന്റെ ജീവി തം യുദ്ധമാകുന്നു" എന്നല്ലെ യോബ് (VII. 1.) പറഞ്ഞിട്ടുള്ളത്?

വി. ഗ്രെഗോരി (lib. XI. Epist 26 ad Rusticiam) പ്ര സ്താവിക്കുന്നതു കേൾക്കുക: "ഞാൻ ഈ പ്രായത്തിലെത്തിയതിനെപ്പ റ്റി പശ്ചാത്തപിക്കേത്തക്കവണ്ണം അത്ര വലുതായ ദീർഘനിശ്വാസത്തി ലും കഷ്ടതയിലും ജീവിക്കുന്നു. മരണത്തിന്റെ പ്രതീക്ഷ മാത്ര മാണ് എന്റെ ഏകമായ ആശ്വാസം. ഇത്ര വലിയ അദ്ധ്വാനങ്ങ ളിൽ ഉൾപ്പെട്ട ദീർഘനാൾ ഞാൻ അലയാതിരിക്കേണ്ടതിനായി ശരീ രത്തിന്റെ ഈ കാരാഗൃഹത്തിൽനിന്ന് വേഗത്തിൽ ഞാൻ വിമുക്ത നാകേണ്ടതിന് എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്നു ഞാൻ യാചിക്കുന്നു."

ൻ. പുരിപണി സുരരെന്നിരണ്ടിനാൽ സ്വന്തനാമ–
പ്പെരിമയൊരഴിവെന്യേ സന്തതം രക്ഷചെയ്യാം,
അരികളൊരുകുറ്റം കണ്ടിടാതുള്ളപതി–
സ്സ്ഥിരകിലുമിവനില്ലാൻ ശക്തമാവില്ലതെല്ലും
XI. 19.

ൻ. ശ്ലോമോൻ സുഭാഷിതങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ (Vide XXX. 15. 18. 21.) ബർസീറാ ഇവിടെയും പിറകെ പലസ്ഥല

ങ്ങളിലും മൂന്നു കായ്ങ്ങളെ താരതമ്യപ്പെടുത്തി മൂന്നാമത്തേതു മറ്റു രണ്ടിനേയുംകാൾ ഉത്തമമാണെന്നു സിദ്ധാന്തിക്കുന്നു. കീർത്തിലാഭത്തിനു പുരിപണി, പുത്രന്മാർ, സൽഭാര്യ ഇവർ പയ്യാപ്തങ്ങളാണെന്നു പ്രസ്താവിച്ചശേഷം, സൽഭാര്യ മറ്റു രണ്ടിനേയുംകാൾ മേലാകുന്നുവെന്നാണ് അദ്ദേഹം ഇവിടെപ്പറയുന്നത്.

കീർത്തിയെ അനശ്വരമാക്കിത്തീർക്കുന്നതിനു പുരിസ്ഥാപനം പുത്രലാഭം ഇവരണ്ടും അത്യന്തം ഉപയുക്തമാണ്. എങ്ങനെയെന്നു നോക്കുക. (ക) കായേൻ സ്വപുത്രനായ ഹെനോക്കിന്റെ സ്മരണയെ നിലനിറുത്തേണ്ടതിനായി ഭൂമുഖത്തിലെ ആദ്യ പട്ടണത്തെ പണിയിക്കയും ഹെനോക്കിയായെന്ന് അതിനെ അഭിധാനം ചെയ്കയും ചെയ്തു. (Genes. IV) നീനസ് (Ninus) നിനിവ് പട്ടണവും, നെമ്രോഡ് (Nemrod) ബാലിലോൻ നഗരവും, അലക്സാണ്ടർ അലക്സാന്ത്രിയായും, റോമുളസ് റോമായും, കോൻസ്റ്റൻറയിൽ കോൻസ്റ്റൻറിന പുരിയും സ്ഥാപിച്ചുകൊണ്ട് സ്വസ്വനാമങ്ങളെ നിലനിറുത്തി— സാമാന്യികപുരിസ്ഥാപനവും—എന്നുവെച്ചാൽ നല്ല നിയമങ്ങൾ കൊണ്ട് നഗരത്തെ സ്ഥാപിക്കയും ക്രമപ്പെടുത്തുകയും സദാചാരങ്ങളിൽ ഉറപ്പിക്കയും ചെയ്യുന്നതും— ശാശ്വതകീർത്തിക്കു നിദാനമാകുന്നു. ലിക്കേർഗ്ഗസ് (Lycurgus) സ്പാർട്ടായെയും, സോലോൻ (Solon) അത്തൻസിനെ (Athens) യും, നൂമാ (Numa) റോമായേയും ഈ വിധം സ്ഥാപിച്ചതിനാൽ അവരുടെ നാമം അദ്യാപി ലോകപ്രസിദ്ധമായിരിക്കുന്നു. — (ഖ) പുത്രന്മാർ പിതാവിന്റെ അംശവും പ്രതിഛായയുമാകയാൽ അവന്റെ സൽകീർത്തിയെന്നല്ല, അവൻതന്നെ പുത്രരിൽ ജീവിക്കുന്നു.

എന്നാൽ ഈ രണ്ടു മാർഗ്ഗമായും സിദ്ധമാകുന്ന കീർത്തിയെ അസത്തായ ഭാര്യ നിശ്ശേഷം നഷ്ടമാക്കും. വ്യഭിചാരിണിയും അധർമ്മിണിയുമായ ഭാര്യ ഭർത്താവിനു നിക്കോൻ വഹിയാത്ത അപകീർത്തിക്കു കാരണമാണ്. ഫൗസ്തീനാ (Faustina) അന്റോനൈനസ് ചക്രവർത്തിക്കും, ക്സാന്റിപ്പെ(Xantippe)സോക്രട്ടീസിനും, ദലീല(Dalila) ശിംശോനും ഈ വിധമായിരുന്നു. പുത്രകളത്രാദികളില്ലാതെയും അധികാരരഹിതരായും അവർ മരിച്ചിരുന്നെങ്കിൽ അവർക്ക് ഇതിലും ബഹുമാനമാകുമായിരുന്നു അവിശ്വസ്തയും അധർമ്മിണിയും കലഹപ്രിയയും വാചാലയും മൂഢയും സദാ മനോവേദനയുളവാക്കി പീഡിപ്പിച്ചു് നിന്നെ കൊല്ലാതെ കൊല്ലുന്നവളാണ് നിന്റെ ഭാര്യയെങ്കിൽ, പുത്രലാഭവും ബഹുമാനവുംകൊണ്ട് നിനക്കെന്തു ഫലം?. ഭാര്യ, വീട്ടിലും ഭക്ഷണസമയത്തും ശയനശാലയിലും നിന്റെ സഖിയാണ്. അവൾ നിന്റെ കൂടെ എവിടെയും സഹചരിക്കുന്നു. നിന്റെ ഒരംഗംപോലെ നിന്നോടു യോജിച്ചുമിരിക്കുന്നു. അതിനാൽ അവൾ നിഷ്കൃഷ്ടയും നിനക്കു ദുഃഖഹേതുവുമായിഭവിക്കുന്ന പക്ഷം, നിന്റെ ഒരംഗത്തെ ഛേദിച്ചുകളയുവാൻ കഴിയാത്തതുപോലെ, അവളേ കളയുന്നതിനും നിനക്കു സാധിക്കുകയില്ല.

എന്നാൽ സുശീലയായ ഭാര്യ, കുട്ടികളെ നന്നായി പരിപ്പിക്കുകയും തദ്വാരാ വീട്ടിനു കുടുംബവും പട്ടണംതന്നെയും പണിയുകയും ചെയ്യുന്നു. അതിനാൽ ഒരു നല്ല ഭാര്യയിൽത്തന്നെ പുരീസ്ഥാപനവും പുത്രലാഭവുമുണ്ട്. ഇങ്ങനെ സുശീലയായ ഭാര്യ അവ രണ്ടിനേയുംകാൾ ഉത്തമയാകുന്നു. സൽകീർത്തി നേടണമെങ്കിൽ, സമ്പത്തിനും മുമ്പായി, ഒരുവൻ തിരഞ്ഞെടുക്കുന്ന ഭാര്യ സുശീലയും കളങ്കരഹിതയുമായിരിക്കേണ്ടതു് എത്ര പ്രധാനമായിരിക്കുന്നെന്നു് ആലോചിക്കുവിൻ!

ചിലയാളുകൾ വലിയ സ്ത്രീധനത്തുക കണ്ടു വ്യാമോഹിച്ചു് അയോഗ്യയെ ഭാര്യാപദത്തിൽ സ്വീകരിക്കുന്നുണ്ടു്. ഇതു വലിയ അവത്തിനു മൂലകാരണമാണെന്നു് വിശേഷിച്ചു പറയേണ്ടതില്ല. ഭാര്യ് എന്നും ഭാര്യതന്നെ. അവൾ എന്നും കൂടെ വസിക്കും. ലബ്ധമായ ധനമാകട്ടെ നഷ്ടമായിപ്പോകാം. അന്യ മാർഗ്ഗങ്ങളിലൂടെ പണമുണ്ടാകാവുന്നതുമാണല്ലൊ.

ദമ്പതിമാരാകേണ്ടവരുടെ അറിവും സമ്മതവും കൂടാതെയും, ചിലപ്പോൾ അവരുടെ മനസ്സിനു വിരോധമായും, മാതാപിതാക്കന്മാർ മക്കളെ വിവാഹത്തിൽ ബന്ധിക്കാറുണ്ടു്. തങ്ങളിൽ അനുരാഗമില്ലാത്ത രണ്ടുപേരെ ആയുഷ്കാലം മുഴുവൻ ഒരേ നരകത്തിൽകീഴ ബന്ധിച്ചിടുന്നതു് എത്ര കഷ്ടമാണു്! ഇരുഭാഗക്കാരുടെയും സമ്മതം വിവാഹത്തിന്റെ വാസുവികതയ്ക്കു് അവശ്യം വേണ്ടതാണെന്നുള്ളതും ഓർമ്മിക്കേണ്ടതുതന്നെ.

സ്വാതന്ത്ര്യം മുഴുത്ത ഇക്കാലത്തു് രക്ഷാകർത്താക്കന്മാരുടെ അറിവും സമ്മതവും കൂടാതെ വിവാഹം നടത്തുകയും ദുർല്ലഭമല്ല. സാധുതയ്ക്കു് ഇതു മതിയാകുമെന്നുള്ളതു ശരിതന്നെ. എന്നാൽ ചെറുപ്പത്തിൽ, ആളും അവസ്ഥയും ആകൃതിപ്രകൃതിയും ആലോചിക്കാതെ ചില വശങ്ങൾമാത്രം നോക്കിയും, ചില പ്രത്യേക സ്നേഹം നിമിത്തവും നടത്തുന്ന ഈ വിധ വിവാഹം, കുടുംബത്തിനു് അപകീർത്തിക്കും വിവേകം വർദ്ധിക്കുമ്പോൾ പശ്ചാത്താപത്തിനും തീരാത്ത ദുഃഖത്തിനും പരസ്പര വിരോധത്തിനും തൻമൂലമുളവാകുന്ന നിരവധി മഹാപാപങ്ങൾക്കും കാരണമായിത്തീരുമെന്നുള്ളതും വിസ്മരിക്കേണ്ടതല്ല. ദാവീദിന്റെ പുത്രനായ അമ്നോൻ് (Amnon) അബ്ശലോമിന്റെ സഹോദരിയായ താമാരിൽ (Thamar) ജനിച്ച അനുരാഗം ഒടുവിൽ എത്രവലിയ വിദ്വേഷമായിത്തീർന്നെന്നു (II. Reg. XIII.15.) നോക്കുക.

യഥാർത്ഥത്തിൽ ധനമൊ രൂപസൌന്ദര്യമൊ അല്ല ഭാര്യയാകേണ്ടവളിൽ നോക്കേണ്ടതു്: സർവ്വ ഗുണങ്ങൾക്കും ആധാരമായ സൽസ്വഭാവവും ദൈവഭീതിയുമത്രെ.

നിഷ്ഫലം രൂപലാവണ്യം– വ്യർത്ഥംസൌന്ദര്യമൊക്കെയും
കർത്താവിൽഭയമേറുന്ന– മാനിനീമാനനീയയാം.

XXXI. 30.

എന്നാണു് വിജ്ഞശിരോമണിയായ സ്ലോമോൻ സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

ക്ഷ. ശ്രുതിമധുമയഗീതം, മദ്യവും മർത്യഹൃത്തി-
ന്നതിരസ മുളവാക്കും വീഴ്ച്ചകൂടാതെ നിത്യം;
അതിലൊരു പടിമേലാം തുഷ്ടിയുട്ടീടുമാകും
മതികളിലുളവാക്കും ശ്രേഷ്ഠവിജ്ഞാനമോഹം.

XL. 20.

ക്ഷ. സംഗീതം, ശ്രോത്രേന്ദ്രിയങ്ങളെയും മദ്യം, തൊണ്ട ഉദരം ഇവയേയും ശാരീരികമായി മാത്രം സംതൃപ്തമാക്കുന്നു. വിജ്ഞാനമാകട്ടെ, ദൈവികവും ആത്മാവിനേ അടുത്തു സംബന്ധിക്കുന്നതുമാണെന്നു മാത്രമല്ല, അതിനെ ശോഭിപ്പിക്കയും പൂരിപ്പിക്കയും ശുദ്ധീകരിക്കയും ചെയ്യുന്നു. അതിനാൽ സംഗീതത്തേയും ദ്രാക്ഷാരസത്തേയുംകാൾ വിജ്ഞാനം ശ്രേഷ്ഠമാകുന്നു. വിജ്ഞാനം ആത്മാവിനെ ലഹരിപിടിപ്പിക്കുന്ന ദ്രാക്ഷാരസവും, ആത്മാവിനെ സന്തുഷ്ടമാക്കുന്ന അദ്ധ്യാത്മ സംഗീതവുമാണ്. ദ്രാക്ഷാരസവും സംഗീതവും മനുഷ്യമാനസത്തെ ഇളക്കുന്നതിനും എവിടെക്കെങ്കിലും ചായിക്കുന്നതിനും തക്കതാണെന്നു നാമറിയുന്നു. ഇവയേക്കാൾ മേലായ വിജ്ഞാനത്തിന്റെ ശക്തിയെന്തായിരിക്കുമെന്നാലോചിക്കുക.

വിജ്ഞാനത്തിൽനിന്നുളവാകുന്ന സന്തുഷ്ടി വാസ്തവത്തിൽ സുകൃതത്തിന്റേതുതന്നെയാണ്. സുകൃതങ്ങളുടെ ഇടയിൽ സ്നേഹം പ്രാമുഖ്യം വഹിക്കുന്നു. സാക്ഷാത്തായ വിജ്ഞാനം ദൈവഭയത്തിലും ദൈവസ്നേഹത്തിലും അധിഷ്ഠിതമായിരിക്കുന്നു.

സർവ്വേശ ഭയമാകുന്നു— സുജ്ഞാനത്തിൻ സമുത്ഭവം;
ഭോഷൻ തിരസ്കരിയ്ക്കുന്നു - വിജ്ഞാനം ശിക്ഷണങ്ങളും.

I. 7. എന്നും,

ദൈവമാകുന്നു മർത്ത്യക്ക് – വിവേകത്തെക്കൊടുപ്പവൻ;
അവിടത്തെ മുഖാബ്ജത്തിൽ— നിന്നാണറിവു ബുദ്ധിയും II. 6.

എന്നും സുഭാഷിതങ്ങൾ ഘോഷിക്കുന്നതും ഇതുകൊണ്ടുതന്നെ.

ക്ഷ. കുഴലുകളുഴലാറും ഗീതവാദ്യങ്ങളെല്ലാ -
മുഴകൊട്ടരസമാക്കും ചേക്കുമാത്മാഭിരാമം;
പിഴകളെ വിഗണിച്ചും ശാന്തവാക്യം കഥിയ്ക്കാൻ
പഴകിയരസനയ്ക്കിച്ചൊന്നതിൻ കോയ്മ നൽകാം.

XL. 21.

ക്ഷ. മധുരവാക്ക്, വക്താവിന്റെ ഉള്ളിലുള്ള മാധുര്യത്തിൽനിന്നു പുറപ്പെട്ട് ശ്രോതാവിന്റെ ചെവിയിലും ഹൃദയത്തിലും ചെന്നു പറ്റുകയും, അതിന്റെ മാധുര്യംകൊണ്ട് അവയെ നിറക്കയും നനക്കയും ചെയ്യുന്നു. ഇതിനാലാണ് സുഭാഷിതങ്ങളിൽ,

മധുകോശ സമം വിജ്ഞ— വചനം ദൃഢമാത്മജ!
സുരസപ്രദമാത്മാവി—നസ്ഥികൾക്കും സുഖാവഹം. XVI. 24.

എന്നു പറഞ്ഞിരിക്കുന്നത്. സംഗീതം അതിന്റെ സ്വരത്തോടുകൂടി കടന്നുപോകുന്നു. വാക്കിലേ വിജ്ഞാനമാകട്ടെ, ശ്രോതാവിന്റെ മ

നസ്സിൽ പതിഞ്ഞു നിലനില്ക്കയും, അതിനെ ഇളക്കുകയും പോഷിപ്പിക്കയും ചെയ്യും. മധുരവാക്ക്, കോപം ദുഃഖം ആദിയായ മനഃക്ഷോഭങ്ങളെ ശമിപ്പിക്കുന്നത് ഇതുകൊണ്ടുതന്നെ.

ശാന്തവാക്കഗ്രകോപത്തെ– ശ്ശമിപ്പിയ്ക്കുന്ന നിശ്ചയം;
രൂക്ഷവാക്കീവ്യയെ വേഗ– മുച്ചത്തിലുയർത്തിടും. XV. 1.

എന്ന സുഭാഷിതങ്ങൾ പറയുന്നുണ്ടല്ലൊ.

റോമാ സെനറിനെ വിരോധമായി ക്ഷോഭിച്ച ജനസഞ്ചയത്തെ വലേറിയസ് (Valerius) മധുരഭാഷണംകൊണ്ടു ശാന്തമാക്കിയതായും, മേറിയസ് (Marius) മൂലമുള്ളുന്നമായ കലഹത്തിൽ ലൂസിയസ് അന്തോനിയസ് (L. Antonius), തന്നെക്കൊല്ലുവാനായി വാളുരിപ്പിടിച്ചു നിന്നിരുന്ന പടയാളികളുടെ പക്കൽച്ചെന്ന് മധുരഭാഷണംകൊണ്ട് അവരെ സുംഭിപ്പിക്കയാൽ അവർ വാളിനെ കറപെടുത്താതെ ഉറയിലിട്തായും വലേറിയസ് മാക്സിമസ് (Valerius Maximus, lib. VIII. Cap. IX.) പ്രസ്താവിക്കുന്നു. റോമാപ്പട്ടണത്തെ നാമാവശിഷ്ടമാക്കുവാൻ കരുതി ബദ്ധവൈരത്തോടുകൂടിയടുത്ത കൊറിയൊലാനസി (Quintius Marcius Coriolanus) ന്റെ ക്രോധം അദ്ദേഹത്തിന്റെ മാതാവായ വെറേറിയാ (Veturia) യുടെ ശാന്തവാക്കുകൾമൂലം നിശ്ശേഷം അമർന്നതായി റോമാചരിത്രകർത്താവായ ലിവി (Livius) പറയുന്നുണ്ടല്ലൊ.

൨൨. സമുചിത സമയത്തിൽ സ്നിഗ്ദ്ധരൊന്നിച്ചുചേർന്നാൽ
പ്രമുദിതരവരല്ലാതെന്തു ചൊല്ലേണ്ടതുള്ളു?
സുമുഖിയൊരുവളും തൽക്കാന്തനും ചേർന്നിരുന്നാൽ–
ക്കുമുദവുമൊരുചന്ദ്രൻ താനുമെന്നുള്ളമട്ടാം.
XL. 23.

൨൨. സ്നേഹിതന്മാർ വളരെനാൾ തമ്മിൽ കാണാതിരുന്നശേഷം അത്യാവശ്യ സമയത്തും യുക്തകാലത്തും തമ്മിൽക്കാണുന്നതു അത്യന്തം തൃപ്തിജനകമാണ്. എന്നാൽ ഇതിനേക്കാൾ വളരെ നല്ലതാണ് ഭാര്യാഭർത്താക്കന്മാർ തമ്മിൽ നിത്യം, ഇടവിടാതെ, പിരിയുവാൻ വഹിയാത്ത വിധം യോജിച്ചിരിക്കുന്നതു്. ഈ ചേർച്ചമൂലം ഒരാൾ മറെറയാളിനു് അത്യാവശ്യത്തിൽ മാത്രമല്ല, സർവ്വദാ സഹായം ചെയ്യുകയും ആലോചന നൽകുകയും ആശ്വാസം ജനിപ്പിക്കയും കൂടാതെ ഭാരം പരസ്പരം വഹിക്കയും ചെയ്യുന്നു.

ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഈ യോജ്യതയെ ഉളവാക്കേണ്ടതിനായി വി. പൌലോസ് (Ephes. V. 33) "ഓരോരുത്തനും സ്വന്ത ഭാര്യയെ തന്നെപ്പോലെതന്നെ സ്നേഹിക്കട്ടെ; ഭാര്യ സ്വന്തഭർത്താവിനെ ഭയപ്പെടുകയും ചെയ്യട്ടെ" എന്നു പറയുന്നു. ഈ വാക്കുകളെ ആസ്പദീകരിച്ചുകൊണ്ട് വി. ക്രീസോസ്തോമോസ് (Homil. 20.) താഴെക്കാണുംവിധം പ്രസ്താവിച്ചിരിക്കുന്നു. "ഭാര്യയും ഭർത്താവും തമ്മിൽ സ്ഥിതിഭേദമുണ്ട്. ഭർത്താവു് മേല്പെട്ടും, അവനെ സ്വീകരിക്കയും ബ

ഹുമാനിക്കയും ചെയ്യേണ്ട ഭാര്യ കീഴ്പ്പെട്ടുമിരിക്കയാൽ അവക്കു സ്ഥിതിസമതാമില്ലെന്നുള്ളതാണ് ഇതിന്റെ കാരണം. എന്നാൽ സ്നേഹം കൊണ്ട് ഈ അസമതാം ഇല്ലാതാകയും അവർ സമന്മാരായിത്തീരുകയും ചെയ്യുന്നു. എന്തെന്നാൽ ബഹുമാനപൂർവ്വം ഭാര്യ തന്നെത്തന്നെ താഴ്ത്തുകയും ഭർത്താവിനു കീഴ്പ്പെട്ടുകയും ചെയ്യുമ്പോൾ, ഭർത്താവ് സ്നേഹം മൂലം തന്നെത്തന്നെ താഴ്ത്തുകയും അവളെ ഉയർത്തുകയും അവളെ തന്റെ സമക്കാരിയും തുല്യയുമാക്കിത്തീർക്കയുംചെയ്യയാൽ, ഭർത്താവിന്റെ സ്നേഹം ഭാര്യയുടെ ബഹുമാനത്തിനു തുല്യമായിബ്ഭവിക്കുന്നു. ആകയാൽ ഭർത്താവിന്റെ സ്നേഹം ഭാര്യയുടെ ബഹുമാനത്തോടും അധീനതയോടും ശരിയാകയും (അവനെ) അവളോടു സമനാക്കിത്തീർക്കയും ചെയ്യുന്നു. ഇങ്ങനെ ഭാര്യാഭർത്താക്കന്മാരുടെ ഇടയിൽ അസമതാതിൽ ഒരു സമതാവും, വ്യത്യാസഭാരത്തിൽ തുല്യ തൂക്കവുമുണ്ടാകുന്നു." ക്രിസ്തു സിദ്ധാന്തന്നെ തുടർന്നു പറയുന്നതും കേൾക്കുക: "അവൾ (ഭാര്യ) തലയുടെ കീഴാകുന്നു. എന്നാൽ അവൾ കീഴ്പ്പെട്ടതെന്നു കരുതി നിന്ദ്യയല്ലതാനും. എന്തെന്നാൽ അവൾ ശരീരമാകുന്നു. തല ശരീരത്തെ നിന്ദിക്കുന്നെങ്കിൽ അതു (തല) തന്നെയും നശിച്ചുപോകും. പ്രത്യുത കീഴ്വഴക്കത്തിനും അധീനതയ്ക്കും ന്യായപൂർവ്വം അനുയോജ്യമായ സ്നേഹംഅവനുണ്ടാകണം. കൈയ്, കാൽ മുതലായഅവയവങ്ങളെല്ലാം തലയ്ക്കുസേവചെയ്യുമ്പോൾ, അതു പ്രതിഫലമായി അവയുടെ കായ്ം അന്വേഷിക്കയും പരിപാലനം നടത്തുകയും ചെയ്യുന്നതുപോലെയാണ് ഇതു.... എന്നാൽ ഭയമിരിക്കെ സ്നേഹമെങ്ങനെയുണ്ടാകും? അതിനും നിവൃത്തിയുണ്ട്. ഭർത്താവിനെ ഭയപ്പെടുന്നവൾ സ്നേഹിക്കുകകൂടിച്ചെയ്യുന്നു. സ്നേഹിക്കുന്നവൾ, തലയെന്നുള്ള നിലയിൽ ഭയപ്പെടുകയും അവയവം എന്ന നിലയിൽ സ്നേഹിക്കയും ചെയ്യുന്നു. ശരീരം മുഴുവന്റെയും അവയവമാണല്ലൊ തല. മാത്രമല്ല, സമാധാനമുണ്ടാകേണ്ടതിനായി ദൈവം ഭാര്യയെ അധീനയായും, ഭർത്താവിനെ അവൾക്കു മേലായും നിയമിച്ചു. എന്തെന്നാൽ എവിടെ ബഹുമാനം തുല്യമായിരിക്കുന്നു, എവിടെ കുടുംബം മുഴുവൻ ഭരണം നിർവ്വഹിക്കുന്നു അഥവാ എല്ലാവരും അധികാരം നടത്തുന്നു, അവിടെ സമാധാനമൊരിക്കലുമുണ്ടാകാൻ വഴിയില്ലാത്തതാണ്. അധികാരസ്ഥാനം ഒന്നുമാത്രമായിരിക്കേണ്ടതാവശ്യം."— ശബ്ദാർത്ഥപ്രകാരവും "ഭർത്താ" ഭരിക്കുന്നവൻ, "ഭാര്യാ" ഭരിക്കപ്പെടേണ്ടവൾ എന്നാണല്ലോ. "ഭർത്താക്കന്മാർ നാഥന്മാരല്ല, ഭർത്താക്കന്മാരാണ്; ദാസിയെയല്ല ഭാര്യയെയാണ് നിനക്കു കിട്ടിയിരിക്കുന്നതു്. അബലകളുടെ നടത്തുകാരനായി ദൈവം നിന്നെ നിശ്ചയിച്ചെന്നല്ലാതെ മല്ലനായിട്ടല്ല" എന്നാണ് വി. അംബ്രോസിസ് (Ex s. Basilio, lib. V. Hexaem, Cap. VII.) പറയുന്നതു്.

മനുഷ്യനിലുള്ള അധമാംശത്തെ ഭാര്യയെന്നും ഉത്തമാംശത്തെ ഭർത്താവെന്നും പറയാം. ഉത്തമാംശമാണ് അധമാംശത്തെ ഭരിക്കേണ്ടതു്. അധമാംശമായ ആശാമണ്ഡലം ഉത്തമാംശമായ ബുദ്ധിക്കും,

ഇന്ദ്രിയങ്ങൾ മനസ്സിനും, ഭാര്യ ഭർത്താവിനെന്ന കണക്കെ, കീഴ്പ്പെട്ട കയും അധിനമായിരിക്കയും ചെയ്യുന്നത് അത്യന്തം ഭംഗിയാണെന്നും ഇതിനർത്ഥമാക്കാം.

ഫ്രാ. പലവിഷമരമേന്മേൽ വന്നുകൂട്ടുന്നനേരം
ബലമൊട്ടു തുണചെയ്യും ഭ്രാതൃവൃന്ദം സന്തോഷം;
ഫലമതിലുപരിയും നൽകിടും ദിവ്യമാകും
നലമെഴുമനുശോകം ദുഃഖസമ്പൂർണ്ണകാലേ.

XL. 24.

ഫ്രാ. ഒരാൾ ആപത്തിലുൾപ്പെട്ടെന്ന് അവന്റെ ഭ്രാതാക്കന്മാർ കേട്ടാൽ അവനെ സഹായിക്കുവാനും സ്വതന്ത്രനാക്കുവാനും അവർ ധൃതി കൂട്ടുന്നു. ഇങ്ങനെ ഒരു ഭ്രാതാവിന് അത്യാവശ്യത്തിൽ അവന്റെ ഭ്രാതാക്കന്മാർ ചെയ്യുന്ന സഹായം വളരെ വിലയുള്ളതും ബലമുള്ളതും സംതൃപ്തികരവുമാണ്. എന്നാൽ എത്രതന്നെ ഇഷ്ടന്മാരുടെ സഹായത്തെക്കാളും (പരോപകാരപ്രദമായ) സൽപ്രവൃത്തികളുടെ സഹായത്തിലാണ് നാം ആശ്രയിക്കേണ്ടത്. ഈ വക പ്രവൃത്തികളാകട്ടെ, ഉപകർത്താവ് ഒരു കഷ്ടതയിലുൾപ്പെട്ടാൽ ഭ്രാതാക്കന്മാരെക്കാൾ ക്ഷിപ്രമായി അവനെ രക്ഷിക്കും. കാരണം: ധർമ്മപ്രവൃത്തിയുടെ സഹായം മാനുഷികമല്ല, ദൈവികമാണ്. ആ പ്രവൃത്തികൾ ദൈവസമക്ഷം അവനുവേണ്ടി പ്രാർത്ഥിക്കുകയും ദൈവശക്തി അവനെ രക്ഷിക്കയും ചെയ്യും. "ധർമ്മദാനം സകല പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കും, ആത്മാവ് അന്ധകാരത്തിലുൾപ്പെടുവാൻ സമ്മതിക്കുകയില്ല. ധർമ്മദാനം ചെയ്യുന്നവർക്കെല്ലാം അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ അത് വലിയ ആശ്രയമായിരിക്കും." (Tobia, Cap. IV. 11-12.)

സംഖ്യാതീതധനത്തെക്കാൾ—സുഖ്യാതിയുപരിഷ്ടമാം;
സപ്തസ്വർഗ്ഗവെള്ളികളെക്കാളും— കാരുണ്യംപാരമുത്തമം.

XXII. 1.

എന്നല്ലേ സുഭാഷിതങ്ങളിൽ ശ്ലോമോൻ പറഞ്ഞിട്ടുള്ളത്?

ഫ്രാ. തവനില ദൃഢമാക്കും വെള്ളിയും പൊന്നുമെന്നാ—
ലവയിലധികമെച്ചം വിജ്ഞസാരോപദേശം
അവഗത ഹൃദയത്തെ വിത്തവീഥ്യങ്ങൾ താങ്ങും
ജവമൊടവയെവെല്ലും ദൈവഭീയൊന്നുമാത്രം.

XL. 25-26.

ഫ്രാ. ക്ഷണത്തിൽ തട്ടിമറിക്കപ്പെടുവാൻ വഹിയാത്തവണ്ണം ഉറപ്പുനിൽക്കുവാനുള്ള ശക്തി ധനിക്ക് ധനം പ്രദാനം ചെയ്യുന്നു. എന്നാൽ ഇതിനെക്കാൾ ഉറപ്പു നൽകുന്നത് നല്ല ആലോചനയാണ്. അതിൽ ആശ്രയിക്കുന്നവൻ വീഴുമെന്ന ഭയപ്പെടേണ്ട ആവശ്യമില്ല. "സമ്പാദ്യങ്ങളിൽ അവസാനമില്ലാത്തത് വിജ്ഞാനമാകുന്നു" എന്നാണല്ലൊ ഇസോക്രറ്റീസ് (Isocrates) പറയുന്നത്.

കറയറവസുവസ്സ്ത്തെ - ക്കാളുംവിജ്ഞാനമുത്തമം;
അതുരത്നങ്ങളെവെല്ലു-മതിനൊന്നുംസമംവരാ. VIII. 11.

എന്നു് സുഭാഷിതങ്ങളും ഘോഷിക്കുന്നുണ്ടല്ലൊ. ഇതിന്റെ കാരണം പറയാം: സ്വർണ്ണവും വെള്ളിയും മനുഷ്യനു ബാഹ്യവസ്തുക്കളാണ്. നല്ലയാലോചനയാകട്ടെ അവന്റെ അഭ്യന്തരമായ ഒരു വസ്തുവാകുന്നു. അതു് അവന്റെ അസ്ഥിവാരംപോലെയും ആത്മാവുപോലെയും ഇരിക്കുന്നു. മാനുഷികമായവിധം പ്രവർത്തിക്കുവാനും ജീവിക്കുവാനും ബുദ്ധിയും, വിവേകത്തോടും ഉറപ്പോടുംകൂടി ചെയ്യുവാൻ നല്ലയാലോചനയും പഠിപ്പിക്കുന്നു. ആലോചന, ഒരു വസ്തുവിന്റെ എല്ലാ സാഹചര്യങ്ങളും ഓർമ്മയിൽ വരുത്തുകയും പ്രതിക്രിയകളും അസ്ഥിരകാരണങ്ങളും നീക്കുകയും ചെയ്യുന്നു. പട്ടണങ്ങൾ, സമുദായങ്ങൾ, ജനാധിപത്യങ്ങൾ, രാജ്യങ്ങൾ ഇവയെല്ലാം ആലോചനകൊണ്ടു് ഭരിക്കപ്പെടുന്നു, ഉറപ്പിക്കപ്പെടുന്നു, നിലനില്ക്കുന്നു, വളരുന്നു, ഉന്നതി പ്രാപിക്കുന്നു എന്നാണല്ലൊ സുഭാഷിതങ്ങളിൽ (XI. 14.) പറഞ്ഞിരിക്കുന്നതു്. ഒരു വള്ളത്തിന്റെ രക്ഷ പരിചയമുള്ള അമരക്കാരനും ചുക്കാനുമാണ്. ഇതുപോലെതന്നെ, ഒരു രാജ്യത്തിന്റെ രക്ഷ വിജ്ഞന്മാരുടെ ആലോചനയാകുന്നു. വളരെ സൈന്യങ്ങളെക്കാൾ ആലോചനയാണ് ഒരു യുദ്ധത്തിൽ അധികം ഫലം ചെയ്യുന്നതു്. "റോമാക്കാർ എല്ലാ സ്ഥലങ്ങളും തങ്ങളുടെ ആലോചനകൊണ്ടും ക്ഷമകൊണ്ടും സ്വാധീനമാക്കി" (Mach. VIII. 3) എന്നല്ലെ വി. ലിഖിതങ്ങൾ പറയുന്നതു്? അൻറനൈനസ് പയസ് (Antoninus Pius) ചക്രവർത്തി ധീമാന്മാരുടെ ആലോചന കേൾക്കാതെ രാജ്യഭരണമോ യുദ്ധമോ സംബന്ധിച്ചു യാതൊരു കാര്യവും ചെയ്തിരുന്നില്ല. "ഇത്ര മഹാന്മാരായ ഇത്ര വളരെ സ്നേഹിതന്മാർ ഒരുമനായ എന്റെ ഇഷ്ടം അനുസരിക്കുന്നതിനെക്കാൾ ന്യായം, ഞാൻ ഇത്ര മഹാന്മാരായ ഇത്രവളരെപ്പേരുടെ ആലോചന കേൾക്കുന്നതാകുന്നു" എന്നാണ് അദ്ദേഹം പറഞ്ഞുവന്നിരുന്നതു്. (Ita Julius Capitolinus in eius gestis) "ശരിയായ ഒരേക ആലോചന വലിയ പട്ടാളനിരയെ ജയിക്കുന്നു"ന്നു് യൂറിപ്പിഡെസ് (Euripides) പറയുന്നു. ആലോചനയെന്നയായുധം ധരിച്ച അല്പ ശക്തി, ആലോചനയില്ലാത്ത വലിയ ശക്തിയെക്കാൾ ഫലപ്രദമാണെന്നുള്ളതിൽ സന്ദേഹമില്ല.

വലിയകൊലയാനയും ഘോരസിംഹങ്ങളും
ബലികളവരെങ്കിലുംമാനുഷന്മാരുടെ
വചനമതുകേൾക്കയും തല്പകൽകൊൾകയും
അവരുടെനിയോഗേനനിന്നുക്രുത്താടിയും

ശിവ! ശിവ! തരംകെട്ടനില്ലെയോ? എന്നല്ലേ നമ്മുടെ ചോദിക്കുന്നതു്? യഥാർത്ഥത്തിൽ, തെർമോപ്പിലെ (Thermopylae) യുദ്ധത്തിലും സാലമീസിലെ (Salamis) നാവികായോധനത്തിലും ഇരുപക്ഷക്കാരുടെയും സൈന്യബലം എത്ര വ്യത്യസ്തമായിരുന്നു! എങ്കിലും ഫലം എങ്ങിനെയായിത്തീർന്നു? ഇതിന്റെ ഹേതുവെന്താണ്? ഒ

രു വൻകരയ്ക്കു സമമായ ഇൻഡ്യാ മുഴുവനേയും അതിലെ അനവധി കോടി ജനങ്ങളോടുകൂടി ഈസ്റ്റിൻഡ്യാകമ്പനി (East India Company) യിലെ ഒരു ചെറിയ ജനസഞ്ചയം കീഴ്പ്പെടുത്തിയതും ആലോചനാബലംകൊണ്ടല്ലെങ്കിൽ പിന്നെയെന്തുകൊണ്ടാണ്? "ഭരണകർത്താവു് പ്രായം കുറഞ്ഞവനായിരുന്നാലും നടപടിയിലും ആലോചനയിലും വൃദ്ധനായിരിക്കണ"മെന്നാണ് പാവുളസ് എമിലിയസ് (Paulus Aemilius) പറയുന്നതു്. "ആലോചനയില്ലാതെ സവ്വും ചെയ്യുന്നവൻ കോട്ട വീണുപോയ പട്ടണംപോലെയാകുന്നു"വെന്നു് അന്തോനിയസ് (Antonius in Melissa, part II. Serm. 60.) പ്രസ്താവിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

ആരെയും വകവെക്കാതിരിക്കത്തക്കവിധം ധനവും ശക്തിയും മനുഷ്യനെ ധീരനും തുനിവുള്ളവനുമാക്കുകയും അവന്റെ ഹൃദയത്തെ ഉത്ഥാപനം ചെയ്യുകയും ചെയ്യുന്നു. ദൈവഭീരിയാകട്ടെ അവനെ അതിലധികം ധീരനാക്കുകയും അവന്റെ ഹൃദയത്തെ സ്ഥിരപ്പെടുത്തുകയും ചെയ്യും. മനുഷ്യഭയം ഹൃദയത്തെ ചെറുതാക്കുകയും അവധ്യമാക്കുകയും ചഞ്ചലപ്പെടുത്തുകയും ചെയ്യുന്നുവെന്നതു നേരുതന്നെ. എന്നാൽ ദൈവഭയം ഹൃദയത്തെ വിശാലവും സുസ്ഥിരവുമാക്കി അതിനു ശക്തി വർദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു. കാരണം:- (ക) ദൈവഭയം മനുഷ്യനെ ദൈവത്തിനു കീഴ്പ്പെടുന്നവനും അവിടത്തെ പ്രമാണങ്ങളെ ശരിയായനുസരിക്കുന്നവനുമാക്കുകകൊണ്ടു് ദൈവം അവനെ വിശ്വസ്തദാസനെപ്പോലെ സംരക്ഷിക്കുന്നു. - (ഖ) ഈ ഭയം ദൈവത്തിലുള്ള പ്രതീക്ഷയെ ഉളവാക്കുകയും, ആ പ്രതീക്ഷ മനുഷ്യനെ ധീരനും ഒരുവിധത്തിൽ സവ്വശക്തനുമാക്കുകയുംചെയ്യുന്നു. "എന്നെയാശ്രയിപ്പിക്കുന്നവനിൽ എനിക്കു സവ്വവും സാദ്ധ്യമാകുന്നു" എന്നല്ലേ വി. പൌലോസ് പറയുന്നതു്?- (ഗ) ദൈവഭയമാകട്ടെ ദൈവസ്നേഹമോ അതിനോടു കലർന്നതോ ആണ്. ദൈവം, തന്നെ സ്നേഹിക്കുന്നവരെ മിത്രങ്ങളും ഏറ്റം ഇഷ്ടപ്പെട്ട മക്കളുമായി പ്രതിസ്നേഹിക്കയും സംരക്ഷിക്കുകയും ശത്രുക്കളിലും വിരോധങ്ങളിലും നിന്നു് മുക്തരാക്കുകയും ചെയ്യും. - (ഘ) ഈ ഭയം ഹൃദയസന്തോഷവും ദീർഘായുസ്സും ജീവിതത്തിലും മരണത്തിലും സമൃദ്ധാശിസ്സുകളും കൊടുത്തുകൊണ്ടു് ഹൃദയത്തെ വിശാലമാക്കുന്നു. ദൈവഭയമെന്നുപറയുന്നതു്, ദൈവാരാധനയും മതാചാരവും തദനുസരണമായവണക്കവും വഴക്കവും സ്നേഹവും തന്നെയാണ്. സാവുളിനാലും സേനാനിരയാലും ചതുർഭാഗങ്ങളിലും ചുറ്റപ്പെട്ട ദാവീദിനെ ദൈവഭയം എത്ര ധീരനാക്കിയെന്നാലോചിക്കുക. "ദൈവം എന്റെ പ്രാണരക്ഷകൻ, ഞാൻ ആരേ ഭയപ്പെടും? ശത്രുപാളയം എനിക്കെതിരായി നിന്നാലും എന്റെ ഹൃദയം പേടിക്കുകയില്ല" (Psalm. XXVI) എന്നല്ലേ അദ്ദേഹം പറയുന്നതു്? അപ്പൊസ്തലന്മാർ ഈശ്വരഭീതിയെ ആയുധമാക്കിധരിച്ചുകൊണ്ടു് എത്രയോ വലിയ കാര്യങ്ങളെ സാധിച്ചു! രാജാക്കന്മാരേയും പ്രമാണികളേയും വിജ്ഞാനികളേയും ധനിക

ളേയും സംസ്ഥാനങ്ങളേയും രാജ്യങ്ങളേയും ലോകം മുഴുവനേയും അ
വർ മ്ശീഹായിക്കുകീഴ്പ്പെട്ടത്തിയില്ലേ? യൂദിത്ത് യൂദജനങ്ങളേയും,
ജോവാൻ ഓഫ് ആക്ക് (Joan of Arc) ഫ്രാൻസിനേയും രക്ഷിക്കുന്ന
തിനു പ്രയോഗിച്ച ആയുധം ദൈവഭയംതന്നെയായിരുന്നുവെന്ന് പാ
രായണവും പരിശോധനയും കൊണ്ട് ഏളുപ്പത്തിൽ പ്രത്യക്ഷമാകുന്ന
താണ്.

൪൭. നര! മൃതിയിതിശബ്ദം വിത്തുമേസവ്വമെന്നി–
ശ്ശരണമൊടിയലുന്നോക്കെത്രകൃത്തുള്ള ശൂലം!
വരവനവധി,യുണ്ടാൽട്ടീപനം, തൊട്ടതെല്ലാം
തരമവസരമേവംചേന്നവക്കം കഠോരം. XLI. 1. 2.

൪൭. ധനം, സുഖം, ഇഷ്ടലാഭം, സമാധാനം ഇത്യാദികൾ
ധാരാളമുള്ളവനും വിചാരിച്ചവ സമസ്തവും ആഗ്രഹത്തിനനുസരണമാ
യി സാധിക്കുവാൻ കഴിയുന്നവനുമായ ഒരാൾക്ക്, മരണംമൂലം ഇവ
യെല്ലാം നഷ്ടമാകുന്നതുകൊണ്ട്, മരണവും തത്സംബന്ധമായ വിചാര
വും അരുചികരമാകുന്നു. ഇഷ്ടത്തോടുകൂടി സൂക്ഷിക്കുന്ന വസ്തു നഷ്ട
മാകുന്നതു ദുഃഖകാരണമാണല്ലൊ. ഇഷ്ടം എത്ര വലുതോ അത്രതന്നെ
ദുഃഖവും വലുതായിരിക്കും. അതിനാൽ "ധനിയും സുഭഗനുമായ ഒരു
ത്തന്റെ മരണം ഇരട്ടയാകുന്നു" എന്നു വി. ക്രിസോസ്റ്റോമോസ്
(Apud Antonium in Melissa) പറയുന്നു. അവന്റെ ആത്മാ
വു് സുഖങ്ങളോടും ശരീരത്തോടും ഒരുപോലെ യോജിച്ചിരിക്കുകൊ
ണ്ടു് അവ രണ്ടിലുംനിന്നു നീക്കപ്പെടുമ്പോൾ ഇരട്ട മരണംപോലെ
ഒരനുഭവമാണ് അവനുണ്ടാകുന്നതു്. പലയാളുകൾ മരണ സമയ
ത്തു്, തങ്ങളുടെ ധനം വിട്ടുപോകേണ്ടി വരുന്നതിൽ ദീർഘശ്വാസം
ചെയ്യുന്നുണ്ടു്. മരണവും അതിനെ സംബന്ധിച്ച വിചാരവും നിനക്കു
ദുഃഖകാരിയാകാതിരിക്കണമെങ്കിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ സു
ഖാനുഭവങ്ങളേയും ധനത്തേയും വിട്ടുപേക്ഷിച്ചു് നിന്റെ സമ്പത്തു മു
ഴുവൻ ദരിദ്രന്മാർക്കു ദാനം ചെയ്യുക. അഥവാ അബ്രാഹം, ഇസഹാ
ക്ക്, യാക്കോബ്, മൂശ, ദാവീദ് ആദിയായ വിശുദ്ധന്മാർ ചെയ്തു
പോലെ അവയിൽനിന്നു നിന്റെ ഹൃദയത്തെ നീക്കി അതിനെ ദൈ
വത്തിൽ സ്ഥാപിക്കുകയും ദൈവത്തെയല്ലാതെ ധനത്തെ നിന്റെ
സ്നേഹാസ്പദമാക്കാതിരിക്കാൻ ശ്രമിക്കയും ചെയ്ക.

ബർസിറാകിന്റെ ഈ വാക്യത്തിനനുസരണമായിട്ടു് ത
ത്വജ്ഞന്മാരും പറയുന്നുണ്ടു്. "അല്ലയൊ ജീവനേ! നീ ദുർഭഗനു ദീ
ർഘവും സുഭഗനു ഹ്രസ്വവുമാകുന്നു" എന്നു സേനക്കാ (Seneca in
proverbiis) പറയുന്നു. "അധ്വാനിച്ചു കഴിയുന്നവനു് എന്നതിനേ
ക്കാൾ സുഖമായി കഴിയുന്നവനു മരണം അനർത്ഥകാരിയാകുന്നു" എ
ന്നാണു് പ്ലെയ്റ്റോ പറയുന്നതു്. മരണമെന്താകുന്നുവെന്നു് അഡ്റി
യാൻ (Adrian) ചക്രവർത്തി ഒരു തത്വജ്ഞനോടു ചോദിച്ചതിനു്
"മരണം ധനിയുടെ ഭയവും ദരിദ്രന്റെ ആഗ്രഹവിഷയവുമാകുന്നു"

വെന്ന് മറുപടി പറഞ്ഞതായി ലയേർസിയസ് (Laertius) പ്രസ്താവിക്കുന്നു. സിൽവെസ്റ്റർ ഓക്സിമാനസ് (Sylvester Auximanus) എന്നയാൾ കുലീനനായ ഒരു യുവാവിന്റെ ശവകുടീരം കണ്ടു ദിവ്യനിശ്വാസത്തോടുകൂടി "ഇവൻ ആയിരുന്നതു ഞാനാകുന്നു: ഇവൻ ആയിരിക്കുന്നതുപോലെ ക്ഷണത്തിൽ ഞാനും ആകും" എന്നു പറഞ്ഞുകൊണ്ട് സമ്പത്തും പരിത്യജിച്ചു സന്ന്യാസത്തെ അവലംബിക്കുകയും ഒടുവിൽ സിൽവെസ്ട്രിയ സഭയുടെ സ്ഥാപകനായിത്തീരുകയും ചെയ്തു. (Vide, Vita Scripta ab Andrea Monacho Fabriensi; S. Antonius in Chronic; Ferrarius et alii).

ഫ്നാ. പരനൊരു പട്ടവൃദ്ധൻ ജീവനോപായഹീനൻ
ശരണവുമണയുമ്പോഴും ശ്രേഷ്ഠിയായോരധീരൻ
ധരണിയിലവനയ്യോ! സമ്പത്തും ചിന്തയോടേ
തിരയണമവനോരുന്നാമമുല്ലാസമൂലം. XLI. 3–4.

ഫ്നാ. ധനം, സന്തോഷം, സുഖം, സമാധാനം, ഇഷ്ടലാഭം ഈ വകയുള്ളവക്കു മരണം ഭീകരമാണെന്നു മേൽപ്രസ്താവിച്ചു. അതിന്റെ പ്രതിക്രുലഭാവമാണ് ഇപ്പോൾ പറയുന്നതു്. ദരിദ്രനും, പീഡിതനും, പ്രതീക്ഷയില്ലാത്തവനും, മരണം ഈയനത്ഭങ്ങളിൽനിന്ന് അവനെ വിമുക്തനാക്കുന്നതുകൊണ്ട് അതു സന്തോഷാവഹമായിരിക്കുന്നു. "കൈപ്പു നിറഞ്ഞ ജീവിതത്തെക്കാൾ മരണമാണുത്തമം" എന്നു ൪-ാംസങ്ഗ്രം ൯൦ മുതൽ ൯൨ വരെ ശ്ലോകങ്ങളിൽ പറഞ്ഞിട്ടുള്ളതാണല്ലൊ.

"നമ്മുടെ ആണ്ടുകളുടെ ദിവസങ്ങൾ എഴുപതു വത്സരങ്ങൾ: ബലവാന്മാരെങ്കിൽ എൺപതു വത്സരങ്ങൾ: അതിനു മേലുള്ളതു് അദ്ധ്വാനവും ദുഃഖവും" എന്നു് സങ്കീർത്തനങ്ങളിൽ (Psalm. LXXXIX. 10.) പറയുന്നു. വാർദ്ധക്യംതന്നെ രോഗമാണു്. വൃദ്ധനു് എത്ര വയസ്സുണ്ടോ അത്രയധികം ദുരാപത്തുകളാൽ അവൻ ഭാരപ്പെട്ടിരിക്കുന്നു. അവയിൽനിന്നു മരണംമൂലമല്ലാതെ മോചനമില്ല.

കഴിച്ചിലിനു വകയൊന്നുമില്ലാതെ നിത്യം അവർണ്ണനീയമായ കഷ്ടതകൾ സഹിക്കുന്ന ഓരാൾക്കു്, ഇങ്ങനെ ചാകാമരണം അനുഭവിക്കയും നിരന്തരം ക്ഷുദ്ബാധ സഹിക്കയും തനിക്കും കുടുംബത്തിനും ആവശ്യമായവയെ മനോവേദനയോടുകൂടി തേടേണ്ടിവരികയും മേൽഗതിക്കു വഴികാണാതെ അക്ഷമനായിപ്പോകയും ചെയ്യുന്നതിനേക്കാൾ മരിക്കുകതന്നെ നല്ലതെന്നു തോന്നിപ്പോകും. ആത്മാവിൽ ദരിദ്രന്മാർക്കു്, സാക്ഷാൽ ക്രിസ്തു വാഗ്ദാനം ചെയ്തിരിക്കുന്ന അവകാശത്തിലും ചെന്നു പറ്റേറണ്ടതിനുള്ള വഴിയായ മരണം, മേൽപ്പറഞ്ഞ ദുഃഖജീവിതത്തെക്കാൾ സ്പൃഹണീയംതന്നെ. മരണം ആസന്നമായിരിക്കുന്നെന്നു് അറിഞ്ഞയുടനെ വി. ഫ്രൻസിസ്കോസ് "എന്റെ സഹോദരിയായ മരണം വേഗത്തിൽ വരട്ടേ" എന്നു പറയുകയും സ

ന്തോഷഗീതങ്ങളേ പാടുവാൻ സഹോദരവൃന്ദത്തോടാവശ്യപ്പെടുകയും ചെയ്തില്ലേ?

എങ്കിലും മേൽക്കാണിച്ച വിധമുള്ള കഷ്ടതകളിൽ ജീവിക്കുന്ന ചിലർ തന്നെയും മരണത്തെ ഭയപ്പെടാതിരിക്കുന്നില്ല. ഈവസ്തുത ഈസോപ്പ് (Aesopus) ഒരു കഥാരൂപേണ താഴെപ്പറയുംവിധം പ്രസ്താവിച്ചിരിക്കുന്നു. "ഒരു വൃദ്ധൻ വിറകുവെട്ടി വളരെ വഴിചുമന്നു മുഷിഞ്ഞുകൊണ്ടു ക്ഷീണിച്ചു് ചുമട ഒരിടത്തു താഴ്ത്തിവെച്ചു്, മരണം വരട്ടേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ മരണം വന്നു് തന്നെ വിളിച്ചതെന്തിനെന്നു ചോദിച്ചപ്പോൾ ഭയന്നു് "എന്റെ ഭാരം ചുമക്കുവാൻ സഹായിക്കേണ്ടതിനു്" എന്നുത്തരം പറഞ്ഞു. വൃദ്ധന്റെയും കറുത്ത കോഴിക്കഞ്ഞിന്റെയും കഥയും ഈ ഘട്ടത്തിൽ സ്മർത്തവ്യമാണു്. "മനുഷ്യൻ മൃതിയുടെ കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിൽനിന്നു് മരണത്താൽക്രൂടിയും വെളിക്കു പോകുവാൻ അവനു മനസ്സില്ല" എന്നു് സുറിയാനി കാനോനിക ജപത്തിൽപ്പറയുന്നതു് ഇത്തരക്കാരെ ഉദ്ദേശിച്ചാണു്.

൧൬. മൃതിയിലൊരണുവോളം ഭീതിരോമെന്നാല്ല ചാക്കി–
ക്ഷിതിതലമതിലുണ്ടാം ജീവികൾക്കൊക്കെയില്ലേ?
മരിയരി,ലിഹമുണ്ടായ വസ്തുക്കളെല്ലാ–
മിതിനൊരുപടി പിമ്പുണ്ടാവതും ചിന്തചെയ്തു.

XLI. 5.

൧൬. മരണത്തെപ്പറ്റി ഭയപ്പെടേണ്ടതില്ലെന്നുള്ളതിലേക്കു കാരണങ്ങളേ പറയുന്നു. (ക) അതു സകല മനുഷ്യർക്കും ന്യായരഹിതമായിട്ടല്ല, ന്യായപൂർവ്വംതന്നെ നിശ്ചയിക്കപ്പെട്ട ഒരു വിധിയാണു്. ആദത്തിന്റെ പാപത്തിനും നിന്റെ സ്വന്തമായ പാപങ്ങൾക്കും ശിക്ഷയായി നിനക്കു തീർച്ചയാക്കപ്പെട്ട വിധിയാകുന്നു. – (ഖ) മരണം സകല മനുഷ്യർക്കും, എന്നല്ല, സകല ജീവികൾക്കുമുള്ളതാണു്. ഭ്രൂതാത്മക വസ്തുക്കൾക്കു ശൈഥില്യമുണ്ടാകണമെന്നല്ലേ പ്രകൃതിനിയമം?– (ഗ) അതീതകാലങ്ങളിൽ നിന്റെ ജനനത്തിനുമുമ്പു് – ഉണ്ടായവയൊക്കെ ചത്തൊഴിഞ്ഞു. മരണവിധിയിൽനിന്നു് ആരും വിമുക്തനായില്ല. നിന്റെ പിമ്പായി– നിന്റെ മരണാനന്തരം– ജീവിക്കുന്നവയും ശിഥിലീഭവിക്കും. അതിനാൽ ഈ പൊതുനിയമത്തിൽനിന്നൊഴിയുവാൻ നിനക്കു സാധിക്കുകയില്ല; ഒഴിയുക യുക്തവുമല്ല.

ക്രീസ്തുമതേതരന്മാരും ഈ വസ്തുത സമ്മതിക്കുന്നുണ്ടു്. അനക്സാഗൊറാസ് (Anaxagoras) സ്വപുത്രന്റെ മരണവാർത്ത കേട്ടു പറഞ്ഞതു് "ഞാൻ ജനിപ്പിച്ചതു മരണമുള്ള ഒരാളെയാണെന്നു് എനിക്കറിവുണ്ടായിരുന്നു" എന്നാണു്. അദ്ദേഹത്തെ മരണത്തിനു വിധിച്ചതായി പറഞ്ഞറിയിച്ചവരോടു് "ഈ നിയമംപണ്ടേതന്നെ പ്രകൃതി അവരിലും എന്നിലും സ്ഥാപിച്ചിട്ടുള്ളതാണു്" എന്നു പറയുകയുണ്ടായി. (Lacertius, lib. II. Cap. III.)– "നീക്കുവാൻ നിവൃത്തിയില്ലാ

ത്തതിനേപ്പററി ഭയപ്പെടുന്നതു വിഡ്ഡിതപം. എല്ലാവർക്കുമുള്ള ഒരവസ്ഥയിലാകുന്നതിനെപ്പററി ഖേദിക്കുന്നതു വിഡ്ഡിതപംതന്നെ. എല്ലാവരോടുമൊരുമിച്ചു് ഒന്നായി പിടിപെടുന്നതു ഒരു വലിയ ആശ്വാസമാണു്" എന്നു സേനക്കാ (De Providentia, Cap. V.) പറയുന്നു. താലെസ് (Thales) പറയുന്നതു് "ജീവനും മരണവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല; രണ്ടും പ്രകൃതിനിയമങ്ങൾക്കനുസരണമാകുന്നു" എന്നാണു്. സോക്രട്ടീസ് (Socrates) മരണത്തിനു വിധിക്കപ്പെട്ട ശേഷം ഓടി രക്ഷപെടുവാൻ ശ്രമിച്ചതേയില്ല. ആ അവസരത്തിൽ അദ്ദേഹം പറഞ്ഞതു താഴെക്കാണും വിധമാണു്: "എനിക്കു സന്താനങ്ങളെ തന്ന ദൈവം അവരുടെ കാര്യം നോക്കിക്കൊള്ളും. ഇവിടെനിന്നു പുറപ്പെടുമ്പോൾ നിങ്ങളെക്കാൾ നല്ലവരായ സ്നേഹിതന്മാരെ ഞാൻ കണ്ടെത്തും. ശരിയെത്താമസിയാതെ നിങ്ങളും അവിടേക്കു വരുവാനിരിക്കുന്നവരാകയാൽ നിങ്ങളോടുള്ള സമ്പർക്കവും അധികനാൾ ഇല്ലാതാകയില്ല." "എല്ലാവരും മരിക്കണമെന്നുള്ളതു് എല്ലാവർക്കുമായുള്ള നിശ്ചയമാണു്. എന്നാൽ വേണ്ടവിധം മരിക്കുകയെന്നുള്ളതു് സജ്ജനങ്ങൾക്കു മാത്രമെ പ്രകൃതി കൊടുക്കുകയുള്ളൂ" എന്നാണു് ഐസോക്രട്ടീസ് (Isocrates ad Demonicum) പറയുന്നതു്.

ഹ്വ. ഖലനുടെ സുതരിക്ഥം നഷ്ടമാം, നിതൃശാപം
പലവിധമവരോടേ ചെന്നുചേരും നിരന്തം
മലമെഴുമൊരുമർതൃൻ പുത്രരാൽ ശപ്തനാകും
വലവരിനവരിത്ഥം മൂലമദ്ദേഹമല്ലീ? XLI. 9–10.

ഹ്വ. ദുർജ്ജനങ്ങൾ സ്വപുത്രന്മാർക്കായി അന്യായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചു വെക്കുകകൊണ്ടു് ആ പുത്രന്മാർ കളികളിലൊ, മദ്യപാനാദികളിലൊ, വ്യവഹാരങ്ങളിലൊ, കപ്പൽനാശത്തിലൊ, കൃഷിപ്പിഴ മുതലായ മറേറതെങ്കിലും ദുരാപത്തിലൊ അവയെ നശിപ്പിക്കും. നീതിയുള്ള ന്യായാധിപനായ ദൈവം അവയെ അവരിൽനിന്നെടുത്തു് അന്യന്മാർക്കു കൊടുക്കുന്നതു ന്യായപൂർവ്വമാണല്ലൊ.

ദുരാചാരങ്ങൾകൊണ്ടാർക്കും— സ്ഥിരാവസ്ഥ ഭവിച്ചിടാ;
സജ്ജനത്തിൻെറ മൂലത്തി— നിളക്കം വന്നുകൂടിടാ.
XII. 3. എന്നും,

അധർമ്മവിത്തംകൊണ്ടേതു— മുപകാരം ഭവിച്ചിടാ;
ദുഷ്ടൻെറ നാമമാമൂലം— കെട്ടുപോം സംശയം വിനാ. X. 2; 7.

എന്നുമാണല്ലൊ സുഭാഷിതങ്ങൾ നമ്മോടുപദേശിക്കുന്നതു്. "ദുശ്ശീലസ്യ ഹതംകുലം" എന്ന നീതിസാരവാക്യവുമില്ലേ?

ദുർജ്ജനങ്ങൾ അവമാനത്തിനും ശാപത്തിനും പാത്രമാകുന്നതിനും പുറമെ അവരുടെ സന്താന പരമ്പര മുഴുവനിലും അവമാനവും ശാപവും വന്നുകൂടുന്നുവെന്നുള്ളതു സുസ്പഷ്ടമാണല്ലൊ. ദൈവപുത്രനായ ക്രീസ്തുവിനെ പൌരാണിക യൂദന്മാർ നിഗ്രഹിക്കകൊണ്ടുണ്ടായ ശാപം ഇന്നും ആ സമുദായത്തിൻെറ തലയിൽത്തന്നെ ഇ

രിക്കുന്നില്ലെ? ദൈവഘാതകൻ (Deicida) എന്നുള്ള ലലാടാക്ഷരങ്ങൾ ഇക്കാലത്തും അവരിൽ ഓരോരുത്തന്റെയും നെറ്റിയിൽ നാം വായിക്കുന്നില്ലെ? യൂദന്മാരുടെ രാജ്യാധിപത്യം എവിടെ? അവരുടെ ജാതീയസ്ഥാനവും ആരാധന സ്ഥലവും ബലിപീഠവും ഏതു?

തങ്ങൾക്കു വന്നുകൂടിയ നാശഫലങ്ങളെ ഓർത്തു് അവയുടെ കാരണക്കാരായ പിതാക്കന്മാരേ ശപിക്കുന്ന മക്കളെ പലരും കണ്ടിട്ടുണ്ടെന്നു കരുതുന്നു.

മാതാപിതാക്കന്മാരെ! നിങ്ങൾ മക്കളുടെ നടപടിക്കും കീർത്തിക്കും കരിനുലിടുകയും അവയെ അവരിൽ രേഖപ്പെടുത്തുകയുമാണു് ചെയ്യുന്നതു്. മക്കൾ തത്തകളും കുരങ്ങുകളുംപോലെ നിങ്ങളിൽക്കാണുന്നതും നിങ്ങളിൽനിന്നു കേൾക്കുന്നതും സ്വാഭാവികമായ ഒരു ശക്തിമൂലം തങ്ങളിൽ പകർത്തിയെടുക്കുന്നു. അവർ പ്രവർത്തിക്കുന്നതും പറയുന്നതുമെല്ലാം നിങ്ങളിൽനിന്നു പഠിച്ചവിധംതന്നെ. മുഖഛായയിൽ മക്കൾ പിതാക്കന്മാരോടു് ഒത്തു കാണുന്നതുപോലെ, ആചാരമര്യാദകളുടെ ഛായയിലും അവർ പിതാക്കന്മാർക്കു് അനുരൂപമായിരിക്കും. അതിനാൽ നിങ്ങളുടെ മക്കൾ സദാചാരമര്യാദകളുള്ളവരും സത്യസന്ധന്മാരും ബഹുമാനത്തിനു് അർഹന്മാരും സർവ്വോപരി ഈശ്വരഭക്തന്മാരുമാകുവാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ അതിനു തക്കവിധം പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും അവരെ പഠിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

എന്നാൽ മക്കൾ പിതാക്കന്മാരെ അധികമൊന്നും കുറ്റം പറയേണ്ടതുമില്ല. ദുരാചാരങ്ങളെ അനുകരിച്ചതു സ്വന്തകുറ്റംതന്നെ. ദുഷ്ടപിതാക്കന്മാരുടെ മക്കളിൽ എത്രയൊപേർ ഉത്തമന്മാരും പരിശുദ്ധന്മാരുമായിത്തീർന്നിരിക്കുന്നു!.

ഫൻ. നിരുപമവിലചേരുംവജ്രവൈഡൂര്യരത്ന-
പ്പൊരുളിനുമഴലേകും ചാരുനാമപ്രഭാപം
ഒരുദിനമവസാനം ശുദ്ധജീവന്നുമുണ്ടാം
കരുതുകസുചിരം സൽക്കീർത്തി വേരുന്നിനില്പൂം.

XLI. 15-16.

ഫൻ. സൽക്രിയകൾകൊണ്ടു് നല്ല പേരുസമ്പാദിക്കുവാനുപദേശിക്കുന്നു. നല്ല പേരു് നിരവധി രത്നങ്ങളെക്കാൾ നിലനിൽക്കുന്നതാണു്. രത്നങ്ങൾ, എന്നുവെച്ചാൽ സമ്പത്തു്, മനുഷ്യൻ മരിക്കുമ്പോൾ അവനു നഷ്ടമാകുന്നു. നല്ല പേരാകട്ടെ, അവന്റെ മരണശേഷവും നിലനിൽക്കും. മാത്രമല്ല, ധനം ജീവകാലത്തുതന്നെയും ഉടമസ്ഥന്റെ മനസ്സിനു വിരോധമായി കള്ളന്മാരാലും മോഷ്ടാക്കളാലും ശത്രുക്കളാലും അപഹരിക്കപ്പെടാവുന്നതും പലപ്പോഴും അപഹരിക്കപ്പെടുന്നതുമാകുന്നു. നല്ല പേരാകട്ടെ, ഉടമസ്ഥന്റെ മനസ്സില്ലാതെ അപഹൃതമാകുവാൻ നിവൃത്തിയില്ല. ഒരുത്തൻ സമ്മാനത്തിൽ

എത്രനാൾ സഞ്ചരിക്കുന്നുവോ, അത്രയുംനാൾ ജനതാമദ്ധ്യത്തിൽ സൽക്കീർത്തിയുമുണ്ടായിരിക്കും.

സൽകീർത്തിയും നല്ലപേരും ധനത്തിൽ നിന്ന് വ്യത്യസ്തമായ നില (Ordo) യിലുള്ളതാണ്. വെള്ളി മുഴുവൻ ഒരുമിച്ചെടുത്താലും സ്വല്പസ്വല്പത്തോട്ട് ശ്രേഷ്ഠതയിൽ സമമാകയില്ല. വിലയിലും മതിപ്പിലും ഒത്തിരുന്നാലും ശ്രേഷ്ഠതയിൽ അവ വ്യത്യസ്തങ്ങൾതന്നെ. ഇതുപോലെ ധനവും സൽകീർത്തിയുടെ അംശത്തോട്ട് ശ്രേഷ്ഠതയിൽ തുല്യമല്ല.

അധമ്മജീവിതം നയിക്കുന്നവക്കുപോലും ധമ്മജീവിതത്തേയും സൽക്രിയകളേയും സൽകീർത്തിയേയും പറ്റി മതിപ്പാണുള്ളത്. മുക്കുടിയനും കുടിയനെന്നു വിളിക്കപ്പെടുവാൻ സമ്മതിക്കുമോ? അത് ആക്ഷേപമായിത്തന്നെ അവൻ കരുതും.

സിറാകിനെ അനുഗമിച്ചു് തത്വജ്ഞന്മാരും പറയുന്നുണ്ട്. "മനുഷ്യരുടെ നല്ല അഭിപ്രായം പണത്തെക്കാൾ നല്ലതാകുന്നു" വെന്ന് സേനെക്കാ (Seneca, De Remed. Fortunae) പ്രസ്താവിക്കുന്നു. "വലിയ ധനത്തേക്കാൾ, നല്ല പേരിനെ മക്കൾക്കു കൊടുക്കുന്നതിനു് നീ അധികം ഉത്സാഹിക്കണം. എന്തെന്നാൽ, ആദ്യത്തേതു ക്ഷയമുള്ളതും ഒടുവിലത്തേതു് അക്ഷയവുമാകുന്നു" എന്നാണ് ഐസോക്രട്ടീസ് (Isocrates apud Stobaeum, Serm. 46) പറയുന്നതു്. "സൽകീർത്തിയെ എനിക്കായി ഞാൻ സംരക്ഷിക്കുന്നെങ്കിൽ, ഞാൻ ധാരാളം ധനവാനായിരിക്കും" എന്ന് പ്ലോട്ടസ് (Plautus in Mostell) പറഞ്ഞിരിക്കുന്നു.

"നാം ദൈവസമക്ഷം മാത്രമല്ല, മനുഷ്യദൃഷ്ടിയിലും നല്ലവരാകണം" എന്നാണ് വി. പൌലോസ് (Rom. XII. 17) ഉപദേശിക്കുന്നതു്. കാരണം:- "നാം ലോകത്തിനും ദൈവദൂതന്മാർക്കും മനുഷ്യർക്കും അവലോകനവിഷയമാക്കപ്പെട്ടിരിക്കുന്നു." (I. Corinth IV) വേദാദ്ധ്യാപകന്മാരും ആത്മികവൃത്തിയിൽ സായുസ്സിനെ നയിക്കുന്നവരും തങ്ങളുടെ കീർത്തിയെ പ്രത്യേകം സംരക്ഷിക്കണമെന്ന് മേൽപ്പറഞ്ഞതിൽനിന്ന് സ്പഷ്ടമാണല്ലൊ. അവരുടെ കീർത്തി അവർ വഹിക്കുന്ന സ്ഥാനത്തിന്റെയും പ്രതിനിധ്യം വഹിക്കുന്ന വേദത്തിന്റെയുമല്ലാതെ അവരുടെ സ്വന്തമല്ലെന്ന് നാമെപ്പോഴും ഓർമ്മിക്കേണ്ടതാണ്.

നല്ല ജീവിതം മുരുങ്ങിയ ഒരു കാലഘട്ടംകൊണ്ടവസാനിക്കും. "ആയിരം വത്സരങ്ങളിലധികമായാൽത്തന്നെയും ആയുസ്സ് അല്പമാകുന്നു"വെന്നാണ് സേനെക്കാ പറയുന്നതു്. നല്ല ജീവിതംകൊണ്ട് സിദ്ധമാകുന്ന കീർത്തിയാകട്ടെ സർവ്വകാലവും നിലനിൽക്കുന്നതാണ്.

പ്രാണമേകംപരിത്യജ്യമാനമേവാഭിരക്ഷതു

അനിത്യശ്ചാദ്ധ്രുവഃപ്രാണോ മാനശ്ചാചന്ദ്രതാരകഃ എന്നല്ലേ നീതിസാരവാക്യം? സ്വല്പകാലത്തെ ബുദ്ധിമുട്ടും കഷ്ടപ്പാടുംകൊണ്ട് ദൈവത്തിന്റെയും അവിടത്തെ ദൂതന്മാരുടെയും സമ്മുഖത്തിലെ നിരവധി

ഭാഗ്യവാന്മാരുടെയും അടുക്കൽ അക്ഷയമായ നാമകീർത്തി സമ്പാദിക്കാ
മെന്നുള്ളതു് ധർമ്മജീവിതത്തിനും പുണ്യാഭ്യാസങ്ങൾക്കും നമ്മെ പ്രോ
ത്സാഹിപ്പിക്കേണ്ടതല്ലേ? ലൌകികബഹുമാനം ക്ഷണേന അവസാ
നിക്കുന്നതാകയാൽ, സ്വർഗ്ഗീയകീർത്തിയെയാണു് നാം അന്വേഷിക്കേ
ണ്ടതു്.

൨൦. നിറമെഴുമറിവാരുംകണ്ടുമുട്ടാതവണ്ണം
മറയുടെ പിറകായിക്കാത്തുകൊള്ളുന്ന മർതൃൻ
തിറമൊട്ട നിജമൈന്ധ്യം ശ്രുധമായ് കാക്കുവോനിൽ—
ക്കുറവുടയവനാണെന്നുള്ളതിന്നില്ലവാദം. XLI. 18.

൨൫. മുനിനയമരുതാരോ സ്വസ്തിചൊല്ലുന്നതായാൽ,
വനിതയിലഭിലാഷംപൂണ്ടു വീക്ഷിച്ചിടൊല്ല
കനിവെഴുമൊരു ബന്ധുശ്രേണിയേ വിട്ടുപക്രം
തുനിവൊടുമുഭാഗംനോക്കിനീക്കൊല്ലരെല്ലം.
XLI. 25.

൨൫. നിനക്കു് ആരെങ്കിലും വന്ദനം ചെയ്യാൽ പ്രതിവന്ദ
നം ചെയ്യാതെ മൌനിയായിക്കടന്നുപോകരുതു്. അതു് മര്യാദക്കുറ
വും, പരിഷ്കാരമില്ലായ്മയും, പുളിന്ദസമ്പ്രദായവും, അഹംഭാവത്തി
ന്റെയും നിന്ദയുടേയും അടയാളവുമാകുന്നു.

എന്നാൽ ഒരു സംഗതി മേൽപ്പുറഞ്ഞതിൽനിന്നു വ്യത്യസ്തമായി
ക്കരുതണം. പ്രാർത്ഥന, പൂജ ഇത്യാദികളിൽഉദ്യുക്തന്മാരായിരിക്കുന്നവർ
സ്വസ്തി പറയുന്നവരോടു് പ്രതിസ്വസ്തി പറയേണ്ടെന്നു മാത്രമല്ല, അ
വരേ കാണുകയോ അവരുടെ വാക്കുകൾ കേൾക്കുകയോ കൂടി ചെയ്യാ
തിരിക്കത്തക്കവണ്ണംബോധം മുഴുവനും ദൈവത്തിൽ പതിക്കേണ്ടതാ
ണു്. മൃതനെ പുനർജ്ജീവിപ്പിക്കുവാൻ ഗിയെസ്സി (Giezi) യെ അയ
ച്ചപ്പോൾ ആരെയും അഭിവാദനം ചെയ്യരുതെന്നും ദൈവാനുഗ്രഹം
പ്രാർത്ഥിച്ചുകൊണ്ടു് ശുദ്ധ മുഴുവൻ ദൈവത്തിലുറപ്പിക്കണമെന്നും എലി
സേവൂസ് (Eliseus) അദ്ദേഹത്തോടാജ്ഞാപിച്ചതും (IV. Reg. IV. 29), പ്രസംഗിക്കുവാൻ ശിഷ്യരേ നിയോഗിച്ച സമയം മാർഗ്ഗ
ത്തിൽ ആരും സ്വസ്തി പറയരുതെന്നു് മ്ശീഹാ കല്പിച്ചതും (Luc. X. 4) ഇതിനാലത്രെ.

വേശ്യകളായ സ്ത്രീകളെ ഉദ്ദേശിച്ചാണു് രണ്ടാം പാദത്തിൽ
പറയുന്നതു്. അങ്ങനെയുള്ളവരെ നോക്കുന്നതുതന്നെ ദുർമ്മനസ്സി
ന്റെയും ദുരാഗ്രഹത്തിന്റെയും ലക്ഷണമാണു്. സ്നേഹത്തെ അക്ഷി
ലക്ഷീകരിക്കുന്നു. കണ്ണു് ഏതിൽ പതിയുന്നുവോ അതിൽ സ്നേഹവും
മനസ്സും ബോധവുംസ്ഥിതിചെയ്യുന്നു. "ദുർമ്മോദത്തിനായി സ്ത്രീയെ നോ
ക്കുന്നവരൊക്കെയും അവളോടുകൂടി മനസ്സുകൊണ്ടു് അകൃത്യം പ്രവർത്തി
ച്ചു" (Matth. V. 28.) എന്നല്ലെ മ്ശീഹാ അരുളിച്ചെയ്തിരിക്കുന്നതു്?

ബന്ധുജനങ്ങളിൽനിന്ന് നീ മുഖം തിരിച്ചുകളയുന്നു– എന്നു വെച്ചാൽ അവരെ നിസ്സാരന്മാരായിക്കരുതുന്നു–വെങ്കിൽ, അവരും നിന്നിൽ നിന്നു മുഖം മാറിക്കളയുമെന്നുള്ളതു് നിസ്സംശയമാണ്. "നോക്കാത്ത ദേവനേ തൊഴാവൂണ്ടോ?" എന്നല്ലേ ലോകോക്തി?

൨൨. ഒരുമൊഴിയിരുകാതിൽപ്പെട്ടിടും മുന്നമേമ–
റൊരുവനൊട്ടരചെയ്യാനുള്ള മോഹം നികൃഷ്ടം
വരുമിതുകരുതായ്കിൽക്കണ്ടിതം, മർത്യരെല്ലാ–
മിരുകരമൊട്ടുക്കുപ്പും ശോഭനം ചെയ്കിൽ മന്ത്രം.

XLII. 1.

൨൨. രഹസ്യകായ്യങ്ങൾ കേട്ടാൽ അവയെ വെളിക്കു വിടരുതെന്നാണ് ബർസീറാ ഉപദേശിക്കുന്നതു്. ചിലർ എന്തെങ്കിലും രഹസ്യവത്തമാനം അറിവാനിടയായാൽ അതു അവരുടെ ഇരു ചെവികളിലും എത്തുപെടുന്നതിനു മുമ്പേതന്നെ അന്യരോടു് വെളിപ്പെടുത്തുവാൻ ധൃതിക്കൂട്ടുന്നു. ഇങ്ങനെ ചെയ്യുന്നതു അവിശ്വസ്തതയും ദ്രോഹവുമാണ്. ഐസോക്രട്ടിസ് (Isocrates ad Demonicum) പറയുന്നതു കേൾക്കുക: "നിന്നെ ഏൽപ്പിച്ച പണത്തെക്കാൾ വാക്കിനെ അധികം ഉത്സാഹപൂർവ്വം സൂക്ഷിക്കണം. എന്തെന്നാൽ സജ്ജനങ്ങൾ തങ്ങളുടെ വാഗ്ദാനത്തിനു് അനുസരണമായിപ്രവർത്തിക്കേണ്ടതാണ്".

രഹസ്യം പരസ്യമാക്കുന്നതു് പലവിധകഷ്ടതകൾക്കും ആക്ഷേപങ്ങൾക്കും ഹേതുവാണെന്നുള്ളതു് സ്പഷ്ടമാണല്ലൊ. രഹസ്യം, രഹസ്യമായിത്തന്നെ കാക്കുന്നതു് സ്വീകാര്യവും സ്തുത്യർഹമായ കായ്യമാണെന്നുള്ളതും അവിതർക്കിതമായ സംഗതിതന്നെ.

൨൩. പലകരമിടയുമ്പോൾ പൂട്ടിനീകാക്കുസ്വം
തുലനമൊടളവോടുംക്രൂടിനൽകേണമേതും
ചെലവുകൾവരവെന്നീരണ്ടിലുംപെട്ടവരറി–
ന്നലസതബഹുദൂരംവിട്ടുലക്ഷ്യങ്ങൾവേണം. XLII. 7.

൨൩. വളരെ ഭൃത്യന്മാരും മറ്റും വേലചെയ്യുമ്പോൾ അവരിൽ ചിലരെങ്കിലും മോഷ്ടാക്കളായുണ്ടാവുക അസംഭാവ്യമല്ല. പലരുള്ളതിനാൽ ഏതെന്നു സംശയിക്കുകയില്ല എന്നു് ഓരോരുത്തനും കരുതും. ഇങ്ങനെ തരമെന്നു കാണുമ്പോൾ മോഷണവും നടക്കും. "പെട്ടി തുറന്നിരുന്നാൽ നീതിമാനും മോഷ്ടിക്കും" എന്ന ഹിസ്പാന്യക്കാരുടെ ഇടയിൽ ഒരു ആപ്തവാക്യമുണ്ട്. അതിനാൽ നിന്റെ വസ്തുക്കൾ കളവുപോകാതിരിക്കേണ്ടതിനായി അവയെ കെട്ടിയും പൂട്ടിയും സൂക്ഷിക്കുക. എണ്ണാവുന്നവയെ എണ്ണിമാത്രമെ അന്യരെ ഏൽപ്പിക്കാവൂ. ഇങ്ങനെ ചെയ്യുമെങ്കിൽ കൊടുത്ത എണ്ണം തികച്ചു് നിനക്കു തിരികെക്കിട്ടും. അളക്കാവുന്ന വസ്തുക്കളായിരുന്നാൽ ആ അളവുതന്നെ തിരിച്ചുകിട്ടേണ്ടതിനായി അളന്നുകൊടുക്കുക. കൊടുക്കവാങ്ങലിന്റെ സകല കണക്കുകളും ശരിയായി എഴുതണം. എതു കൊടുത്തുവെന്നും ഏ

ത്ര കിട്ടിയെന്നും ബാക്കിയെന്തുകിട്ടുവാനുണ്ടെന്നും ഇതുകൊണ്ട് അറിവാനിടയാകും. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് പ്രമാണികളിലും വിവേകമുള്ളവരിലും ആരും നിന്നെ ആക്ഷേപിക്കയില്ലെന്നു മാത്രമല്ല, അതു വിവേകത്തിന്റെയും ബുദ്ധിയുടെയും പ്രവൃത്തിയായിട്ട് അവർ കരുതുകയും ചെയ്യും. അത്യാഗ്രഹിയെന്നോ, ലോഭിയെന്നോ, ആരിലും വിശ്വാസമില്ലാത്തവനെന്നോ ഒക്കെ കള്ളന്മാരായ ഭൃത്യന്മാർ നിന്നെപ്പറ്റി സംസാരിക്കുമായിരിക്കും. അതു സാരമാക്കേണ്ട. ധനകാര്യങ്ങൾ ശരിയായി നടത്തുന്നവരെല്ലാം ചെയ്യുന്നത് ഈ വിധമാണ്. തൻമൂലം അവരുടെ കാര്യങ്ങൾക്കു യാതൊരു നഷ്ടവും നേരിടാതെയുമിരിക്കുന്നു.

൨൪. ദമ്പലമണുപോലും ചേന്നിടാതുള്ള പുത്രി—
യ്ക്കിമകളുടെയാത്തോൻ കാവലാകേണമെന്നും
ക്ഷമയൊട്ടുമരുവീടിൽക്കീർത്തിദോഷം വരുത്തും
മമതയൊടിയലാത്തോർ കേളികൊട്ടിച്ചിരിയ്ക്കും.

XLII. 11.

൨൪. അർത്ഥം വ്യക്തം. ബാലികാബാലന്മാർ തമ്മിൽ സ്വതന്ത്ര സംസർഗ്ഗം ചെയ്യുവാനിടകൊടുക്കാതെ നോക്കേണ്ടതു രക്ഷാകർത്താക്കന്മാരുടെ കടമയാണ്. "പെട്ടി തുറന്നിരുന്നാൽ നീതിമാനും മോഷ്ടിക്കും" എന്നു മുകളിൽ പറഞ്ഞിട്ടുള്ളതു് ഇവിടേയും അർത്ഥവത്തായിരിക്കുന്നു. ഇരുവർഗ്ഗക്കാരുമായ പ്രായംചെന്ന കുട്ടികളെ ഒരുമിച്ചു വിദ്യാഭ്യാസംചെയ്യിക്കുന്നതു് എത്രമാത്രം ദോഷഭൂയിഷ്ഠമാണെന്നു് ഇതിൽ നിന്നു മനസ്സിലാക്കേണ്ടതാണ്.

൨൫. ഉലകിനുപതിമുന്നം സൃഷ്ടിചെയ്യുള്ളവറിൽ
ച്ചിലരിനെയൊരുമട്ടിൽക്കണ്ട നാമത്രമാത്രം
പലപലവലുതാകും വസ്തുമർത്ത്യനെറ നേത്രാ—
ഞ്ചലമതിലൊരുനാളും പെട്ടിടാതുണ്ടുവേറെ.

XLIII. 36.

൨൫. സുമനസ്സുകളുടെ പെരിപ്പത്തേയൊ, പ്രകൃതിയേയൊ, തരഭേദങ്ങളേയൊ, ഗണങ്ങളേയൊ, ഗുണങ്ങളേയൊ, ഭരണക്രമത്തേയൊ പറ്റി വളരെക്കുറച്ചുമാത്രമേ നാമറിയുന്നുള്ളു. ആകാശം, ചന്ദ്രസൂര്യാദിഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, സ്വർഗ്ഗത്തിൽ മനുഷ്യനു ദൈവം സജ്ജമാക്കിയിരിക്കുന്ന ഭാഗ്യവിശേഷങ്ങൾ ഇവയെപ്പറ്റിയും നമുക്കുള്ള അറിവു തുച്ഛമത്രെ. സമുദ്രത്തിന്റെയുള്ളിലും ഭൂമിയുടെ അന്തർഭാഗങ്ങളിലും മഹാവനങ്ങളിലും ഉള്ളവയെ സംബന്ധിച്ചു നാമറിയുന്നതും കുറവും അല്പമാണ്. അതേ, There are more things in heaven and earth than are dreamt of in your philosophy (Hamlet)= 'നിന്റെ തത്വശാസ്ത്രത്തിൽ നീ കണ്ടിരിക്കു

ന്നതിലധികം വസ്തുക്കൾ സ്വർഗ്ഗത്തിലും ഭൂമിയിലുമുണ്ട്" എന്നു് ഒരു ശ്ലേയകവിതിലകനായ ഷെക്സ്പീയർ (Shakespeare) പറഞ്ഞിരിക്കുന്നതു് എത്രയോ യഥാർത്ഥമാണു്!

തൃതീയസർഗ്ഗം സമാപ്തം.



ഇക്കാണുംതിരുവാക്യമാരുരുവിടും
വിജ്ഞാനവുംഭാഗ്യവും
സൽക്കായ്പ്പ്രിയമോടുള്ളൽപ്രഭയുമ-
മ്മർത്ത്യനുകൈയ്വന്നിടും
ധിക്കാരങ്ങളകറ്റിയിപ്പുഥിനട
ന്നീടുന്നുവെങ്കിൽജ്ജഗ-
ദ്രക്ഷാമീശപരനപ്പുമാന്റെ ചരണം
തെറ്റാതെരക്ഷിച്ചിടും.

L. 30-31.

പലേയാളുകളും ഭാഗ്യത്തെ അതിന്റെ അധിവാസസ്ഥാനമല്ലാത്ത ധനം, കീർത്തി, ഭോജനം ഇത്യാദികളിൽ അന്വേഷിക്കുന്നു. ബർസീറായാകട്ടെ, ഭാഗ്യത്തിന്റെ ഇരിപ്പിടവും മൂലസ്ഥാനവും വിജ്ഞാനം, എന്നുവെച്ചാൽ, ധർമ്മജീവിതമാണെന്നാണ് നമുക്കു കാണിച്ചുതരുന്നതു്. അവിടെയല്ലാതെ മറ്റു ദിക്കുകളിൽ അന്വേഷിച്ചാൽ അതിനെ നാം കണ്ടെത്തുകയില്ല. വിജ്ഞാനത്തിൽ മാത്രമാണ് അതു സ്ഥിതിചെയ്യുന്നതു്. നമ്മെ ഭാഗ്യവാന്മാരാക്കുന്നതു് സുകൃതം മാത്രമാണ്. സുകൃതമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവന്നു് ദൈവസഹായമുണ്ടാകയും അവൻ വീഴാതിരിക്കുവാൻ അവിടന്നു ഇടയാക്കുകയും ചെയ്യും.

ഈ ഗ്രന്ഥത്തിലെ സദുപദേശങ്ങളെ വായിക്കുകയും, അവയെപ്പറ്റി ധ്യാനിക്കുകയും അവയ്ക്കനുസരണമായി പ്രവർത്തിക്കുകയും ചെയ്യുന്നവരെ, ഇസ്രായേലിനെ മേഘസ്തംഭം എന്നകണക്കെ, (Exod. XIII. 21) അവ വഴികാണിച്ചു് വാഗ്ദാനദേശവും നിത്യഭാഗ്യസ്ഥാനവുമായ സ്വർഗ്ഗത്തിൽ ചേർക്കുന്നതാണ്.

L. D. S.



അനുബന്ധം. *

(ഫ-ാംസൂത്രം രണ്ട-ാം ശ്ലോകത്തിന്റെ വ്യാഖ്യാനം നോക്കുക.)

സാക്ഷാൽ വിദ്യാഭ്യാസം.

...വിദഗ്ജ്ജനങ്ങളാൽ നിബിഡീകൃതമായ ഇസ്സദസ്സിൽ വിദ്യയുടെ ആവശ്യകതയേയൊ ഉൽക്കൃഷ്ടതയെയൊ പറഞ്ഞറിയിക്കണമെന്നില്ലാത്തതിനാൽ ആ സംഗതി വിട്ടുകൊണ്ട് വിദ്യയുടെ ഉദ്ദേശ്യത്തെപ്പറ്റിപ്പറയുവാൻ കരുതുന്നു.

വിദ്യാഭ്യാസം നിർദ്ദിഷ്ടമായ ഉദ്ദേശ്യത്തോടുകൂടി നടത്തപ്പെടുന്ന ശിക്ഷണമാണെന്നു മുമ്പു പറഞ്ഞുവല്ലൊ. മനുഷ്യൻ ഒരു സങ്കീർണ്ണ 'വസ്തു'വാകകൊണ്ടും ദൈവസൃഷ്ടി, രാജപ്രജ, കുടുംബാംഗം ഇത്യാദി വ്യത്യസ്ത നിലകളിൽ പലേ കാര്യങ്ങൾ അവൻ സാധിക്കേണ്ടിയിരിക്കുന്നതുകൊണ്ടും ഈ ഉദ്ദേശ്യങ്ങൾക്കെല്ലാം അനുസരണമായിട്ടാണ് വിദ്യാഭ്യാസം നിർവ്വഹിക്കപ്പെടേണ്ടതു്. ഈ ഉദ്ദേശ്യങ്ങളിൽ ഏതെങ്കിലും ഒന്ന് സർവ്വപ്രധാനവും മറുള്ളതുകൾക്കെല്ലാം പരിധിയും പരിമാണവും കല്പിക്കേണ്ടതുമായിരിക്കും. എന്നാൽ വിദ്യാഭ്യാസം മനുഷ്യനെ മനുഷ്യനാക്കിത്തീർക്കേണ്ടതാകയാൽ, തദഭ്യസനത്തിൽ ഉണ്ടായിരിക്കേണ്ട പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം മനുഷ്യൻ യാതൊന്നിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവൊ അതുതന്നെ ആയിരിക്കണം. മറുള്ളുദ്ദേശ്യങ്ങളെല്ലാം ഇതിനു് അധീനങ്ങളായിരിക്കേണ്ടതാണ്. ഈ പരമോദ്ദേശ്യസിദ്ധിക്കു തക്കവിധം വിദ്യാഭ്യാസത്തെ നടത്തേണ്ട പ്രധമതല വൈദികാധികാരികളിൽ സ്ഥിതിചെയ്യുന്നു. — മനുഷ്യൻ പ്രകൃത്യാ സമുദായജീവിയാണല്ലൊ. ആകയാൽ സമുദായ ക്ഷേമത്തിനു പ്രതികൂലമായവയെ പരിവർജ്ജിക്കുന്നതിനും, രാജ്യനിയമങ്ങളെ അനുസരിക്കുന്നതിനും, തന്റെയും സമുദായത്തിന്റെയും ഐശ്വര്യത്തെ പരിശ്രമംമൂലം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതിനും തക്കതായ ബുദ്ധിവിഷയകവും സാമാഗ്രികവുമായ വിദ്യ അഭ്യസിപ്പിക്കണമെന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാനമായ രണ്ടാമത്തെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യസിദ്ധിക്കുവേണ്ട വിദ്യാഭ്യാസം നിർവ്വഹിപ്പിക്കേണ്ടതു് രാജ്യഭരണകർത്താക്കന്മാരുടെ കടമയാണ്. —വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശ്യങ്ങളിൽ മൂന്നാമത്തേതു കുടുംബാധിപന്മാരിൽ സ്ഥിതിചെയ്യുന്നു. കുടുംബത്തലവന്മാർ

---

* ഫ്രൻസ്-ൽ ഒരു വിദ്യാർത്ഥിസമാജത്തിന്റെ വാർഷിക യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.

തങ്ങളുടെ കീഴുള്ളവർ, സഹസഹകരുടുംബങ്ങളുടെ അവസ്ഥയെ നിലനിറുത്തിപ്പോരുന്നതിനും, കുടുംബസംബന്ധമായ മര്യാദകളും നടപടികളുമെല്ലാം പരിരക്ഷിക്കുന്നതിനും, ആവശ്യമുള്ളപക്ഷം ഉപജീവനമാർഗ്ഗങ്ങളെ അന്വേഷിക്കുന്നതിനും പര്യാപ്തമായ വിദ്യ സമ്പാദിക്കുന്നതിൽ ശ്രദ്ധ പതിക്കുവാൻ കടമയുള്ളവരാണ്. വിദ്യാഭ്യാസത്തിന് വൈദികം, സാമുദായികം, ഗൃഹ്യം ഇങ്ങനെപ്രധാനങ്ങളായുള്ള പ്രസ്തുത മൂന്നുദ്ദേശ്യങ്ങളിൽ വൈദികം ഉദ്ദിഷ്ട കാര്യത്തിന്റെ പ്രാമുഖ്യംനിമിത്തം സർവ്വപ്രധാനവും മറ്റു രണ്ടിനെയും ഭരിക്കേണ്ടതും നടത്തേണ്ടതുമാകുന്നു.

ഈ ഉദ്ദേശ്യങ്ങളെല്ലാം സാധിതമാകുന്നതിന് വിദ്യാഭ്യാസത്തിൽ ബുദ്ധിയും മനസ്സും ഒരുപോലെ വിസ്തൃതമാകയും പരിശീലിക്കയും ചെയ്യേണ്ടിയിരിക്കുന്നു. മനുഷ്യാത്മാവിലെ രണ്ടു ശക്തികൾ ബുദ്ധിയും മനസ്സുമാണല്ലൊ. ബുദ്ധികൊണ്ട് ഓരോ വസ്തുക്കളുടെ സത്യാസത്യത, ഗുണദോഷങ്ങൾ എന്നിവ നാം കണ്ടറിയുന്നു. മനസ്സ്, ബുദ്ധികൊണ്ടു നാം കാണുന്ന ഗുണദോഷങ്ങൾക്കനുസൃതമായി നമ്മിലുണ്ടാകുന്ന ഒരു തൃഷ്ണയാകകൊണ്ട് ഗുണാംശങ്ങളെ സ്വീകരിക്കയും ദോഷഭാഗങ്ങളിൽനിന്ന് അകലുകയും ചെയ്യുന്നു. നവംനവങ്ങളും വിഷമതയേറിയതുമായ കാര്യങ്ങളേ കണ്ടറിയുന്നതിന് അഭ്യസനംമൂലം ബുദ്ധിക്കു ശേഷിയും എളുപ്പവുമുണ്ടാകുന്നതുപോലെ അതുകളെ സ്വീകരിക്കയൊ തിരസ്കരിക്കയൊ ചെയ്യുന്നതിന് അഭ്യസനംകൊണ്ടു മനസ്സിനും ദാർഢ്യവും സുഗമതയുമുണ്ടാകും. എന്നാൽ ബുദ്ധിയെമാത്രം വികസിപ്പിക്കയും മനസ്സിനെ അപരിഷ്കൃതമായ പൂർവ്വാവസ്ഥയിൽ നിറുത്തുകയും ചെയ്യുന്നെങ്കിൽ കാര്യങ്ങളുടെ യഥാസ്ഥിതി ഗ്രഹിക്കുവാനിടയാകുമെന്നിരുന്നാൽതന്നെയും അതിനു അനുസരണമായി പ്രവർത്തിക്കുവാൻ സാധിക്കയില്ല. "Video meliora proboque, deteriora sequor" "ഞാൻ സൽക്കാര്യങ്ങളേ കാണുകയും അതുകൾ തല്പരാണെന്നു സമ്മതിക്കയും ചെയ്യുന്നു. എന്നാൽ അധമകാര്യങ്ങളെയാകുന്നു ഞാൻ പ്രവർത്തിക്കുന്നതു" എന്ന പ്രസിദ്ധനായ ഒരു ലാറ്റിൻ ഗ്രന്ഥകാരൻ പ്രലപിക്കുവാനിടയാക്കിയതു മനസ്സംസ്കൃതിയേ പരിത്യജിച്ചു ബുദ്ധിയെമാത്രം പരിഷ്കരിച്ച ഒരു വിദ്യാഭ്യാസം മാത്രമാണ്. — സംസ്കരിക്കപ്പെടാത്ത ഒരു മനസ്സ് ബുദ്ധിയുടെ നേരായ പ്രവൃത്തിയേ തടയുകകൂടിച്ചെയ്യുന്നു. കാമക്രോധാദികൾക്ക് അധീനനായിരിക്കുന്ന ഒരാൾ സത്യകൃത്യത്തിന്റെ ക്ലിഷ്ടതയെപ്പറ്റി തത്സമയം ആലോചിക്കാതിരിക്കുന്നതിനും മനഃക്ഷോഭം അമർന്നശേഷം സത്യബോധമുണ്ടായി പൂർവ്വകൃത്യത്തെപ്പറ്റി പശ്ചാത്തപിക്കുന്നതിനും ഇടയാകുന്നതിന്റെ കാരണവും ഇതുതന്നെ. — മനുഷ്യൻ ജന്മനാ സേച്ഛാനുവർത്തനത്തിൽ ആസക്തിയോടുകൂടിയിരിക്കുന്നു. സൽഗുണങ്ങളും ധർമ്മജീവിതവും പ്രയത്നഫലമായിട്ടല്ലാതെ ഉണ്ടാവുകയില്ല. അധർമ്മമാകട്ടെ താനേ മുളച്ചു ബലപ്പെട്ടുകൊള്ളും. ഈ സ്ഥിതിക്ക് അധമങ്ങളായ സേച്ഛകളെ നിയന്ത്രിച്ചും നിഗ്രഹിച്ചും പരിശീലനം സമ്പാദിക്കാതിരുന്നാൽ അധ

മ്മ ജീവിതം നയിക്കുകയല്ലാതെ എന്താണ് നിവൃത്തി?– ഏതൊരു കാര്യവും അഭ്യസിക്കുന്നതിനു തക്ക സമയം ബാല്യമാണെന്നുള്ളതു് നിസ്സംശയമാണ് അതിനാൽ കുട്ടികളുടെ ബുദ്ധിശക്തികളെ പരിപോഷിപ്പിക്കുന്നതിനോടുകൂടിത്തന്നെ അവരുടെ മനഃശക്തികളെയും വിപുലമാക്കേണ്ടതും സംസ്കരിക്കേണ്ടതും അവശ്യാവശ്യമാണ്.

മനസ്സു് ബുദ്ധിയെ അനുഗമിക്കുന്നു എന്നു മുകളിൽ പ്രസ്താവിച്ചുവല്ലൊ. എങ്കിലും മനസ്സിനു് ബുദ്ധിയുടെമേൽ ഒരധികാരബലമുണ്ട്. ബുദ്ധി പ്രവൃത്തികളിൽനിന്നു വിരമിച്ചു സ്വസ്ഥമായിരിക്കുമ്പോൾ അതിനോടാജ്ഞാപിച്ചു് അതിനെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ മനസ്സിനു കഴിയും. സൽക്കായ്ക ചിന്തയിൽനിന്നു് ഒഴിഞ്ഞുകളയുന്ന ബുദ്ധിയെ നിലക്കു നിറുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള മനസ്സിന്റെ ഈ ശക്തിയും അഭ്യസനംകൊണ്ടല്ലാതെ ബലപ്പെടുകയില്ല.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം മനുഷ്യനേ ഗുണവാനാക്കുന്നതാണെങ്കിൽ, ഗുണങ്ങളേ കണ്ടറിയുന്ന ബുദ്ധിയേയും, കണ്ടറിഞ്ഞ ഗുണങ്ങളെ അനുഗമിക്കേണ്ടതും ദോഷങ്ങളെ വിട്ടകലേണ്ടതും ഗുണദോഷങ്ങളെ പര്യാലോചിച്ചറിയുവാൻ ബുദ്ധിയോടു് ആജ്ഞാപിക്കേണ്ടതുമായ മനസ്സിനേയും ഒരുപോലെ വളർത്തുകയും പരിശീലിപ്പിക്കയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണെന്നു സിദ്ധിക്കുന്നു.

ഈ ഇരുപതാം നൂറ്റാണ്ടു് വിദ്യാഭ്യാസം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഒരു കാലമായിട്ടാണല്ലൊ ഗണിക്കപ്പെട്ടുന്നതു്. ഒരു വിധത്തിൽ അതു വാസ്തവംതന്നെ. പൌരാണികന്മാർ ഊഹിക്കുപോലും ചെയ്തിട്ടില്ലാത്ത എത്ര വിസ്മയാവഹങ്ങളായ കാര്യങ്ങളാണു് വിദ്യമൂലം ഇക്കാലത്തു സാധിതമായിരിക്കുന്നതു്! സമുദ്രത്തിനടിയിലും ആകാശത്തിലുംകൂടി ഭീമങ്ങളായ കപ്പലുകളെ ഓടിക്കുന്നു ഏറ്റവും ദൂരസ്ഥങ്ങളായ സ്ഥലങ്ങളിൽ കമ്പിബന്ധമില്ലാതെ സന്ദേശങ്ങൾ അയക്കുന്നു. അൻറുവേപ്പു് മുതലായ ബലിഷ്ഠ കോട്ടകൊത്തളങ്ങൾ നടുങ്ങുമണിക്കുറിനകം നിലംപരിശാക്കുന്ന യുദ്ധസാമഗ്രികൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ബ്രഹ്മാണ്ഡങ്ങളായ ഉരുക്കുണ്ടകളെ രണ്ടുംമൂന്നും മയിൽ ദൂരെപ്പായിച്ചു കുറിക്കു കൊള്ളിക്കുന്ന വലിയ തോക്കുകൾ നിർമ്മിക്കപ്പെടുന്നു. മനുഷ്യശരീരത്തിനുള്ളിലുള്ള അല്പസ്വല്പ വ്യത്യാസങ്ങളെ വ്യക്തമാക്കി വെളിക്കു കാണിക്കുന്ന ഉപകരണങ്ങൾ പ്രയോഗിക്കപ്പെടുന്നു. മനുഷ്യബുദ്ധിക്കു് ധാരാളം വികാസം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയംതന്നെ. ബുദ്ധിവികാസംമൂലമുണ്ടാകാവുന്ന അഭിവൃദ്ധിയും പരിഷ്കാരങ്ങളും ഇക്കാലത്തു അത്യധികമായിത്തിന്നിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ല. – എന്നാൽ സാന്മാർഗ്ഗികദൃഷ്ട്യാ ഇക്കാലത്തെ ലോകസ്ഥിതി യെന്തു? ഭരണാധികാരികളും ഭരണിയരും തമ്മിൽ എവിടെയും ചരിത്രം. വേലക്കാരുടെ മത്സരവും പണിമുടക്കും സംബന്ധിച്ചു നാം പ്രതിദിനം വർത്തമാന പത്രങ്ങളിൽ വായിക്കുന്നു. മഹാന്മാരായി ഗണിക്കപ്പെട്ടവരുടെ തന്നെയും അധർമ്മ ജീവിതവും ആത്മഹത്യയും അ

ത്ര ദുർല്ലഭമല്ല. രാജ്യം രാജ്യത്തിനും, സമുദായം സമുദായത്തിനും, കുടുംബം കുടുംബത്തിനും വിരോധം. ഒരേ ഭവനത്തിലുള്ള രണ്ടുപേർ മൂന്നുപേക്കും, മൂന്നുപേർ രണ്ടുപേക്കും വിരോധമായി ഭിന്നിച്ചിരിക്കുന്നു. പ്രജകൾ ഒന്നു ചേന്നു രാജാക്കന്മാരെയും ചക്രവത്തികളെയും നിഷ്കാസനം ചെയ്യുയും നിഗ്രഹിക്കയും ചെയ്യുന്നു. അധമ്മത്തിന്റെ അവതാര മൂത്തികളായ ബൊൽഷേവിക്കുകാർ നാടെങ്ങും പ്രബല പ്പെടുവരുന്നു. ലോകഭയങ്കരമായ യുദ്ധം അടുത്തിരിയ്ക്കുന്നു. കാറിനും തോട്ടക്രൂടിക്കഴിഞ്ഞുകൂടിയതും പരിഷ്കാരം പരമോന്നതിയെ പ്രാപിച്ച ഈ ഇരുപതാം നൂറ്റാണ്ടിലാണല്ലൊ. ജനക്ഷേമത്തിനുപകരിക്കേണ്ട സമസ്തവും കടലിലും കരയിലുംവെച്ചു നശിപ്പിക്കപ്പെടുകയാണുണ്ടായത്. എത്രയെത്ര ക്രൂരകൃത്യങ്ങളും അധമ്മ ക്രിയകളും ആ യുദ്ധകാലത്തു നടന്നു. ധമ്മശാസ്ത്രങ്ങളും, ദൈവപ്രമാണവും, മനുഷ്യപ്രകൃതി തന്നെയും ഉപദ്രവിക്കരുത്, കൊല്ലരുത്, അപമാനിക്കരുത്, അപഹരിക്കരുത് എന്നൊക്കെ നമ്മോടുപദേശിക്കുന്നു. ഈ ഇരുപതാം നൂറ്റാണ്ടിലെ പരമോച്ചസ്ഥമായ വിദ്യാഭ്യാസമാകട്ടെ ഇതുകൾക്കെല്ലാം പ്രതികൂലമായ പ്രവൃത്തികളെയാണ് നമ്മുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവന്നതു്. ബുദ്ധിവികാസംമൂലം കണ്ടുപിടിച്ചതുകളെ ശരിയായി ഉപയോഗിക്കുവാൻ അവശ്യമായ മനഃസംസ്കാരമില്ലാതെ പോയതാണ് ഇതിനുള്ള കാരണം. മാത്രമല്ല, ബുദ്ധിവികാസംമൂലം വലിയ വലിയ നിഗ്രഹമാർഗ്ഗങ്ങളെ കണ്ടുപിടിക്കയും മനഃപരിശീലനക്കുറവുനിമിത്തം ദുഷ്പ്രകാരങ്ങളെത്തടുക്കുവാൻ സാധിക്കാതെ വരികയും ചെയ്തതിനാലാണ് ദുഷ്ടലം ഇത്ര വലുതായിത്തീന്നതു്.

ദൈവജ്ഞാനത്തോടും ദൈവവിശ്വാസത്തോടും കൂടിയ ഒരു വിദ്യാഭ്യാസംകൊണ്ടല്ലാതെ, ബുദ്ധിക്കാവട്ടെ മനസ്സിനാവട്ടെ സാക്ഷാത്തായ വികാസവും സംസ്കൃതിയുമുണ്ടാവാൻ മാർഗ്ഗമില്ല. വിദ്യാഭ്യാസം, മനുഷ്യന് തന്നെപ്പറ്റിയും മറ്റു വസ്തുക്കളെപ്പറ്റിയും തനിക്ക് മറ്റു വസ്തുക്കളോടുള്ള സംബന്ധത്തെപ്പറ്റിയും അറിവു നൽകേണ്ടതാണ്. സകല വസ്തുക്കൾക്കും കാരണകർത്താവു് ഈശ്വരൻ. സകലത്തിന്റെയും സ്ഥിതിയും ഗതിയും അവിടുന്നതന്നെ. അവിടുന്നു മാത്രമേ സ്വയം ഭ്രൂ ആയിട്ടുള്ളു. ശേഷമുള്ളവയെല്ലാം ദൈവസൃഷ്ടങ്ങളാണ്. പ്രകൃതിനിരീക്ഷകന്മാർ കണ്ടുപിടിക്കുന്ന ശക്തികളെല്ലാം കേവലം ദൈവദത്തമല്ലാതെ മറ്റൊന്നുമല്ല. ഈദൃശനായ ദൈവത്തെ സംബന്ധിച്ച വിജ്ഞാനത്തെ പ്രദാനം ചെയ്യാത്ത വിദ്യാഭ്യാസം സാക്ഷാൽ വിദ്യാഭ്യാസമല്ല. അതു് സൂര്യപ്രകാശം അശേഷമില്ലാത്ത ഒരു പകൽ പോലെ അന്ധകാരമയമായിരിക്കുന്നതേയുള്ളു. അതു നമ്മുടെയും ഇതര വസ്തുക്കളുടേയും പരസ്പരബന്ധത്തേയും തൻമൂലം നമുക്കു് അവയോടുള്ള കടമകളേയും അറിയിച്ചുതരുന്നില്ല. കാര്യകാരണങ്ങളെ അന്വേഷിക്കയും അതുകളെപ്പറ്റിയുള്ള അറിവിൽ മാത്രം സംതൃപ്തി പ്രാപിക്കയും ചെയ്യുന്ന മനുഷ്യബുദ്ധിക്ക്, മൂലകാരണമായ ദൈവത്തെ കാണിച്ചുകൊടുക്കാത്ത ഒരു വിദ്യാഭ്യാസംകൊണ്ട് ഏ

ങ്ങനെയാണ് സംശയപ്രതിയുണ്ടാവുക? ഈ സംഗതിയെ ഉദാഹരിക്കുന്ന ഒരു സംഭവം ഇവിടെപ്പറയാം. ഒരു കത്തോലിക്കാ ബാലൻ പ്രാൻസിലെ നാട്ടുംപുറങ്ങളിലുള്ള ഒരു വിദ്യാലയത്തിൽ പഠനം നിർവ്വഹിച്ചുവന്നു. അവിടത്തെ പഠനങ്ങൾ പൂർത്തിയായ ശേഷം ഉന്നത ശാസ്ത്രാഭ്യസനത്തിനായി പാരീസ് സർവ്വകലാശാലയിലേക്കു പോയി. ഉത്തമകത്തോലിക്കാ മാതാപിതാക്കന്മാരിൽ നിന്നു ജാതനായ ഈ പുത്രൻ, അവിടെ ദുസ്സംസർഗ്ഗംമൂലം ദൈവവിശ്വാസത്തെ പരിത്യജിച്ചു നിരീശനായിത്തീർന്നു. ശാസ്ത്രപഠനങ്ങൾ എല്ലാം കഴിഞ്ഞ് പല പല വിഷയങ്ങളിൽ പാണ്ഡിത്യവും സമ്പാദിച്ച് സ്വദേശത്തിൽ മടങ്ങിയെത്തി. അടുത്തുതന്നെ അവിടെ നടന്ന ഒരുദ്യാനവിരുന്നിൽ അദ്ദേഹവും ക്ഷണിക്കപ്പെട്ടുകയുണ്ടായി. അവിടെ പലരുമായി കണ്ടും സംസാരിച്ചും വരികയിൽ ഒരു ജന്നലിങ്കൽ രണ്ടു ചെറിയ ബാലികകൾ ഇരുന്നുകൊണ്ട് ഏതോ ഒരു പുസ്തകം അത്യാസക്തിയോടുകൂടി വായിക്കുന്നതു കണ്ടു. ഒരാൾ വായിക്കുന്നതിനേ മറേറയാൾ കേൾക്കുക മാത്രമല്ല, പ്രത്യക്ഷരംകണ്ടു നിശ്ചയം വരുത്തുകകൂടിച്ചെയ്യുന്നു. ഇതു ശ്രദ്ധയോടുകൂടി ഇവർ വായിക്കുന്ന ഗ്രന്ഥം ഏതെന്നറിയണമെന്നുള്ള അഗ്രഹത്തോടുകൂടി ഈ പണ്ഡിതൻ അവരുടെ അടുത്തുചെന്ന് "ഹേ! നിങ്ങൾ എന്തു നോവലാണ് വായിക്കുന്നത്?" എന്നു ചോദിച്ചു.

കുട്ടികൾ– "നോവലോ? സർ, ഞങ്ങൾ ഒരു നോവലും വായിക്കുന്നില്ല"

പണ്ഡിതൻ– "പിന്നെ എന്തു പുസ്തകമാണ് നിങ്ങൾ ഇത്ര ശ്രദ്ധയോടുകൂടി വായിക്കുന്നത്?"

കുട്ടികൾ– "ദൈവജനത്തിന്റെ ചരിത്രം".

പണ്ഡിതൻ– "ഹോ! ഹോ!! അപ്പോൾ നിങ്ങൾ ദൈവമുണ്ടെന്നു വിശ്വസിച്ചിരിക്കയാണോ?"

കുട്ടികൾ– "അതേ, ദൈവമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.– നിങ്ങളോ?"

പണ്ഡിതൻ– "ഒരുകാലത്തു ഞാനും അങ്ങനെ വിശ്വസിച്ചിരുന്നു. എന്നാൽ പാരീസിൽപോയി ശാസ്ത്രങ്ങൾ പഠിച്ചപ്പോൾ അതൊക്കെ അന്ധവിശ്വാസമെന്നും കേവലം മൌഢ്യമെന്നും മനസ്സിലായി".

കുട്ടികൾ– "കൊള്ളാം, നിങ്ങൾ ശാസ്ത്രങ്ങൾ പഠിച്ചു വന്നിരിക്കയാണല്ലൊ. ദയവായി ഒരുകാര്യം ഞങ്ങൾക്കു പറഞ്ഞുതരണം. കോഴിയോ മുട്ടയോ ഏതാണ് ആദ്യമുണ്ടായത്?"

പണ്ഡിതൻ– "കോഴി".

കുട്ടികൾ– "കൊള്ളാം. കോഴി എവിടെ നിന്നുണ്ടായി?"

പണ്ഡിതൻ– "കോഴി, മുട്ടയിൽനിന്നുണ്ടായി."

കുട്ടികൾ– "അപ്പോൾ ഏതാണ് ആദ്യമുണ്ടായത്?"

പണ്ഡിതൻ– "ക്ഷമിക്കണം: ഞാൻ ഏതാണ്ടു വിചാരിച്ചുപോയി. മുട്ടയാണ് ആദ്യമുണ്ടായത്."

കുട്ടികൾ "മുട്ട എവിടെനിന്നുണ്ടായി?"

പണ്ഡിതൻ– "ഹൊ! പറഞ്ഞതു തെറ്റി. കോഴിയാണ് ആദ്യമുണ്ടായതു."

കുട്ടികൾ– "ഈ കോഴി എവിടെനിന്നു?"

പണ്ഡിതൻ– "ഹാ! കഷ്ടം!! കോഴിയെന്നാണൊ ഞാൻ പറഞ്ഞുപിടിപ്പിച്ചതു? മുട്ടയാണ് ആദ്യത്തേതു."

കുട്ടികൾ– "മുട്ട എവിടെനിന്നാണ്? പറയൂ."


പണ്ഡിതൻ– "ശരി! ശരി! ഒന്നു കുഴഞ്ഞുപോയി. കോഴിയാണ് ആദ്യമുണ്ടായതു"– കുട്ടികൾ വിടാതെ ചോദ്യം തുടങ്ങി: പണ്ഡിതൻ മറിച്ചും തിരിച്ചും പറഞ്ഞും തുടങ്ങി. തർക്കത്തിന്റെ ശക്തി മുഴുത്തു. സഭമുഴുവൻ. പിരുനിന്നു വന്നിരുന്ന മഹാ ജനക്കൂട്ടം ഇവരുടെ ചുറ്റും വളഞ്ഞു. പണ്ഡിതന്റെ സ്ഥാനവസ്ത്രങ്ങൾ സേദതീപ്രവാഹംകൊണ്ടു നനഞ്ഞു. മുഖം വിവർണ്ണമായി ദയനീയമായ അവസ്ഥ! ഒടുവിൽ കുട്ടികൾ ഇങ്ങനെ പറഞ്ഞു. "സർ! നിങ്ങൾ പാരീസിൽ പോയി ശാസ്ത്രം പഠിച്ച പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ട്. ഞങ്ങൾ പാരീസിൽ പോയിട്ടുമില്ല; ശാസ്ത്രങ്ങൾ പഠിച്ചിട്ടുമില്ല. എങ്കിലും ഇക്കാര്യം ഞങ്ങൾ പറഞ്ഞുതരാം. കോഴിയാകട്ടെ, മുട്ടയാകട്ടെ ഏതെങ്കിലും ഒന്ന് ആദ്യം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. കോഴിയുടെയും മുട്ടയുടെയും ഉല്പത്തി എവിടെനിന്നെന്നു പറയുവാൻ കഴിയാത്ത നിങ്ങളാണൊ ലോകം മുഴുവന്റെയും ഉത്ഭവം ദൈവത്തെ നീക്കിവെച്ചുകൊണ്ടു തെളിയിക്കുവാൻ കരുതുന്നതു്. ഈശ്വരാസ്തിക്യത്തെ നിഷേധിച്ചുകൊണ്ടു വിശ്വപ്രപഞ്ചത്തിയെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നതു മൌഢ്യമാണ്." പണ്ഡിതൻ ലജ്ജയോടുകൂടി വീട്ടിലേക്കു മടങ്ങി.– ദൈവജ്ഞാനമില്ലാതെ പല വിദ്യകളെ അഭ്യസിച്ച ഈ പണ്ഡിത വിഡ്ഢിയെക്കാൾ ശാസ്ത്രജ്ഞാനമില്ലാത്തവരെങ്കിലും ദൈവിശ്വാസമുള്ള ആ ബാലികകൾ എത്രയൊ ശ്രേഷ്ഠയുള്ളവർ!

ബുദ്ധിയുടെ പ്രവൃത്തിയെ മനസ്സ് അനുഗമിക്കുന്നെന്നു മുമ്പു പറഞ്ഞുവല്ലൊ. സർവ്വവ്യാപിയും സർവ്വാധിപതിയുമായ ഒരു ദൈവത്തെ അറിയാത്ത ബുദ്ധി, തന്റെ മേലാവായി ആരുമില്ലെന്നു കരുതിപ്പോകുന്നു. തന്നിമിത്തം അവന്റെ മനസ്സ് ദുർമ്മാർഗ്ഗങ്ങളിൽ സ്വച്ഛന്ദം സഞ്ചരിക്കുന്നു. തന്റെ രഹസ്യപ്രവൃത്തികളേ കാണുന്നതിനു് ആരുമില്ലെന്നും കരുതുന്നു. സാക്ഷാൽ സർവ്വശക്തനെപ്പറ്റി വേണ്ട ജ്ഞാനമില്ലാത്തതിനാൽ അവൻ നിർഭയം സ്വേച്ഛാനുസരണം പ്രവർത്തിക്കുന്നു. തന്നേക്കാൾ അറിവുള്ളവർ ആരുമില്ലെന്നു കരുതി അഹങ്കരിക്കുന്നു. എന്നാൽ ദൈവജ്ഞാനത്തിന്റെ രശ്മി അവനിൽ പ്രകാശിക്കുമ്പോൾ "There are more things in heaven and earth than are dreamt of in your philosophy" എന്നു സമ്മതിക്കും. അവൻ എത്രതന്നെ പഠിപ്പുള്ളവനായാലും വിനയമുള്ളവനായിരിക്കും.

സർവ്വാധിപതിയായ ദൈവത്തേയും അവിടത്തെ പ്രതിനിദ്ധ്യത്തിൽ നമ്മേ ഭരിക്കുന്ന ഭരണകർത്താക്കന്മാരേയും ഭക്തിപൂർവ്വം സ്മരിക്കയും അവരുടെ ആജ്ഞകളെ ഹൃദയപൂർവ്വം അനുവർത്തിക്കയും ചെയ്യും. ഇതരന്മാരും തന്നെപ്പോലെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും തന്റെ സമസ്വഷ്ടങ്ങളുമെന്നുള്ള ബോധത്താൽ പരസ്പര മത്സരവും സ്പർദ്ധയും വിട്ട് എല്ലാവരോടും സമചിത്തത്തോടുകൂടി വർത്തിക്കും. മരണാനന്തരവും ശിക്ഷാരക്ഷകളെ നൽകുന്ന ഒരു പരമശക്തിയുണ്ടെന്നു കരുതുകയാൽ, ബാഹ്യപരിഷ്കാരങ്ങളിലേക്കാൾ കൂടുതലായി ആത്മനിയന്ത്രണം മുതലായ അഭ്യന്തരപരിഷ്കാരങ്ങളിൽ ശ്രദ്ധപതിക്കും. വിഷസർപ്പങ്ങളും വന്യമൃഗങ്ങളുംകൊണ്ട് നിബിഡമായ യൌവനം എന്ന ദുസ്തരവനത്തെ യുവാക്കന്മാർ നിർഭയം തരണംചെയ്യും. സംഹാരോദ്യമങ്ങളെ പരിത്യജിച്ച് സാധുജനസന്ധാരണത്തിനും ഭ്രാതൃസംരക്ഷണത്തിനുമായുള്ള ശ്രമങ്ങളും സ്ഥാപനങ്ങളും ആരംഭിക്കും. കൂട്ടുകെട്ടുകൾ, സമുദായങ്ങൾ, രാജ്യങ്ങൾ ഇവയിൽ സമാധാനവും തൻമൂലം നാനാതരത്തിലുള്ള അഭിവൃദ്ധിയുമുണ്ടാകും. അതേ, The fear of God is the beginning of wisdom– 'ദൈവഭയം വിജ്ഞാനത്തിന്റെ അസ്തിവാരമാകുന്നു' എന്ന് വിശുദ്ധ ലിഖിതങ്ങൾ ഘോഷിക്കുന്നതു് എത്ര അർത്ഥവത്തായിരിക്കുന്നു!

ഇതെല്ലാം പ്രസ്താവിച്ചതിൽനിന്ന് ഇപ്പോഴത്തെ വിദ്യാഭ്യാസരീതികളെല്ലാം പാടേ വിഴുപ്പായെന്നോ, സത്തുക്കൾ ലോകത്തിൽ ഇല്ലെന്നോ ആരും അർത്ഥമാക്കുകയില്ലെന്നു വിശ്വസിക്കുന്നു. സജ്ജനങ്ങൾ ലോകത്തിൽ ധാരാളമുണ്ടെന്ന് എനിക്കറിയാം. വിദ്യാഭ്യാസത്തിൽ മനസ്സിന്റെ പരിശീലനം, ബുദ്ധിയുടേതുപോലെതന്നെ ആവശ്യമാണെന്നും, അധമകാംക്ഷങ്ങളിൽ പ്രകൃതിവാസനയോടുകൂടിയിരിക്കുന്ന മനുഷ്യനെ അതുകളിൽനിന്നു നിവർത്തിക്കുന്നതിന് ബുദ്ധിവികാസം ഒന്നുമാത്രംകൊണ്ട് സാധിക്കയില്ലെന്നും മാത്രമാണ് ഞാൻ പറയുന്നതു്. ബുദ്ധിയും മനസ്സും എത്രതന്നെ സംസ്കൃതങ്ങളും പരിഷ്കൃതങ്ങളുമായാലും ധർമ്മാധർമ്മങ്ങളെ അവലംബിക്കുന്നതിൽ മനുഷ്യൻ സ്വതന്ത്രനാണെന്നുള്ള വസ്തുതയും ഇവിടെ വിസ്മരിച്ചിട്ടില്ല.

വിദ്യാഭ്യാസത്തിന് പൈതികം, സാമുദായികം, ഗൃഹ്യം എന്ന് മൂന്നുദ്ദേശ്യങ്ങളുണ്ട് പ്രധാനമായുള്ളതെന്നും, പൈതികാധികാരികളിലും, രാജ്യാധികാരികളിലും, കുടുംബാധിപന്മാരിലുമാണ് അവ സാധിക്കേണ്ടതു കടമ സ്ഥിതി ചെയ്യുന്നതെന്നും മുമ്പ് പറഞ്ഞിട്ടുള്ളതാണ്. ഈ മൂന്ന് അധികാരങ്ങളും അവരവരുടെ ചുമതല നിർവ്വഹിക്കുമ്പോൾ വിദ്യാഭ്യാസം ഭംഗിയായിത്തീരുകയും ഉദ്ദിഷ്ടഫലം പ്രാപ്തമാകയും ചെയ്യും...



Printed and Published
for the Proprietor, by P. K. Joseph, at
St. Joseph's Press,
MANNANAM.



DC Archives
0008862 6
H48 M314